# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 മേയ് 16, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166—നമ്പർ 14

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 16, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 36

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 36
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 85

**II. മന്ത്രിയുടെ പ്രസ്താവന** .. 318

**III. അടിയന്തരപ്രമേയം** .. 318

ഫീസ് വർദ്ധനവ് (അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധ ക്ഷണിക്കൽ**

1. കരാർ താൽക്കാലിക ജീവനക്കാരുടെ പ്രശ്നങ്ങൾ— .. 342

ശ്രീമതി ഇ. എസ്. ബിജിമോൾ

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**V. സബ്മിഷൻ**

1. മൈക്രോ ഫിനാൻസ് തട്ടിപ്പ്— .. 348

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

2. റൂറൽ ഇലക്ട്രോണിക്— .. 350

ശ്രീ. പി. കെ. ബഷീർ

3. ഉപ്പള പോലിസ് സ്റ്റേഷൻ— .. 351

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

4. വായ്പ എടുക്കുന്നതിനുള്ള ബുദ്ധിമുട്ട്— .. 352

ശ്രീ. യു. ആർ. പ്രദീപ്

5. സമഗ്ര കുടിവെള്ള പദ്ധതി— .. 353

ശ്രീ. കെ. ദാസൻ

6. പുലിമുട്ടുകൾ സ്ഥാപിക്കൽ— .. 354

ശ്രീ. എം. നൗഷാദ്

7. റോഡ് നിർമ്മാണം— .. 355

ശ്രീ. കെ. സി. ജോസഫ്

പേജ്

8. കളിസ്ഥലവും സ്റ്റേജും നിർമ്മിക്കൽ— .. 357

ശ്രീമതി ഗീതാ ഗോപി

9. കോന്നി ബൈപ്പാസ് നിർമ്മാണം— .. 359

ശ്രീ. അടൂർ പ്രകാശ്

10. കെ.എസ്.ടി.പി. റോഡ് നവീകരണം— .. 361

ശ്രീ. മോൻസ് ജോസഫ്

**VI. ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും .. 363

ധനാഭ്യർത്ഥന നമ്പർ IX—വാഹനനികുതികൾ .. 365

ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം .. 366

ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം .. 369

ധനാഭ്യർത്ഥന XLII—വിനോദ സഞ്ചാരം .. 372

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 16, ചൊവ്വ*

| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 14 |
|---|---|---|

നിയമസഭ 2017 മേയ് മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *421

### നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

1 (*421) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) തെങ്ങുകയറ്റ തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിച്ച് യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ രംഗത്ത് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനാവശ്യമായ ഗവേഷണ പദ്ധതികൾക്കായി എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെയുള്ള സാങ്കേതികശാസ്ത്ര സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്താൻ നടപടിയെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് തെങ്ങുകളിൽ 15 മുതൽ 22 ശതമാനം വരെ കാറ്റുവീഴ്ചമൂലവും രോഗ-കീടബാധമൂലവും ഉല്പാദനക്ഷമത കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിചെലവും ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിൽനിന്നും കർഷകരെ പിൻതിരിപ്പിക്കുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ക്രമമായ വിളവെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നു. വിപണനത്തിനുള്ള പ്രയാസങ്ങളും വിലസ്ഥിരത ഇല്ലായ്മയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്.

(ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശാസ്ത്രീയ കൃഷിരീതികൾ അവലംബിച്ച് കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ അത്യുല്പാദനശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെയുള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ദ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണത്തിലൂടെ കൃഷിപ്പണികൾ യഥാസമയം നടത്തുക, കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ നാമധേയത്തിൽ സേവനദാതാക്കളുടെ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംഘങ്ങളുടെ സേവനം

തൊഴിലാളിക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. എന്നാൽ ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി ഇത്തരം സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) നാളികേര കൃഷിരംഗത്ത് സാധ്യമായ മേഖലകളിലെല്ലാം യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ സർക്കാർ തലത്തിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജിന്റെ ഗവേഷകർ നാളികേരം പൊതിക്കുന്നതിനുള്ള ചെറിയ യന്ത്രം, വ്യാവസായികാടിസ്ഥാനത്തിൽ തേങ്ങ പൊതിക്കാനുള്ള വലിയ യന്ത്രം, കൊപ്ര അടർത്താനുള്ള യന്ത്രം എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തെങ്ങുകയറ്റത്തിനുള്ള ലഘുയന്ത്രങ്ങൾ ഇന്ന് ലഭ്യമാണ്. യന്ത്രവൽക്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ ഗവേഷണ പദ്ധതി കൾക്കായി എഞ്ചിനീയറിംഗ് കോളേജുകളുടെയും കേന്ദ്ര ഗവേഷണ സ്ഥാപന ങ്ങളുടെയും പ്രവർത്തനം സർക്കാർ പരമാവധി പ്രയോജനപ്പെടുത്തിവരുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കേരളത്തിലെ നാല്പത് ലക്ഷത്തിലേറെ വരുന്ന നാളികേര കൃഷിക്കാരും കർഷകത്തൊഴിലാളികളും മറ്റ് അനുബന്ധ തൊഴിലാളികളുമടക്കമുള്ള വലിയൊരു വിഭാഗം കാറ്റുവീഴ്ച അടക്കമുള്ള രോഗങ്ങൾമൂലമുള്ള ഉല്പാദനക്കുറവും വിലയിടിവുംമൂലം ദുരിതത്തിലാണ്. 600 കോടി നാളികേരം ഉല്പാദിപ്പിക്കുന്ന കേരളത്തിൽ ആറ് ശതമാനം മാത്രമാണ് മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി ഉപയോഗിക്കുന്നത്. എന്നാൽ ശ്രീലങ്കയിലും ഫിലിപ്പൈൻസിലും ഇത് 40 ശതമാനമാണ്. ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജന പ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങളായിട്ടുള്ള പഞ്ചസാര, സിറപ്പ്, ഹണി, നീര, സോപ്പ്, വെർജിൻ വെളിച്ചെണ്ണ, കോക്കനട്ട് മിൽക്ക്, ചിരട്ട നിർമ്മിതികൾ, കയറുല്പന്നങ്ങൾ, ചകിരിച്ചോറ്, ഗ്രോബാഗ് തുടങ്ങി നാനാവിധ ഉല്പന്നങ്ങളുണ്ടാക്കാൻ കഴിയുന്നതാണ്. പൊതുമേഖലയിൽ അത്തരം സംരംഭങ്ങൾ ആരംഭിക്കാനും ആദായകരമായ വില കൃത്യസമയത്ത് കൃഷിക്കാർക്ക് നൽകിക്കൊണ്ട് അവയ്ക്കാവശ്യമായ നാളികേരം സംഭരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേരളത്തിന്റെ ഒരു പ്രധാനപ്പെട്ട കാർഷികോല്പന്നം നാളികേരമാണെങ്കിലും നാളികേര ഉല്പന്നങ്ങളുടെ ആറ് ശതമാനത്തിൽ താഴെമാത്രമേ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ ഇതുവരെ സാധിച്ചിട്ടുള്ളൂ. നാളികേര ഉല്പാദനത്തിലും വിപണനത്തിലും വിലയിലും വർദ്ധനവുണ്ടായിട്ടുള്ള രാജ്യങ്ങളിലെല്ലാം മൂല്യവർദ്ധിത മേഖലയിൽ ഗണ്യമായ

വർദ്ധനവുണ്ടായിട്ടുണ്ടെന്ന് കാണാൻ കഴിയും. ശ്രീലങ്കയിലും ഫിലിപ്പൈൻസിലുമെല്ലാം 40 ശതമാനമാണെന്ന് പറഞ്ഞത് ശരിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ മൂല്യവർദ്ധിത മേഖലയുമായി ബന്ധപ്പെട്ട് ഒരു അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിച്ചപ്പോൾ ഫിലിപ്പൈൻസിൽനിന്നും തായ്‌ലന്റിൽനിന്നും ശ്രീലങ്കയിൽ നിന്നുമെല്ലാമുള്ള ഏഷ്യ-പെസഫിക് മേഖലയിലെ കോക്കനട്ടുമായി ബന്ധപ്പെട്ട് വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഏജൻസികളെ വിളിച്ചുചേർക്കുകയും ഈ മേഖലയിൽ ഉപയോഗിക്കുന്ന ടെക്നോളജികൾ കേരളത്തിൽ കൊണ്ടു വരാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി നാളികേര അധിഷ്ഠിതമായ അഞ്ച് അഗ്രോപാർക്കുകളാണ് ആരംഭിക്കാൻ പോകുന്നത്. ഈ അഗ്രോ പാർക്കുകളിൽ ഏറ്റവും ആധുനികമായ, മൂല്യവർദ്ധിത മേഖലയിൽ അന്താരാഷ്ട്ര നിലവാരമുള്ള ടെക്നോളജി പ്രൊവൈഡ് ചെയ്യാനുള്ള ഫെസിലിറ്റി സെന്ററുകൾ സംസ്ഥാന ഗവൺമെന്റ് ആരംഭിക്കാൻ പോകുന്നത് ഈ ലക്ഷ്യം വച്ചുകൊണ്ടാണ്.

ശ്രീ. മുരളി പെരുനെല്ലി : സർ, വിളവെടുപ്പും പരിപാലനവും വളരെ എളുപ്പമാക്കാൻ കഴിയുമെന്നതാണ് കുള്ളൻ തെങ്ങുകളുടെ പ്രധാന സവിശേഷത. തേങ്ങയിടാൻ ആളിനെ കിട്ടുന്നില്ലെന്നോർത്ത് വിലപിക്കുന്ന കർഷകർക്ക് ഇത് വളരെ ആശ്വാസകരമായ കൃഷിയാണ്. ആരോഗ്യത്തിന് ഹാനികരമായ കൃത്രിമ പാനീയങ്ങൾക്കുപകരം ഇളനീർ ഉല്പാദനത്തിന് കുള്ളൻ തെങ്ങുകൾ വളരെ പ്രയോജനപ്രദമാണ്. മനുഷ്യരക്തത്തിന് തത്തുല്യമായ ഘടനയും സ്വഭാവവും സന്തുലനവുമുള്ള ദ്രാവകമാണ് ഇളനീർ. അതുകൊണ്ടാണ് അതിനെ 'ജീവന്റെ ദ്രാവക'മെന്ന് വിശേഷിപ്പിക്കുന്നത്. സി.പി.സി.ആർ.ഐ.-യുടെ ഗവേഷണത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത ചാവക്കാട് പ്രദേശത്തെ കുറിയ ഇനം തെങ്ങുകളടക്കം നല്ല വിളവും മൂന്നാം വർഷം പുഷ്പിക്കുകയും ചെയ്യുന്ന നിരവധിയിനം തെങ്ങുകൾ ഇതിൽപ്പെടുന്നുണ്ട്. അത്തരം കൃഷികൾ വ്യാപിപ്പിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചാണ് 300 ലക്ഷം രൂപ ഇതിനുവേണ്ടി പ്രത്യേകമായി വകയിരുത്തിയിരിക്കുന്നത്. തെങ്ങ് കയറ്റത്തൊഴിലാളികളെ കിട്ടാത്തതാണ് ഇതിന്റെ ഏറ്റവും വലിയ പ്രശ്നം. അതുകൊണ്ട് ചാവക്കാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്നും ഉല്പാദനക്ഷമതയുള്ള കുറിയ ഇനം തെങ്ങുകളും സങ്കരയിനം തെങ്ങുകളും ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയാണ്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവും കൃഷി വകുപ്പും ഉല്പാദിപ്പിക്കുന്ന തെങ്ങിൻ തൈകളുടെ എണ്ണം വളരെ കുറവാണ്. അതുകൊണ്ട് കുറിയ ഇനം തെങ്ങുകൾ വ്യാപകമാക്കുന്നതിനായി അവയുടെ എണ്ണം ഇരട്ടിയാക്കി വർദ്ധിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ആർ. രാജേഷ്: സർ, കേര കർഷകർ നേരിടുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് വിപണനവും സംഭരണവും. പ്രാദേശികമായി നാളികേരം സംഭരിക്കാനാവശ്യമായ നടപടികൾ വ്യാപകമായി സ്വീകരിക്കണം. അതുപോലെ വിപണന സൗകര്യങ്ങളുടെ അഭാവവും കേരകർഷകർ നേരിടുന്ന പ്രതിസന്ധിയാണ്. അതിനാൽ വിപണനത്തിനും സംഭരണത്തിനും എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, നാളികേര സംഭരണം ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില 25 രൂപ യായതുകൊണ്ട് സംഭരണ കേന്ദ്രങ്ങളിൽ അധികം നാളികേരം ലഭ്യമാകുന്നില്ല. 2015-16-ൽ 47607 മെട്രിക് ടൺ നാളികേരമാണ് സംഭരിച്ചതെങ്കിൽ 2016-17-ൽ 56273 മെട്രിക് ടൺ നാളികേരം സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. നാളികേര സംഭരണം കൂടുതൽ വ്യാപിപ്പിക്കാനായി 362 കൃഷിഭവനുകൾവഴി സംഭരണം നടന്നുകൊണ്ടിരിക്കുകയാണ്. അത് 500 കൃഷിഭവൻ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരഫെഡിന്റെ കീഴിൽവരുന്ന സഹകരണ സംഘങ്ങളെയും കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളെയുംകൂടി അതിൽ നോഡൽ ഏജൻസികളായി പ്രഖ്യാപിക്കുകയും അവരുമായി മൂന്ന് മേഖലാ മീറ്റിംഗുകൾ നടത്തുകയും അതിന് സന്നദ്ധതയുള്ള ആളുകളുടെ അനുമതി ആവശ്യപ്പെട്ടിരിക്കുകയുമാണ്. കേരഫെഡിന്റെ നിബന്ധനകളനുസരിച്ച് നാളികേരം സംഭരിക്കാൻ തയ്യാറാകുന്ന സഹകരണസംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് 500 കേന്ദ്രങ്ങളിലായി സംഭരണം വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന് നടപടി സ്വീകരിച്ച് കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, നമ്മുടെ സംസ്ഥാനത്ത് നാളികേര കൃഷി തകർന്നുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കാൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നുള്ളതാണ് പ്രധാന കാരണം. പഞ്ചായത്തുകൾ മുഖാന്തരം വളങ്ങൾ കൊടുക്കുക മാത്രമാണ് സർക്കാർ ചെയ്യുന്നത്. ആ വളങ്ങൾ ഒരു ഗുണവുമില്ലാത്തതാണ്. എല്ലാവരും പരാതി പറയുന്ന ഒരു പ്രധാനപ്പെട്ട സംഭവമിതാണ്. നമ്മുടെ ഗവൺമെന്റ് ഇപ്പോൾ കൊപ്രയ്ക്ക് പകരം തേങ്ങയാണ് സംഭരിക്കുന്നത്. തേങ്ങയ്ക്കുപകരം കൊപ്രതന്നെ സംഭരിച്ചാൽ മാത്രമേ

നമ്മുടെ നാട്ടിലെ കൃഷിക്കാരന് ഗുണകരമാവുകയുള്ളൂ. കൃഷിക്കാരനെ സഹായിക്കാനാണ് തേങ്ങ സംഭരിക്കുന്നതെന്ന് പറയുന്നുണ്ടെങ്കിലും പല ആളുകളും മോശപ്പെട്ട തേങ്ങ കൊടുത്ത് സഹകരണ സ്ഥാപനങ്ങളേയും കേരഫെഡിനേയും നഷ്ടത്തിലാക്കുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയ്ക്ക് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന സഹായം മതിയാവില്ല. അതുകൊണ്ട് ബഡ്ജറ്റിൽ പറഞ്ഞതുപോലെ നല്ല സഹായം നൽകി നാളികേര കൃഷിയെ പ്രോത്സാഹിപ്പിക്കാനും കൊപ്ര സംഭരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിനുംകൂടിയാണ് 300 ലക്ഷം രൂപ ഗവൺമെന്റ് പ്രത്യേകമായി മാറ്റിവച്ചിരിക്കുന്നത്. കൊപ്ര സംഭരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ല. എന്നാൽ കൃഷിക്കാർ കൊടുക്കുന്ന കൊപ്ര കേരഫെഡിന്റെ കേന്ദ്രങ്ങളിൽ ഇപ്പോൾ വാങ്ങുന്നുണ്ട്. കേരഫെഡിന് ആവശ്യമായ വെളിച്ചെണ്ണ ഉല്പാദിപ്പിക്കുന്നതിന് കേരളത്തിലെ കൃഷിക്കാർ നൽകുന്ന കൊപ്രയാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. പച്ചത്തേങ്ങ സംഭരണം പൂർണ്ണമായും നിർത്താൻ കഴിയില്ല. കാരണം കേരഫെഡ് ഉല്പാദിപ്പിക്കുന്ന പല മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കും പച്ചത്തേങ്ങ ആവശ്യമാണ്. പച്ചത്തേങ്ങ സംഭരിച്ചാൽ മാത്രമേ വെളിച്ചെണ്ണയ്ക്ക് പുറമേയുള്ള നിരവധി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് സൂചിപ്പിച്ചതുപോലെ പഞ്ചായത്തുകൾ നൽകിക്കൊണ്ടിരിക്കുന്ന വളത്തിന്റെ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കാം. ഇപ്പോൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന 44 കേരഗ്രാമങ്ങൾക്ക് 66 ലക്ഷം രൂപവരെ പ്രത്യേക കമ്പോണന്റുകൾക്കായി നൽകുന്നുണ്ട്. 250 ഹെക്ടർ വരുന്ന പ്രദേശത്തെ ഒരു യൂണിറ്റാക്കി കണക്കാക്കിയാണ് 44 കേരഗ്രാമങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്രീകൃതമായ നിലയിൽ ഏറ്റവും ശാസ്ത്രീയമായ പരിചരണ രീതിയിലൂടെ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ടാണ് കേരഗ്രാമം പദ്ധതികൾ നടപ്പാക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച പദ്ധതിയാണ് ഈ വർഷവും തുടരുന്നത്.

<u>ശ്രീ. എം. നൗഷാദ്</u>: സർ, നാളികേര കർഷകർക്ക് പച്ചത്തേങ്ങ സംഭരണയിനത്തിൽ നാളികേര വികസന ബോർഡ് നൽകാനുള്ള കുടിശ്ശിക എത്രയാണ്; അത് കൊടുത്തുതീർക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; നാളികേര വികസന ബോർഡിന്റെ ഭരണസമിതിയും ചെയർമാനും നിലവിലുണ്ടോ; നാളികേര വികസന ബോർഡ് കർഷകർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; അത് വർദ്ധിപ്പിച്ചിട്ടുണ്ടോ; നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേര വികസന ബോർഡ് കേന്ദ്രഗവൺമെന്റ് സ്ഥാപനമാണ്. ആ സ്ഥാപനം നാളികേരം സംഭരിക്കുന്നില്ല. അതുകൊണ്ട് നാളികേര വികസന ബോർഡുമായി ബന്ധപ്പെട്ട കണക്കുകൾ പ്രസക്തമല്ല. കേരഫെഡ് ആണ് നാളികേരം സംഭരിച്ചിരുന്നത്. കേരഫെഡ് സംഭരിച്ചിരുന്ന നാളികേരത്തിന്റെ കുടിശ്ശികത്തുക പൂർണ്ണമായും കൊടുത്തു തീർത്തിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, നാളികേര കർഷകരെ മാർക്കറ്റിൽ ഇറക്കുന്നതിനും വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉല്പാദിപ്പിക്കുന്നതിനുംവേണ്ടി കർഷകർ ഫെഡറേഷനുകളും കമ്പനികളും രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അങ്ങനെയുള്ള ഫെഡറേഷനുകൾക്കും കമ്പനികൾക്കും ഗവൺമെന്റ് ഏത് തരത്തിലുള്ള സഹായമാണ് നൽകിക്കൊണ്ടിരിക്കുന്നത്; ആ സഹായം വർദ്ധിപ്പിക്കുകയും അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ സി.ഡി.ബി.-യുടെ സഹായത്തോടുകൂടി 18 സി.പി.സി.-കളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ആകെ 29 സി.പി.സി.-കളുള്ളതിൽ 18 എണ്ണവും നീര ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതിൽത്തന്നെ നാളികേരളത്തിന്റെ വിവിധ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കമ്പനികളും ഉണ്ട്. ഈ കമ്പനികളെ സഹായിക്കുന്നതിനായി മൂന്ന് കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കാരണം കമ്പനികളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ പറ്റാത്ത രീതിയിൽ പല പ്രതിസന്ധികളും നേരിട്ടുകൊണ്ടിരിക്കുകയാണ്. അവർ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും സി.ഡി.ബി. നൽകുന്ന വ്യത്യസ്തമായ ഉൽപ്പന്നങ്ങളും ഉണ്ട്. നീര സിറപ്പ് മുതൽ ഇരുപത്തിയഞ്ചോളം വരുന്ന ഉൽപ്പന്നങ്ങളുടെ ടെക്നോളജി അവർക്ക് ട്രാൻസ്ഫർ ചെയ്യാൻവേണ്ടിയിട്ടുള്ള പല സംവിധാനങ്ങൾ ഉണ്ട്. പല കമ്പനികൾക്കും ടെക്നോളജി വാങ്ങാൻ പറ്റാത്ത സാഹചര്യം ഉണ്ട്. അതിനാൽ ടെക്നോളജി ഫണ്ട് എന്ന പേരിൽ 1.50 കോടി രൂപ മാറ്റി വച്ചിരിക്കുന്നത് ഇത്തരം കമ്പനികൾക്ക് ആധുനിക ടെക്നോളജി ലഭ്യമാക്കാൻ വേണ്ടിയാണ്. അടുത്ത വർഷം മുതൽ കമ്പനികൾക്കാവശ്യമായ ടെക്നോളജി ട്രാൻസ്ഫർ ചെയ്യാൻ വേണ്ടിയിട്ടുള്ള ഫണ്ട് സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കും. അതിനുപുറമേ മൂന്നുകോടി രൂപ കമ്പനികളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. കമ്പനിയുടെ നീര ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ബ്രാന്റ് ചെയ്യുന്നതിനും വിൽപ്പന നടത്താനുമുള്ള അവരുടെ പരിമിതികൾ മനസ്സിലാക്കിക്കൊണ്ടും ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം നാളികേര വികസന കോർപ്പറേഷന്റെ ഒരു മീറ്റിംഗ് വിളിക്കുകയുണ്ടായി.

ആ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ അവർക്ക് എന്തൊക്കെയാണ് വേണ്ടത് എന്നതുസംബന്ധിച്ച് നിർദ്ദേശം ആവശ്യപ്പെട്ടിരിക്കുകയാണ്. ആ നിർദ്ദേശം കിട്ടിയാലുടൻതന്നെ അതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ : സർ, മാമത്തെ നാളികേര കോംപ്ലക്സിൽ നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയും വെർജിൻ കോക്കനട്ട് ഓയിലിന്റെ ഉൽപ്പാദനം ആരംഭിക്കുകയും അത് അങ്ങ് വന്ന് കാണുകയും ചെയ്തതാണ്. എന്നാൽ അവ സജീവമായ പ്രവർത്തന രംഗത്തല്ലാതെയായിട്ട് ഏകദേശം ഒരു വർഷത്തോളമായി. എല്ലാപേർക്കും അഭിമാനിക്കാവുന്ന തിരുവനന്തപുരത്തെ ഏറ്റവും വലിയ സ്ഥാപനമാണ് നാളികേര കോംപ്ലക്സ്. അത് പുനരുദ്ധരിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ ആർ.കെ.വി.വൈ. പ്രകാരവും അതുപോലെ, സംസ്ഥാന സർക്കാർ നാളികേര മേഖലയിൽ ചെലവഴിച്ചിട്ടുള്ള പണവും കുറെയെങ്കിലും പ്രയോജനപ്പെടുത്തിക്കഴിഞ്ഞാൽ അത് എറ്റവും ഫലപ്രദമായിട്ടുള്ള ഒരു സ്ഥാപനമാക്കി മാറ്റാൻ കഴിയും. അത് പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: കേരളത്തിന്റെ അഭിമാനമായ ഒരു സ്ഥാപനമായിരുന്നു മാമത്തെ നാളികേര കോംപ്ലക്സ്. ഞാൻ പോയി കണ്ടതുമാണ്. ആ സ്ഥാപനം പൂർണ്ണമായും തകർച്ചയിലായിരുന്നു എന്നുമാത്രമല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വെർജിൻ കോക്കനട്ട് ഓയിൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു യൂണിറ്റ് ആരംഭിച്ച് ഉദ്ഘാടനം നടത്തിയെന്നല്ലാതെ ഉൽപ്പാദനം നടത്താൻ പറ്റാത്ത സാഹചര്യമാണിപ്പോൾ. നിരവധി സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. ആ സാങ്കേതിക തടസ്സങ്ങൾ എല്ലാം നീക്കുകയും നാളികേര വികസന കോർപ്പറേഷന്റെ എം.ഡി. എന്നുള്ള നിലയിൽ ഡയറക്ടറെത്തന്നെ ചുമതലപ്പെടുത്തിക്കൊണ്ട് അത് പുനരുദ്ധരിക്കാൻ വേണ്ടി സ്വീകരിച്ച നടപടികൾ അന്തിമഘട്ടത്തിലുമാണ്. നേരത്തെ സൂചിപ്പിച്ച കമ്പനികളുമായി ചർച്ച നടത്തിക്കൊണ്ട് അവരുടെയെല്ലാം ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രധാന കേന്ദ്രമായി ഉദ്ദേശിക്കുന്നത് മാമത്തെ ഈ സെന്ററാണ്. അധികം താമസിയാതെ ബഹുമാനപ്പെട്ട അംഗം ശ്രീ. ബി. സത്യന്റെ മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോക്കനട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മാമത്ത് സ്ഥിതി ചെയ്യുന്ന ഈ കേന്ദ്രത്തെ ഒരു സജീവ പ്രവർത്തന കേന്ദ്രമാക്കി മാറ്റുകയാണ്.

മി. സ്പീക്കർ : 442-ാം നമ്പർ ചോദ്യം 422-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. പാറക്കൽ അബ്ദുല്ല നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബിംഗ് അനുവദിക്കുകയാണ്.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

2 (*422) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ആരുടെയെല്ലാം സേവനങ്ങൾ ജൈവകൃഷി പദ്ധതിയുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ മേഖലയിലെ കൃഷിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി നടപ്പുസാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 10 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കിവരുന്നു.

(ബി) ജൈവകൃഷി നടത്തിപ്പിനായി സംസ്ഥാന കൃഷി വകുപ്പ് കൂടാതെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ., കുടുംബശ്രീ യൂണിറ്റുകൾ, കാർഷിക കൂട്ടായ്മകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ പച്ചക്കറികൾ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി ഈ വർഷം 10000 ഹെക്ടർ സ്ഥലത്ത് ജൈവരീതിയിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇത് അടുത്ത അഞ്ച് വർഷം കൊണ്ട് 50000 ഹെക്ടർ സ്ഥലത്തേക്ക് വ്യാപിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. വർഷം മുഴുവൻ സംസ്ഥാനത്ത് പച്ചക്കറിയുടെ ലഭ്യതയും വിപണനവും സുഗമമാക്കുന്നതിനായി 52 ആഴ്ചകൾ നീളുന്ന ഒരു ഉല്പാദന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2016-2017-ൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

ഇത് കൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ നടത്തുന്നതിനും ജൈവഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്രസർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17-ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

## ജൈവ വൈവിധ്യ-പരിസ്ഥിതി സൗഹൃദ കൃഷിരീതി

3 (*442) <u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. എം. ഉമ്മർ:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി നയത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ജൈവ വൈവിധ്യത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(സി) ഇതിനനുഗുണമായ, ഗുണമേന്മയുള്ള ജൈവവള ഉല്പാദനവും വിപണനവും കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ,

(എ)

- കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.

- മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉൽപ്പാദനക്ഷമതയും ഉയർത്തുക, ജലം-മണ്ണ് സംരക്ഷണം ഉറപ്പ് വരുത്തുക.

- കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക, കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുക.

- കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റ് ഉൽപ്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക, രാസ, വിഷവിമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക, വായു, വിത്ത്, ഭക്ഷണം എന്നിവയുടെ പരമാധികാരം ഉറപ്പുവരുത്തുക, ശാസ്ത്രീയ രീതിയിലുള്ള ജൈവ വൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക.

- കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷികവിളകളുടെയും ഗുണനിലവാരം ഉറപ്പാക്കുക, സുസ്ഥിരമായ കാർഷിക ഭക്ഷ്യവസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.

- കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

- കാർഷികരംഗത്ത് ജൈവ വൈവിധ്യത്തിന് വർദ്ധിച്ച ഊന്നൽ നൽകുക എന്നിവയാണ് ജൈവകൃഷി നയത്തിന്റെ ലക്ഷ്യങ്ങൾ.

(ബി) ജൈവ വൈവിധ്യത്തിന് പ്രാധാന്യം നല്കിക്കൊണ്ടുള്ളതും പരിസ്ഥിതി സൗഹൃദവുമായ കൃഷിരീതി പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

- വയനാട് ജില്ലയിലെ സവിശേഷയിനം നെല്ലിനങ്ങളുടെ വ്യാപനത്തിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സമഗ്ര വികസനത്തിനായി വയനാട് പാക്കേജ് നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം അട്ടപ്പാടി മേഖലയിലെ ആദിവാസികൾ ഉല്പാദിപ്പിക്കുന്ന പരമ്പരാഗത ചെറുധാന്യങ്ങൾ, മില്ലറ്റ്, റാഗി തുടങ്ങിയവയുടെ പ്രോത്സാഹനത്തിനായി 330 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- കാസർഗോഡ് ജില്ലയിൽ ജൈവ കൃഷിക്കും പി.ജി.എസ്. സർട്ടിഫിക്കേഷനുമായി - 1000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിന് ഒരു ഹെക്ടറിന് 6,000 രൂപ നിരക്കിൽ 60 ലക്ഷം രൂപയുടെ ധനസഹായം.

- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി - 500 ക്ലസ്റ്ററുകൾക്ക് (5 ഹെക്ടർ മുതൽ 25 ഹെക്ടർ വരെ) ഹെക്ടറിന് 3,000 രൂപ നിരക്കിൽ 375 ലക്ഷം രൂപ.

- ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം - ഒരു ബ്ലോക്കിൽ 5 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ വീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5,000 രൂപ നിരക്കിൽ ധനസഹായം, 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

- ജൈവ ഉല്പന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, വിപണനം, ധനസഹായം ജൈവരീതിയിൽ കൃഷി ചെയ്ത് ഉൽപ്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറി ഉൽപ്പന്നങ്ങൾ, ഗ്രേഡിംഗ്, പാക്കിംഗ് മുതലായവ നടത്തി വില്പന നടത്തുന്നതിനായി - 21 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ ക്രമത്തിൽ 63 ലക്ഷം രൂപ.

- ജൈവരീതിയിൽ ഉല്പാദിപ്പിച്ച വിഷരഹിത പഴം, പച്ചക്കറികൾ വിപണനം നടത്തുന്നതിന്, ജി.എ.പി സർട്ടിഫിക്കേഷനോടുകൂടി വില്പന നടത്തുന്നതിന്, എല്ലാ ജില്ലകളിലും ഇക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം - 100 ഇക്കോഷോപ്പുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ 200 ലക്ഷം രൂപയുടെ ധനസഹായം.

- ഇക്കോഷോപ്പുകൾ മുഖേന ജൈവ ഉല്പന്നങ്ങൾ നൽകുന്ന കർഷകർക്കുള്ള ഇൻസെന്റീവ് - 166 ഇക്കോഷോപ്പുകൾക്ക് 25,000 രൂപ നിരക്കിൽ 41.50 ലക്ഷം രൂപ.

- സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലങ്ങൾക്കുള്ള അവാർഡ്- ജൈവകൃഷിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡുകൾ നൽകുന്നതിനായി - 123 ലക്ഷം രൂപ.

ഇതുകൂടാതെ കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന (PKVY) പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കുകയുണ്ടായി. പ്രധാനമായും ക്ലസ്റ്റർ അടിസ്ഥാനത്തിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ

നടത്തുന്നതിനും ജൈവഗ്രാമങ്ങൾ രൂപീകരിക്കുന്നതിനുമുള്ള ധനസഹായമാണ് കേന്ദ്ര സർക്കാർ ഈ പദ്ധതി പ്രകാരം അനുവദിച്ചത്. 2016-17-ൽ ഈ പദ്ധതിക്കായി 594.57 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) ഗുണമേന്മയുള്ള ജൈവവള ഉല്പാദനവും വിപണനവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജൈവവള നിർമ്മാണ യൂണിറ്റുകൾക്ക് ധനസഹായം-ഒരു ബ്ലോക്കിൽ 5 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകൾ വീതം നിർമ്മിക്കാൻ യൂണിറ്റ് ഒന്നിന് 5,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്. 146 ബ്ലോക്കുകളിലായി 730 യൂണിറ്റുകൾക്ക് 36.50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. 1000 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് എന്നാണ് അങ്ങ് മറുപടി തന്നിട്ടുള്ളത്. ജൈവ കർഷകർ എന്ന നിലയിൽ അവരെ പ്രോത്സാഹിപ്പിച്ച് അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഏതൊക്കെ സ്ഥലങ്ങളിലാണ് വിറ്റഴിക്കപ്പെടുന്നതെന്നും അതുകൂടാതെ അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ 100 ശതമാനം ഓർഗാനിക്കാണെന്ന് ഉറപ്പുവരുത്തുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ജൈവകർഷകരിൽനിന്ന് ഈ സർക്കാർ എത്ര കിലോഗ്രാം ഉൽപ്പന്നങ്ങൾ സംഭരിച്ചിട്ടുണ്ടെന്നും ആയതിന് എന്ത് വില നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, അങ്ങ് പറഞ്ഞതുപോലെ കൃഷി ഓർഗാനിക് ആണോ എന്ന് പരിശോധിക്കുന്നതിനാണ് ഇന്ത്യയിലാദ്യമായി സംസ്ഥാന ഗവൺമെന്റ് ജി.എ.പി. (ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ്) സർട്ടിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. കൃഷിവകുപ്പ് ഉദ്യോഗസ്ഥന്മാർ നേരിട്ട് കൃഷിസ്ഥലത്തുപോയി കർഷകർ ഉപയോഗിക്കുന്ന വിത്തുമുതൽ ഉൽപ്പാദനംവരെയുള്ള മേഖലയിൽ ഒരു വർഷക്കാലം ഇടപെട്ടുകൊണ്ട്, ഒരു ഡയറി മെയിന്റെയിൻ ചെയ്തുകൊണ്ട് അതിന്റെ അടിസ്ഥാനത്തിൽ കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ജി.എ.പി. സർട്ടിഫിക്കറ്റ് കൊടുക്കുന്നതാണ് ജി.എ.പി. സർട്ടിഫിക്കേഷൻ സമ്പ്രദായം. അതിനുപുറമേ പി.ജി.എസ്. (പാർട്ടിസിപ്പേഷൻ ഗ്യാരന്റി സിസ്റ്റം) സംവിധാനവുമുണ്ട്. സെൻട്രൽ ഗവൺമെന്റുമായി ബന്ധപ്പെട്ടാണ് അതിന്റെ സർട്ടിഫിക്കേഷൻ നൽകുന്നത്. മൂന്നുവർഷംകൊണ്ട് APEDA (Agricultural and Processed Food Products Exports Development Authority) എന്ന കേന്ദ്ര ഗവൺമെന്റ് ഏജൻസിയാണ്

അതിന്റെ സർട്ടിഫിക്കേഷൻ നൽകുന്നത്. അതിന്റെ കേരളത്തിലെ ഏജൻസിയായ വി.എഫ്.പി.സി.കെ.യെ ആണ് റീജിയണൽ കൗൺസിലായി അംഗീകരിച്ചിരിക്കുന്നത്. അതിനുപുറമേ ഇതിനെ റീജിയണൽ കൗൺസിലായി അംഗീകരിക്കാൻവേണ്ടി 14 പി.ഇ.ഒ.മാരെ നൽകിയതിന്റെ അടിസ്ഥാനത്തിൽ എട്ട് ജില്ലകളിലെ പി.ഇ.ഒ.-മാർ റീജിയണൽ കൗൺസിലായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ 725 ഹെക്ടർ സ്ഥലത്ത് 213 ഗ്രൂപ്പുകൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ പി.ജി.എസ്-ന്റെ ആദ്യ വർഷത്തെ ഗ്രീൻ സർട്ടിഫിക്കറ്റ് ജൂൺ മാസത്തിലാണ് നൽകുന്നത്. ജി.എ.പി. സർട്ടിഫിക്കേഷൻ അനുസരിച്ചുള്ള 10000 ഹെക്ടർ സ്ഥലത്ത് 416 ക്ലസ്റ്ററുകളിൽനിന്നായി ഗവൺമെന്റിന്റെ 66 ഇക്കോഷോപ്പുകളിലൂടെയാണ് ഇത് വിതരണം ചെയ്തിരിക്കുന്നത്. കൃഷിക്കാർ തന്നെ അവരുടെ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിൽ വന്ന് വിൽപ്പന നടത്തുകയാണ് ചെയ്യുന്നത്. ഈ പദ്ധതിപ്രകാരം കൃഷിക്കാർക്ക് ഒരു കിലോ ജൈവ പച്ചക്കറിക്ക് 5 രൂപ ഇൻസെന്റീവ് കൊടുക്കുന്നു. അതിനുപുറമേ മാർക്കറ്റിനുവേണ്ടി പണം പ്രത്യേകം കൊടുക്കുകയാണ്. ഗവൺമെന്റ് അവരിൽനിന്നും നേരിട്ട് ജൈവ ഉൽപ്പന്നം സംഭരിക്കുന്നതിനുപകരം ഒരു ജി.എ.പി. സർട്ടിഫിക്കേഷൻ കൊടുക്കുകയാണ്. ഇന്ത്യയിലാദ്യമായി കേരള ഓർഗാനിക് എന്ന ബ്രാന്റിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുവാനുള്ള അനുവാദം ഇത്തരം സർട്ടിഫിക്കറ്റുള്ള കൃഷിക്കാർക്ക് നൽകിയിരിക്കുകയാണ്. ആ രൂപത്തിൽ അവർക്ക് മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയ്ക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്താനും സർക്കാരിന്റെ വകയായി 5 രൂപ ഇൻസെന്റീവ് നൽകാനുമുള്ള സംവിധാനമാണ് ഇപ്പോൾ ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ നമുക്ക് ആവശ്യമുള്ളവ ഇവിടെത്തന്നെ വിറ്റഴിക്കാനുള്ള സംവിധാനം ഒരുക്കുന്നതിനോടൊപ്പം കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുവെങ്കിൽ ഒരു സംസ്കരണ കേന്ദ്രത്തിലൂടെ അവ സംസ്കരിക്കാനുള്ള സംവിധാനവും ഒരുക്കണം. അതുകൂടാതെ ആവശ്യം കഴിഞ്ഞുള്ള പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കാവുന്ന സാമ്പത്തിക സഹായങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് ഒരു ജില്ലയിൽ ഒരു കേന്ദ്രമെങ്കിലും, അതായത് 14 ജില്ലകളിൽ 14 കേന്ദ്രങ്ങളെങ്കിലും തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. കർഷകരുടെ ഒരു പ്രധാനപ്പെട്ട പ്രശ്നം, അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നം വളരെ കുറവാണെങ്കിലും സംഭരിക്കാനുള്ള സംവിധാനം ഇല്ലാത്തതിനാൽ അവ പെട്ടെന്ന് വിറ്റഴിക്കേണ്ട സ്ഥിതിയാണ്. സെൻട്രൽ ഗവൺമെന്റ് ഏജൻസിയായ APEDA-യുടെ നേതൃത്വത്തിൽ വാഴക്കുളത്ത് ഒരു ശീതീകരണ സംവിധാനമുണ്ട്. കഴിഞ്ഞ മൂന്നുകൊല്ലമായി അത് ഉപയോഗിക്കാറില്ല. വീണ്ടും വി.എഫ്.പി.സി.കെ.-യുടെ നേതൃത്വത്തിൽ ആ സംവിധാനം ഉപയോഗിക്കുകയാണ്. വേൾഡ് മാർക്കറ്റുകളിലെല്ലാംതന്നെ ശീതീകരണ സംവിധാനങ്ങൾ ഉണ്ടായിരുന്നു. ഈ സംവിധാനങ്ങളെല്ലാം മറ്റു പല കച്ചവടക്കാർക്കും നൽകുന്ന സ്ഥിതിയാണ് ഉണ്ടായിരുന്നത്. കരാർ കാലാവധി തീർന്നശേഷം അതെല്ലാം ഒഴിപ്പിച്ച് കൃഷി വകുപ്പുതന്നെ നേരിട്ട് ഏറ്റെടുക്കുകയാണ്. അതിനുപുറമേ എല്ലാ ജില്ലകളിലും ശീതീകരണ സംവിധാനങ്ങളും കൂൾ ചെയിൻ സിസ്റ്റവും കൊണ്ടുവരുന്നതിനായി ഗവൺമെന്റ് ഒരു തുക വകയിരുത്തിയിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അടുത്ത വർഷത്തേയ്ക്ക് തയ്യാറാക്കിയ 52 ആഴ്ചകൾ നീളുന്ന പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ പ്രൊഡക്ഷനുകളിലും സംഭരിക്കേണ്ടത് ഏതൊക്കെയാണ്, ട്രാൻസ്പോർട്ട് ചെയ്യേണ്ടത് ഏതൊക്കെയാണ്, ട്രാൻസ്പോർട്ടിംഗ് സിസ്റ്റം ഇവ അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻവേണ്ടി ഗവൺമെന്റ് ഇത്തവണ ഫണ്ട് മാറ്റി വച്ചിട്ടുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൂർ പഞ്ചായത്ത് കഴിഞ്ഞ ഏതാനും വർഷങ്ങളായി ജൈവ കൃഷി ഉൾപ്പെടെ പച്ചക്കറി ഉൽപ്പാദനത്തിൽ ഏതാണ്ട് വലിയ മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം മാത്രം ആയിരം ടൺ പച്ചക്കറിയാണ് അവിടെ ഉൽപ്പാദിപ്പിച്ചത്. ആറ്മാസം മുൻപ് അങ്ങ് വണ്ടൂരിൽ വന്നപ്പോൾ ഈ ഒരു സാഹചര്യംകൂടി കണക്കിലെടുത്ത് ഹോർട്ടികോർപ്പിന്റെ ഒരു ജില്ലാ സംഭരണ/വിതരണ കേന്ദ്രം ആരംഭിക്കുമെന്ന് പറഞ്ഞിരുന്നു. അതിന്റെ നടപടിക്രമങ്ങളെ സംബന്ധിച്ചും അത് എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കഴിഞ്ഞ ഓണക്കാലത്ത് താൽക്കാലികമായി ഒരു സംഭരണ കേന്ദ്രം അവിടെ ആരംഭിച്ചെങ്കിലും അത് തുടരാൻ കഴിഞ്ഞിരുന്നില്ല. അവിടെ സംഭരണ കേന്ദ്രം ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാർ ഹോർട്ടികോർപ്പിന് കൊടുത്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ട സ്ഥലം ലഭ്യമാക്കാൻ അവിടത്തെ പഞ്ചായത്തുമായി ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പ് എം.ഡി. തന്നെ അതിനാവശ്യമായ ക്രമീകരണം വരുത്തിയിരുന്നതാണ്. അടുത്ത സീസണിനുമുൻപായി സംഭരണ കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് നൽകിയ ഉത്തരത്തിൽ പതിനായിരം ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടത്തുന്നതിനുവേണ്ട നടപടികളാണ് സ്വീകരിക്കുന്നതെന്ന് സൂചിപ്പിക്കുകയുണ്ടായി. അതിനാവശ്യമായ ജൈവ വളം ഉൽപ്പാദിപ്പിക്കുന്നതിന് 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും പുതിയതായി ആരംഭിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അവിടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. ജൈവ മാലിന്യമാണ് ജൈവ വളമാക്കി മാറ്റുന്നത്. ഇക്കാര്യത്തിൽ നഗരവികസന മന്ത്രാലയവുമായി കൂടിയാലോചിച്ച് ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അങ്ങയുടെ ലക്ഷ്യം വളരെ വിപുലമാണ്. പക്ഷെ അതിനാവശ്യമായ ജൈവ വളം ഇവിടെ ഇല്ല. കന്നുകാലി സമ്പത്തിലുള്ള നമ്മുടെ ഒരു പോരായ്മ കന്നുകാലികളുടെ ലിസ്റ്റെടുത്ത് നോക്കിയാൽ അറിയാം. അത് വർദ്ധിപ്പിക്കുന്നതിനുവേണ്ട വിപുലമായ പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കണമെന്ന് പറയുന്നത് വളരെ ശരിയായ കാര്യമാണ്. അതിനുള്ള നടപടികളാണ് മൃഗസംരക്ഷണ വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ജൈവമാലിന്യം സംസ്കരിച്ചെടുത്ത് ജൈവവളമാക്കി മാറ്റുകയെന്നതാണ് ഹരിത കേരളം മിഷന്റെ പ്രധാനപ്പെട്ട ഒരു ഘടകം. മാലിന്യ സംസ്കരണത്തിന്റെ ഭാഗമായുണ്ടാകുന്ന പ്രോഡക്റ്റ്, ജൈവ കൃഷിക്കാവശ്യമായ ജൈവവളം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഉണ്ടാക്കുക എന്നതുതന്നെയാണ് പ്രധാനം. അതിനുപുറമെ പച്ചക്കറി വികസന പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് 2600 യൂണിറ്റുകളും ജൈവ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് 730 യൂണിറ്റുകളും ഉൾപ്പെടെ ജൈവ കീടനാശിനിയടക്കം ഉൽപ്പാദിപ്പിക്കുന്ന 3330 യൂണിറ്റുകൾ ഈ വർഷം സ്ഥാപിക്കാൻ പോകുകയാണ്. 3330 പുതിയ യൂണിറ്റുകളാണ് ആരംഭിക്കാൻ പോകുന്നത്. ജൈവ വളം ഉൽപ്പാദിപ്പിക്കാൻവേണ്ട ആധുനിക പരിശീലനം കൊടുക്കുന്ന സംവിധാനങ്ങളാണ് പുതിയ യൂണിറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജൈവവളമെന്ന് പറഞ്ഞാൽ പശുവിന്റെ ചാണകവും മൂത്രവും ഉപയോഗിച്ചുകൊണ്ടുമാത്രമല്ല, ജൈവ കീടനാശിനികളും അതുപോലെതന്നെ ഇവയ്ക്കാവശ്യമായിട്ടുള്ള മൈക്രോ ന്യൂട്രിയൻസ് ഉൾപ്പെടെ ചേർത്ത് ജൈവ രീതിയിൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ ട്രെയിനിംഗ് നൽകി വിദഗ്ദ്ധ യൂണിറ്റുകൾ ഉണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ വന്നെങ്കിൽ മാത്രമേ ശരിയായ ജൈവവളം കർഷകർക്ക് ലഭ്യമാകുകയുള്ളൂ. വ്യാജ ജൈവവളം വ്യാപകമായതുകൊണ്ടാണ് ഇത്രയും യൂണിറ്റുകൾ ശാസ്ത്രീയമായ രീതിയിൽ വികേന്ദ്രീകരിച്ച് ജൈവവളം ഉണ്ടാക്കാൻവേണ്ടി കൃഷി വകുപ്പ് തയ്യാറായിരിക്കുന്നത്.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങ് തന്നിരിക്കുന്ന മറുപടിയിൽ, കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ PKVY-യുടെ പൂർണ്ണരൂപം പരമ്പരാഗത കൃഷിവികാസ് യോജന എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് വായിച്ചതും അങ്ങനെയാണ്. രണ്ടുതവണ ഉത്തരത്തിൽ എഴുതിയിട്ടുമുണ്ട്. പ്രധാനമന്ത്രി കൃഷി വികാസ് യോജനയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ നിലയിലുള്ള ജാഗ്രതക്കുറവ് തിരുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജൈവകൃഷിയെ പ്രോൽസാഹിപ്പിക്കും എന്ന് പറയുമ്പോഴും ഇത് നടപ്പിലാക്കേണ്ട കൃഷി ഓഫീസർമാർ പലപ്പോഴും ഇത് സംബന്ധിച്ച് അജ്ഞരാണ്. ഏത് സ്ഥലത്ത് ഏത് വിള കൃഷി ചെയ്യണം, എങ്ങനെയാണ് വളപ്രയോഗം നടത്തേണ്ടത്, അസുഖങ്ങളുണ്ടാകുമ്പോൾ എങ്ങനെയാണ് പ്രതിരോധിക്കേണ്ടത് എന്നതിനെക്കുറിച്ചൊക്കെ വിശദമായി തയ്യാറാക്കിയ പാക്കേജ് ഓഫ് പ്രാക്ടീസ് ഉണ്ട്. കാർഷിക സർവ്വകലാശാലയാണ് ഇത് തയ്യാറാക്കേണ്ടത്. അതിൽ പരമ്പരാഗത രീതിയിലുള്ള രാസവള പ്രയോഗവും കീടനാശിനി പ്രയോഗവുമാണ് സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് പാക്കേജ് ഓഫ് പ്രാക്ടീസ് കാലാനുസൃതമായി പരിഷ്കരിച്ച് ജൈവ കൃഷിയുടെ കാര്യം കൂടി അതിൽ ഉൾക്കൊള്ളിക്കാൻ ഫീൽഡ് ഓഫീസർമാരായിട്ടുള്ള അഗ്രികൾച്ചറൽ ഓഫീസർമാർക്ക് കൃത്യമായ ഡയറക്ഷൻ കൊടുക്കാനും ആ നിലയിൽ ജൈവകൃഷിയിലേക്ക് സംസ്ഥാനത്തെ മാറ്റാനുമുള്ള പ്രത്യേകമായ ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: PMKSY എന്ന് അങ്ങ് പറയുന്നത് സെൻട്രൽ ഗവൺമെന്റിന്റെ മറ്റൊരു പദ്ധതിയാണ് (പ്രധാൻമന്ത്രി കൃഷി സീഞ്ചായി യോജന). ഈ ഉത്തരത്തിൽ പറയുന്നത് സെൻട്രൽ ഗവൺമെന്റിന്റെ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) തന്നെയാണ്. പരമ്പരാഗതമായ കൃഷിരീതി അവലംബിച്ചുകൊണ്ടുള്ള കൃഷിരീതിയാണ് സെൻട്രൽ ഗവൺമെന്റിന്റെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാർഷിക രംഗത്തെ ബൈബിൾ എന്നാണ് പാക്കേജ് ഓഫ് പ്രാക്ടീസിനെ വിശേഷിപ്പിക്കാവുന്നത്. കാർഷിക സർവ്വകലാശാലയാണ് അത് പുറത്തിറക്കുന്നത്. പാക്കേജ് ഓഫ് പ്രാക്ടീസ് സാധാരണ ഇംഗ്ലീഷിലാണ് പുറത്തിറക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് മലയാളത്തിൽ അച്ചടിച്ചിറക്കാൻ തീരുമാനിച്ചു. ജൈവ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് ആദ്യമായി ഒരു അഡ്ഹോക് പാക്കേജ് ഓഫ് പ്രാക്ടീസ് കാർഷിക സർവ്വകലാശാല പുറത്തിറക്കുകയുണ്ടായി. അത് ഇന്ത്യയിലെതന്നെ ആദ്യത്തെ സംഭവമാണ്. അതുപോലെതന്നെ ജൈവ കൃഷിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളരെ എക്സ്ക്ലൂസീവായി ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് പുറത്തിറക്കാൻവേണ്ടി കാർഷിക സർവ്വകലാശാല തയ്യാറെടുപ്പുകൾ

നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ എല്ലാ കാർഷിക രീതികളും എല്ലാ കൃഷി ഓഫീസർമാരും കൃഷി വിദഗ്ദ്ധന്മാരുമെല്ലാം പ്രവർത്തിക്കുന്നത് പാക്കേജ് ഓഫ് പ്രാക്ടീസിനെ അടിസ്ഥാനപ്പെടുത്തിയാണ്. ഓരോ വിളയുമായി ബന്ധപ്പെടുത്തിക്കൊണ്ട് എന്താണ് ചെയ്യേണ്ടത്, ഏതൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ട്, പരിചരണ രീതികളെന്തൊക്കെയാണ് തുടങ്ങിയ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നതിനുള്ള പാക്കേജ് ഓഫ് പ്രാക്ടീസ് മലയാളത്തിലാക്കിക്കൊണ്ടുതന്നെ വളരെ വിപുലമായി കൃഷിക്കാരിലേക്കും വകുപ്പ് ഉദ്യോഗസ്ഥരിലേക്കും പ്രചരിപ്പിക്കാനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: ഇന്ന് രാജ്യത്ത് ശക്തിപ്രാപിച്ചുവരുന്നൊരു മേഖലയാണ് ജൈവ കൃഷി. ആസ്ട്രേലിയ, അർജന്റീന, യുണൈറ്റഡ് സ്റ്റേറ്റ്സ് പോലുള്ള രാജ്യങ്ങളിലാണ് ലോകത്ത് ഏറ്റവും കൂടുതൽ ജൈവകൃഷി ചെയ്യുന്നത്. കേരളത്തിൽ 2010-ലാണ് ജൈവകൃഷി സംബന്ധിച്ച നയം, വിശദമായ കർമ്മപദ്ധതികൾ എന്നിവ പ്രഖ്യാപിച്ചത്. ഇതിനുശേഷം കൃഷി വകുപ്പ് കാസർഗോഡ് ജില്ലയിൽ ജൈവകൃഷിക്കായുള്ള ഒരു സമഗ്ര പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി മറ്റ് ജില്ലകളിലുള്ള സാധ്യതാ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; കാസർഗോഡ് പദ്ധതിയിൽ ഇതിനകം എന്തൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും 1.68 കോടി രൂപ അതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ട വിപുലമായ പരിപാടി തയ്യാറാക്കുകയും ജൈവകൃഷിക്കാരുടെ ക്ലസ്റ്ററുകൾ ഉണ്ടാക്കുകയും ഉൽപ്പന്നങ്ങൾ സംഭരിക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം 2010-ലെ ജൈവ കാർഷിക നയം വീണ്ടും ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷി മറ്റു ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കാനും അൻപതിനായിരം ഹെക്ടറിലേക്ക് ജൈവകൃഷി വ്യാപിപ്പിക്കാനുമുള്ള നടപടിയുടെ ഭാഗമായാണ് ജൈവകൃഷിക്കുവേണ്ടി ഈ ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റ് മുതൽ 10 കോടി രൂപ വീതം മാറ്റിവച്ചുകൊണ്ടിരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുള്ള കുറവുകളുടെയും അതുസംബന്ധിച്ച അനുഭവത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും ഈ പത്തുകോടി രൂപ ചെലവഴിച്ചുകൊണ്ട് മറ്റ് പതിനാല് ജില്ലകളിലും ജൈവകൃഷി പരിപാടി നടപ്പിലാക്കാൻ പോകുന്നത്.

<u>ശ്രീ. എം. ഉമ്മർ</u>: ഇന്ന് മാർക്കറ്റിൽ ജൈവവളങ്ങൾ ധാരാളമായി ലഭ്യമാണ്. അതിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ ബാംഗ്ലൂരിൽ സ്ഥിതി ചെയ്യുന്ന റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിംഗ് മാത്രമാണുള്ളത്. കേരളത്തിൽ ജൈവവളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനങ്ങളുണ്ടോ; പുതിയതായി ഇന്ന് മാർക്കറ്റിൽ പല കമ്പനികൾ ഇറക്കുന്ന ജൈവവളങ്ങൾക്ക് ഗവൺമെന്റ് തന്നെ അംഗീകാരം നൽകിയിട്ടുണ്ട്. ഏത് സ്റ്റാൻഡേർഡ് അടിസ്ഥാനപ്പെടുത്തി പരിശോധിച്ചാണ് അങ്ങനെയുള്ള കമ്പനികൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്; മാർക്കറ്റിൽ ജൈവ പച്ചക്കറി എന്നുപറഞ്ഞ് വരുന്ന പച്ചക്കറികൾക്ക് വില കൂട്ടി വാങ്ങുന്നുണ്ട്. ജൈവ പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിച്ച് അത് ജൈവ കൃഷിയിലൂടെ ഉൽപ്പാദിപ്പിച്ചതാണോയെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടോ; ഇല്ലെങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഇതിന് മറുപടി നേരത്തെ പറഞ്ഞതാണ്. ജൈവ പച്ചക്കറിയെന്ന് പറഞ്ഞ് ഉൽപ്പാദിപ്പിക്കുന്നവ ജൈവപച്ചക്കറിയാണോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലാത്ത സ്ഥിതിയുണ്ട്. അതുകൊണ്ടാണ് കേരള ഗവൺമെന്റ് ജി.എ.പി. സർട്ടിഫിക്കേഷൻ ഉള്ളതുമാത്രമേ ജൈവ പച്ചക്കറിയായി വിൽപ്പന നടത്താൻ കഴിയുകയുള്ളൂവെന്ന തീരുമാനമെടുത്തിരിക്കുന്നത്. അതിന്റെകൂടി പശ്ചാത്തലത്തിലാണ് ഗവൺമെന്റ് തന്നെ ഒരു ബ്രാൻഡ് ഇറക്കിയിരിക്കുന്നത്. പച്ചക്കറി ഉൽപ്പാദിപ്പിച്ച് ജൈവ ഓർഗാനിക് എന്ന പേരിൽ വ്യാജമായി വിൽപ്പന നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും ജൈവ വളങ്ങളുടെ സ്റ്റാൻഡേർഡ് പരിശോധിക്കുന്നതിനും ഒരു പ്രത്യേക സംവിധാനം ഈ വർഷം ആരംഭിക്കാൻ പോകുകയാണ്. കാർഷിക സർവ്വകലാശാലയിലെയും കൃഷി വകുപ്പിലെയും ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, രാസവളങ്ങളും കീടനാശിനികളും കാർഷിക രംഗത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സഹായകമാകുന്നുണ്ടാകാം. പക്ഷേ മറ്റ് വളങ്ങൾ ഉപയോഗിക്കുന്നത് നമ്മുടെ ആരോഗ്യത്തിന് ഹാനികരവും മാരകമായ രോഗങ്ങൾ വരുന്നതിനും കാരണമാകുന്നുവെന്ന കണ്ടെത്തലുകൾ ധാരാളമായി നടന്നിട്ടുണ്ട്. ജൈവവളം ഉപയോഗിച്ചുകൊണ്ട് കൃഷി ചെയ്യുമ്പോൾ അതിൽ നിന്നെല്ലാം മുക്തമായി നല്ല സാധനങ്ങൾ ഭക്ഷിക്കാൻ ലഭിക്കും. അതോടൊപ്പം ജൈവകൃഷിയുടെ പ്രോൽസാഹനത്തിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള മറ്റ് പദ്ധതികൾ പോലെ, കർഷക അവാർഡുകൾ കൊടുക്കുന്നതുപോലെ ജൈവവളം ഉപയോഗിച്ചുകൊണ്ട് മാത്രം കൃഷി ചെയ്യുന്ന കർഷകർക്ക് ഏറ്റവും നല്ല ജൈവ കർഷകനുള്ള ഒരു അവാർഡ് പ്രത്യേകമായി നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ഏറ്റവും നന്നായി ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് പ്രത്യേകം അവാർഡുകൾ ഇപ്പോൾ നൽകുന്നുണ്ട്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും അത്തരത്തിലൊരു അവാർഡ് നിലവിലുണ്ട്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾക്ക് വളരെ നല്ല പ്രതികരണമാണ് ജനങ്ങളിൽ നിന്നുണ്ടാകുന്നത്. വലിയ താൽപ്പര്യവും ആവേശവുമൊക്കെ ഈ രംഗത്ത് കാണുന്നുണ്ട്. മണ്ണാർക്കാട് മേഖല ജൈവകൃഷിയുടെ പ്രധാനകേന്ദ്രമാണ്. അട്ടപ്പാടി ആദിവാസി മേഖലയിലെ കുടുംബശ്രീ നടത്തുന്ന കൃഷിയിലൂടെ ധാരാളം കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ഈ രംഗത്തെ പ്രധാനപ്പെട്ട വിഷയം കാർഷികോല്പന്നങ്ങളുടെ സംഭരണവും വിപണനവുമാണ്. പലപ്പോഴും ഇതുസംബന്ധിച്ച് ധാരാളം പരാതികൾ വരാറുണ്ട്. ഉത്സവകാലത്ത് വി.എഫ്.പി.സി.കെ.യും ഹോർട്ടികോർപ്പുമൊക്കെ മണ്ണാർക്കാടിലേയും അട്ടപ്പാടിയിലേയും ജൈവ കാർഷികോല്പന്നങ്ങൾ സംഭരിക്കാറുണ്ട്. എന്നാൽ സ്ഥിരമായി ഒരു സംഭരണ-വിപണന കേന്ദ്രം മണ്ണാർക്കാട് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് മണ്ണാർക്കാട്/അട്ടപ്പാടി ബ്ലോക്കിനെ ഒരു പ്രത്യേക സോണായി കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. ആദിവാസി മേഖലകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളെല്ലാം സംഭരിക്കുന്നതിനുള്ള ഒരു കേന്ദ്രം അവിടെ ആരംഭിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനുപുറമെ 192 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് അട്ടപ്പാടിയെ മില്ലറ്റ് വില്ലേജായി പ്രഖ്യാപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ഡെപ്യൂട്ടി കളക്ടറുടെ ചുമതലയിൽ ആയതിനുള്ള പ്രോജക്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഉടൻതന്നെ അത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും അവിടുത്തെ എം.എൽ.എ.യും എം.പി.യും ചേർന്ന് ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയതിനുശേഷം ഈ വർഷംതന്നെ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിക്കഴിഞ്ഞാൽ അങ്ങ് ഇവിടെ പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാകും.

ശ്രീ. കെ. ആൻസലൻ: സർ, കഴിഞ്ഞ ഒരു വർഷമായി കാർഷികമേഖലയിൽ നല്ല പുരോഗതിയുണ്ടായിട്ടുണ്ട്. പക്ഷേ സർക്കാരും കൃഷി വകുപ്പും പ്രഖ്യാപിക്കുന്ന പല നടപടികളും സുതാര്യമാക്കുന്നതിൽ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അഴിമതിയും ക്രമക്കേടുകളും ഉണ്ടാകുന്നുണ്ട്. കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുള്ള ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടക്കുന്ന ഒരു അഴിമതിയും ഗവൺമെന്റ് വച്ചുപൊറുപ്പിക്കില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം കൃഷി വകുപ്പുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ആൻസലന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാരോട് പഞ്ചായത്തിൽ ഒരു കുളത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നടന്ന ഗുരുതരമായ അഴിമതിയെക്കുറിച്ച് പരാതി ലഭിക്കുകയും ആ പരാതിയിന്മേൽ അടിയന്തരമായി അന്വേഷണം നടത്താൻ വിജിലൻസിനെ ഏൽപ്പിക്കുകയും വിജിലൻസിന്റെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെകീഴിൽ വരുന്ന എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലെ സ്റ്റേറ്റ് എഞ്ചിനീയർ അടക്കം അഞ്ച് എഞ്ചിനീയർമാർക്കെതിരെ സസ്പെൻഷൻ നടപടി ഈ ഗവൺമെന്റ് സ്വീകരിക്കുകയുമുണ്ടായി. കൃഷി വകുപ്പിനെ അഴിമതിരഹിതമാക്കുക എന്നതുമാത്രമല്ല കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും വേണ്ടി പി.ഡബ്ല്യൂ.ഡി. നടപ്പിലാക്കിയതുപോലെ ഒരു സോഷ്യൽ ഓഡിറ്റിംഗ് കൃഷി വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ജൈവഘടന നിലനിർത്താൻ പരിസ്ഥിതിക്ക് ഏറ്റവും കൂടുതൽ സംഭാവന ചെയ്യുന്നത് നെൽകൃഷിയാണ്. പാലക്കാട് ജില്ലയിൽ നെൽകൃഷി വല്ലാത്ത പ്രതിസന്ധിയിലാണ്. കുറച്ച് ഉണങ്ങിപ്പോയിട്ടുണ്ട്. കുറേ ആളുകളോട് കൃഷി ചെയ്യേണ്ട എന്നും പറഞ്ഞു. മുഖ്യമന്ത്രിയും അങ്ങും ഇടപെട്ട് അവർക്കുവേണ്ട സഹായം ചെയ്യാമെന്ന് പറഞ്ഞതാണ്. എന്നാൽ ഫലത്തിൽ ഒന്നും വന്നിട്ടില്ല. കാര്യമായി അവരെ സഹായിച്ചില്ലെങ്കിൽ ഒക്ടോബർ മാസം വരെ അവർക്ക് പിടിച്ചുനിൽക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകും.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: പ്രസ്തുത വിഷയം ഇവിടെ പലതവണ ഉന്നയിച്ചിട്ടുള്ളതാണ്. ഇതുസംബന്ധിച്ച് ഗൗരവമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സൗജന്യ വിത്തുവിതരണത്തിനുപുറമെ ഉഴവ് കൂലിക്കും മറ്റ് ചെലവുകൾക്കുമായി രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി 4,500, 1,500 രൂപ വീതം നൽകും. കൃഷി ഇറക്കരുതെന്ന് സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിച്ച കൃഷിക്കാരുണ്ട്. പാലക്കാട് ജില്ലയിൽ കൃഷിക്കുവേണ്ടി പ്രവർത്തനം നടത്തിയശേഷം ജലത്തിന്റെ ലഭ്യതക്കുറവുമൂലം കൃഷി ചെയ്യേണ്ടതില്ല എന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല സമിതി തീരുമാനിച്ചതനുസരിച്ച് കൃഷിയിറക്കാതിരുന്ന കർഷകർക്ക് ഹെക്ടറിന് 6,000 രൂപ വീതം നൽകുന്നതായിരിക്കും.

മി. സ്പീക്കർ : മൂന്ന് ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. നക്ഷത്രചിഹ്നമിട്ട 423-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 428-ാം നമ്പർ ചോദ്യവും ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. എസ്. ശർമ്മ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് ഉത്തരം പറയണം.

**കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽനിന്നും കരകയറ്റാൻ മാർഗ്ഗം**

4(*423) ശ്രീ. സി. കൃഷ്ണൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതവും ആശ്രയിക്കാവുന്നതുമായ പൊതുഗതാഗത സൗകര്യം ഏർപ്പെടുത്തുക എന്ന സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ട് കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനായി എന്ത് മാർഗ്ഗമാണുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ട മികച്ച മാനേജ്മെന്റ് രീതികൾ പിന്തുടരുന്നതിനും ഇന്ധനക്ഷമതയും വാഹന വിനിയോഗവും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ; പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് ആയിരിക്കുവാൻ ശ്രമിക്കുമോ;

(സി) അമിതമായ പലിശഭാരം കുറയ്ക്കാനായി എന്ത് ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ,

(എ) ഉണ്ട്. കെ.എസ്.ആർ.ടി.സി.യുടെ സമഗ്രമായ പുനരുദ്ധാരണത്തെക്കുറിച്ച് പഠിക്കാൻ കൊൽക്കത്തയിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IIM)-ലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പൊതുഗതാഗത രംഗത്തുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത്

ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി തലസ്ഥാനനഗരിയിൽ രണ്ട് പിങ്ക് ബസ് സർവ്വീസ് ആരംഭിച്ചുകഴിഞ്ഞു. വരുമാനം കുറവുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ചുവരുന്നു.

2017-18 ബഡ്ജറ്റിൽ 3000 കോടി രൂപ മൂന്ന് വർഷംകൊണ്ട് മൂലധന നിക്ഷേപ രൂപത്തിൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ (ആദ്യ വർഷം 50 കോടി രൂപ) പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും വായ്പയായി ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG)-ലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മപരിപടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിക്കുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും കോർപ്പറേഷന്റെ സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായും വിവിധങ്ങളായ പദ്ധതികൾ കാലാകാലങ്ങളിൽ നടപ്പിൽ വരുത്തുന്നുണ്ട്. തൊഴിലാളികളുടെ അദ്ധ്വാനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്നവിധത്തിൽ ആകർഷകമായ

ഇൻസെന്റീവ് ബാറ്റ, യൂണിറ്റുതലത്തിലുള്ള സാമ്പത്തിക പ്രോത്സാഹന പദ്ധതികൾ, സത്സേവന രേഖ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കോർപ്പറേഷന്റെ തൊഴിലാളി അനുപാതം ഒരു ബസ്സിന് 8.75 എന്ന രീതിയിലാണ്. തൊഴിലാളികളുടെ അദ്ധ്വാനഭാരം ദോഷകരമല്ലാത്ത രീതിയിൽ വർദ്ധിപ്പിച്ചുകൊണ്ടും, ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടും ടി അനുപാതം ദേശീയ ശരാശരിയായ 5.5-ലേയ്ക്ക് എത്തിക്കുവാനുള്ള പരിശ്രമങ്ങളാണ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ ജീവനക്കാരുടെ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി പരിഷ്കരിക്കുന്നതിലൂടെ തൊഴിലാളികളുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി അതിനൂതനമായ യന്ത്രസാമഗ്രികൾ എത്തിച്ച് അതിവേഗം പണിപൂർത്തിയാക്കി ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ചും, അറ്റകുറ്റപ്പണിക്കായുള്ള ബസ്സുകളുടെ എണ്ണം കുറച്ചും നിരത്തിൽ കൂടുതൽ ബസ്സുകൾ സർവ്വീസ് നടത്തി പൊതുജനങ്ങളുടെ യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കാനുള്ള ശ്രമത്തിലുമാണ്. കൂടാതെ കാലപ്പഴക്കംചെന്ന ബസ്സുകൾ കണ്ടംചെയ്തും അതിനൂതന സാങ്കേതികവിദ്യയാൽ നിർമ്മിതമായതും ഇന്ധനക്ഷമത കൂടുതൽ ലഭിക്കുന്നതും പരിസ്ഥിതി മലിനീകരണത്തോത് കുറഞ്ഞതും അറ്റകുറ്റപ്പണികൾ അപ്രതീക്ഷിതമായി ഉണ്ടാകാനിടയില്ലാത്തതുമായ ബസ്സുകൾ നിരത്തിലിറക്കി വാഹന വിനിയോഗവും ഇന്ധനക്ഷമതയും വർദ്ധിപ്പിക്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം അംഗീകൃത രജിസ്റ്റേർഡ് തൊഴിലാളി യൂണിയൻ പ്രതിനിധിയുമായി ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസിസ്റ്റന്റ് വർക്ക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. പ്രസ്തുത പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത് തൊഴിലാളികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് തന്നെയാണ് മുന്നോട്ടുനീങ്ങുന്നത്.

(സി) വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഹ്രസ്വകാല വായ്പയായി എടുത്തിരിക്കുന്ന തുക ബാങ്ക് കൺസോർഷ്യത്തിന്റെ സഹായത്തോടെ ദീർഘകാല വായ്പയാക്കുമ്പോൾ പ്രതിദിന തിരിച്ചടവ് തുക വളരെയധികം കുറയും. ഇതുസംബന്ധിച്ച നടപടി സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.യിൽ സമഗ്ര പുനരുദ്ധാരണ പാക്കേജ്

5(*428) ശ്രീ. പി. വി. അൻവർ :
ശ്രീ. എസ്.ശ ർമ്മ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവുകൾ സന്തുലനമാകുന്ന സ്ഥിതിയിലേയ്ക്ക് കൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ യൂണിയനുകളുമായി വിശദമായി ചർച്ചചെയ്ത് സമഗ്രമായ പുനരുദ്ധാരണ പാക്കേജിന് രൂപംനൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ,

(എ) 1000 പുതിയ സി.എൻ.ജി. ബസ്സുകൾ ഇറക്കുന്നതിന് 300 കോടി രൂപ (ആദ്യ വർഷം 50 കോടി രൂപ) പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചു കഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG)-ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. (കിലോ മീറ്റർ പെർ ലിറ്റർ) ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work-norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന് ട്രാവൽ കാർഡ് സംവിധാനം

നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ 10,000 രൂപയ്ക്ക് താഴെ പ്രതിദിന വരുമാന ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചതുപ്രകാരം ടി സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂരയാത്രയ്ക്ക് എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഉടൻതന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ-സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.

ടിക്കറ്റ് വരുമാനത്തിനുപുറമെ ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയതുവഴിയും കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.-ക്ക് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രൊഫ. സുശീൽ ഖന്നയുടെ പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) പ്രൊഫസർ സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത-രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റിപ്പോർട്ട് സംബന്ധിച്ച വിശദാംശങ്ങൾ തൊഴിലാളി സംഘടന പ്രതിനിധികളുമായി ചർച്ച ചെയ്യുകയും

പ്രൊഫസർ സുശീൽ ഖന്നയുടെ നിർദ്ദേശങ്ങൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്താൻ തീരുമാനിക്കുകയും ചെയ്തിരുന്നു. തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകൊണ്ട് കോർപ്പറേഷന്റെ സമഗ്രമായ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പാക്കേജ് ഘട്ടംഘട്ടമായി നടപ്പിൽവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, പൊതുഗതാഗത രംഗത്ത് ഗണ്യമായ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. നമ്മുടെ സംസ്ഥാനത്തിന്റെ ഒരു അഭിമാന സ്ഥാപനമാണ്. സമീപകാലത്തായി കെ.എസ്.ആർ.ടി.സി.-ക്ക് തകർച്ചയുടെയും നഷ്ടത്തിന്റെയും ശമ്പളവും പെൻഷനും നൽകാത്തതിന്റെയും കഥകൾ മാത്രമാണ് പറയാനുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി നവീകരണ പദ്ധതി നടപ്പിലാക്കുമെന്ന് അങ്ങയുടെ ഉത്തരത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അത് സ്വാഗതാർഹമാണ്. എന്നാൽ കെ.എസ്.ആർ.ടി.സി.ക്ക് ഇന്നത്തേതുപോലെ മുന്നോട്ടുപോകാൻ സാധിക്കില്ല എന്നത് ഒരു വസ്തുത മാത്രമാണ്. പൊതുഗതാഗത രംഗത്ത്, എവിടെയും നമ്മുടെ രാജ്യത്തോ മറ്റ് രാജ്യങ്ങളിലോ ലാഭം മാത്രം ലക്ഷ്യംവച്ചുകൊണ്ട് അത്തരം സ്ഥാപനങ്ങൾ നടത്തുന്നില്ല. സർക്കാരിന്റെ ഒരു സേവനമേഖല എന്ന നിലയിൽ മാത്രമേ അതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിൽ കണ്ടുകൊണ്ട് പ്രഖ്യാപിച്ചിട്ടുള്ള നവീകരണ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, അങ്ങയുടെ ആത്മവിശ്വാസത്തെ ഞാൻ പുകഴ്ത്തുന്നു. തീർച്ചയായും കേരളത്തിലെ പൊതുജനങ്ങൾ ഇഷ്ടപ്പെടുന്ന ഒരു വാഹനമാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ്സുകൾ. പ്രൈവറ്റ് ബസ്സുകളിൽ കയറുന്നതിനെക്കാൾ ആളുകൾക്ക് കൂടുതൽ സന്തോഷമുള്ളത് സർക്കാർ വാഹനത്തിൽ യാത്ര ചെയ്യുമ്പോഴാണെന്നതിൽ സംശയമില്ല. പക്ഷേ ഇന്നത്തെ വരുമാനവും ചെലവും തുല്യമാണ്. ഞാൻ 28 ദിവസം മാത്രമേ ഈ കസേരയിൽ ഇരുന്നുള്ളൂ. കഴിഞ്ഞ അനേകം മാസങ്ങളായി, വർഷങ്ങളായിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ശമ്പളം കൊടുക്കുന്നത് കടം വാങ്ങിയാണ്. അങ്ങനെ ഭാരിച്ച നഷ്ടത്തിൽ കെ.എസ്.ആർ.ടി.സി. ഇന്ന് പൊയ്ക്കൊണ്ടിരിക്കുന്നു. ഒരു വർഷത്തിനകം ഇതിനെ ലാഭത്തിലാക്കിത്തരാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാനൊരു ഉറപ്പ് കൊടുത്തിട്ടുണ്ട്. തീർച്ചയായും അത് സാധിക്കും. അതിന്റെ കാരണങ്ങൾ ഈ ചോദ്യത്തിന് ഉത്തരമായി വിശദീകരിക്കാൻ സാധിക്കുകയില്ല. ഉച്ചകഴിഞ്ഞുള്ള ഡിമാന്റ് ഡിസ്കഷന്റെ മറുപടി പ്രസംഗത്തിൽ അത് വ്യക്തമാക്കുന്നതായിരിക്കും.

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ മണ്ഡലത്തിലെ പയ്യന്നൂർ ഡിപ്പോ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നതാണ്. 91 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്തിരുന്നത് ഇന്ന് 80 ഷെഡ്യൂളുകളായി കുറഞ്ഞു. അതുതന്നെ ഓടിക്കുന്നതിനാവശ്യമായ ബസ്സുകളില്ല. 8 ബസ്സുകൾ 13 വർഷത്തിലേറെ പഴക്കമുള്ളതാണ്. 35 ഡ്രൈവർമാരുടെ ഷോർട്ടേജുണ്ടെന്നാണ് അവിടെനിന്നും ലഭിച്ച റിപ്പോർട്ട്. ഡ്രൈവർമാരില്ല, ബസ്സില്ല. 13 വർഷക്കാലമായി, ഒരു ബസ് ഓപ്പറേറ്റ് ചെയ്ത് തുടങ്ങിയ ദിവസം എല്ലാ വർഷവും ബസ് മുടങ്ങാതെ ഓടിച്ചതിന് ആ റൂട്ടിലെ യാത്രക്കാർ ബസ് ജീവനക്കാരെ സ്വീകരിക്കുകയും അവർക്ക് മാലയിടുകയും പായസവിതരണം നടത്തുകയും ചെയ്ത ഒരനുഭവമുണ്ട്. അതുപോലും ഇപ്പോൾ മുടങ്ങേണ്ടി വരുന്നുവെന്നതിന്റെ ഉദാഹരണമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. പയ്യന്നൂർ ഡിപ്പോയുടെ പ്രവർത്തനം സുഗമമാക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, പയ്യന്നൂർ ഡിപ്പോ മാത്രമല്ല കേരളം മുഴുവൻ ഇത് റീ-ഓർഗനൈസ് ചെയ്യണം. ദേശീയ ശരാശരി ഒരു വണ്ടിക്ക് 5.4 ആണ്. കേരളത്തിലെ ശരാശരി 9.4 ആണ്. അതാണ് നമ്മുടെ ഏറ്റവും വലിയ ഭീഷണി. അതിനെ പുനഃക്രമീകരിച്ച് ഒരൊറ്റ തൊഴിലാളിയെപ്പോലും പിരിച്ചുവിടാതെ ദീഘദൂര ബസ്സുകൾ സർവ്വീസ് നടത്തും. മാംഗ്ലൂർ, ബാംഗ്ലൂർ, സേലം, കോയമ്പത്തൂർ എന്നിവിടങ്ങളിലേയ്ക്ക് ബസ്സുണ്ടായിരുന്നുവെന്ന് പറഞ്ഞ് ആയിരക്കണക്കിന് മാതാപിതാക്കന്മാരാണ് ഞാൻ ഈ സ്ഥാനത്ത് വന്നതിനുശേഷം വിളിക്കുന്നത്. ഇപ്പോൾ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഒരു വണ്ടിയുമില്ല. അത് പുഴക്കടവിലും കല്ലടയിലും വേറെ ആളുകളും ഓടിച്ചുകൊണ്ടിരിക്കുകയാണ്. അവർ ഓടിച്ചോട്ടെ. ഞാൻ സ്വകാര്യ ബസ്സുകൾക്ക് എതിരുള്ള ആളല്ല. അതോടൊപ്പം ഏറ്റവും ക്വാളിറ്റിയുള്ള വണ്ടികളിൽ നമ്മുടെ കുഞ്ഞുങ്ങൾ അന്യദേശത്ത് പോയി പഠിക്കുന്ന സംവിധാനം നിങ്ങൾക്ക് ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ പ്രതീക്ഷിക്കാം.

പ്രൊഫ. കെ. യു. അരുണൻ: സർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കാര്യങ്ങൾ പറയുമ്പോൾ നാട്ടിൻപ്രദേശത്തുനിന്നും നിശിതമായ വിമർശനം വരികയാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ലാഭനഷ്ട കണക്കുകൾ പറയുമ്പോൾ, പ്രതീക്ഷിച്ചിരുന്ന നഷ്ടം 300 കോടി രൂപ, സംഭവിച്ചത് 200 കോടി രൂപ, അതുകൊണ്ട് ലാഭം 100 കോടി രൂപ എന്നുപറയുന്ന ഒരു രീതിയിലാണ് നാട്ടിൻപുറത്തെ വിമർശനം. പക്ഷേ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഭരണകാര്യങ്ങളുമായി മുന്നോട്ടുപോകുമ്പോൾ തൊഴിലാളികളെക്കൂടി മാനേജ്മെന്റിൽ ഉൾപ്പെടുത്തുമോ, ഫലപ്രദമായ പങ്കാളിത്തം നൽകുമോ എന്നൊരു ചോദ്യം ഉയർന്നുവരുന്നുണ്ട്. ഈ രാജ്യത്തെ ഏറ്റവും നല്ല സാഹിത്യകാരനായിരുന്ന മലയാറ്റൂർ രാമകൃഷ്ണൻ എം.ഡി.-യോ

ചെയർമാനോ ആയിരിക്കുന്ന സന്ദർഭത്തിൽ ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗം ഉയർത്തിയിരുന്ന ഒരു മുദ്രാവാക്യമുണ്ട്. 'ചെമ്പരത്തി തണ്ടല്ല, തൊഴിലാളികളുടെ നട്ടെല്ല്'. ചെമ്പരത്തി എന്നത് ന്യൂ ഇന്ത്യാ ഫിലിംസിനുവേണ്ടി അദ്ദേഹം അന്ന് നിർമ്മിച്ച സിനിമയായിരുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് ഫലപ്രദമായ രൂപത്തിൽ മാനേജ്മെന്റിൽ പങ്കാളിത്തം നൽകുമോ എന്നുള്ളതാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ആ ചോദ്യത്തിന് ഉത്തരം നൽകാൻ ഞാൻ ആളല്ല. അത് ഗവൺമെന്റ് തീരുമാനിക്കേണ്ടതാണ്. എന്തായാലും തൊഴിലാളികളെ വിശ്വാസത്തിലെടുത്ത് അവരുമായി ചർച്ച നടത്തിത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെ ആദ്യഘട്ടം മാത്രമേ ലഭിച്ചിട്ടുള്ളൂ. എന്നിട്ടും മുഖ്യമന്ത്രി തൊഴിലാളികളെ വിളിച്ചിരുത്തി ചർച്ച ചെയ്തതിനുശേഷമാണ് അതിനകത്തുള്ള പല കാര്യങ്ങളും ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങുന്നത്. തൊഴിലാളികളെക്കൂടി മാനേജ്മെന്റിൽ ഉൾപ്പെടുത്തുമോ എന്നുള്ളതിന്റെ ഉത്തരം നൽകാൻ പറ്റില്ല. അവരാണ് ജോലി ചെയ്യുന്നത്. തീർച്ചയായും അവരുടെ അഭിപ്രായം മാനിച്ചുതന്നെ മുന്നോട്ടുപോകും. മാനേജ്മെന്റിൽ ഉൾപ്പെടുത്തുമോ ഇല്ലയോ എന്നുള്ളത് പറയാൻ ഞാൻ ആളല്ല.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, കെ.എസ്.ആർ.ടി.സി. നവീകരണത്തിന്റെ പാതയിലാണ്. രക്ഷാ പാക്കേജിന്റെ നിർദ്ദേശങ്ങൾ പുറത്തുവന്നു. ഗവൺമെന്റ് ഇടപെട്ടുകൊണ്ട് 3000 കോടി രൂപ 2017-18-ൽ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിന്റെ ഭാഗമായി നവീകരണം നടക്കുമ്പോൾ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകൾ തികച്ചും ദേശസാൽകൃത റൂട്ടുകളായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് യാത്രയ്ക്കായി ആശ്രയിക്കാനാകുന്നത് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മാത്രമാണ്. വിഴിഞ്ഞം, പൂവ്വാർ, പാറശ്ശാല, വെള്ളറട, കാട്ടാക്കട, നെയ്യാറ്റിൻകര ഡിപ്പോകളിൽനിന്നും സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. സംസ്ഥാന അതിർത്തിയിൽ പ്രവർത്തിക്കുന്ന ഡിപ്പോയെന്ന നിലയിൽ പാറശ്ശാലയുടെ വികസന സാധ്യത അനന്തമാണ്. അവിടെ 8 ഏക്കർ 70 സെന്റ് സ്ഥലം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ട്. അത് പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പരിപാടിയുണ്ടോ; മലയോര മേഖലയാണ്. പഞ്ചായത്ത് റോഡുകളാണ് എന്നതുകൊണ്ട് റോഡുകൾക്ക് വീതിക്കുറവുണ്ട്. കട്ട്ചെയ്സ് ബസ്സുകൾ കൂടുതലായി സർവ്വീസ് നടത്താൻ കഴിഞ്ഞാൽ യാത്രാ സൗകര്യം മെച്ചപ്പെടുത്താനാകും. അദ്ധ്യയന വർഷമാരംഭിച്ചു. കുട്ടികൾക്ക് യാത്ര ചെയ്യാൻ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന പ്രദേശമാണ്. എന്തെങ്കിലും നടപടി സ്വീകരിക്കാനാവുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, കെ.എസ്.ആർ.ടി.സി.യുടെ സ്ഥലം സംസ്ഥാനത്ത് പലയിടത്തും വെറുതെ കാടുപിടിച്ചുകിടക്കുകയാണ്. പാറശ്ശാലയിലെ കാര്യം എനിക്കറിയാം. പാറശ്ശാലയിൽ ഏതായാലും അടുത്തുതന്നെ ഒരു വികസനം ഉണ്ടാകുമെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുനൽകാം. എന്താണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. സ്പീക്കർ: അങ്ങയുടെ എല്ലാ ട്രേഡ് സീക്രട്ടും പുറത്തുവിടണ്ട.

ശ്രീ. തോമസ് ചാണ്ടി: സർ, അതുകൊണ്ട് തീർച്ചയായും ഒരു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-ക്ക് വലിയ മാറ്റം പ്രതീക്ഷിക്കാം.

ശ്രീ. കെ. ജെ. മാക്സി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി. റൂട്ടുകളിൽ സ്വകാര്യ ബസ് അനുവദിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സംഘടനയായ കെ.എസ്.ആർ.ടി. എംപ്ലോയീസ് അസോസിയേഷൻ ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഹൈക്കോടതിയിൽനിന്നും അനുകൂല വിധിയും വന്നു. ഈ വിധി കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. തോമസ് ചാണ്ടി: സർ, ആ വിധിയെക്കുറിച്ച് ഞാൻ പഠിച്ചിട്ടില്ല. പഠിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.

ശ്രീ. പി. വി. അൻവറിനുവേണ്ടി ശ്രീ. പി. കെ. ശശി: സർ, കെ.എസ്.ആർ.ടി.സി. ഏതുകാലത്തും വലിയ ചർച്ചയ്ക്ക് വിധേയമാകുന്ന ഒരു സ്ഥാപനമാണ്. വലിയ കടത്തിന്റെ കണക്കാണ് എല്ലാകാലത്തും പറയാനുള്ളത്. വിവിധ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുക്കുന്ന കടങ്ങളുടെ കാലാവധിയും പലിശയും വ്യത്യസ്തമാണ്. ഇവയെല്ലാം ഏകീകരിച്ച് ദീർഘകാല വായ്പയാക്കി മാറ്റാനുള്ള നടപടി സ്വീകരിക്കാമോ; അതുപോലെതന്നെ ട്രാൻസ്പോർട്ട് കോർപ്പറേഷന് ബി.ഒ.റ്റി. പ്രോജക്ടിന്റെ ഭാഗമായി പല സ്ഥലത്തും കെട്ടിട സമുച്ചയങ്ങളുണ്ട്. അതൊന്നും വാടകയ്ക്ക് കൊടുക്കാൻ സാധിക്കുന്നില്ല. കെ.റ്റി.ഡി.എഫ്.സി.ക്കാണ് അവയുടെ നിയന്ത്രണം മുഴുവൻ എന്നതാണ് അതിലെ പ്രധാനപ്പെട്ട പ്രശ്നം. കെ.എസ്.ആർ.ടി.സി.യും കെ.റ്റി.ഡി.എഫ്.സി.യും ഒരു ഉഭയകക്ഷി കരാറുണ്ടാക്കി കെട്ടിടസമുച്ചയങ്ങളിലെ മുറികൾ വാടകയ്ക്ക് കൊടുത്ത് അതിന്റെ 50 ശതമാനമെങ്കിലും കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, ആ വാടക ഒരു ചെറിയ കാര്യമാണ്. ബാങ്ക് കൺസോർഷ്യത്തിൽ നിന്നും 1300 കോടി രൂപയുടെ ഒരു ലോണുണ്ട്. അതിന് ഡെയ്‌ലി 53 ലക്ഷം രൂപ അടച്ചാൽ മതി. എന്നാൽ ഞാൻ അതിന്റെ പേപ്പറുകൾ മറിച്ചുനോക്കിയപ്പോൾ 1650 കോടി രൂപയുടെ ഒരു ലോണും കൂടിയുണ്ട്. ആദ്യം പറഞ്ഞ 1300 കോടി രൂപ 12 വർഷത്തേയ്ക്കുള്ള ഒരു ദീർഘകാല വായ്പയാണ്. പിന്നീടത് രണ്ടുകൊല്ലത്തേയ്ക്കും ഒന്നരകൊല്ലത്തേയ്ക്കും മൂന്നുകൊല്ലത്തേയ്ക്കുമൊക്കെ കയ്യിൽകിട്ടിയപ്പോൾ ചുരുട്ടിക്കൂട്ടിയെടുത്ത് ഒപ്പിച്ച് ഡെയ്‌ലി 2 കോടി 61 ലക്ഷം രൂപയാണ്. ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പുറകെ നടക്കുകയാണ്. അദ്ദേഹം അതിനുള്ള നടപടികൾ നീക്കിക്കഴിഞ്ഞു. 1300 കോടി രൂപയ്ക്ക് ഡെയ്‌ലി 53 ലക്ഷം രൂപ കൊടുക്കാമെങ്കിൽ 1600 കോടി രൂപ 2 കോടി 61 ലക്ഷം രൂപയല്ല 61 ലക്ഷം കൊടുത്താൽ മതിയാകും. 2 കോടി രൂപ ഡെയ്‌ലി മിച്ചം വരും. 30 ദിവസം കൊണ്ട് 60 കോടി രൂപ ലഭിക്കും. ശമ്പളം കൊടുക്കാൻ 20 കോടി രൂപ കൂടി മതിയാകും. അക്കാര്യങ്ങൾ ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ എല്ലാ ട്രേഡ് സീക്രട്ടും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എസ്. ശർമ്മ: സർ, കെ.എസ്.ആർ.ടി.സി.യുടെ ഇന്നത്തെ പ്രതിസന്ധിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഗവൺമെന്റ് പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തുകയും അദ്ദേഹം interim റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഫൈനൽ റിപ്പോർട്ട് വന്നതിനുശേഷമാണോ ആ പ്രൊപ്പോസലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; Interim റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽത്തന്നെ നവീകരണ പ്രക്രിയയ്ക്ക് തുടക്കംകുറിക്കുന്നതിന് മുൻകൈ എടുത്തിട്ടുണ്ടോ; ഉദാഹരണത്തിന് നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള ബസ്സിന്റെ 81 ശതമാനമാണ് ഉപയോഗയോഗ്യമായുള്ളത്. അത് ദേശീയ ശരാശരിയുടെ വളരെ പിന്നിലാണ്. 95 ശതമാനത്തോളം വരുന്ന മാൻപവറും ഇൻഫ്രാസ്ട്രക്ചറും ഉപയോഗിക്കാൻ കഴിഞ്ഞാൽത്തന്നെ 391 കോടി രൂപ per year-ൽ മിച്ചമുണ്ടാക്കാൻ കഴിയുമെന്ന് പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. വളരെ സമഗ്രവും ശാസ്ത്രീയവുമായിട്ടുള്ളതാണ് interim റിപ്പോർട്ട് എന്നാണ് പത്രങ്ങളിൽക്കൂടി മനസ്സിലാക്കാൻ കഴിഞ്ഞത്. ഫൈനൽ റിപ്പോർട്ട് വരുന്നതുവരെ പ്രൊപ്പോസൽസ് അങ്ങനെ നിർത്താനാണോ ഉദ്ദേശിക്കുന്നത്; അതോ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുതകുന്നവിധത്തിലുള്ള interim റിപ്പോർട്ടിലെ പ്രൊപ്പോസൽസ് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, മുഴുവൻ റിപ്പോർട്ടും വന്നിട്ട് നടപ്പിലാക്കാനിരുന്നാൽ അതിന്റേതായ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. അതുകൊണ്ട് ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെക്കൂടി വിളിച്ചിരുത്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ആദ്യവട്ട ചർച്ച നടത്തിക്കഴിഞ്ഞു. അവരും സഹകരിക്കാൻ തയ്യാറാണ്. ചുവരുണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ കഴിയുകയുള്ളൂവെന്ന് അവർക്കും മനസ്സിലായി. അതുകൊണ്ട് പൂർണ്ണ സഹകരണം തൊഴിലാളികളുടെ ഭാഗത്തുനിന്നുമുണ്ട്. ചെറിയ തോതിൽ നടപ്പിലാക്കാൻ തുടങ്ങിക്കഴിഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, പ്രതിവർഷം 1000 പുതിയ ബസ്സുകൾ നിരത്തിലിറക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുമ്പോൾ, പുതിയ ബസ്സുകൾ നിരത്തിലിറക്കുമ്പോൾ ലോഫ്ലോർ ബസ്സുകൾ, വോൾവോ, സ്കാനിയ തുടങ്ങിയ ബസ്സുകൾ ആനുപാതികമായി ലഭിക്കുന്ന കാര്യത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉത്തര മലബാറിനോട് ഒരു അവഗണനയാണ് ഉണ്ടായിരുന്നത്. ഈ പുതിയ ബസ്സുകൾ നിരത്തിലിറങ്ങുമ്പോൾ പയ്യന്നൂരിൽനിന്ന്, ഉത്തര മലബാറിലെ പ്രധാന സ്ഥലങ്ങളായ കാഞ്ഞങ്ങാട്, കാസർഗോഡ് മേഖലകളിൽ നിന്ന് ബാംഗ്ലൂർ, ഗോവ, ഹൈദരാബാദ് തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, നല്ല ചോദ്യമാണ് അങ്ങ് ചോദിച്ചത്. തീർച്ചയായും ഇവിടെയിരിക്കുന്ന 140 എം.എൽ.എ.മാരും പ്രൊപ്പോസ് ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക്...... ഫീസിബിലിറ്റി സ്റ്റഡി ഞങ്ങൾ നടത്തും. സ്റ്റഡി നടത്തി കഴിഞ്ഞാൽ ഓടിക്കുന്നതിനുള്ള വണ്ടിയുണ്ട്. നല്ല വണ്ടികളുണ്ടാകും. ഒരു കാരണവശാലും ഉത്തര മലബാറിനെ അവഗണിക്കുന്ന പ്രശ്നമില്ലെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുതരുന്നു.

<u>ശ്രീ. എം. മുകേഷ്:</u> സർ, കെ.എസ്.ആർ.ടി.സി.യെ ഒരു വർഷത്തിനകം ലാഭത്തിലാക്കാൻ സർക്കാരും ബഹുമാനപ്പെട്ട മന്ത്രിയും നടത്തിവരുന്ന എല്ലാ ശ്രമങ്ങളെയും, ട്രേഡ് സീക്രട്ട് ഉൾപ്പടെ അഭിനന്ദിക്കുകയാണ്. ജില്ലാ ആസ്ഥാനത്ത് ഡിപ്പോയെന്ന നിലയിലും യാത്രക്കാരുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്തും കൊല്ലം ഡിപ്പോയിൽനിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, വേളാങ്കണ്ണി എന്നിവിടങ്ങളിലേയ്ക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

ശ്രീ. തോമസ് ചാണ്ടി: സർ, കൊല്ലത്തുനിന്ന് മാത്രമല്ല പല സ്ഥലത്തുനിന്നും സർവ്വീസ് നടത്തുന്നതിനെക്കുറിച്ചുള്ള സ്റ്റഡി തുടങ്ങിക്കഴിഞ്ഞു. തീർച്ചയായും അങ്ങയുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മന്ത്രി കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുമെന്ന് പറഞ്ഞതിൽ ഞങ്ങൾക്ക് നല്ല പ്രതീക്ഷയുണ്ട്. കാരണം, നല്ലൊരു ബിസിനസ്മാനായ താങ്കൾ വിചാരിച്ചാൽ അത് നടക്കുകയും ചെയ്യുമെന്ന പ്രതീക്ഷയുണ്ട്. ആലുവ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് വളരെ ശോചനീയാവസ്ഥയിലാണ്. അവിടത്തെ ജനങ്ങളുടെയും യാത്രക്കാരുടെയും നിരന്തരമായ ആവശ്യപ്രകാരം കഴിഞ്ഞ വർഷത്തെ അസറ്റ് ഫണ്ട് 5 കോടി രൂപ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് പുതുക്കിപ്പണിയുന്നതിന് കൊടുത്തു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ചെറിയ ഒബ്ജക്ഷനുണ്ടായതുകൊണ്ട് ഫയൽ തിരിച്ചയച്ചു. ആ 5 കോടി രൂപയുടെ ഫയൽ വീണ്ടും ഫിനാൻസ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് അയയ്ക്കുന്നതിന് ഒരു വർഷമാകാറായിട്ടും കെ.എസ്.ആർ.ടി.സി. എം.ഡി.-യുടെ ഓഫീസിൽനിന്നും നീങ്ങുന്നില്ല. ഞാൻ പറഞ്ഞുവന്നത്, കെ.എസ്.ആർ.ടി.സി.യിൽ ഇങ്ങനെയുള്ള കുറച്ച് പുഴുക്കുത്തുകളുണ്ട്. ഈ പുഴുക്കുത്തുകളെ തിരിച്ചറിഞ്ഞ് അവർക്കെതിരെ നടപടിയെടുക്കുക. അവരെ നേരായ രീതിയിൽ പണിയെടുപ്പിക്കാനുള്ള സാഹചര്യമുണ്ടാക്കിയാൽ കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ അങ്ങയോട് ആവശ്യപ്പെട്ടപ്പോൾ മീറ്റിംഗ് വിളിച്ച് നടപടിയെടുക്കാമെന്ന് പറഞ്ഞതിൽ സന്തോഷം രേഖപ്പെടുത്തുന്നു. പക്ഷെ, ഇങ്ങനെയുള്ള പുഴുക്കുത്തുകളെ തിരിച്ചറിഞ്ഞില്ലെങ്കിൽ കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ നമുക്ക് സാധിക്കുകയില്ല. അതിനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. തോമസ് ചാണ്ടി: സർ, തീർച്ചയായും ഇത് താങ്കളുടെ മാത്രം അനുഭവമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ അദ്ദേഹത്തിന്റെ ഫണ്ടിൽ നിന്നും 2 കോടി രൂപ കൊടുത്തിട്ട് അവിടെ ഒന്നുമായില്ല. എറണാകുളത്ത് ശ്രീ. ഹൈബി ഈഡനും ഇതുപോലെ കൊടുത്തിട്ട് ഒന്നുമായില്ല. അക്കാര്യം പരിശോധിച്ചുവരുന്നു. അടിയന്തര നടപടിയുണ്ടാകും. എറണാകുളമാണല്ലോ കേരളത്തിന്റെ വാണിജ്യ തലസ്ഥാനം. അതുകൊണ്ട് എറണാകുളത്തിന് കൊടുക്കുന്ന അതേ പ്രാധാന്യത്തോടെ ആലുവയിലെ കാര്യവും ശരിയാക്കിത്തരാമെന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പുതരുന്നു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കെ.എസ്.ആർ.ടി.സി.യെ ഒരു വർഷത്തിനുള്ളിൽ ലാഭത്തിലാക്കുന്നത് സംബന്ധിച്ച് അദ്ദേഹം സംസാരിക്കുകയുണ്ടായി. എനിക്ക് ഒരു നിർദ്ദേശം പറയാനുള്ളത്, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ

കെ.റ്റി.ഡി.എഫ്.സി.-യുടെ ധനസഹായത്തോടെ വലിയ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോടുതന്നെ 10 നിലകളുള്ള 2 ടവറോടുകൂടിയ സമുച്ചയമുണ്ട്. അങ്കമാലിയിലും തിരുവനന്തപുരത്തുമുണ്ട്. ഇത് വാടകയ്ക്ക് കൊടുത്ത് വരുമാനമുണ്ടാക്കുന്ന പ്രവർത്തനം ഇപ്പോഴും വിജയിച്ചിട്ടില്ല, ഇപ്പോൾ ബിവറേജസിന്റെ ഔട്ട്ലെറ്റുകൾ ജനപഥങ്ങളിൽ ആരംഭിക്കുന്നതിന് ഒരുപാട് എതിർപ്പുകൾ വരുന്നു. കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റേഷനുകൾ പലതും ദേശീയപാതയോരത്തല്ല. ബിവറേജസിനുവേണ്ടി എയർപോർട്ടിലെ ഡ്യൂട്ടി പെയ്ഡ് ഷോപ്പുപോലെയുള്ള സംവിധാനം കൊടുക്കാൻ ബസ് സ്റ്റേഷനുകളെ ഉപയോഗിക്കാമോ; അത് ബിവറേജസിനും കെ.എസ്.ആർ.ടി.സി.ക്കും ഗുണമാണ്. അത് പരിഗണിക്കാമോ;

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, അങ്ങയുടെ നിർദ്ദേശം നല്ലതാണ്. ഞാൻ അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും എക്സൈസ് വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താം. അത് അവിടെ കിടക്കട്ടെ. കോഴിക്കോട്, അങ്കമാലി, തിരുവല്ല, തമ്പാനൂർ എന്നീ 4 ബസ് സ്റ്റേഷനുകളിൽ കെ.റ്റി.ഡി.എഫ്.സി.യുടെ പണം മുടക്കി പണിത കെട്ടിടങ്ങൾ ഒന്നുമൊന്നുമല്ലാത്ത അവസ്ഥയിൽ കിടക്കുകയാണ്. 6 മാസത്തിനകം ഇതെല്ലാം....... കാരണം, തിരുവല്ലയിൽ ഫയർ ഡിപ്പാർട്ട്മെന്റുമായാണ് പ്രശ്നം. ശ്രീ. എ. ഹേമചന്ദ്രനുമായി ഞാൻ നേരിട്ട് സംസാരിച്ചു. അദ്ദേഹം ഇടപെടാമെന്ന് പറഞ്ഞിട്ടുണ്ട്. അടിയന്തര നടപടികൾ ഈ കാര്യത്തിൽ ഉണ്ടാകുമെന്ന് മാത്രമേ എനിക്കിപ്പോൾ ഉറപ്പുതരാൻ കഴിയുകയുള്ളൂ. അടിയന്തര നടപടിയുണ്ടാകും.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, ഞാൻ നേരത്തെ ഒരു വർഷക്കാലം ഗതാഗത വകുപ്പിന്റെ, കെ.എസ്.ആർ.ടി.സി.യുടെ ചുമതല വഹിച്ചിരുന്ന മന്ത്രിയായിരുന്നു. 5-ാം തീയതിയെന്ന ദിവസമുണ്ടെങ്കിൽ കൃത്യമായി പെൻഷനും ശമ്പളവും നൽകിയിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അതു കഴിഞ്ഞുള്ള കാലഘട്ടത്തിലും പെൻഷൻകാർ ഇത്രയുമധികം പ്രയാസങ്ങൾ അനുഭവിച്ചിട്ടില്ല. ഇപ്പോൾ 3 മാസമായി കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർ സെക്രട്ടേറിയറ്റിനുമുന്നിൽ സമരമാണ്. വളരെ തുച്ഛമായ വരുമാനമുള്ള ആളുകളാണ്. അവർക്ക് മരുന്ന് വാങ്ങുന്നതിനുപോലും പണമില്ല. 3000 കോടി രൂപയുടെ കിഫ്ബി പാക്കേജൊക്കെ വരുന്നു. മുൻകാലങ്ങളിൽ 5-ാം തീയതിക്കുമുമ്പ് പെൻഷനും ശമ്പളവും നൽകിയിരുന്നതുപോലെ, 3000 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കുന്നതുവരെ കാത്തിരിക്കാതെ വളരെ ബുദ്ധിമുട്ടുന്ന പെൻഷൻകാർക്ക് പെൻഷൻ കൊടുക്കുന്നതിന് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നുതന്നെ തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന കാലത്ത് 5-ാം തീയതിതന്നെ ശമ്പളം കൊടുക്കുമായിരുന്നുവെന്ന് പറഞ്ഞു. അതിനുശേഷം രണ്ടുപേർ മന്ത്രിമാരായിരുന്നല്ലോ; ഞാൻ കുറ്റപ്പെടുത്തി പറയുകയല്ല. ശ്രീ. ആര്യാടൻ മുഹമ്മദും പ്രഗത്ഭനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ അവിടെ മന്ത്രിമാരായി ഇരുന്നതല്ലേ; അന്ന് കൊടുത്തിട്ടില്ല. അര പെൻഷൻ കൊടുത്ത സമയവുമുണ്ട്. വേണമെങ്കിൽ ഞാൻ ഡേറ്റുവച്ച് പറഞ്ഞുതരാം. ആരുടെയും കുറ്റമല്ല. ഈ മാസത്തെ ശമ്പളവും പെൻഷനും കൊടുത്തത് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് വളരെ താൽപ്പര്യമെടുത്തതു കൊണ്ടാണ്. അടുത്ത മാസത്തെ ശമ്പളം എങ്ങനെയാണ് കൊടുക്കുന്നതെന്നോർത്ത് രാത്രി 2 മണിക്കും ഞാൻ എഴുന്നേറ്റിരിക്കുകയാണ്. 2 മണി വരെയേ ഉറക്കം വരുകയുള്ളൂ. ഇക്കാര്യത്തിൽ മാറ്റമുണ്ടാകും. 2018 ജനുവരി മാസം മുതൽ കൃത്യമായി ഒന്നാം തീയതി തന്നെ പെൻഷനും ശമ്പളവും കിട്ടിയിരിക്കുമെന്ന് ഉറപ്പുകൊടുത്തിട്ടുണ്ട്. അത് നടപ്പിലാക്കുകതന്നെ ചെയ്യും. എങ്ങനെയാണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പേര് പറഞ്ഞതുകൊണ്ട് ഒരു കാര്യം, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഞാനും ഇപ്പോൾ ബന്ധുക്കളാണ്. അദ്ദേഹത്തിന്റെ മകൻ വിവാഹം കഴിച്ചിരിക്കുന്നത് ഞങ്ങളുടെ ഒരു പെൺകുട്ടിയെയാണ്. അദ്ദേഹം ഇറങ്ങിപ്പോകുന്ന സമയത്ത് ഒരു ചെറിയ പണി ചെയ്തേച്ചും പോയി. പിണങ്ങാൻ പറയുകയല്ല. പ്രൈവറ്റ് ബസ്സിൽ കാർഡ് ഉപയോഗിച്ച് യാത്ര ചെയ്തിരുന്ന കുട്ടികളെയെല്ലാം കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് കയറ്റി. ജീവനിൽ കൊതിയുള്ളവരാരും രാവിലെ ട്രാൻസ്പോർട്ട് ബസിൽ കയറില്ല. ചവിട്ട് കിട്ടും. അതൊക്കെയാണ് പെൻഷനും മറ്റും താമസിക്കാൻ കാരണം. അതുകൊണ്ട് അടിയന്തര നടപടിയുണ്ടാകും.

<u>ശ്രീമതി യു. പ്രതിഭ ഹരി:</u> സർ, കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലേയ്ക്ക് നയിക്കുമ്പോൾ അതിലെ ജീവനക്കാരുടെ ആറ്റിറ്റ്യൂഡ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടുന്ന അമ്പലപ്പുഴ പൊടിയാടി വരെ പ്രൈവറ്റ് ബസ് സർവ്വീസില്ലാത്ത റൂട്ടിൽ കെ.എസ്.ആർ.ടി.സി.ക്ക് വലിയൊരു പരിഗണന കൊടുക്കേണ്ടതാണ്. ഒറ്റയ്ക്ക് പോകാൻ ഭയമുള്ളതുപോലെ അമ്പലപ്പുഴ-പൊടിയാടി റൂട്ടിൽ 7 ബസ്സുകളാണ് 10 മിനിട്ടിനുള്ളിൽ പോകുന്നത്. അത് വലിയ നഷ്ടം വരുത്തും. ചെയിൻ സർവ്വീസ് നിയന്ത്രിക്കാൻവേണ്ടി അങ്ങയുടെ അടിയന്തര ഇടപെടലുണ്ടാകുമോ;

<u>ശ്രീ. തോമസ് ചാണ്ടി:</u> സർ, അത് സംബന്ധിച്ച് ഒരു ഉറപ്പുതരാൻ ഇപ്പോൾ നിവൃത്തിയില്ല. ഏതായാലും അതിനെക്കുറിച്ച് പഠിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നല്കിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ മിഷനുകളും ചേർന്നുള്ള പ്രവർത്തനം

6(*424) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നവകേരള മിഷൻ, ശുചിത്വ മിഷൻ, സോഷ്യൽ സെക്യൂരിറ്റി മിഷൻ, കുടുംബശ്രീ മിഷൻ എന്നിങ്ങനെയുള്ള സർക്കാരിന്റെ വിവിധ മിഷനുകളുമായി ഒന്നുചേർന്ന് മുന്നോട്ടുകൊണ്ടുപോകാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മിഷനും ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജനം ഏത് രീതിയിലാണെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നാല് ബൃഹത് പദ്ധതികൾ ഉൾക്കൊള്ളുന്നതാണ് നവകേരള കർമ്മ പദ്ധതി. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ് മിഷൻ), ഹരിത കേരളം പദ്ധതി, സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി, ജനസൗഹൃദ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട ആർദ്രം പദ്ധതി എന്നിവയാണ് നവകേരള മിഷനിൽ ഉൾപ്പെടുന്ന പ്രധാന പദ്ധതികൾ.

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത, ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതിക്ക കീഴിൽ രൂപീകരിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ.

പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേയുടെ ചുമതല കുടുംബശ്രീ മിഷനാണ്. പ്രസ്തുത സർവ്വേക്കുള്ള മാർഗ്ഗനിർദ്ദേശം തയ്യാറാക്കിയത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. ടി മാർഗ്ഗനിർദ്ദേശങ്ങൾ 9-2-2017-ലെ സ. ഉ. (സാധാ.) നമ്പർ 391/2017/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത് പദ്ധതിയാണ് ഹരിത കേരളം പദ്ധതി. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച നാല് മിഷനുകളുടെ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ടുള്ള സംഘടനാ സംവിധാനങ്ങൾ സംബന്ധിച്ച് സ. ഉ. (പി) നമ്പർ 10/17/ആ.സ.വ. തീയതി 19-4-2017 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ശുചിത്വമിഷൻവഴി നൽകിവരുന്നു. കേരളത്തെ വെളിയിട വിസർജ്ജനമുക്ത (ഒ.ഡി.എഫ്.) സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ശുചിത്വമിഷൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായംകൂടി ഉൾപ്പെടുത്തിക്കൊണ്ട് സാമൂഹ്യ സുരക്ഷാമിഷൻവഴി വിവിധ ജനോപകാര പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സമാശ്വാസം തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നത് കുടുംബശ്രീ മിഷനാണ്. നവകേരള മിഷന്റെ ഭാഗമായുള്ള ലൈഫ് മിഷന്റെ നടത്തിപ്പിന് കുടുംബശ്രീ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഹരിത കേരളം മിഷന്റെ ഭാഗമായുള്ള തരിശ് നിലം കൃഷിയോഗ്യമാക്കൽ പദ്ധതിയിൽ കുടുംബശ്രീ മുഖ്യപങ്ക് വഹിച്ചുവരുന്നു. ജല സംരക്ഷണത്തിന്റെ ഭാഗമായി സി.ഡി.എസ്. മുഖാന്തരം കുളങ്ങൾ, തോടുകൾ എന്നിവ നവീകരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി പൊലിവ് കാർഷിക പുനരാവിഷ്കരണ കാമ്പെയിൻ ഒന്നാം ഘട്ടം പൂർത്തിയായിട്ടുണ്ട്. ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നടത്തുന്ന മഴക്കാലപൂർവ്വ കാമ്പെയിൻ 'ഡിസ്പോസിബിൾ ഫ്രീ മഴക്കാലപൂർവ്വ കാമ്പെയിൻ' പ്രവർത്തനത്തിൽ കുടുംബശ്രീ പങ്കാളിത്തം വഹിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് തെരുവ് നായ നിയന്ത്രണ പദ്ധതി, കമ്മ്യൂണിറ്റി കോൺട്രാക്റ്റിംഗ് ഗ്രൂപ്പ് എന്നീ രണ്ട് പദ്ധതികൾക്ക് കുടുംബശ്രീ രൂപം നൽകിയിട്ടുണ്ട്.

(ബി) ഹരിതകേരള മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യ പ്രകാരം ജൈവ/അജൈവ മാലിന്യങ്ങളുടെ പരിപാലനവും ദ്രവ മാലിന്യ പരിപാലന മേഖലകളിലെ പ്രവർത്തനങ്ങളുമാണ് ഏറ്റെടുക്കുന്നത്. ഖരമാലിന്യ സംസ്കരണ മേഖലയിൽ അജൈവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്. ഇതിലേക്ക് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.), സ്വാപ് ഷോപ്പ്, പ്ലാസ്റ്റിക് ഇതര വസ്തുക്കളുടെ റീസൈക്ലിംഗ് സംവിധാനം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി തലത്തിലുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളും ഈ മേഖലയിലെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രവർത്തന പങ്കാളികളായ എൻ.ജി.ഒ.-കൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്കുള്ള പിന്തുണ നൽകൽ, കൂടാതെ ജനങ്ങളിൽ വേണ്ടുന്ന അനുകൂല മനോഭാവങ്ങളും ശീലങ്ങളും രൂപീകരിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന കാമ്പെയിൻ എന്നിവയും നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ ഏറെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലായിരിക്കും നിർവ്വഹണം നടത്തുന്നത്.

നവകേരള മിഷന്റെ കീഴിലുള്ള ലൈഫ് മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ പാർപ്പിട മേഖലയിൽ ലൈഫ് മിഷൻ മാർഗ്ഗരേഖകൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ, ആശ്വാസകിരണം, ക്യാൻസർ സുരക്ഷ, താലോലം, ശ്രുതിതരംഗം, സ്നേഹപൂർവ്വം, സമാശ്വാസം തുടങ്ങിയ വിവിധ ജനോപകാര പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവയെല്ലാംതന്നെ തുടർ പദ്ധതികളാണ്. കൂടാതെ നടപ്പുവർഷം പുതുതായി അനുയാത്രാ പദ്ധതി, സ്വാവലംബൻ പദ്ധതി, സ്ത്രീ ശക്തി പദ്ധതി, ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്ക് ഇൻസുലിൻ പമ്പ് നൽകുന്ന പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ സ്കൂൾ, സമ്പൂർണ്ണ അഗതിരഹിത കേരളം കാമ്പെയിൻ, ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ സ്ഥാപിക്കൽ, പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതികൾ, കുടുംബശ്രീ ജെൻഡർ പ്രവർത്തനങ്ങൾ, കൃഷി, മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ എന്നിവയാണ് 2017-18 സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

## ഹോണുകളുണ്ടാക്കുന്ന ശബ്ദശല്യം തടയാൻ നടപടി

7(*425) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾ ഉണ്ടാക്കുന്ന അമിത ശബ്ദശല്യവും ഉയർന്ന ഡെസിബല്ലിലുള്ള ഹോണുകളും ജനങ്ങളുടെ ശാരീരിക, മാനസിക ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നുണ്ടെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അവയിലെ നിഗമനങ്ങൾ അംഗീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ, സംസ്ഥാനത്തെ നിരത്തുകളിലോടുന്ന സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ളവയിൽ നിശ്ചിത അളവിലുമുയർന്ന ശബ്ദമുള്ള ഹോണുകൾ നിരന്തരം ഉപയോഗിച്ച് അമിതശല്യമുണ്ടാക്കിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സർക്കാർ ആഭിമുഖ്യത്തിൽ ഈ വർഷം 'നോ ഹോൺ ഡേ' ആചരിച്ചിട്ടുണ്ടോ; എങ്കിൽ ഒരു ദിവസം മാത്രം ഇപ്രകാരം ആചരിച്ചതുകൊണ്ട് ഈ വിപത്തിൽനിന്നും ജനങ്ങളെ രക്ഷിക്കാനാവുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) അമിത ശബ്ദം ആരോഗ്യത്തിന് ഹാനികരമാണെന്ന് വിവിധ പഠനങ്ങളിലും മറ്റുമായി തെളിഞ്ഞിട്ടുള്ള കാര്യമാണ്. മോട്ടോർ വാഹന നിയമമനുസരിച്ച്, ഹാനികരമാകാത്ത വിധത്തിലാണ് വാഹനത്തിന്റെ ഹോണുകൾ വയ്ക്കേണ്ടത്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119 (1) പ്രകാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS 1884-1992 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. IS 1884-1992 പ്രകാരം മോപ്പെഡുകൾ, സ്കൂട്ടറുകൾ, മാഗ്നറ്റോ സിസ്റ്റം ഉള്ള മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്കായുള്ള ടൈപ്പ് 1 എ.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 85 മുതൽ 105 വരെ ഡെസിബെല്ലാണ്. സ്റ്റോറേജ് ബാറ്ററി ഉപയോഗിക്കുന്ന ഇരുചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കുമുള്ള ടൈപ്പ് 2 എ.ഡി.സി. ഹോണിന് നിഷ്കർഷിച്ചിട്ടുള്ളത് 90 മുതൽ 115 വരെ ഡെസിബെല്ലാണ്. ഡി.സി. സിസ്റ്റമുള്ള പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള ടൈപ്പ് 2 ബി ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത്

100 മുതൽ 125 വരെ ഡെസിബെല്ലാണ്. പാസഞ്ചർ കാറുകൾക്കും കൊമേഴ്സ്യൽ വാഹനങ്ങൾക്കുമുള്ള വിൻഡ് ടോൺ ടൈപ്പിലുള്ള ടൈപ്പ് 3 ഡി.സി. ഹോണുകൾക്ക് നിഷ്കർഷിച്ചിട്ടുള്ളത് 105 മുതൽ 125 ഡെസിബെല്ലാണ്. ഇതിലധികം ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഇളക്കി മാറ്റുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തിവരുന്നു. ഡെസിബെൽ മീറ്റർ എന്ന ഉപകരണമുപയോഗിച്ചാണ് ശബ്ദ തീവ്രത അളക്കുന്നത്. ഇത്തരം ഉയർന്ന ശബ്ദമുള്ള വാഹനങ്ങളും അവയിലെ ഹോണുകളും ജനങ്ങളുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുവെന്ന വിവിധ ആരോഗ്യ സാമൂഹിക മേഖലകളിലെ വിദഗ്ദരുടെ പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയിലെ നിഗമനങ്ങൾ പരിഗണനയർഹിക്കുന്നുണ്ട്.

(ബി) നിശ്ചിത അളവിലും ഉയർന്ന തോതിൽ ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളെ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുകയും വാഹനഉടമകളിൽ നിന്നും പിഴ ഈടാക്കുകയും വാഹനത്തിൽനിന്നും ഹോണുകൾ മാറ്റുകയും ചെയ്യാറുണ്ട്.

(സി) 2017 ഏപ്രിൽ 26-ാം തീയതി കേരള സംസ്ഥാനത്ത് "നോ ഹോൺ ഡേ" ആയി ആചരിക്കുകയുണ്ടായി. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു സംരംഭം. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സംരംഭം. വാഹനങ്ങളിലെ ഹോൺ ഉപയോഗത്തെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശ്യം. ഹോൺ ഉപയോഗിക്കുന്നതിൽ പല വിദേശ രാജ്യങ്ങളിലും പൊതുജനങ്ങൾ കാണിക്കുന്ന സാമാന്യ മര്യാദകൾ കേരളത്തിലും പരിചയപ്പെടുത്താനും അതിലേയ്ക്ക് ആകർഷിക്കാനുമായിട്ടാണ് ഈ നൂതന സംരംഭം വിഭാവന ചെയ്തിരുന്നത്. സമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു അവബോധം ജനിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് സർക്കാർ കരുതുന്നത്.

## 'വൈഗ-2016' ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ

8 (*426) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗ-2016 എന്ന പേരിൽ തിരുവനന്തപുരത്ത് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന അന്തർദേശീയ ശില്പശാലയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത ശില്പശാലയിൽ ഉരുത്തിരിഞ്ഞ് വന്നതെന്ന് അറിയിക്കുമോ;

(സി) അഗ്രി ബിസിനസ് സംരംഭങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പ്രസ്തുത ശില്പശാല മുന്നോട്ട് വച്ചതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനും വൈവിദ്ധ്യവൽക്കരണത്തിനുമുള്ള അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും അഗ്രി ബിസിനസ് മേഖലയിൽ യുവജനങ്ങളെ ആകർഷിച്ച് അവർക്ക് നല്ല വരുമാനം ഉറപ്പാക്കുന്നതിനും കാർഷിക വിപണന മേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനുമാണ് 'വൈഗ 2016' എന്ന പേരിൽ 2016 ഡിസംബർ 1 മുതൽ 5 വരെ തിരുവനന്തപുരത്തുവച്ച് അന്തർദേശീയ ശില്പശാല നടത്തിയത്. കാർഷിക രംഗത്തേയും സംരംഭക മേഖലയിലേയും വ്യക്തികളും ഗ്രൂപ്പുകളും കാർഷിക ശാസ്ത്രജ്ഞൻമാരും വിദഗ്ദ്ധരും ഒത്തുചേർന്ന ശില്പശാലയിൽ, കാർഷികോല്പന്ന, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, സാങ്കേതിക വിദ്യ, യന്ത്രസാമഗ്രികൾ എന്നിവയുടെ പ്രദർശനവും വില്പനയുമാണ് കൃഷി വകുപ്പ് സംഘടിപ്പിച്ചത്. ടി ശില്പശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

ഉദ്ദേശ്യലക്ഷ്യങ്ങൾ

1. സംരംഭകർക്ക്, മൂല്യവർദ്ധന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ആശയ വിനിമയം നടത്തുവാനും ഇവരിൽനിന്നും ലഭിക്കുന്ന സാങ്കേതികവിദ്യകൾ, സേവനങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാനും സംസ്ഥാന, കേന്ദ്ര സർക്കാരുകൾ മാർക്കറ്റിംഗ് മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവ മനസ്സിലാക്കുവാനും ഒരു വേദി ഒരുക്കുക.

2. കാർഷികോല്പാദനവും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ, കാർഷിക സർവ്വകലാശാല, ഗവേഷണ സ്ഥാപനങ്ങൾ, അഗ്രിബിസിനസ് സെന്റർ, സർക്കാരേതര സംഘടനകൾ മുതലായവരുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനം നിർദ്ദേശിക്കുക.

3. കാർഷിക മേഖലയിൽ നവ സംരംഭകരെ സൃഷ്ടിക്കുക.

4. കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകവഴി കൂടുതൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക.

5. കാർഷിക മേഖലയിൽ ധനാഗമനം വർദ്ധിപ്പിക്കുക.

6. തൊഴിൽ രഹിതരായ യുവജനങ്ങൾ, ഗൾഫ് രാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയവർ, എക്സ്സർവീസുകാർ, ഐ.റ്റി. പ്രൊഫഷണലുകൾ തുടങ്ങിയവരെ കൃഷിയിലേക്ക് ആകർഷിച്ച് നിലനിർത്തുക.

7. പ്രസ്തുത വർക്ക്ഷോപ്പിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ ക്രോഡീകരിച്ച് കാർഷികോല്പന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

കൂടാതെ കാർഷിക മേഖലയിൽ മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള സാധ്യതകൾ, സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ഘടകങ്ങൾ, മാർക്കറ്റിംഗ് എന്നിവ സംബന്ധിച്ച് അവബോധം ഉണ്ടാക്കുന്നതിനും മൂല്യവർദ്ധിത സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ടെക്നോളജി സപ്പോർട്ട്, മാർക്കറ്റിംഗ്, ക്രെഡിറ്റ് സപ്പോർട്ട്, പായ്ക്കിംഗ്, ഗുണനിലവാരം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യപ്പെടുന്നതിനും നിലവിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകർ, സാങ്കേതികവിദ്യ നൽകുന്ന ഏജൻസികൾ എന്നിവരുമായി കർഷകർക്ക് നേരിട്ട് സംവദിക്കുന്നതിനും സാധിച്ചു.

(ബി)

1. കാർഷിക മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജിയെക്കുറിച്ചും അവ വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാനതല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് മൂന്ന് ദിവസം മുതൽ മൂന്ന് മാസം വരെ നീണ്ടുനില്ക്കുന്ന വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കുക.

2. കൃഷി വകുപ്പ് നടപ്പിലാക്കുന്ന നിലവിലുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഭക്ഷ്യ സംസ്കരണ മൂല്യവർദ്ധന സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

3. സംരംഭകരെ പ്രോത്സാഹിപ്പിക്കുവാൻ വിവിധ ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുടെ സേവനങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക.

4. ജില്ലകളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകളിൽ പൊതു സഹായ കേന്ദ്രങ്ങൾ (കോമൺ ഫെസിലിറ്റി സെന്റർ) സ്ഥാപിക്കുക.

5. കാർഷിക വിളകളുടെയും ഉല്പന്നങ്ങളുടെയും ഉപോല്പന്നങ്ങളുടേയും മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്, ഫാർമർ കമ്പനീസ് എന്നിവ സംഘടിപ്പിക്കുക.

6. വിപണിമൂല്യം വർദ്ധിപ്പിക്കുന്ന തരത്തിൽ ആകർഷകമായ പാക്കിംഗ്, ബാർകോഡ്, ബ്രാൻഡിംഗ് എന്നീ സംവിധാനങ്ങൾ ഒരുക്കുക.

7. ഓരോ പഞ്ചായത്തിലും ഭക്ഷ്യസംസ്കരണ മൂല്യവർദ്ധനവിനെ അടിസ്ഥാനമാക്കി ഗ്രൂപ്പുകൾ സംഘടിപ്പിക്കുക.

8. എസ്.എഫ്.എ.സി, സമേതി, കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം എന്നിവ പുനഃക്രമീകരിച്ച് സംസ്ഥാനതലത്തിൽ അഗ്രിബിസിനസ് കമ്പനി രൂപീകരിക്കുക.

(സി)

1. ഭക്ഷ്യസംസ്കരണവും മൂല്യവർദ്ധനവും വിപണനവും സുഗമമാക്കുന്നതിന് സംസ്ഥാനതലത്തിൽ വെബ്പോർട്ടൽ വികസിപ്പിക്കുക.

2. സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി പ്രോജക്ട് ക്ലിനിക്കുകൾ സ്ഥാപിക്കുക, പ്രോജക്ട് റിപ്പോർട്ടുകൾ, വായ്പ എന്നിവ പുതിയ സംരംഭകർക്ക് പ്രസ്തുത ക്ലിനിക്കുകൾ വഴി ലഭ്യമാക്കുക.

3. ഗവേഷണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക.

4. പുതിയ സംരംഭകർക്ക് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസുകൾ, ആധുനിക ഉപകരണങ്ങൾ തുടങ്ങിയവ സമയബന്ധിതമായി വ്യവസായ വകുപ്പിൽ പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകൾവഴി ലഭ്യമാക്കുക.

5. ജില്ലാതലത്തിൽ അഗ്രിബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക നിലവിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിച്ച് കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കാൻ നവീന ആശയങ്ങളുമായി എത്തുന്ന സംരംഭകർക്ക് ആവശ്യമായ ടെക്നോളജി, പരിശീലനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കുക.

6. എല്ലാ വർഷവും കാർഷിക മേഖലയിൽ ചെറുകിട വ്യാവസായിക സംരംഭകരെ പുതിയതായി കണ്ടെത്തുന്നതിനായി ജില്ലാതലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

**ഗ്രാമസഭ വിളിക്കാനുള്ള നീതി ആയോഗിന്റെ നിർദ്ദേശം**

9(*427) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെഡറൽ തത്വങ്ങൾക്കുവിരുദ്ധമായി ഗ്രാമസഭ വിളിക്കാൻ നീതിആയോഗ് നേരിട്ട് നിർദ്ദേശം നൽകിയത് സംസ്ഥാന സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരത്തിന്മേലുള്ള കടന്നുകയറ്റമായതിനാൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് ആവശ്യപ്പെട്ടുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാർ നൽകേണ്ട ധനസഹായത്തിന് 14-ാം ധനക്കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള മുഖ്യവ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) നഗരസഭകൾ നൽകുന്ന സേവനത്തിനുള്ള ഫീസ് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശത്തോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാർ നേരിട്ട് ഇടപെടണമെന്ന നിർദ്ദേശത്തോടുമുള്ള പ്രതികരണം അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശസ്വയംഭരണ വകുപ്പ് അപ്രകാരം തീരുമാനമെടുത്തിട്ടില്ല.

(ബി) സംസ്ഥാനങ്ങളിൽ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ചെലവഴിക്കുക എന്നത് കൂടാതെ കുടിവെള്ള വിതരണം, മാലിന്യ സംസ്കരണം, ഡ്രെയിനേജ്, സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, റോഡുകളുടെ സംരക്ഷണം, ഫുട്പാത്തുകളുടെ സംരക്ഷണം, തെരുവ് വിളക്ക് പരിപാലനം, ശ്മശാനം എന്നീ മേഖലകൾക്കും 14-ാം ധനകാര്യ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

(സി) നഗരസഭകൾ നൽകുന്ന സേവനത്തിനുള്ള ഫീസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ നിലവിലില്ല. ഇക്കാര്യം സർക്കാർ നയപരമായി തീരുമാനിക്കേണ്ട വിഷയമാണ്.

### തുറമുഖങ്ങളുടെ വികസനത്തിന് പദ്ധതികൾ

10(*429) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) തുറമുഖങ്ങളുടെ നവീകരണത്തിൽ ഗതാഗതത്തിനും ചരക്ക് നീക്കത്തിനും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) തുറമുഖ നവീകരണത്തിനായി എത്ര തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചതെന്ന് അറിയിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) ചെറുകിട തുറമുഖങ്ങളാണ് സംസ്ഥാന തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം, ആലപ്പുഴ, കൊടുങ്ങല്ലൂർ, അഴീക്കൽ, പൊന്നാനി, ബേപ്പൂർ എന്നീ തുറമുഖങ്ങൾ തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ ചെലവിൽ കൊടുങ്ങല്ലൂർ തുറമുഖത്തെ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖം പി.പി.പി. മോഡലിലാണ് വികസിപ്പിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തുറമുഖ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ബി) ചരക്ക് നീക്കത്തിനും ഗതാഗതത്തിനും ചെറുകിട തുറമുഖങ്ങളെ എല്ലാ അടിസ്ഥാന സൗകരങ്ങളോടെയും വികസിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. കൂടാതെ തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുന്നതിനായി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചരക്ക് നീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വലിയ ചരക്കുകപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ടഗ്ഗുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

(സി) തുറമുഖ നവീകരണത്തിനായി 2017-18-ലെ ബഡ്ജറ്റിൽ ആകെ 11,786 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ദേശീയ ഉപജീവന ദൗത്യം

11 (*430) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഉപജീവന ദൗത്യത്തിന്റെ കീഴിൽ ഗ്രാമ നഗര പ്രദേശങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) സ്ഥായിയായ ഉപജീവനമാർഗ്ഗത്തിനും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനും ഈ പദ്ധതികൾ പ്രയോജനപ്രദമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) പദ്ധതി നിർവ്വഹണത്തിൽ സ്വയംസഹായ സംഘങ്ങളുടെ പങ്കും അവയുടെ രൂപീകരണം, ധനസ്രോതസ്സ് എന്നിവയും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) :

(എ) ദേശീയ ഉപജീവന ദൗത്യത്തിന്റെ കീഴിൽ നഗര പ്രദേശങ്ങളിൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയും ഗ്രാമ പ്രദേശങ്ങളിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഘടക പദ്ധതികളായി (1) കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തത്തോടെ സ്ത്രീ ശാക്തീകരണമെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കായി "മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)" പദ്ധതിയും (2) ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബത്തിൽപ്പെട്ട യുവതി-യുവാക്കൾക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്ന "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.)"-യും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. ദാരിദ്ര്യലഘൂകരണത്തിനും സ്ഥായിയായ ഉപജീവന മാർഗ്ഗത്തിനും സ്വയം തൊഴിൽ അല്ലെങ്കിൽ ആവശ്യമായ വൈദഗ്ദ്ധ്യ/നൈപുണ്യ പരിശീലനം നൽകി വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സഹായം ഈ പദ്ധതികളിലൂടെ ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്തെ 93 നഗരസഭകളിലും നടപ്പിലാക്കി വരുന്ന ദേശീയ നഗര ഉപജീവന മിഷന്റെ ഭാഗമായി താല്പര്യമുള്ള തൊഴിലന്വേഷകർക്ക്, ആവശ്യമായ പരിശീലനം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റും 70% പേർക്ക് ജോലിയും നൽകുന്നു. കൂടാതെ സ്വയംതൊഴിൽ ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുന്ന പരിശീലനവും നൽകിവരുന്നു. വ്യക്തിപരമായും ഗ്രൂപ്പായും സംരംഭങ്ങൾ തുടങ്ങുന്നവർക്ക് പലിശ നിരക്ക് കുറച്ച് വായ്പ തരപ്പെടുത്തി നൽകുന്നു. കൂടാതെ തെരുവ് കച്ചവടക്കാർക്ക് ആവശ്യമായ സംരക്ഷണം നൽകുന്നതിനും തെരുവോരത്ത് അന്തിയുറങ്ങുന്നവർക്ക് അഭയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ഉപജീവനവുമായി ബന്ധപ്പെട്ട് സംരംഭകർക്കുള്ള വിദഗ്ദ്ധ പരിശീലനവും സംരംഭ വികസനത്തിന് ആവശ്യമായ വായ്പകളുമാണ് പ്രധാനമായും നൽകുന്നത്. ഗ്രാമീണ മേഖലയിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ട യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതാണ് എൻ.ആർ.എൽ.എം. പദ്ധതിയുടെ കീഴിലുള്ള ഡി.ഡി.യു.ജി.കെ.വൈ. പദ്ധതിയിൽ പ്രധാനമായും നടപ്പിലാക്കുന്നത്. മറ്റൊരു ഉപഘടകമായ എം.കെ.എസ്.പി. കാർഷിക മേഖലയിൽ സ്ത്രീ പങ്കാളിത്തത്തിലൂടെ സ്ത്രീ ശാക്തീകരണം ലക്ഷ്യംവയ്ക്കുന്നു.

(സി) ദേശീയ ഉപജീവന പദ്ധതിയുടെ ഭാഗമായി നഗര ദരിദ്രരുടെ ഇടയിൽ അയൽക്കൂട്ടങ്ങൾ/സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുന്നു. അവർക്കാവശ്യമായ കാര്യശേഷി വികസനവും പരിശീലനവും ലഭ്യമാക്കുന്നതിന് അയൽക്കൂട്ടങ്ങൾക്കും അവയുടെ ഫെഡറേഷനുകൾക്കും നിർണ്ണായകമായ പങ്കുണ്ട്. നഗര/ഗ്രാമ ദരിദ്രരുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് അയൽക്കൂട്ടത്തിൽ ഉൾപ്പെടാത്ത വനിതകളുടെ എണ്ണം തിട്ടപ്പെടുത്തി സാധ്യതയുള്ള വാർഡുകളിൽ പുതിയ

അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നത് കുടുംബശ്രീ സി.ഡി.എസ്-കളാണ്. അയൽക്കൂട്ട രൂപീകരണത്തിനും അവയെ ശക്തിപ്പെടുത്തുന്നതിനും നഗര മേഖലയിൽ 24 മാസം തുടർ സഹായം ലഭ്യമാക്കുന്നതിനും കുടുംബശ്രീ സി.ഡി.എസ്.നെ റിസോഴ്സ് ഓർഗനൈസേഷനായി പരിഗണിച്ച് അയൽക്കൂട്ടം ഒന്നിന് 10,000 രൂപ വീതം നൽകുന്നുണ്ട്. അയൽക്കൂട്ടങ്ങൾ ടി തുക തങ്ങളുടെ ആന്തരിക വായ്പയിലേക്കുള്ള ധനസഹായമായി മുതൽക്കൂട്ടുന്നു. കൂടാതെ എ.ഡി.എസ്.ന് 50,000 രൂപ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവരുടെ ഉപജീവനത്തിന് ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിനും റിവോൾവിംഗ് ഫണ്ടായി നൽകുന്നുണ്ട്. ഈ പദ്ധതിയുടെ ധനസ്രോതസ്സ് കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ടുകളാണ്. 60% തുക കേന്ദ്രസർക്കാരും 40% തുക സംസ്ഥാന സർക്കാരും വകയിരുത്തുന്നു.

**പട്ടികഗോത്രവർഗ്ഗ മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

12 (*431) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വർഗ്ഗക്കാരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കുടുംബശ്രീ ഏതുതരത്തിൽ ഇടപെടുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വിവിധ വകുപ്പുകളുടെ സംയോജനം കുടുംബശ്രീ വഴി സാദ്ധ്യമാകുന്നുണ്ടോ;

(സി) ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ വൈദഗ്ധ്യം നേടുന്നതിനും പട്ടികഗോത്ര വർഗ്ഗക്കാരെ പ്രാപ്തരാക്കാൻവേണ്ട ഇടപെടലുകൾ കുടുംബശ്രീ നടത്തുന്നുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) ഊര് അദാലത്തുകൾ സംഘടിപ്പിക്കുന്നതിൽ കുടുംബശ്രീയ്ക്ക് നേതൃത്വപരമായ പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ടോ; അദാലത്ത് എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക അയൽക്കൂട്ടങ്ങൾ, കാർഷിക പ്രവർത്തന ഗ്രൂപ്പുകൾ, പഠനത്തിലെ കൊഴിഞ്ഞുപോക്കിന് പരിഹാരമായി ബ്രിഡ്ജ് കോഴ്സുകൾ, ബ്രിഡ്ജ് സ്കൂൾ, പ്രത്യേക ആശ്രയ പദ്ധതികൾ, പ്രൊഡ്യൂസർ ഗ്രൂപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ കുടുംബശ്രീയുടെ തനത് പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റേയും, ദീൻദയാൽ ഗ്രാമീണ ഉപാധ്യായ പദ്ധതിയുടെയും മുഴുവൻ പ്രവർത്തനങ്ങളും പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ധനസഹായവും കുടുംബശ്രീ പദ്ധതി വിഹിതവും എൻ.ആർ.എൽ.എം. ഫണ്ടും ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ പ്രധാനമായും സംഘടിപ്പിച്ചു വരുന്നത്. കൂടാതെ ജില്ലകളിൽ നിന്നും എക്സൈസ് വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, അക്ഷയ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവ കുടുംബശ്രീ മുഖാന്തരം താഴെത്തട്ടിലെത്തിക്കുന്നതിനും സഹായം ലഭ്യമാക്കുന്നുണ്ട്.

(സി) ഉണ്ട്. ഉപജീവന മേഖലയിൽ ജെ.എൽ.ജി. ഗ്രൂപ്പുകൾ, വനവിഭവ ശേഖരണം, പോത്തുകുട്ടി പരിപാലനം, ആട് വളർത്തൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നീ മേഖലകളിലാണ് ഇടപെടലുകൾ നടത്തിയിട്ടുള്ളത്. ഡി.ഡി.യു.ജി.കെ.വൈ. മുഖാന്തരം നൈപുണ്യ വികസന പദ്ധതിയുടെ ഭാഗമായി റീട്ടെയിൽ മാനേജ്മെന്റ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, കാന്റീൻ കാറ്ററിംഗ് ഫുഡ് & ബിവറേജ് സപ്ലൈ, ഡി.റ്റി.പി., ടാലി അക്കൗണ്ടിംഗ്, ഓഫീസ് ഓട്ടോമേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ 3 മാസം മുതൽ 6 മാസം വരെയുള്ള പരിശീലനങ്ങൾ നൽകുകയും നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT), സെക്ടർ സ്കിൽ സർട്ടിഫിക്കറ്റ് (SSC) തുടങ്ങിയ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പി.എസ്.സി. മത്സര പരീക്ഷകൾക്കുള്ള തയ്യാറെടുപ്പുകളും പരിശീലനങ്ങളും നടത്തിവരുന്നു.

(ഡി) ഉണ്ട്. സംഘടിപ്പിക്കപ്പെട്ട ഊര് അദാലത്തുകളുടെ തുടർച്ചയായി നടപ്പിലാക്കിയതും ഇടപെട്ടതുമായ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവ ജില്ലാതലങ്ങളിൽ വകുപ്പ് മേലധികാരികൾ മുഖാന്തരം വിലയിരുത്തിയിട്ടുള്ളതും, ഫലപ്രദമായിരുന്നുവെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. തുടർ പ്രവർത്തനങ്ങൾ അതത് വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

## 'വാപ്കോസ്'മുഖേന കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

13 (*432) ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസ് (WAPCOS) മുഖേന എന്തെല്ലാം പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവത്കരണത്തിനായി എന്തെല്ലാം സഹായങ്ങളാണ് വാപ്കോസ് നല്കുന്നതെന്ന് അറിയിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വട്ടവട, കാന്തല്ലൂർ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ, ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതി എന്നിവയുടെ സമഗ്രമായ വികസനത്തിന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസിന്റെ സഹായം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിശദമായ പഠനം നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുക. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് വിശദമായ സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കി ദർഘാസ് ക്ഷണിക്കുക, ടി പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുക, കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക എന്നീ സേവനങ്ങളാണ് വാപ്കോസിൽനിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച നടപടികൾ പ്രാരംഭദിശയിലാണ്.

(ബി) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവൽക്കരണത്തിനായി വാപ്കോസ് ചുവടെ ചേർക്കുന്ന സേവനങ്ങൾ ലഭ്യമാക്കാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്:

1. ജലവിഭവശേഷി പഠനം
2. ജലസേചന പദ്ധതികളുടെ വികസനം
3. മണ്ണ് ജല സംരക്ഷണം

4. ഫാമുകളിൽ യന്ത്രവൽക്കരണം

5. നൂതന കാർഷിക പ്രവർത്തനങ്ങൾ

6. ഫുഡ് പ്രോസ്സസിംഗ്, മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനം

7. കർഷകർക്കും ഫാം ഓഫീസർമാർക്കും തൊഴിലാളികൾക്കുമുള്ള പരിശീലന പരിപാടി, സെമിനാർ, ശില്പശാല, കൃഷിസ്ഥലം സന്ദർശിക്കൽ എന്നിവ സംഘടിപ്പിക്കുക.

**കാർഷികമേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കാൻ പദ്ധതി**

14(*433) ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആരുടെയെല്ലാം സേവനങ്ങളാണ് പദ്ധതിയുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ആധുനിക കൃഷിരീതികൾ, യന്ത്രവൽക്കരണം എന്നിവ അവലംബിച്ചും കൂടുതൽ വരുമാനം ഉറപ്പാക്കിയും പുതുതലമുറയെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ഹൈ-ടെക് അഗ്രിക്കൾച്ചർ:- പോളിഹൗസ് സ്ഥാപിച്ച് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, മൈക്രോ ജലസേചന പദ്ധതികൾ എന്നിവയിലൂടെ കുറഞ്ഞ സ്ഥലത്തുനിന്നും ലഭ്യമായ വിഭവങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ പരമാവധി ഉൽപ്പാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാക്കുന്നു.

2. പച്ചക്കറി കൃഷി വികസന പദ്ധതി:- മഴമറകൾ, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു.

വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയ്ക്ക് കാർഷിക മേഖലയെ പരിചയപ്പെടുത്തുന്നതിനും, ആകർഷിക്കുന്നതിനും കഴിയുന്നു. എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറിവിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പാണ്.

3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും:- ഇവയിലൂടെ പരിശീലനം ലഭിച്ച യുവകർഷകതൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകുന്നതിനും സേവനം ലഭ്യമാക്കി കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനുമായി യുവതലമുറ താൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

(ബി) ഹൈ-ടെക് അഗ്രിക്കൾച്ചർ പദ്ധതിയിലെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുന്നതിന് ഈ മേഖലയിലെ പ്രാവീണ്യമുള്ള സർക്കാർ/പൊതുമേഖല/ സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

പച്ചക്കറികൃഷി വികസന പദ്ധതിയിൽ ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സഹായം കർഷകർക്ക് സ്വീകരിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ പച്ചക്കറി വിത്തുകൾ പ്രധാനമായും കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി എന്നിവ മുഖേനയാണ് കർഷകർക്ക് ലഭ്യമാക്കിവരുന്നത്.

അഗ്രോ സർവ്വീസ് സെന്ററുകൾക്കും കാർഷിക കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റെയ്ഡ്കോ) എന്നീ സ്ഥാപനങ്ങളാണ് വിതരണം ചെയ്യുന്നത്.

ഇതോടൊപ്പം കർഷകർക്ക് ആവശ്യമായ ആധുനിക സാങ്കേതികവിദ്യയും അറിവും പരിശീലനവും നൽകുന്നതിന് കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലുള്ള പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ, കൃഷി ഭവൻ ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. പദ്ധതികൾ സുതാര്യമായും ജനകീയമായും നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും പദ്ധതി നിർവ്വഹണത്തിൽ ഉറപ്പുവരുത്തുന്നുണ്ട്.

## നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ ചുമതലകൾ

15(*434) ശ്രീ. എം. നൗഷാദ് :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗം ജീവനക്കാർ ഹോട്ടലുകൾ, തട്ടുകടകൾ, ബേക്കറികൾ എന്നിവിടങ്ങളിൽ പരിശോധന നടത്താറുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇത്തരം ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി(ഡോ. കെ. ടി. ജലീൽ):

(എ) നഗരസഭകളിലെ ആരോഗ്യവിഭാഗം ജീവനക്കാരുടെ ചുമതലകൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ഉണ്ട്. പരിശോധന നടത്തിയത് സംബന്ധിച്ച റിപ്പോർട്ട് അനുബന്ധം II ആയി ചേർക്കുന്നു.*

(സി) പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ കാര്യക്ഷമമായാണ് നടക്കുന്നത്. കാര്യക്ഷമത നിലനിർത്താനും മെച്ചപ്പെടുത്താനും ലക്ഷ്യമിട്ട് സർക്കാർ ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സ്ഥിരമായി വിലയിരുത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാലാകാലങ്ങളിൽ സർക്കാർ നഗരസഭ/കോർപ്പറേഷനുകളിലെ കണ്ടിൻജന്റ് വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവാകുകയും നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ പരിഷ്കരിച്ച് നൽകുകയും ചെയ്തുവരുന്നു. ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം അടിസ്ഥാന ശമ്പളത്തോടൊപ്പം പുതുക്കിയ നിരക്കിൽ ക്ഷാമബത്ത അനുവദിച്ചു വരുന്നു. ഇതിനു പുറമേ വാടകവീട് അലവൻസ്, സിറ്റി കോമ്പൻസേറ്ററി അലവൻസ്, സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ്, ഹിൽട്രാക്ക് അലവൻസ്, വാഷിംഗ് അലവൻസ്, ചൂൽ അലവൻസ്, തയ്യൽക്കൂലി, യൂണിഫോം അലവൻസ്, മെഡിക്കൽ അലവൻസ്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, ആർജ്ജിത അവധി സറണ്ടർ, അർദ്ധ വേതനാവധി, മെഡിക്കൽ ചെക്കപ്പ്, ഭവന നിർമ്മാണ വായ്പ, വാഹനവായ്പ, ബാധ്യത എഴുതിത്തള്ളൽ, വിദ്യാഭ്യാസ ആനുകൂല്യം, കണ്ണട അലവൻസ്, മെറ്റേർണിറ്റി ലീവ്, സ്പെഷ്യൽ ഡിസെബിലിറ്റി ലീവ്, പെറ്റേണിറ്റി ലീവ് തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു. കൂടാതെ ജോലി സുരക്ഷിതത്വത്തിനാവശ്യമായ മറ്റ് സാമഗ്രികളും നഗരസഭകളിൽനിന്നും കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് അനുവദിച്ചുവരുന്നു. നഗരസഭകളിലെ ശുചീകരണ വിഭാഗം തൊഴിലാളികളുടെ കുറവുള്ളപക്ഷം കൗൺസിൽ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളെ നിയമിക്കാറുണ്ട്. കൂടാതെ അതത് നഗരസഭാ കൗൺസിലുകൾ കണ്ടിൻജന്റ് വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിനായി തീരുമാനമെടുക്കുകയും, കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ നഗരസഭാ കൗൺസിലുകളുടെ ആവശ്യം പരിശോധിച്ച് ആവശ്യമായ എണ്ണം അനുസരിച്ച് കണ്ടിൻജന്റ് വിഭാഗം തസ്തികകൾ അനുവദിച്ച് ഉത്തരവാകുകയുമാണ് ചെയ്യുന്നത്.

## മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ്

16 (*435) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ് അപകടസാധ്യത എത്രത്തോളം വർദ്ധിപ്പിക്കും എന്നതു സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതു സംബന്ധിച്ച് മറ്റേതെങ്കിലും ഏജൻസി പഠനം നടത്തിയതിന്റെ വിവരങ്ങൾ വകുപ്പിന് അറിവുണ്ടോ; വിശദമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ കാര്യത്തിൽ മദ്യപാനത്തിന് പങ്കുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ മദ്യപാനംമൂലമുണ്ടാകുന്ന അപകടങ്ങളുടെ കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതേവരെ അത്തരമൊരു വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ, ആയത് നടത്തുമ്പോൾ അപകടത്തോടും അതുമൂലമുള്ള നാശനഷ്ടക്കണക്കുംകൂടി രേഖപ്പെടുത്താൻ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി(ശ്രീ. തോമസ് ചാണ്ടി):

(എ) മദ്യപിച്ചുകൊണ്ടുള്ള വാഹന ഡ്രൈവിംഗ് അപകടസാധ്യത വർദ്ധിപ്പിക്കുമെന്നത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പ് പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. ഇത് സംബന്ധമായി മറ്റേതെങ്കിലും ഏജൻസി നടത്തിയ പഠനത്തിന്റെ വിവരങ്ങൾ വകുപ്പിൽ ലഭ്യമല്ല. മദ്യം ഡ്രൈവറുടെ ശാരീരികവും മാനസികവുമായ പ്രതികരണശേഷിയെ ബാധിക്കുമെന്നതിനാൽ മദ്യപിച്ചുള്ള വാഹനമോടിക്കൽ, ഓടിക്കുന്നയാൾക്കും മറ്റ് റോഡുപയോഗിക്കുന്നവർക്കും വളരെ അപകടകരമായ അവസ്ഥ സൃഷ്ടിക്കുമെന്നത് ഇതിനകംതന്നെ ശാസ്ത്രീയ പഠനങ്ങളിൽ നിന്നും വെളിപ്പെട്ടിട്ടുള്ളതാണ്.

(ബി & സി) 2015-നെ അപേക്ഷിച്ച് 2016-ൽ വാഹനാപകടങ്ങളുടെ എണ്ണത്തിലും തൻമൂലമുള്ള മരണങ്ങളിലും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും മദ്യപിച്ച കൊണ്ടുള്ള വാഹനമോടിക്കൽ അപകടത്തിന് കാരണമാകുന്ന കേസുകളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

| വർഷം | അപകടങ്ങൾ | മരണപ്പെട്ടവർ | മദ്യപിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ കാരണമുണ്ടായ അപകടങ്ങൾ |
|---|---|---|---|
| 2015 | 39014 | 4196 | 27 |
| 2016 | 39420 | 4287 | 16 |

2017-ലെ ആദ്യത്തെ മൂന്ന് മാസങ്ങളിൽ തലേവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് റോഡപകടങ്ങളുടെ എണ്ണത്തിലും മരണപ്പെട്ടവരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. 2017 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 9766 വാഹനാപകടങ്ങൾ ഉണ്ടായതിൽ 3 എണ്ണം മദ്യപിച്ച കൊണ്ടുള്ള വാഹനമോടിക്കൽമൂലമുണ്ടായതായി പ്രസ്തുത കണക്കുകൾ വ്യക്തമാക്കുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും പിഴ ഈടാക്കുകയും സസ്പെന്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. വാഹന പരിശോധന വേളകളിൽ മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി മോട്ടോർ

വാഹന വകുപ്പ് ആൽക്കോമീറ്ററുകൾ ഉപയോഗിച്ചുള്ള പരിശോധനകൾ നടത്തിവരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിച്ചതിന് 2016-ൽ മാത്രം 4380 പേർക്കെതിരെ നിയമ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നത് തടയാനായി ഡ്രൈവർമാർക്ക് അവബോധം നൽകുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ വകുപ്പ് മുൻകയ്യെടുത്ത് നടത്തിവരുന്നുണ്ട്. മദ്യപിച്ചുകൊണ്ടുള്ള വാഹനമോടിക്കൽ വാഹനാപകടങ്ങളുടെ കാരണങ്ങളിലൊന്നായി കണക്കാക്കുന്നുണ്ട്. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ ഇത്തരത്തിലുള്ള കണക്ക് ശേഖരിക്കാറുണ്ട്. 2015-ൽ 0.069 ആണ് മദ്യപാനംമൂലമുള്ള വാഹനാപകട ങ്ങളെങ്കിൽ 2016-ൽ അത് 0.04 ശതമാനമായി കുറഞ്ഞു. 2017 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് 0.03 ശതമാനമാണ് മദ്യപാനംമൂലമുള്ള വാഹനാപകടങ്ങൾ. നാശനഷ്ടക്കണക്കുകൂടി രേഖപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ച് നൽകുന്നതാണ്.

**സാഗർമാല പദ്ധതി**

17 (*436) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പ്രവൃത്തികളാണ് കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി കേന്ദ്രത്തിന് സമർപ്പിക്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവ എന്നത്തേക്ക് സമർപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) 496 കോടി രൂപ ചെലവിൽ അഴീക്കൽ തുറമുഖ വികസനം, 18.50 കോടി രൂപ ചെലവിൽ കൊല്ലം തുറമുഖത്ത് ഒരു പാസഞ്ചർ ടെർമിനലിന്റെ (മൾട്ടി പർപ്പസ് ബർത്ത്) നിർമ്മാണം എന്നീ പ്രൊപ്പോസലുകൾ സാഗർമാലയിൽ

ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, തീരദേശത്തെ ജനവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കോസ്റ്റൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തിനോടടുത്ത് കിടക്കുന്ന 20 വാർഡുകളെ ഉൾപ്പെടുത്തി തയ്യാറാക്കിയ ശിപാർശയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) ബേപ്പൂർ തുറമുഖത്ത് വാർഫിന്റെ നിർമ്മാണം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം, അഴീക്കൽ, വിഴിഞ്ഞം, പൊന്നാനി തുറമുഖങ്ങളിലേക്കുള്ള റെയിൽ കണക്ടിവിറ്റി എന്നീ പ്രൊപ്പോസലുകൾ സാഗർമാലയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ പദ്ധതി

18 (*437) ശ്രീ. ഡി. കെ. മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ തകർച്ച നേരിടുന്ന കാർഷികമേഖലയ്ക്ക് ഉണർവ് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച നേരിടാനായി ഏതുവിധത്തിലുള്ള ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പ്രധാന വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കൽ, കൃഷിവ്യാപനം, ജൈവകൃഷി, കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം, യന്ത്രവൽക്കരണം, ഉല്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധനവ്, കർഷക ക്ഷേമം എന്നിവ ലക്ഷ്യംവച്ച്

വിവിധ സംസ്ഥാന/കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഓരോ വിളയ്ക്കും അനുയോജ്യമായ പ്രത്യേക കാർഷിക മേഖലകൾ കണ്ടെത്തി അവിടെ വിത്തുമുതൽ വിപണി വരെയുള്ള എല്ലാ സൗകര്യങ്ങളും സജ്ജമാക്കി പ്രസ്തുത വിള ശാസ്ത്രീയമായി കൃഷി ചെയ്ത് പരമാവധി ഉല്പാദനം കൈവരിക്കാനും മെച്ചപ്പെട്ട വിപണന സംവിധാനം നടപ്പിലാക്കി കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കാനും ലക്ഷ്യമിടുന്നു. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നെൽകൃഷി വികസന പദ്ധതി
2. പച്ചക്കറി വികസന പദ്ധതി
3. നാളീകേര വികസന പദ്ധതി
4. വിള ആരോഗ്യപരിപാലന പദ്ധതി
5. ഹൈ-ടെക് കൃഷി പദ്ധതി
6. ജൈവകൃഷി വികസന പദ്ധതി
7. വയനാട് പാക്കേജ് പദ്ധതി
8. അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ
9. കാർഷിക വിജ്ഞാന വ്യാപന പദ്ധതി
10. കാർഷിക വിപണികളുടെ വികസനം, വിപണിയിലിടപെടൽ, മൂല്യവർദ്ധനവ്
11. പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി
12. പ്രത്യേക കാർഷിക മേഖല സ്ഥാപിക്കൽ.

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില (കിലോയ്ക്ക് 14.70 രൂപ) കേരളത്തിലെ ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായതിനാൽ സംസ്ഥാന സർക്കാർ ഉയർന്ന വിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 22.50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സംഭരിച്ച നെല്ലിന്റെ വില സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും കർഷകർക്ക് നേരിട്ട് നൽകിവരുന്നു.

നാളീകേരത്തിന് ന്യായവില ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കേരഫെഡിന്റെ സഹകരണത്തോടെ കൃഷി ഭവനുകൾ മുഖേന കർഷകരിൽ നിന്നും നേരിട്ട് പച്ചനാളികേരം സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഒരു കിലോ നാളികേരത്തിന് 25 രൂപ നിരക്കിലാണ് സംഭരണം നടത്തിയിരുന്നത്. പച്ചത്തേങ്ങ സംഭരണത്തിനും കൊപ്രയാക്കി മാറ്റുന്നതിനും സൗകര്യങ്ങളുള്ള സഹകരണ സംഘങ്ങളെയും കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികളെയും പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും (കിലോയ്ക്ക് 150 രൂപ) റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു. പദ്ധതിവഴി 748.5 കോടി രൂപ 334270 കർഷകർക്കായി 2809775 ബില്ലുകളിലായി സബ്സിഡിയായി ഇതേവരെ നൽകിയിട്ടുണ്ട്.

സംസ്ഥാന കൃഷി വകുപ്പിന്റെകീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് ടി വിപണികളിൽ എത്തിച്ച് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായവില ലഭിക്കുന്നതിന് അവസരമുണ്ടാക്കുന്നു. ഉല്പന്നങ്ങൾ എത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകിവരുന്നു. ലേലത്തിന് മുന്നോടിയായി ഉല്പന്നങ്ങൾ തരംതിരിച്ച് ഗ്രേഡ് ചെയ്യുകയും അടിസ്ഥാനവില നിശ്ചയിക്കുകയും ചെയ്യുന്നതുമുഖേന ന്യായവില ഉറപ്പാക്കുന്നു.

ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾവഴി വില്പന നടത്തുകയും ചെയ്തുവരുന്നു.

കർഷകരിൽ നിന്നുള്ള പച്ചക്കറി ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു.

(സി) കാർഷികോല്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. നെൽകൃഷി വികസനം.

2. പച്ചക്കറി കൃഷി വികസനം.

3. നാളീകേര വികസന പദ്ധതി.

4. വിള ആരോഗ്യ പരിപാലനം.

5. സുഗന്ധവ്യഞ്ജന വിളകളുടെ വികസനം.

6. ഹൈ-ടെക് അഗ്രിക്കൾച്ചർ.

7. മണ്ണിന്റെയും സസ്യവേരുകളുടെയും ആരോഗ്യ പരിപാലനവും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കലും.

8. കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ്.

**കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന പ്രവർത്തനം**

19 (*438) ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികരംഗത്തെ ഉല്പാദനക്ഷമത വർദ്ധനവിന് കാർഷിക സർവ്വകലാശാലയും അനുബന്ധ സ്ഥാപനങ്ങളും ഏതുവിധത്തിലുള്ള ഇടപെടൽ നടത്തുന്നുവെന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച വിജ്ഞാന വ്യാപന പ്രവർത്തനം ഫലപ്രദമാണോ;

(ബി) ഈ സ്ഥാപനങ്ങളുടെ ഇടപെടൽ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ പര്യാപ്തമായതാണോ;

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും മൂലധനത്തിന്റെയും ഉല്പാദനോപാധികളുടെയും ലഭ്യത എളുപ്പമാക്കി കൃഷി മാന്യമായ ജീവനോപാധിയാക്കി മാറ്റുന്നതിനും പദ്ധതികളുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കാർഷികരംഗത്തെ ഉൽപ്പാദനക്ഷമത വർദ്ധനവും അതിലൂടെ കർഷകരുടെ സാമ്പത്തിക ഉന്നമനവും ലക്ഷ്യമിട്ട് കേരള കാർഷിക സർവ്വകലാശാല താഴെപ്പറയുന്ന വിവിധങ്ങളായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. ഗവേഷണ ഫലങ്ങൾ കർഷകരിലും വിജ്ഞാന വ്യാപന പ്രവർത്തകരിലും എത്തിക്കുന്നതിനായി കല്പധേനു, വിള പരിപാലന ശിപാർശകൾ എന്നീ പ്രസിദ്ധീകരണങ്ങളും കൂടാതെ പ്രധാന കൃഷി വിളകളിലും കീടരോഗ നിയന്ത്രണങ്ങളിലും, മറ്റു കാലികപ്രാധാന്യമുള്ള വിഷയങ്ങളിലുമായി 53 പ്രസിദ്ധീകരണങ്ങളും കേരള കാർഷിക സർവ്വകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. കർഷകരുടെയും കാർഷിക സംരംഭകരുടെയും വിജ്ഞാന വ്യാപന പ്രവർത്തകരുടെയും ആവശ്യങ്ങൾ മുൻനിർത്തി വിവിധ കാർഷിക കേന്ദ്രങ്ങളിലായി പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കാർഷിക രംഗത്തെ തൊഴിലാളികളുടെ അഭാവംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കാർഷിക യന്ത്രവത്കരണവുമായി ബന്ധപ്പെട്ട് സർവ്വകലാശാല വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. നൂതന ഗവേഷണ ഫലങ്ങളുടെ പ്രാദേശിക പൊരുത്തം നിജപ്പെടുത്തുന്നതിന് സഹായകരമായ കർഷകയിട പരീക്ഷണങ്ങൾ കേരളത്തിലെ 14 ജില്ലകളിലേയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ (കെ.വി.കെ.) വഴി നടപ്പിലാക്കുന്നതിന് കാർഷിക സർവ്വകലാശാല നേതൃത്വം നൽകിവരുന്നു. ഏറ്റവും പുതിയ ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിന് സഹായകരമായ കർഷകയിട പരീക്ഷണങ്ങളിൽ വിജയിക്കുന്ന ഗവേഷണ ഫലങ്ങളുടെ മുൻനിര പ്രദർശനങ്ങളും കെ.വി.കെ കളിലൂടെ നടത്തി വരുന്നു.

4. ദേശീയവും പ്രാദേശികവുമായ കാർഷിക പ്രദർശനങ്ങളിലും, കാർഷിക സെമിനാറുകളിലും, ശില്പശാലകളിലും സർവ്വകലാശാല പങ്കെടുക്കുന്നുണ്ട്. കാർഷിക ഗവേഷണ രംഗത്തെ മുന്നേറ്റങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പ്രദർശനങ്ങളോടനുബന്ധിച്ച് അഗ്രോ ക്ലിനിക്കുകളും, മറ്റ് കാർഷിക ഉപദേശക സംവിധാനങ്ങളും സർവ്വകലാശാല നടപ്പിലാക്കുന്നത് കർഷകർക്ക് ഏറെ പ്രയോജനകരമാണ്.

5. ഗുണമേന്മയുള്ള പുതിയ വിത്തും നടീൽ വസ്തുക്കളും കർഷകർക്ക് ലഭ്യമാക്കുന്നതിന് മണ്ണുത്തിയിൽ അഗ്രി:ടെക്നോളജി ഇൻഫർമേഷൻ സെന്റർ (ആറ്റിക്) എന്ന പേരിൽ ഒരു ഏകജാലക സംവിധാനവും മറ്റ് പ്രാദേശിക കേന്ദ്രങ്ങളിൽ സർവ്വകലാശാലയുടെ വില്പന കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ ഓരോ പ്രദേശത്തെയും മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച തരത്തിലുള്ള വിളകളുടെ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും അവയുടെ കൃഷിരീതി ചിട്ടപ്പെടുത്തുകയും ചെയ്യുന്നതുവഴി കാർഷിക രംഗത്തെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

6. ഹൈടെക് കൃഷി സമ്പ്രദായത്തിന് യോജിച്ച പോളീഹൗസുകളുടെ ഘടനയും പ്ലാനും ചിട്ടപ്പെടുത്തുകയും കേരളത്തിൽ ഉടനീളം ഗാർഹിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർവ്വകലാശാലയും കെ.വി.കെ. തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്നു. കൂടാതെ കൃഷിക്കാർ കൃഷിയിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ പെട്ടെന്നുതന്നെ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്ന 'കർഷക സാന്ത്വനം' പദ്ധതി നടപ്പിലാക്കിയതുവഴി കർഷകരുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

7. അത്യുൽപ്പാദനശേഷിയുള്ള പുതിയ ഇനങ്ങളും, ഗുണമേന്മയുള്ള വിത്ത്, ചെടികൾ എന്നിവയും ജീവാണു മരുന്നുകൾ, വളക്കൂട്ടുകൾ എന്നിവയും ഉൽപ്പാദിപ്പിക്കുകയും അവ സർവ്വകലാശാലയുടെ 39 യൂണിറ്റുകളിലൂടെ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നതിലൂടെ കാർഷിക വിളകളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

8. കാർഷികരംഗത്ത് തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനും, യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു കാർഷിക കർമ്മസേന രൂപീകരിക്കുകയും അവയുടെ പ്രവർത്തനം വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ടെക്നോളജി ഹബ്ബ് എന്ന പേരിൽ സംരംഭകർക്കാവശ്യമായ കാർഷിക സാങ്കേതികവിദ്യ ലഭ്യമാക്കുന്ന കേന്ദ്രം മണ്ണുത്തിയിൽ പ്രവർത്തിക്കുന്നു. ഇന്റർനാഷണൽ ക്രോപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദ സെമി ആരിസ്ട്രോപ്പിക്സ് (ICRISAT)-മായി ബന്ധപ്പെട്ട് ഇതിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. അതുപോലെ സർവ്വകലാശാല സാങ്കേതികവിദ്യകൾ പ്രദർശിപ്പിക്കുന്ന ഒരു സെൻട്രൽ ടെക്നോളജി മ്യൂസിയവും തുറന്നിട്ടുണ്ട്. ഇത് വിദ്യാർത്ഥികളെയും യുവാക്കളേയും കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിന് ഉപയുക്തമാണ്. മണ്ണുത്തിയിൽ പ്രവർത്തനസജ്ജമാകുന്ന കിസാൻ എക്കോ പാർക്കും പുതുതലമുറയ്ക്ക് കാർഷികവും പ്രകൃതി പാഠങ്ങളും പ്രദാനം ചെയ്യുന്നതാണ്.

(സി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതിക്ക് 2017-18 സാമ്പത്തിക വർഷത്തിൽ 2,700.00 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ്

കൺസോർഷ്യം മുഖേന കർഷകരുടേയും മറ്റ് ചെറുകിട സംരംഭകരുടേയും ഗ്രൂപ്പുകൾക്ക് കാർഷികോല്പന്ന സംസ്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നല്കാവുന്നതാണ്. കൂടാതെ ഗവേഷണ കേന്ദ്രങ്ങൾക്ക് കാർഷികോല്പന്ന സംസ്കരണ മൂല്യവർദ്ധനവ് മേഖലയിലെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിനും ഈ വിഷയവുമായി ബന്ധപ്പെട്ട ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ധനസഹായം പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നതാണ്.

ഉല്പാദനോപാധികൾ പ്രധാനമായും നടീൽവസ്തുക്കൾ, ജൈവ/രാസവളങ്ങൾ, കീടനാശിനികൾ, മണ്ണിലെ അമ്ലത്വം കുറയ്ക്കുന്നതിനുള്ള കുമ്മായ വസ്തുക്കൾ എന്നിവയാണ്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷി വകുപ്പിന് കീഴിലുള്ള 64 ഫാമുകൾ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി എന്നിവ മുഖേനയും ലഭ്യമാകും. ഇവ പലപ്പോഴും കൃഷി ഭവൻ മുഖേന കർഷകർക്ക് ലഭ്യമാക്കാറുണ്ട്. കൂടാതെ തിരുവനന്തപുരത്ത് കഴക്കൂട്ടത്തുള്ള ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ മുഖേന ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ നടീൽ വസ്തുക്കളും ന്യായമായ വിലയിൽ ലഭ്യമാക്കുന്നുണ്ട്. മറ്റ് ഉല്പാദനോപാധികൾ ഓരോ കൃഷിഭവന്റേയും പരിധിയിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സഹകരണ/സ്വകാര്യ ഏജൻസികൾ മുഖേന ലഭ്യമാണ്.

സംസ്ഥാന പദ്ധതിയിൽ നടപ്പിലാക്കുന്ന അഗ്രോ സ്റ്റാർട്ട് പദ്ധതി, വിവരസാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി സംരംഭക വികസനത്തെ ലക്ഷ്യമാക്കിയുള്ളതാണ്. സംസ്ഥാനത്ത് മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾക്കു വേണ്ടി കൃഷി വകുപ്പിന്റെ ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി ചെറുകിട ഇടത്തരം അഗ്രോപാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം**

20(*439) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിന് അനിവാര്യമായ എന്തെല്ലാം തുറമുഖ ബാഹ്യ അടിസ്ഥാന സൗകര്യ വികസനമാണ് ആവശ്യമാകുന്നതെന്നും അതിനായി സർക്കാർ നടത്തേണ്ട പ്രവർത്തനങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) തുറമുഖ പദ്ധതിക്ക് ആവശ്യമായ സ്ഥലം യഥാസമയം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ കൺസഷണർക്ക് സർക്കാർ നഷ്ടപരിഹാരം നൽകേണ്ട വ്യവസ്ഥയുണ്ടോ;

(സി) പദ്ധതിയുടെ സമയരേഖ പ്രകാരം തന്നെ കൺസഷണർ പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടോയെന്ന് പറയാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) വിഴിഞ്ഞം തുറമുഖത്തെ ദേശീയപാത 66-മായി ബന്ധിപ്പിക്കുന്ന നാലുവരി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സ്വകാര്യ പങ്കാളിക്കാണ്. ഇതിലേയ്ക്കാവശ്യമായ ഭൂമിയേറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം - നാഗർകോവിൽ റെയിൽപ്പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി. മീ. നീളമുള്ള റെയിൽപ്പാതയുടെ നിർമ്മാണത്തിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL)-മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. അർ.വി.എൻ.എൽ., പദ്ധതിക്കായുള്ള വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കി റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്.

തുറമുഖ ആവശ്യത്തിനായുള്ള 11 കെ.വി.യുടെ രണ്ട് വൈദ്യുതി കേബിളുകൾ പൂവാർ 33 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ പ്രവർത്തനത്തിനാവശ്യത്തിനുള്ള 220 കെ.വി. വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് 3.3 എം.എൽ.ഡി. ശേഷിയുള്ള ജല ശുദ്ധീകരണ പ്ലാന്റ് പ്രവർത്തനമാരംഭിച്ച് പ്രദേശവാസികൾക്ക് ജല വിതരണം നടത്തിവരുന്നുണ്ട്.

(ബി) പദ്ധതിക്കാവശ്യമായ സ്ഥലം യഥാസമയം ഏറ്റെടുത്ത് നൽകിയില്ലെങ്കിൽ ചതുരശ്ര മീറ്ററിന് ദിനംപ്രതി 2 രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകണമെന്ന വ്യവസ്ഥയുണ്ട്.

(സി) പദ്ധതിയുടെ സമയരേഖ പ്രകാരംതന്നെ കൺസഷണർ പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

## ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതി

21(*440) ശ്രീ. മുഹമ്മദ് മുഹസിൻ. പി. :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ് എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) ജലസുഭിക്ഷ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ എത്ര ഗ്രാമപഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി(ഡോ. കെ. ടി. ജലീൽ):

(എ) മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നുണ്ട്.

(ബി) കേരളം നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത വരൾച്ചയ്ക്കും ജലക്ഷാമത്തിനും പരിഹാരം കാണുന്നതിനായി, ലഭ്യമാകുന്ന മഴയുടെ നല്ലൊരുഭാഗം കിണറുകളിലേക്ക് എത്തിച്ച് കിണറുകൾ റീ ചാർജ്ജ് ചെയ്യുക എന്നതാണ് ജല സുഭിക്ഷ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 142 ഗ്രാമ പഞ്ചായത്തുകളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ കിണറുകളുടെ വിവരം സർവ്വേയിലൂടെ ശേഖരിച്ച്, വറ്റുന്നതോ, ജലത്തിന്റെ അവസ്ഥ വിവിധ കാരണങ്ങളാൽ അപകടകരമാംവിധം മോശമാകുകയോ ചെയ്യുന്നതിനാൽ അടിയന്തര ഇടപെടൽ ആവശ്യമായതോ ആയ കിണറുകൾ കണ്ടെത്തി അവ റീചാർജ്ജ് ചെയ്യുകയാണ് ലക്ഷ്യമാക്കുന്നത്.

(സി) ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ 142 ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. രണ്ടാംഘട്ടത്തിൽ ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന 100 ഗ്രാമപഞ്ചായത്തുകളിൽക്കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## ഹൈടെക് കൃഷിരീതി വ്യാപിപ്പിക്കുവാൻ പദ്ധതി

22(*441) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികവിദ്യാധിഷ്ഠിതമായ ഹൈടെക് കൃഷിരീതി വ്യാപിപ്പിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം കൃഷിരീതിയുടെ സാധ്യതകളും പരിമിതികളും എന്തെല്ലാമാണ്; ഉയർന്ന മൂലധന ആവശ്യകത നിറവേറ്റാനായി എന്തെല്ലാം വായ്പകളും സഹായങ്ങളും ലഭ്യമാണ്;

(സി) കാർഷിക വിളകളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി ലാഭസാധ്യത വർദ്ധിപ്പിക്കാനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. ഹൈടെക് കൃഷിരീതികൾ പ്രോൽസാഹിപ്പിക്കുന്നതിനായി പോളീഹൗസ് സ്ഥാപിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ഹൈടെക് ഫാമിംഗ്, പച്ചക്കറി കൃഷി വികസന പദ്ധതി, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്നീ മൂന്ന് പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

1. ഹൈടെക് ഫാമിംഗ്

ഈ പദ്ധതിപ്രകാരം 400 മുതൽ 4000 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ചെലവായ ച.മീറ്ററിന് 935 രൂപയുടെ 75% തുകയായ 701.25 രൂപ കർഷകർക്ക് ധനസഹായമായി നൽകുന്നു. ഇതിൽ 50% ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി വിഹിതവും 25 % സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

2. പച്ചക്കറി കൃഷി വികസന പദ്ധതി

സംസ്ഥാന സർക്കാർ 2012-13 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് 40 മുതൽ 4000 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന്

ച.മീറ്ററിന് നിശ്ചിത ചെലവായ 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മട്ടുപ്പാവിലും പോളീഹൗസുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

3. <u>മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ</u>

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 4000 ച.മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50% ധനസഹായം നൽകിവരുന്നു.

(ബി) പോളീഹൗസ് കൃഷിരീതിയുടെ ഗുണവിശേഷങ്ങൾ ചുവടെ ചേർക്കുന്നു:

- പോളീഹൗസ് തുറസ്സായ സ്ഥലത്തെ അപേക്ഷിച്ച് മൂന്നിരട്ടി മുതൽ പത്തിരട്ടി വരെ അധിക ഉൽപ്പാദനം സാധ്യമാക്കുന്നുണ്ട്.

- കീടനാശിനി ഉപയോഗം കുറവായതിനാലും തുല്യവലിപ്പവും ഗുണമേന്മയുള്ള ഉത്പന്നമായതിനാലും പോളീഹൗസിലെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നുണ്ട്.

- പോളിഹൗസിനുള്ളിലെ കൃഷിയെ കാലാവസ്ഥാ വ്യതിയാനങ്ങൾ ബാധിക്കാത്തതിനാൽ വർഷം മുഴുവനും ഉൽപ്പന്ന ലഭ്യതയും വരുമാനവും കർഷകർക്ക് ഉറപ്പുവരുത്തുന്നു.

പോളീഹൗസ് കൃഷി നേരിടുന്ന പരിമിതികൾ ചുവടെ ചേർക്കുന്നു:

- പോളീഹൗസ് നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള ഏജൻസികളുടെ അപര്യാപ്തത.

- സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തത്.

- ഉൽപ്പാദനോപാധികളുടെ ലഭ്യതക്കുറവ്.

- ഹൈടെക് കൃഷിരീതിയെക്കുറിച്ച് കർഷകർക്കുള്ള പരിമിതമായ ജ്ഞാനം.

ഹൈടെക് ഫാമിംഗ് പദ്ധതിക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുന്ന ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഹൈടെക് ഫാമിംഗ് പദ്ധതിപ്രകാരം സമതലപ്രദേശങ്ങളിൽ 400-500 ച. മീ., 501-1008 ച. മീ., 1009-2080 ച. മീ., 2081-4000 ച. മീ. എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച. മീറ്ററിന് 1,060 രൂപ, 935 രൂപ, 890 രൂപ,

844 രൂപ നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75% ധനസഹായവും. മലയോരപ്രദേശങ്ങളിൽ 400-500 ച. മീ., 501-1008 ച. മീ., 1009-2080 ച. മീ., 2081-4000 ച. മീ. എന്നീ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച. മീറ്ററിന് 1219 രൂപ, 1,075.25 രൂപ, 1,023.50 രൂപ, 970 രൂപ നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 75% ധനസഹായവും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് 40 മുതൽ 4000 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ച. മീറ്ററിന് നിശ്ചിത ചെലവായ 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായവും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സമതല പ്രദേശങ്ങളിൽ 500 ച. മീ, വരെ, 501-1008 ച.മീ. വരെ, 1009-2080 ച. മീ. വരെ, 2081-4000 ച. മീ. വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച. മീറ്ററിന് 1060 രൂപ, 935 രൂപ, 890 രൂപ, 844 രൂപ എന്ന നിരക്കിൽ നിർമ്മാണ ചിലവ് കണക്കാക്കി ചെലവിന്റെ 50% ധന സഹായവും മലയോര പ്രദേശങ്ങളിൽ 400-500 ച. മീ, 501-1008 ച. മീ. വരെ, 1009-2080 ച.മീ. വരെ, 2081-4000 ച.മീ വരെ, വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് യഥാക്രമം ച.മീറ്ററിന് 1219 രൂപ, 1075.25 രൂപ, 1023.50 രൂപ, 970 രൂപ, നിരക്കിൽ നിർമ്മാണ ചെലവ് കണക്കാക്കി ചെലവിന്റെ 50% ധനസഹായവും നൽകിവരുന്നു. കൂടാതെ ലോൺ ആവശ്യമുള്ള കൃഷിക്കാർക്ക് നാഷണലൈസ്ഡ് ബാങ്കുകൾ വഴി വായ്പാ സൗകര്യം ലഭ്യമാണ്.

(സി) സംസ്ഥാനത്ത് മൂല്യവർദ്ധിത കാർഷികോല്പന്നങ്ങൾക്കുവേണ്ടി കൃഷി വകുപ്പിന്റെ ജില്ലാ ഫാമുകളുടെ സ്ഥലം ഉപയോഗപ്പെടുത്തി ചെറുകിട, ഇടത്തരം അഗ്രോ പാർക്കുകളുടെ ശൃംഖല സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ നാളീകേര അഗ്രോ പാർക്കുകൾ.

2. പാലക്കാട്, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ.

3. തൃശ്ശൂരിൽ വാഴപ്പഴവും തേനും ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ.

4. ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് പാർക്കുകൾ

5. കോട്ടയം, പത്തനംതിട്ട ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ.

6. തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്കുവേണ്ടിയുള്ള അഗ്രോ പാർക്ക്.

7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോ പാർക്കുകൾ

അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രി-ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനായി "നാബ്കോൺസ്"-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ കാർഷികവിളകളുടെ മൂല്യവർദ്ധനവിനായി ആരംഭിക്കുന്ന സംരംഭങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ സ്മാൾ ഫാർമേഴ്സ് അഗ്രി കൺസോർഷ്യം മുഖേന നടപ്പിലാക്കിവരുന്നു. നിലവിലുള്ള ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളെ നിലനിർത്തുന്നതിനും കൂടുതൽ എണ്ണം രൂപീകരിക്കുന്നതിനുമുള്ള നടപടികൾ സ്മാൾ ഫാർമേഴ്സ് അഗ്രി കൺസോർഷ്യം മുഖേന സ്വീകരിക്കുന്നതിലൂടെ സംരംഭകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ്.

## ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കത്തിനായി റെയിൽ-റോഡ് കണക്ടിവിറ്റി

23(*443) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റെയിൽ-റോഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിവരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>):

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. തുറമുഖങ്ങളിലെ

ചാനലിന്റെയും ബേസിന്റെയും ആഴംകൂട്ടുന്നതിനായി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. വലിയ ചരക്കുകപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് തുറമുഖം വിഭാവന ചെയ്തിട്ടുള്ളത്. കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, വെയിംഗ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ വലിയ ചരക്കുകപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിന് ടഗ്ഗുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി & സി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേക്ക് റെയിൽ/റോഡ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റെയിൽ വികാസ് നിഗം ലിമിറ്റഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാലയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കൊല്ലം തുറമുഖത്തെ ദേശീയപാത 47-മായി ബന്ധിപ്പിക്കുന്ന 1.12 കി. മീ. നീളമുള്ള കൊല്ലം-കൊച്ചുപിലാമൂട് റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## അജൈവ മാലിന്യ പരിപാലന പരിപാടികൾ

24(*444) ശ്രീമതി സി. കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അജൈവ മാലിന്യ പരിപാലന പരിപാടികൾ സംബന്ധിച്ച് വിശദീകരിക്കുമോ;

(ബി) അജൈവ വസ്തുക്കൾ തരംതിരിക്കുന്നതിനും പുനഃചംക്രമണത്തിന് കൈമാറുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF)-കൾ വ്യാപകമായി സ്ഥാപിക്കുന്നതിന് തയ്യാറാകുമോ;

(സി) പ്ലാസ്റ്റിക് മാലിന്യത്തിന്റെ വ്യാപനം കണക്കിലെടുത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റുകൾ വ്യാപകമായി സ്ഥാപിക്കുന്നതിന് സർക്കാർതലത്തിൽ പ്രോത്സാഹനം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) അജൈവ മാലിന്യത്തിന്റെ ശേഖരണം, തരംതിരിക്കൽ, താൽക്കാലികമായി സംഭരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററുകൾ സ്ഥാപിക്കൽ, റീസൈക്ലിംഗിനായി കൈമാറ്റം എന്നിവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന അജൈവ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ.

(ബി) അജൈവമാലിന്യം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് താൽക്കാലികമായി സംഭരിച്ച് തരംതിരിവ് നടത്തി റീ-സൈക്ലിംഗിനായി കൈമാറ്റം ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) കേന്ദ്രം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വലിയ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാനും അവയുടെ നടത്തിപ്പിനാവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുവാനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പൈനാപ്പിൾ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി**

25 (*445) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈനാപ്പിൾ കൃഷിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൃഷിക്ക് സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യവിരുദ്ധർ പൈനാപ്പിൾ കൃഷി നശിപ്പിക്കുന്നതായും കൃഷിക്ക് തടസ്സം നിൽക്കുന്നതായുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ആനുകൂല്യങ്ങൾ നൽകി കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) 2017-18 സാമ്പത്തികവർഷം പുതുതായി 400 ഹെക്ടർ സ്ഥലത്ത് കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടർ ഒന്നിന് 26,250 രൂപ നിരക്കിൽ 105 ലക്ഷം രൂപ ധനസഹായം നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളനാശത്തിന് ഹെക്ടറിന് 50,000 രൂപയും നല്കുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള ധനസഹായം കൃഷി വകുപ്പ് മുഖാന്തിരവും മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖാന്തരം പൈനാപ്പിൾ കൃഷിക്കും ധനസഹായം നൽകിവരുന്നു.

പൈനാപ്പിൾ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്, 1955 പ്രകാരം രൂപീകരിച്ച കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങൾ പൈനാപ്പിൾ കൃഷിയെ വ്യാപിപ്പിക്കുന്നതിനും പൈനാപ്പിൾ കൃഷിയെപ്പറ്റി കർഷകർക്കിടയിലും ജനങ്ങൾക്കിടയിലും നല്ല അവബോധം ഉണ്ടാകുന്നതിനും സഹായിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്, പൈനാപ്പിൾ കൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Ethrel എന്ന രാസവസ്തു ഉപയോഗിക്കുന്നതായും ഇതിന്റെ ഉപയോഗം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പൊതുജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. എത്രോൾ എന്നത് കീടനാശിനിയല്ല, മറിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഹോർമോൺ ആണ്. ഈ ഹോർമോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിലുണ്ടാകുന്ന തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തുന്നതാണ്.

(ഡി) 2017-18 സാമ്പത്തികവർഷം പുതുതായി 400 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കകൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടർ ഒന്നിന് 26,250 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനായി ബജറ്റിൽ 105 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൈതച്ചക്കകൃഷി വികസനം, ഗവേഷണം, കർഷകരുടെ പരിശീലനം, മൂല്യവർദ്ധനവ്, കയറ്റുമതി ഉൾപ്പെടെയുള്ള വിപണന സാധ്യതകൾ എന്നിവ സാക്ഷാത്കരിക്കുന്നതിനായി വാഴക്കുളം കേന്ദ്രീകരിച്ച് പൈനാപ്പിൾ മിഷനും, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയും, കൈതച്ചക്ക ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നു.

പൈനാപ്പിളിന് വിലയിടിവ് നേരിടുന്ന സാഹചര്യങ്ങളിൽ കിലോയ്ക്ക് 17 രൂപ താങ്ങുവില നൽകി വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി മുഖേന കർഷകരിൽനിന്നും പൈനാപ്പിൾ സംഭരിക്കുകയും അതിന് സബ്സിഡിയായി കിലോയ്ക്ക് 8.50 രൂപ നിരക്കിൽ പൈനാപ്പിൾ മിഷനിൽ നിന്ന് അനുവദിക്കുകയും ചെയ്തുവരുന്നു.

കർഷകർക്ക് പൈനാപ്പിൾ കൃഷിയെപ്പറ്റി പരിശീലനം നൽകുന്നതിന് പൈനാപ്പിൾ മിഷന്റെ ധനസഹായത്തോടുകൂടി മാതൃക പ്ലോട്ടുകൾ നടത്തിവരികയും, കയറ്റുമതി പ്രോത്സാഷിപ്പിക്കുന്നതിന് പായ്ക്കിംഗ്, ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്ക് സഹായം നൽകിവരികയും ചെയ്യുന്നു.

കൂടാതെ വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കർഷകർ ഉൽപ്പാദിപ്പിക്കുന്ന കൈതച്ചക്ക സംസ്കരിച്ച് പാക്ക് ചെയ്ത് വിപണിയിൽ ഇറക്കുന്നതിനുള്ള ടെട്രാപാക്ക് സൗകര്യവും കാനിംഗ് സൗകര്യവും പരിശീലനവും ധനസഹായവും കർഷക കൂട്ടായ്മകൾക്ക് നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

**മഹിളാ കിസാൻ ശാക്തീകരണ പരിയോജന**

26 (*446) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലേയ്ക്ക് സ്ത്രീകളെ ആകർഷിച്ച് അവരെ ശാക്തീകരിക്കാനുദ്ദേശിച്ച് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള മഹിളാ കിസാൻ ശാക്തീകരണ പരിയോജന പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികളും അവയ്ക്കായുള്ള തുകയും എത്രയെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി, ഭൂരഹിതരും നാമമാത്ര ചെറുകിട കർഷകരുമായ സ്ത്രീകൾക്ക് എത്രമാത്രം പ്രയോജനം ലഭ്യമായിട്ടുണ്ട്;

(സി) മണ്ണ്-ജല സംരക്ഷണത്തിനും ജൈവവൈവിദ്ധ്യ പ്രോത്സാഹനത്തിനുമായി ഏതുതരത്തിലുള്ള പദ്ധതികളാണ് ഇതിൽ വിഭാവന ചെയ്തിട്ടുള്ളത്; ഇവ എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഗ്രാമ വികസന മന്ത്രാലയത്തിന് കീഴിൽ ദേശീയ ഉപജീവന മിഷന്റെ ഉപ പദ്ധതിയായിട്ടാണ് മഹിള കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി.) വിഭാവന ചെയ്തിരിക്കുന്നത്. കൃഷിയിൽ സ്ത്രീ പ്രാധാന്യം ഉറപ്പു വരുത്താനും കൂടുതൽ കാർഷിക തൊഴിലവസരം സൃഷ്ടിക്കാനും സുസ്ഥിര വികസനം ഉറപ്പുവരുത്താനുമാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. കേരളത്തിൽ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേന 2 പ്രോജക്ടുകൾ നടത്തിവരുന്നു.

കുടുംബശ്രീ മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി അടങ്കൽ തുക 79 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം ഒന്നാം ഗഡു 9.03 കോടിയും, രണ്ടാം ഗഡു 18.06 കോടിയും, സംസ്ഥാന വിഹിതമായി ആദ്യ ഗഡു 6.960 കോടി രൂപയുമാണ് ലഭ്യമായിട്ടുള്ളത്. 20.12 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇതിനുപുറമേ കുടുംബശ്രീ അട്ടപ്പാടി സ്പെഷ്യൽ പ്രോജക്ടിന്റെ ഭാഗമായി അട്ടപ്പാടിയിൽ 3 പഞ്ചായത്തുകളിലായി എം.കെ.എസ്.പി. പദ്ധതി നടപ്പിലാക്കുന്നു. ഇതിന്റെ ആകെ പദ്ധതി തുകയായ 15 കോടിയിൽ കേന്ദ്ര വിഹിതമായി പദ്ധതി തുകയുടെ 25% ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ് മുഖേന മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുടെ കൺസോർഷ്യമായ കോംപ്റ്റ് (Compt) നെൽകൃഷി പുനരുദ്ധാരണത്തിനായി 60.62 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നു.

(ബി) കുടുംബശ്രീ, എം.കെ.എസ്.പി. പദ്ധതി മുഖാന്തരം കേരളത്തിൽ 30000 സംഘകൃഷി ഗ്രൂപ്പുകൾ രൂപീകരിക്കാനും അതിലൂടെ ഒന്നര ലക്ഷത്തിലേറെ സ്ത്രീകളെ സുസ്ഥിര കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഭാഗമായി 65601 സംഘകൃഷി ഗ്രൂപ്പുകളിലായി 288005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിച്ചുവരുന്നു. കൂടാതെ 3000 മാസ്റ്റർ

കർഷകർ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുമുണ്ട്. ഇവരെല്ലാപേരും കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളാണ്. ഗ്രാമവികസന വകുപ്പുമുഖേന യന്ത്രവൽകൃത നെൽകൃഷിയിലൂടെ നെൽകൃഷി പുനരുദ്ധാരണമെന്ന ലക്ഷ്യത്തോടെ 4357 സ്ത്രീകൾക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് പാട്ടകൃഷിയാണ് എം.കെ.എസ്.പി. പദ്ധതിയിലൂടെ കുടുംബശ്രീ പ്രോത്സാഹിപ്പിച്ച് വരുന്നത്. നിലവിൽ 51112.76 ഹെക്ടറിൽ കൃഷി ചെയ്തു വരുന്നു. ഇതിൽ ഭൂരിഭാഗം പ്രദേശവും തരിശ്ഭൂമിയോ കൃഷി ചെയ്യാത്തതോ ആയ പ്രദേശങ്ങളാണ്. ഇതിനുപുറമേ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എം.കെ.എസ്.പി. പദ്ധതിയിലൂടെ 7287 ജലസ്രോതസ്സുകൾ ശുദ്ധീകരിക്കുകയും 6938 ഏക്കർ തരിശുസ്ഥലം ഏറ്റെടുത്ത് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന മണ്ണ്-ജല സംരക്ഷണ പ്രവർത്തനത്തിന് ഊന്നൽനൽകിക്കൊണ്ട് പാടശേഖരങ്ങൾ തരിശിടാതെ ഉപയുക്തമാക്കുന്നതിന് മഹിളാ കിസാൻ സശാക്തീകരൺ പരിയോജന കോംപറ്റ് വിഭാവനചെയ്യുന്നു. ജൈവ വൈവിദ്ധ്യ പ്രോൽസാഹനത്തിനായി ജൈവരാസ രഹിത കൃഷിരീതികൾ പ്രാവർത്തികമാക്കുന്നതിനായി ബയോ ആർമി എന്ന ഘടക പദ്ധതിയും എം.കെ.എസ്.പി.യിൽ നടപ്പിലാക്കിവരുന്നു.

**ജലഗതാഗതം മെച്ചപ്പെടുത്താൻ പദ്ധതികൾ**

27(*447) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലഗതാഗതം മെച്ചപ്പെടുത്താനും പരമ്പരാഗത ഗതാഗത മാർഗ്ഗങ്ങളിലെ തിരക്ക് കുറയ്ക്കാനും എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് അറിയിക്കുമോ;

(ബി) കേരളത്തിലെ പരമ്പരാഗത ജലപാതകളിൽ നിലവിലുപയോഗിക്കുന്ന, പഴക്കംചെന്നതും കാലഹരണപ്പെട്ടതുമായ ബോട്ടുകൾ മാറ്റി കാലാനുസൃതമായ ഗതാഗത സൗകര്യം ഏർപ്പെടുത്താൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്; ഇതിനായി സമയബന്ധിതമായി പരിപാടികൾ തയ്യാറാക്കുമോ;

(സി) ജലഗതാഗതം മെച്ചപ്പെടുത്താൻ കൊച്ചിൻ മെട്രോയുമായി ചേർന്ന് നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി):

(എ) സംസ്ഥാനത്ത് ജലഗതാഗത വകുപ്പ് കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പൊതു ഗതാഗത രംഗത്ത് കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് വകുപ്പ് നൽകിവരുന്നു. ഇതിനായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നിവ വകുപ്പ് നടത്തിവരുന്നു. കാലപ്പഴക്കംചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾകൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമെ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ-കം-ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി സോളാർ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു.

ബോട്ടുകൾ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽത്തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ്പ് വേയും നിർമ്മിച്ച് ആയത് ഉപയോഗിച്ചുവരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിങ്ഗ്യൂഷർ എന്നിവയും

സി.യു.ജി. ഫോൺ സംവിധാനവും ബോട്ടുകളിൽ ഉപയോഗിച്ചുവരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും ജീവനക്കാർക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നൽകുകവഴി കാര്യക്ഷമമായ സേവനം ജലഗതാഗത രംഗത്ത് പൊതുജനങ്ങൾക്കായി നൽകിവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജല മലിനീകരണം എന്നിവ സംബന്ധിച്ച ബോധവൽക്കരണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗംവഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. വൈക്കം-തവണക്കടവ്, ഫോർട്ട് കൊച്ചി-മട്ടാഞ്ചേരി, വൈറ്റില-കാക്കനാട് എന്നീ സർവ്വീസുകൾ ഇതിനുദാഹരണങ്ങളാണ്. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്ക് പുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഫെറി സർവ്വീസ് നടത്തിവരുന്നു. ഫോർട്ട് കൊച്ചി-വൈപ്പിൻ-മട്ടാഞ്ചേരി എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റോഡുമാർഗ്ഗമുള്ള യാത്രാക്ലേശം ഒഴിവാക്കി എറണാകുളം സിറ്റിയുമായി ബന്ധപ്പെടുന്നതിന് വകുപ്പിന്റെ സർക്കുലർ സർവ്വീസുകൾ സഹായിക്കുന്നു. വൈറ്റില-കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോ പാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് വകുപ്പ് സർവ്വീസുകൾ സഹായിക്കുന്നു. ഒരേ സമയം 8 ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ നിരത്തുകളിലെ തിരക്കുകൾ കുറയ്ക്കുന്നതിനും സഹായകരമാണ്.

(ബി) മെച്ചപ്പെട്ട സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി കാലപ്പഴക്കംചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനികരീതിയിലുള്ള സ്റ്റീൽ ബോട്ടുകളാക്കി പുനർവിന്യസിച്ച് വരുന്നു. ഇത്തരത്തിൽ 45 സ്റ്റീൽ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിലുള്ള 14 ബോട്ടുകൾകൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ബോട്ടുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം,

കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തി വരുന്നു. ഇതിനു പുറമേ വൈക്കം- എറണാകുളം, കുമരകം-കോട്ടയം റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ-കം-ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി സോളാർ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വൈക്കം-തവണക്കടവ് റൂട്ടിൽ നടത്തിവരുന്ന സർവ്വീസും നിരത്തിലെ തിരക്ക് കുറയ്ക്കുന്നതിന് ഉതകുംവിധത്തിൽ ജനങ്ങൾക്ക് പ്രയോജനപ്രദമായ സർവ്വീസാണ്.

(സി) കൊച്ചി നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളിലെയും കിഴക്കൻ പ്രദേശത്തെ ചമ്പക്കര കനാലിന്റെ കരകളെയും ഉൾപ്പെടുത്തി വിവിധ ഗതാഗതമാർഗ്ഗങ്ങൾ ബന്ധിപ്പിച്ച് നടപ്പാക്കുന്ന സംയോജിത ജലഗതാഗത പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ. കൊച്ചിയിലെയും പ്രാന്തപ്രദേശങ്ങളിലെ ദ്വീപുകളിലെയും പൊതുജനങ്ങൾക്ക് സുഗമവും സുരക്ഷിതവുമായ യാത്രാസൗകര്യം ഒരുക്കുകവഴി അവരുടെ ജീവിതനിലവാരം ഉയർത്തുക, അത് ലക്ഷ്യമാക്കി ഉയർന്ന സുരക്ഷാ നിലവാരത്തിലുള്ള ആധുനിക ബോട്ടുകളും ബോട്ട് ജെട്ടികളും ലഭ്യമാക്കുക; പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ കൊച്ചി നഗരത്തിലെ വർദ്ധിച്ചുവരുന്ന ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാക്കുക എന്നിവയാണ് കൊച്ചി സംയോജിത ജലഗതാഗത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) പ്രകാരം 16 റൂട്ടുകളും, 38 ബോട്ട് ജെട്ടികളും 78 ബോട്ടുകളും ദ്വീപുകളിലുള്ള റോഡുകളുടെ വികസനവും ബോട്ട് ജെട്ടികളെയും മെട്രോ റെയിൽ സ്റ്റേഷനുകളെയും ബന്ധിപ്പിച്ചുള്ള ഫീഡർ ബസ് സർവ്വീസും വാട്ടർ മെട്രോയുടെ ഭാഗമാണ്. പദ്ധതി ചെലവായ 747.28 കോടി രൂപയിൽ 579.71 കോടി രൂപ (85 മില്യൺ യൂറോ) ജർമ്മൻ ധനകാര്യ സ്ഥാപനമായ കെ.എഫ്.ഡബ്ല്യു.-ൽ നിന്നും ദീർഘകാല വായ്പയായി ലഭിക്കാൻ ധാരണയായിട്ടുണ്ട്. 102.30 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്. 65.27 കോടി രൂപ പിന്നീട് അനുയോജ്യമായ

പൊതുസ്വകാര്യ പങ്കാളിത്തംവഴി കണ്ടെത്തും. പദ്ധതി പ്രവർത്തനങ്ങളുടെ ഔപചാരിക ഉൽഘാടനം 2016 ജൂലൈ 23-ാം തീയതി നിർവ്വഹിച്ചു. ആഗോള ടെണ്ടർ പ്രക്രിയയിലൂടെ ജനറൽ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. പ്ലാനിംഗും ഡിസൈനിംഗും ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ടം പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി

28 (*448) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറികൃഷി വികസനത്തിന്റെ ഭാഗമായി എല്ലാ വീടുകളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ പദ്ധതിപ്രകാരം കൃഷിക്കായി നൽകുന്നത്;

(സി) സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൃഷി വ്യാപിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധന നടത്താൻ എന്തെങ്കിലും സംവിധാനമുണ്ടോ;

(ഇ) ഈ പദ്ധതി നടപ്പാക്കിയതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായി 2017-18 വർഷം പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോൽസാഹനത്തിനായി

വിദ്യാർത്ഥികൾ, കൃഷിക്കാർ എന്നിവർക്കായി 20 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകളുടെ സൗജന്യ വിതരണം, കൂടാതെ 45.45 ലക്ഷം പച്ചക്കറി തൈകൾ വീട്ടുവളപ്പിലെ കൃഷിക്കായി വിതരണം, മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 37000 ഗ്രോബാഗ് യൂണിറ്റുകൾ നൽകുകയും, ഗ്രോ ബാഗുകളോടൊപ്പം കമ്പോസ്റ്റ് യൂണിറ്റുകൾ, സൂക്ഷ്മ ജലസേചന/തിരിനന ജലസേചനത്തിനും സഹായം നൽകുന്നു. മുൻ കൃഷിക്കായി നൽകിയ ഗ്രോ ബാഗുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ധനസഹായം നൽകുന്നു. മാധ്യമങ്ങൾവഴി വീട്ടുവളപ്പിലെ കൃഷിക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നു. നഗര പ്രദേശങ്ങളിലെ പച്ചക്കറി കൃഷിക്കായി കണികാ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, നഗരങ്ങളിലെ പച്ചക്കറി കൃഷിക്കായി മിനി പോളീഹൗസ് പ്രോൽസാഹനം എന്നിവയും 2017-18-ൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി പദ്ധതി കൃഷി വകുപ്പ് നേരിട്ട് കൃഷി ഭവനുകൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിക്കാവശ്യമായ പച്ചക്കറി വിത്തുകൾ, തൈകൾ തുടങ്ങിയവ സർക്കാർ സംവിധാനങ്ങളിൽ കൂടി ലഭ്യമാക്കുന്നു. പദ്ധതികൾക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*

(സി) സ്കൂളുകളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ വിദ്യാലയങ്ങളിൽ പച്ചക്കറികൃഷി ചെയ്യാൻ സഹായങ്ങൾ നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 2500 സ്കൂളുകളിൽ പച്ചക്കറി കൃഷി നടത്താൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലേക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കൃഷി യോഗ്യമായ ഭൂമിയുള്ള സ്കൂളുകൾക്ക് കൃഷി ചെലവിനായി 4,000 രൂപയും പ്രവർത്തന ചെലവിനായി 1,000 രൂപയും (ഇതിനായി 25 ലക്ഷം രൂപ) ധനസഹായം നൽകുന്നു. ഇതിനുപുറമേ ജലദൗർലഭ്യം നേരിടുന്ന സ്കൂളുകളിൽ ജലസേചന ഉപാധികൾ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ (ഇതിനായി 5 ലക്ഷം രൂപ) വരേയും ധനസഹായം നൽകുന്നുണ്ട്. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 170 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (ഫാംസ്, ബയോഗ്യാസ് ആന്റ് വെജിറ്റബിൾ), ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്ക്തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പരിശോധന നടത്തുന്നു. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) 2015-16-ൽ പദ്ധതി നടപ്പാക്കിയതിനുശേഷം 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു. 2016-17-ൽ 6.28 ലക്ഷം ടണ്ണിൽ നിന്നും 7.25 ലക്ഷം മെട്രിക് ടൺ ആയി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്.

**നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം**

29(*449) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർക്ക് കൈത്താങ്ങായി രൂപീകരിച്ച നാളികേര വികസന കോർപ്പറേഷൻെറ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നാളികേര വികസന കോർപ്പറേഷന് പൂർണ്ണ ചുമതലയുള്ള ചെയർമാനേയും മാനേജിംഗ് ഡയറക്ടറേയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ്. സുനിൽ കുമാർ):

(എ) ഉണ്ട്, മാമത്ത് സ്ഥിതിചെയ്യുന്ന വിർജിൻ കോക്കനട്ട് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നതിനായി സർക്കാരിൽ നിന്നും കേരള സംസ്ഥാന നാളീകേര വികസന കോർപ്പറേഷന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ച് വിവിധ നാളീകേര ഉൽപ്പാദന കമ്പനികൾക്കുവേണ്ടി തൊഴിലാളികൾക്കുള്ള നീര പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ

എറണാകുളം ജില്ലയിലെ ഇടപ്പള്ളിയിൽ കോർപ്പറേഷന്റെ സ്ഥലത്ത് അഗ്രോ സൂപ്പർ ബസാറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ഏലത്തൂരിൽ കിയോസ്കുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു.

(ബി) 29-8-2016-ലെ സ. ഉ. (സാധാ.) നമ്പർ 732/2016/കൃഷി നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ബിജുപ്രഭാകർ IAS-ന് കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകിയും, 21-12-2016-ലെ സ. ഉ. (സാധാ.) നമ്പർ 1065/16/AD പ്രകാരം ശ്രീ. സി. എൻ. ചന്ദ്രനെ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ ചെയർമാനായും നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾക്കുപുറമേ സംസ്ഥാനത്തെ നാളീകേര ഉൽപ്പാദന കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന നീരയും മറ്റ് നാളീകേരാധിഷ്ഠിത മൂല്യവർദ്ധന ഉൽപ്പന്നങ്ങളും കേരള ഓർഗാനിക്-കേരജം ബ്രാന്റിൽ വെളിച്ചെണ്ണയും സംസ്ഥാനത്തും പുറത്തും വിപണനം നടത്താനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഈ രംഗത്തെ വിപണിയിലെ പ്രമുഖരുമായി ഒരു സാങ്കേതിക കരാറിൽ ഏർപ്പെടുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ആറളം ഫാമിൽ ആദിവാസി കുടുംബങ്ങളുടെ സഹകരണത്തോടെ നീര, ശർക്കര, നീര വിനീഗർ മുതലായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുവാൻ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പരിശീലിപ്പിച്ച് അവരെക്കൊണ്ടുതന്നെ വിപണനം ചെയ്യിക്കാനുള്ള പദ്ധതിയുടെ പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുള്ളതുമാണ്.

**രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ**

30(*450) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ (ആർ.ജി.എസ്.എ.) നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പുസാമ്പത്തികവർഷം ഈ പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകളുടെ കാര്യശേഷി വർദ്ധനവിനും ശാക്തീകരണത്തിനും അതുവഴി ജനാധിപത്യ വികേന്ദ്രീകരണവും ജനകീയ പങ്കാളിത്തവും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് രാഷ്ട്രീയ ഗ്രാമ സ്വരാജ് അഭിയാൻ.

(സി)

പഞ്ചായത്ത് ആസ്ഥാന മന്ദിരങ്ങൾ

22 ഗ്രാമ പഞ്ചായത്തുകൾക്ക് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി 15 ലക്ഷം രൂപ വീതം നൽകി.

കാര്യശേഷി വികസനവും പരിശീലനവും

ഈ ഘടക പദ്ധതിയിൽ വിവിധ പരിശീലന പരിപാടികൾ കിലയും എസ്.ഐ.ആർ.ഡി.യും വഴി നടത്തുകയുണ്ടായി.

സ്ഥാപനശേഷി വർദ്ധിപ്പിക്കൽ

കാസർഗോഡ്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>ഉപഗ്രഹാധിഷ്ഠിത വിദൂര പഠന സംവിധാനം</u>

ഈ ഘടക പദ്ധതിയിൻകീഴിൽ കേരള സംസ്ഥാനം മാതൃകയായി നടപ്പാക്കിയ വെർച്വൽ ക്ലാസ്സ് റൂമുകൾ ഉദ്ഘാടനം ചെയ്തു. ഈ ക്ലാസ് റൂമുകൾ ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളും മറ്റ് സർക്കാർ വകുപ്പുകളും നിരന്തരമായി പരിശീലന പരിപാടികളും അവലോകന യോഗങ്ങളും കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

<u>ഗ്രാമപഞ്ചായത്തുകളുടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ</u>

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നത് ലക്ഷ്യമിട്ട് ISO Consultant-മാരേയും സർട്ടിഫിക്കേഷൻ ബോഡിയെയും കേന്ദ്രീകൃതമായി നിയമിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

<u>ഓൺലൈൻ റെപ്പോസിറ്ററിയും മലയാളം യൂണിക്കോഡ് നടപ്പാക്കലും</u>

പഞ്ചായത്ത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഓൺലൈൻ റെപ്പോസിറ്ററി തയ്യാറാക്കലും ഭരണ നിർവ്വഹണ രേഖകൾ യൂണിക്കോഡ് മലയാളത്തിലാക്കി മാറ്റുന്നതിനും മലയാളം യൂണിക്കോഡ് അധിഷ്ഠിത ടൈപ്പിംഗ് പഞ്ചായത്തുതലം വരെ നടപ്പാക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു.

<u>മേൽനോട്ടവും വിലയിരുത്തലും</u>

ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി മേൽനോട്ടവും വിലയിരുത്തലും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് GPRMS എന്ന വെബ് ആപ്ലിക്കേഷൻ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതു കൂടാതെ നഗരസഭകളും കോർപ്പറേഷനും ഉൾപ്പെടെ എല്ലാ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടേയും ദൈനംദിന പദ്ധതി പുരോഗതി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുതൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും SMS വഴി നൽകുന്ന നൂതന പദ്ധതി ആവിഷ്കരിച്ചു.

(ഡി) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും താഴെപ്പറയുന്ന വിവിധ പരിപാടികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കൽ.

2. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനനിലവാരം ഉയർത്തുന്നതിനായി IMG, കില തുടങ്ങിയ സ്ഥാപനങ്ങൾവഴി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും വിദഗ്ദ്ധ പരിശീലനം നൽകൽ.

3. പഞ്ചായത്തുകളുടെ മേൽനോട്ടത്തിനും പുരോഗതി വിലയിരുത്തലിനും നൂതന പദ്ധതികൾ നടപ്പാക്കൽ.

4. കാര്യശേഷി വികസനവും മേൽനോട്ടവും അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ ഉതകുന്ന വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പാക്കൽ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## കുട്ടനാട് പാക്കേജിന്റെ ലക്ഷ്യം

1 (3924) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി അവസാനിച്ചുവോ; എങ്കിൽ നിർദ്ദേശിക്കപ്പെട്ട 105 പദ്ധതികളിൽ എത്ര എണ്ണം കാലാവധിക്കുള്ളിൽ പൂർത്തിയാക്കുവാൻ കഴിഞ്ഞു;

(ബി) കുട്ടനാട് പാക്കേജിനുവേണ്ടി ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചു; പദ്ധതി സംബന്ധിച്ച വിലയിരുത്തൽ എന്താണ്;

(സി) കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) കേരളത്തിന് ആവശ്യമായ നെല്ലിന്റെ 35 ശതമാനം ഉൽപ്പാദിപ്പിക്കുന്ന കുട്ടനാടിന്റെ സംഭാവന 50 ശതമാനമായി ഉയർത്തണമെന്ന കുട്ടനാട് പാക്കേജിലെ ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ്?

<u>ഉത്തരം</u>

(എ) അവസാനിച്ചു. കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഏഴ് കേന്ദ്രാവിഷ്കൃത പദ്ധതികളും ആറ് സംസ്ഥാനാവിഷ്കൃത പദ്ധതികളും ഉൾപ്പെടെ വകുപ്പിന്റെ മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 8546.756 ലക്ഷം രൂപയും സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ 355.53 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

വകുപ്പ് നടപ്പിലാക്കിയ പദ്ധതികളിലൂടെ, നെൽകൃഷി മേഖലയിൽ കാർഷിക യന്ത്രവൽക്കരണത്തിലൂടെ കൃഷിചെലവ് കുറച്ച് കൃഷി ആദായകരമാക്കുവാൻ സാധിച്ചിട്ടുണ്ട്. തെങ്ങിൻ തോട്ടങ്ങളുടെ സമഗ്ര പരിപാലനം, തരിശുനില കൃഷി, സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, പരിസ്ഥിതി സൗഹൃദ കാർഷിക പ്രവർത്തനങ്ങൾ എന്നിവ നെൽകൃഷി മേഖലയിൽ സാധ്യമായി. നെല്ല്, എള്ള് എന്നിവയുടെ കൃഷി ഓണാട്ടുകര മേഖലയിൽ സുസ്ഥിരപ്പെടുത്താനും സാധിച്ചു.

(സി) നടപ്പിലാക്കിവരുന്ന, സംസ്ഥാനത്തെ പ്രമുഖ വിളകളെ അടിസ്ഥാനപ്പെടുത്തി 32 പ്രത്യേക കാർഷിക മേഖലകൾ വികസിപ്പിച്ചെടുക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നീ പ്രമുഖ നെൽകൃഷി മേഖലകളെ നെല്ലിന്റെ പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഇല്ല, മേഖലയിലെ 210 പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഈ പാടശേഖരങ്ങളെ ഒരുപ്പൂ കൃഷിയിൽ നിന്നും ഇരിപ്പൂ കൃഷിയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടില്ലാത്തതിനാൽ ലക്ഷ്യം നേടുന്നതിന് കഴിഞ്ഞിട്ടില്ല.

## പാറശ്ശാല മോഡൽ അഗ്രോ സർവ്വീസ് സെന്ററിലെ തൊഴിലാളികൾക്ക് ഓണറേറിയം

2 (3925) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പാറശ്ശാല, മോഡൽ ആഗ്രോസർവ്വീസ് സെന്ററിലെ 25 തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഓണറേറിയം 2016 ഏപ്രിൽ മുതൽ ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) അഗ്രോസർവ്വീസ് സെന്ററിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ഓണറേറിയം നൽകി സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കാമോ;

(സി) ഇവിടത്തെ ഫെസിലിറ്റേറ്റർമാർക്കും തൊഴിലാളികൾക്കും നൽകി കൊണ്ടിരുന്ന ഓണറേറിയം നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ കഴിയുമോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 2012-13-ൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്റർ പദ്ധതിയിലെ മോഡൽ അഗ്രോ സർവ്വീസ് സെന്റർ ആണ് പാറശ്ശാലയിൽ

സ്ഥാപിച്ചിട്ടുള്ളത്. അഗ്രോ സർവ്വീസ് സെന്റർ തുടങ്ങുന്ന ആദ്യ വർഷം സെന്ററിലെ ഫെസിലിറ്റേറ്റർ, തൊഴിലാളികൾ എന്നിവർക്ക് സ്റ്റൈപൻഡ് നൽകിയിരുന്നു. രണ്ടാം വർഷം മുതൽ സെന്ററിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വാഹനം, ബയോ ഫാർമസി, നഴ്സറി തുടങ്ങിയ സംരംഭങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ പരിശീലനവും, സാങ്കേതിക സഹായവും വകുപ്പിൽനിന്നും നൽകിവരുന്നു.

രണ്ടാമത്തെ വർഷം മുതലുള്ള സ്റ്റൈപ്പൻഡ് അഗ്രോ സർവ്വീസ് സെന്ററിന്റെ വരുമാനത്തിൽനിന്നും കണ്ടെത്തണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. എന്നിരുന്നാലും പാറശ്ശാല അഗ്രോസർവ്വീസ് സെന്ററിന് 2015-16 വരെ സ്റ്റൈപ്പൻഡ് നൽകിയിട്ടുണ്ട്. പാറശ്ശാല അഗ്രോസർവ്വീസ് സെന്ററിന്റെ ഇപ്പോഴത്തെ ടേൺ ഓവറായ 2 കോടി രൂപയിൽ നിന്നും സെന്ററിലെ ഫെസിലിറ്റേറ്റർ, തൊഴിലാളികൾ എന്നിവർക്കുള്ള ഓണറേറിയം നൽകാൻ പ്രാപ്തമായിട്ടുണ്ട്.

തൊഴിലാളികളുടെ ഓണറേറിയം (വേതനം), മറ്റാനുകൂല്യങ്ങൾ എന്നിവ അഗ്രോസർവ്വീസ് സെന്ററിന്റെ വരുമാനത്തിൽനിന്നും നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചതുമുതൽ 1 വർഷത്തേക്ക് മാത്രമാണ് ഫെസിലിറ്റേറ്ററുടെ ശമ്പളം, പദ്ധതി തുകയിൽനിന്നും നൽകുവാൻ വ്യവസ്ഥ ചെയ്തിരുന്നത്. തുടർന്ന് ഫെസിലിറ്റേറ്റർ, മണ്ണ് പരിശോധനാ ലാബിലെ ജീവനക്കാർ, തൊഴിലാളികൾ എന്നിവരുടെ ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ അഗ്രോ സർവ്വീസ് സെന്ററിന്റെ വരുമാനത്തിൽനിന്നും നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

**നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം**

3 (3926) ശ്രീ. കെ. ദാസൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൃഷി വകുപ്പ് മുഖേന നീര പ്രോജക്ട് നടപ്പിലാക്കുന്നതിനായി നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ;

(സി) നാളികേര ഉല്പാദക സംഘങ്ങൾക്കും കർഷകക്കൂട്ടായ്മകൾക്കും നീര ഉല്പാദനത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്ന് നീരയും, തെങ്ങിൻ പൂങ്കുലയിൽനിന്നും കേര ചക്കരയുടെ ഉൽപ്പാദനം സംബന്ധിച്ച ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിരുന്നു. പൈലറ്റ് പ്രോജക്ടിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ വിപണന ചുമതല നാളീകേര വികസന കോർപ്പറേഷനായിരുന്നു. ഇതിനായി 180 ലക്ഷം രൂപ കോർപ്പറേഷന് നൽകിയിരുന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെൻഡിംഗ് മെഷീനിലൂടെയും നാളീകേര വികസന കോർപ്പറേഷന്റെ ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നീര വിപണനം നടത്തിവരുന്നു.

സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉല്പാദകർ, കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി കൊക്കനട്ട് ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് അനുമതി നൽകിയിട്ടുണ്ട്. നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളീകേര ഉല്പാദക സൊസൈറ്റികൾ, ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് പരമാവധി 50 ലക്ഷം രൂപ ധനസഹായം അനുവദിക്കുവാൻ വ്യവസ്ഥയുണ്ട്. അതുപ്രകാരം കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം നാളികേര വികസന ബോർഡ് മുഖേന നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റിനായി 44.16 ലക്ഷം രൂപ നാളികേര വികസന ബോർഡ് മുഖേന നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(ബി & സി) നീര ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നാളീകേര ഉല്പാദക സൊസൈറ്റികൾ/ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്രസാമഗ്രികൾക്ക് ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

അനുപ്രകാരം 2015-16-ൽ കൈപ്പുഴ നാളികേര ഉല്പാദക കമ്പനിക്കും കുറ്റിയാടി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കുറ്റിയാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കും കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിക്കും 50 ലക്ഷം രൂപ വീതം സബ്സിഡിയായി നാളീകേര വികസന ബോർഡ് മുഖേന കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. 2016-17-ൽ വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 44.16 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നാളികേര വികസന ബോർഡിന് അനുവദിച്ചുനൽകിയിട്ടുണ്ട്. നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നീര ടെക്നീഷ്യൻ പരിശീലന പരിപാടി നടത്തുന്നതിന് കേരള കാർഷിക സർവ്വകലാശാല, നാളീകേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൃഷി വകുപ്പിന്റെ നീര ടെക്നീഷ്യൻ പരിശീലന പദ്ധതി പ്രകാരം 2016-17-ൽ കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 75 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

"ടെക്നോളജി മിഷൻ ഓൺ കോക്കനട്ട്" എന്ന പദ്ധതിയുടെകീഴിൽ പദ്ധതി ചെലവിന്റെ 25 ശതമാനം പരമാവധി 50 ലക്ഷം രൂപ സബ്സിഡിയായി നാളീകേര വികസന ബോർഡ് നാളികേര ഉൽപ്പാദക കമ്പനികൾക്ക് നല്കി വരുന്നുണ്ട്.

നാളീകേര വികസന ബോർഡ് നീര ഉല്പാദനത്തിനുള്ള ടെക്നോളജി സൗജന്യമായി നാളികേര ഉൽപ്പാദക കമ്പനികൾക്ക് നൽകിവരുന്നു. വെന്റിംഗ് മെഷീനുകൾ/വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാളികേര ഉൽപ്പാദക ഫെഡറേഷനുകൾക്കും നാളികേര ഉൽപ്പാദക സൊസൈറ്റികൾക്കും നാളികേര വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

**മുല്ലശ്ശേരി ഊരകത്തെ വിത്ത് സംഭരണ കേന്ദ്രത്തിന്റെ പ്രവർത്തനം**

4 (3927) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി പഞ്ചായത്തിലെ 7-ാം വാർഡിൽ ഊരകത്ത് വിത്ത് സംഭരണ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പരും വിസ്തീർണ്ണവും അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെകീഴിൽ തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി പഞ്ചായത്തിലെ 7-ാം വാർഡിൽ ഊരകത്ത് വിത്ത് സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നില്ല.

(ബി) ബാധകമല്ല.

**ആർ.കെ.വി.വൈ. പദ്ധതി ഉൾപ്പെടെ ലഭിച്ച കേന്ദ്ര സഹായം**

5 (3928) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ കേരളത്തിന് കേന്ദ്ര സഹായമായി ആർ.കെ.വി.വൈ. പദ്ധതി ഉൾപ്പെടെ എത്ര കോടി രൂപ കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്; ചെലവ് ഉൾപ്പെടെ പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) 2011-2016 കാലയളവിൽ കൃഷിക്ക് കേന്ദ്ര സഹായ പദ്ധതിയിനത്തിൽ ലഭിച്ച തുകയും അതിന്റെ ചെലവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ൽ കേന്ദ്ര സഹായമായി ആർ.കെ.വി.വൈ. പദ്ധതി ഉൾപ്പെടെ 123.30 കോടി രൂപ കൃഷി വകുപ്പിന് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I-ആയി* ചേർക്കുന്നു.

(ബി) 2011-16 കാലയളവിൽ കൃഷിക്ക് കേന്ദ്ര സഹായ പദ്ധതി ഇനത്തിൽ ലഭിച്ച തുകയും അതിന്റെ ചെലവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II-ആയി* ചേർക്കുന്നു.

**പ്രധാൻമന്ത്രി ഫസൽ ബീമാ യോജന**

6 (3929) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ഫസൽ ബീമാ യോജന (പി.എം.എഫ്.ബി.വൈ.) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇതിനായി ലഭിച്ച തുക, വിനിയോഗിച്ച തുക, എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016-17 വർഷം കേന്ദ്ര സർക്കാർ പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന എന്ന ഇൻഷ്വറൻസ് പദ്ധതി പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിക്ക് പകരമായി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും 2016-17 റാബി സീസണിൽ സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കാൻ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ, സ്വാഭാവികമായി ഉണ്ടാകുന്ന തീപിടുത്തം, പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലമോ പ്രഖ്യാപിത വിളകൾക്കുണ്ടാകുന്ന ഉല്പാദന നഷ്ടത്തിൽനിന്നും കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണവും സാമ്പത്തിക സഹായവും ഈ പദ്ധതി മുഖേന നൽകുന്നു.

നെല്ല്, വാഴ, മരച്ചീനി എന്നീ വിളകളെയാണ് ഈ ഇൻഷ്വറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ആനുകൂല്യം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ 3 ജില്ലകളിലെ നെൽകൃഷിക്കും എല്ലാ ജില്ലകളിലെയും മരച്ചീനി കൃഷിക്കും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളിലെ വാഴക്കൃഷിക്കും ലഭിക്കുന്നതാണ്.

നെൽകൃഷിക്ക് താരിഫ് സീസണിൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2%-ഉം റാബി സീസണിൽ 15%-ഉം മറ്റ് വിളകൾക്ക് 5%-ഉം ആയിരിക്കും പ്രീമിയം നിരക്ക്. നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും വാണിജ്യ ഉദ്യാനവിളകൾക്ക് ബ്ലോക്കുമാണ് യൂണിറ്റ് ഏരിയ. ഇതിലേക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ സംസ്ഥാന സർക്കാർ തീരുമാനിക്കുന്നു. ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളകളുടെ ഉല്പാദനത്തിനുണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്ത തുകയേയും അശ്രയിച്ചാണ് നഷ്ടപരിഹാരം കണക്കാക്കുന്നത്.

ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2% അധികം വരുന്ന പ്രീമിയത്തിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുകയും, ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് കമ്പനി കർഷകർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കേന്ദ്രാവിഷ്കൃത പദ്ധതികൾ | കേന്ദ്ര സംസ്ഥാന വിഹിതം (ലക്ഷം രൂപയിൽ ) |
|---|---|---|
| 1 | കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും | |
| | കാർഷിക വിജ്ഞാന വ്യാപനത്തിനുള്ള ഉപമിഷൻ | 3000 |
| | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ (60% CSS) | 20487.00 |
| | ദേശീയ ബയോഗ്യാസ് വികസന പദ്ധതി | 100 |

**മാരകമായ കീടനാശിനി കലർന്ന ജൈവവളം**

7 (3930) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതമെന്ന പേരിൽ വില്പന നടത്തുന്ന ജൈവവളത്തിൽ മാരകമായ കീടനാശിനികൾ കലർത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വേപ്പെണ്ണയിൽ മാരകമായ വിഷം കലർത്തി ജൈവവളമെന്ന് പത്രപ്പരസ്യം നൽകി കർഷകരെ വഞ്ചിക്കുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

(സി) ഇത് തടയാൻ എന്തൊക്കെ നിയമങ്ങൾ ആണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജൈവ ഉൽപ്പന്നങ്ങളിൽ ഗുണനിലവാരമില്ലായ്മയോ മായം ചേർക്കലോ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉല്പാദകർക്കെതിരെ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ, 1985, ഇൻസെക്ടിസൈഡ്സ് ആക്ട്, 1968 എന്നിവ പ്രകാരം കർശന നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്. എന്നാൽ അംഗീകൃത ജൈവവളങ്ങൾക്കും ജൈവ കീടനാശിനികൾക്കും മാത്രമാണ് നിലവിൽ ഗുണപരിശോധന സാധ്യമായിട്ടുള്ളത്. ജൈവവളം/ജൈവകീടനാശിനി എന്ന പേരിൽ അംഗീകാരമില്ലാത്ത ഉല്പന്നങ്ങൾ വിപണിയിൽ എത്തുന്ന സാഹചര്യത്തിൽ അവയിൽ മാരക കീടനാശിനികളോ രാസവസ്തുക്കളോ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സൗകര്യം സംസ്ഥാനത്തുതന്നെ ഒരുക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇത്തരം ഉല്പന്നങ്ങളിൽ രാസ കീടനാശിനികളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ

നിയമാനുസൃതം രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് നേടാതെയും കീടനാശിനികൾ വിപണനം ചെയ്യുന്നതിനെതിരെ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരം കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

**ചേലക്കര മണ്ഡലത്തിലെ തരിശായി കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ**

8 (3931) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും അധികാര പരിധിയിൽ വരുന്ന കൃഷിഭവനുകളിൽ എത്ര ഏക്കർ ഭൂമി തരിശായി കിടക്കുന്നുണ്ട്; കൃഷിഭവൻ തലത്തിൽ ഇവയുടെ കണക്ക് വ്യക്തമാക്കാമോ;

(ബി) തരിശുനിലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അധികാരപരിധിയിൽ 400 ഏക്കർ ഭൂമിയും, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അധികാരപരിധിയിൽ 158.5 ഏക്കർ ഭൂമിയും തരിശായി കിടക്കുന്നുണ്ട്.

കൃഷി ഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഭവൻ | തരിശുനില വിസ്തൃതി ഏക്കറിൽ |
|---|---|---|---|
| 1 | പഴയന്നൂർ | ചേലക്കര<br>പഴയന്നൂർ<br>കൊണ്ടാഴി<br>പാഞ്ഞാൾ<br>വള്ളത്തോൾ നഗർ<br>തിരുവില്വാമല | 62.5<br>175<br>37.5<br>25<br>37.5<br>62.5 |
| **ആകെ** | | | **400** |
| 2 | വടക്കാഞ്ചേരി | ദേശമംഗലം<br>മുള്ളൂർക്കര<br>വരവൂർ | 62.5<br>37.5<br>58.5 |
| **ആകെ** | | | **158.5** |

(ബി) തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 30,000 രൂപ ആനുകൂല്യം കൊടുക്കുന്ന പദ്ധതി 2017-18-ൽ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. 2016-17 വർഷം തരിശുനില കൃഷി ചെയ്ത കർഷകർക്ക് ഹെക്ടറിന് 7,000 രൂപ നിരക്കിൽ 2-ാം വർഷ ധനസഹായവും (2017-18-ൽ) പദ്ധതി പ്രകാരം ലഭിക്കുന്നതാണ്. ജനകീയാസൂത്രണ പദ്ധതിപ്രകാരവും തരിശുനിലങ്ങളിൽ നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്രാഥമിക സഹകരണ സംഘങ്ങൾവഴി പച്ചത്തേങ്ങ സംഭരണം

9 (3932) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംഭരണ രീതി മാറ്റുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) പ്രാഥമിക സഹകരണസംഘങ്ങൾവഴി പച്ചത്തേങ്ങ സംഭരിക്കുന്ന നയം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പച്ചത്തേങ്ങ സംഭരണം ഇതിനകം പുനരാരംഭിച്ചിട്ടുണ്ട്.

(ബി & സി) കർഷകരിൽനിന്നും നേരിട്ടുള്ള പച്ചത്തേങ്ങാ സംഭരണം നിലവിലുള്ള കൃഷിഭവനുകൾ വഴിയും സന്നദ്ധരായ കേരഫെഡ് അംഗ സംഘങ്ങൾ വഴിയും, നാളികേര ഉൽപ്പാദക കമ്പനികൾ വഴിയും വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പച്ചക്കറി കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ

10 (3933) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ വിത്ത് വിതച്ച് 75 ദിവസത്തിനുള്ളിൽ തന്നെ വിളവെടുപ്പ് പൂർത്തിയാകുന്നതിനാൽ, പ്രസ്തുത കാലയളവിനുള്ളിൽ കൃഷി ഓഫീസിൽ നിന്ന് യഥാസമയം പരിശോധന നടത്താറില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) പച്ചക്കറി കൃഷിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചീര കൃഷിക്ക് നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചീരവിത്ത് വിതച്ചതിനുശേഷം കൃഷിനാശം സംഭവിക്കുന്ന വേളയിൽ അതിന് ഇൻഷ്വറൻസ് പരിരക്ഷ നല്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പച്ചക്കറി കർഷകരുടെ വിളവെടുപ്പ് പൂർത്തിയാക്കുന്നതിന് മുൻപുതന്നെ കൃഷി ഓഫീസിൽ നിന്ന് യഥാസമയം പരിശോധന നടത്താറുണ്ട്.

(ബി) പച്ചക്കറി വികസന പദ്ധതി പ്രകാരം പച്ചക്കറി കൃഷിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചീരകൃഷി ചെയ്യുന്ന കർഷകർക്കും നൽകി വരുന്നുണ്ട്.

(സി) വ്യവസ്ഥകൾക്ക് വിധേയമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചീര ഉൾപ്പെടെയുള്ള പച്ചക്കറികൾ ഇൻഷ്വർ ചെയ്യേണ്ട പ്രായം വിത്ത് വിതച്ച് ഒരാഴ്ച കഴിഞ്ഞ് ഒരു മാസം വരെയാണ്. പ്രിമിയം തുക അടച്ച ദിവസം മുതൽ എഴ ദിവസങ്ങൾക്കുശേഷം സംഭവിക്കുന്ന കൃഷിനാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് പത്തുശതമാനമെങ്കിലും നാശനഷ്ടമുണ്ടായാലേ നഷ്ടപരിഹാരം ലഭിക്കുകയുള്ളൂ.

**ദേവികുളത്ത് കാട്ടാന ആക്രമണത്തിൽ കൃഷി നശിച്ചവർക്ക് ധനസഹായം**

11 (3934) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കാട്ടാന ആക്രമണത്തിൽ കൃഷി നശിച്ചവർക്ക് കൃഷി വകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്രപേർക്ക് എത്ര തുക വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കൃഷി വകുപ്പ് ധനസഹായം നൽകിയിട്ടില്ല. വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നത് വനം-വന്യജീവി വകുപ്പ് മുഖേനയാണ്.

(സി) കാട്ടാനയുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചവർക്ക് വിളനാശം തിട്ടപ്പെടുത്തിയ സാക്ഷ്യപത്രം കൃഷിഭവനിൽനിന്ന് നൽകിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നത് വനം-വന്യജീവി വകുപ്പാണ്. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത

കാർഷിക വിളകൾ വന്യമൃഗങ്ങളുടെ ആക്രമണംമൂലം നശിച്ചാൽ കൃഷി വകുപ്പ് മുഖേന ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതിന് വ്യവസ്ഥയുണ്ട്.

**സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമിയുടെ കണക്ക്**

12 (3935) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ എത്ര ഏക്കർ ഭൂമിയുണ്ടെന്നാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; കാർഷികോല്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഏതെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കനുസരിച്ച് 2014-15 വർഷം സംസ്ഥാനത്ത് കൃഷിയോഗ്യമായ 5659067 ഏക്കർ ഭൂമിയുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കാർഷികോത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികളാണ് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്:

(1) നെൽകൃഷി വികസന പദ്ധതി

(2) പച്ചക്കറി കൃഷി വികസന പദ്ധതി

(3) നാളികേര വികസന പദ്ധതി

(4) വിള ആരോഗ്യ പരിപാലന പദ്ധതി

(5) ഹൈ-ടെക് കൃഷി പദ്ധതി

(6) ജൈവകൃഷി വികസന പദ്ധതി

(7) വയനാട് പാക്കേജ് പദ്ധതി

(8) അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ

(9) കാർഷിക വിജ്ഞാന വ്യാപന പദ്ധതി

(10) കാർഷിക വിപണികളുടെ വികസനം, വിപണിയിലിടപെടൽ, മൂല്യവർദ്ധനവ്

(11) പുനരാവിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി

(12) പ്രത്യേക കാർഷിക മേഖല സ്ഥാപിക്കൽ.

(ബി) (1) നെൽകൃഷി വികസനം

(i) കരനെൽകൃഷി വികസനം

(ii) തരിശുനെൽ കൃഷി

(iii) പ്രാദേശികവും പ്രത്യേകവുമായ നെൽ വിത്തിനങ്ങളുടെ കൃഷി വ്യാപനം

(iv) പ്രാദേശിക റൈസ് മില്ലുകൾ.

(2) പ്രത്യേക കാർഷിക മേഖല:

കേരളത്തിലെ പ്രധാന കാർഷിക വിളകൾ പ്രാദേശികമായി തെരഞ്ഞെടുത്ത് ഉത്പന്നവും സംസ്കരണവും മൂല്യവർദ്ധനവും വിപണനവും ഉൾപ്പെടുന്ന സമഗ്ര മേഖലയായി രൂപപ്പെടുത്തുന്നതിനുള്ള പദ്ധതി.

(3) വിശേഷാവസരങ്ങളിലുള്ള പ്രത്യേക കാർഷികോത്പന്ന വിപണികൾ :

നല്ല കൃഷിമുറകളിലൂടെ ഉത്പാദിപ്പിക്കുന്ന പച്ചക്കറിയും മറ്റ് കാർഷികോത്പന്നങ്ങളും മെച്ചപ്പെട്ട വില നൽകി കർഷകരിൽനിന്നും നേരിട്ട് ശേഖരിച്ച് കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ അനുബന്ധ സ്ഥാപനങ്ങളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയുടെ സഹായത്തോടെ ഇക്കോഷോപ്പുകളും മറ്റ് ഷോപ്പുകളുംവഴി ഉപഭോക്താക്കൾക്ക് നേരിട്ട് വിപണി വിലയിൽനിന്നും താഴ്ത്തി നൽകിവരുന്നു.

(4) പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രധാന വിളകളെയും ഉൾപ്പെടുത്തിയും നഷ്ടപരിഹാരത്തുക ഇരട്ടി മുതൽ പത്തിരട്ടിവരെ വർദ്ധിപ്പിച്ചും 22 വർഷങ്ങൾക്കുശേഷം വിള ഇൻഷ്വറൻസ് പദ്ധതി സമൂലമായി പരിഷ്കരിക്കുകയുണ്ടായി.

(5) അഗ്രോ പാർക്കുകളും കേരള അഗ്രോ ബിസിനസ് കമ്പനികളും:

പ്രാദേശികമായുള്ള തനത് ഉത്പന്നങ്ങൾ വൈവിധ്യവത്ക്കരിക്കുന്നതിനും മൂല്യവർദ്ധനവിലൂടെ പരമാവധി വില കർഷകന് നേടിക്കൊടുക്കുന്നതിനുമായി പ്രദേശത്തിന്റെ പ്രത്യേകത അനുസരിച്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. കൂടാതെ തനത് ഉത്പന്നങ്ങൾ പ്രത്യേക ബ്രാന്റാക്കി ദേശീയവും

അന്തർദ്ദേശീയവുമായ വിപണിയിൽ വിറ്റഴിക്കുന്നതിനും അതുവഴി കർഷകന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ ഉടമസ്ഥതയിൽ കേരള ഓർഗാനിക് ബ്രാന്റ് ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു കമ്പനി രജിസ്റ്റർചെയ്ത് പ്രവർത്തനം തുടങ്ങുന്നതിന് ലക്ഷ്യമിടുന്നു.

## ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ നഴ്സറികളിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് നടപടി

13 (3936) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെങ്ങിന്റെ ഉല്പാദനക്ഷമത വളരെയധികം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിപാലനത്തിലെ അപര്യാപ്തത, പ്രായംചെന്നതും ഉല്പാദനശേഷിയില്ലാത്തതുമായ തെങ്ങുകൾ, കാറ്റുവീഴ്ച മുതലായവ ഇതിന് പ്രധാന കാരണങ്ങളാകുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി രോഗംബാധിച്ചതും പ്രായംചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുന്നതിനും നഴ്സറികളിൽ ഗുണനിലവാരമുള്ള തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) നാളികേര ഉല്പാദന മേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഉണക്കിയ തേങ്ങ,പാനീയങ്ങൾ, ചിരട്ട ഉല്പന്നങ്ങൾ, കോക്കനട്ട് ക്രീം, നീര മുതലായവ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് വായ്പയും വിപണന സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ തെങ്ങുകളിൽ കാറ്റുവീഴ്ച, രോഗകീടബാധ എന്നിവമൂലം 15%-22% വരെ ഉത്പാദനക്ഷമത കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷത്തിലും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സംയോജിത വിള പരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 3332.50 ലക്ഷം രൂപ യാണ് ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്.

രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക, ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻതൈ നഴ്സറി സ്ഥാപിക്കുക തുടങ്ങിയ സമഗ്ര നാളികേര വികസനത്തിനായുള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ കൃഷി വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എട്ട് തെങ്ങിൻതൈ ഉത്പാദന കേന്ദ്രങ്ങളിലായി 2016-17 വർഷം ഗുണനിലവാരമുള്ള 503502 തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. ആയവ 2017-18-ൽ വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ താഴെ കൊടുത്തിരിക്കുന്ന ഗവേഷണ കേന്ദ്രങ്ങളിലും അനുബന്ധ ഫാമുകളിലും ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു.

1. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (RARS), പീലിക്കോട്.
2. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (RARS), കുമരകം.
3. തെങ്ങ് ഗവേഷണ കേന്ദ്രം (CRS), ബാലരാമപുരം.
4. സെൻട്രൽ നഴ്സറി, വെള്ളാനിക്കര.
5. കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി.
6. ഇൻസ്ട്രക്ഷണൽ ഫാം, പടന്നക്കാട്.

(ഡി) നാളികേര ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന ധനസഹായം നൽകിവരുന്നു.

നാളികേര ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ അഞ്ച് ലക്ഷം മുതൽ ചെലവുള്ള വായ്പാബന്ധിത സംരംഭങ്ങൾക്ക് കെട്ടിട നിർമ്മാണത്തിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ചെലവായ തുകയുടെ 40% (പരമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.

നാളികേര ഉത്പന്നങ്ങളുടെ മൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച് അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യംവഴി ധനസഹായം നൽകിവരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.

സർക്കാർ തലത്തിലും അല്ലാതെയും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും കാർഷിക വിപണന മേളകളിലും സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സ്റ്റാളുകളിലൂടെ മൂല്യവർദ്ധിത ഉല്പന്നോത്പാദക സംരംഭകരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരം നൽകിവരുന്നു.

## ചെമ്പുകടവിലുണ്ടായ ചുഴലിക്കാറ്റിൽ വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

14 (3937) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ഒക്ടോബറിൽ കോടഞ്ചേരി പഞ്ചായത്തിലെ ചെമ്പുകടവിലുണ്ടായ ചുഴലിക്കാറ്റിൽ വിളനാശം സംഭവിച്ചവർക്ക് ഇതുവരെയും നഷ്ടപരിഹാരം ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കോഴിക്കോട് ജില്ലയിൽ, ചുഴലിക്കാറ്റുമൂലം വിളനാശം സംഭവിച്ച കർഷകർക്ക് 2013 ജൂലൈ മാസം മുതൽക്കുള്ള നഷ്ടപരിഹാരം കുടിശ്ശികയായത്. ഫണ്ട് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മാസംതന്നെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

## നീര വെൻഡിംഗ് മെഷീൻ

15(3938) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഫ്രീസറിലാക്കി വിൽക്കുന്ന നീര വെൻഡിംഗ് മെഷീൻ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ട്; അവയുടെഎണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഗവൺമെന്റ് ഓഫീസുകളിലും സ്കൂളുകളിലും റെയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ എന്നിവിടങ്ങളിലുമെല്ലാം വെൻഡിംഗ് മെഷീനുകൾ വ്യാപകമായി സ്ഥാപിച്ച് നീരയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ രണ്ട് നീര വെൻഡിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിലും കുടപ്പനക്കുന്ന് കൃഷിഭവനിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. കൂടാതെ നാളികേര വികസന ബോർഡ് സ്ഥാപിച്ചിട്ടുള്ള 67 നീര വെൻഡിംഗ് മെഷീനുകളും നിലവിലുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| കണ്ണൂർ | 4 |
| വയനാട് | 1 |
| കോഴിക്കോട് | 5 |
| മലപ്പുറം | 2 |
| പാലക്കാട് | 30 |
| തൃശ്ശൂർ | 5 |
| എറണാകുളം | 5 |
| കോട്ടയം | 1 |
| ആലപ്പുഴ | 2 |
| പത്തനംതിട്ട | 1 |
| കൊല്ലം | 4 |
| തിരുവനന്തപുരം | 7 |

(ബി) നാളികേര ഉത്പാദക സംഘങ്ങൾക്കും ഫെഡറേഷനുകൾക്കും നീരയുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് കിയോസ്ക്/വില്പന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി നാളികേര വികസന ബോർഡ് ധനസഹായം നൽകിവരുന്നുണ്ട്.

**കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി**

16 (3939) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സ്ഥാപിതമായതെന്നാണെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) കേരളത്തിൽ ഒരു വർഷം ആവശ്യമായ വിത്തിന്റെ എത്ര ശതമാനമാണ് വിത്ത് വികസന അതോറിറ്റി മുഖേന വിതരണം ചെയ്യുന്നത്;

(സി) എത്ര ഹെക്ടറിലാണ് രജിസ്റ്റേർഡ് വിത്ത് ഉല്പാദനം നടക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 24-5-2000-ൽ ആണ് തൃശ്ശൂർ ആസ്ഥാനമായി കേരള വിത്ത് വികസന അതോറിറ്റി 1955-ലെ തിരുവിതാംകൂർ കൊച്ചി ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തത്. കേരളത്തിന്റെ പ്രധാന ഭക്ഷ്യവിളയായ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ഉത്പാദനക്ഷമതകൂട്ടി മൊത്തം ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും തദ്വാര ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് വിത്തിന്റെ ഉത്പാദനം, സംസ്കരണം, വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന വിത്ത് വികസന അതോറിറ്റി പ്രവർത്തിക്കുന്നത്.

(ബി) 50-60%

(സി) 2017-18 വർഷം 2500 ഹെക്ടറിലാണ് രജിസ്റ്റേർഡ് വിത്തുത്പാദന പദ്ധതി നടപ്പിലാക്കുന്നത്.

## കൃഷി അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

17 (3940) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ കൾഅടിസ്ഥാന യോഗ്യത എന്താണ്;

(ബി) 1988-89 കാലഘട്ടത്തിൽ അഗ്രിക്കൾച്ചർ ഡിപ്ലോമ കോഴ്സ് നിർത്തലാക്കുകയും 1982-83 കാലഘട്ടത്തിൽ പി. എസ്. സി. അംഗീകാരമുള്ള വി. എച്ച്. എസ്. ഇ. അഗ്രിക്കൾച്ചർ കോഴ്സ് തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന യോഗ്യത കൃഷി ഡിപ്ലോമ അല്ലെങ്കിൽ വി. എച്ച്. എസ്. ഇ. അഗ്രിക്കൾച്ചർ എന്ന് മാറ്റി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ;

(സി) വി. എച്ച്. എസ്. ഇ. അഗ്രിക്കൾച്ചർ അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്ന ഏതെല്ലാം തസ്തികകളാണ് കൃഷി വകുപ്പിൽ നിലവിലുള്ളത്?

ഉത്തരം

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റ് തസ്തികയുടെ നിലവിലെ അടിസ്ഥാന യോഗ്യത കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ, തത്തുല്യ യോഗ്യതയോ, പ്രസ്തുത യോഗ്യത യുള്ളവരുടെ അഭാവത്തിൽ കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്/ടി യോഗ്യതയുള്ളവരുടെ അഭാവത്തിൽ

1. കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യത അല്ലെങ്കിൽ

2. എസ്.എസ്.എൽ.സി./തത്തുല്യ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ

3. കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ്

നല്ല കായികശേഷി

(ബി) നിലവിൽ കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല. സബോർഡിനേറ്റ് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൃഷി അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ, തത്തുല്യ യോഗ്യതയോ ഉള്ളവരുടെ അഭാവത്തിൽ കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരെ പരിഗണിക്കുന്നു.

**സുജലം സുഫലം പദ്ധതി**

18 (3941) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വ്യാപന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച സുജലം സുഫലം പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) അയൽക്കൂട്ടങ്ങളും സ്വയംസഹായ സംഘങ്ങളും പച്ചക്കറി കൃഷി ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പച്ചക്കറി സ്വയംപര്യാപ്ത തരിശുരഹിത വയലുകൾ, സമഗ്രനാളികേര പുരയിടകൃഷി, കാർഷികമൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നീ പദ്ധതികളുടെ

നടത്തിപ്പിനും അതിലൂടെ കാർഷിക വ്യാപന പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വികസന പദ്ധതികൾ സുജലം സുഫലം എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പച്ചക്കറി മേഖലയിൽ സ്വയംപര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ സുജലം സുഫലം പദ്ധതിയുടെ ഭാഗമാണ്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, നാളികേര വികസന പദ്ധതി, കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതികൾ എന്നിവ സുജലം സുഫലം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. ഇതോടൊപ്പം മണ്ണ്-ജല സംരക്ഷണവും മാലിന്യ സംസ്കരണത്തിലൂടെ കമ്പോസ്റ്റ് വള നിർമ്മാണവും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ നടപ്പിലാക്കിവരുന്നു.

(ബി) കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശുനിലങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. പാട്ടകൃഷിക്കും ഈ ആനുകൂല്യം നൽകിവരുന്നു. അത്തരം സന്ദർഭങ്ങളിൽ കർഷകർക്ക് ഹെക്ടറിന് 25,000 രൂപയും ഭൂഉടമയ്ക്ക് ഹെക്ടറിന് 5,000 രൂപയും നൽകിവരുന്നു. അയൽക്കൂട്ടങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും ഇതിൽ ഭാഗഭാക്കായി ആനുകൂല്യം നേടിയെടുക്കാവുന്നതാണ്. കൂടാതെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ മറ്റൊരു ഘടകമായ സ്ഥാപനങ്ങളിൽ/സർക്കാരേതര സംഘടനകൾവഴി പ്രോജക്ടടിസ്ഥാനത്തിലെ പച്ചക്കറി കൃഷി പ്രകാരം കർഷക കൂട്ടായ്മകൾക്ക് കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് (സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെവക ഭൂമിയിൽ) പ്രോജക്ടടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 100 ശതമാനം ധനസഹായം അനുവദിക്കുന്നുണ്ട്. ടി ഘടകവും അയൽക്കൂട്ടങ്ങൾക്കും സ്വയംസഹായ സംഘങ്ങൾക്കും ഏറ്റെടുത്ത് പങ്കെടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ളതാണ്. ഇതിനായി പ്രോജക്ട് തയ്യാറാക്കി കൃഷിഭവൻ മുഖേന പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

(സി) സുജലം സുഫലം പദ്ധതിയിലെ ലക്ഷ്യങ്ങളെല്ലാം നേടിയെടുക്കുന്നതിന് കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് ആസൂത്രണം ചെയ്തിട്ടുണ്ട്:-

(1) നെൽ കൃഷി വികസനം

2017-18-ലേയ്ക്കുള്ള ബഡ്ജറ്റ് വിഹിതം 70 കോടി രൂപയാണ്. പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രീൻബുക്ക് ഘടകങ്ങളുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. പദ്ധതി നിർവ്വഹണം ആരംഭിച്ചു.

(2) പച്ചക്കറി കൃഷി വികസന പദ്ധതി

ബഡ്ജറ്റ് വിഹിതമായ 85.00 കോടി രൂപയിൽ 78.90 കോടി രൂപയുടെ പദ്ധതി കൃഷി വകുപ്പ് മുഖേനയും 6 കോടി രൂപയുടേത് വി.എഫ്.പി.സി.കെ. മുഖേനയും 10 ലക്ഷം രൂപയുടേത് കേരള കാർഷിക സർവ്വകലാശാല മുഖേനയുമാണ് നടപ്പിലാക്കുന്നത്. ഗ്രീൻബുക്ക് ഘടകങ്ങളുടെ വിശദമായ പദ്ധതി നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി. പദ്ധതി നിർവ്വഹണം ആരംഭിച്ചു.

(3) നാളികേര വികസന പദ്ധതി

ആകെ ബഡ്ജറ്റ് വിഹിതമായ 45.00 കോടി രൂപയിൽ സി.പി.സി.ആർ.ഐ.-യുമായി ചേർന്ന് നടപ്പാക്കേണ്ട 3 കോടി രൂപയുടെ പ്രോജക്ട് ഒഴികെയുള്ള 42 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(4) കാർഷിക മേഖലയിൽ മൂല്യവർദ്ധനവിനുള്ള പദ്ധതി

ഈ പദ്ധതിക്കായി 27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചെറുകിട ഇടത്തരം കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക സ്വയം സഹായ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം**

19 (3942) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഇക്കോഷോപ്പുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ എത്ര ഇക്കോഷോപ്പുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(സി) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്കിൽ അനുവദിക്കപ്പെട്ട ഇക്കോ ഷോപ്പിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ ഉത്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി.എ.പി. സർട്ടിഫിക്കേഷനോടുകൂടി ഇക്കോഷോപ്പ് മുഖാന്തരം വില്പന നടത്തുന്നുണ്ട്. വിഷരഹിത പഴം, പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷിമുറകൾ പാലിച്ച് കൃഷിചെയ്ത് വിഷരഹിതവും ജൈവവളം മാത്രം ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലേയും ഇക്കോഷോപ്പുകൾവഴി ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും കാർഷികോത്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തിവരുന്നു. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന ബോണസ് (ഇൻസെന്റീവ്) 2016-17 സാമ്പത്തിക വർഷത്തിൽ നൽകുകയുണ്ടായി. കൂടാതെ കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ ഉത്പാദനോപാധികൾ ഇക്കോഷോപ്പുകൾ വഴി വില്പന നടത്തുന്നുണ്ട്.

(ബി) രണ്ട് ഇക്കോഷോപ്പുകൾ ഉണ്ട്. അന്തിക്കാട് ബ്ലോക്കിൽ മണലൂർ പഞ്ചായത്തിൽ കാഞ്ഞാണി ബസ് സ്റ്റാന്റിലും മുല്ലശ്ശേരി പഞ്ചായത്തിലും.

(സി) മുല്ലശ്ശേരി ബ്ലോക്കിലെ ഇക്കോഷോപ്പിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഇക്കോഷോപ്പിനായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയത് 2017 സെപ്റ്റംബർ മാസത്തിനുള്ളിൽ ചെലവഴിക്കുന്നതിനായി ELAMS-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആഘോഷ സമയങ്ങളിൽ പച്ചക്കറികൾക്ക് വില വർദ്ധിക്കുന്നത് തടയാൻ നടപടി

20 (3943) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലക്ക് പച്ചക്കറി ലഭ്യമാക്കാൻ കൃഷി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പൊതു മാർക്കറ്റുകളിൽ ആവശ്യത്തിന് ലഭ്യത ഉണ്ടായിട്ടും ആഘോഷ സമയങ്ങളിൽ ചില പച്ചക്കറികൾക്ക് വൻതോതിൽ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഹോർട്ടികോർപ്പ് മുഖേന വിപണി ഇടപെടൽ നടത്തുന്നു. സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽനിന്നെല്ലാം കർഷകർക്ക് ന്യായവില നൽകി ഹോർട്ടികോർപ്പ് മുഖേന പച്ചക്കറികൾ സംഭരിച്ച് പൊതു വിപണിയേക്കാൾ 10 മുതൽ 30 ശതമാനംവരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ഇടനിലക്കാരെ ഒഴിവാക്കി കുറ്റമറ്റ രീതിയിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിലേയ്ക്കായി കൃഷി വകുപ്പിലേയും ഹോർട്ടികോർപ്പിന്റേയും വി.എഫ്.പി.സി.കെ.-യിലേയും ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയാണ് പച്ചക്കറികൾ വാങ്ങുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്സവ സീസണുകളിലെ പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും റീട്ടെയിൽ വിപണികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓണക്കാലത്ത് കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും സംയുക്തമായി സംസ്ഥാനമൊട്ടാകെ 1350 ഓണവിപണികൾ സംഘടിപ്പിക്കുകയും പൊതു വിപണിയേക്കാൾ 30% കുറഞ്ഞ വിലയിൽ ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവയുടെ സഹകരണത്തോടെ 1052 വിഷു-ഈസ്റ്റർ വിപണികൾ സംഘടിപ്പിച്ച് കർഷകരിൽനിന്നും ന്യായമായ വിലയ്ക്ക് പച്ചക്കറികൾ സംഭരിച്ച് പൊതുവിപണിയേക്കാൾ 30% വിലക്കുറവിൽ നാടൻ ഉത്പന്നങ്ങളും 10% കുറഞ്ഞ വിലയിൽ ജി.എ.പി. ഉത്പന്നങ്ങളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി പൊതുവിപണിയിൽ കൃഷി വകുപ്പ് ശക്തമായി ഇടപെടുന്നുണ്ട്.

**അഗ്രോപാർക്കുകൾവഴി കർഷകർക്ക് ലഭിക്കുന്ന സേവനങ്ങൾ**

21 (3944) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ അഗ്രോ പാർക്കുകൾ പ്രവർത്തിച്ചുവരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പാർക്കുകൾവഴി കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് പുതുതായി അഗ്രോപാർക്കുകൾ ആരംഭിക്കുന്നുണ്ടോ; എങ്കിൽ ആയത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ അഗ്രോ പാർക്കുകൾ ഒന്നുംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. എന്നാൽ അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് അധിക വരുമാനം ലഭ്യമാക്കുവാനാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഉണ്ട്. അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ജില്ലകളെ സംബന്ധിക്കുന്ന വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം - നാളികേര അഗ്രോ പാർക്കുകൾ
2. പാലക്കാട്, ആലപ്പുഴ, എറണാകുളം - നെല്ലിനെ ആസ്പദമാക്കിയുള്ള അഗ്രോപാർക്കുകൾ
3. തൃശ്ശൂർ - വാഴപ്പഴം, തേൻ എന്നിവ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ
4. ഇടുക്കി, വയനാട് - സുഗന്ധദ്രവ്യങ്ങൾ ആസ്പദമാക്കിയുള്ള അഗ്രോ പാർക്കുകൾ
5. കോട്ടയം, പത്തനംതിട്ട - റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ
6. തൃശ്ശൂർ ജില്ലയിലെ മാള കേന്ദ്രീകരിച്ച് ചക്കയ്ക്കുവേണ്ടിയുള്ള അഗ്രോപാർക്ക്
7. ഇടുക്കി കാന്തല്ലൂരിൽ പച്ചക്കറി മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അഗ്രോപാർക്കുകൾ.

**ചേലക്കര മണ്ഡലത്തിൽ കൃഷിഭവനുകൾ മുഖേനയുള്ള പദ്ധതികൾ**

22 (3945) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കാനായി പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടാക്കാഞ്ചേരി കൃഷി അസി. ഡയറക്ടർ എന്നിവരുടെ കീഴിൽവരുന്ന കൃഷിഭവനുകൾ മുഖേന എന്തെല്ലാം പദ്ധതികൾ 2016-17 സാമ്പത്തികവർഷം ആവിഷ്കരിച്ചുനടപ്പാക്കിയിട്ടുണ്ട്; പദ്ധതിവിവരവും അവയ്ക്ക് ചെലവായ തുകയും കൃഷിഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ കാർഷികോത്പാദനം വർദ്ധിപ്പിക്കാനായി പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടക്കാഞ്ചേരി കൃഷി അസി. ഡയറക്ടർ എന്നിവരുടെ കീഴിൽ വരുന്ന കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) 2017-18-ൽ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

(a) നെൽകൃഷിക്ക് ധനസഹായം, കരനെൽകൃഷിക്ക് ധനസഹായം, 2017-18 സാമ്പത്തിക വർഷത്തിൽ നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രൂപ്പ് ഫാമിംഗ്, സ്പെഷ്യാലിറ്റി റൈസ്, പാടശേഖര സമിതികൾക്ക് സഹായം, കരനെൽകൃഷി, തരിശുനിലം കൃഷിയോഗ്യമാക്കൽ, പട്ടണ പ്രദേശങ്ങളിലെ പ്രോജക്ട് അടിസ്ഥാനത്തിൽ നെൽകൃഷി, നെൽവർഷ പ്രോജക്ടുകൾ, സൗജന്യ വൈദ്യുതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(b) ജനകീയാസൂത്രണ പദ്ധതി പ്രകാരം പഞ്ചായത്തുതലത്തിലും ബ്ലോക്ക് തലത്തിലും നടപ്പിലാക്കുന്ന പദ്ധതികൾ രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**ചേലക്കര നിയോജകമണ്ഡലത്തിലെ നെൽകൃഷി**

23 (3946) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ, വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ പരിധിയിൽ വരുന്ന കൃഷിഭവനുകൾക്ക് കീഴിൽ എത്ര ഏക്കർ നെൽകൃഷി ഭൂമിയുണ്ട്; കൃഷിഭവൻ തലത്തിൽ ഇതിന്റെ കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്രയും കൃഷി ഭൂമിയിൽനിന്നും വർഷത്തിൽ ശരാശരി എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട് ;

(സി) ഉല്പാദിപ്പിക്കുന്ന നെല്ല് കുത്തി അരിയാക്കി വിൽക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇവിടെ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 8151.5 ഏക്കർ. കൃഷിഭവൻ തലത്തിൽ കണക്ക് ചുവടെ ചേർക്കുന്നു:

| | കൃഷി ഭവൻ | വിസ്തൃതി (ഏക്കർ) |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, പഴയന്നൂർ | ചേലക്കര | 1625 |
| | കൊണ്ടാഴി | 1115 |
| | പാഞ്ഞാൾ | 1187.5 |
| | പഴയന്നൂർ | 1575 |
| | വള്ളത്തോൾ നഗർ | 425 |
| | തിരുവില്വാമല | 875 |
| | **ആകെ** | **6802.5** |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വടക്കാഞ്ചേരി | ദേശമംഗലം | 537 |
| | മുള്ളൂർക്കര | 312 |
| | വരവൂർ | 500 |
| | **ആകെ** | **1349** |

(ബി) വർഷത്തിൽ ശരാശരി 13042 ടൺ നെല്ല് ഉത്പാദിപ്പിക്കുന്നുണ്ട്.

(സി) നെല്ല് കുത്തി അരിയാക്കി വിൽക്കുന്നതിന് നിലവിൽ സംവിധാനമില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് കർഷകരിൽനിന്നും സംഭരിച്ചുവരുന്നുണ്ട്. 2017-18 വർഷം പ്രാദേശിക നെല്ല് സംസ്കരണത്തിനായി മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ പദ്ധതി ഉൾപ്പെടുന്ന റൈസ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**കാർഷിക കടാശ്വാസ കമ്മീഷൻ കാലാവധി നീട്ടാൻ നടപടി**

24 (3947) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ ഏത് വർഷം വരെയുള്ള കടങ്ങൾക്കാണ് ആശ്വാസ നടപടി നൽകി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) വായ്പയുടെ കാലവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കാർഷിക മേഖലയിൽ ഉണ്ടായ സാമ്പത്തിക തകർച്ച കാരണം കടക്കെണിയിലായ കർഷകർക്ക് 18-1-2007-ന് മുമ്പായി സഹകരണ സംഘം/മറ്റ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയ്ക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി കടാശ്വാസം നൽകിവരുന്നു. കാർഷിക പ്രതിസന്ധി ബാധിച്ച വയനാട് ജില്ലയിൽ 2011 ഒക്ടോബർ 31 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കാർഷിക കടാശ്വാസ കമ്മീഷൻ ആനുകൂല്യങ്ങൾ**

25 (3948) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമയബന്ധിതമായി ആനുകൂല്യങ്ങൾ നൽകുന്നതിന് കാർഷിക കടാശ്വാസ കമ്മീഷന് കഴിയുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

18-1-2007-ന് മുമ്പായി സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്ത കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിനായി അപേക്ഷ നൽകാനുള്ള സമയപരിധി 31-5-2009 ആയി നിശ്ചയിക്കുകയും വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ഈ ജില്ലയിലെ 31-10-2011 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തു. പിന്നീട് കടാശ്വാസത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2015 ഒക്ടോബർ 31 ആയി പുനർനിശ്ചയിക്കുകയുണ്ടായി. അപ്രകാരം ലഭിച്ച അപേക്ഷകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽവച്ച് സിറ്റിംഗുകൾ നടത്തി കടാശ്വാസത്തിനായി ശിപാർശ ചെയ്തുവരുന്നു. 2015 ഒക്ടോബർ 31-ന് മുമ്പായി ലഭിച്ച 477198 അപേക്ഷകളിൽ 430093 അപേക്ഷകൾ നാളിതുവരെ തീർപ്പാക്കുകയും 127132 കർഷകർക്ക് കടാശ്വാസ ആനുകൂല്യത്തിന് ശിപാർശ നടത്തുകയും ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കാർഷിക മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

26 (3949) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ബാബു :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാർഷിക മേഖലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

(എ) **50% കേന്ദ്ര പദ്ധതികൾ (50% സംസ്ഥാന വിഹിതം)**

പ്രാദേശിക തെങ്ങിൻതൈ സ്ഥാപിക്കൽ (നാളികേര വികസന ബോർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നത്)

(ബി) **60% കേന്ദ്ര പദ്ധതികൾ**

(1) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി

(2) ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി

(3) വൃഷ്ടിപ്രദേശ വികസന പദ്ധതി

(4) നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ് & ഓയിൽ പാം - എണ്ണപ്പന കൃഷി വ്യാപനം

(5) ആത്മ പദ്ധതി

(6) ആർ.കെ.വി.വൈ. പദ്ധതി

(7) സോയിൽ ഹെൽത്ത് കാർഡ് പദ്ധതി

(8) സോയിൽ ഹെൽത്ത് മാനേജ്മെന്റ് പദ്ധതി

(9) പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി

(10) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതി

(11) കാർഷിക യന്ത്രവത്കരണ പദ്ധതി

(12) വിള ഇൻഷ്വറൻസ് പദ്ധതി

(13) സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ

(14) സബ്മിഷൻ ഓൺ സീഡ്സ് & പ്ലാന്റിംഗ് മെറ്റീരിയൽ

(15) നാഷണൽ ഇ-ഗവേണൻസ് പദ്ധതി.

(സി) **100% കേന്ദ്ര പദ്ധതി**

ദേശീയ ബയോഗ്യാസ് & മാനുവർ മാനേജ്മെന്റ് പ്രോഗ്രാം.

**കാർഷിക തൊഴിൽദാന പദ്ധതി**

27 (3950) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻപ് ആരംഭിച്ച കാർഷിക തൊഴിൽദാന പദ്ധതി പരാജയമായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനായി 1995-ൽ സംസ്ഥാന സർക്കാരിന്റെ വിഹിതമായി 10 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പൂർണ്ണമായും വിജയകരമായിരുന്നില്ല.

(ബി) കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളെ ഏതെങ്കിലും സ്ഥിരം തൊഴിലായി സ്വീകരിച്ച് വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തെരഞ്ഞെടുത്ത് സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1994-ൽ ആരംഭിച്ച ഒരുലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ 97849 പേർ അംഗങ്ങളായി ചേർന്നു. ടി അംഗങ്ങൾക്ക് ആവശ്യമുള്ളപക്ഷം ആവശ്യമായ വായ്പാ സൗകര്യങ്ങളും തൊഴിൽ പരിശീലനങ്ങളും കൂടാതെ കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, കാർഷിക സർവ്വകലാശാല തുടങ്ങിയ വകുപ്പുകളും സ്ഥാപനങ്ങളും നടപ്പാക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകി സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിട്ടിരുന്നു. പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പഞ്ചായത്ത്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ നിലവിൽ 85297 അംഗങ്ങൾ ഉണ്ട്.

പദ്ധതി പ്രകാരം നിലവിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

(1) പദ്ധതിയിലെ അംഗങ്ങൾ മറ്റ് തൊഴിൽകിട്ടി പോകുകയോ സ്വമേധയാ എന്നെങ്കിലും പദ്ധതി വിട്ടുപോകുകയോ ചെയ്യുകയാണെങ്കിൽ അംഗങ്ങൾക്ക് 7,500 രൂപ ഇപ്പോൾ നൽകിവരുന്നു.

(2) പദ്ധതിയിൽ അംഗമായിരിക്കെ ശാരീരികമായോ മാനസികമായോ അവശത അനുഭവിക്കുകയാണെങ്കിൽ 25,000 രൂപ ഒറ്റത്തവണ ആനുകൂല്യമായി നൽകിവരുന്നു.

(3) പദ്ധതിയിലെ അംഗത്തിന് മരണം സംഭവിച്ചാൽ ടിയാളുടെ നോമിനിക്ക് 25,000 രൂപയും നൽകിവരുന്നു.

(സി) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ സർക്കാർ വിഹിതമായ 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക കൂടാതെ അംഗങ്ങളിൽനിന്ന് സമാഹരിച്ച 10,41,98,508 രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടുണ്ട്.

**വർക്കല മണ്ഡലത്തിലെ കൃഷി ഓഫീസുകളിലെ ഒഴിവുകൾ**

28 (3951) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷി ഓഫീസുകളിൽ എത്ര തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാം ഓഫീസുകളിൽ ഏതെല്ലാം തസ്തികകളിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വർക്കല നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള കൃഷി ഓഫീസുകളിലെല്ലാം ജീവനക്കാർ നിലവിൽ ഉണ്ട്.

**നാദാപുരം മണ്ഡലത്തിൽ അഗ്രോ-ബസാർ ആരംഭിക്കാൻ നടപടി**

29 (3952) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിൽ അഗ്രോ-ബസാർ തുടങ്ങുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര അഗ്രോ-ബസാറുകൾ പ്രവർത്തിക്കുന്നുണ്ട്; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി പഞ്ചായത്തിൽ അഗ്രോ-ബസാർ തുടങ്ങുന്ന വിഷയം സർക്കാർ പരിഗണിച്ചുവരികയാണ്.

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരത്ത് ഒരു അഗ്രോ സൂപ്പർ ബസാർ പ്രവർത്തിച്ചുവരുന്നു. കെയ്കോയുടെ ഉടമസ്ഥതയിൽത്തന്നെ പുനലൂർ, പരവൂർ, കൊട്ടാരക്കര (കൊല്ലം), തിരുവല്ല (പത്തനംതിട്ട), അത്താണി (എറണാകുളം), അരിമ്പൂർ (തൃശ്ശൂർ), പാനൂർ (കണ്ണൂർ), അമ്പലപ്പുഴ (ആലപ്പുഴ), കൽപ്പറ്റ (വയനാട്), തൊടുപുഴ (ഇടുക്കി) എന്നിവിടങ്ങളിൽ അഗ്രോ ബസാറുകൾ പ്രവർത്തിച്ചുവരുന്നു. തൃശ്ശൂരിൽ ഒരു അഗ്രോ സൂപ്പർ ബസാറിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു.

## കേരഫെഡിലെ അഴിമതി കേസ്സുകൾ

30 (3953) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിൽ മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളുടെ വിശദവിവരം നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളുടെ അടിസ്ഥാനത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) ഇതിൽ കോടതിയിൽ സമർപ്പിച്ചിട്ടുള്ള എത്ര കേസ്സുകൾ ഉണ്ട്; വിശദവിവരം നൽകുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ - ഇ) ഈ സർക്കാർ അധികാരമേറ്റയുടനെ കേരഫെഡിലെ അഴിമതി സംബന്ധിച്ച് കൃഷി വകുപ്പ് വിജിലൻസ് സെൽ നടത്തിയ അന്വേഷണ റിപ്പോർട്ട് പരിശോധിക്കുകയും റിപ്പോർട്ടിൽ പറയുന്ന പ്രകാരം വിജിലൻസ് & ആന്റി

കറപ്ഷൻ ബ്യൂറോയ്ക്ക് വിശദമായ അന്വേഷണത്തിന് നൽകിയിരിക്കുകയുമാണ്. വിജിലൻസ് അന്വേഷണത്തെ ബാധിക്കുന്നതിനാൽ വിശദവിവരങ്ങൾ ഇപ്പോൾ ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

അന്വേഷണത്തിന്റെ ഭാഗമായി കൃഷി വകുപ്പ് ഡയറക്ടറെ തൽസ്ഥാനത്തുനിന്നും മാറ്റിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## ചാലക്കുടി മണ്ഡലത്തിൽ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കുന്ന പദ്ധതികൾ

31 (3954) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ, കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്നും അറിയിക്കാമോ;

(ബി) ചാലക്കുടി മുനിസിപ്പാലിറ്റി 23-ാം വാർഡിലെ പ്രധാന ജലസ്രോതസ്സായ കണ്ണംകുളം വൃത്തിയാക്കി, കെട്ടിസംരക്ഷിക്കാനായി കെ.എൽ.ഡി.സി.ക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനുള്ള അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ പുരോഗതിയും താഴെ കൊടുത്തിരിക്കുന്നു:

1. ആർ.ഐ.ഡി.എഫ്. Tranche XIX-കൊടകര ഗ്രാമപഞ്ചായത്തിലെ ചെറുവത്തൂർ ചിറയുടെ നവീകരണ പ്രവൃത്തികൾ - പൂർത്തീകരിച്ചു.

2. ആർ.ഐ.ഡി.എഫ്. Tranche XX-കൊടകര ഗ്രാമ പഞ്ചായത്തിലെ അന്നംചിറ കുളം, കണ്ടംകുളങ്ങര കുളം എന്നിവയുടെ നവീകരണ പ്രവൃത്തികൾ - പൂർത്തീകരിച്ചു.

3. ആർ.ഐ.ഡി.എഫ്. Tranche XXII-കപ്പത്തോട്, ചിക്കാമുണ്ടിക്കുളം, കാവനാട് ചിറ എന്നിവയുടെ നവീകരണ പ്രവൃത്തികൾ - ടെണ്ടർ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

4. ആർ.കെ.വി.വൈ. (2015-16) – കൊടകര ഗ്രാമ പഞ്ചായത്തിലെ തുപ്പൻചിറ, പുതുക്കുളങ്ങര കുളം എന്നിവയുടെ നവീകരണ പ്രവൃത്തികൾ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി & സി) പ്രസ്തുത പ്രവൃത്തി PMKSY ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതാണ്.

**മുളവുകാട്, കടമക്കുടി പഞ്ചായത്തുകളിലെ തരിശുഭൂമിയിൽ കൃഷി**

32 (3955) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ തരിശായി കിടന്ന എത്ര ഏക്കർ സ്ഥലത്ത് കൃഷി പുനരാരംഭിച്ചു എന്ന് വിശദമാക്കാമോ;

(ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, കടമക്കുടി പഞ്ചായത്തുകളിൽ ഏക്കർകണക്കിന് കൃഷിഭൂമി തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥലങ്ങളിൽ കൃഷി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷം എറണാകുളം ജില്ലയിൽ തരിശായി കിടന്ന 535 ഏക്കർ സ്ഥലത്ത് കൃഷി പുനരാരംഭിച്ചു. 2017-18 വർഷം 750 ഏക്കർ സ്ഥലത്തുകൂടി കൃഷി ഇറക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിൽ മൊത്തം 750 ഏക്കറോളം തരിശുനിലം 2017-18 സാമ്പത്തികവർഷം കൃഷി ചെയ്യുന്നതിന്റെ ഭാഗമായി വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുളവുകാട്, കടമക്കുടി എന്നീ പഞ്ചായത്തുകളിലെ കർഷകരുടേയും സ്ഥല ഉടമകളുടേയും യോഗങ്ങൾ ചേരുകയും തരിശായി കിടക്കുന്ന പരമാവധി സ്ഥലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**കാസർഗോഡ് ജില്ലയിലെ വാട്ടർഷെഡ് പദ്ധതികൾ**

33 (3956) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വാട്ടർഷെഡ് പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ നിന്ന് എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നു; വിശദാംശംങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതികളിൽ എത്ര എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണപുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന വാട്ടർഷെഡ് പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽനിന്ന് 4 പദ്ധതികൾ സമർപ്പിച്ചിരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം) |
|---|---|---|---|
| 1 | ഹെരൂർ-ചിന്നമൊഗറു വാട്ടർഷെഡ് | മംഗൽപാടി | 60 |
| 2 | മുക്കുറ്റിച്ചാൽ വാട്ടർഷെഡ് | പനത്തടി | 110 |
| 3 | ഭീമനടി-കുറുക്കുട്ടിപൊയിൽ വാട്ടർഷെഡ് | കിനാനൂർ | 120 |
| 4 | കാക്കച്ചാൽ വാട്ടർഷെഡ് | കുറ്റിക്കോൽ | 150 |

മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഹെരൂർ-ചിന്നമൊഗറു, മുക്കുറ്റിച്ചാൽ എന്നീ രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ പി.എം.കെ.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

34 (3957) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തികവർഷത്തിൽ പ്രധാനമന്ത്രി കൃഷി സിൻചായീ യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ജില്ലയിൽനിന്ന് എത്ര പ്രോജക്ടുകൾ സമർപ്പിച്ചിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അനുമതി ലഭിച്ച പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ഡി) 2017-18 വർഷത്തേക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2016-17 സാമ്പത്തികവർഷത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (പി.എം.കെ.എസ്.വൈ.) പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന്റെ പ്രവൃത്തികൾക്കൊന്നുംതന്നെ അനുമതി ലഭിച്ചിട്ടില്ല. എന്നാൽ എസ്.എച്ച്.എം. ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ആറ് ജലസേചന പ്രവൃത്തികൾക്ക് SLSC-യുടെ അംഗീകാരം ലഭിച്ചിരുന്നു. ജലസേചന വകുപ്പിൽനിന്നും ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ 725 ലക്ഷം രൂപയുടെ 21 പ്രവൃത്തികൾക്ക് SLSC-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽനിന്നും ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. ഗ്രാമവികസന വകുപ്പിൽനിന്നും 1120 പ്രവൃത്തികൾ ജില്ലാ ജലസേചന പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾക്ക് SLSC-യുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(സി) കൃഷി വകുപ്പിൽനിന്നും പി.എം.കെ.എസ്.വൈ.-യുടെ എസ്.എച്ച്.എം. ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച 2016-17 വർഷത്തെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽനിന്നും ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ജലസേചന വകുപ്പിൽനിന്നുള്ള പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. ഗ്രാമവികസന വകുപ്പിൽനിന്നുള്ള പ്രവൃത്തികൾക്ക് SLSC-യുടെ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) 2017-18 വർഷത്തേയ്ക്കുള്ള ആനുവൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ പദ്ധതികൾ**

35 (3958) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റശേഷം കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഏതെങ്കിലും പുതിയ പദ്ധതിക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പേരും വിശദാംശങ്ങളും ഉദ്ദേശലക്ഷ്യവും വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കൃഷി വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധം I-ൽ* ചേർത്തിരിക്കുന്നു.

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ കുളങ്ങളുടേയും തടയണകളുടേയും നിർമ്മാണത്തിനായി പുതിയ ഒരു പദ്ധതി ആവിഷ്കരിച്ച് വരുന്നുണ്ട്. ആയത് പ്രാരംഭ ഘട്ടത്തിലാണ്. കുറ്റ്യാടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പ് രൂപം നൽകിയിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം II-ൽ* ചേർത്തിരിക്കുന്നു.

## കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

36 (3959) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് ഭരണാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികൾ എന്തെല്ലാം; ഓരോ പദ്ധതിയുടേയും തുക എത്രയാണ്;

(ബി) 2017-2018 വർഷത്തേയ്ക്ക് കൃഷി വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിൽ കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിലെ കോൾ നിലങ്ങളിലും തരിശ് നിലങ്ങളിലും കൃഷി വികസിപ്പിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തേയ്ക്ക് കൃഷി വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(സി & ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിൽ ആധുനികരീതിയിലുള്ള നഴ്സറി**

37 (3960) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷിതോട്ടത്തിൽ ആധുനികരീതിയിലുള്ള നഴ്സറി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ആധുനികരീതിയിലുള്ള നഴ്സറി ആരംഭിക്കുന്നതിന് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഒരേ സമയം 2 ലക്ഷം കുരുമുളക് വള്ളികൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻഹൗസ് നഴ്സറികൾ

2. 20000 ടിഷ്യൂകൾച്ചർ വാഴകൾ ഹാർഡൻ ചെയ്യുന്നതിനുള്ള ഗ്രീൻഹൗസ് നഴ്സറികൾ

3. ഒരേ സമയം 50000 പച്ചക്കറിതൈകൾ ഉത്പാദിപ്പിക്കാൻ സൗകര്യമുള്ള പ്രോട്രേ

4. വിളയില്ലാത്ത സമയത്ത് ഏകദേശം 75000 പച്ചക്കറിതൈകൾ ഉത്പാദിപ്പിക്കാൻ സൗകര്യമുള്ള 500 എം2 പോളിഹൗസ്

5. ഒരേ സമയം ഒരു ലക്ഷം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻഹൗസുകൾ

6. റാപ്പിഡ് മൾട്ടിപ്ലിക്കേഷൻ വഴി കുരുമുളക് വള്ളികൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന ഗ്രീൻ ഹൗസുകൾ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിനത്തിൽ കർഷകർക്ക് വിതരണം ചെയ്ത തുക

38 (3961) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലസ്ഥിരതാഫണ്ടിനായി 2016-17-ൽ എത്ര തുക വകയിരുത്തിയെന്ന് അറിയിക്കാമോ;

(ബി) ഇക്കാലയളവിൽ വിലസ്ഥിരതാ ഫണ്ടിനത്തിൽ റബ്ബർ കർഷകർക്ക് എത്ര തുക വിതരണം ചെയ്തു;

(സി) എത്ര റബ്ബർ കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 500 കോടി രൂപ.

(ബി) ഇതിൽ 449.77 കോടി രൂപ.

(സി) 334276 കർഷകർ.

## കൊയിലാണ്ടി മണ്ഡലത്തിലെ കൃഷി ഭവനുകളിലെ ഡാറ്റാബാങ്കിലെ അപാകതകൾ

39 (3962) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് കൃഷി ഭവൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ തീർപ്പാവാത്തതും തീരുമാനമാകാത്തതുമായ എത്ര അപേക്ഷകൾ ഉണ്ടെന്ന് കൃഷിഭവൻ തിരിച്ച് വിശദമാക്കാമോ ; പ്രസ്തുത അപേക്ഷകരുടെ പേര്, വിലാസം, പഞ്ചായത്ത് മുതലായവ വിവരങ്ങൾ വിശദമാക്കി പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇത്തരം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## കൃഷിയോഗ്യമായ സർക്കാർഭൂമി കർഷകർക്ക് വിട്ടുകൊടുക്കുന്നതിന് നടപടി

40 (3963) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയോഗ്യമായ സർക്കാർ ഭൂമി കർഷകർക്ക് പാട്ടത്തിന് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽപ്പെട്ട എത്രത്തോളം ഭൂമി സർക്കാരിന്റെ പക്കൽ ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽപ്പെട്ട ഭൂമി താൽപ്പര്യമുള്ള കർഷകർക്ക് കൃഷി ചെയ്യുന്നതിനായി വിട്ടു കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കൃഷി വകുപ്പിലെ ഫാമുകളിലെ ഭൂമി കർഷകർക്ക് പാട്ടത്തിന് നൽകുന്നതിന് വ്യവസ്ഥയില്ല. എന്നാൽ കൃഷി വകുപ്പിന് കീഴിലുള്ള അഗ്രി ഹോൾസെയിൽ മാർക്കറ്റുകളായ മൂവാറ്റുപുഴ ഇ.ഇ.സി. മാർക്കറ്റിൽ 3 ഏക്കറും വേങ്ങരയിൽ 10 ഏക്കറും സുൽത്താൻ ബത്തേരിയിൽ 3.41 ഏക്കറും ഹ്രസ്വകാല കൃഷിക്ക് കുടുംബശ്രീ പോലുള്ള അയൽക്കൂട്ടങ്ങൾക്ക് മാർക്കറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി താൽക്കാലികമായി കാർഷികാവശ്യത്തിന് ലഭ്യമാക്കിയിരുന്നു.

(സി) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കൃഷിഭൂമികളിലെല്ലാം സർക്കാർ നേരിട്ട് കൃഷി ഇറക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള പരാതി പരിശോധന**

41 (3964) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർത്തട സംരക്ഷണ നിയമ പരിധിയിലെ ഭൂമി തരംമാറ്റൽ അന്വേഷണ സംസ്ഥാന സമിതി എത്ര ഭൂമി /പരാതി പരിശോധിച്ചിട്ടുണ്ട്;

(ബി) സംസ്ഥാന സമിതിയുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയെണ്ണത്തിന് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏറ്റവും കൂടുതൽ അനുമതി നൽകിയത് എത് ജില്ലയിലാണ്;

(ഡി) ഇപ്രകാരം അനുമതി നൽകിയതിൽ പൊതുആവശ്യത്തിനുള്ളതും സ്വകാര്യ ആവശ്യത്തിനുള്ളതും തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 625 അപേക്ഷകൾ പരിശോധിച്ചിട്ടുണ്ട്.

(ബി) 245.

(സി) എറണാകുളം.

(ഡി) സംസ്ഥാനതല സമിതിക്ക് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 10 പ്രകാരം പൊതുആവശ്യത്തിന് മാത്രമേ തരംമാറ്റാൻ അനുമതി നൽകാൻ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ സാധിക്കുകയുള്ളൂ. സ്വകാര്യ ആവശ്യത്തിന് തരംമാറ്റം അനുവദിക്കാൻ വ്യവസ്ഥയില്ല.

## നെൽകൃഷിയും തരിശുഭൂമിയും

42 (3965) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നുണ്ടെന്നും എത്ര ഹെക്ടർ സ്ഥലം തരിശായി കിടക്കുന്നുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2016-17-ലെ സ്ഥിതി വിവരക്കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. 2016-17-ലെ കൃഷി വകുപ്പിന്റെ കണക്ക് പ്രകാരം ഏകദേശം 202525.028 ഹെക്ടർ സ്ഥലത്താണ് നിലവിൽ നെൽകൃഷി ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത്. (എസ്റ്റിമേറ്റഡ്)

ആയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | നെൽകൃഷി നടത്തുന്ന സ്ഥലത്തിന്റെ വിവരങ്ങൾ (ഹെക്ടറിൽ) | തരിശായി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ (ഹെക്ടറിൽ) |
|---|---|---|
| തിരുവനന്തപുരം | 2171.125 | 742.39 |
| കൊല്ലം | 2326.63 | 1408.4 |
| പത്തനംതിട്ട | 3693 | 1783.05 |
| ആലപ്പുഴ | 44253 | 4362.55 |
| കോട്ടയം | 16442.45 | 3113.14 |
| ഇടുക്കി | 894.966 | 180 |
| എറണാകുളം | 4559.495 | 1340 |
| തൃശ്ശൂർ | 21425.33 | 4274.814 |
| പാലക്കാട് | 77944.647 | 4681.122 |
| മലപ്പുറം | 7184.46 | 2139.9 |
| കോഴിക്കോട് | 4063.24 | 942.62 |
| വയനാട് | 8478.816 | 771.7 |
| കണ്ണൂർ | 4870.179 | 1924.2 |
| കാസർഗോഡ് | 4217.69 | 786.5 |
| **ആകെ** | **202525.028** | **28450.386** |

**നാളികേരത്തിന് താങ്ങുവില**

43 (3966) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന് താങ്ങുവില നിശ്ചയിച്ച് കേരഫെഡ് കർഷകരിൽ നിന്നും നാളികേരം നേരിട്ട് സംഭരിക്കുന്ന പദ്ധതിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് ഇപ്പോൾ നാളികേര കർഷകർക്ക് സബ്സിഡി നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുണ്ടായിരുന്ന കൃഷിഭവനുകളും സന്നദ്ധത പ്രകടിപ്പിച്ച കേരഫെഡിലെ അംഗസംഘങ്ങളും നാളികേര ഉത്പാദക കമ്പനികളുംവഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ട് അടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ എന്നിവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നൽകുവാൻ പദ്ധതി വിഭാവന ചെയ്യുന്നു. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 60 എണ്ണം വരെ നൽകുന്നതിന് 1.2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേയ്ക്കായി 5.25 ലക്ഷം രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റൊന്നിന് 10,000 രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 8 യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000 രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും ബോധവത്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000 രൂപയും

പൊതുആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൂട്ടായ്മ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുതല കേര സമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## മില്ലുടമകളുടെ കിഴിവുതള്ളൽ എന്ന പ്രക്രിയ നിമിത്തം നെൽകർഷകരുടെ നഷ്ടം

44 (3967) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ പുഞ്ചകൃഷി പാടങ്ങളിൽ ഉപ്പുവെള്ളം കയറിയതിന്റെ അടിസ്ഥാനത്തിർ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പ് നഷ്ടപരിഹാരം നൽകുമോ;

(ബി) നെല്ല് സംഭരിക്കുന്ന മില്ലുടമകളുടെ കിഴിവുതള്ളൽ എന്ന പ്രക്രിയ നിമിത്തം കർഷകരുടെ നഷ്ടം ഇരട്ടിയാക്കുന്ന പ്രശ്നം കൃഷി വകുപ്പ് എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ;

(സി) നെൽകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷരുടെ നഷ്ടം കുറയ്ക്കുന്നതിനും വളം, വിത്ത്, കൃഷിയിറക്കാനുള്ള ചെലവ് എന്നിവ വഹിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പുഞ്ചകൃഷി പാടങ്ങളിൽ ഉപ്പുവെള്ളം കയറിയതിന്റെ അടിസ്ഥാനത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിൽനിന്നും നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ പ്രസ്തുത പാടങ്ങളിൽ വരൾച്ചമൂലം ഉണ്ടാകുന്ന 33%-നുമേൽ നെൽകൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(ബി) ഗുണനിലവാരം കുറഞ്ഞ നെല്ല് കർഷകരിൽനിന്നും സംഭരിക്കുന്ന മില്ലുടമകളുടെ കിഴിവുതള്ളൽ നിമിത്തം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ജില്ലകളിൽനിന്നും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗതീരുമാന പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി വികസനത്തിനുമായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ നെൽകൃഷി വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നെൽകർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ രജിസ്റ്റേർഡ്

വിത്തുത്പാദന പദ്ധതി പ്രകാരം ഉത്പാദിപ്പിക്കുകയും സർട്ടിഫൈഡ് വിത്തുകൾ കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി (KSSDA) മുഖേന ന്യായമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തുവരുന്നുമുണ്ട്. നെൽകൃഷിക്കാവശ്യമായ വളം സംസ്ഥാനത്തുള്ള വളം ഡീലർമാർവഴി സ്റ്റോക്ക് ചെയ്ത് കർഷകർക്ക് വില്പന നടത്തിവരുന്നു. നെൽകൃഷിക്കാവശ്യമായ രാസവളങ്ങൾ, റോക്ക് ഫോസ്ഫേറ്റ്, എൻ.പി.കെ. മിക്സർ വളങ്ങൾ എന്നിവയും ആവശ്യത്തിന് ലഭ്യമാണ്. നെൽകൃഷിക്ക് ആവശ്യമായ കുമ്മായ വസ്തുക്കൾ ഹെക്ടറൊന്നിന് 5,400 രൂപ 75% സബ്സിഡി നിരക്കിൽ തെരഞ്ഞെടുത്ത ജില്ലകളിലെ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയും കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. നെൽകൃഷി ഉത്പാദനോപാധികൾ, യന്ത്രവത്കരണം എന്നിവയ്ക്കുള്ള സഹായത്തിനായി ത്രിതല പഞ്ചായത്ത് പദ്ധതികളും കൃഷിഭവൻ മുഖേന നെൽകർഷകർക്കായി നടപ്പാക്കിവരുന്നുണ്ട്.

നെൽ കർഷകർക്ക് ഉത്പാദന ബോണസായി ഹെക്ടറിന് ഒരു സീണണിലേയ്ക്ക് 1,000 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. കൂടാതെ നെൽകർഷകർക്ക് ഭൂപരിധി ഇല്ലാതെ 2 ഹെക്ടർ സൗജന്യ വൈദ്യുതിയുടെ ആനുകൂല്യവും നൽകുന്നുണ്ട്.

**നെൽകൃഷിയോടുള്ള താത്പര്യം സംരക്ഷിക്കാൻ നടപടി**

45 (3968) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ഏറ്റവും പുതിയ സ്ഥിതിവിവരക്കണക്കുപ്രകാരം സംസ്ഥാനത്തെ നിലവിലെ നെൽവയൽ വിസ്തൃതി എത്രയാണ്;

(ബി) ഈ സ്ഥിതിവിവരക്കണക്കുപ്രകാരം ഓരോ ജില്ലയിലെയും നെൽവയൽ വിസ്തൃതി എത്രയാണ്;

(സി) നെൽവയൽ വിസ്തൃതി ഇനിയും കുറയാതിരിക്കുവാൻ ഇപ്പോൾ നടപ്പിലാക്കി വരുന്ന നെൽകർഷക ക്ഷേമ പദ്ധതികളും നെൽവയൽ സംരക്ഷണ പദ്ധതികളും എന്തെല്ലാമാണ്;

(ഡി) നെല്ലുൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കുവാനും കർഷകർക്ക് നെൽകൃഷിയിലുള്ള താൽപ്പര്യം വർദ്ധിക്കുന്നതിന് പരമാവധി സഹായങ്ങൾ ലഭ്യമാക്കുവാനും നെൽകർഷകർക്കു മാത്രമായി ഒരു ഏകജാലക കർഷക സൗഹൃദ സംവിധാനം രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ 2016-17-ലെ സ്ഥിതി വിവരക്കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ല. 2016-17-ലെ കൃഷി വകുപ്പിന്റെ കണക്കുപ്രകാരം ഏകദേശം 202525.028 ഹെക്ടർ സ്ഥലത്താണ് നിലവിൽ നെൽകൃഷി ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നത്. (എസ്റ്റിമേറ്റഡ്)

(ബി)

| ജില്ല | നെൽവയൽ വിസ്തൃതി (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 2171.125 |
| കൊല്ലം | 2326.63 |
| പത്തനംതിട്ട | 3693 |
| ആലപ്പുഴ | 44253 |
| കോട്ടയം | 16442.45 |
| ഇടുക്കി | 894.966 |
| എറണാകുളം | 4559.495 |
| തൃശ്ശൂർ | 21425.33 |
| പാലക്കാട് | 77944.647 |
| മലപ്പുറം | 7184.46 |
| കോഴിക്കോട് | 4063.24 |
| വയനാട് | 8478.816 |
| കണ്ണൂർ | 4870.179 |
| കാസർഗോഡ് | 4217.69 |
| **ആകെ വിസ്തൃതി** | **202525.028** |

(സി) സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. വികസന ഏജൻസികൾക്കുള്ള ഫണ്ട്
3. പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി

5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 - ഡാറ്റാ ബാങ്ക് വാലിഡേഷൻ
6. കരനെൽകൃഷി വികസനം
7. തരിശുനിലങ്ങളിൽ നെൽകൃഷി
8. തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത്തല അവാർഡ്
9. ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം
10. നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം
11. നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം
12. പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം
13. രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി
14. ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം
15. നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി.

(ഡി) കൃഷിഭവൻ തലത്തിൽ നെൽകർഷകർക്ക് മാത്രമായി ഒരു ഏകജാലക കർഷക സൗഹൃദ സംവിധാനം നിലവിലുണ്ട്.

**തെങ്ങ് കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ**

46 (3969) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾമൂലം തെങ്ങ്കൃഷിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ/ഉൽപാദന വർദ്ധനവ് എത്രയാണ്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് നീരയുൽപ്പാദനം നടത്തിവരുന്ന ഏജൻസികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പ്രധാന വിളയായ തെങ്ങ് കൃഷി 2012-13 വർഷം 7,98,162 ഹെക്ടറിലും 2013-14 വർഷം 808647 ഹെക്ടറിലും 2014-15 വർഷം 793856 ഹെക്ടറിലും 2015-16 വർഷം 790223 ഹെക്ടറിലും കൃഷി ചെയ്തുവരുന്നതായി സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. 2012-13 വർഷം 5799 മില്യൺ നാളികേരം ആയിരുന്ന ഉത്പാദനം 2013-14 വർഷം 5921 മില്യൺ ആയും 2014-15 വർഷം 5947 മില്യൺ നാളികേരമായും വർദ്ധിച്ചിട്ടുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 2015-16 വർഷം വിസ്തൃതി കുറഞ്ഞപ്പോൾ ഉത്പാദനത്തിൽ 1.25% കുറവ് ഉണ്ടായതായി കാണുന്നു.

(ബി) നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന നാളികേര ഉത്പാദന സമിതികളിലൂടെയും നാളികേര ഉത്പാദന ഫെഡറേഷനുകളിലൂടെയുമാണ് സംസ്ഥാനത്ത് നീര ഉത്പാദനം നടത്തിവരുന്നത്. സംസ്ഥാനത്ത് നീരയുത്പാദനം നടത്തിവരുന്ന ഏജൻസികൾ ചുവടെ ചേർക്കുന്നു:

1. കൈപ്പുഴ നാളികേര ഉത്പാദക കമ്പനി
2. കരപ്പുറം നാളികേര ഉത്പാദക കമ്പനി
3. കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി
4. കൊടുങ്ങല്ലൂർ നാളികേര ഉത്പാദക കമ്പനി
5. കോഴിക്കോട് നാളികേര ഉത്പാദക കമ്പനി
6. തിരുക്കൊച്ചി നാളികേര ഉത്പാദക കമ്പനി
7. വടകര നാളികേര ഉത്പാദക കമ്പനി
8. പാലക്കാട് നാളികേര ഉത്പാദക കമ്പനി
9. തേജസ്വിനി നാളികേര ഉത്പാദക കമ്പനി
10. പേരാമ്പ്ര നാളികേര ഉത്പാദക കമ്പനി
11. കടത്തനാട് നാളികേര ഉത്പാദക കമ്പനി
12. തിരൂർ നാളികേര ഉത്പാദക കമ്പനി
13. മലപ്പുറം നാളികേര ഉത്പാദക കമ്പനി

14. തൃശ്ശൂർ നാളികേര ഉത്പാദക കമ്പനി

15. ഓണാട്ടുകര നാളികേര ഉത്പാദക കമ്പനി

16. കോട്ടയം നാളികേര ഉത്പാദക കമ്പനി

17. കൊയിലാണ്ടി നാളികേര ഉത്പാദക കമ്പനി

18. വയനാട് നാളികേര ഉത്പാദക കമ്പനി.

**വിഷപച്ചക്കറികൾ വിതരണം ചെയ്യുന്നത് തടയുവാൻ നടപടി**

47 (3970) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷപച്ചക്കറികൾ വിതരണം ചെയ്യുന്നത് തടയാനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിൽ ഏത് സംസ്ഥാനത്തുനിന്നും വരുന്ന പച്ചക്കറികളിലാണ് അപകടകരമായ രീതിയിൽ വിഷം കലർന്നതായി ശ്രദ്ധയിൽപ്പെട്ടത്;

(സി) പച്ചക്കറികളിൽ കണ്ടുവരുന്ന വിഷ പദാർത്ഥങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴം-പച്ചക്കറികളുടെ സാമ്പിളുകൾ മാർക്കറ്റിൽനിന്നും ശേഖരിച്ച് വിഷാംശ പരിശോധന നടത്തി റിപ്പോർട്ട് പരസ്യപ്പെടുത്തുന്നു. ചെക്ക് പോസ്റ്റുകളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിലുള്ള ലാബുകളിൽ പരിശോധിച്ച് റിപ്പോർട്ട് പരസ്യപ്പെടുത്തുന്നുണ്ട്. അമിതമായ കീടനാശിനി പ്രയോഗത്തിനെതിരെ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ജൈവകൃഷിയുടെ വ്യാപനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. നല്ല കൃഷിമുറകൾ പാലിച്ചുകൊണ്ട് വിഷവിമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കുന്ന കർഷകർക്ക് ധനസഹായവും നൽകുന്നുണ്ട്. കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് എത്തുന്ന പച്ചക്കറികൾ (ആകസ്മിക) റാന്റം സാമ്പിൾ പരിശോധന നടത്തുന്നതിനാൽ ഏത് സംസ്ഥാനത്തേതെന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ല. ഇതര സംസ്ഥാന പച്ചക്കറികളിൽ കീടനാശിനിയുടെ ഉപയോഗം കാണുന്നുണ്ട്.

(സി) സൈപെർമെത്രിൻ, മാലത്തയോൺ, പ്രൊഫനോഫോസ്, എത്തയോൺ, ലാംഡാ സൈഹാലോതിൻ, ഡൈമെത്തോയേറ്റ്, ഫെൻവാലറേറ്റ്, ക്ലോർപൈറ്ഫോസ്, ട്രയസോഫോസ്, ഫെൻപ്രൊപാത്രിൻ, ബൈഫെൻത്രിൻ, സൈഫ്ലൂത്രിൻ, ക്യൂനാൽഫോസ് എന്നീ കീടനാശിനികളുടെ അംശം കണ്ടെത്തിയിട്ടുണ്ട്.

**അഗ്രികൾച്ചറൽ ഓഫീസർമാരുടെ ഒഴിവുകൾ**

48 (3971) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷിവകുപ്പിൽ അഗ്രികൾച്ചറൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇത് നികത്തുന്നതിനായി അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രികൾച്ചറൽ ഓഫീസർമാരുടെ 172 ഒഴിവുകൾ നിലവിലുണ്ട്. വകുപ്പുതല പ്രൊമോഷൻ മുഖേന നികത്തേണ്ട 13 ഒഴിവുകൾ കൂടാതെ നേരിട്ട് നിയമനം നടത്തേണ്ട 159 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. ഇന്റർവ്യൂ നടത്തിക്കഴിഞ്ഞിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് ഒഴിവുകളിൽ സമയബന്ധിതമായി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കാരക്കുളത്തുനാട്, കോട്ടാറ്റ് പാടശേഖരങ്ങളിൽ**
**നീലക്കോഴി ആക്രമണം**

49 (3972) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിയിലെ കാരക്കുളത്തുനാട്, കോട്ടാറ്റ് തുടങ്ങിയ പാടശേഖരങ്ങളിൽ നീലക്കോഴി ഉൾപ്പെടെയുള്ള പക്ഷിക്കൂട്ടങ്ങളുടെ ആക്രമണംമൂലം വ്യാപകമായി നെൽകൃഷി നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ പക്ഷികളുടെ ആക്രമണംമൂലം നെൽകൃഷി നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ;ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പക്ഷിക്കൂട്ടങ്ങളുടെ ആക്രമണം ഒഴിവാക്കുന്നതിനായി കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ തയ്യാറാകുമോ;

(ഡി) വന്യജീവി ആക്രമണ വിഭാഗത്തിൽ നീലക്കോഴി ആക്രമണത്തെ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീലക്കോഴിയുടെ ആക്രമണംമൂലം നെൽകൃഷി നശിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ കൃഷി വകുപ്പിൽ നിലവിൽ വ്യവസ്ഥയില്ല. നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) പക്ഷിക്കൂട്ടങ്ങളുടെ ആക്രമണംമൂലം കൃഷിനാശം ഒഴിവാക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. കർഷകർ സാധാരണയായി അനുവർത്തിച്ചുവരുന്ന റിഫ്ലക്ടീവ് റിബൺ പാടത്ത് വലിച്ചുകെട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കും. വനം വകുപ്പിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഹോർട്ടികോർപ്പ് വിപണന കേന്ദ്രങ്ങൾ**

50 (3973) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന് എത്ര വിപണന കേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹോർട്ടികോർപ്പ് വിൽക്കുന്ന ഉല്പന്നങ്ങളുടെ പ്രതിദിന വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹോർട്ടികോർപ്പിന് നിലവിൽ 94 സ്വന്തം സ്റ്റാളുകളും 253 ലൈസൻസി സ്റ്റാളുകളും ഉൾപ്പെടെ 347 വിപണന കേന്ദ്രങ്ങൾ ഉണ്ട്.

(ബി) 2017 മാർച്ച് മാസത്തിലെ പ്രതിദിന വിറ്റുവരവ് ഏകദേശം 18 ലക്ഷം രൂപയാണ്.

**ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ**

51 (3974) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ഈ വർഷത്തെ നയപരമായ പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള കേന്ദ്ര- സംസ്ഥാന വിഹിതം എത്ര രൂപ വീതമാണ് ;

(സി) മിഷൻ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക കേന്ദ്ര വിഹിതമായി ലഭിച്ചു; സംസ്ഥാന വിഹിതം എത്രയായിരുന്നു;

(ഡി) മിഷൻ മുഖേന നടപ്പിലാക്കിയ കാർഷിക വികസന പദ്ധതികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിക്ക് 77.37 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി 11.67 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതിയും ദേശീയ ഔഷധസസ്യ മിഷൻ പദ്ധതിക്കായി 269.789 ലക്ഷം രൂപയുടെ വാർഷിക കർമ്മ പദ്ധതിയും കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതികൾക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ | 46.422 | 30.948 |
| ദേശീയ ഔഷധസസ്യ മിഷൻ | 1.6187 | 1.0791 |
| പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ | 7 | 4.67 |

(സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന വിവിധ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ | 15 | 10 |
| ദേശീയ ഔഷധസസ്യ മിഷൻ | 1.012 | 0.6747 |
| പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ | ------ | ----- |
| ഹൈടെക് ഫാമിംഗ് (സംസ്ഥാന പദ്ധതി) | ------- | 0.8 |
| രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ | 6.525 | 4.35 |

(ഡി) 2016-17 സാമ്പത്തികവർഷം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ, ദേശീയ ഔഷധസസ്യ മിഷൻ, പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ, ഹൈടെക് ഫാമിംഗ്, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. 2016-17-ൽ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിൽ 4241.08 ലക്ഷം രൂപയും പ്രധാൻമന്ത്രി കൃഷി സിഞ്ചായി യോജന-മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ 54.54 ലക്ഷം രൂപയും രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾക്കായി 400 ലക്ഷം രൂപയും ഹൈടെക് ഫാമിംഗ് പദ്ധതിക്കായി 114.1 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## 2016-17 വർഷത്തിലെ കൃഷിനാശത്തിന്റെ ജില്ല തിരിച്ച കണക്ക്

52 (3975) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം 2016-17 വർഷത്തിൽ എത്ര തുകയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വരൾച്ചമൂലം ഏകദേശം 64909 കർഷകരുടെ 43455.06 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 786.32 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*:

(ബി) വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻവഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളേയും വരൾച്ചാബാധിതമായി പ്രഖ്യാപിച്ചശേഷം സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായമായി 15.466 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്ക് മാത്രമായി 27 കോടി രൂപയും മറ്റ് ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-3-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള കർഷകർക്ക് വിളനാശം സംഭവിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാര തുക ലഭിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പുമന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കൃഷിനാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണ്ണ്-ജല സംരക്ഷണ പദ്ധതികൾ

53 (3976) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ വകുപ്പിന്റെകീഴിൽ നടത്തുന്ന മണ്ണ് ജലസംരക്ഷണ പരിപാടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ വർഷം നടപ്പിലാക്കുന്ന നീർത്തടാധിഷ്ഠിത പദ്ധതികൾ ഏതെല്ലാമാണെന്നും ഹരിതകേരള മിഷൻ പരിപാടിയുമായി ചേർന്ന് ഏതെല്ലാം പദ്ധതികളാണ് ഈ വർഷം നടപ്പിലാക്കാൻ പോകുന്നതെന്നും വ്യക്തമാക്കാമോ;

(ബി) മണ്ണ് പരിശോധന നടത്തുന്നതിന് ഏതെല്ലാം ജില്ലകളിൽ കർഷകർക്ക് സഹായകരമായ രീതിയിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണ്ണ് സംരക്ഷണ പര്യവേക്ഷണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന മണ്ണ് ജല സംരക്ഷണ പദ്ധതികളുടെ വിവരം താഴെ പറയുന്നവയാണ്:

1. നബാർഡ് ധനസഹായത്തോടുകൂടിയുള്ള (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി) ആർ.ഐ.ഡി.എഫ്. മണ്ണ് സംരക്ഷണ പദ്ധതി: വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും പരിമിതപ്പെടുത്തുവാനും കാർഷികോത്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വാട്ടർഷെഡ് അടിസ്ഥാനത്തിൽ മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു.

2. മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ബാധിത/സാധ്യത പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി: ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

3. ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശ സംരക്ഷണം: തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ശുദ്ധജല വിതരണ പദ്ധതിയുടെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിയുടെയും ജലസംഭരണികളുമായി ബന്ധപ്പെട്ട വൃഷ്ടിപ്രദേശത്തെ മണ്ണൊലിപ്പ് നിയന്ത്രണ വിധേയമാക്കുന്നതിലൂടെ ബന്ധപ്പെട്ട ജലസംഭരണികളുടെ സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

2017-18 സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തോടുകൂടിയുള്ള (ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി) ആർ.ഐ.ഡി.എഫ്.-ന്റെ 17 മുതൽ 22 വരെയുള്ള ഘട്ടങ്ങളിലെ മണ്ണ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം വിവിധ നീർത്തടങ്ങളിലായി 4000 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഹരിതകേരള മിഷനുമായി സംയോജിച്ചാണ് നടപ്പിലാക്കുന്നത്.

(ബി) മണ്ണ് പരിശോധന നടത്തുന്നതിന് കൃഷി വകുപ്പിന്റെകീഴിൽ എല്ലാ ജില്ലകളിലും മണ്ണ് പരിശോധനാ ലാബുകളും തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര മണ്ണ് സസ്യ പരിപോഷണ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലൊഴികെ മറ്റെല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളുണ്ട്. എന്നാൽ വയനാട്, ഇടുക്കി ജില്ലകളിലെ മണ്ണ് പരിശോധനാ ലാബുകളിൽ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 7 സ്ഥിരം മണ്ണ് പരിശോധനശാലകളും ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാലയും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കേന്ദ്ര മണ്ണ് പരിശോധനശാല, സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ പ്രാദേശിക മണ്ണ് പരിശോധനശാലകൾ, വയനാട് ജില്ലയിലെ ഹൈടെക് മണ്ണ് പരിശോധനശാല, പത്തനംതിട്ട, കാസർഗോഡ് ജില്ലകളിലെ സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ എന്നിവിടങ്ങളിൽ കർഷകർ നേരിട്ടും മണ്ണ് പര്യവേഷണ ജില്ലാ ഓഫീസുകൾ മുഖാന്തരവും എത്തിക്കുന്ന മണ്ണ് സാമ്പിളുകളുടെ രാസ ഭൗതിക പരിശോധനകൾ നടത്തി മണ്ണ് പരിശോധനാ റിപ്പോർട്ടുകൾ തയ്യാറാക്കി നൽകിവരുന്നു. കൃഷിഭൂമിയിലെ ഓരോ വിളകൾക്കും മണ്ണിലെ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടെയുള്ള അവശ്യ മൂലകങ്ങളുടെ തോതിന് അനുസൃതമായിട്ടുള്ള വളപ്രയോഗ ശിപാർശകളും പരിപാലനമുറകളും ഉൾപ്പെടുത്തിയാണ് സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്.

(സി) മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംസ്ഥാനത്ത് കൃഷിവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതി. സംസ്ഥാനത്തെ എല്ലാ കർഷകർക്കും കൃഷിയിടങ്ങളിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തെക്കുറിച്ചുള്ള ആധികാരിക മാർഗ്ഗരേഖയായ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവാനാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലും എൻ.എം.എസ്.എ. (നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രിക്കൾച്ചർ)-യിൽ ഉൾപ്പെടുത്തി വയനാട്, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലും പദ്ധതി പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

## സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് സ്കീം

54 (3977) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിരിക്കുന്ന 'സോയിൽ ഹെൽത്ത് മാനേജ്മെന്റ് & പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ആവശ്യാനുസരണമുള്ള കുമ്മായത്തിന്റെ ഉല്പാദനവും വിതരണവും നടത്തുന്നതിന് ഏതെങ്കിലും ഏജൻസികളെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുമ്മായം നൽകുന്നതിനുള്ള സബ്സിഡി വർദ്ധിപ്പിച്ചതിനുശേഷം അതിന്റെ ഉപഭോഗത്തിൽ ഉണ്ടായ വ്യതിയാനം വിശദമാക്കാമോ?

ഉത്തരം

(എ) മണ്ണിന്റെ ആരോഗ്യം പരിരക്ഷിച്ച് മണ്ണിൽ നിലവിലുള്ള പോഷകങ്ങളെ നിലനിർത്തി മണ്ണ് പരിശോധിച്ച് കുറവുള്ള മൂലകങ്ങൾ ലഭ്യമാക്കി, മണ്ണിനെ ഫലഭൂയിഷ്ഠമാക്കുവാനും അതുവഴി വിളകളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ 90% മണ്ണും അമ്ലത്വ സ്വഭാവമുള്ളതിനാൽ അമ്ലത്വം ക്രമീകരിക്കുന്നതിനുള്ള കുമ്മായവസ്തുക്കൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക, മണ്ണ് പരിശോധനയുടെ

പ്രാധാന്യവും ആവശ്യകതയെയുംകുറിച്ച് കർഷകരെ ബോധവത്കരിക്കുക, മണ്ണ് പരിപോഷണ കാർഡുകൾ കർഷകർക്ക് പരിചിതമാക്കുക, ദ്വിതീയ സൂക്ഷ്മ മൂലകങ്ങൾ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുക, സൂക്ഷ്മമൂലകങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്ന പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഇല്ല.

(സി) വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഏകദേശം 40740 ഹെക്ടറിലേയ്ക്കായി കുമ്മായ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മണ്ണിന്റെ അമ്ലത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് കുമ്മായ ഉപഭോഗം എന്നതിനാൽ സബ്സിഡിയുമായി ഇതിന് നേരിട്ട് ബന്ധമില്ല.

**കോഴിക്കോട് ജില്ലയിൽ പി.എം.ജി.എസ്.വൈ. പദ്ധതി**

55 (3978) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ, കുന്നമംഗലം ബ്ലോക്കുകളിൽ ഏതെല്ലാം പ്രവൃത്തികളാണ് പി.എം.ജി.എസ്.വൈ. (പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന) പ്രകാരം നിലവിൽ പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്തി ഈ ബ്ലോക്കുകളിൽ പുതുതായി ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്കിൽ നന്മണ്ട, കാക്കൂർ എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കെ.ആർ. 08-53 ഒളിയമ്മൽ-ചീനിക്കുഴി റോഡിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കുന്നമംഗലം ബ്ലോക്കിൽ അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അനുമതി ലഭിച്ച പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

1. ചേളന്നൂർ ബ്ലോക്ക്-കെ.ആർ. 08-61-പൊയിൽതാഴം-അരീപ്രമുക്ക് റോഡ്

2. കുന്നമംഗലം ബ്ലോക്ക്-കെ.ആർ. 08-58 പാറക്കടവ് കോണോട്ട്-പോലൂർ റോഡ്.

## എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം

56 (3979) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തെ പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഈ വിഭാഗം ജീവനക്കാർ അവരുടെ ഹാജർ എവിടെ രേഖപ്പെടുത്തണമെന്ന് വിശദമാക്കാമോ;

(സി) ഇതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ വിഭാഗം ജീവനക്കാരുടെ ആകസ്മിക അവധികൾ ഉൾപ്പെടെ അനുവദിക്കേണ്ടത് ആരാണ്; ഇതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി - ഡി) ഇക്കാര്യങ്ങളിൽ തീരുമാനമായിട്ടില്ല.

## അഗതിരഹിത കേരളം

57 (3980) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) അഗതികളായിട്ടുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവരിക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനുമുൻപ് ആശ്രയ പദ്ധതിയുടെ ഒരു വിലയിരുത്തൽ പഠനം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തോടുകൂടി കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ഇതിനായിട്ടുള്ള സർവ്വേയും പദ്ധതി തയ്യാറാക്കലും ഉടൻതന്നെ ആരംഭിക്കുന്നതാണ്. പ്രസ്തുത സർവ്വേയിൽ നിലവിലുള്ളതും ഉൾപ്പെട്ടിട്ടില്ലാത്തതുമായ അർഹരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തുകയും അനർഹരെ ഒഴിവാക്കുകയും ചെയ്ത് തദ്ദേശസ്വയംഭരണ തലത്തിൽ ഒരു ലിസ്റ്റാക്കി പ്രസിദ്ധീകരിക്കുന്നതിനും ഇവർക്കായി ഏകീകരിച്ച ഒരു പദ്ധതി തയ്യാറാക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) വിലയിരുത്തൽ പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ലൈഫ് പദ്ധതി**

58 (T* 3981) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ജില്ലതിരിച്ചുള്ള വിശദവിവരം നൽകുമോ; ഓരോ ജില്ലയിലും ആദ്യഘട്ടത്തിൽ നൽകുന്ന വീടുകളുടെ എണ്ണം സഹിതമുള്ള വിവരങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടം എന്നുതുടങ്ങി എന്ന് പൂർത്തീകരിയ്ക്കുവാനാണ് ഉദ്ദേശിയ്ക്കുന്നത്;

(ഡി) ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ മാനദണ്ഡം എന്താണ്;

(ഇ) ഭൂമി ഉള്ളവരും ഇല്ലാത്തവരും എന്ന കണക്കിൽ ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സമഗ്ര കേരള വികസനത്തിനുവേണ്ടി അഞ്ചുവർഷംകൊണ്ട് ജന പങ്കാളിത്തത്തോടെ പൂർത്തിയാക്കുവാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (LIFE) നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തത്വത്തിൽ അംഗീകരിച്ച് 8-11-2016-ലെ സ. ഉ. (കൈ.) നമ്പർ 160/16/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടിക്രമങ്ങൾ പാലിച്ച് തുടർ ഉത്തരവുകൾക്കായി പാർപ്പിടമിഷൻ സഹഅദ്ധ്യക്ഷനായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ധനകാര്യം, ഭവനനിർമ്മാണം, സാമൂഹ്യനീതി, വൈദ്യുതി, ജലവിഭവം, തൊഴിൽ, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, മത്സ്യബന്ധനം എന്നീ വകുപ്പുമന്ത്രിമാർ ഉപാദ്ധ്യക്ഷന്മാരുമായി മന്ത്രിതല സമിതി രൂപീകരിച്ച് 31-12-2016-ലെ സ. ഉ. (സാധാ.) നമ്പർ 3569/16/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന നടത്തിയ സർവ്വേ പൂർത്തിയായിട്ടുണ്ട്. എന്നാൽ സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

(സി) ഭൂരഹിത ഭവനരഹിതർക്കായി ആദ്യ ഘട്ടത്തിൽ 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ഈ മാസം അവസാനത്തോടെ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2022-ൽ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായാണ് ലൈഫ് മിഷൻ രൂപീകരിച്ചിട്ടുള്ളത്.

(ഡി) ലൈഫ് മിഷൻ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ:

- ഭൂമിയുള്ള ഭവനരഹിതർ
- ഭൂരഹിത ഭവനരഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ
- ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർക്ക് മുൻഗണന നൽകുന്നതാണ്:
- മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ

- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര/മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- എച്ച്.ഐ.വി.+ve ആയിട്ടുള്ളവർ.

(ഇ) LIFE പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. വെരിഫിക്കേഷൻ പൂർത്തിയായാൽ മാത്രമേ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദവിവരം ലഭ്യമാവുകയുള്ളൂ.

**ലൈഫ് മിഷൻ പദ്ധതി**

59 (3982) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നിർമ്മിച്ച് നൽകിയിരുന്നതും കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായി വാസയോഗ്യമല്ലാതായി തീർന്നിട്ടുള്ളതുമായ കെട്ടിട സമുച്ചയങ്ങളിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സുരക്ഷിത ഭവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അപകടാവസ്ഥയിലായ പ്രസ്തുത കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ നവീകരിക്കാൻ കഴിയാത്തവ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്തുതന്നെ പുതിയ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതിനോ നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം നിയോജകമണ്ഡലത്തിൽ കൊല്ലം കോർപ്പറേഷൻ പള്ളിത്തോട്ടം ഡിവിഷനിൽ സ്ഥിതിചെയ്യുന്ന ക്യൂ.എസ്.എസ്. കോളനിയിലെ അപകടാവസ്ഥയിലായ

കെട്ടിടങ്ങൾ നവീകരിക്കുന്നതിനോ, നവീകരിക്കാൻ കഴിയാത്തവ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്തുതന്നെ പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്ന കാര്യമോ ലൈഫ് മിഷൻ പദ്ധതിയിൻ കീഴിലോ വകുപ്പിന്റെ മറ്റേതെങ്കിലും പദ്ധതിയിൻ കീഴിലോ പരിഗണിക്കാൻ സാധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരോ സന്നദ്ധ സംഘടനകളോ നിർമ്മിച്ചു നൽകിയിരുന്നതും കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായി വാസയോഗ്യമല്ലാതായിത്തീർന്നിട്ടുള്ളതുമായ കെട്ടിട സമുച്ചയങ്ങളിൽ താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയിൻ കീഴിൽ സുരക്ഷിത ഭവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കും. ലൈഫ് മിഷൻ പദ്ധതിയിൽ വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർക്ക് വാസയോഗ്യമായ ഭവനം നൽകുന്നതിന് ലക്ഷ്യമിടുന്നു.

(ബി) അപകടാവസ്ഥയിലായ പ്രസ്തുത കെട്ടിടങ്ങൾ നിലനിൽക്കുന്ന സ്ഥലം സന്നദ്ധ സംഘടനകളുടേതാണെങ്കിൽ പ്രസ്തുത സ്ഥലം സർക്കാരിന് കൈമാറുകയാണെങ്കിൽ, ലൈഫ് മിഷൻ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കൾക്കായി കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നതാണ്.

(സി) പ്രൊപ്പോസൽ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

60 (3983) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി നെന്മാറ നിയോജക മണ്ഡലത്തിലെ 10 പഞ്ചായത്തുകളിലേയും ഭവനരഹിതരെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തികരിച്ചോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ ഫോറങ്ങളുടെമേൽ പരിശോധനാ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്നവരായിരിക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ:

- ഭൂമിയുള്ള ഭവനരഹിതർ
- ഭൂരഹിത ഭവനരഹിതർ
- ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ

ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ താഴെപ്പറയുന്നവർക്ക് മുൻഗണന നൽകുന്നതാണ്:

- മാനസിക വെല്ലുവിളികൾ നേരിടുന്നവർ/അന്ധർ/ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര/മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം/അപകടത്തിൽപ്പെട്ട് ജോലിചെയ്ത് ജീവനോപാധി കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ
- എച്ച്.ഐ.വി.+ve ആയിട്ടുള്ളവർ.

## ഭൂമി മണ്ണിട്ട് നികത്തി വീട് വയ്ക്കുന്നതിന് അനുമതി

61 (3984) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ നിലം, നിലംനികത്തിയ പുരയിടം തുടങ്ങിയ തരങ്ങളിൽ ഉള്ളതും, സംസ്ഥാനത്തോ പുറത്തോ സ്വന്തമായി മറ്റുസ്വത്തുക്കളും ഭൂമിയും ഇല്ലാത്തവർക്കും വീട് വയ്ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്നതിന് നിലവിൽ ഉത്തരവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ നിലമായും, വെള്ളക്കെട്ടുമായുള്ള സ്ഥലങ്ങളിൽ വീട് വയ്ക്കുന്നതിന് ഭൂമി മണ്ണിട്ട് നികത്തുവാൻ അനുമതി നൽകുമോ; നൽകുമെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) റവന്യൂ രേഖയിൽ അല്ലെങ്കിൽ ബേസിക് ടാക്സ് രജിസ്റ്ററിൽ നിലം, നെൽവയൽ, വെറ്റ്ലാന്റ് എന്ന് ഭൂമിയുടെ തരം രേഖപ്പെടുത്തുകയും എന്നാൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽവന്ന 12-8-2008-ന് മുമ്പ് നികത്തുകയോ/നികത്തപ്പെടുകയോ ചെയ്യപ്പെട്ടതും ഡാറ്റാബാങ്കിലോ കരട് ഡാറ്റാബാങ്കിലോ ഉൾപ്പെടാത്തതുമായ ഭൂമിയിൽ നിർമ്മാണാനുമതി/ ഒക്കുപ്പൻസി/പെർമിറ്റ്/എൻ.ഒ.സി. നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-12-2016-ലെ 994733/ആർ.എ.1/2016/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. 2008-ന് മുമ്പ് നികത്തിയതോ, നികത്തപ്പെട്ടതോ ആയതും ഡാറ്റാബാങ്കിലോ കരട് ഡാറ്റാബാങ്കിലോ, നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്നോ തത്തുല്യ പേരുകളിലോ തരം രേഖപ്പെടുത്തിയ ഭൂമി വീട് നിർമ്മാണത്തിനുവേണ്ടി രൂപാന്തരപ്പെടുത്തുവാനുള്ള അപേക്ഷകൾ എപ്രകാരം കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ റവന്യൂ വകുപ്പ് 22-12-2016-ൽ 46848/പി1/2016/റവന്യൂ നമ്പർ സർക്കുലർ ആയി പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം ഭൂഉടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് മാത്രം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ 5 സെന്റും അനുവദിക്കും. തദ്ദേശസ്വയംഭരണ വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സർക്കുലറുകൾക്ക് ക്ലാരിഫിക്കേഷൻ നൽകി റവന്യൂ വകുപ്പ് 1-3-2017-ൽ 13105/പി1/2017/റവന്യൂ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഈ മൂന്ന് സർക്കുലറുകളുടെയും പകർപ്പ് അനുബന്ധം I, II, III* എന്നിവയായി ചേർത്തിരിക്കുന്നു.

(ബി) 2008-ലെ കേരള കൺസർവ്വേഷൻ ഓഫ് പാഡി ലാന്റ് ആന്റ് വെറ്റ് ലാന്റ് ആക്ടിന്റെ സെക്ഷൻ 11 പ്രകാരം തണ്ണീർത്തടം നികത്തുവാൻ അനുവാദം നൽകുവാൻ വ്യവസ്ഥയില്ല. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 5-ൽ നെൽവയൽ നികത്തി ഉടമസ്ഥന് താമസാവശ്യത്തിനായി വീടുവയ്ക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ ഫാറം 1-ൽ സമർപ്പിക്കേണ്ടതാണ്. ആയതിൽ കൃഷി ഓഫീസറുടെയും വില്ലേജാഫീസറുടേയും അന്വേഷണ റിപ്പോർട്ട് സമിതി വാങ്ങേണ്ടതും അതിനുശേഷം അപേക്ഷയിൽ തങ്ങളുടെ ശിപാർശ സഹിതം ജില്ലാതല അധികൃത സമിതിയുടെ പരിഗണനയ്ക്ക് നൽകേണ്ടതും അതിന്മേൽ ജില്ലാതല അധികൃത സമിതി തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ 2008-ന് മുമ്പ് നികത്തിയതോ, നികന്ന് കിടന്നതോ ആയതും ഡാറ്റാബാങ്കിൽ അല്ലെങ്കിൽ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരട് ഡാറ്റാബാങ്കിൽ നിലമായോ, തണ്ണീർത്തടമായോ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖയിൽ നിലം എന്നോ, തത്തുല്യ പേരുകളിലോ രേഖപ്പെടുത്തിയ ഭൂമി, വീട് നിർമ്മാണത്തിനുവേണ്ടി രൂപാന്തരപ്പെടുത്തുവാനുള്ള അപേക്ഷ കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡർ പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടെയും റിപ്പോർട്ട് വാങ്ങി ഒരു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് 14-3-2017-ലെ Rev.-P1/7/17 നമ്പർ സർക്കുലറിൽ റവന്യൂ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ളതാണ്.

## ഫോർ ദി പീപ്പിൾ പോർട്ടലിന്റെ സേവനം

62 (3985) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അഴിമതികളും അവരുടെ വീഴ്ചകളും സംബന്ധിച്ച് പരാതിപ്പെടാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഫോർ ദി പീപ്പിൾ പോർട്ടലിന്റെ സേവനം തദ്ദേശ സ്വയംഭരണ വകുപ്പിൽ ആരംഭിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) ഈ പോർട്ടലിൽ ഇതുവരെ എത്ര പരാതികൾ കിട്ടിയെന്നും അവയിൽ എത്രയെണ്ണത്തിന് പരിഹാരംകണ്ടു എന്നും വിശദമാക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ സംബന്ധിക്കുന്ന പരാതികൾ ഈ പോർട്ടൽവഴി നൽകുവാൻ അവസരം ഒരുക്കുമോ?

### ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര

സംവിധാനം എന്ന നിലയിൽ ഫോർ ദി പീപ്പിൾ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയുന്നതാണ്.

(ബി) ഉണ്ട്. പൊതുജനങ്ങൾക്ക് ഓൺലൈനായി/മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതൊരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും അഴിമതിയെക്കുറിച്ചും പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാനും ആവശ്യമെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫോട്ടോ, വീഡിയോ എന്നിവ ചേർക്കാനും കഴിയും. അഴിമതിയുമായി ബന്ധപ്പെട്ടതൊഴികെയുള്ളവ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോഡൽ ഓഫീസർക്ക് ലഭിക്കും. ഏഴ് ദിവസത്തിനകം പരിഹരിക്കപ്പെടാത്ത പരാതികൾ മേലുദ്യോഗസ്ഥന്റെ ലോഗിനിലേയ്ക്ക് പോകുന്നതും ഇതിലൂടെ പരാതി വളരെ വേഗത്തിൽ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, റൂറൽ ഡെവലപ്മെന്റ് വകുപ്പ്, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പ് എന്നിവയാണ് ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ, ശുചിത്വ മിഷൻ, പി.എം.ജി.എസ്.വൈ., കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി എന്നിവയെക്കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ഓഫീസിലും മറ്റ് ഉയർന്ന ഉദ്യോഗസ്ഥർക്കും നടപടിക്രമങ്ങളുടെ പുരോഗതി നേരിട്ട് വിലയിരുത്താനാകും.

(സി) ഫോർ ദി പീപ്പിൾ പോർട്ടലിൽ 10-5-2017 വരെ 371 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 291 എണ്ണം പരിഹരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ലക്ഷംവീട് പദ്ധതി**

63 (T* 3986) <u>ശ്രീ.എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വീടുകൾ വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്ന നിലവിലെ അവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തലശ്ശേരി നിയോജക മണ്ഡലത്തിലെ ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച മിക്കവാറും വീടുകൾ ഇപ്പോൾ വാസയോഗ്യമല്ല; ആയതിനാൽ ഇവയ്ക്ക് പകരം ഫ്ലാറ്റ് രൂപത്തിലുള്ളവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്താൽ നിർമ്മിച്ച പണി പൂർത്തിയായി 8 വർഷം കഴിഞ്ഞ വീടുകൾക്ക് മാനദണ്ഡങ്ങളനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിന് 23-1-2017-ലെ സ.ഉ. (സാധാ.) 192/17/ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ലൈഫ് മിഷന്റെ സർവ്വേയിൽ വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്താനുള്ള പരിശോധനയും നടത്തുന്നതാണ്.

(ബി) ലൈഫ് മിഷൻ 3 തരം ആനുകൂല്യങ്ങളുടെ ഘടനയാണ് വിഭാവന ചെയ്തിരിക്കുന്നത്.

1. ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിന് ആനുകൂല്യം.
2. ഭൂരഹിതരായുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയത്തിലൂടെ പുനരധിവാസം
3. വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം ലഭ്യമായെങ്കിലും ഭവനം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് പൂർത്തീകരണത്തിന് സഹായം.

വാസയോഗ്യമല്ലാത്ത നിലവിലുള്ള ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് LIFE പദ്ധതി പ്രകാരം സാധ്യമാണ്. നിലവിൽ പുതിയ ഭവനങ്ങൾ നിർമ്മിക്കേണ്ട സാഹചര്യമാണെങ്കിൽ ലക്ഷംവീട് സ്ഥിതിചെയ്യുന്ന സ്ഥലം ലൈഫ് പദ്ധതിക്കായി നൽകിയാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

**ക്ഷേമപെൻഷന് അർഹത**

64(3987) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വിവിധ ക്ഷേമപെൻഷന് അർഹത നേടിയവരുടെ കണക്കുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ ക്ഷേമ പെൻഷനുകൾ ലഭിച്ചിരുന്ന ഗുണഭോക്തക്കളെ അർഹരല്ലന്ന് കണ്ടെത്തി ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എത്ര പേരാണ് ഇങ്ങനെ ഒഴിവായിട്ടുള്ളത്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതുതായി ക്ഷേമ പെൻഷനുകൾക്ക് അർഹത നേടിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) നിലവിൽ ക്ഷേമപെൻഷൻ ലഭിച്ചിരുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ ഗുണഭോക്താക്കളും സത്യപ്രസ്താവന ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് യഥാസമയം സമർപ്പിക്കാതിരുന്ന ഗുണഭോക്താക്കളുടെ പെൻഷൻ താത്കാലികമായി മാത്രമാണ് തടഞ്ഞിട്ടുള്ളത്. സത്യവാങ്മൂലം സമർപ്പിക്കുന്ന മുറയ്ക്ക് പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

സത്യവാങ്മൂലം സമർപ്പിക്കാത്തതിനാൽ പെൻഷൻ താൽക്കാലികമായി തടഞ്ഞിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധം-2 ആയി ചേർക്കുന്നു.

**വിവാഹ രജിസ്ട്രേഷന് ഹാജരാക്കേണ്ട രേഖകൾ**

65 (3988) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഹിന്ദുമതാചാരപ്രകാരമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ജാതി-മത-സമുദായ സംഘടനകളുടെ സാക്ഷ്യപത്രം നിർബന്ധമാണോയെന്ന് വ്യക്തമാക്കാമോ;

(സി) ജാതി-മത-സമുദായ സംഘടനകളിൽ അംഗമല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഗസറ്റഡ് ഓഫീസർ, എം. പി., എം. എൽ. എ., തദ്ദേശസ്വയംഭരണ സ്ഥാപനാംഗം എന്നിവരാരെങ്കിലും ഫോറം നമ്പർ 2-ൽ നൽകുന്ന സാക്ഷ്യപത്രം തെളിവായി സ്വീകരിച്ചുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

1. 1995-ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വിവാഹം കഴിഞ്ഞ് 15 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ ഫോറം നമ്പർ 1 -ൽ തയ്യാറാക്കിയ വിവാഹ റിപ്പോർട്ടിന്റെ രണ്ട് കോപ്പികളോടൊപ്പം ഭാര്യാ-ഭർത്താക്കൻമാരുടെ വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ വരന്റെ/വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹബന്ധം വേർപിരിഞ്ഞതിന്റെ അല്ലെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ എന്നിവ സമർപ്പിക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 15 ദിവസത്തിനുശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച സംയുക്ത അപേക്ഷ തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. 30 ദിവസത്തിനുശേഷം ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോകോപ്പിയും വിദേശ താമസ സ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പരും സമർപ്പിക്കേണ്ടതാണ്.

2. 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം നടക്കുന്ന വിവാഹങ്ങൾ വിവാഹം നടന്ന് 5 വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

(1) നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ രണ്ട് പകർപ്പുകൾ

(2) 45 ദിവസം കഴിഞ്ഞ സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ

(3) പാസ്പോർട്ട് സൈസ് ഫോട്ടോ 2 സെറ്റ്

(4) ജനന തീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ.സി. ബുക്ക്/ ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനന തീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖകൾ).

(5) വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ആഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി., എം.എൽ.എ., ഗസറ്റഡ് ആഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭ കൗൺസിലർ എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2 സാക്ഷ്യപ്പെടുത്തി നൽകിയ പ്രഖ്യാപനം.

(6) ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോകോപ്പിയും വിദേശ താമസസ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പരും സമർപ്പിക്കേണ്ടതാണ്.

വിവാഹം നടന്ന് അഞ്ച് വർഷത്തിനുശേഷമുള്ള രജിസ്ട്രേഷൻ വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) സമർപ്പിച്ച് അനുമതി ലഭിക്കുന്നമുറയ്ക്കാണ് രജിസ്ട്രേഷൻ നടത്തുന്നത് എന്നതിനാൽ അത്തരം രജിസ്ട്രേഷനുകൾക്കും മേൽപ്പറഞ്ഞ 1 മുതൽ 6 വരെയുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

(ബി) ഹിന്ദു മതാചാരപ്രകാരമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ജാതി-മത സമുദായ സംഘടനകളുടെ സാക്ഷ്യപത്രം നിർബന്ധമില്ല.

(സി) 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഭാരതത്തിൽ പ്രാബല്യത്തിലുള്ള മതാചാര പ്രകാരമുള്ള എല്ലാ വിവാഹങ്ങളും വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ എം.പി., എം.എൽ.എ., ഗസറ്റഡ് ഓഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭ കൗൺസിലർ എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2-ൽ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രഖ്യാപനം സ്വീകരിച്ച് വിവാഹം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

**പുതിയ പഞ്ചായത്തുകളുടെ രൂപീകരണം**

66(3989) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകൾ വിഭജിക്കുന്നത് ഏതൊക്കെ മാനദണ്ഡങ്ങൾ പരിഗണിച്ചാണ്;

(സി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവും പുനഃസംഘടനയുമായി ബന്ധപ്പെട്ട് പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ 27-11-2014-ലെ സ.ഉ. (സാധാ.) നമ്പർ 3113/2014/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിഭജനം പരിഗണിക്കുമ്പോൾ ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി സൗകര്യം, തനത് വരുമാനം എന്നീ ഘടകങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്.

(സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് (4) പ്രകാരം പഞ്ചായത്തുകളുടെ അതിർത്തി വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പുതിയ പഞ്ചായത്തുകളുടെ രൂപീകരണം സംബന്ധിച്ച് ഇപ്പോൾ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

**പുതിയ പഞ്ചായത്തുകളുടെ രൂപീകരണം**

67 (3990) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനഃസംഘടിപ്പിച്ചാൽ എത്ര പുതിയ പഞ്ചായത്തുകൾകൂടി രൂപീകരിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) നിലവിൽ 941 ഗ്രാമപഞ്ചായത്തുകളും 1532 വില്ലേജുകളുമാണ് നിലവിലുള്ളത്. വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പുനഃസംഘടിപ്പിച്ചാൽ അധികമായി 591 പഞ്ചായത്തുകൾകൂടി രൂപീകരിക്കേണ്ടിവരും.

## വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

68 (3991) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീന ദയാൽ ഉപാധ്യാ അന്ത്യോദയ പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (നഗരങ്ങൾ) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്;

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമങ്ങൾ) പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ്; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ശ്യാമ പ്രസാദ് മുഖർജി റർബൻ മിഷൻ പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക വിനിയോഗിച്ച തുക എന്നിവ സഹിതം ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ; ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ എന്തൊക്കയാണ് ; ഈ വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണ്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ദീനദയാൽ അന്ത്യോദയ യോജന (DAY) ദേശീയ ഉപജീവന ദൗത്യത്തിന്റെകീഴിൽ നഗരപ്രദേശങ്ങളിൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയും ഗ്രാമപ്രദേശങ്ങളിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയും നടപ്പിലാക്കിവരുന്നു.

**എൻ.യു.എൽ.എം. (നാഷണൽ അർബൻ ലൈവ്‌ലിഹുഡ്സ് മിഷൻ)**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ അന്ത്യോദയ പദ്ധതി പ്രകാരമുള്ള സാമൂഹ്യ സംഘടനയും സ്ഥാപന വികസനവും നൈപുണ്യ പരിശീലനവും തൊഴിലുറപ്പാക്കലും, സ്വയംതൊഴിൽ സംരംഭം, കാര്യശേഷി വികസനവും പരിശീലനവും, നഗര ദരിദ്രർക്കുള്ള ഭവന പദ്ധതി തുടങ്ങിയ വിവിധ ഘടക പദ്ധതികളുടെ പ്രവർത്തനങ്ങൾ 2015-16-ൽ ആദ്യഘട്ടമായി 14 നഗരങ്ങളിലും 1-11-2016 മുതൽ എല്ലാ നഗരസഭകളിലും നടപ്പിലാക്കിവരുന്നു. മുൻപദ്ധതിയായ എസ്‌ജെഎസ്ആർ പദ്ധതിയുടെ നീക്കിയിരുപ്പായി ലഭിച്ച തുകയിൽനിന്നാണ് 2015-16, 2016-17-ലേയും നാളിതുവരെയുമുള്ള ചെലവ് കണ്ടെത്തിയിട്ടുള്ളത്. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്*.

ഈ വർഷത്തെ ഈ പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ യഥാക്രമം 3046 ലക്ഷം രൂപയും 4571 ലക്ഷം രൂപയുമാണ്.

**എൻ.ആർ.എൽ.എം. (നാഷണൽ റൂറൽ ലൈവ്‌ലിഹുഡ്സ് മിഷൻ)**

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയുടെകീഴിൽ ഉപജീവനവുമായി ബന്ധപ്പെട്ട് സംരംഭകർക്കുള്ള വൈദഗ്ദ്ധ്യ പരിശീലനവും സംരംഭ വികസനത്തിന് ആവശ്യമായ വായ്പകളുമാണ് പ്രധാനമായും നൽകുന്നത്. ഇതിന്റെ 2017-18 വർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം 90 കോടി രൂപയാണ്. ആയതിന്റെ 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു*.

**ഡി.ഡി.യു.ജി.കെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന)**

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഘടക പദ്ധതിയായി, ഗ്രാമീണ മേഖലയിലെ ദരിദ്രകുടുംബങ്ങളിൽപ്പെട്ട യുവതി-യുവാക്കൾക്ക് സൗജന്യ തൊഴിൽ പരിശിലനം നൽകി തൊഴിൽ ഉറപ്പുവരുത്തുകയാണ് "ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (ഡി.ഡി.യു.ജി.കെ.വൈ.)-യുടെ മുഖ്യലക്ഷ്യം. ടി പദ്ധതിയുടെ നടപ്പുസാമ്പത്തികവർഷത്തെ കേന്ദ്ര സംസ്ഥാന വിഹിതം 130 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷത്തെ വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (നഗരങ്ങൾ) പദ്ധതിക്കായി നാളിതുവരെ കേന്ദ്ര വിഹിതമായ 5167.84 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 1689.80 ലക്ഷം രൂപയും ചേർത്ത് അകെ 6857.64 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ലഭ്യമായ തുകയിൽനിന്നും കേന്ദ്ര വിഹിതമായി 1743.75 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 581.25 ലക്ഷം രൂപയും ചേർത്ത് ആകെ 2325 ലക്ഷം രൂപ നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നഗരസഭകൾ ഉപഭോക്താക്കൾക്കായി 2071.56 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 4-ൽ ചേർത്തിട്ടുണ്ട്*.

2017-18 സാമ്പത്തികവർഷം നാളിതുവരെ അംഗീകാരം ലഭിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും പുതുതായി 50000 വീടുകൾ നിർമ്മിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. (അനുബന്ധം-5)*.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേന്ദ്ര വിഹിതമായി 27400 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 18400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയിൽ നാളിതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധം 6 ആയി ചേർത്തിരിക്കുന്നു*.

(ഡി) 2016-17-ൽ കേരളത്തിൽ ആരംഭിച്ച SPMRM (ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ) പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കണ്ണൂർ എന്നീ നാല് ജില്ലകളിൽനിന്നും വെള്ളനാട്-ആര്യനാട്, മണ്ണാർക്കാട്-പുതുപ്പള്ളി, പുത്തൻവേലിക്കര-കുന്നുകര, മാങ്ങാട്ടിടം-കോട്ടയം എന്നീ ക്ലസ്റ്ററുകൾ തെരഞ്ഞെടുത്തിരുന്നു. ടി ക്ലസ്റ്ററുകളുടെ ICAP (Integrated Cluster Action Plan) തയ്യാറാക്കുകയും ആയത് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ DPR തയ്യാറാക്കുന്നതിനായി KILA-CHRD, കൊട്ടാരക്കരയെ ചുമതലപ്പെടുത്തുകയും DPR തയ്യാറാക്കി വരികയുമാണ്. രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ (പുന്നയൂർക്കുളം-വടക്കേക്കാട്), മലപ്പുറം (ഇടപ്പാൾ, വട്ടംകുളം), ആലപ്പുഴ (കഞ്ഞിക്കുഴി, മാരാരിക്കുളം നോർത്ത്), കണ്ണൂർ (ചെമ്പിലോട്, പെരിളശ്ശേരി) ജില്ലകളിൽ നിന്നുമായി നാല് ക്ലസ്റ്ററുകളെ തെരഞ്ഞെടുക്കുകയും ICAP തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒന്നാംഘട്ട ക്ലസ്റ്ററുകൾക്കായി കേന്ദ്ര സർക്കാർ വിഹിതമായി 20 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 13.34 കോടി രൂപയും (ആകെ 33.34 കോടി) അനുവദിച്ചിട്ടുണ്ട്. ഈ ഒന്നാം ഗഡു ധനസഹായത്തിൽനിന്ന് നാല് ജില്ലകളിലെ ക്ലസ്റ്ററുകൾക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| തിരുവനന്തപുരം | - | 5,41,77,500 രൂപ |
| കോട്ടയം | - | 5,41,77,500 രൂപ |
| എറണാകുളം | - | 5,41,77,500 രൂപ |
| കണ്ണൂർ | - | 5,41,77,500 രൂപ |

ഘട്ടം ഒന്നിലെ നാല് ക്ലസ്റ്ററുകളിലെയും പ്രവൃത്തികളുടെ DPR തയ്യാറാക്കൽ ജൂൺ പകുതിയോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു. DPR കേന്ദ്ര സർക്കാർ അംഗീകരിച്ചാൽ ഉടനെത്തന്നെ പ്രവൃത്തികളുടെ നിർവ്വഹണം ആരംഭിക്കുന്നതാണ്.

**ക്ഷേമ പെൻഷനുകൾക്ക് ആധാർ കാർഡ്**

69 (3992) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾക്ക് അർഹതയുണ്ടായിട്ടും ആധാർ കാർഡ് ഇല്ലാത്തതിനാൽ പെൻഷൻ ലഭിക്കാത്ത കിടപ്പിലായ നിരവധി രോഗികളുടെ ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രോഗികളായ ആളുകൾക്ക് പെൻഷൻ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം പാവപ്പെട്ട ആളുകൾക്ക് നഷ്ടപ്പെട്ട പെൻഷൻ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആധാർ കാർഡ് ഇല്ലാത്തതിനാൽ മാത്രം പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ള ഗുണഭോക്താക്കളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആധാർ കാർഡ് ഇല്ലാത്ത ഗുണഭോക്താക്കൾക്ക് പ്രത്യേക സത്യവാങ്മൂലവും റേഷൻകാർഡിന്റെ പകർപ്പോ ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിച്ചിട്ടുള്ളപക്ഷം പെൻഷൻ ലഭിക്കുന്നതാണ്. കൂടാതെ കിടപ്പിലായ വ്യക്തികൾക്ക് വീടുകളിൽ എത്തി ആധാർ നമ്പർ ലഭ്യമാക്കുന്നതിന് ഐ.ടി. മിഷൻ, അക്ഷയ സെന്ററുകൾ മുഖാന്തരം നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) താൽക്കാലികമായി പെൻഷൻ തടയപ്പെട്ടിട്ടുള്ളപക്ഷം ടി തുക കുടിശ്ശികയായി മാറുന്നതാണ്. ആയത് സർക്കാർ വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നമുറയ്ക്ക് ഗുണഭോക്താവിന് ലഭിക്കുന്നതാണ്.

**പുതിയ മുനിസിപ്പാലിറ്റികൾ**

70 (3993) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾ ഏതൊക്കെയാണ്;

(ബി) പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ പുതിയ മുനിസിപ്പാലിറ്റിയുടെ രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പുതിയതായി മുനിസിപ്പാലിറ്റികൾ ഒന്നുംതന്നെ രൂപീകരിച്ചിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ്. കൂടാതെ 27-11-2014-ലെ സ.ഉ. (സാധാ.) നമ്പർ 3113/2014/ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ വികസന സാധ്യതകൾ, പുതിയ തുറമുഖം, റെയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ ഇൻഡസ്ട്രിയൽ ഏരിയ, ഐ.ടി. ഹബ് തുടങ്ങിയവ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റലൈറ്റ് ടൗണായി വികസിപ്പിക്കാൻ സാധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായ വികസന സാധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, നഗരത്തിൽനിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്ര സർക്കാരിൽ നിന്നും എ.ഡി.ബി.പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ധനസഹായം കിട്ടുന്നതിനുള്ള സാധ്യതകൾ എന്നിവകൂടി മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്.

(സി) പരിഗണനയിലില്ല.

## തെരുവ് നായ ശല്യം

71 (T* 3994) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ തെരുവ് നായശല്യം അമർച്ച ചെയ്യാൻ ഈ ഗവൺമെന്റിന്റെ കാലത്ത് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ നടപ്പിലാക്കുവാൻ ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദീകരിക്കുമോ;

(സി) തെരുവ് നായ ശല്യം അമർച്ച ചെയ്യുന്നതിന് സർക്കാർ ശ്രമങ്ങൾ വിജയിച്ചിരുന്നോ; വിവരിക്കുമോ?

ഉത്തരം

(എ) തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ത്രിതല പഞ്ചായത്തുകളും നഗരസഭകളും സഹകരിച്ച് ജില്ലയിലെ നിശ്ചിത കേന്ദ്രങ്ങളിൽ തെരുവ് നായ്ക്കളെ എത്തിച്ച് വന്ധ്യംകരിച്ച് തിരികെവിടുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുനിരത്തുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികളും സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ പഞ്ചായത്തുകൾ, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ മിഷൻ, സൊസൈറ്റി ഫോർ ദി ക്രൂവൽറ്റി അനിമൽസ് തുടങ്ങിയ മൃഗസംരക്ഷണ സംഘടനകളും ചില എൻ.ജി.ഒ. സംഘടനകളും ഇതുമായി സഹകരിച്ചുവരുന്നുണ്ട്.

(സി) തെരുവുനായ ശല്യം ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ ഫലപ്രദമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്. തെരുവുനായ ശല്യം ഗണ്യമായി കുറഞ്ഞുവരുന്നതായാണ് കാണുന്നത്. എ.ബി.സി. പ്രോഗ്രാമിന്റെ പൂർണ്ണ ഗുണഫലം ദീർഘകാലാടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാകുകയുള്ളൂ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തെരുവ് നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

72 (3995) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിജയപ്രദമാണോ; വിശദമാക്കുമ്മോ;

(ബി) തെരുവ് നായ നിയന്ത്രണത്തിനായി കഴിഞ്ഞ പതിനൊന്ന് മാസം എന്ത് തുക അനുവദിച്ചുവെന്നും അതിൽ ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) 2016-ൽ എത്ര തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിന് സാധിച്ചു;

(ഡി) ജസ്റ്റിസ് സിരിജഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) തെരുവ് നായ നിയന്ത്രണത്തിന്റെ ഭാഗമായി അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ത്രിതല പഞ്ചായത്തുകളും നഗരസഭകളും സഹകരിച്ച് ജില്ലയിലെ നിശ്ചിത കേന്ദ്രങ്ങളിൽ തെരുവ് നായ്ക്കളെ എത്തിച്ച് വന്ധ്യംകരിച്ച് തിരികെവിടുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പൊതുനിരത്തുകൾ മാലിന്യമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്തുകൾ 11,57,33,289 രൂപ വകയിരുത്തിയിട്ടുള്ളതിൽ 31-3-2017 വരെ 3,01,19,117 രൂപ ചെലവഴിച്ചിട്ടുണ്ട്. കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 9,52,31,554 രൂപ വകയിരുത്തിയതിൽ 23,24,202 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 28103 തെരുവ് നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്.

(ഡി) ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ നഷ്ടപരിഹാരത്തിന് ശിപാർശ ചെയ്തിട്ടുള്ള 19 പേർക്ക് ആകെ 33,37,743 രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും 31-5-2017-ന് മുമ്പായി നൽകാൻ 11-5-2017-ലെ സ.ഉ. (ആർറ്റി.) 1546/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജില്ലാ ആസൂത്രണ സമിതി

73 (3996) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് അനിവാര്യ പദ്ധതികളും മുൻഗണന അർഹിക്കുന്ന പദ്ധതികളും മറ്റും ജില്ലാ ആസൂത്രണ സമിതിയ്ക്ക് മുമ്പിൽ സമർപ്പിച്ച് അംഗീകാരം നേടാൻ വേണ്ടി പദ്ധതിയിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ്; ഇതിന്റെ ഗുണഭോക്താക്കൾ ആരാണ്; ഇതുകൊണ്ടുള്ള പ്രയോജനം എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഈ പദ്ധതിയിൽ വനിതകൾക്കും എസ്.സി./എസ്.ടി. വിഭാഗത്തിനും എന്തെങ്കിലും മുൻതൂക്കം ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവുകളായി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി)

| പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|
| അങ്കണവാടി പോഷകാഹാരം | കുട്ടികൾ, ഗർഭിണികളായ സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ (കുട്ടികളുടെയും സ്ത്രീകളുടെയും ആരോഗ്യസംരക്ഷണം) |
| SSA/RMSA | സ്കൂൾ കുട്ടികൾ (വിവിധ സേവനങ്ങൾ, അടിസ്ഥാന സൗകര്യവികസനം) |
| ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | ഭിന്നശേഷിയുള്ളവരും മാനസിക വെല്ലുവിളി നേരിടുന്നവരും (പാർശ്വവൽക്കപ്പെട്ടവരെ പൊതുധാരയിലേക്ക് കൊണ്ടുവരാൻ പ്രത്യേക സഹായം) |
| എ.എം.എ.വൈ. | ഭവനരഹിതരായ കുടുംബങ്ങൾ (ഭവനം ലഭ്യമാക്കൽ) |
| ആശ്രയ പദ്ധതി | നിരാലംബരും അഗതികളുമായുള്ള കുടുംബം (അഗതികളായ കുടുംബങ്ങളുടെ പുനരധിവാസം) |
| പാലിയേറ്റീവ് കെയർ | ശയ്യാവലംബരായ രോഗികൾ-മാറാരോഗികൾ (കിടപ്പുരോഗികളുടെ പരിചരണത്തിലൂടെ ആശ്വാസം) |

(സി) പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ പ്രകാരമുള്ള വിഹിതം സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തുന്നത് പ്രകാരമാണ്

അത്തരം പദ്ധതികൾ തയ്യാറാക്കേണ്ടത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.എസ്.പി., റ്റി.എസ്.പി. എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ കുറഞ്ഞത് 10% വനിതാ ഘടക പദ്ധതിക്കായി വകയിരുത്തണം. ഇതുസംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 29-3-2017 തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 72/2017/ത.സ്വ.ഭ.വ., 3-4-2017 തീയതിയിലെ ജി. ഒ. (എംഎസ്.) നമ്പർ 79/2017/ത.സ്വ.ഭ.വ., 80/2017/ത.സ്വ.ഭ.വ. ഉത്തരവുകളായി പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണ അനുമതി**

74 (3997) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിടനിർമ്മാണ അനുമതിയും നമ്പറിങ്ങും നടത്തിക്കിട്ടുന്നതിന് പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് നിലനിൽക്കുന്ന ചട്ടങ്ങൾ ഉദ്യോഗസ്ഥർക്ക് അഴിമതി നടത്തുന്നതിനുള്ള അവസരമായി മാറുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം സംബന്ധിച്ച ചട്ടങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആവശ്യം സംബന്ധിച്ച അപേക്ഷകൾക്ക് തീർപ്പുകല്പിക്കുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ച് ചട്ടം കൊണ്ടുവരുമോ; വ്യക്തമാക്കുമോ;

(ഇ) സമയ ബന്ധിതമായി തീർപ്പുകല്പിക്കാത്ത അപേക്ഷകൾക്ക് നിശ്ചിതകാലപരിധി കഴിഞ്ഞാൽ ആട്ടോമാറ്റിക്കായി പെർമിറ്റ് അനുവദിക്കപ്പെടുംവിധം നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ഗ്രാമപഞ്ചായത്തുകളിലേയും സ്ഥിതിവിശേഷങ്ങൾ കണക്കിലെടുത്ത് അവയ്ക്കോരോന്നിനും പ്രത്യേകം കെട്ടിട നിർമ്മാണ ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) പ്ലാൻ അംഗീകാരം, പെർമിറ്റ് എന്നിവ നൽകുന്നതിന്/ നിരസിക്കുന്നതിനുള്ള സമയപരിധി കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിലും കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14, 15 എന്നിവയിലും നിലവിൽ പ്രതിപാദിക്കുന്നുണ്ട്.

(ഇ) സൈറ്റ് അംഗീകരിക്കുന്നതിനോ/നിരസിക്കുന്നതിനോ; പണി തുടങ്ങുന്നതിന് പെർമിഷൻ നൽകുന്നതിനോ/നിരസിക്കുന്നതിനോ സെക്രട്ടറി കാലതാമസം വരുത്തുന്നപക്ഷം അപേക്ഷകന് മുനിസിപ്പൽ കൗൺസിലിന് അപേക്ഷ എഴുതി നൽകുവാനും; തുടർന്ന് കൗൺസിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീരുമാനം കൈക്കൊള്ളാത്തപക്ഷം അംഗീകാരം/പെർമിഷൻ നൽകിയതായി കണക്കാക്കി ആക്റ്റിനെയോ, ചട്ടങ്ങളെയോ ബൈലാകളെയോ ലംഘിക്കാതെ അപേക്ഷകന് പണി നടത്തുവാനുള്ള അനുവാദം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 16 എന്നിവയിൽ നിലവിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടി**

75 (3998) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന നടപടികളെ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കുമോ; വന്ധ്യംകരിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് കാര്യമായ ശ്രമം ഉണ്ടായില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017 ജനുവരി മുതൽ എത്ര പേർക്ക് സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുണ്ട്;

(സി) കടിയേറ്റവർക്ക് സഹായം നൽകുന്നത് സംബന്ധിച്ച് അധികൃതരുടെ ഉറപ്പ് ഒന്നുപോലും നടപ്പിലായിട്ടില്ലെന്നകാര്യം സർക്കാർ പരിശോധിക്കുമോ;

(ഡി) സിറ്റികളിലും സർക്കാർ ഓഫീസുകളിലും ആക്രമണകാരികളായ തെരുവുനായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് സബന്ധിച്ച ചെലവുകൾക്ക് ഫണ്ട് ഉപയോഗിക്കുവാനുള്ള പെർമിസ്സീവ് സാങ്ഷൻ നൽകിയിട്ടുണ്ടോ;

(എഫ്) കേരളത്തിലെ ഓരോ ലോക്കൽ ബോഡിയും 2016-17-ൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം, പേവിഷമുക്ത കേരളം പദ്ധതി തുടങ്ങിയവ പ്രകാരം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിലും മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെയും പദ്ധതികൾ തയ്യാറാക്കി നടപ്പാക്കി വരുന്നുണ്ട്. ഇക്കാര്യത്തിൽ അലംഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 1959 പേർക്കും നഗരസഭാ പരിധിയിൽ 157 പേർക്കും തെരുവുനായ്ക്കളുടെ കടിയേറ്റിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) തെരുവുനായ്ക്കളുടെ ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ടിൽ നഷ്ടപരിഹാരത്തിന് ശിപാർശ ചെയ്തിട്ടുള്ള 19 പേർക്ക് ആകെ 33,37,743 രൂപ അനുവദിച്ചുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽനിന്നും 31-5-2017-ന് മുമ്പായി നൽകാൻ 11-5-2017-ലെ സ. ഉ. (ആർറ്റി.) 1546/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും 23,24,202 രൂപയും ഗ്രാമപഞ്ചായത്തുകൾ 3,01,19,117 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## റവന്യൂ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

76 (3999) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലും റവന്യൂ ഇൻസ്പെക്ടർമാരുടെ 2017 മേയ് 31 വരെയുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്രണ്ടുമാരുടെ 2017 മേയ് 31 വരെയുള്ള ഒഴിവുകൾ അറിയിക്കാമോ; ഓരോ മുനിസിപ്പാലിറ്റി - കോർപ്പറേഷൻ തിരിച്ചുള്ള ഒഴിവുകൾ അറിയിക്കാമോ; ഈ ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മൂന്ന് ഒഴിവുകൾ നിലവിലുണ്ട്. മേയ് 31-ൽ റിട്ടയർമെന്റ് മുഖേന ഒരൊഴിവുണ്ട്.

(ബി) സൂപ്രണ്ട് തസ്തികയിൽ 17 ഒഴിവുകൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു: ഇവ നികത്തിയിട്ടില്ല.

| | | |
|---|---|---|
| കൊല്ലം | - | 2 |
| കരുനാഗപ്പള്ളി | - | 1 |
| തിരുവനന്തപുരം | - | 1 |
| കളമശ്ശേരി | - | 1 |
| കൊച്ചി | - | 2 |
| വൈക്കം | - | 1 |
| അങ്കമാലി | - | 1 |
| പാല | - | 1 |
| നോർത്ത് പറവൂർ | - | 1 |
| കൊണ്ടോട്ടി | - | 1 |
| നിലമ്പൂർ | - | 1 |
| കോതമംഗലം | - | 1 |
| ചെങ്ങന്നൂർ | - | 1 |
| കാസർഗോഡ് | - | 1 |
| ഫറോക്ക് | - | 1 |

31-5-2017-ലെ റിട്ടയർമെന്റ് മുഖാന്തരം സൂപ്രണ്ട് തസ്തികയിൽ 14 ഒഴിവുകൾക്കൂടി വരുന്നുണ്ട്. അവയിൽ മുനിസിപ്പാലിറ്റി-കോർപ്പറേഷൻ തിരിച്ചുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കാഞ്ഞങ്ങാട് | - | 1 |
| കണ്ണൂർ | - | 1 |
| തലശ്ശേരി | - | 1 |
| മൂവാറ്റുപുഴ | - | 1 |
| തിരുവനന്തപുരം | - | 5 |
| പുനലൂർ | - | 1 |
| മഞ്ചേരി | - | 1 |
| കൊയിലാണ്ടി | - | 1 |
| കൊച്ചി | - | 1 |
| കൊല്ലം | - | 1 |

മേൽ വിവരിച്ച പ്രകാരം 2017 മേയ് 31 വരെയുള്ള സൂപ്രണ്ട് തസ്തികയിലെ ആകെ ഒഴിവുകൾ 31 ആണ്.

## നാഷണൽ ഫുഡ് ഫോർ വർക്ക്

77 (4000) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഫുഡ് ഫോർ വർക്ക് പദ്ധതി പ്രകാരം ഉടമ്പടിയിലേർപ്പെട്ട് അഡ്വാൻസ് കൈപ്പറ്റിയ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തിയാകാതെ വയനാട് ജില്ലയിലുണ്ടോ ; ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) അപ്രകാരം നിയമ നടപടികൾ നേരിടുന്ന (ജപ്തിയടക്കമുള്ള) പ്രവൃത്തികളുടെ പേരും കൺവീനർമാരുടെ പേരും അടങ്ങിയ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പ്രകൃതി വിഭവ സംരക്ഷണ കേന്ദ്രം

78 (4001) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രകൃതിവിഭവ സംരക്ഷണകേന്ദ്രം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) അസംബ്ലി നിയോജകമണ്ഡലം അടിസ്ഥാനത്തിൽ പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി & സി) ബാധകമല്ല.

## എളവള്ളി മിനി എസ്റ്റേറ്റ്

79 (4002) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെകീഴിലുള്ള മിനി എസ്റ്റേറ്റിന് എത്ര ഏക്കർ ഭൂമിയാണുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എളവള്ളി മിനി എസ്റ്റേറ്റിൽ ഏതെല്ലാം വ്യവസായ യൂണിറ്റുകളാണ് പ്രവർത്തിച്ച് വരുന്നത്;

(സി) വ്യവസായ വകുപ്പുമായി ചേർന്ന് ഈ സ്ഥലത്ത് പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എളവള്ളി ഗ്രാമപഞ്ചായത്തിന്റെകീഴിലുള്ള വനിതാ വ്യവസായ എസ്റ്റേറ്റിന് രണ്ട് ഏക്കർ ഭൂമിയാണുള്ളത്.

(ബി) എളവള്ളി ഗ്രാമപഞ്ചായത്തിന്റെകീഴിലുള്ള വനിതാ വ്യവസായ എസ്റ്റേറ്റിൽ ഫർണിച്ചർ യൂണിറ്റ്, പെയിന്റ് നിർമ്മാണ യൂണിറ്റ്, അമൃതം ന്യൂട്രിമിക്സ് എന്നീ വ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ഇന്ദിരാ ആവാസ് യോജന

80 (4003) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) 2015-16 വർഷം ലക്ഷ്യമാക്കിയിരുന്ന വീടുകളുടെ പൂർത്തീകരണം എത്ര ശതമാനം വിജയിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം വിഭാഗങ്ങൾക്കാണെന്നും വെളിപ്പെടുത്തുമോ;

(സി) 2016-17 വർഷം പ്രസ്തുത പദ്ധതിയിലൂടെ പൂർത്തീകരിക്കാനുദ്ദേശിച്ച വീടുകൾ എത്രയെന്നും അതിനാവശ്യമായ തുകയുടെ വിശദാംശവും ഇതുവരെ നടത്തിയ പ്രവർത്തനങ്ങളും വിവരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 2011-12 മുതൽ 2015-16 വരെ സംസ്ഥാനത്ത് ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ആകെ 294670 വീടുകൾ അനുവദിക്കുകയും ഇതിൽ 275038 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 19632 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2015-16 വർഷത്തിൽ അനുവദിച്ച വീടുകളിൽ 74.77% നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| പൊതുവിഭാഗം | 11679 |
| ന്യൂനപക്ഷം | 14862 |
| പട്ടികജാതി | 13460 |
| പട്ടികവർഗ്ഗം | 2019 |
| **ആകെ** | **42020** |

(സി) 2016-17 സാമ്പത്തികവർഷം മുതൽ ഇന്ദിരാ ആവാസ് യോജന പദ്ധതി നിർത്തലാക്കി, പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം സംസ്ഥാനത്ത് 32559 വീടുകളാണ് കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്നത്. ഒരു വീടിന് 1,20,000 രൂപ ക്രമത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ തുക അനുവദിക്കുന്നു. ഭൗതികലക്ഷ്യമനുസരിച്ച് ആകെ അനുവദിക്കുന്ന തുക 32559 x 1,20,000 = 39,070.8 ലക്ഷം രൂപ 2016-17 വർഷത്തെ ഭൗതിക ലക്ഷ്യത്തിൽ 12666 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിയിലുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എസ്.ഇ.സി.സി. ലിസ്റ്റിൽനിന്നായതിനാൽ അർഹരായ ഗുണഭോക്താക്കളെ ടി ലിസ്റ്റിൽനിന്നും ലഭിക്കാത്തതിനാൽ മുഴുവൻ ഗുണഭോക്താക്കൾക്കും 2016-17 വർഷം സാംഗ്ഷൻ ചെയ്യുവാൻ സാധിച്ചിരുന്നില്ല. ഭൗതിക ലക്ഷ്യമനുസരിച്ചുള്ള മുഴുവൻ ഗുണഭോക്താക്കളെയും രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ജില്ലകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

**ഇന്ദിരാ ആവാസ് യോജന പദ്ധതി**

81 (4004) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റിന്റെകാലത്ത് ഈ പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ പണി ആരംഭിച്ചിട്ട് പൂർത്തിയാക്കാൻ കഴിയാതിരുന്നവർക്ക് എന്തെല്ലാം പരിഗണനകളാണ് നൽകിയതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും വീട് നിർമ്മിച്ചു നൽകിക്കൊണ്ട് ഇവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥിരമായ ഒരു പരിഹാരം കാണുക എന്നതാണ് ഇന്ദിരാ ആവാസ് യോജനയുടെ ലക്ഷ്യം. ഗുണഭോക്താക്കൾ സ്വന്തമായി രണ്ട് സെന്റ് ഭൂമിയെങ്കിലും ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം. ഐ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ചുമതല അതാത് ഗ്രാമസഭയ്ക്കാണ്. ഐ.എ.വൈ. പദ്ധതിയിൽ അനുവദിക്കുന്ന ധനസഹായം 70,000 രൂപ യായിരുന്നു. ടി തുക കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ ഐ.എ.വൈ. പ്രകാരമുള്ള വീടുകളുടെ യൂണിറ്റ് കോസ്റ്റ് ജനറൽ, പട്ടികജാതി വിഭാഗങ്ങൾക്ക് 70,000 രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 2.50 ലക്ഷം രൂപയും വർദ്ധിപ്പിച്ചുകൊണ്ട് 16-3-2012-ലെ സ. ഉ. (സാധാ.) നമ്പർ 68/2012/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഐ.എ.വൈ. പ്രകാരം നിർമ്മിക്കുന്ന വീടുകളുടെ ആകെ വിസ്തീർണ്ണം 25 ച. മീറ്ററിനും 66 ച. മീറ്ററിനും ഇടയിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2015-16 വർഷം ഐ.ഐ.വെ.-യുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി വിഭാഗങ്ങൾക്ക് മൂന്ന് ലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 3.5 ലക്ഷം രൂപയായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. 1-4-2016 മുതൽ കേന്ദ്ര സർക്കാർ ഐ.എ.വൈ. പദ്ധതി നിർത്തലാക്കി പ്രധാനമന്ത്രി ആവാസ് യോജന (ജി) എന്ന ഭവന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാരിന്റെകാലത്ത് ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ അനുവദിച്ചിരുന്ന വീടുകളിൽ 65277 വീടുകൾ പൂർത്തീകരിക്കാനുണ്ടായിരുന്നു. സന്നദ്ധ സംഘടനകളുടെയും സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെയും സ്ഥാപനങ്ങളുടെയും സഹായത്തോടുകൂടി പൂർത്തീകരിക്കാനുള്ള വീടുകൾ പൂർത്തീകരിക്കുന്നതിന് എല്ലാ ജില്ലകളിലും ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി 45645 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 19632 വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്.

(സി) ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ഭവനം അനുവദിച്ച് പണി പൂർത്തീകരിക്കാത്ത വീടുകൾ സന്നദ്ധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സ്കൂൾ/കോളേജ് വിദ്യാർത്ഥികളുടെയും സഹായത്തോടെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിച്ചുവരുന്നു.

**മൊബൈൽ ഫോൺ ടവറുകളിലെ ജനറേറ്റർ ഉപയോഗം**

82 (T* 4005) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ ജനറേറ്റർ ഉപയോഗിച്ച് മൊബൈൽ ഫോൺ ടവർ പ്രവർത്തിപ്പിക്കാൻ അനുവാദം ഉണ്ടോ; എങ്കിൽ ശബ്ദ അളവ് എത്രയാണ്;

(ബി) ശബ്ദം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും;

(സി) രാത്രിസമയത്ത് വൈദ്യുതി ഇതര ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) വൈദ്യുതി ഇതര ജനറേറ്റർ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന വായു-ശബ്ദ മലിനീകരണം തടയാൻ നടപടി സ്വീകരിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) ഉണ്ട്.

| ക്രമ നമ്പർ | മേഖല | അനുവദനീയ ശബ്ദപരിധി, പകൽസമയം dB(A) Leq | അനുവദനീയ ശബ്ദപരിധി, രാത്രിസമയം dB(A) Leq |
|---|---|---|---|
| 1 | വ്യവസായ മേഖല | 75 | 70 |
| 2 | വാണിജ്യ മേഖല | 65 | 55 |
| 3 | ഗാർഹിക മേഖല | 55 | 45 |
| 4 | നിശ്ശബ്ദ മേഖല | 50 | 40 |

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ശബ്ദം പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാക്കാതിരിക്കാൻ അക്കോസ്റ്റിക് എൻക്ലോഷറോടുകൂടിയ (Acoustic Enclosure) ജനറേറ്റർ സെറ്റുകൾ ഉപയോഗിക്കാവുന്നതാണ്.

(സി) ഉണ്ട്. മൊബൈൽ ടവറിന്റെ പ്രവർത്തനം തുടർച്ചയായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് തുടർച്ചയായി വൈദ്യുതി ആവശ്യമാണ്. ആയതിനാൽ രാത്രിസമയത്ത് വൈദ്യുതി ഇതര ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാറുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നുണ്ട്. വൈദ്യുതി ഇതര ജനറേറ്റർ ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന വായു-ശബ്ദ മലിനീകണം തടയുന്നതിനായി അക്കോസ്റ്റിക് എൻക്ലോഷറോടു കൂടിയതും (Acoustic Enclosure) ആവശ്യമായ ഉയരത്തിൽ പാഴ് വായു പുറന്തള്ളുന്നതിനുള്ള എക്സ്ഹോസ്റ്റ് പൈപ്പും (Exhaust Pipe) ഉള്ള ജനറേറ്ററുകൾക്കാണ് അനുമതി നൽകുന്നത്.

## മാലിന്യ സംസ്കരണശാലകൾ

83 (4006) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് മാലിന്യ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സംസ്കരണ ശാലകൾ നവീകരിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദ വിവരം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഭാഗമായി മാലിന്യ സംസ്കരണ ശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ജൈവ മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുപയോഗിച്ചും ശുചിത്വ മിഷൻ മുഖേന സർക്കാർ നൽകുന്ന സാമ്പത്തിക സഹായവും ഉപയോഗപ്പെടുത്തി പ്രോജക്ടുകൾ നടത്തിവരുന്നുണ്ട്.

## ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ

84 (4007) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ജോയി :
ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ;

(ബി) മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരമാവധി മാലിന്യങ്ങൾ പ്രഭവസ്ഥാനത്ത് തന്നെ സംസ്കരിക്കുന്ന രീതി വ്യാപകമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ശുചിത്വ മിഷൻ നടപ്പിലാക്കിവരുന്നത്;

(ഡി) മാലിന്യ സംസ്കരണം ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനും ശുചിത്വ അവബോധം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ശുചിത്വ മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ പറയുന്നവയാണ്:

1. മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതികോപദേശങ്ങൾ നൽകുക.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുക. സർക്കാർ വിഹിതമായ സാമ്പത്തിക സഹായം ലഭ്യമാക്കുക.
3. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സാങ്കേതിക മികവ് പരിശോധിച്ച് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുക. യൂണിറ്റ് കോസ്റ്റ് ആവശ്യമായ സംവിധാനങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക.

4. ശുചിത്വ മേഖലയിലെ കേന്ദ്രവിഷ്കൃത പദ്ധതികളുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

5. ശുചിത്വവും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിവര വിജ്ഞാന വ്യാപനം, ശേഷീവികസന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

6. എം.ആർ.എഫ്., സ്വാപ്പ് ഷോപ്പ്, റിപ്പയർ ഷോപ്പ്, അജൈവ മാലിന്യങ്ങളുടെ ശേഖരണവും റീസൈക്ലിംഗ് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും

7. കമ്മ്യൂണിറ്റി തലത്തിലുള്ള കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ

8. നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണികളും നവീകരണവും

9. സാനിട്ടറി കോംപ്ലക്സുകൾ

10. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെട്ടിട്ടുള്ള എൻ.ജി.ഒ., സ്വയംസഹായ സംഘങ്ങൾക്കുള്ള Liability gap funding

11. ഉത്പാദകന്റെ അധിക ഉത്തരവാദിത്വം (ഇ.പി.ആർ.)

12. സാനിട്ടേഷൻ അവാർഡ്

13. റീസൈക്ലിംഗ്, പരിസ്ഥിതി സൗഹൃദവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കൽ

14. വ്യാപകമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ

15. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

16. ഉറവിട മാലിന്യ സംസ്കരണം

17. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ

18. സെപ്റ്റേജ് മാനേജ്മെന്റിലെ യന്ത്രവത്കരണം.

(സി) വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സാങ്കേതിക മികവ് വിലയിരുത്തി അംഗീകാരം നൽകി ആയവയുടെ യൂണിറ്റ് നിരക്ക് നിശ്ചയിച്ച് നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നു. ഗാർഹിക തലങ്ങളിൽ ജൈവ മാലിന്യ സംസ്കരണം പൗരന്മാർ സ്വന്തം ഉത്തരവാദിത്വത്തിൽ സംവിധാനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഡി) സംസ്ഥാനത്ത് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ ഭാഗമായി ശുചിത്വ മാലിന്യ സംസ്കരണ ദൗത്യം കാമ്പയിൻ മാതൃകയിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ശുചിത്വ അവബോധം സാധാരണ ജനങ്ങളിലെത്തിക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവര വിജ്ഞാന പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**നൂറനാട് മുക്കാട് തോട് പാലം**

85 (4008) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2014-16 കാലയളവിൽ ഭരണാനുമതി ലഭ്യമായ മാവേലിക്കര മണ്ഡലത്തിലെ നൂറനാട് മുക്കാട്-തോട്-പാലം (പാണ്ട്യൻതോട്) നിർമ്മാണപ്രവൃത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി ധനകാര്യ വകുപ്പ് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി ആയത് നല്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ധനകാര്യ വകുപ്പിന് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ;

(സി) റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത്(പാലങ്ങളും നിരത്തുകളും) വിഭാഗത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിക്ക് സ്ട്രക്ചറൽ ഡിസൈൻ പ്രകാരം അധികമായി ഒരു കോടി രൂപ വേണ്ടിവരുന്നുണ്ട്.

(സി & ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## സാമൂഹ്യ പെൻഷൻ ലഭിക്കാത്ത പ്രശ്നം

86 (4009) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേരത്തെ സാമൂഹ്യ പെൻഷൻ ലഭിച്ചുവന്ന നിരവധി പേർക്ക് പല സാങ്കേതിക കാരണങ്ങളാൽ അനുവദിക്കപ്പെട്ട പെൻഷനുകൾ ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സോഫ്റ്റ്‌വെയർ തകരാറുമൂലമോ ഓപ്പൺ ചെയ്യാത്തതുമൂലമോ അപേക്ഷകളിൽ തിരുത്തൽ വരുത്തുന്നതിനോ ആവശ്യമായ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനോ സാധിക്കാത്തതുമൂലം നിരവധിയാളുകൾക്ക് പെൻഷൻ ഇനിയും ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ പെൻഷൻ വിവരങ്ങൾ വെബ്സൈറ്റിലേക്ക് അപ്‌ലോഡ് ചെയ്യാൻ യഥാസമയം കഴിയാതിരുന്നവരുടെ വിവരങ്ങൾ നൽകുന്നതിന് വെബ്സൈറ്റ് തുറന്ന് നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരക്കാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും 2017 മേയ് മാസം 10 മുതൽ 25 വരെ തീയതികളിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് സർക്കാർതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ

87 (4010) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കടകളിൽ യഥേഷ്ടം വില്പന നടത്തുന്നതായും ഉപഭോക്താക്കൾക്ക് നൽകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിൽപ്പന തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ;

(സി) പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി എന്ത് ബദൽ സംവിധാനമാണ് ജനങ്ങളുടെ ആവശ്യം പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ, 24-9-2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ. സർക്കാർ സർക്കുലർ എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പ്രകൃതി സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്താകമാനം സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി തുണി സഞ്ചികൾ, പാത്രങ്ങൾ, പേപ്പർ കവറുകൾ എന്നിവ ഉപയോഗിക്കാനുള്ള ബോധവത്കരണം നടത്തിവരുന്നു.

**വാണിജ്യ സമുച്ചയങ്ങളിലെ പാർക്കിംഗ് ഫീസ്**

88 (4011) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ സമുച്ചയങ്ങൾ, സിനിമാ തിയേറ്ററുകൾ, തിരക്കുള്ള ജംഗ്ഷനുകൾ തുടങ്ങി പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന സ്വകാര്യവാഹന പാർക്കിംഗ് ഏരിയകളിൽ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാർക്കിംഗ് ഫീസ് നിരക്ക് നിശ്ചയിച്ചുനൽകിയിട്ടുണ്ടോ;

(സി) പലയിടങ്ങളിലും പല നിരക്കിലാണ് ഫീസ് പിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചിലയിടങ്ങളിൽ അമിത നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യവാഹന പാർക്കിംഗ് ഏരിയ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

(ഇ) 1995-ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ, ചട്ടം 23 പ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങൾ തുറക്കാനുള്ള ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ തദ്ദേശഭരണ സ്ഥാപനത്തിന് തീരുമാനമെടുക്കാവുന്നതാണെന്നും എന്നാൽ മോട്ടോർ വാഹനങ്ങൾക്ക് വേണ്ടിയുള്ള ഒരു സ്വകാര്യ വണ്ടിത്താവളം തുറക്കാൻ അനുവാദം കൊടുക്കുന്നതിനുമുമ്പ് ഗ്രാമപഞ്ചായത്ത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ വണ്ടിത്താവളങ്ങളിൽ 9-ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള കുറഞ്ഞതും കൂടിയതുമായ നിരക്കുകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ കൂടുതലാക്കാൻ പാടുള്ളതല്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1994-ലെ മുനിസിപ്പൽ ആക്ട് 475(3) വകുപ്പുപ്രകാരം സ്വകാര്യ വണ്ടിത്താവളങ്ങളുടെ ലൈസൻസ് മുനിസിപ്പാലിറ്റികളുടെ യുക്താനുസരണം നൽകാവുന്നതും മുനിസിപ്പാലിറ്റികൾക്ക് ഏതെങ്കിലും സമയത്ത് നിശ്ചയിക്കപ്പെട്ട തീയതിമുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ലൈസൻസിലെ വ്യവസ്ഥങ്ങൾ ഭേദഗതി ചെയ്യാവുന്നവും അതിലെ വ്യവസ്ഥകളുടെ ലംഘനത്തിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

**മാലിന്യ സംസ്കരണത്തിനായി പുതിയ പദ്ധതികൾ**

89 (4012) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ശുചിത്വപാലനത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന നിർദ്ദേശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിനും ഉറവിട മാലിന്യ സംസ്കരണത്തിനുംവേണ്ടി അനുവദിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മാലിന്യ സംസ്കരണത്തിൽ സർക്കാർ പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ; ശുചിത്വപാലനത്തിൽ ഇന്ത്യയിൽ കേരളത്തിന്റെ സ്ഥാനം എത്രാമതാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

1. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുക.

2. അജൈവമാലിന്യങ്ങൾ കത്തിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി തരംതിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നതിനും ആയത് താൽക്കാലിക അജൈവ മാലിന്യ സംഭരണ (എം.ആർ.എഫ്.) കേന്ദ്രങ്ങളിൽ എത്തിച്ച് രണ്ടാം തരംതിരിവ് നടത്തി പുനഃചംക്രമണം നടത്തുന്നതിന് കൈമാറുക.

3. ചടങ്ങുകളിൽ ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനായി ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക.

4. സാധനങ്ങളുടെ പുനരുപയോഗ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സ്വാപ്പ് ഷോപ്പ് മേളകൾ സംഘടിപ്പിക്കുക.

5. സുരക്ഷിത മാലിന്യ പരിപാലനം ഉറപ്പാക്കുന്നതിനായി കാലോചിതമായി മാലിന്യ പരിപാലന മാർഗ്ഗനിർദ്ദേശങ്ങൾ

6. പുനരുപയോഗ സാധ്യമായ സാധനങ്ങൾ പരമാവധി ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നതിനും പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കാനുമുള്ള ക്യാമ്പയിൻ, ബദൽ ഉൽപ്പന്നങ്ങൾ ലഭ്യമാക്കൽ, ബദൽ ഉത്പന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ

7. പുനഃചംക്രമണ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ

8. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ

9. പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മാലിന്യ പരിപാലനത്തിന് എക്സ്റ്റന്റഡ് പ്രൊഡ്യൂസേഴ്സ് റെസ്പോൺസിബിലിറ്റി നിർബന്ധമാക്കുന്നതിലേക്കുള്ള നടപടികൾ

10. ശേഷിവികസന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ

11. മാലിന്യ സംസ്കരണ രംഗത്ത് പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനായി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

12. ശാസ്ത്രീയ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള നയം, തന്ത്രം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യസംസ്കരണ പദ്ധതികളാണ് കൂടുതലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതികസാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.ആർ.എഫ്. സെന്ററുകളും തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

(സി)

1. സെപ്റ്റേജ് മാനേജ്മെന്റ് യൂണിറ്റ്
2. സെപ്റ്റേജ് മാനേജ്മെന്റ്-യന്ത്രവത്കരിക്കൽ
3. ആധുനിക അറവുശാലകൾ
4. ആധുനിക ഗ്യാസ്/വൈദ്യുതി ശ്മശാനങ്ങൾ
5. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.

ശുചിത്വ പാലനവുമായി ബന്ധപ്പെട്ടിട്ടുള്ള സ്ഥാനം സംസ്ഥാനാടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിനുള്ള പഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നെൽകൃഷി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തൽ**

90 (4013) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത്;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) നെൽകൃഷി മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ ആവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾ തടസ്സമാകുന്നുണ്ടെങ്കിൽ അത് മാറ്റാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ അറുപത് ശതമാനമെങ്കിലും ഭൂമി, ജലം, വൃക്ഷങ്ങൾ എന്നിവയുടെ വികസനത്തിലൂടെ കൃഷിയും അനുബന്ധ പ്രവൃത്തികളുമായും ബന്ധപ്പെട്ട ഉത്പാദനക്ഷമതയുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിനുതകുന്ന പ്രവൃത്തികളായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ 17-9-2014-ലെ 11017/41/201-എം.ജി.എൻ.ആർ.ഇ.ജി.എ. (യു.എൻ.) (പി.റ്റി. II) നമ്പർ കത്തിലെ ഭേദഗതിയിലും 3-1-2014-ലെ എസ്.ഒ. 19 (ഇ) നമ്പർ വിജ്ഞാപനത്തിലെ പട്ടിക I-ലും ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) നെൽകൃഷി മേഖലയെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുള്ളതാണ്. എന്നാൽ കേന്ദ്രസർക്കാരിൽനിന്നും അനുകൂല തീരുമാനങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) നെൽകൃഷി, കൊയ്ത്തിനുശേഷം പുതുതായി വിളവിറക്കുന്നതുവരെയുള്ള ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത പ്രവൃത്തിയിനമായി ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല തീരുമാനം നാളിതുവരെ ലഭിച്ചിട്ടില്ല.

## എഴുപുന്ന സ്വദേശി അസ്സീസിന് ഐ.എ.വൈ പ്രകാരം അനുവദിച്ച തുക

91 (4014) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. അസീസ്, വടക്കേപുന്നയ്ക്കാപ്പള്ളി, എഴുപുന്ന എന്ന അംഗപരിമിതനായ വ്യക്തിക്ക് ഐ.എ.വൈ. പ്രകാരം 2011-12-ൽ അനുവദിച്ച വീടിന്റെ പണി പൂർത്തിയായിട്ടും അനുവദിച്ച തുക ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുവദിച്ച ഫണ്ട് ലഭ്യമാക്കണമെന്ന് കാണിച്ച് അദ്ദേഹം ബഹു:തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അപേക്ഷകന്റെ ആവശ്യം പരിഗണിക്കുന്ന വിഷയം സ്റ്റേറ്റ് കോർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിച്ചെങ്കിലും കമ്മിറ്റി അപേക്ഷ നിരസിച്ചു. എന്നിരുന്നാലും ശ്രീ. അസീസിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർ ഇപ്പോൾ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

92 (4015) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ആണ് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്;

(സി) ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികളുണ്ടെങ്കിൽ ലഭ്യമാകാത്തതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ, തലശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽവരുന്ന എന്തെങ്കിലും പ്രവൃത്തികൾക്ക് ഇനി ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ഇ) മണ്ഡലത്തിൽ, വകുപ്പിന് കീഴിലുള്ള മുഴുവൻ പ്രവൃത്തിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന പ്രവൃത്തികളാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ളത്:

1. രാജാസ് കല്ലായി ഹോമിയോ ഡിസ്പെൻസറി-കണക്ഷൻ റോഡ് നവീകരണം - 10 ലക്ഷം (തലശ്ശേരി മുനിസിപ്പാലിറ്റി)
2. നെല്ലരിപ്പറമ്പ് കോട്ടായി മൂലോം റോഡ് നവീകരണം - 10 ലക്ഷം
3. നാല് ഹൈമാസ്റ്റ് ലൈറ്റ് തലശ്ശേരിയിലെ വിവിധ സ്ഥലങ്ങൾ - 20 ലക്ഷം

മേൽപ്പറഞ്ഞ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

(ഡി) ഉണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാകാത്തതാണ് കാരണം.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ലൈഫ് മിഷൻ സർവ്വേ**

93 (4016) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായുള്ള, ഭവനരഹിതരായ ആളുകളുടെ എണ്ണം കണക്കാക്കുന്നതിനായുള്ള സർവ്വേ കാസർഗോഡ് ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ എത്ര ഭവനരഹിതരുണ്ടെന്ന കണക്ക് നഗര/ഗ്രാമങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(സി) സർവ്വേ പൂർത്തീകരിച്ചില്ലെങ്കിൽ എന്ന് സർവ്വേ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേ ജില്ലയിൽ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേ ഫോറങ്ങളുടെ മേൽ പരിശോധനാ നടപടികൾ പൂർത്തിയായിവരുന്നു.

(ബി & സി) സർവ്വേ ഫോറങ്ങളുടെ മേൽ പരിശോധനാനടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ.

**വർക്കല മണ്ഡലത്തിലെ ഭവനരഹിതർ**

94 (4017) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന മുനിസിപ്പാലിറ്റിയിലും ഗ്രാമപഞ്ചായത്തുകളിലുമായി ഭവന രഹിതായ എത്ര പേരുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഭവനരഹിതരായവർക്ക് വീട് വച്ച് നൽകുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഭവനരഹിതരുടെ കണക്കെടുക്കുന്നതിന് കുടുംബശ്രീ മുഖേനയുള്ള സർവ്വേ പൂർത്തിയായിട്ടുണ്ട്. സർവ്വേയുടെ വെരിഫിക്കേഷൻ നടന്നുവരുന്നു. ആയതു പൂർത്തിയായാൽ മാത്രമേ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(ബി) ഭവനരഹിതരായവർക്ക് വീട് വച്ച് നൽകുന്നതിനായി സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്.

## സെപ്റ്റിക് ടാങ്കുകളുടെ ശുചീകരണം യന്ത്രവത്കരിക്കുന്നതിനുള്ള പദ്ധതികൾ

95(4018) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവത്ക്കരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ആയതിനുവേണ്ടിയുള്ള യന്ത്രസാമഗ്രികൾ ഇറക്കുമതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവത്കരിക്കുന്നതിനുള്ള സർക്കാർ പദ്ധതികൾ നിലവിലില്ല.

(സി) സർക്കാർ ഇറക്കുമതി ചെയ്തിട്ടില്ല.

(ഡി) സർക്കാർ നിയോഗിച്ചിട്ടില്ല.

## വർക്കല മണ്ഡലത്തിൽ തൊഴിലുറപ്പ് പദ്ധതി വേതന കുടിശ്ശിക

96 (4019) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജോലി ചെയ്ത തൊഴിലാളികൾക്ക് എത്ര രൂപ വേതന കുടിശികയായിട്ടുണ്ട്;

(ബി) പ്രസ്തുത തുക പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ തിരിച്ച് എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പ്രവൃത്തിയെടുത്ത തൊഴിലാളികൾക്ക് 7,25,95,434 രൂപ വേതന കുടിശ്ശികയുണ്ട്.

എന്നാൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മുഖേന പണിയെടുത്ത തൊഴിലാളികൾക്ക് വേതന കുടിശ്ശികയില്ല.

(ബി) പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | തുക (രൂപയിൽ) |
|---|---|---|
| 1 | മടവൂർ | 12326090 |
| 2 | നാവായിക്കുളം | 15123264 |
| 3 | പള്ളിക്കൽ | 9847755 |
| 4 | ചെമ്മരുതി | 8446434 |
| 5 | ഇടവ | 7850896 |
| 6 | ഇലകമൺ | 7957801 |
| 7 | വെട്ടൂർ | 11043194 |
| **ആകെ** | | **72595434** |

(സി) കേന്ദ്രസർക്കാരിൽനിന്നും ആവശ്യമായ ഫണ്ട് ലഭിക്കാത്തതു കൊണ്ടാണ് കൂലി നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നത്.

## ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം

97 (4020) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിലെ (പി.എ.യു.) ജീവനക്കാർക്ക് ശമ്പളവും മറ്റ് സേവന ആനുകൂല്യങ്ങളും നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ വിഷയവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് G. O. (Rt.) No. 1000/27 തീയതി 30-3-2017 നടപ്പാക്കുന്നതിൽ ഏതെങ്കിലും വിധത്തിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 2017-18 സാമ്പത്തികവർഷം 2501-01-196-48 (02) DRDA Administrative Cost (PV) എന്ന ശീർഷകത്തിൽ വകയിരുത്തിയ നാല് കോടി രൂപയിൽനിന്ന് വഹിക്കുന്നതിന് അനുമതി നൽകി 30-3-2017-ലെ സ. ഉ. (ആർറ്റി.) നമ്പർ 1000/17/ത.സ്വ.ഭ.വ. പ്രകാരം ഉത്തവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വകയിരുത്തിയിരിക്കുന്ന നാല് കോടി രൂപ തികച്ചും അപര്യാപ്തമാണെന്നും DDO-യെ നിശ്ചയിച്ചിട്ടില്ലെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

98 (4021) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായുള്ള ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് ഓഫീസുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഈ തസ്തികയിലേക്ക് ഗ്രാമവികസന വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) അന്യത്ര സേവന വ്യവസ്ഥയിൽ പി.എ.യു.കളിൽ സി.എ.മാരെ നിയമിക്കുന്നതിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ചെലവ് വന്നിട്ടുണ്ട്?

ഉത്തരം

(എ) ആറ് പേർ.

(ബി) അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് ഗ്രാമവികസന വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും അപേക്ഷിക്കാവുന്നതാണ്.

(സി) 43,98,637 രൂപ.

## വയോധികൻ തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ

**കൊല്ലപ്പെട്ട സംഭവം**

99 (4022) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് കുഞ്ഞുകൃഷ്ണൻ എന്ന വയോധികൻ തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിൽ അദ്ദേഹത്തിന്റെ കുടുംബത്തിന് എന്തെങ്കിലും ധനസഹായം അനുവദിച്ചോ;

(ബി) ഇല്ലെങ്കിൽ ജസ്റ്റിസ് സിരിജഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അനുവദിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച് ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സമ്പൂർണ്ണ ശുചിത്വം**

100 (4023) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ ശുചിത്വം എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ശാസ്ത്രീയമായ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കും;

(സി) ശുചിത്വബോധവൽക്കരണത്തിനായി തദ്ദേശ സ്ഥാപനങ്ങൾവഴി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വം എന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമപ്രദേശങ്ങൾ വെളിയിട വിസർജ്ജന മുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും 2016 നവംബർ 1-ന് പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിന്

പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ പ്രോജക്റ്റുകൾക്ക് വകയിരുത്തണമെന്ന് 13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിയിൽ ശുചിത്വം/മാലിന്യ സംസ്കരണം എന്നിവ പ്രധാന ഘടകമാണ്.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും മാലിന്യ സംസ്കരണം ശാസ്ത്രീയമായ രീതിയിലാണെന്ന് ഉറപ്പുവരുത്താനും കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റുന്നതിനുമായി ബൃഹത്തായ 'ഹരിത കേരളം' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാനും അനുകൂല മനോഭാവവും ജീവിത രീതിയും ഓരോ വ്യക്തിയിലും കുടുംബത്തിലും സ്ഥാപനത്തിലും സാമൂഹിക ജീവിതത്തിലും ഉറപ്പുവരുത്താനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി)

1. നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകളുടെ പുനരുദ്ധാരണം
2. ഉറവിട ജൈവ മാലിന്യ സംസ്കരണം
3. ദ്രവമാലിന്യ പരിപാലനം (സെപ്റ്റേജ് അടക്കം)
4. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള സൗകര്യം
5. റീസൈക്ലിംഗും പ്രകൃതി സൗഹൃദ വ്യവസായങ്ങളുടെ പ്രോത്സാഹനം
6. എക്സ്റ്റന്റഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
7. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്വയം സഹായ സംരംഭങ്ങൾക്കും ചെറുകിട സംരംഭക ഗ്രൂപ്പുകൾക്കുമുള്ള പിന്തുണ
8. ഐ.ഇ.സി. പ്രവർത്തനങ്ങളും ശേഷീവികസന പ്രവർത്തനങ്ങളും
9. പൊതുസ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സ്
10. സെപ്റ്റേജ് മാനേജ്മെന്റ് സുരക്ഷിതമായി കൈകാര്യം

ചെയ്യുന്നതിനുള്ള യന്ത്രവത്കരണം

11. ഖരമാലിന്യ സംസ്കരണത്തിന് നൂതന പദ്ധതികൾ

12. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും ബദൽ ഉത്പന്നങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

13. ആധുനിക അറവുശാലകൾ, ഗ്യാസ്/വൈദ്യുതി ശ്മശാനങ്ങൾ.

(സി) വിവരവിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ കർമ്മപദ്ധതി പ്രകാരം തദ്ദേശ സ്ഥാപനങ്ങൾവഴി ശുചിത്വ ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇത് കാര്യക്ഷമമാക്കാനും ഹരിതകേരളം മിഷന്റെ ഭാഗമായി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാനും വേണ്ട പ്രത്യേക കർമ്മപദ്ധതിയും തയ്യാറാക്കും.

**ഉള്ള്യേരി പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് ഭരണാനുമതി**

101 (4024) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ള്യേരി പഞ്ചായത്തിൽ നിർമ്മിക്കുന്ന 'പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം' (ഭൂഗർഭ ശ്മശാനം) ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവർത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ വേഗത്തിലാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 31-1-2017-ലെ മീറ്റിംഗിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ വരുന്ന ഒൻപത് ഗ്രാമപഞ്ചായത്തു കളിൽനിന്നും 20 ലക്ഷം രൂപ വീതവും ബാക്കി തുക ബാലുശ്ശേരി എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും വകയിരുത്തി ആകെ 3.15 കോടി രൂപ എസ്റ്റിമേറ്റ് പ്രകാരം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. കൂടാതെ

ശ്മശാന നിർമ്മാണ പദ്ധതിയിൽ ഭാഗഭാക്കാകുന്ന ഗ്രാമപഞ്ചായത്തുകൾ 28-2-2017-ന് മുമ്പ് പദ്ധതി വിഹിതമായ 20 ലക്ഷം രൂപ ഉള്ള്യേരി ഗ്രാമപഞ്ചായത്തിന് നൽകുന്നതാണെന്ന് വ്യക്തമാക്കുന്ന പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ ഭരണസമിതി തീരുമാനം സർക്കാരിൽ ലഭ്യമാക്കുന്നതിനും കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാരെ ഉൾപ്പെടുത്തി ഉള്ള്യേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു സൊസൈറ്റി രൂപീകരിച്ച് ശ്മശാനത്തിന്റെ പ്രവർത്തനവും നടത്തിപ്പുമായി ബന്ധപ്പെട്ട് സൊസൈറ്റിയുടെ Bye-Law തയ്യാറാക്കുന്നതിനും ഉള്ള്യേരി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ഓണറേറിയം**

102 (4025) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജനുവരിയിൽ കുടുംബശ്രീ ഗവേണിംഗ് ബോഡി, കരാർ ജീവനക്കാരായ കുടുംബശ്രീ സി.ഡി.എസ്., അക്കൗണ്ടന്റുമാരുടെ ഓണറേറിയം 8,000 രൂപയിൽ നിന്ന് 16,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വർദ്ധിപ്പിച്ച ഓണറേറിയം നൽകാൻ തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വർദ്ധിപ്പിച്ച ഓണറേറിയം നൽകാനുള്ള ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 12-1-2017-ന് കൂടിയ ഗവേണിംഗ് ബോഡി യോഗത്തിൽ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ ശമ്പളം 15,000 രൂപയായി ഉയർത്താനും 2017 ജനുവരി 1-ന് കുടുംബശ്രീയിൽ അക്കൗണ്ടന്റായി അഞ്ച് വർഷത്തിൽ കൂടുതൽ പ്രവർത്തന പരിചയമുള്ളവരുടെ ശമ്പളം 16,000 രൂപയായി നിശ്ചയിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്. കുടുംബശ്രീയിലെ മറ്റ് വിഭാഗം ജീവനക്കാരുടെ ശമ്പള വർദ്ധനവിനുള്ള ശിപാർശകൾക്കൊപ്പം ഇക്കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനമാകുന്നമുറയ്ക്ക് ഇതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**പഞ്ചായത്ത് നഗരകാര്യ വകുപ്പുകളിലെ ഒഴിവുകൾ**

103 (4026) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് നഗരകാര്യ വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന എത്ര ഒഴിവുകൾ പി. എസ്. സി. മുഖേന നികത്തിയിട്ടുണ്ട്; ഇനി വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്ത എത്ര വകുപ്പ് മേധാവികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ (എസ്.സി/എസ്.ടി. ബാക്ക്ലോഗ് ഉൾപ്പെടെ) 361 ഒഴിവുകളും ടൈപ്പിസ്റ്റ് തസ്തികയിൽ 3 ഒഴിവുകളും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 169-ഉം ഡ്രൈവർ, ലൈബ്രേറിയൻ എന്നിവയിൽ 6 ഒഴിവുകളും പി.എസ്.സി. മുഖാന്തരം നികത്തിയിട്ടുണ്ട്. ക്ലാർക്ക് തസ്തികയിൽ 56-ഉം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 50-ഉം ഡ്രൈവർ തസ്തികയിൽ 12-ഉം ഒഴിവുകൾ നിലവിലുണ്ട്.

നഗരകാര്യ വകുപ്പിൽ പി.എസ്.സി. മുഖേന നികത്തിയ ഒഴിവുകളുടെ എണ്ണം

| | | |
|---|---|---|
| **നഗരകാര്യ വകുപ്പ്** | | |
| ക്ലാർക്ക് | - | 2 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| ഡ്രൈവർ | - | 1 |
| **മുനിസിപ്പൽ കോമൺ സർവ്വീസ്** | | |
| എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ | - | 105 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | - | 11 |
| ഡ്രൈവർ ഗ്രേഡ്-2 (എച്ച്.ഡി.വി.) | - | 3 |
| ഓഫീസ് അറ്റൻഡന്റ് | - | 104 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 8 |
| ലൈബ്രേറിയൻ | - | 7 |
| **ആകെ** | - | **238** |

നഗരകാര്യ വകുപ്പിൽ വിവിധ തസ്തികകളിലുള്ള ഒഴിവുകളുടെ എണ്ണം

**നഗരകാര്യ വകുപ്പ്**

| | | |
|---|---|---|
| ക്ലാർക്ക് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 4 |

**മുനിസിപ്പൽ കോമൺ സർവ്വീസ്**

| | | |
|---|---|---|
| ക്ലാർക്ക് | - | 360 |
| ഡ്രൈവർ ഗ്രേഡ് -2 (എൽ.ഡി.വി.) | - | 51 |
| ഡ്രൈവർ ഗ്രേഡ് -2 (എച്ച്.ഡി.വി.) | - | 3 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | - | 17 |
| ലൈബ്രേറിയൻ | - | 6 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 | - | 182 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - | 25 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 3 |
| ഓഫീസ് അറ്റൻഡന്റ് | - | 46 |
| **ആകെ** | - | **693** |

(ബി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

**പഞ്ചായത്ത് വകുപ്പിലെ ജോലിഭാരം**

104 (4027) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിനുശേഷം പഞ്ചായത്ത് വകുപ്പിലെ ജോലിഭാരം വർദ്ധിച്ചത് കണക്കിലെടുത്ത് പഞ്ചായത്തുകളിലെ ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് വകുപ്പിൽ ജില്ലാ ആഫിസുകൾക്ക് കീഴിൽ ബ്ലോക്ക് തലത്തിൽ ഒരു ഭരണ സംവിധാനം ഉണ്ടാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## വേസ്റ്റ് ബിന്നുകൾ

105 (4028) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡ്സൈഡ്, പൊതുസ്ഥലങ്ങൾ, മാർക്കറ്റ് മേഖലകൾ, റസിഡൻഷ്യൽ മേഖലകൾ തുടങ്ങി ജനവാസമുള്ള എല്ലാ സ്ഥലങ്ങളിലും വിദേശ രാജ്യങ്ങളിലേതുപോലെ, വിവിധതരത്തിലുള്ള മാലിന്യങ്ങൾ നിക്ഷേപിയ്ക്കുവാൻ പച്ചയും, ചുമപ്പും, നീലയും നിറത്തിലുള്ള (ഓരോ തരത്തിലുള്ള വേസ്റ്റ് ഇടുന്നതിന്) വലിയ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് മാലിന്യങ്ങൾ വലിച്ചെറിയുന്നത് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ വേസ്റ്റ് ബിന്നുകൾ നിറയുന്നതനുസരിച്ച് വിവിധ നിറത്തിലുള്ള വെയ്സ്റ്റ് ബിന്നിലെ ഖര, ദ്രവ മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വണ്ടികളിൽ സംഭരിച്ച് കൊണ്ടുപോയി സംസ്കരിയ്ക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## ജൈവമാലിന്യ ശേഖരണത്തിന് അനുമതി

106 (4029) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ ജൈവമാലിന്യ ശേഖരണത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും ഫാം ഉടമകൾ അപേക്ഷ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ടോ ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ജൈവ മാലിന്യ ശേഖരണ നിർമ്മാർജ്ജന അനുമതിക്കുള്ള അപേക്ഷ കളിൽ എന്നത്തേയ്ക്ക് അന്തിമ തീർപ്പ് കൽപ്പിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുമതി നൽകിയിട്ടില്ല.

ഫാം നടത്തുന്നവരെ നേരിൽ കേൾക്കുകയും മാലിന്യ ശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ മനസ്സിലാക്കുകയും ചെയ്തു. ഫാമിന്റെ ശുചിത്വ നിലവാരവും സംവിധാനങ്ങളും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെയാണോ മാലിന്യം കൈകാര്യം ചെയ്യുന്നത് എന്നതും നഗരസഭയുടെ ഹെൽത്ത് ടീം മുഖേന പരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഇക്കാരണത്താലാണ് കാലതാമസം ഉണ്ടായത്.

(സി) എത്രയുംവേഗം തീർപ്പുകൽപ്പിക്കാൻ കഴിയുന്നതാണ്.

**കൊയിലാണ്ടി മണ്ഡലത്തിലെ പശ്ചാത്തല വികസനം**

107 (4030) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2016-17, 2017-18 വർഷത്തിൽ പാശ്ചാത്തല വികസന മേഖലയിൽ റോഡുകൾ, ഫുട്പാത്ത്, കുടിവെള്ള പദ്ധതി മുതലായവയ്ക്ക് വകയിരുത്തിയ തുക, പ്രവൃത്തി എന്നിവ ഓരോ വാർഡ് അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വിശദമായി വ്യക്തമാക്കുമോ?

ഉത്തരം

2017-18 വർഷത്തിലെ പശ്ചാത്തല വികസന മേഖലയിൽ വിവിധ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ തയ്യാറാക്കിവരുന്നു. 2016-17 വർഷത്തിലെ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

108 (4031) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന/നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്നും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന/നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും ഇവയിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്നുമുള്ളത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

## കുടുംബശ്രീ അയൽക്കൂട്ടങ്ങൾ

109 (4032) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അയൽകൂട്ടങ്ങൾക്ക് മാച്ചിംഗ് ഗ്രാന്റ്, റിവോൾവിംഗ് ഫണ്ട് എന്നിവ നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) അയൽക്കൂട്ടങ്ങൾക്ക് സ്വയംതൊഴിൽ മൈക്രോ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങളെ സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി 'ദിശ 2017' എന്ന വിപുലമായ കാമ്പയിൻ കുടുംബശ്രീ സംഘടിപ്പിച്ചു. 2017 ജനുവരി 28-ന് കേരളത്തിലെ 251848 അയൽക്കൂട്ടങ്ങൾ ഏകദിന സ്വയം നവീകരണത്തിന്റെയും സ്വയം വിലയിരുത്തലിന്റെയും ഭാഗമായി ദിശ കാമ്പയിനിൽ 84 എം.എൽ.എ.-മാരും 8 എം.പി.-മാരും മുഖ്യമന്ത്രിയടക്കം 11 മന്ത്രിമാരും പങ്കെടുത്തു. ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങളുടെ എണ്ണം 258035-ൽ നിന്നും 277175 ആയി വർദ്ധിച്ചു. ദിശ കാമ്പയിനിന്റെ ഭാഗമായി സംഘടിപ്പിച്ച അയൽക്കൂട്ട ശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ 1073 സി.ഡി.എസ്.-ലേയും ചെയർപേഴ്സൺമാർക്കും ഉപസമിതി കൺവീനർമാർക്കും 19854 എ.ഡി.എസ്-കളിലെ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും പരിശീലനം സംഘടിപ്പിച്ചു.

(ബി) പ്രവർത്തനം ആരംഭിച്ച് ആറ് മാസം കഴിഞ്ഞതും നബാർഡിന്റെ എൻ.എച്ച്.ജി. ഗ്രേഡിംഗ് നടപടികൾ മുഖേന ഗ്രേഡിംഗ് പാസായി ലിങ്കേജ് വായ്പ ലഭിച്ചതുമായ അയൽക്കൂട്ടങ്ങൾക്കാണ് മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നത്. 50 ശതമാനമോ അതിൽക്കൂടുതലോ എസ്.സി./എസ്.ടി. അംഗങ്ങളുള്ള അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗിൽ 80 ശതമാനം മാർക്ക് ലഭ്യമായാൽ ലിങ്കേജ് വായ്പയുടെ അഭാവത്തിലും മാച്ചിംഗ് ഗ്രാന്റ് ലഭിക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി മാച്ചിംഗ് ഗ്രാന്റ് തുകയായ 8,000 രൂപ ലഭിക്കുന്നതുവരെ ഓരോ ലിങ്കേജ് വായ്പ ലഭിക്കുമ്പോഴും മാച്ചിംഗ് ഗ്രാന്റിന് അപേക്ഷിക്കാവുന്നതാണ്.

ആരംഭിച്ച് മൂന്ന് മാസം കഴിഞ്ഞ 75 ശതമാനം അംഗങ്ങളെങ്കിലും ബി.പി.എൽ. ആയ ഗ്രാമപ്രദേശങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് എൻ.ആർ.എൽ.എം.-ന്റെ ഭാഗമായി റിവോൾവിംഗ് ഫണ്ട് നൽകിവരുന്നു. റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുന്നതിനായി അയൽക്കൂട്ടങ്ങൾ താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുകയും വേണം.

എല്ലാ ആഴ്ചയിലും യോഗം ചേരുന്നവയും 90 ശതമാനമെങ്കിലും ഹാജർനില ഉള്ളവയുമാകണം.

സമ്പാദ്യം കൃത്യമായി എല്ലാ ആഴ്ചകളിലും അയൽക്കൂട്ട യോഗത്തിൽ ശേഖരിക്കുന്നവയും ആരംഭിച്ച് ആറ് മാസം കഴിഞ്ഞ അയൽക്കൂട്ടമാണെങ്കിൽ കൃത്യമായ ആന്തരിക വായ്പാ പ്രവർത്തനം നടത്തുന്നവയും 95 ശതമാനം തിരിച്ചടവ് ഉണ്ടായിരിക്കുന്നവയും ആയിരിക്കണം. രജിസ്റ്ററുകൾ കൃത്യമായി എഴുതി

സൂക്ഷിക്കുന്നവയും ഒരു വർഷം പൂർത്തിയാക്കിയ അയൽക്കൂട്ടങ്ങൾ കാസ് ഓഡിറ്റ് പൂർത്തിയാക്കുകയും വേണം. എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതല്ല.

(സി) ഉപജീവനത്തിന്റെ വ്യത്യസ്ത സാധ്യതകൾ (സൂക്ഷ്മസംരംഭം, കൃഷി, വൈദഗ്ധ്യ പരിശീലനവും തൊഴിലും) സംബന്ധിച്ച അവബോധ പരിശീലനം, സംരംഭകത്വ വികസന പരിശീലനം, സംരംഭങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്ന മേഖലയിൽ വൈദഗ്ധ്യ പരിശീലനം എന്നിവ നൽകിവരുന്നു. കൂടാതെ സംരംഭങ്ങൾക്ക് സബ്സിഡിയും പ്രോജക്ട് തയ്യാറാക്കുന്നതിന് സി.ഡി.എസ്. തലത്തിൽ സൂക്ഷ്മസംരംഭ കൺസൾട്ടന്റുമാരുടെ (എം.ഇ.സി.) സേവനവും ലഭ്യമാക്കിവരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം**

110 (4033) ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഈ നിർദ്ദേശം പ്രാവർത്തികമാകുന്നതോടെ എഞ്ചിനീയർമാർക്ക് ശമ്പളം നൽകുന്നതിനും, അവരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുമുള്ള അധികാരവും പ്രാദേശിക സ്വയം ഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാകുമോ;

(സി) ശമ്പളവും തൊഴിൽ സുരക്ഷയും ഉറപ്പുനൽകി പൊതുമരാമത്ത്, ജലസേചനം എന്നീ വിഭാഗങ്ങളിൽ നിന്നും താൽപ്പര്യപത്രം വാങ്ങിയാണ് 2008-ൽ എഞ്ചിനീയർമാരെ തദ്ദേശസ്വയം ഭരണ വകുപ്പിനുകീഴിൽ നിയമിച്ചത് എന്നത് വസ്തുതയല്ലേ;

(ഡി) എങ്കിൽ തൊഴിൽ സുരക്ഷ സംബന്ധിച്ച് സർക്കാർ സുപ്രീം കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിന് ഘടകവിരുദ്ധമായ ഒരു തീരുമാനം ആയതിനാൽ ഇക്കാര്യം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശീക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി - ഡി) ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

111 (4034) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി അസംബ്ലി നിയോജക മണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന പി.എം.ജി.എസ്.വൈ. റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ അനുമതി ലഭിച്ചതും അനുമതിക്കായി സമർപ്പിച്ചതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി അസംബ്ലി നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം അനുമതി ലഭിച്ച എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൊടുവള്ളി ബ്ലോക്കിൽ കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ പി.എം.ജി.എസ്.വൈ. II ബാച്ച് രണ്ടിൽ ഉൾപ്പെട്ട കെ.ആർ. 08-65, പുള്ളിപ്പടി-തോട്ടുമുഴി റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) പുതിയ പദ്ധതികളുടെ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതികമായ ചില പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സമയം മാത്രമാണ് എടുത്തിട്ടുള്ളത്.

## നെടുമങ്ങാട് മണ്ഡലത്തിലെ തൊഴിലുറപ്പ് വേതനകുടിശ്ശിക

112 (4035) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ 31-3-2017 വരെ എത്ര കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നെടുമങ്ങാട് മണ്ഡലത്തിലെ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വിതരണം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25685 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭിക്കാത്തതിനാൽ വേതനം പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 6,72,52,450 രൂപ വേതന ഇനത്തിൽ കുടിശ്ശികയുണ്ട്.

(സി) ഫണ്ട് ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം ബോധ്യപ്പെട്ട് തൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി അനുവദിക്കണമെന്ന് ചൂണ്ടിക്കാട്ടി 2017 ഫെബ്രുവരി മാസത്തിലും മാർച്ച് മാസത്തിലും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി കേന്ദ്ര ഗ്രാമവികസന മന്ത്രിക്ക് കത്തുകൾ നൽകിയിരുന്നു. 10-4-2017-ൽ കേന്ദ്ര സർക്കാർ അവിദഗ്ദ്ധ കായിക കൂലിയിനത്തിൽ 12283.79 ലക്ഷം രൂപ അനുവദിച്ചെങ്കിലും ടി തുക കൂലി കുടിശ്ശിക തീർക്കുന്നതിന് തികച്ചും അപര്യാപ്തമാണ്. ഇതേത്തുടർന്ന്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് 2016-17-ലെ കൂലി കുടിശ്ശികയും 2017-18-ലെ പദ്ധതി തുകയും അടിയന്തരമായി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം സംസ്ഥാനം ആവശ്യപ്പെട്ട ഫണ്ട് നൽകിയിട്ടില്ല.

## സമ്പൂർണ്ണ ശുചിത്വ യജ്ഞം

113 (4036) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏങ്കിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും എത്ര തുക ധനസഹായമായി ലഭിച്ചു; എന്നാണ് ലഭിച്ചത്;

(സി) ഈ തുക ചെലവഴിച്ചത് ഏതെല്ലാം മേഖലയിലാണ് പൂർണ്ണവിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 1999 മുതൽ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതി നടപ്പിലാക്കുകയുണ്ടായി. വിവര വിജ്ഞാന വ്യാപനം, മാനവശേഷി വികസനം എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽനൽകി ഗ്രാമീണ ജനങ്ങളെ ബോധവത്കരിച്ച് ശുചിത്വ സൗകര്യം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ധരിപ്പിക്കുകയും ഗാർഹിക, കമ്മ്യൂണിറ്റി, സ്ഥാപനതലങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുകയുമായിരുന്നു പദ്ധതിയിലൂടെ വിഭാവന ചെയ്തിരുന്നത്. ആയത് പ്രകാരം പ്രവർത്തനങ്ങൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി.

(ബി) 10297.81 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്.

(സി) ബോധവത്കരണ പരിപാടികൾ, ശേഷീവികസനം, സമൂഹത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസുകൾ, സ്കൂളുകളിലും അങ്കണവാടികളിലും കക്കൂസുകൾ, സാമൂഹിക ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിട്ടറി മാർട്ട്/ പ്രൊഡക്ഷൻ സെന്റർ, ഭരണ നിർവ്വഹണം എന്നീ ഘടകങ്ങൾക്കാണ് പണം ചെലവഴിച്ചത്.

## തൊഴിലുറപ്പ് തൊഴിലാളികൾക്ക് വർഷം നൂറ് ദിനം തൊഴിൽ

114 (4037) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികൾക്ക് വർഷം നൂറ് ദിനം തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായും നൂറ് ദിവസം തൊഴിൽ നൽകാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നൂറ് ദിന തൊഴിൽദിനങ്ങൾ എപ്പോൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളതും 100 ദിവസം തൊഴിൽ ആവശ്യപ്പെടുന്നതുമായ കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽ നൽകുന്നത്. 2016-17 സാമ്പത്തികവർഷം ഇപ്രകാരം 113192 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

(ബി) കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ ആവശ്യപ്പെടുന്നമുറയ്ക്ക് ആവശ്യമായ തൊഴിൽദിനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം

115 (4038) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം പ്രായോഗികമല്ലെന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ബി) ഉറവിടമാലിന്യസംസ്കരണം കൊണ്ട് മാത്രം മാലിന്യപ്രശ്നത്തിന് പൂർണ്ണപരിഹാരമുണ്ടാക്കാനാവുമെന്ന് കരുതുന്നുണ്ടോ;

(സി) ഓരോ തദ്ദേശസ്ഥാപനപ്രദേശത്തും ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, അവ നിർമ്മാർജ്ജനം ചെയ്യാൻ സ്വീകരിക്കേണ്ട ചെലവുകുറഞ്ഞ മാർഗ്ഗങ്ങളെയും, അവ നടപ്പാക്കാൻ ഏർപ്പെടുത്തേണ്ട സംവിധാനങ്ങളെയും സ്ഥലങ്ങളെയും സംബന്ധിച്ച വിശദപഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കേന്ദ്രീകൃത സംവിധാനം പ്രായോഗികമല്ലെന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല. പരിശോധിക്കുന്നതാണ്.

## സ്കൂളുകളിൽ കായിക പരിശീലനം

116 (4039) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലം വരെയുള്ള സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിനായി തദ്ദേശ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പദ്ധതികൾ നിലവിലുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(ബി) ഹൈസ്കൂൾതലം വരെയുള്ള വിദ്യാർത്ഥികളുടെ കായികക്ഷമത ഉറപ്പുവരുത്താൻ തദ്ദേശവകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും?

### ഉത്തരം

(എ & ബി) ഉണ്ട്. ഇതിന്റെ ഭാഗമായി കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് 12-ാം പഞ്ചവത്സര പദ്ധതിയിൽ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 13-ാം പഞ്ചവത്സര പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെപ്പറയും പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്:

1. കളിസ്ഥലവും സ്റ്റേഡിയവും ഒരുക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കാവുന്നതും അതിലേക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതുമാണ്.

2. ഗ്രാമപഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ സജീവമാക്കേണ്ടതും കായികക്ഷമതയുള്ള കുട്ടികളെ ചെറുപ്പത്തിലേ കണ്ടെത്തി ദീർഘവീക്ഷണത്തോടെയും സംസ്ഥാന/ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെയും ശാസ്ത്രീയ പരിശീലന പരിപാടികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

3. ഓരോ പ്രദേശത്തും പ്രചാരത്തിലുള്ള സ്പോർട്സ്/ഗെയിംസ് ഇനങ്ങളിൽ ദൈനംദിന പരിശീലനം, കോച്ചിംഗ് ക്യാമ്പുകൾ, മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

4. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സാധ്യതയ്ക്ക് അനുസൃതമായി തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങളിൽ സ്ഥാപനതല ടീമിനെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും മത്സരങ്ങളിൽ പങ്കെടുക്കാൻ സഹായിക്കുകയും ചെയ്യാവുന്നതാണ്.

5. കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് സ്പോൺസർഷിപ്പിലൂടെ പരമാവധി വിഭവങ്ങൾ കണ്ടെത്താവുന്നതാണ്.

6. ഗ്രാമതല സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

7. യുവജനക്ഷേമ മേഖലയിൽ സംസ്ഥാന യുവജനക്ഷേമ ബോർഡുമായി സഹകരിച്ചുകൊണ്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

8. സ്കൂൾ തലങ്ങളിൽത്തന്നെ അത്‌ലറ്റിക്സിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകി അത്‌ലറ്റിക്സിൽ പ്രാവീണ്യം നേടുന്നതിന് എസ്.എസ്.എ.-യുടെയും ആർ.എം.എസ്.എ.-യുടെയും സാധ്യതകളും സ്കൂൾതലത്തിലെ കായിക അദ്ധ്യാപകരുടെ കഴിവുകളും ഉപയോഗിക്കേണ്ടതാണ്. സ്പോർട്സ് അക്കാദമിയുടെ സഹകരണത്തോടെ അത്‌ലറ്റിക് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 30,000 രൂപ വരെ ചെലവഴിക്കാവുന്നതാണ്. പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

**കടുത്തുരുത്തി ഫയർ സ്റ്റേഷൻ, മിനി സ്റ്റേഡിയം**

117 (4040) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി പോളി ടെക്നിക്കിന്റെ അധിക ഭൂമി അളന്ന് തിട്ടപ്പെടുത്തി പോളി ടെക്നിക്കിന് ആവശ്യമായ സ്ഥലം കഴിച്ച് ബാക്കി ഭൂമി ഫയർ സ്റ്റേഷൻ, മിനി സ്റ്റേഡിയം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതു സംബന്ധിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നമ്പർ 1338175/RD3/LSGD/2017 എന്ന ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ ഫയലിൽ എത്രയുംവേഗം തീരുമാനമെടുക്കുന്നതിനും ഭൂമി വിട്ടുനൽകുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നടപടികൾ ആർ.സി. 4/137/2017/ത.സ്വ.ഭ.വ. നമ്പർ ഫയലിലാണ് സ്വീകരിച്ചുവരുന്നത്. ആയത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സഹിതം റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന**

118 (4041) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്.ശർമ്മ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട പരിപാലനം) പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനായി എത്ര കോടി രൂപ ആവശ്യമാണെന്നും പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽനിന്നും എത്ര കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായുള്ള വിഹിതം വെട്ടിക്കുറച്ചത് ഈ പദ്ധതി പ്രകാരമുള്ള വിവിധ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട പരിപാലന പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്:

1. മണ്ണുജല സംരക്ഷണ പ്രവൃത്തികളായ മണ്ണുകയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, കോണ്ടൂർ ട്രെഞ്ചിംഗ്, Bench Terracing മുതലായവയുടെ നിർമ്മാണം

2. തരിശുഭൂമി കൃഷിക്കുപയുക്തമാക്കൽ

3. മഴവെള്ള സംഭരണമാർഗ്ഗങ്ങളായ ചെക്ക് ഡാം, കുളങ്ങൾ, നീരുറവ, കിണർ റീചാർജ്ജിംഗ്, മഴവെള്ള സംഭരണി തുടങ്ങിയവയുടെ നിർമ്മാണവും പുനരുദ്ധാരണവും

4. ജലനിർഗ്ഗമന മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണം

5. ഉല്പാദന വർദ്ധനവിനുള്ള വിവിധ പ്രവർത്തനങ്ങൾ

6. കൃഷിയുമായി ബന്ധപ്പെട്ട ചെറുകിട സംരംഭങ്ങൾക്കുള്ള ധനസഹായം

7. ജീവനോപാധിക്കുവേണ്ടിയുള്ള റിവോൾവിംഗ് ഫണ്ട്.

(സി) ഈ പദ്ധതി ആരംഭിച്ച 2010-11 മുതൽ 2014-15 വരെ 581.61 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം വരെ ആകെ 78.418 കോടി രൂപയാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായത്.

(ഡി) കേന്ദ്ര സർക്കാർ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനാൽ ആനുപാതികമായി നൽകേണ്ട സംസ്ഥാന വിഹിതം അനുവദിക്കാനായില്ല. ആയതിനാൽ സമയബന്ധിതമായി നടപ്പിലാക്കേണ്ട പല പ്രവർത്തനങ്ങളും നടപ്പിലാക്കാൻ സാധിച്ചില്ല. ഇത് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

119 (4042) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ 100 ദിവസത്തെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന പ്രഖ്യാപിതലക്ഷ്യം നിറവേറ്റുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര തൊഴിൽ ദിനങ്ങളാണ് തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിൽ ദിനങ്ങൾ കുറയുന്നത് കൂടാതെ ചെയ്ത തൊഴിലിന്റെ വേതനം കൃത്യസമയത്ത് ലഭിക്കാതെ തൊഴിലാളികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) വേതനം കുടിശ്ശിക ആയിട്ടുള്ളത് ഏത് കാലയളവുവരെയാണെന്നും എത്ര തുക കുടിശ്ശിക ആയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഗ്രാമീണ മേഖലയിൽ തൊഴിലാളികൾ ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 100 ദിവസത്തെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സാധിക്കുന്നുണ്ട്. 100 ദിവസം തൊഴിൽ ലഭിച്ച തൊഴിലാളികളുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമനമ്പർ | വർഷം | 100 ദിവസം തൊഴിൽ ലഭിച്ച തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | 2012-13 | 340483 |
| 2 | 2013-14 | 406614 |
| 3 | 2014-15 | 98648 |
| 4 | 2015-16 | 165988 |
| 5 | 2016-17 | 113192 |

(ബി) 2016-17 സാമ്പത്തികവർഷം ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ 684.63 ലക്ഷമാണ്. ഇതേ കാലയളവിൽ ജോലിക്ക് പങ്കെടുത്ത ഒരു കുടുംബത്തിന് ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ 46.97 ആണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ 23-12-2016 മുതൽ 31-3-2017 വരെയുള്ള വേതനമാണ് കുടിശ്ശികയായിട്ടുളളത്. ഇത് അവിദഗ്ദ്ധ കൂലിയിനത്തിലെ 636.52 കോടി രൂപയാണ്.

## തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ്

120 (4043) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22-10-2016-ലെ നമ്പർ ബി1-14047/16 ഉത്തരവ് പ്രകാരം എന്തെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ടി ഉത്തരവിൽ പറഞ്ഞിരിക്കുന്നതിൽ നടപ്പിലാക്കാത്ത തീരുമാനങ്ങൾ ഏതൊക്കെ;

(സി) നടപ്പിലാക്കാത്ത തീരുമാനങ്ങൾ ഉണ്ടെങ്കിൽ അതിന് കാരണം വിശദീകരിക്കാമോ ?

### ഉത്തരം

(എ) തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 22-10-2016-ലെ ബി1/14047/16-ാം നമ്പർ ഉത്തരവിലെ നിർദ്ദേശപ്രകാരം ഗവൺമെന്റ് യു.പി.എസ്. ആലന്തറ ഹെഡ്മിസ്ട്രസ്സിന് നൽകാൻ ബാക്കിനിന്നിരുന്ന 2086 രൂപ 10-11-2016-ൽ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി & സി) ടി ഉത്തരവിലെ തീരുമാനങ്ങളെല്ലാംതന്നെ നടപ്പിലാക്കിയിട്ടുണ്ട്.

## അദാലത്തുകളിൽ തീർപ്പാക്കിയിട്ടുള്ള പരാതികൾ

121 (4044) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മേഖലാടിസ്ഥാനത്തിലും, ആസ്ഥാന ഓഫീസുകളായ പഞ്ചായത്ത്, മുനിസിപ്പൽ ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലും മന്ത്രി നടത്തിയ അദാലത്തുകളിൽ എത്ര പരാതികൾ ലഭിച്ചിരുന്നു; ഇതിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട്; തീർപ്പാക്കാത്ത പരാതികൾ എത്ര എണ്ണമാണ്; കണക്കുകൾ ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ കാലാകാലങ്ങളായി കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്ത് ഡയറക്ടറേറ്റിൽ മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് നടത്തിയിട്ടില്ല.

നഗരകാര്യ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ഫയൽ അദാലത്തുകളൊന്നും നടത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകളിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്. 30-1-2017-ൽ തിരുവനന്തപുരം നഗരസഭയിൽവച്ച് നടന്ന ടൗൺപ്ലാനിംഗ് അദാലത്തുമായി ബന്ധപ്പെട്ട് 320 അപേക്ഷകൾ ലഭിച്ചതിൽ 214 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. 4-3-2017-ന് കൊച്ചി നഗരസഭയിൽ നടന്ന ഫയൽ അദാലത്തിൽ 236 അപേക്ഷകൾ ലഭ്യമായതിൽ 40 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. 24-4-2017-ൽ കോഴിക്കോട് നഗരസഭയിൽ നടന്ന അദാലത്തിൽ 363 അപേക്ഷകൾ ലഭിച്ചതിൽ 68 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ടി നഗരസഭകളിൽ തീർപ്പാക്കാത്ത ഫയലുകളിൽ തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

നഗരകാര്യ വകുപ്പിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-3-2017-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറേറ്റിൽ 2017 ഏപ്രിൽ 19, 20, 22 തീയതികളിൽ നഗരസഭാ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലറേഷൻ/സർവ്വീസ് റെഗുലറൈസേഷൻ എന്നിവ സംബന്ധിച്ച ഫയൽ അദാലത്ത് നടത്തിയിട്ടുള്ളതാണ്. അദാലത്തിൽ ലഭിച്ച 674 അപേക്ഷകളിൽ 523 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 151 അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിലേക്ക് ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി ഫയൽ അദാലത്ത് നടത്തിവരുന്നുണ്ട്.

**ക്ഷേമ പെൻഷൻ വിതരണം**

122 (T*4045) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് നിലവിലുള്ള ക്ഷേമപെൻഷൻ ഏതൊക്കെയാണ്; വിശദമാക്കാമോ;

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ക്ഷേമപെൻഷനുകളിൽ കുടിശ്ശിക വന്നത് ഏതൊക്കെയാണ്; ഉണ്ടെങ്കിൽ ഇത് എത്രമാസം വന്നിട്ടുണ്ട്;

(സി) ക്ഷേമ പെൻഷൻ വിതരണത്തിലൂടെ സർക്കാരിന് പ്രതിവർഷം എത്ര രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി അഞ്ചിനം ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തുവരുന്നത്.

1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ
4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ
5. കർഷക തൊഴിലാളി പെൻഷൻ

(ബി) നിലവിൽ എല്ലാ ക്ഷേമപെൻഷനുകളും 2017 മാർച്ച് മാസം വിതരണം ചെയ്തിട്ടുണ്ട്. 2017 ഏപ്രിൽ മാസത്തെ തുക എല്ലാ പെൻഷനുകളിലും കുടിശ്ശികയായിട്ടുണ്ട്.

(സി) നിലവിലുള്ള ഗുണഭോക്താക്കളുടെ വിവരം അനുസരിച്ച് ക്ഷേമപെൻഷൻ വിതരണത്തിന് സർക്കാരിന് പ്രതിവർഷം 5785.45 കോടി രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാവുന്നുണ്ട്.

**മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം**

123 (4046) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ഓരോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സ്ഥലങ്ങളിലും കുറഞ്ഞ സ്ഥലത്ത് കൂടുതൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഒരുക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നതിന് മൾട്ടിലെവൽ പാർക്കിംഗ് സംവിധാനം ഒരുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാധകമല്ല.

**വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ**

124 (4047) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കല്യാണമണ്ഡപങ്ങളിലും മറ്റ് ഓഡിറ്റോറിയങ്ങളിലും പ്ലാസ്റ്റിക് നിർമ്മിത വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉപയോഗത്തിനുശേഷം വലിച്ചെറിയുന്ന ഇത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള വസ്തുക്കളുടെ വിപണനം തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നു.

- ബോധവൽക്കരണം
- നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ
- അജൈവമാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- റോഡ് ടാറിംഗിന് പ്ലാസ്റ്റിക് ഉപയോഗം പ്രോത്സാഹിപ്പിക്കൽ
- പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ
- ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രോത്സാഹിപ്പിക്കൽ.

(സി)

• പ്ലാസ്റ്റിക് മാലിന്യം ഉല്പാദിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് സംഭരിക്കേണ്ടതും അംഗീകൃത പ്ലാസ്റ്റിക് മാലിന്യ സംസ്കരണ സംവിധാനങ്ങൾക്ക് നേരിട്ടോ ഏജൻസി മുഖേനയോ കൈമാറേണ്ടതുണ്ടെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

• എല്ലാ മാലിന്യ ഉല്പാദകരും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബൈലോയിൽ പറയുംപ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റിനായി യൂസർഫീ നൽകേണ്ടതാണ്.

• തുറസ്സായ സ്ഥലങ്ങളിൽ ചടങ്ങുകൾ സംഘടിപ്പിക്കുന്നതിന് ഉത്തരവാദികളായിട്ടുള്ള ഓരോരുത്തരും പ്ലാസ്റ്റിക്/മൾട്ടിലെയേഡ് പാക്കേജിംഗിൽ ഭക്ഷണം നൽകിയാൽ അത്തരം മാലിന്യങ്ങൾ തരംതിരിച്ച് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ നിർദ്ദേശാനുസരണം മാനേജ് ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

• 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം 24-9-2019-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ. സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺലൈൻ സേവനങ്ങൾ

125 (4048) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് തുടക്കമിട്ടത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഇ) നിലവിൽ ഏതൊക്കെ സേവനങ്ങളാണ് ഓൺലൈൻവഴി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസിയുടെ സേവനങ്ങൾ തൃപ്തികരമല്ലെങ്കിൽ പ്രസ്തുത ഏജൻസിക്ക് പകരം മറ്റൊരു ഏജൻസിക്ക് പദ്ധതിയുടെ ചുമതല നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പൊതുജനങ്ങൾക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് 5-8-2010-ൽ തുടക്കമിട്ടു.

(ബി) ഇൻഫർമേഷൻ കേരള മിഷൻ മുഖേനയാണ് ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത്.

(സി & ഡി) ഇല്ല, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഓൺലൈൻ സേവനങ്ങൾ ചുവടെ ചേർക്കുന്നു:

- ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ
- വസ്തുനികുതിയുടെ ഇ-പേയ്മെന്റ്
- പദ്ധതി നിർവ്വഹണം
- സാമൂഹ്യ സുരക്ഷാ പെൻഷൻ
- ഫയൽ ട്രാക്കിംഗ്
- സർക്കാർ ഉത്തരവുകൾ
- ടെണ്ടർ നോട്ടിഫിക്കേഷൻ
- അക്രൂവൽ അടിസ്ഥാന ഡബിൾ എൻട്രി അക്കൗണ്ടിംഗ്
- പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്
- മുനിസിപ്പൽ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്

- ജി.ഐ.എസ്. മാപ്പുകൾ
- കെട്ടിട നിർമ്മാണ പെർമിറ്റുകൾ
- പൊതുമരാമത്ത് പ്രവൃത്തികൾ
- യോഗ നടപടികളും തീരുമാനങ്ങളും
- തദ്ദേശ സ്വയംഭരണ വകുപ്പ് അറിയിപ്പുകൾ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സോഫ്റ്റ്‌വെയറുകളുടെ സമന്വയം

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് പരിശോധന**

126 (4049) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് പരിശോധന നടന്നിട്ടുണ്ട്;

(ബി) ഈ വിജിലൻസ് പരിശോധനകളിൽ കൈക്കൂലിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത്/മുൻസിപ്പാലിറ്റി/നഗരസഭകളിൽ എത്ര ഉദ്യോഗസ്ഥരെ പിടികൂടിയിട്ടുണ്ട്; അവരുടെ പേര് വിവരം സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഈ ഉദ്യോഗസ്ഥരിൽ എത്ര പേർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 175 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 4 പേർ

1. ശ്രീമതി രാജലക്ഷ്മി, സെക്രട്ടറി, കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം

2. ശ്രീ. അൻസാരി എസ്., സെക്രട്ടറി, മുതുകുളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. ശ്രീ. ഷറഫുദ്ദീൻ, സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ മുനിസിപ്പാലിറ്റി), കോട്ടയം.

4. ശ്രീ. സി. റ്റി. ജോഷി, ഹെൽത്ത് ഇൻസ്പെക്ടർ, മരട് നഗരസഭാ കാര്യാലയം

(സി) മേൽപ്പറഞ്ഞ 4 പേരെയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തു. വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലോകബാങ്ക് ധനസഹായം**

127 (4050) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽനിന്നും ധനസഹായം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാം; ലഭിച്ച തുക എത്ര; വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചു; എത്ര ലോക്കൽബോഡികൾ പദ്ധതികൾ സമർപ്പിച്ചു;

(സി) കഴിഞ്ഞ സാമ്പത്തികവർഷം തന്നെ ഫണ്ട് ചെലവഴിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; ഇത് പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) നടപ്പുവർഷത്തെ പദ്ധതികൾ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിലെ കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവ ഒഴികെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ലോക ബാങ്ക് പദ്ധതിയിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്. 1490.91 കോടി രൂപയാണ് ലഭിച്ച തുക.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയ തുകയിൽ 1152.42 കോടി രൂപ 2017 മാർച്ച് വരെ ചെലവഴിച്ചു. എല്ലാ ലോക്കൽ ബോഡികളും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ഫണ്ട് ചെലവഴിക്കണമെന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പദ്ധതികൾ പൂർത്തിയാക്കുന്നതിന് ലോക ബാങ്ക് 2017 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രോജക്ട് കാലാവധി 2017 ജൂൺ 30-ന് അവസാനിക്കും. 2016-17 വർഷത്തെ പൂർത്തിയാക്കാത്ത പദ്ധതികൾ സ്പിൽഓവർ പദ്ധതികളായി പുരോഗമിക്കുന്നു. ഇവ പൂർത്തീകരിക്കാൻ 2017 ജൂൺ 30 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**പഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവ്**

128 (4051) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ജീവനക്കാരുടെ കുറവുമൂലം പദ്ധതി പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

**പഞ്ചായത്തുകളിൽ ഹെൽത്ത് വിംഗ് രൂപീകരണം**

129 (4052) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമ പഞ്ചായത്തുകളിലെ സാനിറ്റേഷൻ, ഡി ആന്റ് ഒ (ഡെയ്ൻജറസ് ആന്റ് ഒഫൻസീവ്) ലൈസൻസിങ്ങ്, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിലവിലുള്ളതുപോലെ പഞ്ചായത്തുകളിലും ഹെൽത്ത് വിങ്ങ് രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇത്തരം സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് വിംഗ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, ഡി. & ഒ. ലൈസൻസിംഗ് തുടങ്ങിയ സേവനങ്ങൾ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് പരാതികളുണ്ടായാൽ ആയത് പരിശോധിക്കാവുന്നതാണ്.

**മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലംമാറ്റങ്ങൾ**

130 (4053) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലംമാറ്റങ്ങൾ നടന്നിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലം മാറ്റങ്ങൾക്കെതിരെയും അർഹമായ സ്ഥാനക്കയറ്റം നിഷേധിച്ചതിനെതിരെയും അച്ചടക്ക നടപടികൾ യഥാസമയം തീർപ്പാക്കാത്തതിനെതിരെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ബന്ധപ്പെട്ടവർ എത്ര കേസ്സുകൾ/പരാതികൾ നൽകിയിട്ടുണ്ട്;

(സി) അവയിലെ കോടതി/ട്രൈബ്യൂണൽ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ അന്യായമായ സ്ഥലംമാറ്റവും അർഹരായവർക്ക് യഥാസമയം സ്ഥാനക്കയറ്റവും നൽകാത്തത് 2016-17 വർഷത്തെ പദ്ധതി നിർവ്വഹണത്തേയും നികുതി പിരിവിനേയും ബാധിച്ചിട്ടുണ്ടോ; എങ്കിൽ മുൻവർഷത്തേതുമായി താരതമ്യപ്പെടുത്തിയുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 13 കേസ്സുകൾ നിലവിലുണ്ട്.

(ബി) സ്ഥലം മാറ്റങ്ങൾക്കെതിരെയും സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിന് വേണ്ടിയും അച്ചടക്ക നടപടികൾ യഥാസമയം തീർപ്പാക്കുന്നതിനുവേണ്ടിയും 152 കേസ്സുകൾ/പരാതികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും ഹൈക്കോടതിയിലും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. (ഗ്രാമവികസന വകുപ്പ് - 7 കേസ്സുകൾ,

പഞ്ചായത്ത് വകുപ്പ് - 45 കേസ്സുകൾ, നഗരകാര്യ വകുപ്പ് - 81 കേസ്സുകൾ, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം - 17 കേസ്സുകൾ, തിരുവനന്തപുരം ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം - 2 കേസ്സുകൾ)

(സി) കോടതി/ട്രൈബ്യൂണൽ നിർദ്ദേശങ്ങൾ/ഉത്തരവുകൾ യഥാസമയം പാലിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിലും സർക്കാർ തലത്തിലും സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷം ജീവനക്കാരുടെ അഭാവം പദ്ധതി നിർവ്വഹണത്തെയും നികുതി പിരിവിനെയും ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പൊതുപരിപാടികൾക്ക് ഹരിത പ്രോട്ടോക്കോൾ**

131 (4054) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ പൊതുപരിപാടികൾക്കും ഹരിത പ്രോട്ടോകോൾ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**പഞ്ചായത്ത് വകുപ്പിൽ മുൻകാലപ്രാബല്യത്തോടെ ഗ്രേഡ്**

132 (4055) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട്/സെക്രട്ടറി തസ്തികയിലെ 25% റേഷ്യോ പ്രമോഷൻ (ഹയർഗ്രേഡ്), ടി തസ്തികയിൽ ജോലി നോക്കിവരുന്ന സീനിയർമാർക്കല്ലേ അനുവദിക്കേണ്ടത്; വിശദമാക്കുമോ;

(ബി) ഇപ്രകാരം സീനിയർമാരെ ഒഴിവാക്കി ജൂനിയർമാരായ സെക്രട്ടറിമാർക്ക് ഹയർഗ്രേഡ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2007-ലും 2008-ലും സെക്രട്ടറിമാറായി നിയമിക്കപ്പെട്ടതും ഇപ്പോഴും തുടരുന്നതുമായ സീനിയർമാരെ ഒഴിവാക്കി, 2009-ലും 2010-ലും സെക്രട്ടറിമാരായി നിയമിച്ചവർക്ക് ഇപ്രകാരം നൽകിയ ഗ്രേഡ് പ്രൊമോഷൻ തിരികെപിടിച്ച്, സീനിയർമാരായി 2007 മുതൽ ജോലി നോക്കി വരുന്നവർക്ക് മുൻകാല പ്രാബല്യത്തോടെയും ആനുകൂല്യത്തോടെയും ഗ്രേഡ് അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അതെ. സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്നിങ്ങനെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 25% പേർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുവരുന്നു.

(ബി & സി) ഹയർ ഗ്രേഡ് അനുവദിച്ചതിൽ അപാകത ശ്രദ്ധയിൽപ്പെടുന്നപക്ഷം കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരികെ ഈടാക്കുന്നതിനും അർഹരായവർക്ക് മുൻകാലപ്രാബല്യത്തോടെ ഹയർ ഗ്രേഡ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

**ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ**

133 (4056) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പദ്ധതി തുക 100% ചെലവഴിച്ച എത്ര ഗ്രാമപഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട്; അവ ഏതെല്ലാമാണ്; പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 6 ഗ്രാമപഞ്ചായത്തുകൾ. അരുക്കുറ്റി, മുത്തോലി, മുളംതുരുത്തി, വാളകം, മാറാടി, ചെമ്പിലോട്.

(ബി) 2016-17 വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും സംസ്ഥാനതലത്തിൽ പഞ്ചായത്ത് ഡയറക്ടറും പദ്ധതി നിർവ്വഹണ പുരോഗതി

വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി നിർവ്വഹണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റിയും പ്രത്യേകം യോഗംചേർന്ന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ സമയബന്ധിതമായി പദ്ധതി രൂപീകരണം പൂർത്തിയാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി

134 (4057) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നഗരകാര്യ വകുപ്പിൽ യഥാസമയം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടിയിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾക്കനുസൃതമായി യഥാസമയം സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് യഥാസമയം ഇതിന് നടപടി സ്വീകരിക്കാത്തത്;

(ബി) സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടും ഭരണ വകുപ്പിലെ കാലതാമസവും അനാസ്ഥയും കാരണം അർഹരായ ആർക്കെങ്കിലും സ്ഥാനക്കയറ്റം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇത്തരത്തിൽ സ്ഥാനക്കയറ്റം നഷ്ടപ്പെട്ടിട്ടുണ്ട്; ഇതിനെതിരെ എത്ര പേർ ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്;

(സി) നഗരകാര്യ വകുപ്പിൽ ജോയിന്റ് ഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി ഒന്നും രണ്ടും ഗ്രേഡ് എന്നീ തസ്തികകളിൽ 2017 മാർച്ച് 31 വരെ എത്ര ഒഴിവുണ്ടായിരുന്നു; അത് യഥാസമയം നികത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ ലഭിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് അർഹരായവർക്ക് അതത് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി നഗരകാര്യ വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നഗരകാര്യ വകുപ്പിൽ 27-3-2017-ൽ ഡി.പി.സി. കൂടുകയും 30-3-2017 തീയതിയിലെ സ.ഉ. (പി.) നം. 20/17/ത.സ്വ.ഭ.വ. പ്രകാരം ഒഴിവുകൾക്കനുസൃതമായി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുമുണ്ട്.

(ബി) ഇല്ല.

(സി) 30-3-2017-ലെ ജി.ഒ. (പി.) 20/17/ത.സ്വ.ഭ.വ. നമ്പരായുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും താഴെപ്പറയും പ്രകാരം ഒഴിവുകൾ നികത്തി നിയമനം നടത്തിയിട്ടുണ്ട്:

ജോയിന്റ് ഡയറക്ടർ

നിലവിൽ ഉണ്ടായിരുന്ന മൂന്ന് ഒഴിവുകളിൽ ഒരൊഴിവ് നികത്തിയിട്ടുണ്ട്.

കോർപ്പറേഷൻ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി

നിലവിലുണ്ടായിരുന്ന അഞ്ച് ഒഴിവുകളിൽ അഞ്ച് ഒഴിവും നികത്തിയിട്ടുണ്ട്.

മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 1

നിലവിലുണ്ടായിരുന്ന നാല് ഒഴിവുകളും കോർപ്പറേഷൻ സെക്രട്ടറി തസ്തികകളിലും ഉദ്യോഗക്കയറ്റം നിമിത്തം ഉണ്ടായിട്ടുള്ള അഞ്ച് ഒഴിവുകളും ഉൾപ്പെടെ ഒൻപത് ഒഴിവുകൾ നികത്തിയിട്ടുള്ളതാണ്. നിലവിൽ ഒന്നാം ഗ്രേഡ് നഗരസഭാ സെക്രട്ടറിയുടെ തസ്തികകളിൽ മുഴുവൻ ഒഴിവുകളും നികത്തപ്പെട്ടിട്ടുണ്ട്.

മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് 2

നിലവിലുണ്ടായിരുന്ന 21 ഒഴിവുകളിൽ 14 ഒഴിവുകൾ നികത്തിയിട്ടുള്ളതാണ്.

(ഡി) ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ല.

## മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II

135 (4058) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് സർവ്വീസിന്റെ കീഴിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ മുൻസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) നിലവിൽ പ്രസ്തുത കോഴ്സ് പൂർത്തിയാക്കിയവർ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നും മുൻസിപ്പൽ കോമൺ സർവീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക യിലേക്ക് കൂടി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഈ തസ്തികയിലെ നിയമത്തിനായുള്ള യോഗ്യതയിൽ ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസ് നടത്തുന്ന ഡി.എച്ച്.ഐ. കോഴ്സ് ഉൾപ്പെട്ടിട്ടില്ല. ഇത്തരം കോഴ്സുകൾ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും മറ്റ് അനുബന്ധകാര്യങ്ങളിലും പി.എസ്.സി. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ വിഷയത്തിലുള്ള പി.എസ്.സി.-യുടെ കത്ത് പ്രകാരം സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിലവിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 കോഴ്സിന്റെ യോഗ്യതയായി 2 വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് ഉൾപ്പെടുത്തി യിട്ടില്ലാത്തതാണെന്നും ആയതിനാൽ നിലവിലെ വിജ്ഞാപനപ്രകാരമുള്ള നിയമനത്തിന് തൽസ്ഥിതി തുടരാവുന്നതാണെന്നും എന്നാൽ ഭാവിയിലുണ്ടാകുന്ന വിജ്ഞാപനത്തിന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് സർട്ടിഫിക്കറ്റ് കൂടി അടിസ്ഥാന യോഗ്യതയായി ഉൾപ്പെടുത്തി വിജ്ഞാപനം നടത്താവുന്നതുമാണ് എന്നുള്ള വിവരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് കോഴ്സ് പാസ്സായവർ മുനിസിപ്പൽ കോമൺ സർവ്വീസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ നിയമനത്തിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതയുടെ അടിസ്ഥാന ത്തിലാണ് നഗരകാര്യ വകുപ്പിൽനിന്നും പി.എസ്.സി.യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. അതിനെത്തുടർന്ന് പി.എസ്.സി. നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കാണ് നഗരകാര്യ വകുപ്പിൽനിന്നും നിയമനം നൽകിവരുന്നത്.

(ഡി) റാങ്ക് ലിസ്റ്റ് സംബന്ധിച്ചുള്ള തീരുമാനമെടുക്കുന്നത് പി.എസ്.സി. ആണ്.

## ഏലത്തൂർ നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ

136 (4059) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ എലത്തൂർ നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിഭാഗത്തിനോട് ഏറ്റെടുക്കാൻ നിർദ്ദേശിക്കുകയുണ്ടായി; പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര; വിശദമാക്കാമോ; ഇതിൽ എത്ര പദ്ധതികളുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി. വിഭാഗം ചീഫ് എഞ്ചിനിയർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതികളുടെ ഭരണാനുമതി മേയ് 31-നകം ഉത്തരവാകുന്നതിന് സഹായകരമായ വിധം എസ്റ്റിമേറ്റുകൾ ഉടനെ തന്നെ ചീഫ് എഞ്ചിനിയർക്ക് സമർപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തികവർഷം ഏഴ് പദ്ധതികൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തോട് ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇവയിൽ നാല് പദ്ധതികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതികളുടെ ലിസ്റ്റ്, അനുവദിച്ച തുക എന്നീ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു. എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ലൈഫ് മിഷൻ

137 (4060) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി നാദാപുരം മണ്ഡലത്തിലെ പത്ത് പഞ്ചായത്തിലെ ഭവനരഹിതരുടെ കണക്കെടുക്കുന്നതിനുള്ള സർവേ പൂർത്തീകരിച്ചോ;

(ബി) എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നാദാപുരം മണ്ഡലത്തിൽ ഭൂ-രഹിതരായ ഭവനരഹിതരുണ്ടോ;

(ഡി) ഭൂ-രഹിതർക്ക് എങ്ങനെ വീട് നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കുടുംബശ്രീ മുഖേനയുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി & സി) സർവ്വേയുടെ മേൽപരിശോധനാ നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ കൃത്യമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(ഡി) ഭൂരഹിത ഭവനരഹിതർക്ക് പാർപ്പിട ആവശ്യത്തിനായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്.

**പമ്പ് ഹൗസിനുള്ള അനുമതി നൽകൽ**

138 (4061) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആവശ്യത്തിനുള്ള വൈദ്യുതി നൽകാനുള്ള പമ്പ് ഹൗസിനുള്ള അനുമതി നൽകാൻ പഞ്ചായത്ത് സെക്രട്ടറിമാർ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൃഷി ആവശ്യത്തിനുള്ള പമ്പ് ഹൗസിന് അനുമതി നൽകാനുള്ള നടപടി ക്രമങ്ങൾ കൂടുതൽ സുതാര്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കൃഷി ആവശ്യത്തിന് പമ്പ് ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് പ്രത്യേക പരാതികളോ ആക്ഷേപങ്ങളോ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിലവിലുള്ള നടപടികൾതന്നെ തുടരുന്നതാണ്.

**കൊല്ലം ജില്ലയിൽ നബാർഡ് സഹായ പദ്ധതികൾ**

139 (4062) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച നബാർഡ് സഹായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽനിന്നും പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽനിന്നും നബാർഡ് പദ്ധതികൾക്കു വേണ്ട പ്രൊപ്പോസലുകൾ ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസലുകളിൽ നിന്നും സർക്കാർ അംഗീകരിച്ച് നൽകുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങി നബാർഡ് അംഗീകാരം ലഭ്യമാക്കി ഭരണാനുമതി നൽകുകയുമാണ് ചെയ്യുന്നത്.

(ബി)

1. കൃഷിയും അനുബന്ധമേഖലകളും
2. സാമൂഹിക മേഖല
3. ഗ്രാമീണ റോഡുകളും പാലങ്ങളും

(സി) വിശദാംശം ചുവടെ ചേർക്കുന്നു:

1. പുന്നൂർ-കളയ്ക്കൽ എടപ്പനയം റോഡ് പുനരുദ്ധാരണ പ്രവൃത്തി - നെടുമ്പന ഗ്രാമപഞ്ചായത്ത്
2. പള്ളിമൺ ഗവ. എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം - കൊല്ലം ജില്ലാ പഞ്ചായത്ത്
3. കൊറ്റംകുളങ്ങര വി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തി - ചവറ ബ്ലോക്ക് പഞ്ചായത്ത്
4. കുളക്കട എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തി - വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

(ഡി) പ്രൊപ്പോസലുകൾ സ്വീകരിക്കുന്ന നടപടി നടന്നുവരുന്നതേയുള്ളൂ.

**കായംകുളം എം. എൻ. ലക്ഷംവീട്**

140 (T*4063) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം കായംകുളം നിയോജകമണ്ഡലത്തിലുള്ള ലക്ഷം വീടുകൾ ഏതൊക്കെയെന്നും ടി കോളനികളിൽ എത്ര വീതം വീടുകൾ ഉണ്ട് എന്നും വിശദമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

കായംകുളം നിയോജകമണ്ഡലത്തിലെ ലക്ഷം വീടുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ലക്ഷംവീട് കോളനിയുടെ പേര് | വീടുകളുടെ എണ്ണം |
|---|---|---|
| 1 | പിച്ചനാട്ട് | 27 |
| 2 | വടക്കേതുണ്ടം | 29 |
| 3 | കണ്ടന്തറ | 30 |
| 4 | കൈത തെക്ക് | 13 |
| 5 | കാങ്കാലിൽ | 20 |
| 6 | ഈരേഴ തെക്ക് | 16 |
| 7 | പരുമലശ്ശേരി | 20 |
| 8 | പല്ലിയിൽ | 8 |
| 9 | പൂവണ്ണാൽ | 13 |
| 10 | ചക്കാലക്കൽ | 14 |
| 11 | വടശ്ശേരിൽ | 18 |
| 12 | ഈരേഴ് | 10 |
| 13 | പുലിത്തിട്ട | 12 |

**ദേവികുളം മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി**

141 (4064) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ഗ്രാമീണറോഡുകളുടെ അറ്റകുറ്റപ്പണിയ്ക്കായി അനുവദിച്ച കേന്ദ്രധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) അറ്റകുറ്റപ്പണികൾ നടക്കുന്ന ഗ്രാമീണറോഡുകൾ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ റോഡുകളിൽ പണി പൂർത്തീകരിച്ചത് എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പി.ജം.ജി.എസ്.വൈ. പ്രകാരം ഫേസ് 8 വരെ ഏകദേശം 62 കോടി രൂപ ദേവികുളം നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി)

| | അറ്റകുറ്റപ്പണികൾ നടക്കുന്ന റോഡുകൾ | പഞ്ചായത്ത് |
|---|---|---|
| 1 | കെ.ആർ.03-39-ശാന്തൻപാറ പേത്തൊട്ടി | ശാന്തൻപാറ |
| 2 | കെ.ആർ.03-40-പേത്തൊട്ടി ദളം | ശാന്തൻപാറ |
| 3 | കെ.ആർ.03-87-പെരടിപ്പള്ളം മാങ്ങാപ്പാറ | ദേവികുളം |
| 4 | കെ.ആർ.03-65-ഇരുമ്പുപാലം മെഴുകുംചാൽ | അടിമാലി |

(സി) പണികൾ പുരോഗമിക്കുന്നു.

**ആലപ്പുഴയിൽ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡുകൾ**

142 (4065) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.യിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിൽ ഏതൊക്കെ റോഡുകൾ ആണ് അഭിവൃദ്ധിപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് ബ്ലോക്ക്-പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. അമ്പലപ്പുഴ ബ്ലോക്ക് - പവർഹൗസ് മുതൽ വളഞ്ഞ വഴി ബീച്ച് ജംഗ്ഷൻ റോഡ്
2. ആര്യാട് ബ്ലോക്ക് -ഉദയാബീച്ച്-റാണി ജംഗ്ഷൻ കാറ്റാടി റോഡ്
3. ഭരണിക്കാവ് ബ്ലോക്ക് -
    1. ഗുരുനാഥൻ കുളങ്ങര – ഇടിഞ്ഞ്യത്ത് ജംഗ്ഷൻ റോഡ്
    2. കാമ്പിശ്ശേരി മുക്ക് തുണ്ടത്തിൽമുക്ക് പേപ്പർമിൽ കൊപ്പാറ ജംഗ്ഷൻ റോഡ്

4. ഹരിപ്പാട് ബ്ലോക്ക് - പട്ട്മുക്ക്-തൈവീട് റോഡ്

5. കഞ്ഞിക്കുഴി ബ്ലോക്ക് - കണ്ണാർകാട് ഷാപ്പ് ജംഗ്ഷൻ - അമരം കവല പാർക്ക് കുളം വനസ്വർഗ്ഗം റോഡ്

6. മാവേലിക്കര ബ്ലോക്ക്

(1) കുറ്റിയിൽമുക്ക് മുതൽ മേപ്പള്ളിമുക്ക് വഴി സ്കൂൾ ജംഗ്ഷൻ റോഡ്

(2) കണ്ണാട്ട് ചന്ത -എൻ.എസ്.എസ്. കരയോഗം റോഡ്

ഈ റോഡുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം

143 (4066) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ സേവന പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ സൂക്ഷിക്കുന്നതിനും യഥാസമയമുള്ള രേഖപ്പെടുത്തലുകൾ നടത്തുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് സൂക്ഷിക്കുന്നത്. എന്നാൽ ഇവരുടെ സർവ്വീസ് രേഖകൾ കൈകാര്യം ചെയ്യുന്നത് അക്കൗണ്ടന്റ് ജനറലാണ്. ഓവർസിയർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ എന്നിവരുടെ സേവന പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ കൈകാര്യം ചെയ്യുന്നത് അതത് കൺട്രോളിംഗ് ഓഫീസർമാരാണ്.

**ഗ്രാമീണ നിർമ്മാണ പ്രവർത്തനങ്ങൾ**

144 (4068) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഗ്രാമീണനിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖേന ചെയ്യിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ട്രാൻസ്ഫർ ചെയ്തു നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള വർക്കുകളിൽ ഇനിയും ഫണ്ട് ഡെപ്പോസിറ്റ് ചെയ്തു നൽകാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; ഈ പ്രവൃത്തികൾക്ക് ആകെ എത്ര തുക ഇനിയും നൽകണമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 2016 ജനുവരി 31 വരെ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ ഓഫീസിൽ ലഭ്യമാക്കിയ അപേക്ഷകൾ പ്രകാരം അതത് ജില്ലകൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തുനൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത കാരണം ഫെബ്രുവരി മുതലുള്ള അപേക്ഷകൾ യഥാസമയം നൽകാൻ കഴിഞ്ഞിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിലെ ഫണ്ട് ലഭ്യമായതിനാൽ കുടിശ്ശിക അടക്കമുള്ള ഡെപ്പോസിറ്റ് തുകകൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ബി) 13 നിർമ്മാണ പ്രവൃത്തികൾക്ക് 4,94,39,388 രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അമൃത് പദ്ധതി**

145 (4069) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ കുടിവെള്ളവിതരണം സുഗമമാക്കുന്നതിന് വേണ്ടിയുള്ള 681.2 കോടി രൂപയുടെ കേന്ദ്രപദ്ധതിയായ അമൃത് ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ടോ;

(ബി) 2015-16-ലും 2016-17-ലും പ്രസ്തുത പദ്ധതിക്കായി കേന്ദ്രം എന്ത് തുകയാണ് അനുവദിച്ചതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) അനുവദിച്ച തുക മുഴുവനും ചെലവഴിക്കാത്തതിനാൽ തുടർ സഹായം കേന്ദ്രസർക്കാർ മരവിപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായുള്ള സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അമൃത് പദ്ധതിയുടെ 2015-16, 2016-17 വർഷത്തെ വാർഷിക പദ്ധതി തുകയുടെ 20 ശതമാനം തുകയായ 134.88 കോടി രൂപ 5 സെക്ടറുകളിലെ പദ്ധതികൾക്കായി നൽകിയിട്ടുണ്ട്. ഇതിൽ കുടിവെള്ള വിതരണ പദ്ധതികൾക്ക് 40 ശതമാനം തുകയാണ് വകയിരുത്തിയിട്ടുള്ളത്. പദ്ധതികളുടെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്.

## കൊച്ചി വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം

146 (4070) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിൽ ജർമ്മൻ സാങ്കേതിക സഹായത്തോടെ ആരംഭിക്കുമെന്ന് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം ഒരുക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

## നഗരങ്ങളിലെ വാഹന പാർക്കിംഗ്

147 (4071) ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ വാഹന പാർക്കിംഗിനായി പ്രത്യേക നയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമിയുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ ബഹുനില പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ - സി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തെ വാർഷിക പദ്ധതി (2017-18) തയ്യാറാക്കുന്നതിന് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതി മാർഗ്ഗരേഖ 3-4-2017-ലെ ജി. ഒ. (എംഎസ്.) നമ്പർ 79/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പാർക്കിംഗ് സൗകര്യങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം പ്രതിപാദിച്ചിട്ടുണ്ട്:

നഗരപ്രദേശങ്ങളിലെ വാഹന പാർക്കിംഗിന് ഒരു നയം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഓരോ നഗരത്തിലും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഭൂമിയുടെ ലഭ്യത കുറവുള്ള പട്ടണങ്ങളിൽ വാഹന ബാഹുല്യം വളരെ കൂടുതലുണ്ടെങ്കിൽ മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താവുന്നതാണ്. ഇപ്പോൾ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ആവശ്യം മറ്റ് പാർക്കിംഗിന്റെ ഏകദേശം അറുപത് ശതമാനത്തോളം വേണ്ടിവരുന്നതായാണ് കാണുന്നത്. അതിനാൽ കാർ പാർക്കിംഗ് സൗകര്യങ്ങളുടെ അത്രതന്നെ ഇരുചക്ര വാഹന പാർക്കിംഗ് സൗകര്യങ്ങൾ നൽകേണ്ടതാണ്. പാർക്കിംഗിന്റെ ആവശ്യം രണ്ട് തരത്തിലാണ്.

30 മിനിട്ട് മുതൽ രണ്ട് മണിക്കൂർ വരെ സമയപരിധിയിലുള്ള Short Duration Parking-ഉം നീണ്ട സമയത്തേക്കുള്ള Long Duration Parking-ഉം. പൊതുസ്ഥലങ്ങളിലെ പാർക്കിംഗിന് പാർക്കിംഗ് ഫീസ് ഈടാക്കണം. ഇത് നഗരസഭയുടെ അധികാരപരിധിയിൽ വരുന്നതാണ്.

**കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽനിന്ന് വായ്പ**

148 (4072) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽനിന്ന് വായ്പ എടുത്തവർക്ക് അവരുടെ പ്രമാണങ്ങൾ ഇതുവരെ തിരിച്ചുകൊടുക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡെവലപ്മെന്റ് അതോറിറ്റി പിരിച്ചുവിട്ടതിനുശേഷം തുക അടയ്ക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകാൻ വൈകിയതു കാരണം കൃത്യമായി പണം അടച്ചുകൊണ്ടിരുന്ന പലർക്കും ആയത് അടയ്ക്കാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) വർഷങ്ങളായി കുടിശ്ശികയായി കിടക്കുന്ന വായ്പകളിൽ ഇളവ് നൽകി പ്രമാണങ്ങൾ തിരിച്ചുനൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) വായ്പാത്തുക എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിച്ചുവരുന്ന നിവേദനങ്ങളിൽ തിരിച്ചടവ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശത്തിന്റെ അഭാവം സൂചിപ്പിക്കാറുണ്ട്. കാസർഗോഡ് ഡെവലപ്മെന്റ് അതോറിറ്റിയുൾപ്പെടെ നിർത്തലാക്കിയ വികസന അതോറിറ്റികളിൽനിന്ന് നൽകിയ HUDCO വായ്പയിൽ തിരിച്ചടവ് മുടങ്ങിയതിനെത്തുടർന്ന് പലിശസഹിതം വൻ തുക കുടിശ്ശികയായതിനാൽ ജാമ്യമായി നൽകിയ ആധാരം തിരികെ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്ന ഇത്തരം താഴ്ന്ന വരുമാന (ഇ.ഡബ്യൂ.എസ്, എൽ.ഐ.ജി.) വിഭാഗക്കാരുടെ വായ്പകൾകൂടി കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇളവ് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. വായ്പയെടുത്തവരുടെ വിവരങ്ങൾ Kerala Urban and Rural Development Finance Corporation-ൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ നൂതന വായ്പാ പദ്ധതി

149 (4073) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളെയും വനിതകളെയും പ്രത്യേകം പരിഗണിച്ച് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നൂതന വായ്പാ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രകാരം എന്തൊക്കെ പദ്ധതികൾക്കാണ് കോർപ്പറേഷൻ അംഗീകാരം നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ടി സംരംഭം തുടങ്ങുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) എത്ര രൂപ വരെയാണ് ഈ പദ്ധതിയിലൂടെ വായ്പ നൽകുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിലേയ്ക്കായി എന്തെങ്കിലും ഈട് വാങ്ങിയാണോ വായ്പ കൊടുക്കുന്നത്; വിശദമാക്കാമോ;

(ഡി) ഈ കോർപ്പറേഷന്റെ ആസ്ഥാനം എവിടെയാണ്; വിശദമാക്കുമോ;

(ഇ) മുൻപ് ഗൾഫിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരികെവന്നിട്ടുള്ള പ്രവാസികൾക്ക് ഈ പദ്ധതിയിൽ ബിസിനസ്സ് തുടങ്ങുവാൻ അപേക്ഷ സമർപ്പിക്കാമോ; വിശദമാക്കുമോ;

(എഫ്) കോർപ്പറേഷൻ നേരിട്ടാണോ, അതോ ബാങ്കുകൾ വഴിയാണോ ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പ്രവാസികൾക്ക് സ്വയം തൊഴിലിനുള്ള വായ്പ ഈടിന്മേൽ വെറും അഞ്ച് ശതമാനം മാത്രം പലിശ നിരക്കിൽ അനുവദിച്ചുവരുന്നുണ്ട്. ഗൾഫിലേക്ക് തിരിച്ച് പോകുന്നതിന് വിസയുടെ നിയമപരമായ വസ്തുതകൾ പരിശോധിച്ചശേഷം വിസയുടെയും ടിക്കറ്റിന്റെയും പണം വിസാലോണായി ഈടിന്മേൽ അഞ്ച് ശതമാനം പലിശ നിരക്കിൽ കൊടുത്തുവരുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ നിതാഖത്ത് വഴി നാട്ടിലെത്തുന്ന പ്രവാസികൾക്ക് ഈടിന്മേൽ മൂന്ന് ശതമാനം മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പ അനുവദിച്ച് വരുന്നുണ്ട്. വനിതകൾക്ക് വരുമാനപരിധി നോക്കാതെ ഈടിന്മേൽ ആറ് ശതമാനം മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പയും അനുവദിച്ച് വരുന്നുണ്ട്. പദ്ധതികൾ നൂതനവൽക്കരിക്കുന്നതിനുള്ള പഠനപ്രക്രിയകൾ നടന്നുവരുന്നു.

(ബി & സി) ഗ്രാമങ്ങളിൽ 81,000 രൂപയും നഗരങ്ങളിൽ 1,03,000 രൂപയുമാണ് അപേക്ഷകരുടെ വരുമാനപരിധിയായി നിശ്ചയിച്ചിരിക്കുന്നത്. നാല് സെന്റിൽ കുറയാത്ത വസ്തുവിന്റെ ആധാരം അതുമായി ബന്ധപ്പെട്ട മറ്റ് രേഖകളും ഈടായി സമർപ്പിക്കേണ്ടതാണ്. കൂടാതെ വായ്പാ തുകയ്ക്കനുസരിച്ച് ശമ്പള ജാമ്യവും സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസി ലോണിന് പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ടിന്റെ കോപ്പിയും സമർപ്പിക്കണം. അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, ഇലക്ഷൻ ഐ.ഡി.-യുടെ കോപ്പി, വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്. പദ്ധതികളെ അടിസ്ഥാനമാക്കി അഞ്ച് ശതമാനം പലിശനിരക്കിൽ പരമാവധി 10,00,000 രൂപ വരെയാണ് ഇപ്പോൾ നൽകിവരുന്നത്.

(ഡി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ആസ്ഥാനം കോഴിക്കോടാണ്. അഡ്രസ് 1/1170 എ, KURDFC ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ് ഹിൽ (പി.ഒ), കോഴിക്കോട് 673 005.

(ഇ) അപേക്ഷ കോർപ്പറേഷനിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. പ്രവാസികൾക്ക് സ്വയം തൊഴിലിനുള്ള വായ്പ ഈടിന്മേൽ വെറും അഞ്ച് ശതമാനം മാത്രം പലിശ നരിക്കിൽ അനുവദിച്ച് വരുന്നുണ്ട്. ഗൾഫിലേക്ക് തിരിച്ച് പോകുന്നതിന് വിസയുടെ നിയമപരമായ വസ്തുതകൾ പരിശോധിച്ചശേഷം വിസയുടെയും ടിക്കറ്റിന്റെയും പണം വിസാലോണായി ഈടിന്മേൽ അഞ്ച് ശതമാനം പലിശ നിരക്കിൽ കൊടുത്തുവരുന്നുണ്ട്. ഒരു വർഷത്തിനുള്ളിൽ നിതാഖത്ത് വഴി നാട്ടിലെത്തുന്ന പ്രവാസികൾക്ക് ഈടിന്മേൽ മൂന്ന് ശതമാനം മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പ അനുവദിച്ച് വരുന്നുണ്ട്. വനിതകൾക്ക് വരുമാനപരിധി നോക്കാതെ ഈടിന്മേൽ ആറ് ശതമാനം മാത്രം പലിശ നിരക്കിൽ സ്വയം തൊഴിലിനുള്ള വായ്പയും അനുവദിച്ച് വരുന്നുണ്ട്. അപേക്ഷകരുടെ വരുമാനപരിധി 81,000 രൂപ ഗ്രാമങ്ങളിലും 1,03,000 രൂപ നഗരങ്ങളിലുമായാണ് നിശ്ചയിച്ചിരിക്കുന്നത്. നാല് സെന്റിൽ കുറയാത്ത വസ്തുവിന്റെ ആധാരം അതുമായി ബന്ധപ്പെട്ട മറ്റ് രേഖകളും ഈടായി സമർപ്പിക്കേണ്ടതാണ്. കൂടാതെ വായ്പാ തുകയ്ക്കനുസരിച്ച് ശമ്പള ജാമ്യവും സ്വീകരിച്ചുവരുന്നുണ്ട്. പ്രവാസി ലോണിന് പ്രസ്തുത വ്യക്തിയുടെ പാസ്പോർട്ടിന്റെ കോപ്പിയും സമർപ്പിക്കണം. അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി, ഇലക്ഷൻ ഐ.ഡി.-യുടെ കോപ്പി, വയസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സമർപ്പിക്കേണ്ടതാണ്. പദ്ധതികളെ അടിസ്ഥാനമാക്കി അഞ്ച് ശതമാനം പലിശ നിരക്കിൽ പരമാവധി 10,00,000 രൂപ വരെയാണ് ഇപ്പോൾ നൽകി വരുന്നത്.

(എഫ്) കോർപ്പറേഷൻ നേരിട്ടാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കോർപ്പറേഷന്റെ അക്കൗണ്ടിൽനിന്നും അപേക്ഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വായ്പാത്തുക നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## ന്യൂനപക്ഷ ക്ഷേമത്തിനായി പുതിയ പദ്ധതികൾ

150 (4074) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷക്ഷേമ ത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമം മുൻനിർത്തി വിവിധ സ്കോളർഷിപ്പുകൾ, കരിയർ ഗൈഡൻസ് ക്യാമ്പുകൾ, ഭവന നിർമ്മാണ പദ്ധതി, കുടിവെള്ള വിതരണ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി തുടങ്ങിയവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ 2016-17 സാമ്പത്തിക വർഷത്തെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു:

1. സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന 1333 പേർക്ക് സ്കോളർഷിപ്പ് അനുവദിച്ചു. ഇതിനായി 1,99,95,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമ്മാണ പദ്ധതിയിൽ 1240 വീടുകൾ അനുവദിച്ചു. ഇതിനായി 31 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.

3. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനവുമായി ബന്ധപ്പെട്ട് 95 ക്യാമ്പുകൾ നിലവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി 95 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

4. സ്വകാര്യ ഐ.റ്റി.ഐ/ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് 1871 വിദ്യാർത്ഥികൾക്ക് അനുവദിച്ചു. ഇതിലേക്കായി മൂന്ന് കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

5. എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര ബിരുദതലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് 1333 വിദ്യാർത്ഥികൾക്ക് അനുവദിച്ചു. ഇതിലേക്കായി 1.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

6. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതിക്ക് 17 ചെറുകിട പദ്ധതികൾക്ക് 4.5 കോടി രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന 111 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് അനുവദിച്ചു. ഇതിലേക്കായി 24,68,475 രൂപ ചെലവഴിച്ചിട്ടുണ്ട്.

8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 287 വിദ്യാർത്ഥികൾക്ക് 2,87,000 (രണ്ട് ലക്ഷത്തി എൺപത്തി ഏഴായിരം) രൂപ ക്യാഷ് അവാർഡ് നൽകി.

9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് പദ്ധതിയിൽ 10050 വിദ്യാർത്ഥികൾക്ക് 6,58,76,000 രൂപ ചെലവഴിച്ചു.

**ന്യൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനം**

151 (4075) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി ചെയ്ത കാര്യങ്ങൾ/പദ്ധതികൾ വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ ഏതെങ്കിലും പരിപാടികൾ/പദ്ധതികൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഏതെങ്കിലും പദ്ധതികൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ്. എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സ്കോളർഷിപ്പ്
2. ഹൈസ്കൂൾ ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥി കൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
3. സ്വകാര്യ ഐ.റ്റി.ഐ/ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം
4. എസ്.എസ്.എൽ.സി/പ്ലസ്ടു/വി.എച്ച്.എസ്.ഇ./ബിരുദ/ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്
5. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി
6. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്
7. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ്
8. എസ്.എസ്.എൽ.സി/പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ മദ്രസ അദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

(ബി-ഡി) ഇല്ല.

## കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്ക് യാത്രാക്കപ്പൽ സർവ്വീസ്

152 (4076) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്കും മറ്റും യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി തുറമുഖത്ത് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തേണ്ടത്; ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നടപടികൾ ത്വരിതപ്പെടുത്തി യാത്രാക്കപ്പൽ സർവ്വീസ് എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്കും മറ്റും യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി തുറമുഖ വകുപ്പ് ലക്ഷദ്വീപ് അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി & സി) കൊല്ലം തുറമുഖത്ത് യാത്രാക്കപ്പൽ സർവ്വീസുമായി ബന്ധപ്പെട്ട് യാത്രക്കാർക്കായി പാസഞ്ചർ ടെർമിനൽ നിർമ്മിക്കുന്നതിന്റെ നടപടികൾ പുരോഗമിക്കുകയാണ്. പാസഞ്ചർ ടെർമിനൽ ബർത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതാണ്.

## മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

153 (4077) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷൻവഴി നടത്തിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ തുറമുഖങ്ങളിൽ കോർപ്പറേഷൻ എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിവരിക്കാമോ?

<u>ഉത്തരം</u>

(എ) ഡ്രഡ്ജിംഗിലൂടെ അഴിമുഖത്തിന്റെയും കപ്പൽ ചാനലിന്റെയും തുറമുഖ വാർഫിന്റെയും ആഴം വർദ്ധിപ്പിച്ച് തുറമുഖ വികസനം, മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനവും പരിപാലനത്തോടുമൊപ്പം തുറമുഖ വകുപ്പിന് കീഴിലുള്ള ചെറുതും വലുതുമായ യാനങ്ങളുടെയും ഉപകരണങ്ങളുടെയും സർട്ടിഫിക്കേഷന് ആവശ്യമായ സേവനങ്ങൾ നൽകലുമാണ് മാരിടൈം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) നിലവിൽ ബേപ്പൂർ തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളും മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തികളും നടന്നുവരുന്നു.

(സി) വിഴിഞ്ഞം, തങ്കശ്ശേരി, കൊടുങ്ങല്ലൂർ, മുനമ്പം ഫിഷിംഗ് ഹാർബർ, ബേപ്പൂർ തൈക്കടപ്പുറം അഴി, കണ്ണൂർ അഴീക്കൽ തുടങ്ങിയ തുറമുഖങ്ങളിൽ ഡ്രഡ്ജിംഗ് പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ പദ്ധതി**

154 (4078) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം ആരംഭിച്ചപ്പോൾ ലക്ഷ്യമിട്ടിരുന്ന രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ;

(ബി) തുറമുഖ പ്രവർത്തനത്തിന് അനുബന്ധ സൗകര്യങ്ങൾ എന്തെങ്കിലും സംസ്ഥാന സർക്കാർ ചെയ്യേണ്ടതായി കരാറിൽ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ ആയതിന്റെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. ദേശീയ പാത 66-നെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന നാലുവരി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സ്വകാര്യ പങ്കാളിക്കാണ്. ഭൂമിയേറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിക്കഴിഞ്ഞു. തിരുവനന്തപുരം-നാഗർകോവിൽ റെയിൽപാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി.മീ. നീളമുള്ള റെയിൽപാതയുടെ നിർമ്മാണവും നടത്തേണ്ടതുണ്ട്. ഇതിലേക്ക് കേന്ദ്ര പൊതുമേഖല സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും റെയിൽ വികാസ് നിഗം ലിമിറ്റഡ് പദ്ധതിക്കായുള്ള വിശദമായ പഠനറിപ്പോർട്ട് തയ്യാറാക്കി റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

155 (4079) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുവേണ്ടി പുതുതായി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിഴിഞ്ഞം തുറമുഖം ഏത് വർഷത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ പ്രതിസന്ധികളെന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി മുമ്പ് ഏറ്റെടുത്ത 205.39.011 ഏക്കർ സ്ഥലത്തിനുപുറമെ റോഡ് വികസനത്തിനായി 5.52 ഏക്കർ ഏറ്റെടുക്കേണ്ടതുള്ളതിൽ 29.715 സെന്റ് ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ അഡീഷണൽ ബാക്ക്അപ്പ് ഏരിയയ്ക്കായി 12.89 ഏക്കർ ഏറ്റെടുക്കേണ്ടതിൽ 3.68 ഏക്കർ ഏറ്റെടുത്തിട്ടുണ്ട്. ബാക്കി സ്ഥലംകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) 2019 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കാര്യമായ പ്രതിസന്ധികളൊന്നും നിലവിലില്ല. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണം തടസ്സമില്ലാതെ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച പുതിയ നയം**

156 (4080) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച പുതിയ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച നിലവിലെ രീതിക്ക് വ്യത്യസ്ഥമായി എന്തെല്ലാം കാര്യങ്ങളാണ് പുതിയ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ നയം എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ - സി) ഉണ്ട്. 9-2-2017-ലെ സ. ഉ. (കൈ.) നമ്പർ 2/2017/മ.തു.വ. ഉത്തരവിലൂടെ പ്രഖ്യാപിച്ച പുതിയ നയം അനുസരിച്ച് സഹകരണ സംഘങ്ങൾക്കുപകരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് മാനുവൽ ഡ്രഡ്ജിംഗ് നടത്തിപ്പിനുള്ള ചുമതല. പരിചയസമ്പന്നരും തദ്ദേശീയരുമായ മണൽവാരൽ തൊഴിലാളികളെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ തൊഴിലാളികളായി രജിസ്റ്റർ ചെയ്യുകയും ഈ തൊഴിലാളികൾ മുഖാന്തരം മാനുവൽ ഡ്രഡ്ജിംഗ് നടത്തുകയും ചെയ്യും. ഡ്രഡ്ജ് ചെയ്ത് മാറ്റേണ്ടുന്ന പദാർത്ഥങ്ങളുടെ അളവ് അതത് പോർട്ട് കൺസർവേറ്റർമാർ നിശ്ചയിക്കുകയും അതിനനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡ്രഡ്ജിംഗ് നടത്തുകയും ചെയ്യുന്നു.

തുറമുഖ വകുപ്പിന്റെ ഓൺലൈൻ ബുക്കിംഗ് സംവിധാനത്തിലൂടെയാണ് മണൽ ബുക്കിംഗും വിപണനവും സജ്ജീകരിച്ചിരിക്കുന്നത്. 2017 ഏപ്രിൽ മുതൽ പുതിയ നയമനുസരിച്ചാണ് മാന്വൽ ഡ്രെഡ്ജിംഗ് നടത്തേണ്ടത്. തൊഴിലാളികളുടെ കൂലി, മണലിന്റെ വിൽപ്പനവില എന്നിവ 28-4-2017-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 10/07/മ.തു.വ. പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

**അഴീക്കൽ തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ**

157 (4081) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴീക്കൽ തുറമുഖത്തിന്റെ തുടർ വികസന പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

അഴീക്കൽ തുറമുഖ വികസനം കേന്ദ്ര സർക്കാരിന്റെ തുറമുഖ വികസന പദ്ധതിയായ സാഗർമാലയിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 496 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റായി കണക്കാക്കിയിരിക്കുന്നത്.

**ബേപ്പൂർ തുറമുഖത്തിന്റെ വികസനം**

158 (4082) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തുറമുഖത്തിന്റെ വികസനത്തിനായി ബേപ്പൂർ കോവിലകത്തിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് ഉടൻ പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) തുറമുഖത്ത് കപ്പലുകളും മറ്റ് വെസ്സലുകളും വരുന്നതിനായി ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി കണ്ടെയ്നർ ഷിപ്പ് തുറമുഖത്ത് വന്നുതുടങ്ങിയിട്ടുണ്ട്. കടൽ വഴിയുള്ള ടൂറിസത്തിനായി ബേപ്പൂർ മുതൽ കൊച്ചി വരെ ആഡംബര ക്രൂയിസുകളുടെ ഗതാഗതത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. തുറമുഖത്തെ വെസ്സലുകൾ മോണിറ്റർ ചെയ്യുന്നതിന് വി.ടി.എം.എസ്. സംവിധാനം പ്രവർത്തന സജ്ജമാക്കി വരുന്നു. സെക്യൂരിറ്റി വാച്ച് ടവറിന്റെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. തുറമുഖ ഗേറ്റ് ഹൗസ് നിർമ്മാണ പ്രവൃത്തി, തുറമുഖത്തെ ഓപ്പൺ ഗോഡൗണിന്റെ നിർമ്മാണ പ്രവൃത്തി, ട്രാൻസിറ്റ് ഷെഡിന്റെ അറ്റകുറ്റപ്പണി, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണ പ്രവൃത്തി, പോർട്ടോഫീസ് കോഴിക്കോടിന്റെ നവീകരണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കോവിലകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## യാത്രാക്കപ്പൽ സർവ്വീസ്

159 (4083) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആഭ്യന്തര ടൂറിസത്തിന്റെ ഭാഗമായി കൊച്ചിയിൽനിന്ന് തുത്തുക്കുടി തുറമുഖത്തെയും മംഗലാപുരത്തേയും ബന്ധപ്പെടുത്തി യാത്രാകപ്പൽ സർവ്വീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

തൽക്കാലം പരിഗണനയിലില്ല.

## മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ

160 (4084) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മ്യൂസിയങ്ങളിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) മ്യൂസിയം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വീൽ ചെയറുകൾ, റാമ്പുകൾ, സ്പെഷ്യൽ ടോയ്‌ലെറ്റ് സംവിധാനം, ലിഫ്റ്റുകൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങളിൽ ഇതിനോടകംതന്നെ റാമ്പുകൾ, വാഹന പാർക്കിംഗ് സൗകര്യം, വീയൽചെയറുകൾ എന്നിവ സ്ഥാപിച്ചു. മൂന്ന് മാസത്തിനുള്ളിൽത്തന്നെ സ്പെഷ്യൽ ടോയ്‌ലെറ്റും ആറ് മാസത്തിനുള്ളിൽ സാധ്യമായവയിൽ ലിഫ്റ്റും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിലവിൽ ആറ് മ്യൂസിയങ്ങളിൽ ശുചിമുറികൾ, പാർക്കിംഗ് മേഖലകൾ, റാമ്പ്, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഒന്നാംഘട്ട പണികൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി പരിപാടി**

161 (4085) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലകളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) സാംസ്കാരിക പൈതൃകോൽസവവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ സംഘടിപ്പിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ പുരാരേഖകൾ, പുരാവസ്തുക്കൾ, കലാരൂപങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ മേഖലകളിൽ ചരിത്ര പൈതൃക അവബോധം വളർത്തുന്നതിനായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2017-ൽ 'മലബാർ പൈതൃകോത്സവം' കണ്ണൂരിൽ സംഘടിപ്പിക്കുന്നതാണ്. കൂടാതെ വിദ്യാലയങ്ങളിലും സാംസ്കാരിക സ്ഥാപനങ്ങളിലും വിവിധ പരിപാടികളും എക്സിബിഷനുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതാണ്. പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചരിത്ര പ്രദർശനങ്ങൾ, സെമിനാറുകൾ, മലയാള ഭാഷാ സമ്മേളനങ്ങൾ, ചരിത്ര പഠന യാത്ര, സാംസ്കാരികോത്സവങ്ങൾ, ഡോക്യുമെന്ററി പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

(ബി) മലബാർ പൈതൃകോത്സവത്തിൽ കാസർഗോഡ് ജില്ലയെ പ്രതിനിധീകരിച്ച് വിവിധ കലാരൂപങ്ങൾ അവതരിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പൈതൃകോത്സവത്തിൽ കാസർഗോഡ് ജില്ലയ്ക്ക് പ്രാതിനിധ്യം ഉണ്ടായിരിക്കുന്നതാണ്. ചരിത്ര പ്രദർശനം, സെമിനാർ, സംവാദങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

(സി) കാസർഗോഡ് ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ കോട്ടകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചന്ദ്രഗിരിക്കോട്ടയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുരാരേഖാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ ആരാധനാലയങ്ങൾ, സ്ഥാപനങ്ങൾ, ലൈബ്രറികൾ, സ്വകാര്യ വ്യക്തികൾ എന്നിവരുടെ പക്കലുള്ള രേഖകൾ സൗജന്യമായി സംരക്ഷിച്ച് അതത് സ്ഥലത്ത് സൂക്ഷിക്കുന്നതാണ്. ചരിത്ര രേഖകളുടെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് ചരിത്ര രേഖാ പ്രദർശനം, സെമിനാർ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതാണ്.

**സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്**

162 (4086) ശ്രീ. എ. എൻ. ഷംസീർ :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. കാരാട്ട് റസാഖ് :

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു ശാസ്ത്രം, പുരാരേഖാ പഠനങ്ങൾ, പുരാവസ്തു സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ഉപരിപഠനം സാധ്യമാക്കുന്നതിന് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അക്കാദമിക കോഴ്സുകളാണ് ഇവിടെ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ പുരാവസ്തു പൈതൃകത്തെ സംരക്ഷിക്കുന്നതിനും മ്യൂസിയങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ, നാഷണൽ മ്യൂസിയം എന്നിവ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃപ്പൂണിത്തുറ കേന്ദ്രമാക്കി സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് സ്ഥാപിച്ചിട്ടുണ്ട്.

(ബി) സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിൽ ഒരു വർഷത്തെ പി.ജി. ഡിപ്ലോമ കോഴ്സുകളാണ് നടത്തിവരുന്നത്. പുരാവസ്തു ശാസ്ത്രം, പുരാരേഖാ ശാസ്ത്രം, പുരാവസ്തു സംരക്ഷണം എന്നീ വിഷയങ്ങളിലാണ് കോഴ്സുകൾ നടത്തിവരുന്നത്. എം. ജി. സർവ്വകലാശാലയുടെകീഴിലുള്ള അഞ്ച് കോളേജുകളിലെ ചരിത്രം ഐശ്ചിക വിഷയമായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹ്രസ്വകാല ജോബ് ട്രെയിനിംഗ് കോഴ്സും നടത്തിവരുന്നു.

(സി) സംസ്ഥാനത്തിന്റെ പുരാവസ്തു പൈതൃകത്തെ സംരക്ഷിക്കുന്നതിനും മ്യൂസിയങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നതിനും ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നാഷണൽ മ്യൂസിയം എന്നിവയുടെ സഹായത്തോടെ പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കി വരുന്നില്ല.

**പുരാവസ്തു സംരക്ഷണ വകുപ്പിന്റെ കീഴിൽ സംരക്ഷിക്കപ്പെടുന്ന സ്ഥാപനങ്ങൾ_**

163 (4087) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു സംരക്ഷണ വകുപ്പിന്റെകീഴിൽ ഒരു സ്മാരകം ഏറ്റെടുത്ത് സംരക്ഷിക്കപ്പെടണമെങ്കിൽ അതിന്റെ നിബന്ധനകൾ എന്തെല്ലാം; വിശദീകരിക്കാമോ;

(ബി) നൂറ്റാണ്ടുകളുടെ കഥപറയുന്ന കൊണ്ടോട്ടി ഖുബ്ബയും തക്കിയേക്കലും പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിക്കപ്പെടുന്ന സ്മാരകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, ഇവയെ ഇതിൽ ഉൾപ്പെടുത്താനായി എന്തെല്ലാം

കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചരിത്രപരമായോ പുരാവസ്തുപരമായോ വാസ്തുശാസ്ത്രപരമായോ പ്രാധാന്യമുള്ളതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ജീർണ്ണാവശിഷ്ടങ്ങളോ നഷ്ടാവശിഷ്ടങ്ങളോ അടങ്ങിയിട്ടുള്ളതോ അടങ്ങിയിട്ടുണ്ടെന്ന് ന്യായമായി വിശ്വസിക്കുന്നതോ ആയ ഏതെങ്കിലും നിർമ്മിതികളോ പ്രദേശമോ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972-ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്നപക്ഷം ആയവ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ്.

(ബി & സി) ഉൾപ്പെടുത്തിയിട്ടില്ല. കൊണ്ടോട്ടി ഖുബ്ബയും തക്കിയേക്കലും പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമാക്കുന്നതിനായി ടി സ്മാരകങ്ങളുടെ ഉത്തരവാദിത്തപ്പെട്ട അധികാരികൾ സമർപ്പിക്കുന്ന അപേക്ഷ പുരാവസ്തു വകുപ്പ് പരിശോധിച്ച് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമം, 1972-ലെ ചട്ടങ്ങൾ എന്നിവയുടെ പരിധിയിൽ വരുന്നപക്ഷം, റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് സംരക്ഷിതമാക്കേണ്ട പ്രദേശം/കെട്ടിടം എന്നിവയുടെ അതിർത്തികൾ നിർണ്ണയിക്കുകയും ആയത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ടി സ്മാരകം സംരക്ഷിത സ്മാരകമാകുന്നതാണ്.

**പാലക്കാട് ജില്ലയിലെ ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം**

164 (4088) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിൽ ഏതെല്ലാം ചരിത്ര സ്മാരകങ്ങളാണ് ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ പുരാവസ്തു വകുപ്പിന് കീഴിലുള്ള ചരിത്രസ്മാരകങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കാട്ടിൽ മാടം-നാഗലശ്ശേരി
2. തുഞ്ചൻ ഗുരുമഠം, ചിറ്റൂർ
3. ആനക്കര റോക്ക് കട്ട് കേവ്സും പോസ്റ്റ്ഹോൾഡും
4. തോലന്റെ കട്ടിൽ-കുന്നത്തൂർ വില്ലേജ് II
5. നന്നങ്ങാടി - കുന്നത്തൂർ വില്ലേജ് I
6. പന്നിയൂർ വരാഹമൂർത്തി ക്ഷേത്രം
7. തിരുമിറ്റക്കോട് അഞ്ചുമൂർത്തീക്ഷേത്രം
8. റോക് കേവ് - കുന്നത്തൂർ വില്ലേജ് I

(ബി) പ്രസ്തുത സ്മാരകങ്ങളിൽ തിരുമിറ്റക്കോട് അഞ്ചുമൂർത്തീ ക്ഷേത്രത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 1.14 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. കരാറുകാരനെ തെരഞ്ഞെടുത്ത് കരാർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പുരാവസ്തു വകുപ്പിൽ നടപ്പിലാക്കിയ മാറ്റങ്ങൾ

165 (4089) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പിൽ നടപ്പിലാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) വകുപ്പിനെ നയിക്കുന്നത് പുരാവസ്തു ശാസ്ത്രജ്ഞരല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതുമൂലം വകുപ്പിനുണ്ടാകുന്ന പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) രാഷ്ട്രീയ മാനദണ്ഡങ്ങൾക്ക് അതീതമായി പ്രഗത്ഭരായ ശാസ്ത്രജ്ഞരെ വകുപ്പ് തലവന്മാരായി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിനെ കൂടുതൽ ജനകീയമാക്കാനും പുരാവസ്തുപരമായ ഒരു അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും മ്യൂസിയങ്ങളെ ഭിന്നശേഷി സൗഹൃദങ്ങളാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിന് പുറത്തും വകുപ്പിന്റെ പ്രാധാന്യം അറിയിക്കാനായി സാംസ്കാരിക പൈതൃകോത്സവ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ സംരക്ഷണം**

166 (4090) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ ഹിൽ പാലസിന്റെ സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനുമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിലേക്കായി ഒരു പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

ഉത്തരം

(എ & ബി) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഹിൽപാലസ് പുരാവസ്തു മ്യൂസിയത്തിന്റെ വികസന പ്രവർത്തനങ്ങൾ നിലവിൽ setting up promotion and strengthening of regional and local museums എന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 691.63 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 312.5 ലക്ഷം രൂപ ലഭിക്കുകയും ഇതുപയോഗിച്ച് സർക്കാരിന്റെ നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയം' മുഖേന ഗ്യാലറികളുടെ പുനർനിർമ്മാണം, രേഖകളുടെ ഡിജിറ്റൈസേഷൻ, നവീന സാങ്കേതികതയിൽ ഊന്നിയുള്ള ദൃശ്യവൽക്കരണം തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു.

**കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി**

167 (4091) ശ്രീ. എം. രാജഗോപാലൻ :

ശ്രീ. ഒ. ആർ. കേളു :

ശ്രീ. കെ. ജെ. മാക്സി :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പൈതൃക സമ്പത്തായ അമൂല്യ രേഖാശേഖരങ്ങൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണ്;

(ബി) കമ്യൂണിറ്റി ആർക്കൈവ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(സി) താളിയോലകളുടെയും മറ്റ് അമൂല്യ രേഖകളുടെയും ഡിജിറ്റൈസേഷൻ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാന പുരാരേഖാ വകുപ്പിൽ കേരളത്തിന്റെ അമൂല്യമായ ചരിത്രരേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനാവശ്യമായ "കെമിക്കൽ കൺസർവേഷൻ" "ഡിജിറ്റലൈസേഷൻ" എന്നീ പദ്ധതികൾ നടത്തിവരുന്നു. കെമിക്കൽ കൺസർവേഷന്റെ ഭാഗമായിട്ടുള്ള പേജിനേഷൻ, ഡി-അസിഡിഫിക്കേഷൻ, മെന്റിംഗ്, ഗാർഡിംഗ് ബയന്റിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി വകുപ്പിൽ ഒരു കൺസർവേഷൻ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ CHS (Centre for Heritage Studies), NRLC (National Research Laboratory for conservation of Cultural Properties) തുടങ്ങിയ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിയും രേഖകളുടെ ശാസ്ത്രീയ സംരക്ഷണ പദ്ധതി വകുപ്പ് നടത്തി വരുന്നു. C-Dit-ന്റെ സഹായത്തോടെ പുരാരേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതിയും വകുപ്പ് നടത്തിവരുന്നുണ്ട്.

(ബി) ആരാധനാലയങ്ങൾ, സ്ഥാപനങ്ങൾ, ലൈബ്രറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുള്ള ചരിത്രരേഖാ ശേഖരങ്ങൾ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള രേഖാശേഖരങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന ആർക്കൈവ്സ് വകുപ്പ് "കമ്മ്യൂണിറ്റി ആർകൈവ്സ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വ്യക്തികളുടെ രേഖാ ശേഖരങ്ങൾ സംരക്ഷിച്ച്

അവിടെത്തന്നെ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ആർക്കൈവ്സ് വകുപ്പിലെ 'മതിലകം രേഖകൾ' ഉൾപ്പെടെയുള്ള അമൂല്യമായ താളിയോല രേഖകളുടെ ഡിജിറ്റൈസേഷൻ C-Dit-ന്റെ സഹായത്തോടെ ചെയ്തുവരുന്നുണ്ട്. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുരാരേഖാ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിലെ ഡബിൾ ഡ്യൂട്ടി സമ്പ്രദായം**

168 (4092) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സാർവ്വത്രിക ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ഒരു തീരുമാനം കെ.എസ്.ആർ.ടി.സി.യുടെ അംഗീകൃത സർവ്വീസ് സംഘടനകൾ അംഗീകരിച്ചിരുന്നോ; വിശദമാക്കുമോ;

(സി) ജീവനക്കാരെ വിശ്വാസത്തിലെടുക്കാതെയുള്ള പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ ബസ് ജീവനക്കാരുടെ അനുപാതം നിലവിൽ 8.7 ആണ്. ടി അനുപാതത്തിൽ നിന്നും ദേശീയ ശരാശരിയായ 5.5-നേക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിൽ എത്തിക്കണമെന്ന ഉദ്ദേശത്തോടെ ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തൽ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക ബാധ്യതയിൽ ഉലയുന്ന കോർപ്പറേഷനെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോർപ്പറേഷന്റെ തൊഴിലാളി പ്രതിനിധികളുമായി ചർച്ച നടത്തുകയും സംതൃപ്തമായ സേവന വേതന കരാറിന് വിധേയമായി ശിപാർശകളോട് സഹകരിക്കുമെന്ന് തൊഴിലാളി സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ജോലിസമയം ഡബിൾ ഡ്യൂട്ടിയിൽനിന്നും സിംഗിൾ ഡ്യൂട്ടിയിലേക്ക് പരിഷ്കരിക്കുന്നതിലൂടെ ജീവനക്കാരുടെ വിശ്രമമില്ലാതെയുള്ള അദ്ധ്വാനഭാരം

കുറയ്ക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ആവശ്യമെന്ന് കാണുന്നപക്ഷം ടി തീരുമാനം പുനഃപരിശോധിക്കുന്നത് ആലോചിക്കാവുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ പ്രായം**

169 (4093) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ പ്രായം 58 ആയി വർദ്ധിപ്പിക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ട് ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഡോ. സുശീൽ ഖന്നയുടെ പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല. പെൻഷൻ പ്രായം ഉയർത്തണമെന്ന ശിപാർശ അദ്ദേഹത്തിന്റെ പ്രാഥമിക നിഗമനത്തിന് നൽകിയിട്ടുണ്ട്.

1-4-2017-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചേർന്ന ചർച്ച യോഗത്തിൽ പെൻഷൻ പ്രായം 58 ആയി നിശ്ചയിക്കുന്നതു സംബന്ധിച്ച് തൊഴിലാളി സംഘടനാ പ്രതിനിധികളെ അറിയിച്ചിട്ടുണ്ട്.

(ബി) ഡോ. സുശീൽ ഖന്നയുടെ പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സി.എൻ.ജി. ഉപയോഗം**

170 (4094) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നത് നിലവിലുള്ള രീതിയെക്കാൾ ലാഭകരമാകുമെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ; ഇത് തെളിയിക്കാൻ ആവശ്യമായ പഠന റിപ്പോർട്ടുകൾ ഉണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

ഇതുസംബന്ധിച്ച് ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒരു പ്രാഥമിക പഠനം നടത്തി പ്രസന്റേഷൻ സമർപ്പിച്ചിട്ടുണ്ട്. തുടർപഠനം നടന്നുവരുന്നു. എന്നാൽ ഇതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. സി.എൻ.ജി. ബസ്സിലേയ്ക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ Dispensing Unit-കൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. സി.എൻ.ജി. ലഭ്യമായി വാഹനങ്ങൾ ഓടിച്ചതിനുശേഷമേ ഒരു താരതമ്യപഠനം നടത്തുവാൻ കഴിയൂ. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി രണ്ട് സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിരുന്നു. അതിൽ ഒരു ബസ് ലഭ്യമായിട്ടുണ്ട്.

**പി.എസ്.സി. മുഖേന കെ.എസ്.ആർ.ടി.സി.-യിൽ ജോലി**

171 (4095) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖാന്തരം എത്രപേർക്ക് കെ.എസ്.ആർ.ടി.സി.യിൽ ജോലി ലഭ്യമായിട്ടുണ്ട്;

(ബി) ഇത് തസ്തിക തിരിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ 1163 പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

(ബി)

| | |
|---|---|
| ഡ്രൈവർ | 357 |
| അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | 10 |
| പ്യൂൺ | 42 |
| ജൂനിയർ അസിസ്റ്റന്റ് | 388 |
| കണ്ടക്ടർ | 301 |
| ടൈപ്പിസ്റ്റ് | 38 |
| സ്റ്റോർ ഇഷ്യൂവർ | 25 |
| ബ്ലാക്സ്മിത്ത് | 2 |

**കെ.എസ്.ആർ.ടി.സി. ഡ്രൈവർക്കെതിരെ പരാതി**

172 (4096) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

11-3-2017-ന് ആര്യങ്കാവ് ഡിപ്പോയിലെ RSM 746 (KLA 5 A 232) എന്ന ബസ് ഓടിച്ചിരുന്ന ഡ്രൈവർക്ക് എതിരെ ശ്രീമതി എസ്. രേഖ, 'ത്രിവേണി', പുതിയകാവ്, കിളിമാനൂർ 17-3-2017-ന് കെ.എസ്.ആർ.ടി.സി. എം.ഡി.ക്ക് സമർപ്പിച്ച പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; അന്വേഷണത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ടി പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാകുന്നമുറയ്ക്ക് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി. സർവ്വീസുകളും വരുമാനവും**

173 (4097) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി./കെ.യു.ആർ.ടി.സി.യ്ക്ക് സർവ്വീസ് നടത്താൻ യോഗ്യതയുള്ള എത്ര ബസ്സുകൾ നിലവിലുണ്ട്; യോഗ്യമല്ലാത്ത എത്ര എണ്ണം കണ്ടം ചെയ്യേണ്ടവയുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.ആർ.റ്റി.സി./കെ.യു.ആർ.റ്റി.സി. 2017 ഏപ്രിൽ ഒന്നുമുതൽ ശരാശരി സർവ്വീസ് നടത്തിയ ബസ്സുകൾ എത്ര എന്നും ശരാശരി വരുമാനം എത്ര എന്നും സാങ്കേതിക കാരണങ്ങളാൽ സർവ്വീസ് നടത്താൻ കഴിയാത്ത ബസ്സുകൾ എത്ര എന്നും ഇതുമൂലമുണ്ടായ വരുമാനക്കുറവ് എത്ര എന്നും വ്യക്തമാക്കുമോ;

(സി) സഞ്ചാരയോഗ്യമായ ബസ്സുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കി കെ.എസ്.ആർ.റ്റി.സി/കെ.യു.ആർ.റ്റി.സി.യെ ലാഭകരമാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.റ്റി.സി./കെ.യു.ആർ.റ്റി.സി.യുടെകീഴിലുള്ള എ.സി. ലോഫ്ലോർ ബസ്സുകൾ/സ്കാനിയ ബസ്സുകൾ എത്ര ; കഴിഞ്ഞ മൂന്നുമാസ കാലയളവിൽ ഇതിൽ സർവ്വീസിന് ഉപയോഗിച്ച ബസ്സുകൾ എത്ര; ഓരോ ബസ്സും എത്ര ദിവസം സർവ്വീസ് നടത്തി; ഇതു വഴി ഓരോ മാസവും ലഭിച്ച വരുമാനം എത്ര; നടത്തിപ്പ് ചെലവ് എത്ര; വ്യക്തമാക്കുമോ;

(ഇ) 2017 മേയ് മാസം 2-ാം തീയതി മുതൽ കെ.എസ്.ആർ.റ്റി.സി./

കെ.യു.ആർ.റ്റി.സി. ജീവനക്കാരിൽ ഒരു വിഭാഗം സമരം നടത്തുന്നതുമൂലം ട്രാൻസ്പോർട്ട് കോർപ്പറേഷനുണ്ടായ നഷ്ടം എത്ര; എത്ര ബസ്സുകൾ സർവ്വീസ് നടത്താൻ കഴിഞ്ഞില്ല; സമരത്തിൽ പങ്കെടുത്ത ജീവനക്കാർ എത്ര; ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.ക്ക് 5947 ബസ്സുകളും കെ.യു.ആർ.ടി.സി.ക്ക് 679 ബസ്സുകളും നിലവിലുണ്ട്. 8-5-2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ 666 ബസ്സുകളും കെ.യു.ആർ.ടി.സി.യുടെ 186 ബസ്സുകളും വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്നതിനാൽ സർവ്വീസിന് യോഗ്യമായിരുന്നില്ല. ഇതിൽ കണ്ടംചെയ്യേണ്ട ബസ്സുകൾ ഒന്നുംതന്നെയില്ല. മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്ത തീയതി മുതൽ 15 വർഷം വരെ ഒരു ബസ് സ്റ്റേജ് ക്യാരേജായി ഓപ്പറേറ്റ് ചെയ്യുവാൻ കഴിയും. 15 വർഷമായ ഒരു ബസ്സും സ്റ്റേജ് ക്യാരേജായി ഓപ്പറേറ്റ് ചെയ്യുന്നില്ല.

(ബി) കെ.എസ്.ആർ.ടി.സി. 2017 ഏപ്രിൽ മാസത്തിൽ 4551 ബസ്സുകൾ ശരാശരി സർവ്വീസ് നടത്തിയിട്ടുണ്ട്. സി.എഫ്, വിവിധ അറ്റകുറ്റപ്പണികൾ എന്നിവ കാരണം ശരാശരി 500 ബസ്സുകൾ സർവ്വീസ് നടത്തുവാൻ യോഗ്യമല്ലായിരുന്നു. ശരാശരി ടിക്കറ്റ് വരുമാനം 5,37,23,394 രൂപയാണ്. കെ.യു.ആർ.ടി.സി. 2017 ഏപ്രിൽ മാസത്തിൽ കെ.എസ്.ആർ.ടി.സി.യുടെ 131 എ.സി. ബസ്സുകളും 240 നോൺ എ.സി. ബസ്സുകളും ശരാശരി സർവ്വീസ് നടത്തിയിട്ടുണ്ട്. എ.സി. സർവ്വീസുകളുടെ ശരാശരി വരുമാനം 18,494 രൂപയും നോൺ എ.സി. സർവ്വീസുകളുടെ ശരാശരി വരുമാനം 9,237 രൂപയുമാണ്. സാങ്കേതിക കാരണങ്ങളാൽ പ്രതിദിനം 45 എ.സി. ബസ്സുകളും 115 നോൺ എ.സി. ബസ്സുകളും സർവ്വീസ് നടത്തുവാൻ കഴിയാത്തവയായിരുന്നു. ഇക്കാരണത്താൽ പ്രതിദിനം 26 എ.സി. സർവ്വീസുകളും 41 നോൺ എ.സി. സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ല. ഇതുമൂലം 8,59,494 രൂപയുടെ വരുമാനക്കുറവ് പ്രതിദിനം ഉണ്ടായിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികൾക്കായി പിടിച്ചിരുന്ന ബസ്സുകൾ യഥാസമയം അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലനം നടത്തി വരുന്നു. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിലുപരി ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. മെയിന്റനൻസിനായി നിരത്തിൽ

നിന്നും ബസ്സുകളെ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ 18 സ്കാനിയ ബസ്സുകളുണ്ട്. കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ ഓരോ മാസവും ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഫെബ്രുവരി | 1,40,30,614 |
| മാർച്ച് | 1,53,36,670 |
| ഏപ്രിൽ | 1,74,75,058 |

ഇന്ധനം, ആക്സിഡന്റ് റിപ്പെയർ, മെയിന്റനൻസ് ചാർജ് എന്നിവയടക്കം മൂന്ന് മാസത്തേക്ക് 2,14,58,873 രൂപ ചെലവായിട്ടുണ്ട്.

കെ.യു.ആർ.ടി.സി.-യുടെകീഴിൽ 190 എ.സി. ലോ ഫ്ലോർ ബസ്സുകളാണുള്ളത്. കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ പ്രതിദിനം ശരാശരി 131 എ.സി. ബസ്സുകളാണ് സർവ്വീസിന് ഉപയോഗിച്ചത്. ഓരോ ബസ്സും സർവ്വീസ് നടത്തിയ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*:

| മാസം | വരുമാനം രൂപയിൽ | നടത്തിപ്പ് ചെലവ് |
|---|---|---|
| ഫെബ്രുവരി | 6,02,92,555 | 4,78,63,556 |
| മാർച്ച് | 6,05,11,972 | 4,97,68,796 |
| ഏപ്രിൽ | 7,29,02,557 | 5,14,09,856 |

(ഇ) 2017 മേയ് മാസം 2-ാം തീയതി മുതൽ കെ.എസ്.ആർ.ടി.സി./ കെ.യു.ആർ.ടി.സി. ജീവനക്കാരിൽ ഒരു വിഭാഗം സമരം നടത്തിയതുമൂലം കോർപ്പറേഷന് 60,20,945 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത ദിവസം 1791 ഷെഡ്യൂളുകൾ റദ്ദായിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽ 313 പേർ പണിമുടക്കിൽ പങ്കെടുത്തിട്ടുണ്ട്. അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

174 (4098) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.ക്ക് ആകെ എത്ര ബസ്സുകൾ ഉണ്ട്;

(ബി) പ്രസ്തുത ബസ്സുകളിൽ നിത്യേന എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;

(സി) ബ്രേക്ക് ഡൗൺ ഒഴിവാക്കുന്നതിനും കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാരുടെ (എം.പാനൽ പ്രത്യേകമായി) വിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.ക്ക് 5947 ബസ്സുകളും സബ്സിഡിയറി കോർപ്പറേഷനായ കെ.യു.ആർ.ടി.സി.ക്ക് 679 ജൻറം ബസ്സുകളും നിലവിലുണ്ട്.

(ബി) 11-5-2017-ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി. 4837-ഉം കെ.യു.ആർ.ടി.സി. 407-ഉം സർവ്വീസുകൾ നടത്തിയിട്ടുണ്ട്.

(സി) ബസ്സുകളുടെ ശരാശരി പ്രായം 12 വർഷമാക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 1326 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കിയിട്ടുണ്ട്. കൂടാതെ ജൻറം പദ്ധതിയിൽപ്പെട്ട 314 ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. ബസ്സുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മെയിന്റനൻസിനായി നിരത്തിൽനിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. ഇതുവഴി ഓഫ്-റോഡ് നിരക്ക്, ബ്രേക്ക് ഡൗൺ നിരക്ക് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ (4/2017-ലെ കണക്കനുസരിച്ച്) 13,778 സ്ഥിരം ഡ്രൈവർമാരും 11,697 സ്ഥിരം കണ്ടക്ടർമാരും 4,233 എംപാനൽ കണ്ടക്ടർമാരും 1506 എംപാനൽ ഡ്രൈവർമാരുമുണ്ട്.

**കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണം**

175 (4099) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദവിവരം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യെ പുനഃസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി കൊൽക്കത്ത ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നമ്പർ G. O. (Rt.) 367/2016/Trans. തീയതി 24-9-2016 പ്രകാരം വിശദപഠനം നടത്തുവാൻ കൺസൾട്ടന്റായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയ്ക്കുതാഴെ പ്രതിദിന വരുമാന ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാനും തുടർനടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഉടൻതന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.

2016-17 വർഷത്തെ ബഡ്ജറ്റിൽ 1000 പുതിയ സി.എൻ.ജി. ബസ്സുകൾ

ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനും ആദ്യ വർഷം 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി(CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കിവരുന്നു.

ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനുമാത്രമായി നിയോഗിക്കുകയും ചെയ്തു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 2017-18 ബഡ്ജറ്റിൽ 3000 കോടി രൂപയുടെ സമഗ്ര പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും കോഫി വെൻഡിംഗ് മെഷീൻ, എ. ടി. എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിൽ ഡ്യൂട്ടി ബഹിഷ്കരണ സമരം**

176 (4100) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരട്ട ഡ്യൂട്ടി ഒഴിവാക്കിയതിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി. യിൽ ഒരു വിഭാഗം മെക്കാനിക്കൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരണ സമരം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഈ സമരം കാരണം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവുണ്ടായി;

(സി) കോർപ്പറേഷന് ഈ സമരം കാരണം ഉണ്ടായ മറ്റ് നഷ്ടങ്ങൾ എന്തൊക്കെയാണ് ;

(ഡി) സമരത്തെ മറികടക്കാൻ എന്തൊക്കെ ബദൽ സംവിധാനങ്ങൾ കൈക്കൊണ്ടു; വിശദാംശങ്ങൾ നൽകുമോ;

(ഇ) സമരത്തിനോടനുബന്ധിച്ച് സ്വീകരിച്ച ശിക്ഷണ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1-5-2017 മുതൽ 3-5-2017 വരെ ഒരു വിഭാഗം മെക്കാനിക്കൽ ജീവനക്കാർ ഡ്യൂട്ടി ബഹിഷ്കരണ സമരം നടത്തിയിരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.യുടെ 2017 ഏപ്രിൽ മാസത്തെ ശരാശരി പ്രതിദിന വരുമാനം 5,83,35,811 രൂപയാണ്.

മേയ് 1, മേയ് 2 എന്നീ സമര ദിവസങ്ങളിൽ യഥാക്രമം 69,41,517-ഉം 60,20,945-ഉം രൂപയുടെ വരുമാനക്കുറവുണ്ടായിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു. നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി) ഡ്യൂട്ടിക്ക് ഹാജരായ ജീവനക്കാരെ വിവിധ ഡിപ്പോകളിലേക്ക് പുനർ വിന്യസിച്ചും സെൻട്രൽ വർക്സ്, മറ്റു റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിലെ മെക്കാനിക്കൽ ജീവനക്കാരെ ഡിപ്പോകളിലേക്ക് അയച്ചും ഡോക്കിലുള്ള ബസുകൾ നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അത്യാവശ്യഘട്ടത്തിൽ വാഹന നിർമ്മാതാക്കളുടെ അംഗീകൃത ഡീലർമാരുടെ സേവനവും ലഭിച്ചിട്ടുണ്ട്.

(ഇ) വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ നിയമനം**

177 (4101) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.യിലെ റിസർവ് കണ്ടക്ടർ തസ്തികയിലേക്ക് 31-12-2016 ന് പി.എസ്.സി. ശിപാർശ ചെയ്തിട്ടുള്ള 4051 പേർക്ക് നിയമനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

റിസർവ് കണ്ടക്ടർ തസ്തികയിലേയ്ക്ക് 31-12-2016-ന് പി.എസ്.സി. ശിപാർശ ചെയ്തിട്ടുള്ള 4051 പേർക്ക് നിയമനം നൽകിയിട്ടില്ല. പ്രൊഫ. സുശീൽ ഖന്ന തയ്യാറാക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണത്തിനുള്ള റിപ്പോർട്ടിന് വിധേയമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ വാണിജ്യ സമുച്ചയങ്ങൾ**

178 (4102) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.ക്ക് എത്ര ഡിപ്പോകളുണ്ടെന്നും അവ ഏതൊക്കെയെന്നും അവയുടെ ഉടമസ്ഥത ആർക്കാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോകളിൽ സ്ഥിതിചെയ്യുന്ന വാണിജ്യസമുച്ചയങ്ങളുടെ ഉടസ്ഥത ആർക്കെന്നും അവയിലൂടെ ലഭിക്കുന്ന വരുമാനം ആർക്കെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഏതൊക്കെ വകുപ്പുകളുടെ അനുമതിവേണമെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം വാണിജ്യസമുച്ചയങ്ങളുടെ വരുമാനം ഏതെങ്കിലും തദ്ദേശ സ്ഥാപനത്തിന് നൽകുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.ക്ക് സംസ്ഥാനത്ത് 30 ഡിപ്പോ, 43 സബ് ഡിപ്പോ, 20 ഓപ്പറേറ്റിംഗ് സെന്റർ എന്നീ വിഭാഗങ്ങളിലായി 93 യൂണിറ്റുകളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. ഇവയുടെ ഉടമസ്ഥാവകാശം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. *

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ സ്ഥിതി ചെയ്യുന്ന വാണിജ്യ സമുച്ചയങ്ങളുടെ ഉടമസ്ഥതയും വരുമാനവും പൂർണമായും കെ.എസ്.ആർ.ടി.സി.ക്കാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നാൽ തിരുവനന്തപുരം സെൻട്രൽ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ യൂണിറ്റുകളിൽ ബി.ഒ.റ്റി. വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി.യാണ് വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഇവയിൽ നിന്നുള്ള വരുമാനത്തിന്റെ ഭാഗവും കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാകുന്നുണ്ട്.

(സി) എയർപോർട്ട് അതോറിറ്റി, മലിനീകരണ നിയന്ത്രണ ബോർഡ്, അഗ്നിശമന സുരക്ഷാ വകുപ്പ് എന്നിവയിൽനിന്നും ലഭിക്കുന്ന പ്രാരംഭ നിരാക്ഷേപ പത്രവും ആവശ്യമെങ്കിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽനിന്നും ലഭിക്കുന്ന നിരാക്ഷേപപത്രവും ലഭ്യമാക്കിയ ശേഷം ചീഫ് ടൗൺ പ്ലാനർ നൽകുന്ന ലേ-ഔട്ട് പ്ലാനിന് വിധേയമായി തയ്യാറാക്കുന്ന ബിൽഡിംഗ് പ്ലാനിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്ന് ലഭിക്കുന്ന പെർമിറ്റ് ലഭിച്ചശേഷം മാത്രമേ വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി) കെ.എസ്.ആർ.ടി.സി.യുടെ വരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നില്ല. ചട്ടപ്രകാരമുള്ള കെട്ടിട നികുതി, വസ്തു നികുതി, തൊഴിൽ നികുതി എന്നിവ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കിവരുന്നത്.

## കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകളിൽ വൃത്തിയുള്ള ശൗചാലയങ്ങൾ

179 (4103) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ രാപ്പകൽ വ്യത്യാസമില്ലാതെയുള്ള ദീർഘദൂര യാത്രക്കിടയിൽ യാത്രക്കാർ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സമയം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇടവേള അനുവദിക്കുന്ന സ്ഥലങ്ങളിൽ ശുചിത്വമുള്ള സ്ത്രീ-പുരുഷ ശൗചാലയങ്ങളും സുരക്ഷയും ഉറപ്പുവരുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് ഇതു സംബന്ധിച്ച കർശന നിർദ്ദേശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യമായ ഇടവേളകളിൽ യാത്രക്കാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സമയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശൗചാലയങ്ങൾ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിനും ശൗചാലയങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശൗചാലയങ്ങൾ ആരോഗ്യപരമായ ചുറ്റുപാടിൽ പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ മാനേജിംഗ് ഡയറക്ടർക്ക് നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശുചിത്വം**

180 (4104) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശൗചാലയങ്ങളുടെ വൃത്തിഹീനവും ശോചനീയവുമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബസ്സ് സ്റ്റാന്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന്, വൃത്തിഹീനമാക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ നൽകുന്നത് ഉൾപ്പെടെയുള്ള സംയോജിത പ്രവർത്തന പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ ശൗചാലയങ്ങൾ വൃത്തിയായും ശുചിയായും സൂക്ഷിക്കുന്നതിനും ശോചനീയ അവസ്ഥ മാറ്റുന്നതിനും ബന്ധപ്പെട്ട യൂണിറ്റധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ബസ് സ്റ്റാന്റുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് വൃത്തിഹീനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട യൂണിറ്റധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ**

181 (4105) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള എത്ര ബസ്സുകളാണ് സർവ്വീസ് നടത്താനാകാതെ കട്ടപ്പുറത്തുള്ളത്; അറിയിക്കാമോ;

(ഡി) ഇനി ഒരിക്കലും ഓടിക്കാൻ കഴിയാത്ത രീതിയിലുള്ള പഴയ ബസ്സുകൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള സംവിധാനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) 2016-17 കാലയളവിൽ ബസ്സുകൾ ഇങ്ങനെ ലേലം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ബസ്സുകളുടെ എണ്ണം, ലഭിച്ച വരുമാനം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2016-17 വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 ബസ്സുകൾ സി.എൻ.ജി.യിലേക്ക് മാറ്റുന്നതിന് 300 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യ വർഷം 50 കോടി രൂപയാണ് അനുവദിച്ചിരുന്നത്. ആയതിനുള്ള Detailed Project Report KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു. കൂടാതെ 5 വർഷം പൂർത്തിയാകുന്ന സൂപ്പർ ക്ലാസ് ബസ്സുകൾ (ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ് മുതലായവ) മാറ്റി പകരം പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിന് ബസ്സുകൾ ആവശ്യമാണ്. ഇതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

(സി) 8-5-2017-ലെ കണക്കനുസരിച്ച് 5916 കെ.എസ്.ആർ.ടി.സി. ബസ്സുകളും 679 ജൻറം ബസ്സുകളുമാണ് നിലവിലുണ്ടായിരുന്നത്. ഇതിൽ 666 കെ.എസ്.ആർ.ടി.സി. ബസ്സുകളും 186 ജൻറം ബസ്സുകളും വിവിധ അറ്റകുറ്റ പണികൾക്കായി പിടിച്ചിരുന്നു.

(ഡി) ഉപയോഗശൂന്യമായ പഴയ ബസ്സുകൾ ലേലംചെയ്ത് വിൽക്കുന്നതിനുള്ള സംവിധാനങ്ങൾ കെ.എസ്.ആർ.ടി.സി.യിൽ നിലവിലുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. MSTC (Metal Scrap Trading Corporation Ltd., Public Sector Undertaking under the Administrative Control of Ministry of Steel, Govt. of India) ബാംഗ്ലൂർ മുഖേന e-auction-നിലൂടെയാണ് കെ.എസ്.ആർ.ടി.സി.യിൽ

ഇനി ഒരിക്കലും ഓടിക്കാൻ കഴിയാത്ത രീതിയിലുള്ള പഴയ ബസ്സുകൾ ലേലം ചെയ്തു വിൽക്കുന്നത്.

(ഇ) 2016-17 കാലയളവിൽ ലേലം ചെയ്തു വിൽപ്പന നടത്തിയ ബസ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർക്ക് ഷോപ്പ് | ബസ്സുകളുടെ എണ്ണം | ലഭിച്ച വരുമാനം (രൂപ) |
|---|---|---|
| സെൻട്രൽ വർക്സ്, പാപ്പനംകോട് | 78 | 61,66,632 |
| റീജിയണൽ വർക്ക് ഷോപ്പ്, ആലുവ | 58 | 52,14,213 |
| റീജിയണൽ വർക്ക് ഷോപ്പ്, എടപ്പാൾ | 171 | 1,42,79,769 |
| റീജിയണൽ വർക്ക് ഷോപ്പ്, മാവേലിക്കര | 22 | 18,38,004 |
| റീജിയണൽ വർക്ക് ഷോപ്പ്, കോഴിക്കോട് | NIL | NIL |
| **ആകെ** | **329** | **2,74,98,618** |

**കെ.എസ്.ആർ.ടി.സി. വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

182 (4106) ശ്രീ. എസ്. ശർമ്മ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ടിക്കറ്റ് വരുമാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള വർദ്ധന വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ധനക്ഷമത ഉറപ്പുവരുത്തുന്നതിനും പാഴ് ചെലവുകൾ അവസാനിപ്പിക്കുന്നതിനും കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ടിക്കറ്റ് വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഓർഡിനറി

ബസ്സുകളിൽ ഡീസൽ വിലയിടിവ് കാരണം ഒരു രൂപ കുറവ് വരുത്തിയത് പുനഃസ്ഥാപിക്കുകയും ഷെഡ്യൂളുകൾ കാര്യക്ഷമമായി പുനഃക്രമീകരിക്കുകയും ചെയ്തത് കോർപ്പറേഷന് ഗുണകരമായി.

(ബി) കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്താൻ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനോടൊപ്പം ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകിയും ബസ്സുകളിലും ബസ്റ്റ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്നതിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയതുവഴിയും, കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. സ്ക്രാപ്പ് മെറ്റീരിയൽസ്, സ്ക്രാപ്പ് ബസ്സുകൾ, ടയറുകൾ മുതലായവ സമയബന്ധിതമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ M/s. MSTC-വഴി ലേലം നടത്തി വിൽക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരെ വാഹന നിർമ്മാതാക്കളുടെ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് പരിശീലനം നടത്തിവരുന്നു. കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും അതിലുപരി ഒരു അസി. വർക്സ് മാനേജരെ പ്രത്യേകം ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

### കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ്

183 (4107) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം എത്ര രൂപ വരുമാനം ഉണ്ടാക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൊറിയർ സർവ്വീസ് ബുക്കിംഗ് സെന്ററുകൾ ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തിപ്പിക്കുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രതിമാസം 2,00,000 രൂപ സ്ഥിരമായി ലഭിച്ചുവരുന്നു. ഇതിനുപുറമെ ലാഭവിഹിതമായി ശരാശരി അറുപത്തി അയ്യായിരം രൂപകൂടി പ്രതിമാസം ലഭിച്ചുവരുന്നു.

(ബി) അടൂർ, ആലപ്പുഴ,ആലുവ, അങ്കമാലി, ബാംഗ്ലൂർ, ചാലക്കുടി, കോയമ്പത്തൂർ, ചേർത്തല, എറണാകുളം, ഗുരുവായൂർ, കണ്ണൂർ, കരുനാഗപ്പള്ളി, കാസർഗോഡ്, കായംകുളം, കൊല്ലം, കൊട്ടാരക്കര, കോട്ടയം, കോഴിക്കോട്, കുമിളി, മലപ്പുറം, മാനന്തവാടി, മൂവാറ്റുപുഴ, നോർത്ത് പറവൂർ, പാല, പാലക്കാട്, പയ്യന്നൂർ, പെരിന്തൽമണ്ണ, പെരുമ്പാവൂർ, പൊന്നാനി, പൂവാർ, സുൽത്താൻ ബത്തേരി, താമരശ്ശേരി, തിരുവല്ല, തൊടുപുഴ, തൃശ്ശൂർ, തിരുവനന്തപുരം സെൻട്രൽ, വൈക്കം, വിഴിഞ്ഞം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

**കെ.എസ്.ആർ.ടി.സി. അപകടങ്ങൾ**

184 (4108) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 കാലയളവിൽ അപകടങ്ങളുണ്ടാക്കിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എത്രയെന്നും കെ.എസ്.ആർ.ടി.സി.യുടെ മറ്റ് വാഹനങ്ങൾ എത്രയെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത അപകടങ്ങൾമൂലം മരണപ്പെട്ട കാൽനട യാത്രക്കാർ എത്ര;വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ എത്ര; പരിക്കുപറ്റിയ കാൽനട യാത്രക്കാർ എത്ര; വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ എത്ര; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ അപടകങ്ങളിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

അപകടങ്ങളിൽ ഉൾപ്പെട്ട ആകെ ബസ്സുകൾ - 1501 എണ്ണം
അപകടങ്ങളിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി.സി.യുടെ മറ്റ് വാഹനങ്ങൾ - 3 എണ്ണം (വർക്ക്ഷോപ്പ് വാൻ-2, ടാങ്കർ ട്രക്ക്-1).

(ബി) 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ മരണപ്പെട്ടവർ -

കാൽനട യാത്രക്കാർ - 55 പേർക്

വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ - 159 പേർ.

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളിൽ പരിക്ക് പറ്റിയവർ

കാൽനട യാത്രക്കാർ - 78 പേർ (ഗുരുതര പരിക്ക് - 45, നിസ്സാര പരിക്ക് - 33)

വാഹനത്തിൽ യാത്ര ചെയ്തിരുന്നവർ - 2480 പേർ (ഗുരുതര പരിക്ക് - 470, നിസ്സാര പരിക്ക് - 2010)

**കെ.എസ്.ആർ.ടി.സി.യുടെ സേവനം മെച്ചപ്പെടുത്തൽ**

185 (4109) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് തൃപ്തിയും മികച്ച സേവനവും നൽകുന്ന സ്ഥാപനമായി കെ.എസ്.ആർ.ടി.സി.യെ മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ എന്തെല്ലാം ശിപാർശകളാണ് സുശീൽഖന്ന റിപ്പോർട്ടിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് തൃപ്തിയും മികച്ച സേവനവും നൽകുന്ന സ്ഥാപനമായി കെ.എസ്.ആർ.ടി.സി.യെ മാറ്റുന്നതിന്റെ ഭാഗമായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ട്രാവൽ കാർഡ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ സ്ത്രീ സുരക്ഷ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ രണ്ട് പിങ്ക് ബസ്സുകൾ ഇതിനോടകംതന്നെ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും ആയത്

ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയ്ക്ക് താഴെ പ്രതിദിന വരുമാന ഷെഡ്യൂളുകൾ വരുമാന വർദ്ധനവിനായി പുനഃക്രമീകരിക്കുവാനും തുടർനടപടി സ്വീകരിക്കുവാനും തീരുമാനിച്ചത് പ്രകാരം ടി സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിന് മേഖലാ അധികാരികൾക്കും യൂണിറ്റ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ ഫാസ്റ്റ് പാസഞ്ചർ മുതലുള്ള എല്ലാ സൂപ്പർ ക്ലാസ് ശ്രേണിയിലും മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഉടൻതന്നെ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതാണ്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യവും പരിഗണനയിലാണ്.

കെ.എസ്.ആർ.ടി.സി.യിൽ ബസ്സുകളുടെ ശരാശരി പ്രായം 12-13 വർഷമാക്കി നിലനിർത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ദീർഘദൂര യാത്രക്കാരെ പൊതു ഗതാഗത സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിനായി കൂടുതൽ മൾട്ടി ആക്സിൽ ലക്ഷ്വറി ബസ്സുകൾ നിരത്തിലിറക്കുവാൻ ആലോചിച്ചുവരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽസമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്.

(ബി & സി) പൂർണ്ണമായ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## കെ.എസ്.ആർ.ടി.സി.-ക്ക് ദേശസാൽകൃത പാതകൾ അനുവദിച്ചതിലെ അപാകതകൾ

186 (4110) <u>ശ്രീ. മുല്ലക്കര രത്നാകരൻ :</u>
<u>ശ്രീമതി ഇ. എസ്. ബിജിമോൾ :</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി. :</u>
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശസാൽകൃത പാതകൾ കെ.എസ്.ആർ.ടി.സി.ക്ക് ഗതാഗതത്തിനായി അനുവദിക്കുമ്പോൾ വിജ്ഞാപനമിറക്കുന്നത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്; വിശദമാക്കുമോ;

(ബി) സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസുകളുടെ ദൂരപരിധി എത്ര

കിലോമീറ്ററായാണ് നിജപ്പെടുത്തിയിട്ടുള്ളത്;

(സി) ദേശസാൽകൃത പാതകൾ അനുവദിക്കുമ്പോൾ നിയമ പരിരക്ഷയ്ക്കായി കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ ചാപ്റ്റർ ആറിന് പകരം, കേരള മോട്ടോർ വാഹന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം വിജ്ഞാപനമിറക്കിയത് സ്വകാര്യ ബസ് ലോബിയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം ചാപ്റ്റർ ആറ് സെക്ഷൻ 100 അനുസരിച്ചാണ് കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി പുതിയ റൂട്ടുകൾ ദേശസാൽക്കരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. നിലവിലെ സ്കീമുകൾ പരിഷ്കരിക്കുന്നത് ചാപ്റ്റർ ആറ് സെക്ഷൻ 102 പ്രകാരമാണ്.

(ബി) 15-3-2017-ലെ സർക്കാർ ഉത്തരവ് (പി) 6/2017/ഗതാ. പ്രകാരം ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ ദൂരപരിധി 140 കിലോമീറ്ററാണ്.

(സി) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം ചാപ്റ്റർ ആറിലെ സെക്ഷൻ 102 പ്രകാരമാണ് ഇതുസംബന്ധിച്ച പ്രാഥമിക വിജ്ഞാപനം അന്തിമമാക്കി [23-3-2017-ലെ ജി. ഒ. (പി) നമ്പർ 8/17/ഗതാ.] ഉത്തരവായിട്ടുള്ളത്. ആയതിനാൽ ഇത്തരത്തിലുള്ള ആക്ഷേപം അടിസ്ഥാന രഹിതമാണ്.

## കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർ

187 (4111) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ വിവരം തസ്തിക, എണ്ണം എന്ന ക്രമത്തിൽ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.യിൽ 163 പേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഡ്രൈവർ | - | 357 |
| | അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | - | 10 |
| | പ്യൂൺ | - | 42 |
| | ജൂനിയർ അസിസ്റ്റന്റ് | - | 388 |
| | കണ്ടക്ടർ | - | 301 |
| | ടൈപ്പിസ്റ്റ് | - | 38 |
| | സ്റ്റോർ ഇഷ്യൂവർ | - | 25 |
| | ബ്ലാക്സ്മിത്ത് | - | 2 |

**കെ.എസ്.ആർ.ടി.സി.യിൽ കരാർ ജീവനക്കാർ**

188 (4112) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ വ്യവസ്ഥയിൽ കെ.എസ്.ആർ.ടി.സി.യുടെ വിവിധ വർക്ക്ഷോപ്പുകളിലും മറ്റും 5 - 10 വർഷക്കാലം ജോലി നോക്കിവന്നിരുന്ന തൊഴിലാളികളെ ജോലിയിൽ നിന്നും പിരിച്ചുവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വയസ്സ് കൂടിയതുമൂലം വേറൊരു സ്ഥാപനത്തിൽ ജോലി ലഭിക്കുന്നതിനോ, പി.എസ്.സി. പരീക്ഷ എഴുതുന്നതിനോ സാധിക്കാത്തതിനാൽ പിരിച്ചുവിട്ട ഏകദേശം 250 ഓളം വരുന്ന ജീവനക്കാരെ തിരിച്ചെടുത്ത് ഇവരുടെ കുടുംബങ്ങളെ പട്ടിണിയിൽനിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിൽ ബസ് ബോഡി നിർമ്മാണം നടത്തുന്നതിന് ദിവസ വേതന അടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിരുന്നു. വാങ്ങിയ എല്ലാ ഷാസികളിലും ബോഡി നിർമ്മാണം പൂർത്തിയായതിനാൽ മറ്റ് ജോലികളുടെ അഭാവത്തിൽ കുറച്ച് ജീവനക്കാരെ മാറ്റി നിർത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ പുതിയ ബസ് ബോഡി

നിർമ്മിക്കുന്നതിനായി നിയോഗിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ ടി പ്രവൃത്തി അവസാനിച്ചതിനാൽ മാറ്റിനിർത്തുകയായിരുന്നു. പുതിയ ഷാസികൾ വാങ്ങി ബോഡി ബിൽഡിംഗ് ആരംഭിക്കുമ്പോൾ ടി ജീവനക്കാരെ മുൻഗണനാക്രമം നൽകി തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യിലെ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടൽ

189 (4113) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുവാൻ ഒരുങ്ങുന്നു എന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; ജീവനക്കാരുടെ എണ്ണം കുറയ്ക്കണമെന്ന് സുശീൽഖന്ന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) 10 വർഷത്തിലധികം താൽക്കാലിക അടിസ്ഥാനത്തിൽ വിവിധ തസ്തികയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2012-ലെ ശമ്പളപരിഷ്കരണ കമ്മീഷൻ ശിപാർശപ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. കെ.എസ്.ആർ.ടി.സി. പുനരുദ്ധരിക്കുന്നതിന് വേണ്ടി പ്രൊഫ. സുശീൽ ഖന്നയെ റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിട്ടുണ്ട്.

സൂക്ഷ്മമായ വിശകലനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ ജീവനക്കാരുടെ അനുപാതവുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടെ ജീവനക്കാർ വളരെ കൂടുതലാണ്. ഇത് ദേശീയ ശരാശരിയിലേക്ക് എത്തിച്ചാൽ മാത്രമെ കെ.എസ്.ആർ.ടി.സി.യുടെ സാന്നിദ്ധ്യവും നിലനിൽപ്പും ഉറപ്പുവരുത്താൻ സാധിക്കുകയുള്ളൂ. ദേശീയ അനുപാതം വിലയിരുത്തുമ്പോൾ കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും എണ്ണം അധികമാണ്. പ്രത്യേകിച്ചും നാലായിരത്തോളം ഡബിൾ ഡ്യൂട്ടി സിംഗിൾ ഡ്യൂട്ടിയായി പുനഃക്രമീകരിക്കുമ്പോൾ വീണ്ടും ഈ തസ്തികയിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിക്കുവാനാണ് ഇടയുള്ളത്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് വിധേയമായി

മാത്രമെ ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം വരുത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(ബി) 10 വർഷത്തിലധികം താൽക്കാലിക സർവ്വീസ് ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശിപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല.

(സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല.

## പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകൾ എൽ.എൻ.ജി.യിലാക്കാൻ നടപടി

190 (4114) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്ന് അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഇനി പുതുതായി ഇറക്കുന്ന ബസ്സുകൾ എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്നവയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി.യിലെ മുഴുവൻ ബസ്സുകളും എൽ.എൻ.ജി.യിലേക്ക് മാറ്റുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ജൻറം പദ്ധതി പ്രകാരം ലഭിച്ച 75 ലോ ഫ്ലോർ നോൺ എ.സി ബസുകൾ ഉൾപ്പെടെ 485 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി - ഡി) എൽ.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ പരീക്ഷണഘട്ടത്തിലാണ്. നിലവിൽ ലഭ്യമായ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ ഇറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2016-17 വർഷത്തെ ബഡ്ജറ്റിൽ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നതിനും ആദ്യ വർഷം 50 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു.

## ഡബിൾ ഡ്യൂട്ടി സമ്പ്രദായം

191 (4115) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 കെ.എസ്.ആർ.ടി.സി. അതിന്റെ പുനരുദ്ധാരണ വർഷമായി ആചരിക്കുമ്പോൾ, പുനരുദ്ധാരണത്തിനായി നീക്കിവെച്ച 3000 കോടി രൂപയുടെ രക്ഷാപാക്കേജിന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കാൻ തലപ്പത്ത് വിദഗ്ധരെ നിയമിക്കൽ, ഫിനാൻസ് മാനേജ്മെന്റ് പുനരുദ്ധരിക്കാൻ ഫ്ലീറ്റ് വിനിയോഗം/ശരാശരി കിലോമീറ്റർ/മൈലേജ്/കിലോമീറ്റർ കളക്ഷൻ എന്നിവ ദേശീയ ശരാശരിയിൽ കൊണ്ടുവരിക, വരവും ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കുക, സി. എൻ. ജി. ബസ്സുകൾ കിഫ്ബി വഴി വാങ്ങുക, സമ്പൂർണ്ണ ഇ-ഗവേണൻസും വർക്കഷോപ്പ് നവീകരണവും തുടങ്ങിയ നിർദ്ദേശങ്ങളിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും എപ്പോൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ മിന്നൽ പണിമുടക്കുമായി എത്തി പൊതുജനങ്ങളുടെ യാത്രയ്ക്ക് ഭംഗംവരുത്തുന്ന നടപടികൾക്കെതിരെ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 3000 കോടി രൂപയുടെ രക്ഷാ പാക്കേജിന്റെ പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എറണാകുളം കേന്ദ്രമാക്കി 1000 പുതിയ സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി ലഭ്യമാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ചിരുന്നു. ഇതിൻ പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്നും 1000 സി.എൻ.ജി. ബസ്സുകൾ 300 കോടി രൂപ മുതൽമുടക്കിൽ വാങ്ങുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. [സ. ഉ. (സാധാ.) നമ്പർ 72/2017/ഗതാഗതം തീയതി 20-2-2017]. ടി. ഉത്തരവിൻ പ്രകാരം ആദ്യഘട്ടമായി 166 സി.എൻ.ജി. ബസ്സുകൾ 50 കോടി രൂപ മുതൽമുടക്കിൽ വാങ്ങുന്നതാണ്.

ദീർഘദൂര സർവ്വീസുകളിൽ ഡബിൾ ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിക്കുന്നത്

സംബന്ധിച്ച് അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ചർച്ച ആരംഭിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർ ചർച്ചകൾ ആവശ്യമായിട്ടുള്ളതും ചർച്ചകൾ പൂർത്തീകരിച്ച് ഈ വർഷംതന്നെ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വരുമാന വർദ്ധനവും, നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടി ആരംഭിച്ചിട്ടുണ്ട്. പതിനായിരം രൂപയ്ക്ക് താഴെ വരുമാനമുള്ള 1255 സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച നടപടി ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസ്സുകൾ പകൽ സമയം പിൻവലിക്കുന്നതുമൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചുവരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. ഇതുവഴി ഓഫ് റോഡ് നിരക്കിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ ജോലിഭാരത്തിൽ ക്രമരഹിതമായ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ചില ഡ്യൂട്ടി സമയങ്ങളിൽ ജീവനക്കാർക്ക് ജോലി ചെയ്യുന്നതിന് ആവശ്യത്തിന് ബസുകൾ ഇല്ലാത്ത അവസ്ഥ ഉണ്ടായതിനാലും മെക്കാനിക്കൽ ജീവനക്കാരുടെ ഡ്യൂട്ടി സമ്പ്രദായത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ. ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നൽകുന്നുണ്ട്.

കൂടാതെ ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി. പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി(CNG)ലേക്ക് മാറുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളിൽ ഇത്തരം ബസ്സുകളുടെ ഉപയോഗക്ഷമത നിരീക്ഷിക്കുന്നതിനായി 2 സി.എൻ.ജി. ബസ്സുകൾ വാങ്ങുവാൻ തീരുമാനിച്ചതിൽ ഒരു ബസ് ലഭ്യമായിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ Work norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു.

(സി) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**കൊല്ലം ജില്ലയിലെ ലോ-ഫ്ലോർ ബസ് റൂട്ടുകൾ**

192 (4116) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഇപ്പോൾ എത്ര എ.സി./നോൺ എ.സി. ലോ-ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ബസ്സുകൾക്ക് റൂട്ടുകൾ അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഒന്നിൽക്കൂടുതൽ ക്ലസ്റ്ററുകൾ മാറി ലോ-ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ; എങ്കിൽ വെളിപ്പെടുത്താമോ;

(ഡി) ലോ-ഫ്ളോർ ബസ്സുകളുടെ റൂട്ടുകൾ നിർണ്ണയിക്കുമ്പോൾ നിയോജക മണ്ഡലങ്ങളിലെ പ്രധാന സ്ഥലങ്ങൾ പരിഗണിക്കണമെന്നുള്ള എം.എൽ.എമാരുടെ ആവശ്യങ്ങൾ കൂടി പരിഗണിച്ച് റൂട്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 12 എ.സി. ലോ-ഫ്ലോർ ഷെഡ്യൂളുകളും 24 നോൺ എ.സി. ലോ-ഫ്ലോർ ഷെഡ്യൂളുകളുമാണുള്ളത്. ഇതിനായി 13 എ.സി. ലോ-ഫ്ലോർ ബസ്സുകളും 30 നോൺ എ.സി. ലോ-ഫ്ലോർ ബസ്സുകളും സർവ്വീസ് നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം ഡിപ്പോയിൽ നിന്നു മാത്രമേ എ.സി. ലോ-ഫ്ലോർ ബസ് സർവീസ് നടത്തുന്നുള്ളൂ. ഡിപ്പോ തിരിച്ചുള്ള ഷെഡ്യൂളുകളുടെയും ബസുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| ഡിപ്പോ | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ആര്യങ്കാവ് | 1 | 1 |
| ചടയമംഗലം | 4 | 5 |
| ചാത്തന്നൂർ | 3 | 4 |
| കുളത്തൂപ്പുഴ | 1 | 1 |
| കൊട്ടാരക്കര | 4 | 4 |
| പുനലൂർ | 3 | 4 |
| പത്തനാപുരം | 3 | 3 |
| കരുനാഗപ്പള്ളി | 3 | 5 |
| കൊല്ലം | 2 | 3 |
| കൊല്ലം | 12 (A/c) | 13 |
| **ആകെ** | **36** | **43** |

(ബി) NATPAC തയ്യാറാക്കിയതും ഭാരത സർക്കാരിന്റെ നഗര വികസന

മന്ത്രാലയം അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസുകൾ അനുവദിക്കുന്നത്.

(സി) ഉണ്ട്.

കോഴിക്കോട് - പാലക്കാട്

കോഴിക്കോട് - നെടുമ്പാശ്ശേരി

മലപ്പുറം - നെടുമ്പാശ്ശേരി

കല്പറ്റ - ഗുരുവായൂർ

കോട്ടയം - തിരുവനന്തപുരം

കോട്ടയം - എറണാകുളം

കോഴിക്കോട് - തൃശ്ശൂർ

പത്തനംതിട്ട - തിരുവനന്തപുരം

ആലപ്പുഴ - തിരുവനന്തപുരം

ആലപ്പുഴ - ഗുരുവായൂർ

ആലപ്പുഴ - നിലമ്പൂർ

ആലപ്പുഴ - മൂന്നാർ

തൃശ്ശൂർ - എറണാകുളം

എറണാകുളം - പാലക്കാട്

കൊല്ലം - ഗുരുവായൂർ

കൊല്ലം - തിരുവനന്തപുരം

കൊല്ലം - പത്തനംതിട്ട

തൊടുപുഴ - തൃശ്ശൂർ

തൊടുപുഴ - തിരുവനന്തപുരം

തുടങ്ങിയ റൂട്ടുകളിൽ ജൻറം ബസുകൾ സർവീസ് നടത്തുന്നുണ്ട്.

(ഡി) NATPAC തയ്യാറാക്കിയതും ഭാരത സർക്കാരിന്റെ നഗര വികസന മന്ത്രാലയം അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് ബസുകൾ അനുവദിക്കുന്നത്. എം.എൽ.എ.മാരുടെ ആവശ്യങ്ങൾകൂടി പരിഗണിച്ച് റൂട്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പിങ്ക് സർവ്വീസ്

193 (4117) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം റൂട്ടുകളിലാണ് കെ.എസ്.ആർ.റ്റി.സി. പിങ്ക് സർവ്വീസ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) പിങ്ക് സർവ്വീസിൽ നിന്നുള്ള ശരാശരി വരുമാനം എത്രയെന്നും, പിങ്ക് സർവ്വീസ് ലാഭമാണോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ യൂണിറ്റിൽ നിന്നും പാരിപ്പള്ളി-ആറ്റിങ്ങൽ-കഴക്കൂട്ടം-മെഡിക്കൽകോളേജ്-കിഴക്കേകോട്ട റൂട്ടിലും നെയ്യാറ്റിൻകര യൂണിറ്റിൽ നിന്നും വെള്ളറട – നെയ്യാറ്റിൻകര – തിരുവനന്തപുരം - മെഡിക്കൽകോളേജ് റൂട്ടിലുമാണ് പിങ്ക് ബസ് സർവ്വീസ് നടത്തുന്നത്.

(ബി) ആറ്റിങ്ങൽ യൂണിറ്റിൽ പിങ്ക് ബസ്സിന്റെ പ്രതിദിന ശരാശരി വരുമാനം 6,797 രൂപയും നെയ്യാറ്റിൻകര യൂണിറ്റിൽ 6,494 രൂപയുമാണ്. പിങ്ക് സർവ്വീസ് ലാഭകരമല്ല.

## ക്ലീൻ കെ.എസ്.ആർ.ടി.സി. പദ്ധതി

194 (4118) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലീൻ കെ.എസ്.ആർ.ടി.സി. പദ്ധതിയ്ക്ക് തുടക്കംകുറിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതി പ്രകാരം കെ.എസ്.ആർ.ടി.സി. സ്റ്റേഷനുകളിൽ എന്തൊക്കെ ശുചീകരണ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏത് വിഭാഗത്തിലെ ജീവനക്കാരെയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എന്നുമുതൽ എന്നുവരെയാണ് ഈ പദ്ധതിയുടെ കാലാവധിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ക്ലീൻ കെ.എസ്.ആർ.ടി.സി. ഗ്രീൻ കെ.എസ്.ആർ.ടി.സി. എന്ന ഒരു പരിപാടിക്ക് തുടക്കംകുറിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ബസ് സ്റ്റാന്റുകളും ഡിപ്പോകളും തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും

സഹായത്തോടെ വൃത്തിയാക്കുക എന്ന പദ്ധതിക്ക് 22-4-2017-ന് നെയ്യാറ്റിൻകരയിൽ തുടക്കംകുറിച്ചിട്ടുണ്ട്. ഒരു പൊതു ഇടം സ്വന്തം ഭവനം പോലെ ശുചിയായി സൂക്ഷിക്കണം എന്ന സന്ദേശമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി പ്രത്യേകമായി ജീവനക്കാരെ നിയോഗിച്ചിട്ടില്ല.

(സി) 22-4-2017-ന് ആരംഭിച്ച ഈ പദ്ധതിയുടെ കാലാവധി നിശ്ചയിച്ചിട്ടില്ല.

## എറണാകുളം ഗവ. മെഡിക്കൽകോളേജ് ആശുപത്രിയിലേക്കും കാൻസർ റിസർച്ച് സെന്ററിലേക്കും യാത്രാസൗകര്യം

195 (4119) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഗവ. മെഡിക്കൽകോളേജ് ആശുപത്രിയിലേക്കും കാൻസർ റിസർച്ച് സെന്ററിലേക്കും യാത്രാസൗകര്യമില്ലാത്തതിനാൽ രോഗികൾക്ക് നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യാത്രാക്ലേശം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എറണാകുളം ഗവ. മെഡിക്കൽകോളേജ് ആശുപത്രിയിലേക്കും കാൻസർ റിസർച്ച് സെന്ററിലേക്കും ആലുവ ഡിപ്പോയിൽനിന്നും 15 ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. എന്നാൽ ടി സർവ്വീസിന് ശരാശരി 5500 രൂപ മാത്രമാണ് വരുമാനമായി ലഭിക്കുന്നത്. കൂടുതൽ സർവ്വീസുകൾ ഈ റൂട്ടിൽ ആരംഭിക്കുന്ന കാര്യം സാധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

## ട്രാഫിക് നിയമങ്ങൾ കൃത്യമായി നടപ്പിലാക്കാൻ നടപടി

196 (4120) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിൽ സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങളിൽ ട്രാഫിക് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; പരീക്ഷണാടിസ്ഥാനത്തിൽ ഇതിന് പ്രത്യേക സംഘത്തെ നിയമിക്കുമോ;

(ബി) നിലവിൽ ട്രാഫിക് നിയന്ത്രിക്കാൻ ഉള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വാഹന പരിശോധയിൽ ട്രാഫിക് റൂളുകൾ തെറ്റിക്കുന്നതായി കാണുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുവാൻ നടപടി സ്വീകരിക്കുമോ; എല്ലാ പ്രധാന സ്ഥലങ്ങളിലും ഉദ്യോഗസ്ഥരെ നിയമിക്കുമോ;

(സി) പ്രവർത്തിക്കാത്ത ക്യാമറകൾ കേടുമാറ്റുവാൻ നടപടി സ്വീകരിക്കുമോ; ആർക്കാണ് അതിന്റെ ചുമതല;

(ഡി) ട്രാഫിക് സിഗ്നലുകളിൽ ഗതാഗതതടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ; ട്രാഫിക് സിഗ്നലുകളിൽ നിയമം തെറ്റിച്ച് തോന്നിയതു പോലെ വാഹനം നിർത്തിയിടുന്ന വാഹനങ്ങളുടെ ചിത്രങ്ങൾ വീഡിയോയിൽ പകർത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അപകടങ്ങൾ കുറയ്ക്കുവാൻ ആവശ്യമായ ജാഗ്രതാ സമിതികൾ രൂപീകരിക്കുമോ; ഇതിന് സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ യോഗം വിളിച്ചുകൂട്ടുവാൻ അതാത് പ്രദേശത്തെ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(എഫ്) നഗര പ്രദേശങ്ങളിൽ പ്രധാനമായും ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങളുടെ വിവരം ശേഖരിക്കാറുണ്ടോ;

(ജി) സ്വകാര്യ ബസ്സുകൾ യാത്രക്കാർ ഇറങ്ങുന്നതിനും കയറുന്നതിനുംമുമ്പ് മുന്നോട്ടെടുക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരത്തിൽ പരാതി ലഭിച്ചാൽ വാഹന ഉടമക്കെതിരെ നടപടികൾ എടുക്കാറുണ്ടോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും അപകടം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ട്രാഫിക് വാർഡർമാരെയും ഹോംഗാർഡ്കാരെയും നിയോഗിക്കുകയും മൊബൈൽ പട്രോൾ യൂണിറ്റുകളെ പ്രസ്തുത സ്ഥലത്ത് ക്യാമ്പ് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ലോക്കൽ പോലീസ് സ്റ്റേഷനിലെ മൊബൈൽ യൂണിറ്റുകളെയും ജനമൈത്രി ബീറ്റുകൾ പോകുന്ന പോലീസ് ഉദ്യോഗസ്ഥരെയും ഇതിലേയ്ക്ക് നിയമിച്ച് അയയ്ക്കാറുമുണ്ട്.

(ബി) സിഗ്നൽ സംവിധാനം, ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരെയും ഹോംഗാർഡുകളെയും ട്രാഫിക് വാർഡർമാരെയും ഉപയോഗിച്ചുള്ള (മാന്വൽ ആയിട്ടുള്ള) ഗതാഗത നിയന്ത്രണം എന്നിവ സ്വീകരിച്ചുവരുന്നു. ട്രാഫിക് നിയമം

ലംഘിക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവും നടപടി സ്വീകരിക്കുന്നു. എല്ലാ പ്രധാന സ്ഥലങ്ങളിലും ആവശ്യത്തിന് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

(സി) കേടായ ക്യാമറകൾ നന്നാക്കുവാൻ ആവശ്യമായ തുക ലഭ്യമാക്കുവാൻ കേരള റോഡ് സേഫ്റ്റി അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക അനുവദിക്കുന്ന മുറയ്ക്ക് ഇവ പ്രവർത്തന ക്ഷമമാക്കുന്നതാണ്. പ്രവർത്തിക്കാത്ത ക്യാമറകൾ പ്രവർത്തനസജ്ജമാക്കുവാനുള്ള നടപടി, ക്യാമറകളുടെ കേടുപാടുകൾ തീർക്കുന്നതിനും അതിന്റെ പരിപാലനത്തിന്റെ ചുമതലയുള്ള കെൽട്രോണിനെ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഹൈടെക് ട്രാഫിക് എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമിന്റെയും ചുമതല കെൽട്രോണിനാണ്.

(ഡി) നിലവിൽ ജംഗ്ഷനുകളിൽ ക്യാമറകൾ സ്ഥാപിച്ച് സിഗ്നൽ തെറ്റിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. റെക്കോർഡ് ചെയ്യുന്ന വീഡിയോകളിൽനിന്നും നിയമ ലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രാഫിക് സിഗ്നലുകളിൽ ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ചുവടെചേർക്കുന്നു:

| വർഷം | ട്രാഫിക് സിഗ്നലുകളിൽ ഗതാഗത തടസ്സം ഉണ്ടാക്കുകയും ആയതിന് നടപടി നേരിടുകയും ചെയ്ത വാഹനങ്ങളുടെ എണ്ണം |
|---|---|
| 2015 | 38009 |
| 2016 | 52555 |
| 2017 (upto April 30) | 17004 |

(ഇ) ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ വഴിയും അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാരുടെ നേതൃത്വത്തിലും ട്രാഫിക് സേഫ്റ്റി ക്ലബ്ബുകൾ, ഹൈവേ ജാഗ്രതാ സമിതികൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവ രൂപീകരിച്ച് പൊതുജനങ്ങൾക്ക് ട്രാഫിക് ബോധവൽക്കരണവും മറ്റും നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. നഗരപ്രദേശങ്ങളിൽ പ്രധാനമായും ഗതാഗത തടസ്സം ഉണ്ടാക്കുന്ന വാഹനങ്ങളുടെ വിവരം ശേഖരിച്ചും സിഗ്നലുകളിൽ മനഃപൂർവ്വമായും അശ്രദ്ധമായും ഗതാഗതതടസ്സം ഉണ്ടാക്കുന്ന വാഹനങ്ങൾക്കെതിരെയും നിയമ നടപടി സ്വീകരിച്ചുവരുന്നു.

(ജി) ഉണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്ന, റിപ്പോർട്ടാകുന്ന സമയം വാഹനങ്ങളിൽ വാഹന ഉടമ വാഹനമോടിക്കുകയോ, ജീവനക്കാരനായി വാഹനത്തിൽ ഉണ്ടെങ്കിലോ, ടിയാനെതിരെ കേസ്സെടുത്ത് നിയമനടപടി സ്വീകരിക്കും.

## കണ്ണൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾ

197 (4121) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്പെയർപാർട്സിന്റെയും ടയറിന്റെയും അഭാവം കാരണം എത്ര ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. നിർത്തിവച്ചിരിക്കുന്നത്;

(ബി) കണ്ണൂർ ജില്ലയിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(സി) കണ്ണൂർ ജില്ലയിൽ എത്ര റിസർവ് കണ്ടക്ടർമാരുടെയും ഡ്രൈവർമാരുടെയും ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്.സി. മുഖേന നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) കണ്ണൂർ, തലശ്ശേരി യൂണിറ്റുകളിൽ സ്ഥിരമായി സർവ്വീസുകൾ നിർത്തിവച്ചിട്ടില്ല. പയ്യന്നൂർ യൂണിറ്റിൽ ആറ് ഷെഡ്യൂളുകൾ സ്പെയർപാർട്സിന്റെ അഭാവം കാരണം നിർത്തിവച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിലെ ഡിപ്പോകളുടെ ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും എണ്ണം താഴെപ്പറയുംപ്രകാരമാണ്:

കണ്ണൂർ

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ഡീലക്സ് | 3 | 9 |
| എക്സ്പ്രസ് | 3 | 6 |
| സൂപ്പർ ഫാസ്റ്റ് | 4 | 9 |
| ഫാസ്റ്റ് | 8 | 17 |
| ഓർഡിനറി | 77 | 79 |
| ജൻറം | 7 | 7 |
| **ആകെ** | **102** | **127** |

പയ്യന്നൂർ

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| എക്സ്പ്രസ് | 2 | 5 |
| സൂപ്പർ ഫാസ്റ്റ് | 2 | 8 |
| ഫാസ്റ്റ് | 1 | 5 |
| ഓർഡിനറി | 70 | 70 |
| ജൻറം | 5 | 5 |
| **ആകെ** | **80** | **93** |

തലശ്ശേരി

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| ഡീലക്സ് | 1 | 2 |
| എക്സ്പ്രസ് | 1 | 2 |
| സൂപ്പർ ഫാസ്റ്റ് | 1 | 2 |
| ഫാസ്റ്റ് | 8 | 14 |
| ഓർഡിനറി | 50 | 53 |
| ജൻറം | 3 | 4 |
| **ആകെ** | **64** | **77** |

(സി) കെ.എസ്.ആർ.ടി.സി.യിൽ ആകെ ഷെഡ്യൂളുകൾക്ക് ആനുപാതികമായിട്ടുള്ള കുറവുകൾ പി.എസ്.സി.യെ അറിയിച്ച് സംസ്ഥാനാടിസ്ഥാനത്തിലാണ് ജീവനക്കാരെ അഡ്വൈസ് ചെയ്ത് നിയമിക്കുന്നത്. നിലവിൽ ഷെഡ്യൂളുകളുടെ ആനുപാതികമായ കണക്കുപ്രകാരം കണ്ടക്ടർമാരും ഡ്രൈവർമാരും കൂടുതലാണ്.

**ചടയമംഗലം ഡിപ്പോയിലെ കെ.എസ്.ആർ.ടി.സി. സർവ്വീസ്**

198 (4122) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ്സ് ഡിപ്പോയിൽനിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് പ്രതിദിനം സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഷെഡ്യൂളുകളിലുള്ള സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ്, ഓർഡിനറി ബസ്സുകളുടെ കണക്കുകൾ പ്രത്യേകം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയിൽ ഇപ്പോൾ 4 ജൻറം സർവ്വീസ് ഉൾപ്പെടെ 58 സർവ്വീസുകൾ പ്രതിദിനം നടത്തുന്നുണ്ട്.

(ബി) ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ചിട്ടുള്ള ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും എണ്ണം താഴെപറയും പ്രകാരമാണ്:

| ഇനം | ഷെഡ്യൂൾ | ബസുകൾ |
|---|---|---|
| സൂപ്പർ ഫാസ്റ്റ് | 1 | 1 |
| ഫാസ്റ്റ് | 7 | 9 |
| ഓർഡിനറി | 46 | 45 |
| ജൻറം | 5 | 5 |

46 ഓർഡിനറി ഷെഡ്യൂളുകൾ ഓടിക്കുന്നതിന് സ്പെയർ ഉൾപ്പെടെ 50 ബസ്സുകൾ ആവശ്യമാണ്. എന്നാൽ നിലവിൽ 45 ഓർഡിനറി ബസ്സുകൾ മാത്രമാണുള്ളത്. ഓർഡിനറി ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നമുറയ്ക്ക് മാറ്റപ്പെടുന്ന ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കോതമംഗലം ഡിപ്പോയിൽ നിന്നുള്ള പുതിയ സർവ്വീസുകൾ**

199 (4123) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഡിപ്പോയിൽനിന്നും കോഴിക്കോട് - മുക്കം, കോതമംഗലം - വേളാങ്കണ്ണി, കോതമംഗലം - മംഗലാപുരം, കോതമംഗലം - കാക്കനാട് വഴി എറണാകുളം എന്നീ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിരുന്നിട്ടും ഇവ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർവ്വീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഈ കാര്യത്തിൽ സ്വീകരിച്ച നടപടിയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അത്തരത്തിൽ മാനേജ്മെന്റുതല നടപടി സ്വീകരിച്ചിട്ടില്ല. തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, മംഗലാപുരം എന്നീ സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. കൂടാതെ മുക്കം വഴി കോഴിക്കോട് - കാക്കനാട് വഴി എറണാകുളം എന്നീ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാഹചര്യത്തിൽ ആരംഭിക്കുവാൻ കഴിയുകയില്ല.

**കവളങ്ങാട് ബസ് സ്റ്റോപ്പ്**

200 (4124) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ - മൂന്നാർ റോഡിൽ, യൂ.പി. സ്കൂൾ, ക്രിസ്ത്യൻ, മുസ്ലീം പള്ളികൾ, ക്ഷേത്രം, വായനശാല, വ്യാപാരകേന്ദ്രം എന്നിവ സ്ഥിതിചെയ്യുന്ന കവളങ്ങാട് കവലയിൽ ബസ്സ്സ്റ്റോപ്പിനുള്ള പ്രദേശവാസികളുടെ ആവശ്യം പരിഗണിച്ച് ഫാസ്റ്റ് പാസഞ്ചർ, ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾ യാത്രക്കാരുടെ ആവശ്യാർത്ഥം (റിക്വസ്റ്റഡ് ബസ് സ്റ്റോപ്പ്) നിർത്തികൊടുക്കുവാനുള്ള അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധമായി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ നിവേദനത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കവളങ്ങാട് കവലയിൽ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾക്ക് പുതുതായി റിക്വസ്റ്റ് ബസ് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) നിവേദനങ്ങളിന്മേൽ സാധ്യതാപഠനം നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോഴിക്കോട് - ബാംഗ്ലൂർ കെ.എസ്.ആർ.ടി.സി. സർവ്വീസ്

201 (4125) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും രാത്രി 10 മണിക്ക് ബാംഗ്ലൂരിലേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് പുനഃക്രമീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ;

(സി) ഇത് കോഴിക്കോട് നിന്നുള്ള യാത്രക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രയാസം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി. കോഴിക്കോട്നിന്നും രാത്രി 10.00 മണിക്ക് ബാംഗ്ലൂരിലേയ്ക്ക് സുൽത്താൻ ബത്തേരിവഴി നടത്തി വന്നിരുന്ന സർവ്വീസ് ബന്ദിപൂർ വനമേഖലയിലെ രാത്രികാല യാത്രാനിരോധനം കാരണം മാനന്തവാടി-കുട്ട വഴി പുനഃക്രമീകരിച്ചിട്ടുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി.ക്കും മറ്റ് പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിലാണ് പുനഃക്രമീകരണം നടത്തിയിട്ടുള്ളത്.

## കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

202 (4126) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ സർവ്വീസ് നടത്തിവന്ന എത്ര ബസുകൾ നിർത്തലാക്കി;

(ബി) പ്രസ്തുത സർവ്വീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ചതും സർവ്വീസ് തുടർച്ചയായി നടത്താത്തതുമായ സർവ്വീസുകൾ ഏതെല്ലാമാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ – സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നടത്തിയിരുന്ന സർവ്വീസുകൾ ഒന്നുംതന്നെ നിർത്തലാക്കിയിട്ടില്ല. അഞ്ച് ബസ്സുകൾ കാലപ്പഴക്കത്തെത്തുടർന്ന് നിരത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 17 പുതിയ ബസ്സുകൾ ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ച സർവ്വീസുകൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില ദിവസങ്ങളിൽ ജീവനക്കാരുടെ അഭാവംമൂലം താൽക്കാലികമായി റദ്ദ് ചെയ്യേണ്ടിവന്നിട്ടുണ്ട്.

**സുശീൽ ഖന്ന റിപ്പോർട്ടിന്മേൽ സർക്കാർ നിലപാട്**

203 (4127) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ മൂന്ന് മേഖലകളായി തിരിക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ശിപാർശയിലുള്ള സർക്കാർ നിലപാട് എന്താണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പൂർണ്ണമായി റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**ഏറ്റുമാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ**

204 (4128) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ ഒരു സബ് ഡിപ്പോ ആയി ഉയർത്തുക എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം നടപ്പിലാക്കുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**തമ്പാനൂരിൽ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയം**

205 (4129) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം തമ്പാനൂരിൽ നിർമ്മിച്ച വാണിജ്യ സമുച്ചയത്തിൽ എല്ലാ സ്ഥലവും വാടകയ്ക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലം ഇതുവരെ വാടകയ്ക്ക് നൽകി എന്നും ഇനി എത്ര ബാക്കി ഉണ്ടെന്നും അറിയിക്കുമോ;

(സി) ഇതിനോടനുബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള പാർക്കിംഗ് ഏര്യയിൽ പൊതുജനങ്ങൾക്ക് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിലെ ആകെ വാണിജ്യ സ്ഥലത്തിന്റെ വിസ്തീർണ്ണം 97,322.27 ച. അടിയാണ്. ഇതിൽ 16,979.63 ച.അടി വാടകയ്ക്ക് നൽകുകയും ശേഷിക്കുന്നത് 80,342.64 ച. അടിയുമാണ്.

(സി & ഡി) നൽകിയിട്ടുണ്ട്.

**സുൽത്താൻ ബത്തേരി -മൈസൂർ രാത്രി യാത്രാനിരോധനം**

206 (4130) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി - മൈസൂർ റൂട്ടിൽ രാത്രി യാത്രാനിരോധനം നീക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) യാത്രാ നിരോധനം നിലവിലുള്ള ഭാഗത്ത് ഫ്ലൈ ഓവർ നിർമ്മിച്ച് യാത്രാ നിരോധനം മറികടക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) രാത്രി യാത്രാ നിരോധനം സംബന്ധിച്ച് കർണ്ണാടക സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ;എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദേശീയപാതയിൽ സുൽത്താൻ ബത്തേരിക്കും മൈസൂരിനും ഇടയിൽ ബന്ദിപൂർ വനമേഖലയിൽ രാത്രി 9.00 മണി മുതൽ രാവിലെ 6.00 മണി വരെയുള്ള സമയത്ത് വാഹനഗതാഗതം നിരോധിച്ചിട്ടുണ്ട്. ടി നിരോധനത്തിനെതിരെ കേരള സർക്കാരും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സുപ്രീം കോടതിയിൽ SLP No. 13838/10 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി ഹർജി ഇപ്പോഴും നിലനിൽക്കുകയാണ്.

(ബി) ഇത്തരത്തിൽ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വനം വകുപ്പിൽനിന്നും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

## 15 വർഷം കാലപ്പഴക്കമുള്ള ബസ്സുകൾ

207 (4131)15 ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ സർവ്വീസ് നടത്തുന്ന 15 വർഷം കാലപ്പഴക്കമുള്ള ബസ്സുകളുടെ എണ്ണം ഡിപ്പോ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബസ്സുകൾ പിൻവലിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ജീവനക്കാരുടെ എത്ര തസ്തികകൾ നഷ്ടപ്പെടും; ഇതു സംബന്ധിച്ച കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ 15 വർഷം കാലപ്പഴക്കമുള്ള ബസ്സുകൾ ഒന്നുംതന്നെ സർവ്വീസ് നടത്തുന്നതിന് ഉപയോഗിക്കുന്നില്ല.

(ബി) (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ആർ.ടി. ഓഫീസുകളിൽ ഓൺലൈൻ സംവിധാനം

208 (4132) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ ആർ.ടി. ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ;

(ബി) ആർ.ടി.ഓഫീസുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ മോട്ടോർ വാഹന വകുപ്പിന്റെകീഴിലുള്ള എല്ലാ ആർ.ടി. ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

(ബി) എല്ലാ അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റിയിട്ടില്ല. ഡ്രൈവിംഗ് ലൈസൻസുമായി ബന്ധപ്പെട്ട 10 സേവനങ്ങൾക്കുള്ള അപേക്ഷകളും വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട 12 സേവനങ്ങൾക്കുള്ള അപേക്ഷകളും ആൾ ഇന്ത്യാ പെർമിറ്റുമായി ബന്ധപ്പെട്ട 5 സേവനങ്ങൾക്കുള്ള അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതുകൂടാതെ ക്യാമറയിൽ പിടിക്കുന്ന നിയമ ലംഘനങ്ങൾക്കുള്ള പിഴകളും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാ പുതിയ വാഹനങ്ങളുടെയും നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം മോട്ടോർ വാഹന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് വാഹനങ്ങളുടെ നികുതി ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിവരുന്നു. ബാക്കി സേവനങ്ങൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു.

**രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ**

209 (4133) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 2017 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്ര;

(ബി) കാറ്റഗറി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായുള്ള റോഡ് കേരളത്തിൽ ഉണ്ടോയെന്നതുസംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 1, 11, 11, 393 വാഹനങ്ങൾ.

(ബി) ട്രാൻസ്പോർട്ട് വാഹനങ്ങൾ.

| ക്രമ നമ്പർ | വാഹന ഇനം | എണ്ണം |
|---|---|---|
| 1 | എൽ.എം.വി. ആട്ടോറിക്ഷ | 632610 |
| 2 | എൽ.എം.വി. (മുച്ചക്രവാഹനം) ഗുഡ്സ് | 142792 |
| 3 | ഗുഡ്സ് കാരിയർ ട്രക്ക് | 301407 |
| 4 | മൾട്ടി ആക്സിൽഡ് വെഹിക്കിൾ | 1359 |
| 5 | ആർട്ടിക്കുലേറ്റഡ് വെഹിക്കിൾ | 67191 |
| 6 | പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ(ട്രാൻസ്പോർട്ട്) | 5278 |
| 7 | കോൺട്രാക്ട് കാര്യേജ് (വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനം) | 25864 |
| 8 | സ്റ്റേജ് കാര്യേജ് | 44318 |
| 9 | കോൺട്രാക്ട് കാര്യേജ് | 42517 |
| 10 | ആൾ ഇന്ത്യ ടൂറിസ്റ്റ് ടാക്സി | 9237 |
| 11 | ഗുഡ്സ് കാര്യർ ടാങ്കർ | 2670 |
| 12 | എൽ.എം.വി.(മോട്ടോർ ക്യാബ്) | 109923 |
| 13 | ട്രാക്ടർ/ട്രയിലർ | 2558 |
| 14 | ടിപ്പർ | 62378 |
| 15 | ആംബുലൻസ് | 5816 |
| 16 | മറ്റിനം വാഹനങ്ങൾ | 76187 |
| | ആകെ | 1532105 |

നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ

| ക്രമ നമ്പർ | വാഹന ഇനം | എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | മോട്ടോർ സൈക്കിൾ | 7129963 |
| 2 | മോട്ടോർ കാർ | 2281696 |

| 1 | 2 | 3 |
|---|---|---|
| 3 | സ്വകാര്യ ആവശ്യത്തിനുള്ള പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾ | 96062 |
| 4 | ട്രാക്ടർ | 11999 |
| 5 | ഇൻവാലിഡ് കാര്യേജ് (മോട്ടോർ സൈക്കിൾ) | 4446 |
| 6 | എർത്ത് മൂവിംഗ് എക്യുപ്മെന്റ് | 11034 |
| 7 | റോഡ് റോളർ | 14080 |
| 8 | മറ്റിനം വാഹനങ്ങൾ | 30008 |
| | ആകെ | 9579288 |

(സി & ഡി) ഇപ്രകാരം ഒരു പഠനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും ഏജൻസി ഇക്കാര്യത്തിൽ പഠനം നടത്തിയിട്ടുണ്ടോ എന്നത് അന്വേഷിക്കുവാൻ ഗതാഗത കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ടൂവീലർ വാഹനാപകടങ്ങൾ**

210 (4134) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷമായി എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കുപറ്റി; ഇതിൽ ടൂ വീലർ മുഖേന ഉണ്ടായിട്ടുള്ള അപകടങ്ങൾ എത്ര; വിശദാംശം നൽകുമോ;

(ബി) ടൂ വീലർ മുഖേനയുണ്ടാകുന്ന വാഹനാപകടങ്ങൾ കൂടിവരുന്നതിനാൽ ഇക്കാര്യത്തിൽ ബോധവത്കരണമുൾപ്പെടെയുള്ള എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ)

| വർഷം | വാഹനാപകടങ്ങൾ | മരണപ്പെട്ടവർ | പരിക്കേറ്റവർ | ടൂവീലർ കാരണം അപകടം |
|---|---|---|---|---|
| 2016 | 39420 | 4287 | 15591 | 23538 |
| 2015 | 39014 | 4196 | 14858 | 20434 |
| 2014 | 36282 | 4049 | 13713 | 21096 |

(ബി) 2017-ലെ ആദ്യ മൂന്ന് മാസങ്ങളിൽത്തന്നെ പോയവർഷം ഈ കാലയളവിനെ അപേക്ഷിച്ച് ടൂ വീലർ മുഖേനയുള്ള അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്.

2016 മാർച്ച് വരെ - 6216

2017 മാർച്ച് വരെ - 5607

ടൂ വീലർ മുഖേനയുണ്ടാകുന്ന അപകടങ്ങളുടെ തീവ്രത കുറയ്ക്കുന്നതിനായി ഹെൽമറ്റ് പരിശോധന കർശനമാക്കിയിട്ടുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ സാധ്യത ഉപയോഗപ്പെടുത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷ സംബന്ധമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ശ്രമിച്ചുവരുന്നു. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ വർഷവും ആചരിക്കുന്ന റോഡ് സുരക്ഷാ വാരാചരണം നടത്തിവരുന്നു. റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി ഇരുചക്ര വാഹന യാത്രികർക്ക് സുരക്ഷാവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ഊന്നൽ നൽകിവരുന്നു. ഇതിനുപുറമെ കിറ്റി ഷോ, മാജിക് ഷോ, ഓട്ടൻ തുള്ളൽ എന്നീ കലാരൂപങ്ങൾ ഉപയോഗപ്പെടുത്തി ഇരുചക്ര യാത്രികരിൽ സുരക്ഷാവബോധം സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ട്.

## വാഹന ഹരിത നികുതി

211 (4135) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന ഹരിത നികുതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇത്തരത്തിൽ മാർച്ച് 2011 മുതൽ നാളിതുവരെ എത്ര രൂപയാണ് സമാഹരിച്ചിട്ടുള്ളത്;

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും താൽക്കാലികമായി കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ഹരിത നികുതി ബാധകമാണോ;

(ഡി) നാളിതുവരെ എത്ര വാഹനങ്ങൾ ഹരിത നികുതി അടച്ചിട്ടുണ്ട്; ഇതിൽ സർക്കാർ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഉണ്ട്. 1-1-2017 മുതൽ സംസ്ഥാനത്ത് ഹരിത നികുതി പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(1) 1-1-2017-ൽ 10 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ള നാലും അതിൽ കൂടുതലും ചക്രങ്ങളുള്ളതുമായ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് താഴെപ്പറയുന്ന നിരക്കിലാണ് ഹരിത നികുതി ഈടാക്കുന്നത്.

(A) ലൈറ്റ് മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേയ്ക്ക് - 200 രൂപ

(B) മീഡിയം മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേയ്ക്ക് - 300 രൂപ

(C) ഹെവി മോട്ടോർ വാഹനങ്ങൾ - ഒരു വർഷത്തേയ്ക്ക് - 400 രൂപ

(2) 1-1-2017-ൽ 15 വർഷമോ അതിൽ കൂടുതലോ പഴക്കമുള്ളതും നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് (മോട്ടോർ കാർ ഉൾപ്പെടെ) 5 വർഷത്തേയ്ക്ക് 400 രൂപ എന്ന നിരക്കിലാണ് ഹരിത നികുതി ഈടാക്കുന്നത്.

മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷകൾ തുടങ്ങി നാല് വീലുകളിൽ കുറവുള്ളതുമായ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഹരിത നികുതി നിലവിൽവന്ന 1-1-2017 മുതൽ 30-4-2017 വരെ 77,30,300 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(സി) ബാധകമാണ്.

(ഡി) ഇതുവരെ 23385 വാഹനങ്ങളിൽ നിന്ന് ഹരിത നികുതി പിരിച്ചെടുത്തിട്ടുണ്ട്. അതിൽ സർക്കാർ വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പ്രത്യേകമായി കണക്കെടുത്തിട്ടില്ല.

## പുതിയ ആർ. ടി. ഓഫീസുകൾ

212 (4136) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ആർ.ടി. ഓഫീസുകൾ ഉണ്ട്; ജില്ല തിരിച്ച് കണക്കുകൾ നൽകുമോ;

(ബി) സംസ്ഥാനത്ത് പുതിയ ആർ.ടി. ഓഫീസുകൾ അനുവദിക്കുമ്പോൾ വാഹന സാന്ദ്രത, ജനസംഖ്യ എന്നീ ഘടകങ്ങൾ പരിശോധിച്ച് അനുയോജ്യമായ കേന്ദ്രങ്ങളിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ 18 ആർ.ടി. ഓഫീസുകളും 55 സബ് ആർ.ടി. ഓഫീസുകളും ഉണ്ട്.

| ജില്ല | ആർ.ടി. ഓഫീസുകളുടെ എണ്ണം | സബ്. ആർ.ടി. ഓഫീസുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 3 | 4 |
| കൊല്ലം | 1 | 4 |
| പത്തനംതിട്ട | 1 | 4 |
| ആലപ്പുഴ | 1 | 5 |
| കോട്ടയം | 1 | 5 |
| ഇടുക്കി | 1 | 4 |
| എറണാകുളം | 2 | 7 |
| തൃശ്ശൂർ | 1 | 5 |
| പാലക്കാട് | 1 | 5 |
| മലപ്പുറം | 1 | 5 |
| കോഴിക്കോട് | 2 | 2 |
| വയനാട് | 1 | 2 |
| കണ്ണൂർ | 1 | 2 |
| കാസർഗോഡ് | 1 | 1 |
| **ആകെ** | **18** | **55** |

(ബി) മോട്ടോർ വാഹന വകുപ്പിന് ഓഫീസുകളില്ലാത്ത താലൂക്കുകളിൽ പ്രസ്തുത ഓഫീസ് അനുവദിക്കുക എന്നതിനോടൊപ്പം സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്ത് ഇക്കാര്യവും പരിശോധിക്കുന്നതാണ്.

## പുതിയ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക

213 (4137) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വാങ്ങുന്ന വാഹനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഇൻഷ്വറൻസ് തുകയേക്കാൾ കൂടുതൽ തുക വാഹന ഉടമകളിൽനിന്നും വാഹന ഡീലർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

(ബി) ഇത്തരം പരാതികൾ പരിശോധിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും മോട്ടോർ വാഹന വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ചില വാഹന ഡീലർമാർ വാഹനം വാങ്ങാനെത്തുന്നവരെ ചില കമ്പനികളുടെ ഇൻഷ്വറൻസ് എടുക്കാൻ പ്രേരിപ്പിക്കുന്നുവെന്നും അങ്ങനെ നൽകപ്പെടുന്ന ഇൻഷ്വറൻസിന്റെ പ്രീമിയം തുക മറ്റ് കമ്പനികളുടെ പ്രീമിയം തുകയേക്കാൾ കൂടുതലാണെന്നും ഇതൊരു അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമാണെന്നും സൂചിപ്പിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ നടപടി സ്വീകരിക്കുവാൻ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്.

**നികുതി അടയ്ക്കാത്ത വാഹനങ്ങൾ**

214 (4138) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി അടയ്ക്കാത്ത എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും ഇവയിൽ എത്ര എണ്ണത്തെ നിയമപ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നും കാരണം സഹിതം വ്യക്തമാക്കുമോ;

(ബി) നിരത്തിൽ ഓടുന്നതിൽ നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) ട്രാൻസ്പോർട്ട് കമ്മീഷണർ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; നികുതി വെട്ടിപ്പ് നടത്തുന്നതിനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ഓരോ ആർ.ടി.ഒ., സബ്-ആർ.ടി.ഒ. ഓഫീസുകളിൽ വാഹന നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടോ; നികുതി അടയ്ക്കാത്തതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വാഹന നികുതി അടയ്ക്കാത്തതുവഴി സർക്കാരിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ; നികുതി അടവ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ കമ്പ്യൂട്ടർ സംവിധാനം ഇല്ലാത്ത ഏതെങ്കിലും മോട്ടോർ വാഹന വകുപ്പ് ഓഫീസ് നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 671506 വാഹനങ്ങൾ വിവിധ ഘട്ടങ്ങളിലായി നികുതി അടയ്ക്കാത്തതായി കാണപ്പെടുന്നുണ്ട്. സർക്കാർ വാഹനങ്ങൾ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടവയാണ്.

(ബി) 31-12-2016 ക്വാർട്ടറിലെ ഡി.സി.ബി. പ്രകാരം മോട്ടോർ വാഹന വകുപ്പിൽ നികുതിയടയ്ക്കാത്തതായ 671506 വാഹനങ്ങളുള്ളതായി കണക്കാക്കുന്നു. വിവിധയിനത്തിലും വിവിധ കാലയളവിലുമായി ഈ വാഹനങ്ങളിൽ നിന്നും 320.71 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(സി & ഡി) മോട്ടോർവാഹന വകുപ്പ് നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവശ്യമായ കർശന നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകുന്നുണ്ട്. നിരത്തിൽ ഉപയോഗിക്കുന്നതിൽ നികുതി അടയ്ക്കാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. നികുതി അടയ്ക്കാത്ത, മോട്ടോർ വാഹന വകുപ്പ് പിടിച്ചെടുത്ത് വിവിധ പോലീസ് സ്റ്റേഷനുകളിലായി സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശിക വസൂലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചുകഴിഞ്ഞു. നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുകഴിഞ്ഞു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളാണ് വകുപ്പിൽ നടന്നുവരുന്നത്. മാത്രമല്ല, വകുപ്പിന്റെ എല്ലാ ഓഫീസുകളിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾക്ക് മാത്രമായി ബുധനാഴ്ച ദിവസം നീക്കിവെച്ചിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ., സബ് ആർ.ടി.ഒ. ഓഫീസുകളിലും നികുതി അടയ്ക്കാത്ത വാഹനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ട്. ആ ലിസ്റ്റ് പ്രകാരമാണ് വാഹനങ്ങൾക്കെതിരെ നടപടി കൈക്കൊള്ളുന്നത്.

(ഇ) 31-12-2016-ലെ ഡി.സി.ബി. പ്രകാരം വകുപ്പിന്റെ മൊത്തം കുടിശ്ശിക– 320.71 കോടി രൂപ.

മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്.

## കായംകുളം-പുനലൂർ റോഡിൽ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം

215 (4139) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം-പുനലൂർ റോഡിൽ സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടംമൂലം നിരവധി അപകടങ്ങൾ ഉണ്ടാകുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ ഉപയോഗിച്ച് ചെക്കിംഗ് നടത്തി റോഡപകടങ്ങൾ കുറയ്ക്കാനുള്ള നടപടി കൊല്ലം, ആലപ്പുഴ ആർ.ടി.ഒ.മാർ സ്വീകരിച്ചിട്ടുണ്ട്. മാവേലിക്കര, കായംകുളം ജോയിന്റ് ആർ.ടി.ഒ.മാരേയും പരിശോധനയ്ക്കായി നിയോഗിച്ചിട്ടുണ്ട്.

## സ്വകാര്യ ബസ്സുകളിലെ അനധികൃത പരിഷ്കാരങ്ങൾ

216 (4140) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളിൽ രാത്രികാലങ്ങളിൽ ബസ്സിന്റെ ബോഡി മുഴുവൻ വിവിധ വർണ്ണങ്ങളിൽ ബൾബുകൾ കത്തിച്ച് ഓടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻഡിക്കേറ്ററും മറ്റ് അത്യാവശ്യം വേണ്ട ലൈറ്റുകൾക്കും പുറമെ ബസ്സിന്റെ ബോഡി മുഴുവൻ എൽ.ഇ.ഡി. ബൾബുകളും വർണ്ണ ബൾബുകളും കത്തിച്ച് ഓടുന്നത് നിയമപരമായി അനുവദനീയമാണോ; അനുവദനീയമല്ലെങ്കിൽ ഇത് പരിശോധിക്കുമോ;

(സി) തിരക്കേറിയ റൂട്ടുകളിലും ഹൈവേകളിലും ബസ്സുകൾ രാത്രികാലങ്ങളിൽ ഇങ്ങനെ ഓടുമ്പോൾ മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധ തെറ്റിക്കാൻ അത് ഇടയാക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) സ്വകാര്യ ബസ്സുകളിൽ ഫസ്റ്റ് എയ്ഡ് ബോക്സ് പോലുള്ള കാര്യങ്ങളിൽ വേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുകയും ഇത്തരം പൊങ്ങച്ചങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്ന പ്രവണത കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യ ബസ്സുകളിൽ യാത്രക്കാർക്ക് മിനിമം സുരക്ഷ ഉറപ്പുവരുത്തുന്നതിന് മതിയായ ഇടപെടലുകൾ നടത്തുമോ;

(എഫ്) സമൂഹത്തിന്റെ മൂല്യങ്ങൾക്ക് നിരക്കാത്ത ചിത്രങ്ങൾ, പെയിന്റുകൾ എന്നിവ ഒഴിവാക്കുന്നതിന് ഓട്ടോറിക്ഷകൾക്ക് ഉള്ളതുപോലെ സ്വകാര്യ ബസ്സുകളിൽ സ്റ്റാൻഡേർഡ് പെയിന്റ് കോഡ് നടപ്പിലാക്കാൻ കഴിയുമോ എന്ന സാധ്യത പരിശോധിക്കുമോ?

ഉത്തരം

(എ) ചില വാഹനങ്ങൾ വിവിധയിനം ലൈറ്റുകൾ ഘടിപ്പിച്ചും അവ പ്രവർത്തിപ്പിച്ചും സഞ്ചരിക്കുന്നതായിട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾക്ക് വിരുദ്ധമായി വാഹനത്തിൽ ലൈറ്റുകൾ ഉപയോഗിക്കാൻ പാടില്ലാത്തതാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അമിതമായി പ്രകാശം പരത്തുന്നതും അനാവശ്യമായതുമായ ലൈറ്റുകളുടെ ഉപയോഗം മറ്റ് റോഡ് ഉപയോക്താക്കൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ ഇത്തരം ദുരുപയോഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പൊതുജനങ്ങളുടെ ശ്രദ്ധപിടിച്ചുപറ്റാനായിട്ടാണ് ഇത്തരം പൊങ്ങച്ചങ്ങൾ പ്രദർശിപ്പിക്കുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്.

(ഇ) കേരള മോട്ടോർ വാഹന ചട്ടം ചാപ്റ്റർ ഏഴ് അനുശാസിക്കുന്ന രീതിയിൽ നിർമ്മിച്ചിട്ടുള്ള വാഹനങ്ങൾ മാത്രമാണ് മോട്ടോർ വാഹന വകുപ്പ് രജിസ്റ്റർ ചെയ്ത് നൽകുന്നത്. തുടർ പരിശോധനകളിലൂടെ ക്രമവിരുദ്ധമായ നടപടി സ്വീകരിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(എഫ്) സ്വകാര്യ ബസ്സുകളിൽ സ്റ്റാൻഡേർഡ് പെയിന്റ് കോഡ് നടപ്പിലാക്കുന്ന വിഷയം പരിഗണനയിലില്ല.

**സ്വകാര്യ ബസ്സുകളിലെ സീറ്റുകളുടെ വിന്യാസം**

217 (4141) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകളിൽ സീറ്റുകൾ തമ്മിൽ ആവശ്യത്തിന് അകലമില്ലാത്തതിനാൽ ദീർഘദൂര യാത്രാ സർവ്വീസ് നടത്തുന്ന ബസ്സുകളിലെ യാത്രക്കാർ പ്രത്യേകിച്ച് പ്രായമായവർ അനുഭവിക്കുന്ന ശാരീരിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ ആളെ ഇരുത്തുക എന്ന ഉദ്ദേശ്യത്തോടെ പരമാവധി സീറ്റുകൾ സ്ഥാപിക്കുന്നതിനായി ഇങ്ങനെ ചെയ്യുന്ന പ്രവണത സ്വകാര്യ ബസ്സുകളിൽ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലബാർ മേഖലയിൽ ഓടുന്ന ബസ്സുകളിലെ സീറ്റുകളുടെ ക്രമീകരണം യാത്രക്കാർക്ക് സൗകര്യമായ വിധത്തിലാണോ എന്ന് സൂക്ഷ്മ പരിശോധന നടത്താനും സീറ്റുകൾക്ക് നിശ്ചിത അകലമില്ലാത്ത ബസ്സുകൾ കണ്ടെത്തി അവ ശരിയായ നിലയിൽ ക്രമീകരിക്കാനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) പാസ്സഞ്ചർ ബസ്സുകളിൽ സീറ്റുകൾ തമ്മിൽ ഉണ്ടായിരിക്കേണ്ട അകലം, സീറ്റിന്റെ ഉയരം,വീതി മുതലായ കാര്യത്തിൽ റേഷ്യോ നിശ്ചയിച്ചുകൊണ്ട് നിയമങ്ങളും സർക്കാർ ഉത്തരവും നിലവിലുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 1989-ലെ കേരള മോട്ടോർവാഹന ചട്ടം 267 പ്രകാരം പാസഞ്ചർ വാഹനത്തിലെ സീറ്റ് 38 സ്ക്വയർ സെന്റിമീറ്റർ ഉള്ളവയായിരിക്കണം. കൂടാതെ, രണ്ട് സീറ്റുകൾ തമ്മിലുള്ള അകലം 68.5 സെന്റിമീറ്ററിൽ കുറയാൻ പാടില്ലാത്തതാണ്. ബസ്സുകൾ രജിസ്റ്റർ ചെയ്യുമ്പോഴും വാർഷിക ടെസ്റ്റിംഗ് സമയത്തും സാധാരണ വാഹന പരിശോധനാസമയങ്ങളിലും ഈ അളവുകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്. എങ്കിലും മേൽ അളവുകൾ പാലിക്കാത്തതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ചുള്ള പരാതികളിൽ മോട്ടോർവാഹന വകുപ്പും ആവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

(സി) ഏതെങ്കിലും വാഹനത്തെപ്പറ്റി പരാതി ലഭിക്കുകയാണെങ്കിൽ വാഹനം പരിശോധിച്ച് നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. ആയത് സംബന്ധിച്ച കേരള മോട്ടോർ വാഹന ചട്ടം 267-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവത്കരണം**

218 (4142) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) റോഡ് സേഫ്റ്റി ഉറപ്പുവരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് പുതിയ ജോയിന്റ് ആർ.ടി. ആഫീസുകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് കമ്പ്യൂട്ടർവത്കരിച്ചു. ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവത്കൃത വാഹന പരിശോധന കേന്ദ്രങ്ങളും ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ, ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവത്കരണ പരിപാടികൾ നടപ്പിലാക്കി. അപകടസാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർവാഹന ചെക്ക് പോസ്റ്റുകളിൽ "ആർഎഫ്ഐഡി" സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് ക്യാരേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി 'ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കൽ, ഡിജിറ്റൽ പേയ്മെന്റ് ആയ 'പോയിന്റ് ഓഫ് സെയിൽ' സംവിധാനം നടപ്പിലാക്കൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും ഡ്രൈവിംഗ് ലൈസൻസും സ്മാർട്ട് കാർഡായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കൽ തുടങ്ങിയവയും പരിഗണനയിലുണ്ട്.

(ബി) റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ അമിതവേഗത ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർവാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർവാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിത വേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർവാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന

പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതിനുപുറമേ ടിപ്പർ ലോറിയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളിലെയും ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു.

ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, മറ്റു വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. ആവശ്യകത വിലയിരുത്തിയും സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്തും മാത്രമേ പുതിയ ജോയിന്റ് ആർ.ടി.ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ**

219 (4143) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ സംസ്ഥാനത്തൊട്ടാകെ ഏകീകൃത മാതൃകയിലല്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിന് ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾമൂലം ടെസ്റ്റ് ജയിക്കുന്നവരുടെ ശതമാനം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എന്ത് നിർദ്ദേശമാണ് കോടതി നൽകിയത്;

(ഡി) സംസ്ഥാനമൊട്ടുക്കും ഏകീകൃത മാതൃകയിൽ പരിഷ്കാരം കൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ രീതിയിലെ ഡ്രൈവിംഗ് ടെസ്റ്റ് 16-5-2017-മുതലാണ് ആരംഭിക്കുക. അതിനുശേഷമേ ഇതു സംബന്ധിച്ച വിലയിരുത്തൽ നടത്താൻ കഴിയുകയുള്ളൂ.

(സി) ഉണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകീകൃത രീതിയിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനായുള്ള ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നത് 15-5-2017 വരെ മാറ്റിവയ്ക്കുവാൻ ഹൈക്കോടതി ഉത്തരവ് നൽകിയിരുന്നു.

(ഡി) ഇതിനായുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കേരളത്തിലെ എല്ലാ ആർ. ടി. ഓഫീസ് പരിധികളിലും കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം**

220 (4144) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) നിരീക്ഷണ ക്യാമറകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും കൺട്രോൾ ചെയ്യുന്നതിനുമുള്ള സംവിധാനത്തെ സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ;

(സി) ക്യാമറകളുടെ പ്രവർത്തനം ശരിയായ രീതിയിലല്ലെന്ന പരാതികൾ പരിശോധിക്കുമോ;

(ഡി) റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഏതെല്ലാം സഹായങ്ങളാണ് വകുപ്പിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) അപകടങ്ങൾ ഒഴിവാക്കുവാൻ മോട്ടോർ വാഹന വകുപ്പും റോഡ് സേഫ്റ്റി അതോറിറ്റിയും സംയുക്തമായി പ്രവർത്തിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള ഒഴിവുകളെല്ലാംതന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കെൽട്രോൺ സ്ഥാപിച്ച ക്യാമറകളുടെ നിയന്ത്രണം എറണാകുളത്തെ കൺട്രോൾ റൂമിലും കേന്ദ്ര സർക്കാർ പദ്ധതിയായ Automation of Enforcement പദ്ധതിയുടെ ഭാഗമായി എയർടെൽ സ്ഥാപിച്ച ക്യാമറകളുടെ നിയന്ത്രണം എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള കൺട്രോൾ റൂമുകളിലും നടക്കുന്നു.

(സി) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും ശബരിമല സേഫ് സോൺ പദ്ധതിക്കും റോഡ് സുരക്ഷാ വാരാചരണത്തിനും റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്ന് വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്. കൂടാതെ Automation of Enforcement പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള കൺട്രോൾ റൂമുകളിലെ പ്രവർത്തനങ്ങൾക്കായി ദിവസ വേതന വ്യവസ്ഥയിൽ ആളെ നിയമിച്ചതിനുള്ള വേതനം കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും നൽകുന്നുണ്ട്.

(ഇ) റോഡപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി റോഡ് സുരക്ഷാ അതോറിറ്റിയും മോട്ടോർ വാഹന വകുപ്പും നിലവിൽ സംയുക്തമായി പ്രവർത്തിക്കുന്നുണ്ട്.

**കണ്ടക്ടർ-കം-ഡ്രൈവർ/ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക**

221 (4145) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ-കം-ഡ്രൈവർ/ഡ്രൈവർ-കം-കണ്ടക്ടർ എന്ന ഒരു പുതിയ തസ്തിക ഇപ്പോൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) കണ്ടക്ടർ ലൈസൻസുള്ള ഡ്രൈവർമാർക്കും ഹെവിഡ്രൈവിങ് ലൈസൻസുള്ള കണ്ടക്ടർമാർക്കും പുതിയ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ കഴിയുമോ;

(സി) കണ്ടക്ടർ, ഡ്രൈവർ വിഭാഗങ്ങൾക്ക് ഡബിൾ ഡ്യൂട്ടി ഒഴിവാക്കുന്നതിന്റെ ഭാഗമായാണോ പ്രസ്തുത നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ദീർഘദൂര ബസുകളിൽ ഇപ്പോൾ ഡ്രൈവറും കണ്ടക്ടറുമായി എത്ര പേരെയാണ് അയക്കുന്നതെന്നും പുതിയ സംവിധാനത്തിൽ ഇതിൽ മാറ്റം വരുമോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഡ്രൈവർ-കം-കണ്ടക്ടർ/കണ്ടക്ടർ-കം-ഡ്രൈവർ എന്ന നിലയിൽ ഒരു പുതിയ തസ്തിക സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഡ്രൈവർ വിഭാഗത്തിൽ ജോലി

ചെയ്യുന്ന ജീവനക്കാരിൽനിന്നും കണ്ടക്ടർ ലൈസൻസ് നേടിയ ജീവനക്കാരെയും കണ്ടക്ടർ വിഭാഗം ജീവനക്കാരിൽനിന്നും ഡ്രൈവർമാരുടെ യോഗ്യതയുള്ള ജീവനക്കാരെ ഡ്രൈവർമാരായും ദീർഘദൂര സർവ്വീസുകളിൽ ഉപയോഗിക്കുന്നതിനായി ഒരു പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 24-1-2017 മുതൽ ആരംഭിച്ചിട്ടുണ്ട്. അതിനായി 2-5-2017-ന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(സി) ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവിംഗ് ലൈസൻസും പരിചയവുമുള്ള ഒരു ഡ്രൈവർകൂടി ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും എന്നും, മറ്റ് സംസ്ഥാനങ്ങളിലെ ആർ.ടി.സി.കളിലും വിജയകരമായി ഈ സംവിധാനം നടപ്പിലാക്കുന്നു എന്നതിനാലും ജീവനക്കാരുടെ അദ്ധ്വാനശേഷി പൂർണ്ണമായും ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ദീർഘദൂര ബസ്സുകളിൽ ഇപ്പോൾ ക്രൂ ചെയിഞ്ച്/ഡ്രൈവർ ചെയ്ഞ്ച് സംവിധാനമാണ് തുടർന്നുവരുന്നത്. ഒരു ബസ്സിൽ ഒരു കണ്ടക്ടറെയും ഒരു ഡ്രൈവറെയുമാണ് വിനിയോഗിക്കുന്നത്.

ഈ സംവിധാനം നടപ്പിലാക്കുന്നതോടെ ഒരു ഡ്രൈവറും, ഡ്രൈവർ-കം-കണ്ടക്ടർ/ കണ്ടക്ടർ-കം-ഡ്രൈവർ ആയി ഒരു ജീവനക്കാരനെയുമാണ് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്.

### വാഹനങ്ങൾമൂലമുള്ള പരിസ്ഥിതി മലിനീകരണം

222 (4146) ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങൾമൂലമുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് പുതിയ തരത്തിലുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) അന്തരീക്ഷ മലിനീകരണം കുറവുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുമ്പോൾ അവയ്ക്ക് ആവശ്യമായ ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷനുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ?

## ഉത്തരം

(എ) നിലവിൽ 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 115 പ്രകാരം ഒരു വർഷത്തിലധികം പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ അംഗീകൃത പുക പരിശോധനാ കേന്ദ്രങ്ങളിൽ പരിശോധിച്ച് മലിനീകരണത്തോത് നിയന്ത്രണ വിധേയമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്വകാര്യ മേഖലയിലെ ഇത്തരം കേന്ദ്രങ്ങളിൽ നിയമവിരുദ്ധമായും ശരിയായ വാഹന പരിശോധന കൂടാതെയും സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ കേന്ദ്രീകൃത സംവിധാനത്തിലൂടെ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടി വകുപ്പ് കെൽട്രോണുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്.

(ബി) 1-4-2017 മുതൽ ബി.എസ്-നാല് നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ പുതിയതായി വിൽക്കാനോ രജിസ്റ്റർ ചെയ്യുവാനോ പാടുള്ളൂ എന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. ഇത്തരം വാഹനങ്ങളിലെ മലിനീകരണത്തോത് മറ്റ് വാഹനങ്ങളെ അപേക്ഷിച്ച് ഏതാണ്ട് 80 ശതമാനത്തോളം കുറവാണെന്നാണ് കരുതുന്നത്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറവായ എൽ.എൻ.ജി., സി.എൻ.ജി. മുതലായ ഇന്ധനങ്ങൾ ഉപയോഗിക്കുന്നത് ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(സി) ബി.എസ്.-നാല് നിലവാരത്തിലുള്ള ഇന്ധനം ലഭ്യമാണെന്നാണ് പെട്രോളിയം കമ്പനികൾ അറിയിച്ചിട്ടുള്ളത്. എൽ.എൻ.ജി./സി.എൻ.ജി. ഫില്ലിംഗ് സൗകര്യങ്ങളും സമീപഭാവിയിൽ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്.

**രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസുമില്ലാത്ത സർക്കാർ വാഹനങ്ങൾ**

223 (4147) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാതെ സർക്കാർ വാഹനങ്ങൾ നിരത്തിലോടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം വാഹനങ്ങളാണ് ഇത്തരത്തിലുള്ളത് എന്ന് അന്വേഷിക്കുമോ;

(സി) സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നതിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാത്ത വാഹനങ്ങളെ

കണ്ടെത്തി നിരത്തിൽ നിന്നും ഒഴിവാക്കുകയും, നിയമ ലംഘനത്തിനെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(ഇ) സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട കേസ്സുകളിൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച് വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം ആർക്കാണ്; നിലവിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്ത വാഹനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(എഫ്) നിലവിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ആർ. സി. ബുക്കുകൾ ഇല്ലെന്ന കാര്യം വ്യക്തമാക്കുമോ; ഇവയുടെ വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇപ്രകാരം സർക്കാർ വാഹനങ്ങൾ ഉള്ളതായി കരുതുന്നില്ല.

(സി) വാഹനം അനുവദിച്ച് നൽകിയിട്ടുള്ള ഓഫീസ് മേധാവികളാണ് സാധാരണയായി അവ സൂക്ഷിക്കാറുള്ളത്.

(ഡി) ഇത്തരം വാഹനങ്ങൾ കണ്ടെത്തിയാൽ നടപടി സ്വീകരിക്കാറുണ്ട്.

(ഇ) സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട കേസ്സുകളിൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിച്ച് വാങ്ങി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്കാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഇൻഷ്വറൻസും ഇല്ലാതെ സർക്കാർ വാഹനങ്ങൾ നിരത്തിലോടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) കെ.എസ്.ആർ.ടി.സി.യുടെ കീഴിലുള്ള 5947 ബസ്സുകൾക്കും കെ.യു.ആർ.ടി.സി.യുടെ കീഴിലുള്ള 679 ബസ്സുകൾക്കും ആർ.സി. ബുക്കുകളുണ്ട്.

**വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും**

224 (4148) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണവും വാഹനപ്പെരുപ്പംമൂലമുള്ള അപകടങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ഒഴിവാക്കുന്നതിനായി ഗതാഗത വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതുഗതാഗത മാർഗ്ഗങ്ങൾ ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദവും സുഗമവുമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ജലമാർഗ്ഗം മുഖേനയുള്ള ഗതാഗതം ഫലപ്രദമായ രീതിയിൽ വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാഹനപ്പെരുപ്പം നിലനിൽക്കുന്നുണ്ട്. 2017-ലെ ആദ്യ മൂന്ന് മാസങ്ങളിൽ പോയവർഷം ഈ കാലയളവിനെ അപേക്ഷിച്ച് വാഹനാപകടങ്ങളുടെയും തൻമൂലമുള്ള മരണങ്ങളുടെയും എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് നടത്തുന്ന ചെക്കിംഗുകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

റോഡ് സുരക്ഷയ്ക്ക് ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥി കൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതിനു പുറമെ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ച് വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടിയും സ്വീകരിച്ചുവരുന്നു.

മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിഭാഗം സർക്കാർ അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. ജനങ്ങൾക്ക് സൗകര്യപ്രദവും സുഗമവുമായ യാത്ര ഒരുക്കുന്നതിനായി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും അന്തർ സംസ്ഥാന സർവ്വീസുകൾക്കായി മറ്റ് സംസ്ഥാനങ്ങളുമായി കരാറുകളിൽ ഏർപ്പെടുകയും ജനവാസമുള്ള പ്രദേശങ്ങളിലേക്ക് സമയ, ലാഭേച്ഛയെന്യേ സർവ്വീസുകൾ നടത്തിയും വരുന്നു.

(ഡി) സംസ്ഥാന ജലഗതാഗത വകുപ്പ്, കേരളത്തിൽ ആലപ്പുഴ, കൊല്ലം, എറണാകുളം, കോട്ടയം, കണ്ണൂർ, കാസർഗോഡ് എന്നീ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സർവ്വീസുകൾ നടത്തിവരുന്നു. പൊതുഗതാഗത രംഗത്ത് കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുകവഴി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് വകുപ്പ് നൽകിവരുന്നു. ഇതിനായി സർവീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയറിംഗ്, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നിവ വകുപ്പ് നടത്തിവരുന്നു. കാലപ്പഴക്കംചെന്ന തടിബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനികരീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾകൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിനുപുറമെ വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരുന്നു. കൂടാതെ 6 പാസഞ്ചർ-കം-വെഹിക്കിൾ കാര്യർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകിവരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ-കം-ടൂറിസം ബോട്ടുകൾ അനുവദിക്കുന്നതിനും ആലപ്പുഴ, എറണാകുളം മേഖലയിൽ ടൂറിസത്തിനായി അത്യാധുനിക ക്രൂയ്സ് ബോട്ടുകൾ അനുവദിക്കുന്നതിനും മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽത്തന്നെ ആദ്യമായി സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. ബോട്ടുകൾ കൂടുതൽ കാര്യക്ഷമമായി അറ്റകുറ്റപണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽത്തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേസമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ്‌വേയും നിർമ്മിച്ച് ഉപയോഗിച്ചുവരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നിവയും സി.യു.ജി. ഫോൺ സംവിധാനവും ബോട്ടുകളിൽ ഉപയോഗിച്ചുവരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ട് ഇൻഷ്വറൻസും ജീവനക്കാർക്കും യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പുവഴി ഉറപ്പാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നൽകുകവഴി കൂടുതൽ കാര്യക്ഷമമായ സേവനം ജലഗതാഗത രംഗത്ത് പൊതുജനങ്ങൾക്കായി നൽകിവരുന്നു. സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജലമലിനീകരണം എന്നിവ സംബന്ധിച്ച ബോധവത്കരണം ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ബോട്ടുകളിൽ ടെലിവിഷനുകളും സജ്ജീകരിച്ചിട്ടുണ്ട്.

**ഓട്ടോറിക്ഷകളിലെ അമിതചാർജ്ജ്**

225 (4149) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷകളിലെ മീറ്റർ ഇടാതെ അമിത നിരക്ക് ഭീഷണിപ്പെടുത്തി തട്ടിയെടുത്ത് യാത്രക്കാരെ, പ്രത്യേകിച്ച് സ്ത്രീകളെ കഷ്ടപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഓട്ടോകൾക്കെതിരെ എന്തൊക്കെ കർശന നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ തട്ടിപ്പുനടത്തുന്ന ഓട്ടോകളുടെ പെർമിറ്റുകൾ തിരിച്ച് കൊടുക്കുവാൻ പറ്റാത്ത തരത്തിൽ റദ്ദുചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മിക്ക ഓട്ടോറിക്ഷാ ഡ്രൈവർമാരും മീറ്ററിലെ ചാർജ് കൂടാതെ ഇതിന്റെ ഇരട്ടി തുക റിട്ടേൺ കൂലി എന്ന് പറഞ്ഞ് വാങ്ങി യാത്രക്കാരെ വലയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഓരോ സ്ഥലങ്ങളിൽ ഓടുന്ന ഓട്ടോറിക്ഷകളിൽ തന്നെ പ്രദേശത്തെ വിവിധ സ്ഥലങ്ങളിലേയ്ക്കുള്ള കൂലി വിവരം പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അമിത നിരക്ക് ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പരാതികൾ ലഭിക്കാറുണ്ട്.

(ബി) ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ മോട്ടോർവാഹന നിയമം അനുശാസിക്കുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാറുണ്ട്.

(സി) ക്രമക്കേട് വിലയിരുത്തിയ ശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

(ഡി) അമിത നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ദൂരത്തിനനുസരിച്ചുള്ള കൂലിവിവരം പ്രദർശിപ്പിക്കുന്ന ചാർട്ടുകൾ ഓട്ടോറിക്ഷകളിൽ ഇപ്പോൾത്തന്നെ പ്രദർശിപ്പിച്ചിട്ടുണ്ട്. സ്ഥലമനുസരിച്ചുള്ള ചാർജ്ജ് കാണിക്കുന്ന സംവിധാനം നടപ്പിലാക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല.

**ചരക്കുവാഹനങ്ങൾക്ക് പ്രത്യേക സമയം**

226 (4150) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ നിരത്തുകളിൽ ചരക്കുവാഹനങ്ങൾ പ്രവേശിക്കുന്നതിന് പ്രത്യേക സമയം അനുവദിച്ചുകൊണ്ടുള്ള നിയമമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ നിരത്തുകളിൽ ഏറെ തിരക്കനുഭവപ്പെടുന്ന രാവിലെ 8 മണി മുതൽ 10 മണിവരെയും വൈകിട്ട് 5 മണി മുതൽ 7 മണിവരെയും ചരക്കുവാഹനങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിന് പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) 17-2-2014-ലെ സ.ഉ. (പി.) നമ്പർ 13/2014/ഗതാ. നമ്പർ വിജ്ഞാപന പ്രകാരം ടിപ്പർ ലോറികളും ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ചു പ്രവർത്തിക്കുന്ന വാഹനങ്ങളും കേരളത്തിലെ റോഡുകളിലൂടെ രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും സഞ്ചരിക്കുന്നത് നിരോധിച്ചിട്ടുണ്ട്.

## ജലഗതാഗത രംഗത്ത് യാത്രാക്ലേശം

227 (4151) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ജലഗതാഗത രംഗത്ത് അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിനായി 3-12-2016-ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. എറണാകുളം-കമലാക്കടവ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിനായി കൊച്ചി എം.എൽ.എ. ശ്രീ. കെ. ജെ. മാക്സിയുടെ ആസ്തി വികസന ഫണ്ടിൽനിന്ന് പുതിയ ബോട്ട് വാങ്ങുന്നതിനും സർവ്വീസ് നടത്തിപ്പിനായി 15 ജീവനക്കാരെ പുതിയതായി അനുവദിക്കുന്നതിനുംവേണ്ടി സർക്കാരിൽനിന്ന് അനുവാദം വാങ്ങുന്നതിന് എം.എൽ.എ.മാരുടെ സഹായത്തോടെ വേണ്ട നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

2. തേവര യാർഡ്, മട്ടാഞ്ചേരി ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ അടിയന്തരമായി ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സ്ഥിരസംവിധാനം ഒരുക്കുന്നതിനായി ഇറിഗേഷൻ, ഗതാഗതം, തുറമുഖ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുന്നതിനും തീരുമാനിച്ചു.

3. രാത്രി സമയങ്ങളിലും അവധി ദിവസങ്ങളിലും ബോട്ടുകളുടെ റിപ്പയറിംഗ് പരമാവധി നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് വകുപ്പിലെ റിപ്പയറിംഗ് വിഭാഗവും ട്രാഫിക് വിഭാഗവും വേണ്ട നടപടി സ്വീകരിക്കുന്നതിനും എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരെ നിയമിക്കുന്നതിനും തീരുമാനിച്ചു.

4. ഫോർട്ടുകൊച്ചി മുസരിസ്-ബിനാലേയുടെ ഭാഗമായി ബോട്ട് സർവ്വീസുകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് ട്രാഫിക് സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് വർക്സ് മാനേജർ എന്നിവരെ ചുമതലപ്പെടുത്തി.

5. നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ ബോട്ട് സർവ്വീസുകളും മുടക്കംകൂടാതെ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) എറണാകുളം-കമലാക്കടവ് ബോട്ട് സർവ്വീസ് പുനരാരംഭിക്കുന്നതിന് പുതിയ ബോട്ട് വാങ്ങുന്നതിനും ജീവനക്കാരെ അനുവദിക്കുന്നതിനുമായി അനുവാദം വാങ്ങുന്നതിന് ട്രാഫിക് സൂപ്രണ്ട്, എറണാകുളത്തെ ചുമതലപ്പെടുത്തി. മട്ടാഞ്ചേരി ബോട്ട് ജെട്ടി, തേവര യാർഡ് എന്നിവിടങ്ങളിൽ അടിയന്തരമായി ഡ്രഡ്ജിംഗ് സംവിധാനം ഒരുക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. രാത്രി സമയങ്ങളിലും അവധി ദിവസങ്ങളിലും ബോട്ടുകളുടെ റിപ്പയറിംഗ് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അതിലേക്കായി എറണാകുളം മേഖലയിൽ അസിസ്റ്റന്റ് വർക്സ് മാനേജരെ നിയമിച്ചിട്ടുണ്ട്. ഫോർട്ട്കൊച്ചി മുസരീസ്-ബിനാലെയുടെ ഭാഗമായി ബോട്ട് സർവ്വീസുകൾ വകുപ്പ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന മുഴുവൻ സർവ്വീസുകളും മുടക്കംകൂടാതെ നടത്തുന്നുണ്ട്.

**ഉൾനാടൻ ജലഗതാഗതം**

228 (4152) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലഗതാഗതം വികസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ജലഗതാഗതത്തിനുള്ള സാധ്യതകൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കോവളം മുതൽ നീലേശ്വരം വരെ ജലപാതയ്ക്ക് 590 കി.മീ. നീളമാണുള്ളത്. ഇതിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ദേശീയ ജലപാതയാണ്. 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ ജലപാത 160 കി.മീ. കൂടി കോഴിക്കോട് വരെ നീട്ടിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ നീലേശ്വരം വരെയും സംസ്ഥാന ജലപാതയാണ്. ജലപാതയിൽ ഇവയിലേയ്ക്കുള്ള ഫീഡർ കനാലുകളും ഉൾപ്പെടുന്നു.

കോവളം മുതൽ കൊല്ലം വരെ 74.18 കി. മീ. ജലപാതയിൽ 27.50 കി. മീ. ഗതാഗതയോഗ്യമാണ്. 11.30 കി. മീ. ഭാഗികമായി ഗതാഗതയോഗ്യമായിട്ടുണ്ട്. പാർവ്വതി പുത്തനാർ ഉൾപ്പെടെ 35.38 കി. മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. ഇതിൽ 16.14 കി. മീ. നീളംവരുന്ന പാർവ്വതി പുത്തനാറിൽ പുനരുദ്ധാരണത്തിന് ഒന്നാം ഘട്ടമായി 80 കോടി രൂപയുടെ പദ്ധതി KIIFB-യുടെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിച്ചശേഷം രണ്ടാം ഘട്ടത്തിന്റെ പദ്ധതി തയ്യാറാക്കും. 1.10 കി. മീ. നീളംവരുന്ന വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി. മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നുവരുന്നു.

ചെയിനേജ് 74.18 കി. മീ. മുതൽ 402.18 കി. മീ. വരെയുള്ള 328 കി. മീ. ഭാഗം ദേശീയ ജലപാത-3-ൽ ഉൾപ്പെടുന്നതിനാൽ ആ ഭാഗത്തിന്റെ പ്രവൃത്തികൾ കേന്ദ്ര ഏജൻസിയായ ഐ.ഡബ്ല്യൂ.എ.ഐ. യാണ് നടപ്പിലാക്കിവരുന്നത്.

ചെ. 402.18 കി.മീ. മുതൽ 411.78 കി.മീ. വരെയുള്ള 9.70 കി.മീ. ഭാഗം കോഴിക്കോട് നഗരത്തിലൂടെയാണ് കടന്നുപോകുന്നത്. ഈ കനാലിന്റെ വികസനത്തിനായി പദ്ധതി തയ്യാറാക്കിവരുന്നു.

കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ ജലപാത ഗതാഗതയോഗ്യമായിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇലഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

മാഹി-വളപട്ടണം റീച്ചിൽ (ചെ. 467.89 കി. മീ. - 558.00 കി. മീ) 3 അൺകട്ട് ഭാഗങ്ങളിൽ കനാൽ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാട്ടുകാരുടെ എതിർപ്പിനിടയിലും ജനപ്രതിനിധി കളുമായും ഉദ്യോഗസ്ഥരുമായും കൂടിക്കാഴ്ച നടത്തി കനാൽ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. 90.31 കി.മീ. വരുന്ന ഈ റീച്ചിൽ 26 കി.മീ. മാത്രമാണ് പുതിയ പാത. അവശേഷിച്ച ഭാഗങ്ങൾ പുഴകളും കായലുകളുമാണ്. സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാലുടൻ ഈ മൂന്ന് ഭാഗങ്ങളിലും കനാൽ നിർമ്മിച്ച് ജലപാത ഗതാഗത യോഗ്യമാക്കുന്നതിന് KIIFB-യുടെ ധനസഹായത്തോടെ പ്രവൃത്തി നടപ്പിലാക്കും.

പാലക്കോട് പുഴ മുതൽ നീലേശ്വരം (ചെ. 560.75 കി. മീ. മുതൽ 590.00 കി. മീ. വരെ) വരെയുള്ള ജലാശയങ്ങളുള്ളത് ആഴം കൂട്ടി ഗതാഗത യോഗ്യമാക്കാവുന്നതാണ്. ഇപ്രകാരം പ്രധാന ജലപാത നവീകരിക്കുന്നതിനോടൊപ്പം വിവിധ വാണിജ്യ കേന്ദ്രങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ എന്നിവയുമായി പ്രധാന ജലപാതയെ ബന്ധിപ്പിക്കുന്നതിനുള്ള ഫീഡർ കനാലുകളുടെ നവീകരണവും ഭാവിയിൽ ഏറ്റെടുക്കുന്നതാണ്. വിവിധ കേന്ദ്രങ്ങളിൽ ജലഗതാഗതത്തിന് ആവശ്യമായ ബോട്ട് ജെട്ടികൾ, കാർഗോ ടെർമിനലുകൾ എന്നിവയും നിർമ്മിക്കുന്നു.

(ബി) ജലാശയങ്ങളും പുഴകളുംകൊണ്ട് സമൃദ്ധമായ കേരളത്തിന്റെ പ്രകൃതിയിൽ ജലഗതാഗതത്തിന്റെ സാധ്യതകൾ വളരെയേറെയാണ്. ചരക്ക് ഗതാഗതത്തിന്റെ ഒരു ഭാഗം ജലപാതവഴിയാക്കുന്നതിനും ടൂറിസം വികസന സാദ്ധ്യതകൾ തുറക്കാനും ജലഗതാഗതം വഴി സാദ്ധ്യമാകും. അതിലൂടെ റോഡുകളിലെ ഗതാഗതത്തിരക്ക് ലഘൂകരിക്കുവാനാകും. ചരക്ക് ഗതാഗതത്തിലെ അപകടകരമായ ചരക്കുകളുടെ ഗതാഗതം ജലപാതയിലൂടെയാക്കി കൂടുതൽ റോഡ് സുരക്ഷ കൈവരിക്കാൻ കഴിയുന്നതാണ്.

## യാത്രാബോട്ട് സർവ്വീസ്

229 (4153) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തുനിന്ന് ആലപ്പുഴയിലേക്കും തിരിച്ചും യാത്രാബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത ബോട്ടുസർവ്വീസിന് എവിടെയെല്ലാമാണ് സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വീസ് എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബോട്ട് സർവ്വീസിലെ യാത്രാ നിരക്കുകൾ എത്രയെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ-സി) കൊല്ലത്തു നിന്നും ആലപ്പുഴയിലേയ്ക്കും തിരിച്ചും യാത്രാ ബോട്ട് സർവ്വീസ് നിലവിൽ നടത്തുന്നില്ല. നിലവിൽ ടൂറിസവുമായി ബന്ധപ്പെട്ട് രണ്ട് ടൂറിസ്റ്റ് സർവ്വീസുകൾ കൊല്ലത്തു നിന്നും ആലപ്പുഴയിലേയ്ക്കും തിരിച്ചും യഥാക്രമം 8-2-2010, 9-2-2010 എന്നീ തീയതികൾ മുതൽ നടത്തിവരുന്നു. ടി സർവ്വീസിന് ആലപ്പുഴ, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, ആയിരംതെങ്ങ്, അമൃതപുരി, ചവറ, കൊല്ലം എന്നിവിടങ്ങളിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.

വകുപ്പ് നടത്തിവരുന്ന ടൂറിസ്റ്റ് സർവ്വീസിലെ നിരക്കുകൾ ചുവടെ ചേർക്കുന്നു:

| | | | | | | |
|---|---|---|---|---|---|---|
| ആലപ്പുഴ | | | | | | |
| 70 | തോട്ടപ്പള്ളി | | | | | |
| 140 | 70 | തൃക്കുന്നപ്പുഴ | | | | |
| 200 | 140 | 70 | ആയിരംതെങ്ങ് | | | |
| 270 | 200 | 140 | 70 | അമൃതപുരി | | |
| 350 | 270 | 200 | 140 | 70 | ചവറ | |
| 400 | 350 | 270 | 200 | 140 | 70 | കൊല്ലം |

**കേന്ദ്രാവിഷ്കൃത പദ്ധതിയായ ജൽമാർഗ്ഗ് വികാസ് പ്രോജക്ട്**

230 (4154) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ജൽ മാർഗ്ഗ് വികാസ് പ്രോജക്ട്" പദ്ധതിയുടെ സംസ്ഥാനത്തെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ;

(ബി) പ്രോജക്ടിനുകീഴിൽ ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും കേന്ദ്ര സംസ്ഥാന വിഹിതം എത്രയാണെന്നും എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ജൽമാർഗ്ഗ് വികാസ്" പ്രോജക്ടിന്റെ പരിധിയിൽ കേരളത്തിലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത-3 ദേശീയ ജലപാതയുടെ നിലവാരത്തിലേക്കുയർത്തി National Waterways Act, 2016 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ജലപാതകളോ ഉൾപ്പെടുന്നില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4067-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

9.30 a.m.]

## II. മന്ത്രിയുടെ പ്രസ്താവന

### 12-5-2017-ലെ നക്ഷത്രചിഹ്നമിട്ട 366-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2017 മേയ് 12-ാം തീയതിയിലെ 366-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന പിശക് തിരുത്തിക്കൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പ്രസ്താവന നടത്തുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽ 2017 മേയ് 12-ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 366-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III. അടിയന്തരപ്രമേയം

### ഫീസ് വർദ്ധനവ്

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെയും ദന്തൽ കോളേജുകളിലെയും പി.ജി. ഡിഗ്രി/ഡിപ്ലോമ ദന്തൽ കോഴ്സുകൾക്ക് മുൻവർഷത്തെ അപേക്ഷിച്ച് ഇരട്ടിയോളം ഫീസ് വർദ്ധനവ് വരുത്തുവാൻ മാനേജുമെന്റുകൾക്ക് അവസരം നൽകിയതുവഴി പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപരിപഠനം അസാധ്യമാകുമെന്ന ആശങ്കമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. ടി. ബൽറാം, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്വാശ്രയ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെയും മെഡിക്കൽ കൗൺസിൽ ഓഫ്

* അനുബന്ധമായി ചേർക്കുന്നു.

ഇന്ത്യ റഗുലേഷന്റെയും അടിസ്ഥാനത്തിൽ ഈ വർഷം തീരുമാന മെടുക്കേണ്ടതുണ്ട്. ഇത്തവണ മുഴുവൻ പ്രവേശനവും നാഷണൽ മെറിറ്റ് ലിസ്റ്റ്, NEET-ൽനിന്നും ആകണമെന്ന് നിർബന്ധമുണ്ട്. കഴിഞ്ഞ വർഷം കേരളം തയ്യാറാക്കിയ മെറിറ്റ് ലിസ്റ്റ്, KEAM ആ വർഷത്തേയ്ക്ക് മാത്രം കോടതി അംഗീകരിച്ചിരുന്നു. അതിനാൽ മാനേജ്മെന്റുമായി ചർച്ചനടത്തി 50:50 സംവിധാനം അംഗീകരിക്കുകയും കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. ഈ കരാർ കഴിഞ്ഞ വർഷത്തേയ്ക്ക് മാത്രമാണ് കോടതി അംഗീകരിച്ചിരുന്നത്. ഈ വർഷം കേരള മെറിറ്റ് ലിസ്റ്റ് ഇല്ല. നീറ്റിൽനിന്നും മെറിറ്റടിസ്ഥാനത്തിൽ മുഴുവൻ സീറ്റിലേയ്ക്കും അലോട്ട്മെന്റ് നടത്തണം. അതിൽ മെറിറ്റ്-മാനേജ്മെന്റ് എന്ന് വേർതിരിക്കാൻ കഴിയില്ല. കഴിഞ്ഞ വർഷം കേരള മെറിറ്റിൽനിന്നും എടുത്തവരെ മെറിറ്റ് സീറ്റായും നീറ്റിൽ നിന്നും എടുക്കുന്ന കുട്ടികളെ മാനേജ്മെന്റ് സീറ്റായിട്ടുമാണ് വേർതിരിച്ചത്. ഈ വർഷം ഒരേ മെറിറ്റ് ലിസ്റ്റിൽനിന്നും എടുത്ത വിദ്യാർത്ഥികൾക്ക് രണ്ടുതരം ഫീസ് ഈടാക്കാൻ കഴിയില്ല. ആയതിനാൽ ഏകീകൃത ഫീസ് നിശ്ചയിക്കുക മാത്രമേ നിർവ്വാഹമുള്ളൂ. മാനേജ്മെന്റ് സ്ഥാപനങ്ങളിലെ പ്രവേശന നടപടികൾ നിശ്ചയിക്കാൻ ഗവൺമന്റ് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിലെ 17-ാം ക്ലോസ് പ്രകാരം മാനേജ്മെന്റുമായി ചർച്ച നടത്താനുള്ള സാധ്യതയുമുണ്ട്. എന്നാൽ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നതാണ് ഏറ്റവും ശരിയായ രീതിയെന്നാണ് ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്. മെഡിക്കൽ കോളേജുകളോടും സ്വാശ്രയ മെഡിക്കൽ കോളേജുകളോടും അവരുടെ ഓഡിറ്റ് റിപ്പോർട്ട് ഹാജരാക്കുവാൻ ഫീ റഗുലേറ്ററി കമ്മിറ്റി ആവശ്യപ്പെടുകയും ഫീ റഗുലേറ്ററി കമ്മിറ്റി അതെല്ലാംവച്ച് കാൽക്കുലേറ്റ് ചെയ്തു ഒരു ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ സർക്കാർ പി.ജി. മെഡിക്കൽ സീറ്റുകളുടെ കാര്യത്തിലാണ് ചർച്ച നടത്തിയത്. ക്രിസ്ത്യൻ മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഏകീകൃത ഫീസ് അംഗീകരിക്കുവാൻ അവർ തയ്യാറാവുകയുണ്ടായി. മറ്റ് മാനേജ്മെന്റുകളുമായി ചർച്ച നടത്തിയെങ്കിലും ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് അംഗീകരിക്കുവാൻ ആ മാനേജ്മെന്റുകൾ തയ്യാറായിട്ടില്ല. അവർ വർദ്ധിച്ച ഫീസാണ് ആവശ്യപ്പെട്ടത്. എന്നാൽ ക്രിസ്ത്യൻ മാനേജ്മെന്റുമായി നടത്തിയ ചർച്ചയിൽ ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് അംഗീകരിക്കാൻ തയ്യാറായതുകൊണ്ട് ആ ഫീസാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. ക്രിസ്ത്യൻ മാനേജ്മെന്റുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ചാണ് സർക്കാർ ഫീസ് നിശ്ചയിച്ചത്. സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വർദ്ധനവ് ഫീസ് നിശ്ചയിക്കുന്ന കാര്യത്തിൽ വരുത്തിയിട്ടില്ല. നിയമപരമായി ഏറ്റവും സാധ്യതയുള്ള കാര്യമാണ് സർക്കാർ ഇപ്പോൾ അംഗീകരിച്ചിട്ടുള്ളത്. മെറിറ്റ് മാനേജ്മെന്റ് സീറ്റുകൾ കഴിഞ്ഞപ്രാവശ്യം

ഉണ്ടായിരുന്നതും മറ്റുരീതിയിലുള്ള ചെലവുകളുമെല്ലാം കണക്കാക്കി ഫീ റഗുലേറ്ററി കമ്മിറ്റി ഇത്തവണ പതിനാല് ലക്ഷം രൂപയാണ് പി. ജി. സീറ്റിന് നിശ്ചയിച്ചത്. സ്റ്റൈപ്പന്റിലുണ്ടായ വർദ്ധനയെല്ലാം പരിഗണിച്ചാണ് ഈ ഫീസ് ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ നോൺ ക്ലിനിക്കൽ വിഭാഗത്തിന് എട്ടുലക്ഷത്തി അൻപതിനായിരം രൂപയായാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. ഇതെല്ലാം സർക്കാർ ആയിട്ട് വർദ്ധിപ്പിച്ചതല്ല. ഫീ റഗുലേറ്ററി കമ്മിറ്റിയുടെ കാൽക്കുലേഷന്റെ ഭാഗമായി നിശ്ചയിച്ച ഫീസാണ്.

മി. സ്പീക്കർ: അംഗങ്ങൾക്ക് കുറച്ചുനേരം ഇരിക്കുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും നടക്കണമെന്നൊക്കെ തോന്നും. പക്ഷെ അതിനായി പുറത്തേയ്ക്ക് പോകുന്നതാണ് നല്ലത്. സഭയിൽ ഇങ്ങനെ ചുറ്റി നടക്കുന്നത് ശരിയല്ല.

ശ്രീ. വി. ടി. ബൽറാം : സർ, ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ സ്വാശ്രയ കൊള്ളയുടെ സീസൺ-2 ആരംഭിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് ഒരു വർഷം തികയുവാൻ ഏതാനും ദിവസങ്ങളേ ബാക്കിയുള്ളൂ. ഒരു വർഷം മാത്രം അധികാരത്തിലിരിക്കുന്ന ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള ഫീസ് വർദ്ധനവ് രണ്ടാമത്തെ തവണയും വിദ്യാർത്ഥികൾക്കുമേൽ, ഈ നാട്ടിലെ പാവപ്പെട്ട രക്ഷിതാക്കളുടെമേൽ അടിച്ചേൽപ്പിക്കുന്നതിന്റെ തുടക്കമാണ് ഇവിടെ കാണാൻ സാധിച്ചത്. ഒരു വർഷം മുമ്പ് നമ്മൾ ഒരുപാട് ചർച്ച ചെയ്തതാണ്. എം.ബി.ബി.എസ്. സീറ്റിന്റെ ഫീസ് വലിയ രീതിയിൽ വർദ്ധിപ്പിച്ച് സ്വാശ്രയ മുതലാളിമാർക്ക് കൊള്ളലാഭമുണ്ടാക്കി കൊടുക്കാനുള്ള ഒരു സാഹചര്യം ഈ ഗവൺമെന്റ് സൃഷ്ടിച്ചു. നമുക്ക് ഓർമ്മയുണ്ട്, യു.ഡി.എഫ്. ഗവൺമെന്റ് നാലുവർഷം ഭരിച്ചപ്പോൾ ആ നാലുവർഷത്തിലുംകൂടി ആകെ വർദ്ധിപ്പിച്ചത് 47,000 രൂപയായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് ആദ്യത്തെ നൂറ് ദിവസത്തിനകംതന്നെ 65,000 രൂപ ഫീസ് മെറിറ്റ് സീറ്റിൽ അടിച്ചേൽപ്പിച്ചുകൊണ്ടാണ് പ്രവർത്തനം ആരംഭിച്ചത്. രണ്ടരലക്ഷം രൂപയായിരുന്നു എം.ബി.ബി.എസ്. സീറ്റിന്റെ ഫീസ്. അതുമായി ബന്ധപ്പെട്ട് നിരവധി പ്രതിഷേധങ്ങളും സമരങ്ങളുമുണ്ടായി. പൊതുജനാഭിപ്രായത്തെക്കൂടി മാനിച്ചുകൊണ്ട് ഒരു ഘട്ടത്തിൽ സ്വാശ്രയ മാനേജുമെന്റ് മുതലാളിമാർതന്നെ തങ്ങൾക്ക് ഇത്ര അമിതമായ ഫീസിന്റെ ആവശ്യമില്ല, ഫീസ് കുറയ്ക്കാൻ ഞങ്ങൾ തയ്യാറാണ്, ഒരു ഇരുപത്തയ്യായിരം രൂപ കുറച്ചുകിട്ടിയാലും മതി, രണ്ടേകാൽ ലക്ഷം രൂപ മതിയെന്ന് പറയുന്ന ഒരു ഘട്ടത്തിലേയ്ക്ക് വന്നിട്ടും കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പിടിവാശിയായിരുന്നു രണ്ടരലക്ഷം രൂപതന്നെ വേണമെന്നുള്ളത്. ഈ ഗവൺമെന്റിന്റെ സമീപനം അന്ന് ഈ നാട്ടിലെ ജനങ്ങൾ തിരിച്ചറിഞ്ഞതാണ്. അതിന്റെ തുടർച്ചയായിട്ടാണ്

ഇപ്പോൾ ഈ ഗവൺമെന്റിന്റെ രണ്ടാം ഘട്ടത്തിൽ പി. ജി. കോഴ്സിന്റെ ഫീസ് വലിയ രീതിയിലുള്ള വർദ്ധനവിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകുന്നത്. ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് ഇത് കമ്മീഷന്റെ തീരുമാനപ്രകാരമാണെന്നാണ്. ഞങ്ങളാരും അതിനെ എതിർക്കുന്നില്ല. കമ്മീഷന്റെ തീരുമാനപ്രകാരം തന്നെയാണ്. പക്ഷേ ആരാണ് ഈ കമ്മീഷൻ? ഈ ഗവൺമെന്റുമായി എല്ലാ അർത്ഥത്തിലും യോജിച്ചുപോകുന്ന ഒരു കമ്മീഷനെയാണ് നിയമിച്ചിട്ടുള്ളത്. ഗവൺമെന്റിന്റെ അഭിപ്രായമാണ് കമ്മീഷന്റെ അഭിപ്രായമായി പുറത്തുവന്നിട്ടുള്ളത്. അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഗവൺമെന്റിന് എങ്ങനെയാണ് ഒഴിഞ്ഞുമാറാൻ കഴിയുന്നത്? സ്വാശ്രയ വിഷയം ഈ രാജ്യത്ത് ഉയർന്നുവന്നതിനുശേഷം ആദ്യമായിട്ടാണ് സർക്കാരിന്റെ കരങ്ങൾ ശക്തിപ്പെടുന്ന ഒരു അന്തരീക്ഷം രൂപപ്പെട്ടുവന്നത്. സർക്കാരിന്റെ പിടിപ്പുകേട് കൊണ്ടല്ല. കോടതിയുടെ ഇടപെടലിന്റെ ഭാഗമായി കേന്ദ്ര ആരോഗ്യ വകുപ്പിന്റെ ഇടപെടലിന്റെ ഭാഗമായി, ചരിത്രത്തിൽ ആദ്യമായി സ്വാശ്രയ പ്രവേശനത്തിൽ ഒരു കൃത്യത വന്നു. 2000 മുതൽ ഇതുമായി ബന്ധപ്പെട്ട വിഷയം നമ്മൾ ചർച്ച ചെയ്യുകയാണ്. പക്ഷെ മുൻകാലങ്ങളിൽ ഓരോ ഘട്ടത്തിലും വന്നിട്ടുള്ള കോടതി വിധികൾ സ്വാശ്രയ മുതലാളിമാർക്ക് അനുകൂലമായിരുന്നു. നിയമസഭ ഐകകണ്ഠ്യേന സ്വാശ്രയ നിയമം പാസ്സാക്കി. അതുപോലും തള്ളിക്കളഞ്ഞ് മാനേജ്മെന്റുകളെ ശക്തിപ്പെടുത്തുന്ന സമീപനമായിരുന്നു മുൻകാലങ്ങളിൽ സുപ്രീം കോടതി സ്വീകരിച്ചത്. പക്ഷേ ഇപ്പോൾ അവരുടെ കൈകൾ ബന്ധിക്കാനുള്ള ഒരവസരമാണ്. കാരണം, പൂർണ്ണമായും മെറിറ്റടിസ്ഥാനത്തിൽ മാത്രമേ പ്രവേശനം നടത്തുവാൻ സാധിക്കൂ. ദേശീയ തലത്തിലെ NEET-ന്റെ അടിസ്ഥാനത്തിൽ മാത്രമേ പ്രവേശനം നടത്തുവാൻ സാധിക്കൂ. ഈ വർഷം കൗൺസിലിംഗും ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തണം. പേയ്മെന്റ് സീറ്റ്/മാനേജ്മെന്റ് സീറ്റ്, ആ നിലയിലുള്ള പ്രവേശനങ്ങൾക്കുപോലും മാനേജ്മെന്റുകൾക്ക് അധികാരമില്ല. അതുപോലും സർക്കാരാണ് നടത്തേണ്ടതെന്ന് പറയുന്ന ഒരവസ്ഥ രൂപപ്പെട്ടുവരുന്ന സാഹചര്യത്തിലാണ് മാനേജ്മെന്റുകളെ സഹായിക്കാൻ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഒരു രൂപ കൂട്ടി കൊടുത്തില്ലെങ്കിൽപ്പോലും മാനേജ്മെന്റുകളെ വരച്ചവരയിൽ നിർത്താനുള്ള ഒരവസരം കൈയിൽ വന്നിട്ടുപോലും ഈ നിലയിൽ ഇവർ മാനേജ്മെന്റുകളെ സഹായിക്കുകയാണെന്ന് പറഞ്ഞാൽ ആരോടാണ് ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത? നിസാരമായ ഫീസ് വർദ്ധനവ് മാത്രമേ ഉള്ളൂവെന്ന് ഇവിടെ പറഞ്ഞു. അങ്ങനെയാണോ? മെറിറ്റ് സീറ്റിൽ പി. ജി. ക്ലിനിക്കൽ കോഴ്സുകൾക്ക് വെറും ആറര ലക്ഷം രൂപ ആയിരുന്ന ഫീസ് പതിനാല് ലക്ഷം രൂപയായിട്ടാണ് വർദ്ധിപ്പിച്ചത്. ഇരട്ടിയിലധികം, നൂറ്റിപ്പതിനഞ്ച് ശതമാനം വർദ്ധനവ് കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടുണ്ടോ?

ഇരട്ടിയിലധികം ശതമാനം ഫീസ് വർദ്ധിപ്പിച്ചിരിക്കുന്നു. നോൺ ക്ലിനിക്കൽ പി. ജി. ഡിഗ്രി കോഴ്സുകൾക്ക് വെറും 2.6 ലക്ഷം രൂപയായിരുന്നത് എട്ടരലക്ഷം രൂപയായിട്ട്, മൂന്നിരട്ടിയിലധികമായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പി.ജി. ഡിപ്ലോമ കോഴ്സിന് 10.50 ലക്ഷം രൂപയും സൂപ്പർ സ്പെഷ്യാലിറ്റി ആണെങ്കിൽ 18.50 ലക്ഷം രൂപയുമാണ് ഫീസ്. ഇത് വാർഷിക ഫീസാണ്. ഒരു വർഷം പൂർത്തീകരിക്കുമ്പോൾ 42 ലക്ഷം രൂപയാണ് പി.ജി. കോഴ്സിനുവേണ്ടി ആ കുട്ടി ചെലവഴിക്കേണ്ടി വരുന്നത്. വിദ്യാഭ്യാസ വായ്പ എടുത്താൽ എത്ര തുക അടയ്ക്കേണ്ടി വരും; ഡോക്ടർമാരായി പുറത്തിറങ്ങിയാൽ സർക്കാർ സർവ്വീസിൽനിന്ന് ഇവർക്ക് കിട്ടുന്ന ശമ്പളം 50,000-വും 80,000-വും രൂപയാണ്. വിദ്യാഭ്യാസ ലോണെടുത്താൽ അത് തിരിച്ചടയ്ക്കാൻപോലും ഈ പണം തികയില്ല. നമ്മുടെ ഡോക്ടർമാരുടെ സാമൂഹിക പ്രതിബദ്ധത പൂർണ്ണമായി ഇല്ലാതാക്കാനാണോ ഈ സർക്കാർ ആഗ്രഹിക്കുന്നത്; അവരെ അറവുകാർ ആക്കാനാണോ ഈ സർക്കാർ ആഗ്രഹിക്കുന്നത്; ആ നിലയിൽ നമ്മുടെ ആരോഗ്യരംഗത്തെ ഗുരുതരമായി ബാധിക്കുന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്.

സ്റ്റൈപന്റ് വർദ്ധിപ്പിച്ചതുകൊണ്ടാണ് ഫീസ് വർദ്ധിപ്പിച്ചത് എന്നാണ് സർക്കാർ പറയുന്നത്. അതെന്ത് ന്യായമാണ്; സ്റ്റൈപ്പന്റ് എന്നത് ആ കുട്ടിയുടെ അവകാശമാണ്. അവർ എടുക്കുന്ന തൊഴിലിന്റെ പ്രതിഫലമാണ്. ഒരു പി.ജി. വിദ്യാർത്ഥി ആശുപത്രിയുടെ നട്ടെല്ലാണ്. അവർ ഒരു വിദ്യാർത്ഥി മാത്രമല്ല. അവർ തന്നെയാണ് ഡോക്ടർമാരും, ഒരു ഘട്ടത്തിൽ അദ്ധ്യാപകരും. ഏതാണ്ട് 24 മണിക്കൂറുള്ള കഠിനാദ്ധ്വാനത്തിന്റെ വിലയായിട്ടാണ് അവർക്ക് സ്റ്റൈപന്റ് കൊടുക്കുന്നത്. ആ സ്റ്റൈപന്റ് കൂട്ടി എന്നതിന്റെ പേരിൽ ഫീസ് കൂട്ടുന്ന ന്യായം ഒരു കമ്മ്യൂണിസ്റ്റ് സർക്കാരിന് ചേർന്നതാണോ; നിങ്ങൾ കാറൽമാക്സിന്റെ മിച്ചമൂല്യ സിദ്ധാന്തത്തിലൊക്കെ വിശ്വസിക്കുന്നവരല്ലേ. കുട്ടികളുടെ ഈ അദ്ധ്വാന ഭാരത്തെയും അതിന്റെ മൂല്യത്തെയും നിങ്ങൾ മാനേജ്മെന്റുകൾക്ക് ട്രാൻസ്ഫർ ചെയ്യാൻ പോവുകയാണോ; എന്ത് കമ്മ്യൂണിസമാണ് നിങ്ങൾക്ക് പറയാനുള്ളത്; സർക്കാരിന്റെ ഫീസ് വർദ്ധനയെ ഏത് നിലയിലാണ് ന്യായീകരിക്കാൻ പറ്റുക. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഞങ്ങൾ പൊതുവിദ്യാഭ്യാസത്തെയും പൊതുജനാരോഗ്യ സംവിധാനത്തെയും ശക്തിപ്പെടുത്തിക്കൊണ്ടാണ് മാനേജ്മെന്റുകൾക്ക് തടയിട്ടത്. നിങ്ങളെപ്പോലെ വാചകമടിയായിരുന്നില്ല. പ്രായോഗിക തലത്തിൽ ഞങ്ങൾ ഇടപെട്ടു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ വരുമ്പോൾ വെറും 1050 സീറ്റല്ലേ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ അധികാരം ഒഴിയുമ്പോൾ 5 വർഷംകൊണ്ട് അത് 1350 ആക്കി വർദ്ധിപ്പിച്ചു. നാല് പുതിയ മെഡിക്കൽ കോളേജുകളാണ് ഞങ്ങൾ കൊണ്ടുവന്നത്.

അത് സഹകരണ മേഖലയിലും സ്വാശ്രയ മേഖലയിലുമല്ല, ഗവൺമെന്റ് മേഖലയിലാണ്. എറണാകുളം, മഞ്ചേരി, പാലക്കാട്, ഇടുക്കി എന്നിവിടങ്ങളിൽ ഞങ്ങൾ പുതിയ മെഡിക്കൽ കോളേജുകൾ കൊണ്ടുവന്നു. 100 സീറ്റുള്ള പാലക്കാട് മെഡിക്കൽ കോളേജിൽ 70 സീറ്റ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നീക്കിവച്ച് സാമൂഹ്യ വിപ്ലവം സൃഷ്ടിക്കാൻ സാധിച്ചു. അയ്യങ്കാളിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്ന പ്രവർത്തനം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായി. നിങ്ങൾ വന്നിട്ട് എന്താണ് ചെയ്തത്; ഇടുക്കിയിലെ 50 സീറ്റ് നിങ്ങൾ ഇല്ലാതാക്കി. തിരുവനന്തപുരത്ത് ഒരു ഷെഡ്ഡിലാണ് ആ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നതെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് നിങ്ങൾ റിപ്പോർട്ട് കൊടുത്തില്ലേ; എന്താണ് യഥാർത്ഥത്തിൽ അവസ്ഥ. 138000 സ്ക്വയർ ഫീറ്റ് സ്ഥലത്ത് അവിടെ കെട്ടിടമുണ്ടാക്കാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെകാലത്ത് സാധിച്ചു. അത് കേന്ദ്ര സർക്കാരും മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയും അംഗീകരിച്ചു. 100 സീറ്റ് നമുക്ക് തരാമെന്ന് പറഞ്ഞു. അത് നിങ്ങൾ ഇല്ലാതാക്കുകയാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജ് സംബന്ധിച്ച് അവിടത്തെ എം.പി. ശ്രീ. എൻ. കെ. പ്രേമചന്ദ്രന്റെകൂടി ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന അവസ്ഥയിലേയ്ക്ക് വന്നിട്ടുണ്ട്. സംസ്ഥാന സർക്കാരിന് വല്ല റോളുമുണ്ടോ, ഏതെങ്കിലും തരത്തിൽ ഇടപെട്ടിട്ടുണ്ടോ; ഇങ്ങനെ എന്നും സ്വാശ്രയ മുതലാളിമാരെ സഹായിക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നതെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമരം നടത്തിയിരുന്ന അവസരത്തിലൊക്കെ ഞങ്ങളെ ആക്ഷേപിച്ചിരുന്ന ആളുകളുണ്ട്. അപ്പുറത്തിരുന്ന ഡി.വൈ.എഫ്.ഐ. യുടേയും എസ്.എഫ്.ഐ.യുടേയുമൊക്കെ പഴയ നേതാക്കൻമാർക്ക് ഞങ്ങളെയും ഞങ്ങളുടെ സമരത്തെയുമൊക്കെ പുച്ഛമാണ്. ഇവിടെ യുവജന സംഘടനാ നേതാക്കൻമാർ പുറത്ത് നിരാഹാര സമരം നടത്തി. അഞ്ചെട്ട് ദിവസം കഴിഞ്ഞപ്പോൾ ആ സമരം അവസാനിപ്പിക്കേണ്ടിവന്ന സാഹചര്യത്തിൽ എന്റെ സഹപ്രവർത്തകരായ രണ്ട് എം.എൽ.എ.-മാർ, ശ്രീ. ഷാഫി പറമ്പിലും ശ്രീ. ഹൈബി ഈഡനും ഈ നിയമസഭാ ഹാളിന് പുറത്ത് നിരാഹാരം കിടന്നു. അവർ അഞ്ചാറ് ദിവസം നിരാഹാരം അനുഷ്ഠിച്ചതിനുശേഷം മുന്നണിയുടെ തീരുമാനപ്രകാരം ഞാനും ശ്രീ. റോജി എം. ജോണും ഒരു ദിവസം ഉച്ചയ്ക്ക് നിരാഹാരം തുടങ്ങി. പിറ്റേദിവസം വൈകുന്നേരം വരെ നിരാഹാരം തുടർന്നു. പിന്നീട് മുന്നണിയുടെ തീരുമാനപ്രകാരം ആ സമരം അവസാനിപ്പിച്ചു. കാരണം ഈ സർക്കാരിനോട് പറഞ്ഞിട്ട് കാര്യമില്ല. നിയമസഭ അവസാനിപ്പിക്കുകയാണ്. നിയമസഭാ സമ്മേളനം വെട്ടിച്ചുരുക്കുകയാണ്. അങ്ങനെ ആ സമരം മുന്നണിയുടെ

തീരുമാനപ്രകാരം അവസാനിപ്പിച്ചപ്പോൾ അതിന്റെ പേരിൽ ഞങ്ങളെയൊക്കെ ആക്ഷേപിക്കുകയായിരുന്നു. ഞങ്ങൾ ഒരു ബ്രേക്ക്ഫാസ്റ്റ് മാത്രം ഉപേക്ഷിച്ച് സമരം നടത്തിയവരാണെന്ന് പറയുകയായിരുന്നു. ആക്ഷേപിക്കാൻ മാത്രമേ നിങ്ങൾക്ക് സാധിക്കുകയുള്ളൂ. പ്രതികരണത്തിന്റെ ഒരു നേർത്ത ശബ്ദംപോലും പുറപ്പെടുവിക്കാൻ നിങ്ങൾക്ക് സാധിക്കുന്നില്ല. നിങ്ങൾ വലിയ സമര നേതാക്കൻമാരായി ഭാവിക്കുകയാണ്. നിങ്ങൾ ഇന്നലെകളിൽ തെരുവുകളിൽ ചോരപ്പുഴ ഒഴുക്കിയെന്നും ഒരുപാട് ത്യാഗങ്ങൾ സഹിച്ചുവെന്നും പറയുന്നു. നിങ്ങൾ അന്ന് ഉന്നയിച്ച മുദ്രാവാക്യത്തോട് തരിമ്പെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ, നിങ്ങളുടെതന്നെ ഭൂതകാലത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള ഒരു പുനർ വിചിന്തനമുണ്ടെങ്കിൽ ഈ അവസരത്തിൽ ഈ കൊടിയ സ്വാശ്രയ കൊള്ളയ്ക്കെതിരെ പ്രതികരിക്കാൻ തയ്യാറാകണം. അതല്ലെങ്കിൽ നിങ്ങൾ ഇന്നലെകളിൽ നടത്തിയ സമരങ്ങളൊക്കെ നിങ്ങളിൽ ചിലർക്ക് എം.എൽ.എ.മാരാകാനും എം.പി.മാർ ആകാനുമുള്ള കരിയർ ഓറിയന്റഡായ സമരങ്ങളാണെന്ന് കേരളത്തിലെ ചരിത്രം വിലയിരുത്തും. ഫോട്ടോ ഓപ്പർച്യൂണിറ്റിക്കുവേണ്ടിയുള്ള സമരങ്ങളല്ല നിങ്ങൾ ഇന്നലെകളിൽ തെരുവുകളിൽ നടത്തിയതെങ്കിൽ ആ ആത്മാർത്ഥത തെളിയിക്കാനുള്ള അവസരമാണ് ഈ സർക്കാർ നിങ്ങൾക്ക് മുൻപിൽ സൃഷ്ടിച്ചു വച്ചിരിക്കുന്നത്. ഒന്ന് പ്രതികരിക്കാൻ തയ്യാറുണ്ടോ; കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ ഫീസ് വർദ്ധനവാണ് നടത്തിയത്. ഇരട്ടിയും മൂന്നിരട്ടിയുമൊക്കെയായി ഈ സർക്കാർ ഫീസ് വർദ്ധിപ്പിക്കുമ്പോൾ അതിനെതിരെ നിങ്ങൾക്ക് പ്രതികരിക്കാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളുടെതന്നെ ചരിത്രത്തെ നിങ്ങൾ റദ്ദുചെയ്യുകയാണ്. നിങ്ങളുടെ തന്നെ ഭൂതകാലത്തെ നോക്കി നിങ്ങൾ പല്ലിളിക്കുകയാണ്. നിങ്ങളുടെ രക്തസാക്ഷികൾ, കൂത്തുപറമ്പിൽ റോഷനും ഷിബുലാലും മധുവും ബാബുവും രാജീവനും ജീവിച്ചിരിക്കുന്ന ശയ്യാവലംബിയായ ശ്രീ. പുഷ്പനും അടക്കമുള്ള രക്തസാക്ഷികളുടെ സ്മരണകളോട് നിങ്ങൾ കാണിക്കുന്ന അവഹേളനമാണ് ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന് പറഞ്ഞു. ആ സ്വാശ്രയ കോളേജിനെ ഏറ്റെടുക്കാൻ നിങ്ങൾക്ക് ഇതുവരെ സാധിച്ചോ; കഴിഞ്ഞ ഫീസ് വർദ്ധനവിന്റെ സമയത്ത് ഏറ്റവും കൂടുതൽ ലാഭമുണ്ടായത് പരിയാരം മെഡിക്കൽ കോളേജിനാണ്. ഒരു രൂപ അവിടെ കുറയ്ക്കാൻ തയ്യാറായോ; അവിടെ നിങ്ങൾ പറഞ്ഞത്, ഇത് ഒരു വർഷത്തേയ്ക്ക് മാത്രമേയുള്ളൂ. അടുത്ത വർഷം ആകുമ്പോഴേയ്ക്കും ഈ പ്രശ്നം പരിഹരിക്കും. പരിയാരം മെഡിക്കൽ കോളേജ് പൂർണ്ണ അർത്ഥത്തിലുള്ള ഒരു സർക്കാർ മെഡിക്കൽ കോളേജാകും എന്നാണ് നിങ്ങളന്ന് പറഞ്ഞത്. അതിന്റെ മാർഗ്ഗത്തിലൂടെ ഒരടി മുന്നോട്ടുപോകാൻ ഒരു വർഷം പിന്നിടുന്ന

വേളയിൽ നിങ്ങൾക്ക് കഴിഞ്ഞോ; ഈ വർഷവും നിങ്ങളവിടെ നടത്താൻ പോകുന്നത് സ്വാശ്രയ അഡ്മിഷൻ തന്നെയല്ലേ; നിങ്ങളുടെ പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും വിശ്വസിച്ച് വോട്ടുചെയ്ത ജനങ്ങൾക്ക് വഞ്ചനയുടെ ആവർത്തനങ്ങളാണ് നിങ്ങൾ സമ്മാനിക്കുന്നത് എന്നാണ് കാണാൻ സാധിക്കുന്നത്.

ഈ സർക്കാർ തെറ്റ് തിരുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഈ ഗൗരവമായിട്ടുള്ള വിഷയം, കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ഫീസ് വർദ്ധനവ് അടിച്ചേൽപ്പിച്ച ഈ സാഹചര്യം, ഇത് തുടരാൻ പോവുകയാണ്. പി.ജി. കോഴ്സുകൾക്ക് മാത്രമാണ് ഇപ്പോൾ ഫീസ് വർദ്ധനവ് വന്നിട്ടുള്ളതെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതുതന്നെയാണ് ഇനി എം.ബി.ബി.എസ്. കോഴ്സിന്റെ കാര്യത്തിലും വരാൻ പോകുന്നത്. അതുമായി ബന്ധപ്പെട്ട ചർച്ച തുടങ്ങിക്കഴിഞ്ഞു എന്നാണ് പറയുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. വി. ടി. ബൽറാം, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ അസ്വസ്ഥനാകേണ്ട കാര്യമില്ല. ഇത് എല്ലാവർക്കും താൽപ്പര്യമുള്ള വിഷയമാണ്. അങ്ങും ഒരു വിദ്യാർത്ഥി യുവജന നേതാവായി കടന്നുവന്ന ആളാണ്. അങ്ങ് ഡി.വൈ.എഫ്.ഐ.യുടെ നേതാവായിരുന്നപ്പോൾ നടത്തിയ സമരത്തിന്റെ തുടർച്ചയാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അന്ന് അങ്ങ് വിളിച്ച മുദ്രാവാക്യം യാഥാർത്ഥ്യമാക്കാൻ ഇന്ന് ഈ സർക്കാർ തയ്യാറാകണമെന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അങ്ങ് ഞങ്ങളോട് സഹകരിക്കണം.

എം.ബി.ബി.എസ്. സീറ്റിന്റെയും ഫീസിന്റെയും കാര്യത്തിൽ ഇതുതന്നെയാണ് ഇനി വരാൻപോകുന്നത് എന്നതിന്റെ സൂചനയാണ് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയിൽനിന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. ഇത് ടെമ്പററിയാണെന്നും പ്രൊവിഷണലാണെന്നും ഇത് വർദ്ധിപ്പിക്കാൻ സാധ്യതയുണ്ടെന്നും ഈ കമ്മീഷന്റെ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. അങ്ങനെ വർദ്ധിപ്പിച്ചാൽ വരും വർഷങ്ങളിൽ ആ വർദ്ധിപ്പിച്ച ഫീസ് പോലും ഇപ്പോൾ അഡ്മിഷൻ എടുക്കുന്ന കുട്ടികളിൽനിന്ന് ഈടാക്കേണ്ടി വരുമെന്ന് ഈ കമ്മീഷൻ തന്നെ പറയുന്നു. ഏത് നിലയിലാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ ഈ സാഹചര്യത്തിൽ കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ ഉപരിപഠനം അസാധ്യമാക്കിത്തീർക്കുന്ന, ഈ രംഗത്തെ സാമൂഹ്യനീതി പൂർണ്ണമായി അട്ടിമറിക്കുന്ന, ഈ നാട്ടിലെ വരുംകാല ഡോക്ടർമാരെ ജനങ്ങളോട്

ഒരു തരത്തിലുമുള്ള പ്രതിബന്ധതയും ഇല്ലാത്തവരാക്കി മാറ്റിത്തീർക്കുന്ന, കഴുത്തറുപ്പൻ സംസ്കാരത്തിലേയ്ക്ക് കേരളത്തിലെ ആരോഗ്യ മേഖലയെ കൊണ്ടുപോകുന്ന ഈ സർക്കാരിന്റെ തലതിരിഞ്ഞ സമീപനം തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ വിഷയം അതീവ ഗൗരവത്തോടുകൂടി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഏതായാലും ഈ കാര്യത്തിൽ തർക്കിക്കാൻ വേണ്ടിയെങ്കിലും കമ്മ്യൂണിസവും കാറൽ മാക്സിന്റെ മിച്ചമൂല്യവുമൊക്കെ ശ്രീ. വി. ടി. ബൽറാമിനെ പോലുള്ള ആളുകൾ സംസാരിക്കുന്നത് കേൾക്കാൻ രസമുണ്ട്. പക്ഷേ കമ്മ്യൂണിസം എന്താണെന്ന് ശ്രീ. വി. ടി. ബൽറാമിന് മനസ്സിലായിട്ടില്ല. കമ്മ്യൂണിസത്തിന്റെ കാലത്ത് നിങ്ങളുടെ വിദ്യാഭ്യാസ കച്ചവടമൊന്നും ഉണ്ടാവില്ല. പക്ഷേ ഇവിടെ ഞങ്ങൾക്ക് കമ്മ്യൂണിസമൊന്നും കൊണ്ടുവരാനുള്ള അന്തരീക്ഷം ഇല്ല. ഫെഡറൽ ഭരണഘടന അനുസരിച്ച് ഭരിക്കപ്പെടുന്ന ഒരു രാജ്യത്തിലെ ഒരു സംസ്ഥാനമാണ് കേരളം. അതിന്റെ എല്ലാ തീരുമാനങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടല്ലാതെ ഒരു സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നാൽ കമ്മ്യൂണിസമൊന്നും കൊണ്ടുവരാൻ സാധിക്കില്ല. പിന്നെ ഇന്ന് അനുഭവിക്കുന്ന, ഈ സമൂഹത്തിനകത്ത് ജനങ്ങൾക്ക് ഏറ്റവും അനുകൂലമായ തീരുമാനമെടുക്കാൻ കഴിയും. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ സ്വാശ്രയ മാനേജ്മെന്റിനെ കയറൂരിവിട്ടതും ഇത്രയേറെ സ്വാശ്രയ മാനേജ്മെന്റ് സ്ഥാപനങ്ങൾ അനുവദിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണോ; ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നിട്ട് ഇപ്പോൾ ഒരു വർഷമായി. ഞങ്ങൾ ഒരു സ്വാശ്രയ കോളേജും അനുവദിച്ചിട്ടില്ല. സ്വാശ്രയ മാനേജ്മെന്റിൽ ഒരു സീറ്റ് പോലും അനുവദിക്കേണ്ട എന്ന തീരുമാനമാണ് ഞങ്ങൾ എടുത്തത്. സ്വാശ്രയ കോളേജുകളിലെ എല്ലാ സീറ്റും പലപ്പോഴായി അനുവദിച്ചത് യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരിക്കുമ്പോഴാണ്. നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ; എന്നിട്ട് ശ്രീ. വി. ടി. ബൽറാമൊക്കെ ഇവിടെ വലിയ പ്രസംഗം നടത്തുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എന്താണ് സംഭവിച്ചത്; ഈ സ്വാശ്രയ മാനേജ്മെന്റിനെയെല്ലാം ഇഷ്ടംപോലെ ഫീസ് ഈടാക്കാൻ വിട്ടു. എത്ര കോളേജുമായിട്ടാണ് നിങ്ങൾ കരാറുണ്ടാക്കിയത്. നിങ്ങളുടെ ഫിഫ്റ്റി ഫിഫ്റ്റിയൊക്കെ പറഞ്ഞ് ഇപ്പോൾ അഭിമാനിക്കുന്നുണ്ടല്ലോ; ആറ് കോളേജുമായിട്ടാണ് കഴിഞ്ഞ സർക്കാർ കരാർ ഉണ്ടാക്കിയത്. എന്നിട്ട് ബാക്കി മുഴുവൻ കോളേജുകളും 15 ലക്ഷത്തിനും 25 ലക്ഷത്തിനുമിടയിൽ ഫീസാണ് വാങ്ങിയതെന്ന് അറിയാമോ?

ഞങ്ങൾ നടത്തിയ ചർച്ചയുടെ ഫലമായിട്ടുതന്നെ 20 കോളേജുകളുമായി കഴിഞ്ഞതവണ കരാർ ഒപ്പിട്ടു. 50 ശതമാനം മെരിറ്റും, 50 ശതമാനം മാനേജ്മെന്റും. കഴിഞ്ഞതവണ നമുക്ക് അംഗീകരിപ്പിക്കാൻ സാധിച്ചതിന്റെ പശ്ചാത്തലം ഞാൻ ഇവിടെ പറഞ്ഞു. കാര്യങ്ങൾ പഠിച്ച് പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങളെ ചർച്ച നടത്താൻ വേണ്ടി വിളിച്ചല്ലോ. പുതിയ സാഹചര്യത്തിൽ നമ്മൾ എന്തുചെയ്യും? നീറ്റ് പൂർണ്ണമായിട്ടും ബാധകമാകുന്നു. കേരള മെരിറ്റിൽ നിന്ന് പ്രവേശനം നൽകാൻ നിർവ്വാഹമില്ല. എം.സി.ഐ.യുടെ 2016-ലെ പുതിയ ആക്ട് വന്നപ്പോൾ ഇന്ത്യയിൽ ഉടനീളം എല്ലാ കോളേജുകൾക്കും നീറ്റ് നിർബന്ധമാക്കുന്നു. ഈ സാഹചര്യത്തിൽ നാം എങ്ങനെയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുക? ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചല്ലോ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വന്നോ? ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് വന്നോ? ഈ മീറ്റിംഗിന് മാണി സാർ വന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുഖ്യമന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. സാധാരണഗതിയിൽ ആൾപാർട്ടി മീറ്റിംഗ് വിളിക്കുന്നതിനുമുൻപ് പ്രതിപക്ഷവുമായി സംസാരിക്കാറുണ്ട്. അദ്ദേഹം അത് വിട്ടുപോയതാണെന്ന് ഞങ്ങൾ തമ്മിൽ സംസാരിച്ചതാണ്. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് നോമിനേഷൻ കൊടുക്കുന്ന ദിവസമാണ് നിങ്ങൾ യോഗം വിളിച്ചത്. ഞങ്ങൾ നേരത്തെ തീരുമാനിച്ചതുപ്രകാരം യു.ഡി.എഫ്. യോഗം കഴിഞ്ഞ് ഞങ്ങൾ എല്ലാപേരും കൂടി നോമിനേഷൻ കൊടുക്കാൻ പോയ ദിവസമാണ്. ഞങ്ങൾ മീറ്റിംഗ് ഉണ്ടെന്ന് അറിയാതെ എങ്ങനെയാണ് വരുന്നത്. അതുകൊണ്ട് ഞാനും മുഖ്യമന്ത്രിയുമായി അക്കാര്യം സംസാരിച്ചതാണ്. കഴിഞ്ഞ യോഗത്തിൽ ഞങ്ങൾ പങ്കെടുക്കുകയും ചെയ്തു. ഇത്ര പ്രധാനപ്പെട്ട ഒരു മീറ്റിംഗ് നടക്കുമ്പോൾ, ഞങ്ങൾ ഇതിനകത്തുണ്ടോ, ഞങ്ങളെ അറിയിച്ചോ, എന്ന് നോക്കേണ്ട ഒരു ഉത്തരവാദിത്തം അങ്ങേയ്ക്ക് ഇല്ലേ? അങ്ങ് അറിയിച്ചില്ലല്ലോ? മുഖ്യമന്ത്രിക്ക് തിരക്കുണ്ട്, ആ സമയം അങ്ങ് എന്തുകൊണ്ട് അത് അന്വേഷിച്ചില്ല? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ നോമിനേഷൻ കൊടുക്കുന്നദിവസം ഞങ്ങൾക്ക് ആൾപാർട്ടി മീറ്റിംഗിന് പങ്കെടുക്കാൻ കഴിയുമോ?

ശ്രീമതി കെ. കെ ശൈലജ ടീച്ചർ: സർ, ഞാൻ അങ്ങയുടെ വാക്കിനെ മാനിക്കുന്നു. പക്ഷെ അങ്ങയുടെ അഭിപ്രായം ഞങ്ങളെ അറിയിക്കാം. ഞാൻ പേഴ്സണലായിട്ടുപോലും അങ്ങയോട് സംസാരിച്ചിട്ടുണ്ട്. പുതിയ സാഹചര്യത്തിൽ നമ്മൾ എന്ത് സമീപനമാണ് സ്വീകരിക്കുക. ഇനിയും അവസരമുണ്ടല്ലോ, എം.ബി.ബി.എസ്.ന്റെ ഫീസ് നമുക്ക് ഫിക്സ് ചെയ്യേണ്ടതായിട്ടുണ്ട്, അഡ്മിഷൻ നടത്തേണ്ടതായിട്ടുണ്ട്. നിങ്ങളുടെ അഭിപ്രായത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്.

പുതിയ സാഹചര്യത്തിൽ നമ്മൾ എങ്ങനെയാണ് ഈ കാര്യങ്ങൾ...., നിങ്ങൾ അഭിപ്രായം പറയൂ, അത് ചർച്ച ചെയ്യാം. ഇതല്ലാതെ വേറെ എന്താണ് മാർഗ്ഗമെന്ന് നിങ്ങൾ അഭിപ്രായം പറയൂ. ഞങ്ങൾ നിങ്ങളുടെ അഭിപ്രായങ്ങൾ കേൾക്കാൻ തയ്യാറാണ്. ഇവിടെ എന്താണ് ചെയ്തത്, കഴിഞ്ഞ തവണ 1150 മെറിറ്റ് സീറ്റാണ് പുതിയതായി വന്നത്. അതിലാണ് നേരത്തെ പറഞ്ഞതുപോലെ 50 ശതമാനം മെരിറ്റിൽ 20 ശതമാനം കുട്ടികൾക്ക് 25,000 രൂപ ഫീസിനും, ബാക്കി 2.5 ലക്ഷം രൂപ ഫീസിനും പ്രവേശനം നൽകാൻ തീരുമാനിച്ചത്. സാധാരണ ഇൻക്രീസ് വരുമ്പോൾ രണ്ട് ലക്ഷം രൂപ വരെയാണ് ഈടാക്കാവുന്നത്. അതുകൊണ്ട് ചർച്ചയുടെ ഭാഗമായി 20 കോളേജുകളെക്കൊണ്ട് സൈൻ ചെയ്യിപ്പിക്കുന്നതിന്റെ പരിശ്രമത്തിനിടയിൽ 2.5 ലക്ഷമായി ഫീസ് ഫിക്സ് ചെയ്തു. ഇതിൽ ഏറ്റവും പാവപ്പെട്ട 20 ശതമാനത്തിന്റെ ഫീസ്, ഗവൺമെന്റ് ഫീസാണ്, അത് വർദ്ധിപ്പിച്ചിട്ടില്ല. ഏതാണ്ട് 50 ശതമാനം മെരിറ്റ്. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്, ഇത് വേർതിരിക്കാൻ വേറെ മാനദണ്ഡമൊന്നുമില്ല. കേരള മെരിറ്റിൽ നിന്നെടുത്ത മുഴുവൻ കുട്ടികളും 50 ശതമാനം മെരിറ്റിലാണ് വരുന്നത്. കേരള മെരിറ്റിൽ ഏറ്റവും നന്നായി പരീക്ഷ എഴുതി, ഫസ്റ്റ് റാങ്ക് കിട്ടിയവരടക്കം ഈ മെരിറ്റിൽ വരും. 50:50 ആക്കുമ്പോൾ നാഷണൽ മെരിറ്റിൽ ഒന്നാം റാങ്ക് കിട്ടിയവരും നമ്മുടെ മാനേജ്മെന്റ് സീറ്റുമായി വേർതിരിക്കാൻ വേറെ മാനദണ്ഡമൊന്നുമില്ല, ആ കുട്ടികൾക്കാണ് കൂടിയ ഫീസ് ഈടാക്കിയത്. ഇത്തവണ കോടതി എന്താണ് പറയുന്നത്? ഒരു വിഭാഗം കുട്ടികളിൽനിന്ന് കൂടുതൽ ഫീസ് വാങ്ങി, മറ്റൊരു വിഭാഗം കുട്ടികളെ സഹായിക്കാൻ പാടില്ല. ക്രോസ്സ് സബ്സിഡി പാടില്ല. കോടതിവിധി പരിശോധിച്ചു നോക്കണം ശ്രീ. ബൽറാം. ക്രോസ്സ് സബ്സിഡി പാടില്ല എന്നത് നിർബന്ധമാണ്. കഴിഞ്ഞ തവണ കോടതി വ്യക്തമായി നമുക്ക് അംഗീകാരം തന്നത്... കോടതിയുടെ ഈ സുപ്രധാന തീരുമാനം വരുന്നതിനു മുൻപ് ഇവിടെ KEAM മെരിറ്റ് ലിസ്റ്റെല്ലാം തയ്യാറാക്കി, മാനേജ്മെന്റുമായി ചർച്ച നടത്തി, 20 കോളേജുകളുമായി കരാർ സൈൻ ചെയ്തു. 50 ശതമാനം കുട്ടികൾക്ക് 25,000-ത്തിനും 50 ശതമാനം കുട്ടികൾക്ക് 2.5 ലക്ഷത്തിനും പഠിക്കാനുള്ള സംവിധാനമുണ്ടാക്കി, ആ എഗ്രിമെന്റ് സൈൻ ചെയ്തു. അത് കോടതി അംഗീകരിക്കുമെന്ന് ഞങ്ങൾ വിശ്വസിച്ചിരുന്നില്ല. കോടതിയിൽ ഞങ്ങൾ വാദിച്ചു. അപ്പോൾ കോടതി പറഞ്ഞത് 'നിങ്ങൾ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തു പോയതിനാലും, KEAM മെരിറ്റ് പരീക്ഷ നടത്തിയതിനാലും ഇത്തവണത്തേയ്ക്ക് അത് അംഗീകരിക്കുന്നു, അടുത്തതവണ എല്ലാ സീറ്റും, മെരിറ്റ് സീറ്റായിട്ട് നീറ്റ് മെരിറ്റിൽ നിന്ന് സെൻട്രലൈസ്ഡ് അലോട്ടുമെന്റായിട്ട് എടുക്കണം' എന്നാണ്. ഇവിടെ എവിടെയാണ് വേർതിരിക്കുക, എങ്ങനെ വേർതിരിച്ചാലാണ് ഇത്

കോടതിയിൽ നിൽക്കുക? നീറ്റ് മെരിറ്റിൽ നിന്നും മെരിറ്റോറിയസായി എടുക്കുന്ന കുട്ടികളെ മാനേജ്മെന്റെന്നും, മെരിറ്റെന്നും വേർതിരിക്കാനുള്ള സ്വാതന്ത്ര്യം നമുക്കില്ല. കോടതി ക്രോസ്സ് സബ്സിഡി അനുവദിക്കില്ല. അതുകൊണ്ട്, ഈ കാര്യങ്ങളെല്ലാം തീരുമാനിച്ച് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. എത്ര തുറന്നു പറഞ്ഞാലും, രാഷ്ട്രീയമായി ആക്രമിക്കണമെന്ന് തോന്നിയിട്ട് അതൊന്നും മനസ്സിലാക്കാതെ ബധിരകർണ്ണത്തിൽ പതിഞ്ഞ്, ഇവിടെ വന്ന് എന്തെങ്കിലും പറയുകയല്ലാതെ... ഇത് പുതിയ സാഹചര്യമാണ് ശ്രീ. ബൽറാം. കഴിഞ്ഞ വർഷം വരെയുള്ള സാഹചര്യമല്ല. കേന്ദ്ര ഗവൺമെന്റ് സഹായിക്കാൻ പുറപ്പെട്ടു എന്ന് പറഞ്ഞുവല്ലോ. ഞങ്ങൾ രണ്ടുകൈയും നീട്ടി സ്വാഗതം ചെയ്തു. കഴിഞ്ഞ തവണ എല്ലാ കോളേജുകളേയും സെൻട്രലൈസ്ഡ് അലോട്ടുമെന്റിൽ കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചു. എല്ലാ കോളേജുകളുടേയും അലോട്ട്മെന്റ് ഗവൺമെന്റ് നടത്തും, കൺട്രോളർ ഓഫ് എൻട്രൻസ്, എക്സാമിനേഷൻ നടത്തുമെന്ന് പറഞ്ഞു. മൂന്ന് കോളേജുകൾ ഞങ്ങളെ വഞ്ചിച്ചുപോയി, കൂടെനിന്നില്ല. അവർ കോടതിയിൽ പോയി, കണ്ണൂരും, കരുണയും, കെ.എം.സി.ടി.-യും. കെ.എം.സി.ടി.-ക്ക് ഒരു ന്യായമുണ്ടായിരുന്നു, സർക്കാർ കരാറുമായി ഒപ്പിടുന്ന സമയത്ത് അവരുടെ സീറ്റ് അംഗീകരിച്ച് കിട്ടിയിരുന്നില്ലെന്ന്. അതുകൊണ്ട് അവരെ ഞങ്ങൾ അധികം പറയുന്നില്ല. എന്നാൽ കണ്ണൂർ, കരുണ എന്നീ കോളേജുകൾ സർക്കാരുമായി കരാർ ഒപ്പിട്ടില്ല. അവർ കോടതിയിൽ പോയി. സർക്കാർ നിശ്ചയിച്ച ഫീസാണോ, 50:50 ആണോ അവർക്ക് കിട്ടിയത്? മുഴുവൻ സീറ്റിലും 10 ലക്ഷം ഈടാക്കാനാണ് ഹൈക്കോടതി വിധിച്ചത്. സർക്കാർ അതിനെതിരെ അപ്പീൽ പോയി, ആ അപ്പീലിൽ തോറ്റു മടങ്ങി വന്നിരിക്കുകയാണ് കണ്ണൂരും, കരുണയും. എന്നിട്ട് അതിൽ പഠിക്കുന്ന കുട്ടികളേയും കൂട്ടി, എല്ലാപേരും വരികയാണ്. ഈ കുട്ടികളെ എന്തുചെയ്യും? ഈ രണ്ട് കോളേജിലും അലോട്ട്മെന്റ് സർക്കാർ നടത്തിക്കൊടുക്കണമെന്ന് കോടതി പറഞ്ഞു. 10 ലക്ഷം ഫീസും പ്രഖ്യാപിച്ചിട്ട് അലോട്ട്മെന്റ് ഗവൺമെന്റ് നടത്തണമെന്നുപറഞ്ഞു. അലോട്ട്മെന്റ് നടത്താൻ വേണ്ടി പാതിരാത്രി വരെ എൻട്രൻസ് കമ്മീഷണർ അവിടെ കാത്തുനിന്നു. കെ.എം.സി.ടി. വന്നു, ലിസ്റ്റ് തന്നപ്പോൾ അവർക്ക് അലോട്ട്മെന്റ് നടത്തിക്കൊടുത്തു. കരുണയും വന്നു, അവരുടെ ലിസ്റ്റ് പരിശോധിക്കുമ്പോൾ 30 കുട്ടികളെ മാത്രമേ മെരിറ്റോറിയസായി എടുത്തിട്ടുള്ളൂ, ബാക്കിയൊക്കെ അവർക്ക് തോന്നിയതുപോലെ മെരിറ്റിന്റെ താഴെനിന്നൊക്കെ എടുത്തിരിക്കുകയാണ്. അത് കോടതിയിൽ നിൽക്കില്ല, നമുക്ക് അംഗീകരിക്കാൻ പറ്റുകയില്ല. ഞങ്ങൾ ഇക്കാര്യം കോടതിയിൽ റിപ്പോർട്ട് ചെയ്തു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 30 സീറ്റ് മെരിറ്റോറിയസാണെന്ന് കോടതിയും പ്രഖ്യാപിച്ചു.

അഞ്ചരക്കണ്ടി, കണ്ണൂർ മെഡിക്കൽകോളേജിനെക്കുറിച്ച് ഞങ്ങൾ റിപ്പോർട്ട് കൊടുത്തു. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. അവർക്ക് തോന്നിയതുപോലെ പണവും കോഴയും വാങ്ങിയശേഷം തോന്നിയതു പോലെ കുട്ടികളെ അലോട്ട് ചെയ്തിട്ട് ലിസ്റ്റും കൊണ്ട് കോടതിയിൽ പോയി. കോടതിയിൽനിന്ന് വിധിയുണ്ടായി, എന്താണ് വിധിയുണ്ടായത്? ഇതൊന്നും അംഗീകരിക്കാൻ പറ്റുകയില്ലെന്ന് കോടതി വിധിച്ചു. അഞ്ചരക്കണ്ടി കോളേജിനെതിരെ വിധിവന്നു. ആ കുട്ടികൾ മുഴുവൻ വഴിയാധാരമായി. മെരിറ്റില്ലുള്ള കുട്ടികളും അതിനകത്തുണ്ട്, കാരണം തൊട്ടടുത്ത കോളേജല്ലേ എന്ന് വിചാരിച്ച് അഞ്ചരക്കണ്ടിയിൽ ചേർന്നു. വേറെ കോളേജിൽ അലോട്ട്മെന്റ് കിട്ടിയിട്ടും പോകാതെ വീട്ടിനടുത്ത കോളേജ് എന്നു പറഞ്ഞ് നല്ല മാർക്കുള്ള കുട്ടികളും അതിനകത്ത് ഉൾപ്പെട്ടുപോയി. ബാക്കി മെരിറ്റ് ലിസ്റ്റിൽനിന്നും കോഴവാങ്ങിയെടുത്ത കുട്ടികളും അതിനകത്തുണ്ട്. ആ കുട്ടികൾ എന്റെ മുൻപിൽവന്ന് കരയുകയാണ്. എനിക്ക് ഒന്നും ചെയ്യാൻ പറ്റുകയില്ല, അതെല്ലാം നിങ്ങൾ പണം കൊടുത്ത് നിശ്ചയിച്ചിട്ട് ചെയ്തതാണല്ലോ, പണം കൊടുത്തതിന് വല്ല രേഖയുമുണ്ടോ, ആരു പറഞ്ഞു അഞ്ചരക്കണ്ടി കോളേജിൽ പോയി ചേരാൻ എന്ന് ഞാൻ ചോദിച്ചു. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇതൊന്നും മനസ്സിലാക്കാതെ, ആരാണ് മാനേജ്മെന്റിനെ സഹായിക്കുന്നത് എന്നുള്ളത് വ്യക്തമാകാൻ വേണ്ടിയാണ് ഞാൻ പറഞ്ഞത്. കഴിഞ്ഞ വർഷം മാനേജ്മെന്റിനെതിരെ അവസാനം വരെ പൊരുതിയ ഗവൺമെന്റാണിത്. ഈ വർഷം ഡീംഡ് യൂണിവേഴ്സിറ്റിയായ അമൃതയെക്കൂടി സെൻട്രലൈസ്ഡ് അലോട്ടുമെന്റിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. എല്ലാം ഗവൺമെന്റിന്റെ മെരിറ്റോറിയസായി അലോട്ട്മെന്റ് നടത്തണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. യു.ഡി.എഫ്.-നെപ്പോലെ മാനേജ്മെന്റിനെ സഹായിക്കുന്ന ഒരു തീരുമാനവും എടുത്തിട്ടില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി ഗവൺമെന്റിന്റെ പാവയാണെന്ന് നിങ്ങൾ പറഞ്ഞല്ലോ. സുപ്രീം കോടതി ഗൈഡ്ലൈൻ അനുസരിച്ച് പ്രവർത്തിക്കുന്ന ജൂഡീഷ്യൽ പവറുള്ള ഒരു കമ്മിറ്റിയെ ഏത് ഗവൺമെന്റിനാണ് അതിന്റെ കീഴിൽ നിർത്താൻ പറ്റുക? നിങ്ങളുടെ കാലത്ത് ജെയിംസ് കമ്മിറ്റിയെ നിങ്ങളുടെ ഇംഗിതത്തിനനുസരിച്ച് നിർത്താൻ പറ്റിയിരുന്നോ? അങ്ങനെ നിർത്താൻ പറ്റുകയില്ല. സുപ്രീം കോടതി ഗൈഡ്ലൈൻ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കണമെങ്കിൽ വ്യക്തമായിട്ടുള്ള മാനദണ്ഡം ഉണ്ടായിരിക്കണം. ആ മാനദണ്ഡം അനുസരിച്ച് ഞങ്ങൾ പരിശോധിച്ചപ്പോൾ, 2016-ൽ കഴിഞ്ഞവർഷം ക്രിസ്ത്യൻ മാനേജ്മെന്റിന്റെ മെരിറ്റ് സീറ്റിൽ ആറ് ലക്ഷത്തി അൻപതിനായിരമാണ് ഫീസ്. മാനേജ്മെന്റിൽ 17 ലക്ഷത്തി അൻപതിനായിരമാണ് ഫീസ്. സ്റ്റൈപ്പന്റിലുള്ള വർദ്ധനവ് നിങ്ങൾ എന്തിനാണ് കണക്കാക്കുന്നത് എന്ന്

പറഞ്ഞല്ലോ. ഞങ്ങൾ കണക്കാക്കിയിട്ടില്ല. ഇത്തവണ രണ്ടരലക്ഷം രൂപ സ്റ്റൈപ്പന്റിൽ വർദ്ധനവാണ്. ഈ പറയുന്നതൊന്നും ഗവൺമെന്റ് കോളേജിനെക്കുറിച്ചല്ല, മാനേജ്മെന്റ് സ്ഥാപനത്തെക്കുറിച്ചാണ്. സ്റ്റൈപ്പന്റിലുണ്ടാകുന്ന വർദ്ധനവ് മാനേജ്മെന്റ് തിരിച്ചുകൊടുക്കേണ്ടതാണ്. മാനേജ്മെന്റ് അവരുടെ ഓഡിറ്റ് റിപ്പോർട്ടും, ചെലവുമെല്ലാം ഫീ റെഗുലേറ്ററി കമ്മിറ്റി മുൻപാകെ ഹാജരാക്കുമ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റി ഇതൊക്കെ പഠിച്ചശേഷം കോളേജിന്റെ ചെലവ്, അദ്ധ്യാപകർക്ക് കൊടുക്കുന്ന ഫീസ്, കോളേജിന്റെ മെയിന്റനൻസ്...., ഇതൊന്നും സർക്കാർ മാനേജ്മെന്റിനുവേണ്ടി വാദിക്കുന്നതല്ല. ഇതെല്ലാം ഹാജരാക്കിയിട്ടാണ്, ഇത് കണക്കുകൂട്ടിയിട്ടാണ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കുന്നത്. രണ്ടരലക്ഷം രൂപ വച്ച് വർദ്ധിച്ചു, അങ്ങനെയാകുമ്പോൾ 43,000 രൂപ ഒരു കുട്ടിക്ക് സ്റ്റൈപ്പന്റ് കിട്ടും, കിട്ടേണ്ടതാണ്, അതിപ്പോൾ മാനേജ്മെന്റിന് തട്ടിപ്പാക്കാൻ പറ്റില്ല. പണ്ടാണെങ്കിൽ സ്റ്റൈപ്പന്റ് കൊടുത്തുവെന്ന് കള്ളരേഖ കാണിച്ചിട്ട് കൊടുക്കാതിരിക്കുന്ന മാനേജ്മെന്റ് ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വളരെ വ്യക്തമായി ബാങ്ക് വഴി കൊടുക്കേണ്ടതുകൊണ്ട് സ്റ്റൈപ്പന്റ് കൊടുത്തേ മതിയാകുകയുള്ളൂ, അവിടെ തട്ടിപ്പ് നടക്കില്ല. അങ്ങനെ വരുമ്പോൾ 5,16,000 രൂപ ഒരു കുട്ടിക്ക് സ്റ്റൈപ്പന്റ് ഇനത്തിൽ കൊടുക്കണം. ഫീ റെഗുലേറ്ററി കമ്മിറ്റി ഇതെല്ലാം കാൽക്കുലേറ്റ് ചെയ്ത് മുൻ വർഷങ്ങളിൽ ഈ മാനേജ്മെന്റിന് കിട്ടിയ.....

ശ്രീ. രമേശ് ചെന്നിത്തല: സർ, എപ്പോഴും ബാങ്ക് വഴിയാണ് സ്റ്റൈപ്പന്റ് കൊടുക്കുന്നത്. ഇപ്പോഴും 5,000 രൂപ മുതൽ 15,000 രൂപ വരെ മാത്രം കൊടുക്കുന്ന 30,000 രൂപയിൽ താഴെമാത്രം കൊടുക്കുന്ന എത്രയോ സ്വാശ്രയ മാനേജ്മെന്റുകളുണ്ട്. കുട്ടികൾക്ക് സ്റ്റൈപ്പന്റ് കിട്ടുന്നില്ല, അവരോട് വെറുതെ എഴുതി വാങ്ങിക്കുകയാണ്. അതും ബാങ്കിലൂടെയാണ് കൊടുക്കുന്നത്. ഇതിൽ ഒരു മാറ്റവും വരാൻ പോകുന്നില്ല, മിനിസ്റ്റർക്ക് അത് മനസ്സിലാകും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : ഉറപ്പായും മാറ്റം വരും, ഇങ്ങനെ സ്റ്റൈപ്പന്റ് കൊടുക്കാതെയുള്ള ഏതെങ്കിലും കേസ് ഉണ്ടെങ്കിൽ ഗവൺമെന്റ് ഇടപെടും, അത് കൊടുപ്പിക്കും. അതിൽ യാതൊരു സംശയവും വേണ്ട, ഇക്കാര്യങ്ങളിൽ കണ്ണടയ്ക്കാനൊന്നും ഗവൺമെന്റ് തയ്യാറാകില്ല. സീറ്റ് വാങ്ങിത്തരാമെന്ന് പറഞ്ഞ് ഒരു ലക്ഷം രൂപ ഇടനിലക്കാർ വാങ്ങുന്നു എന്ന വാർത്ത ഏഷ്യാനെറ്റിൽ വന്നുവെന്ന് ഇന്നലെ എന്നോട് ആരോ പറഞ്ഞു. അങ്ങനെ ഏതെങ്കിലും ഇടനിലക്കാർ വാങ്ങുന്നുവെങ്കിൽ അത് വലിയ കുറ്റമാണ്, ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ വെറുതെ വിടാൻ പോകുന്നില്ല, നാട്ടുകാർ കൊടുക്കുകയും വേണ്ട. മെരിറ്റോറിയസ് ആയിട്ട് ഗവൺമെന്റ് അലോട്ട്മെന്റ്

നടത്തുമ്പോൾ നിങ്ങളെന്തിനാണ് ആർക്കെങ്കിലും പൈസ കൊടുക്കുന്നത്? പഴയതുപോലെ ഇവിടെ മാനേജ്മെന്റല്ല, ഗവൺമെന്റാണ് അലോട്ട്മെന്റ് നടത്തുന്നത്. മാനേജ്മെന്റ് അലോട്ട്മെന്റ് നടത്തുന്ന സമയത്ത് എന്തായിരുന്നു കൊള്ള; ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുന്ന സമയത്ത് ആ കൊള്ള നടത്താൻ സാധിക്കുമോ? കൊള്ളയില്ലാതായതിന്റെ ഖേദമാണ് ഇവർ പ്രകടിപ്പിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. തീവെട്ടിക്കൊള്ള നടത്താനുള്ള സ്വാതന്ത്ര്യം മാനേജ്മെന്റിന് നഷ്ടപ്പെട്ടതിന്റെ വിലാപമാണോ ഇതെന്ന് എനിക്ക് പറയാൻ കഴിയില്ല. കഴിഞ്ഞ തവണ മാനേജ്മെന്റിന് കിട്ടിയ പണം, അതിന്റെ മുൻവർഷങ്ങളിലുള്ളത്, ഇതെല്ലാമാണ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് കാൽക്കുലേറ്റ് ചെയ്യുന്നതിന് ആധാരമാക്കിയത് എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ വരുമ്പോൾ 29,16,000 രൂപയാണ് അവർക്ക് മൊത്തമായി വരിക. മാനേജ്മെന്റിന് വരുന്ന ചെലവും സ്റ്റൈപ്പന്റുമെല്ലാം ചേർത്ത തുകയുടെ ആവറേജ് 14,58,000 രൂപ എന്നാണ് ഫീ റെഗുലേറ്ററി കമ്മിറ്റി കണക്കാക്കിയത്. അത് റൗണ്ട് ഫിഗറാക്കി 14,00,000 രൂപ എന്ന് നിശ്ചയിച്ചു. ഈ പതിനാല് ലക്ഷത്തിൽ 5,16,000 രൂപ സ്റ്റൈപ്പന്റാണ്, സ്റ്റൈപ്പന്റ് കഴിഞ്ഞാൽ ഈ സീറ്റിൽ വരുന്ന കുട്ടിക്ക് അനുഭവത്തിൽ വരുന്ന ഫീസ് 8,84,000 രൂപയാണ്. ഇതൊരു ചെറിയ ഫീസാണെന്നൊന്നും പറയുന്നില്ല, ഇത് ഗവൺമെന്റിന്റെ കോളേജല്ല, മാനേജ്മെന്റ് കോളേജാണ്. 5,16,000 രൂപ സ്റ്റൈപ്പന്റിനത്തിൽ പോകുമെന്നും ബാക്കി 8,84,000 രൂപ ഫീസിനത്തിൽ നല്കണമെന്നും, ആ കോളേജിന്റെ കാര്യങ്ങളെല്ലാം പഠിച്ചശേഷം ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചതാണ്. നോൺ ക്ലിനിക്കൽ വിഭാഗത്തിന് 8,50,000 രൂപയാണ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫിക്സ് ചെയ്തത്. അവർക്കും 5,16,000 രൂപ സ്റ്റൈപ്പന്റാണ്. അത് കഴിഞ്ഞാൽ നോൺ ക്ലിനിക്കൽ വിഭാഗത്തിന് ഇഫക്ടീവ് ഫീസ് വരുന്നത് 3,34,000 രൂപയാണ്. മാനേജ്മെന്റുകൾ ഞങ്ങളുടെ മുമ്പിൽ കുറേ കരഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ചർച്ചയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് അവസാന തീരുമാനമെടുത്തത്. അവർ ഒരുപാട് ഉയർന്ന ഫീസാണ് ആവശ്യപ്പെട്ടത്, 20 ലക്ഷം രൂപ വരെ ആവശ്യപ്പെട്ടെങ്കിലും ഞങ്ങൾ വഴങ്ങിയില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്തതിൽനിന്നും 50 പൈസപോലും കൂട്ടാൻ ഈ ഗവൺമെന്റ് അനുവദിക്കില്ല എന്നാണ് ഞങ്ങൾ തീരുമാനിച്ചത്. അത് ക്രിസ്ത്യൻ മാനേജ്മെന്റ് അംഗീകരിച്ചതു കൊണ്ട് അവരുമായി ധാരണയായി. മറ്റ് മാനേജ്മെന്റുകൾ അംഗീകരിക്കാത്തതു കൊണ്ട് ഞങ്ങൾ അവരുമായി ധാരണയായിട്ടില്ല. ഇപ്പോഴും ഫീ റെഗുലേറ്ററി കമ്മിറ്റി കാൽക്കുലേറ്റ് ചെയ്യുന്ന ഫീസ് ഈടാക്കുകയാണ് അഭികാമ്യമെന്ന്

ചിന്തിക്കുന്നു. ഇന്നത്തെ പുതിയ സാഹചര്യത്തിൽ നീറ്റ് മെറിറ്റിൽ നിന്നും മാനേജ്മെന്റ് മെറിറ്റ് വേർതിരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. പഴയ 50:50 എന്ന അനുപാതത്തിലേയ്ക്ക് പോകാൻ നമുക്കെല്ലാവർക്കും ആഗ്രഹമുണ്ടെങ്കിലും സാധിക്കാത്ത സാഹചര്യമാണുള്ളത്. ഞാൻ അതിനെ ഒരുപാട് കുറ്റം പറയുന്നില്ല, കാരണം അതുകൊണ്ട് ഒരു ഗുണം കിട്ടി. കഴിഞ്ഞ കാലത്ത് മാനേജ്മെന്റിന് തോന്നിയവരോട് തോന്നിയ ഫീസ് വാങ്ങി മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടാത്തവർക്കുപോലും അഡ്മിഷൻ നല്കാൻ കഴിഞ്ഞിരുന്നു. ബയോളജിക്കും, മാത്സിനും 10 മാർക്ക് കിട്ടാത്ത കുട്ടികളെപ്പോലും കോഴ വാങ്ങി സ്വാശ്രയ കോളേജിൽ പ്രവേശിപ്പിക്കുന്ന ഒരു സമീപനം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നില്ലേ? ശ്രീ. വി. ടി ബൽറാം, എന്നെക്കൊണ്ട് ആ പഴയ കണക്കിലേയ്ക്കൊന്നും പോകാൻ ഇടയാക്കരുത്. ഈ സാഹചര്യത്തിൽ ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോ, യു.ഡി.എഫ്.-നോ സമർപ്പിക്കാൻ ഉണ്ടെങ്കിൽ, എം.ബി.ബി.എസ്.ന്റെ ഫീസും അലോട്ട്മെന്റും നടക്കാൻ പോകുകയാണ്, നിങ്ങൾ ഇതിനേക്കാൾ മെച്ചപ്പെട്ട ഒരു തീരുമാനം, സജഷൻ ഞങ്ങളുടെ മുമ്പാകെ പറയുകയാണെങ്കിൽ നമുക്ക് ഒരുമിച്ചിരുന്ന് തീരുമാനിക്കാം. ഈ ഗവൺമെന്റിന് മറ്റ് വാശികളൊന്നുമില്ല. ഇപ്പോൾ എടുത്തത് ഏറ്റവും ശരിയായ തീരുമാനമാണ്. അതുകൊണ്ട് ഇത്രയേറെ കോളേജുകളെ മെറിറ്റിൽ കൊണ്ടുവരാൻ സാധിച്ചു, മുഴുവൻ അലോട്ട്മെന്റും മാനേജ്മെന്റിന്റെ പിടിയിൽനിന്നും മാറ്റി, മെറിറ്റ് ലിസ്റ്റ് അടിസ്ഥാനത്തിൽ നിർവ്വഹിക്കാൻ സാധിച്ചു. അതുകൊണ്ട് അത്രയേറെ മെറിറ്റ് കുട്ടികൾ പഠനത്തിന് എത്തുമെന്നതാണ് ഇതിന്റെ നേട്ടം. ഇതിന് താഴെയുള്ള കുട്ടികൾക്ക് അല്പം ഫീസ് വർദ്ധിച്ചു എന്നത് ശരിയാണ്. നേരത്തേ വർദ്ധിച്ച ഫീസ് കൊടുത്തിരുന്നത് രണ്ടര ലക്ഷംരൂപ സബ്സിഡിയും കൂട്ടി ഇരുപത് ലക്ഷം രൂപയായിരുന്നു. ഇരുപത് ലക്ഷം രൂപ ഫീസ് കൊടുക്കേണ്ടിയിരുന്ന കുട്ടി ധനികനല്ല, എന്നാൽ അതിൽ ധനികനുമുണ്ട്. 6.5 ലക്ഷം രൂപ ഫീസ് കൊടുക്കേണ്ടിയിരുന്ന കുട്ടികളുടെ കൂട്ടത്തിൽ ധനികനുമുണ്ട്, ദരിദ്രരുമുണ്ട്. ഇത് രണ്ടും കൂടിച്ചേർന്ന് ആവറേജിലേയ്ക്ക് വരുമ്പോൾ 6.5 ലക്ഷം രൂപ കൊടുത്തിരുന്ന കുട്ടികൾ ഈ പറയുന്ന 8.5 ലക്ഷം രൂപ ഫീസിലേയ്ക്ക് വരുന്നു, 20 ലക്ഷം രൂപ ഫീസ് കൊടുത്തവരും ഫീസ് താഴ്ന്ന് 8.5 ലക്ഷത്തിലേയ്ക്ക് വരുന്നു. മെറിറ്റിലെ പകുതി കുട്ടികൾക്ക് ഫീസ് 5 ലക്ഷം രൂപയിലേറേ കുറയുന്ന സമീപനം ഇതിൽ വന്നിട്ടുണ്ട് എന്നാൽ ഒരു വിഭാഗത്തിന് ആവറേജ് കണക്കാക്കുമ്പോൾ ഫീസ് കൂടുന്നുണ്ട്..

മി. സ്പീക്കർ: മിനിസ്റ്റർ, സഭ നിർത്തിവയ്ക്കേണ്ടതുണ്ടോ; നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലാ കുട്ടികൾക്കും ഫീസ് കൂട്ടി എന്ന ലോജിക് ശരിയല്ല, ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് ഗവൺമെന്റ് അംഗീകരിച്ചതിൽ ഉറച്ചുനിൽക്കുകയാണ്. അതിൽ ഒരു അപാകതയും ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടുന്ന യാതൊരു ആവശ്യകതയും ഇക്കാര്യത്തിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ വിശദീകരിച്ചിരിക്കുകയാണ്. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

10.00 am]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഷേക്സ്പിയർ മാക്ബത്തിൽ ഒരു വാചകം പറയുന്നുണ്ട്, “False face must hide, what the false heart doth know” അങ്ങേയറ്റം മോശം പ്രവർത്തനത്തിന്റെ നല്ല ഭാവം പുറമേ വരുത്തി ന്യായീകരിക്കുന്നവരെക്കുറിച്ചാണ് ഈ വരികൾ. ബഹുമാന്യയായ ടീച്ചറുടെ പ്രസംഗം കേട്ടപ്പോൾ എനിക്ക് അതാണ് തോന്നിയത്. സർക്കാർ ഇപ്പോൾ സാധാരണക്കാരന്റെ മക്കളെ മെഡിക്കൽ വിദ്യാഭ്യാസത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. മൂന്നിരട്ടിയോളം ഫീസ് ചരിത്രത്തിൽ ആദ്യമായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഒരു പുതിയ സാഹചര്യം വന്നിരിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. 100% സെൻട്രലൈസ്ഡ് ആയി മാത്രമാണ് ഇപ്പോൾ കൗൺസിലിംഗ് നടത്തുന്നത്, നീറ്റ് മെറിറ്റ് വന്നിരിക്കുന്നു. അത് ഞങ്ങൾക്കും മനസ്സിലാകും. ഇവിടെ ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞത്, ഞങ്ങൾ ഇടപെട്ടിട്ടില്ല, ഫീസ് റെഗുലേറ്ററി കമ്മിറ്റി, ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിറ്റിയാണ് ഇത് ചെയ്തത് എന്നാണ്. ഇത് ശരിയല്ല, ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ആദ്യം ചർച്ച നടത്തിയത് ഈ ഗവൺമെന്റാണ്, അവർ പറഞ്ഞ ഫീസ് അംഗീകരിച്ചു. രണ്ടാമതായി, മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പ്രതിനിധികൾ വന്നു, അവർ 20 ലക്ഷവും 30 ലക്ഷവും ചോദിച്ചു, എല്ലാക്കാലത്തും അവർ ചോദിക്കുന്നതാണ്. ചോദിക്കുന്ന ഫീസ് കൊടുത്തില്ല എന്നുപറയുന്നത് മേനി നടിക്കലാണ്.

അവർ ആഗ്രഹിച്ചത് ഈ ഫീസ് തന്നെയാണ്. നിങ്ങൾക്ക് പറ്റിയ പിഴവ് എവിടെയാണ്; ക്രിസ്ത്യൻ മാനേജ്മെന്റുമായി ചർച്ച നടത്തിയപ്പോൾ അവർ പറഞ്ഞ ഫീസ് നിങ്ങൾ അനുവദിച്ചുകൊടുത്തു എന്നതിലാണ്. അതുതന്നെയായിരുന്നു അവരും ആഗ്രഹിച്ചത്. നിങ്ങൾ അവിടെയായിരുന്നു ചെയ്യേണ്ടിയിരുന്നത്, ക്രിസ്ത്യൻ മാനേജ്മെന്റുമായി ചർച്ച നടത്തിയപ്പോൾ ഉദാരമായ നിലയിൽ നിങ്ങൾ ഫീസ് കൂട്ടിക്കൊടുത്തു, നിങ്ങൾ സമ്മതിച്ചു. അവിടെയാണ് നിങ്ങൾക്ക് പിഴവ് പറ്റിയത്. നിങ്ങളുടെ ആദ്യത്തെ സ്റ്റെപ്പ് പിഴച്ചു. അതോടുകൂടിയാണ് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ വലിയ ഫീസ് ആവശ്യപ്പെടുകയും അവർ തിരിച്ചുവരികയും ചെയ്തത്. തെലുങ്കാന ഗവൺമെന്റ് ഉയർന്ന ഫീസ് ചുമത്തിയപ്പോൾ ഹൈദ്രാബാദ് ഹൈക്കോടതി പുറപ്പെടുവിച്ച ഒരു വിധിന്യായം എന്റെ കൈയിലുണ്ട്. The bench of Justice Challa Kodanda Ram and Justice N. Balayogi while hearing...... "Suspended the operation of the order of Telangana government which had increased the fee for the P.G medical courses" ഇതുപോലെതന്നെ ഫീസ് വർദ്ധിപ്പിച്ചതിനെതിരെ ഹെൽത്ത് കെയർ റിഫോം സൊസൈറ്റി, ഉസ്മാനിയ ജൂനിയർ ഡോക്ടേഴ്സ് അസോസിയേഷൻ, ഹൈദരാബാദ് കോടതിയിൽ പെറ്റീഷൻ കൊടുത്തു. ആ പെറ്റീഷനിൽ കോടതി പറഞ്ഞത്, " This stay will be in operation for four weeks" എന്നാണ്. നാല് ആഴ്ചത്തെ സ്റ്റേയാണ് ഹൈദരാബാദ് ഹൈക്കോടതി കൊടുത്തിരിക്കുന്നത്. ഫീസ് റെഗുലേറ്ററി കമ്മിറ്റിയുടെ തലയിൽവച്ച് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിക്ക് രക്ഷപ്പെടാൻ കഴിയില്ല. നിങ്ങൾ സ്വാശ്രയ മാനേജ്മെന്റുകളുമായി ചേർന്നുണ്ടാക്കിയിരിക്കുന്ന ഒരു കൂട്ടുകച്ചവടമാണ് ഇതെന്ന് പറയേണ്ടി വരും. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഇവിടെയുണ്ടല്ലോ, എത്ര തവണയാണ് ചർച്ച നടത്തിയത്? അന്നത്തെ മുഖ്യമന്ത്രി എത്ര തവണ ചർച്ച ചെയ്താണ് ഫീസ് തീരുമാനിച്ചിട്ടുള്ളത്. ഇവിടെ സംഭവിച്ചത്, അവർ വന്നു, ക്രിസ്ത്യൻ മാനേജ്മെന്റ് പറഞ്ഞു, നിങ്ങളത് സമ്മതിച്ചു, മറ്റുള്ളവർ കൂടുതൽ ചോദിച്ചു, അവസാനം ആ ഫീസ് തന്നെ കൊടുക്കാൻ രാജേന്ദ്ര ബാബു കമ്മിറ്റിയോട് നിങ്ങൾ പറഞ്ഞു. ഇത് വലിയ വഞ്ചനയല്ലേ? ഇത് പ്രൊവിഷനലായിട്ടാണ്, താല്ക്കാലികമാണ്. ഇനിയും കൂടുതൽ കൂടുതൽ ചെലവും വരവും മറ്റുമായ കാര്യങ്ങൾ കൊടുത്ത് അവർ കമ്മിറ്റിയെ ബോധ്യപ്പെടുത്തിയാൽ കൂടുതൽ ഫീസ് കൊടുക്കും. എനിക്ക് വിഷമം തോന്നി, ആരോഗ്യ വകുപ്പുമന്ത്രി പ്രൈവറ്റ് സ്വാശ്രയ കോളേജുകളുടെ അക്കൗണ്ടന്റ് പറയുന്നതുപോലെയാണ്

ഇവിടെ സംസാരിച്ചത്. അങ്ങനെ പറയാൻ പാടില്ല. ഞങ്ങൾക്ക് പുതിയ സാഹചര്യം അറിയാം. 100% നീറ്റ് മെറിറ്റാണ്. നമ്മുടെ ലക്ഷ്യം എന്തായിരിക്കണം; കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പരമാവധി ഫീസ് കുറച്ച് കൊടുത്തുകൊണ്ട് അവരെ പഠിപ്പിക്കാനുള്ള അവസരം ഉണ്ടാക്കുകയാണ് വേണ്ടത്. ഞാൻ രണ്ട് നിർദ്ദേശങ്ങൾ വയ്ക്കുന്നു, നിങ്ങൾ സ്കോളർഷിപ്പ് കൊടുക്കാൻ തയ്യാറുണ്ടോ? പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കാൻ നിങ്ങൾ സ്വാശ്രയ മാനേജ്മെന്റുകളെ നിർബന്ധിക്കണം. ഈ രണ്ട് കാര്യങ്ങൾ ടീച്ചർ പറഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കില്ലായിരുന്നു. നീറ്റ് മെറിറ്റിന്റെ പേരിൽ ഇവിടെ ഫീസ് കൂട്ടേണ്ടി വരുമെന്ന കാര്യം ഞങ്ങൾക്കും അറിയാം. പക്ഷേ ആ ഫീസ് ന്യായമാകണം. ഈ സംസ്ഥാനത്ത് ഇതുപോലൊരു ഫീസ് വർദ്ധനയുണ്ടാകരുത്. പാവപ്പെട്ട, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പി.ജി. പഠനം സാധ്യമാക്കാൻ, സ്കോളർഷിപ്പ് ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. എന്തുകൊണ്ട് സ്കോളർഷിപ്പ് കൊടുക്കാൻ നിങ്ങൾ അവരോട് പറയുന്നില്ല? ഇന്നും ഇന്നലെയുമൊന്നുമല്ല സ്വാശ്രയ മാനേജ്മെന്റുകൾ കോളേജുകൾ ആരംഭിച്ചത് എന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്ന കാര്യമാണല്ലോ. ഇവിടെ രണ്ടുതരം വരുമാനങ്ങളാണുള്ളത്. ഒന്ന്, രോഗികളെ ചികിത്സിക്കുന്ന വരുമാനം, രണ്ട്, നഴ്സിംഗ് സ്കൂളുകൾ നടത്തുന്ന വരുമാനം. മൂന്ന്, എം.ബി.ബി.എസ്./എം.ഡി. വരുമാനം. ഇത് മൊത്തം കാൽക്കുലേറ്റ് ചെയ്തുനോക്കിയാൽ ഒരു മെഡിക്കൽ കോളേജും നഷ്ടത്തിലല്ല. ഒരു മെഡിക്കൽ കോളേജും ആരും പൂട്ടാൻ പോകുന്നില്ല; ആരും മെഡിക്കൽ കോളേജ് കശുവണ്ടി ഫാക്ടറിയാക്കാൻ പോകുന്നില്ല; ഇത് വളരെ lucrative ആയൊരു ബിസിനസ്സാണ്. സംശയമൊന്നും വേണ്ട. ആ നിലയിൽ, അവർ ലാഭകരമായി പ്രവർത്തിക്കുന്നവരാണ്. ഞങ്ങളുടെ പ്രശ്നം, കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പി. ജി. അഡ്മിഷന് പോകാനുള്ള അവസരമുണ്ടാകാതിരിക്കുന്നു. 30-40 ലക്ഷം രൂപ ഫീസ് കൊടുത്ത് പഠിക്കേണ്ട അവസ്ഥയുണ്ടായിരിക്കുന്നു. ആദ്യത്തെ ചർച്ചതന്നെ പാളി, നിങ്ങൾക്ക് കുഴപ്പം പറ്റുകയും ചർച്ച പാളുകയും ചെയ്തു. നിങ്ങൾ എന്തിനാണ് ആദ്യം ചർച്ച ചെയ്തപ്പോൾ അംഗീകരിച്ച് കൊടുത്തത്; ഒരു ചർച്ചയുംകൂടി ആകാമായിരുന്നല്ലോ; രണ്ട് ചർച്ച ആകാമായിരുന്നല്ലോ; എന്താണെന്നുള്ളത് ആരോഗ്യ വകുപ്പ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദന് അറിയില്ലേ; അദ്ദേഹം എത്ര തവണ ചർച്ച നടത്തിയിട്ടുണ്ട്;

ആരോഗ്യ വകുപ്പുമന്ത്രിക്ക് അറിയില്ലെങ്കിൽ അതിന്റെ സെക്രട്ടറിക്ക് അറിയില്ലേ; എന്തുകൊണ്ട് നിങ്ങൾ ചർച്ച നടത്തിയില്ല? 28-ാം തീയതി അവസാന ഡേറ്റാണ്. അതിനുമുമ്പ് മതിയല്ലോ? തെലുങ്കാന ഗവൺമെന്റ് എത്ര തവണ ചർച്ച നടത്തി; മറ്റ് ഗവൺമെന്റുകൾ എത്ര തവണ ചർച്ച നടത്തി? കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളുടെ മുമ്പിൽ നിങ്ങൾ മുട്ടുകുത്തി എന്ന് പറയേണ്ടിയിരിക്കുന്നു. അവർ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ ഒപ്പിട്ട് കൊടുത്തിരിക്കുന്നു. ഇന്നത്തെ ഈ പുതിയ സാഹചര്യത്തിൽ എസ്.സി./എസ്.ടി. കുട്ടികൾക്ക് ആരാണ് ഫീസ് കൊടുക്കുന്നത്? ഗവൺമെന്റ് കൊടുക്കണം. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഏറ്റവും വലിയ തീരുമാനമായിരുന്നു പാവപ്പെട്ട എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ് കൊടുക്കാൻ തീരുമാനിച്ചത്. ഇപ്പോൾ നിങ്ങൾ ഈ കൂട്ടിയതനുസരിച്ച് എക്സ്ചെക്കറിലല്ലേ ഇതിന്റെ പ്രഷർ വരുന്നത്; ഗവൺമെന്റിനല്ലേ ഈ ഫീസ് കൂടുതൽ കൊടുക്കേണ്ടി വരുന്നത്? എസ്.സി./എസ്.റ്റി. വിദ്യാർത്ഥി കൾക്കുള്ള ഫീസ് ആര് കൊടുക്കും? ഗവൺമെന്റ് കൊടുക്കും. അപ്പോൾ സംസ്ഥാനത്തിന്റെ ഖജനാവിൽനിന്ന് സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൂടുതൽ പണം വന്നുചേരുന്നു. ഇത് ഉണ്ടാക്കുന്ന സാമൂഹ്യമായ പ്രശ്നം ചെറുതല്ല. ഇവിടെ ഡോ. ടി. എം. തോമസ് ഐസക് ഉണ്ടോ? ശാസ്ത്ര സാഹിത്യ പരിഷത്ത് പറഞ്ഞിരിക്കുന്നത്, 'സ്വാശ്രയ മെഡിക്കൽ കോളേജിലെ ക്ലിനിക്കൽ പി.ജി. പ്രവേശനത്തിന്റെ മെരിറ്റ് സീറ്റിൽ 6.5 ലക്ഷം രൂപ 14 ലക്ഷം രൂപയായി ഉയർത്തിയ നടപടി പിൻവലിക്കണം' എന്നാണ്. ഫീസ് വർദ്ധിപ്പിച്ചില്ലെങ്കിൽ കോളേജിന് നഷ്ടമാകുമെന്ന ഉടമയുടെ വാദം അംഗീകരിച്ചാണ് സർക്കാർ ഈ വർദ്ധനവിന് മുതിർന്നിട്ടുള്ളത്. കോളേജുകളുടെ ഈ നിലപാട് വസ്തുതാവിരുദ്ധമാണ്. കൂടുതൽ വാർത്തയുണ്ട്, ഞാൻ വായിക്കുന്നില്ല. ശാസ്ത്രസാഹിത്യ പരിഷത്ത് എതിർത്തിരിക്കുന്നു. എസ്.എഫ്.ഐ.യും ഡി.വൈ.എഫ്.ഐ.യുമൊക്കെ കാശിക്ക് പോയിരിക്കുകയാണ്. അവർ ആരും ഇവിടെ ഇല്ല. ഇത്രയും വലിയ വർദ്ധനവ് ഉണ്ടായിട്ടും അവരുടെയാരുടേയും ഒരു സ്റ്റേറ്റ്മെന്റ് പോലും ഞങ്ങൾ കണ്ടില്ല. മന്ത്രി മറുപടി പറയുന്നവേളയിൽ ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ കയ്യടിച്ചല്ലോ? ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ സംഘടനയായ എ.ഐ.വൈ.എഫ്. അതിനെ എതിർത്തിട്ടുണ്ട്. 'മെരിറ്റ് സീറ്റിലെ ഫീസ് വർദ്ധനവ്, ഇടതുപക്ഷ സർക്കാരിന്റെ പ്രഖ്യാപിത നയത്തിൽനിന്നുള്ള വ്യതിചലനമാണ്, സ്വാശ്രയ മാനേജ്മെന്റ് ലോബികളെ സഹായിക്കുന്ന തരത്തിലാണ് കരാർ ഒപ്പിട്ടത്. കടുത്ത വിദ്യാർത്ഥി

വഞ്ചനയും ചൂഷണവുമാണ് സ്വാശ്രയ മാനേജ്മെന്റിൽ നടക്കുന്നത്.' ഇത്രയും വലിയ ഫീസ് വർദ്ധിപ്പിച്ച് കൊടുത്ത നിങ്ങൾ ഇനിയും എം.ബി.ബി.എസ്.ന് എന്താണ് ചെയ്യാൻ പോകുന്നതെന്ന് ഓർത്ത് കേരളത്തിലെ രക്ഷകർത്താക്കളും വിദ്യാർത്ഥികളും കടുത്ത ആശങ്കയിലാണ്. നിങ്ങൾ ഈ സംസ്ഥാനത്തെ വിദ്യാർത്ഥികളെ മുഴുവൻ വഞ്ചിച്ചുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, നിങ്ങളുടെ സജഷൻ ഉണ്ടെങ്കിൽ തരണമെന്ന്. ഞങ്ങൾ ഒരു സജഷൻ നൽകി. 40,000 രൂപയുടെ ഫീസ് കുറയ്ക്കാൻ മാനേജ്മെന്റും മന്ത്രിയും ഞങ്ങളെല്ലാവരും സംസാരിച്ചാണല്ലോ കഴിഞ്ഞ തവണ അവർ 40,000 രൂപ ഫീസ് കുറയ്ക്കാൻ വേണ്ടി മുന്നോട്ടുവന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് അതിന് സമ്മതിക്കാത്തതു കൊണ്ടാണ് ഫീസ് കുറയ്ക്കാൻ കഴിയാതെ പോയത്? അന്ന് അങ്ങേയ്ക്കുണ്ടായ അനുഭവം ഞാൻ പറയുന്നില്ല. അന്ന് ശ്രീ. രാജീവ് സദാനന്ദന് ഉണ്ടായ അനുഭവവും ഞാൻ പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കഴിഞ്ഞ തവണ ഉണ്ടായ പ്രശ്നം നമ്മൾ ഇവിടെ വിശദമായി ചർച്ച ചെയ്തതാണ്. പ്രതിപക്ഷ നേതാവ് അടക്കം സംസാരിച്ചതിന്റെ ഭാഗമായി, ഈ പറയുന്ന സ്വാശ്രയ മാനേജ്മെന്റുകളുടെ യോഗം വിളിച്ചത് ഇങ്ങനെ ഒരു ഓഫർ അവർ വയ്ക്കും എന്നായിരുന്നു സർക്കാരിന്റെ ധാരണ. എന്തെങ്കിലും ഓഫർ ഉണ്ടോ എന്ന് സർക്കാർ അവരോട് ചോദിച്ചു. ഒരു ഓഫറും അവരുടെ ഭാഗത്തുനിന്നുണ്ടായില്ല. ഒന്നും അവർ പറയാൻ തയ്യാറല്ല. എനിക്ക് എന്ത് ചെയ്യാൻ കഴിയും; സർക്കാരിന് എന്ത് ചെയ്യാൻ കഴിയും? ഓഫർ അവർ വയ്ക്കുമെന്ന് പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ യോഗം വിളിച്ചത്. അവർ ഒരു ഓഫറും വയ്ക്കാൻ തയ്യാറായില്ല. ഇതാണ് സംഭവിച്ചത്.

ശ്രീ. വി. എസ്. ശിവകുമാർ: ഓഫർ വച്ചില്ല എന്ന് അങ്ങ് പറയുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷക്കാലം 10 ശതമാനം മാത്രമായിരുന്നു ഫീസ് വർദ്ധിപ്പിച്ചിരുന്നത്. എന്നുപറഞ്ഞാൽ, അഞ്ചുവർഷക്കാലംകൊണ്ട് വെറും 47,000-ത്തോളം രൂപ മാത്രമാണ് വർദ്ധിച്ചത്. ഒരു വർഷംകൊണ്ട് 65,000 രൂപ വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആണോ സജഷൻ വച്ചത്? അവർ ഓഫർ വച്ചില്ല എന്ന് പറഞ്ഞു, അപ്പോൾ ഗവൺമെന്റ് ആണോ ഈ 65,000 രൂപ അങ്ങോട്ട് കൊടുക്കാമെന്ന് പറഞ്ഞത്? .............(ബഹളം)......നമ്മൾ പിന്തുടർന്നുവന്ന ഒരു സമീപനം ഉണ്ടായിരുന്നു. .....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് സംസാരിക്കൂ....

ശ്രീ. രമേശ് ചെന്നിത്തല: സർ,...........

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഇങ്ങനെ പറഞ്ഞുപോകാൻ പറ്റില്ല. ......(ബഹളം)...... പ്രതിപക്ഷ നേതാവേ, അങ്ങ് എന്നെ പറയാൻ അനുവദിക്കൂ.... ഞാൻ പറയട്ടേ. കഴിഞ്ഞ തവണ 45,000 രൂപ മാത്രമേ വർദ്ധിപ്പിച്ചിട്ടുള്ളൂവെന്ന് നിങ്ങൾ പറയുമ്പോൾ ആറ് കോളേജുമായാണ് കരാർ ഉണ്ടാക്കിയത്. ഒരു കോടിയോളം രൂപ കോഴ വാങ്ങിയാണ് ബാക്കി കോളേജിൽ കുട്ടികളെ ചേർത്തത്. 60,000 രൂപ വർദ്ധിപ്പിച്ചുവെന്ന് പറയുമ്പോൾ 20 കോളേജുകളുമായി കരാർ ഉണ്ടാക്കുക മാത്രമല്ല സെൻട്രലൈസ്ഡ് അലോട്ട്മെന്റ് നടത്തി കോഴ വാങ്ങാനുള്ള സാഹചര്യം പൂർണ്ണമായും ഇല്ലാതാക്കുകയാണ് ചെയ്തത്. ആര് ചെയ്തതാണ് ഈ കേരളത്തിലെ ജനങ്ങൾക്ക് ഗുണകരമായി വന്നിട്ടുള്ളത്? ....(മൈക്ക് ഓഫ്). (ബഹളം)... തലവരിപ്പണം ഒഴിവാക്കി. 30-40 ലക്ഷം രൂപ വാങ്ങുന്നു. എവിടെ 30 ലക്ഷം രൂപ വാങ്ങാൻ അനുവദിക്കും? ഈ ഗവൺമെന്റ് 30 ലക്ഷം രൂപയൊന്നും വാങ്ങാൻ ഒരാളെയും അനുവദിക്കില്ല. പൂർണ്ണമായും സെൻട്രലൈസ്ഡ് അലോട്ട്മെന്റ് പ്രകാരമായിരിക്കും പ്രവേശനം. ഈ നിശ്ചയിച്ച ഫീസിൽ ഒതുങ്ങിയിട്ടില്ലെങ്കിൽ കർശന നടപടി സ്വീകരിക്കും. ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ......(ബഹളം)...... ഞാൻ പറയുന്നത് നിങ്ങൾ കേൾക്കൂ...... വാദിച്ച് ജയിക്കാനുള്ള വാദമുഖങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ഞാൻ പറയുന്നത് കേൾക്കാനുള്ള ക്ഷമ നിങ്ങൾ കാണിക്കാത്തത്. തീർച്ചയായും അങ്ങനെയാണ്. 74 പുതിയ പി.ജി. സീറ്റുകളാണ് ഈ ഗവൺമെന്റ് ഇടപെട്ട് വാങ്ങിച്ചുകൊണ്ടുവന്നത്. ഒരു ആരോപണത്തിനുംകൂടി എനിക്ക് മറുപടി പറഞ്ഞേ മതിയാകൂ. പാരിപ്പള്ളി മെഡിക്കൽ കോളേജ് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം. പി. ഇടപെട്ട് പാസ്സാക്കി എന്നുപറഞ്ഞു. അത് വസ്തുതാപരമല്ലെന്ന് മനസ്സിലായല്ലോ? ......(ബഹളം)...... സഭയിൽ ഒരു ആരോപണമുണ്ടായാൽ എനിക്ക് അതിന് മറുപടി പറയണം. കുറേ മെഡിക്കൽ കോളേജുകൾ അംഗീകരിച്ചുവെന്നും സീറ്റുകൾ വർദ്ധിപ്പിച്ചുവെന്നുമൊക്കെ പറയുകയുണ്ടായി. അങ്ങയുടെ ചോദ്യത്തിന്റെ ഭാഗമായി, സഭയിൽ വന്നിട്ടുള്ള ആരോപണത്തിന് എനിക്ക് മറുപടി പറഞ്ഞേ മതിയാകൂ. പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ കെട്ടിടം മാത്രമാണ് ഈ ഗവൺമെന്റ് ഏറ്റെടുത്തിരുന്നത്. അവിടെ യാതൊരു തരത്തിലുള്ള കാര്യവും ഉണ്ടായിരുന്നില്ല. ......(ബഹളം)...... ഈ

ഗവൺമെന്റ് വന്നതിനുശേഷം 380 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് എം.സി.ഐ.ക്ക് റിപ്പോർട്ട് ചെയ്തതിന്റെ ഭാഗമായാണ് ഇപ്പോൾ പാരിപ്പള്ളി മെഡിക്കൽ കോളേജിന് അംഗീകാരം കിട്ടിയത്. ഗവൺമെന്റ് അവിടെ എല്ലാ ഫെസിലിറ്റീസും ഉണ്ടാക്കി എം.സി.ഐ.യുമായി നിരന്തരമായി ബന്ധപ്പെട്ട് ലോധാ കമ്മിറ്റിയിൽ അപേക്ഷ കൊടുത്തതിന്റെ ഭാഗമായി ഗവൺമെന്റിന്റെ അപേക്ഷ അംഗീകരിച്ചു കൊണ്ടാണ് പാരിപ്പള്ളി മെഡിക്കൽ കോളേജിന് അംഗീകാരം ലഭിച്ചത്. ഒരു എം.പി.യുടെയും പിന്തുണയല്ല അത്. അവിടെ ബന്ധപ്പെടണമെന്ന് എം.പി.യോട് നിരവധി തവണ ഞാൻ അപേക്ഷിച്ചതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യയായ മന്ത്രി ഇത്രയും ദീർഘമായൊരു പ്രസംഗം നടത്തുമെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ചോദ്യത്തിന് വഴങ്ങില്ലായിരുന്നു. ആരോഗ്യ വകുപ്പുമന്ത്രി തയ്യാറാണെങ്കിൽ നമുക്ക് ഇതുസംബന്ധിച്ച് ഇപ്പോൾ ചർച്ച നടത്താവുന്നതാണ്. ഞങ്ങൾ ചർച്ചയ്ക്ക് തയ്യാറാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് അവർ നിർദ്ദേശമൊന്നും മുന്നോട്ടുവച്ചില്ലെന്നാണ്. ആരോഗ്യ വകുപ്പ് സെക്രട്ടറിയോടും ആരോഗ്യ വകുപ്പുമന്ത്രിയോടുമുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പെരുമാറ്റം കണ്ടപ്പോൾ സ്വാശ്രയ മാനേജ്മെന്റിന് നിർദ്ദേശം വയ്ക്കാനുള്ള ധൈര്യമുണ്ടായില്ല. അതിനുമുമ്പ് എ.കെ.ജി. സെന്ററിൽനിന്ന് അംഗീകരിക്കരുതെന്ന് പറഞ്ഞ് ഫോൺ വന്നു. അതൊക്കെ പഴയ കാര്യം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ 40,000 രൂപ കുറയ്ക്കാമെന്ന് പറഞ്ഞവരോടു പോലും നിങ്ങൾ കുറയ്ക്കണ്ട എന്നുപറഞ്ഞ് വിദ്യാർത്ഥികളുടെ താൽപ്പര്യത്തെ ബലികഴിച്ച ആളുകളാണ് ഇപ്പോൾ ഫീസ് വളരെ വർദ്ധിപ്പിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. പി.ജി.യുടെ ഫീസ് ഇങ്ങനെയാണെങ്കിൽ എം.ബി.ബി.എസ്.ന്റെ ഫീസ് എങ്ങനെയായിരിക്കും വർദ്ധിപ്പിക്കുന്നത്! സ്വാശ്രയ മാനേജ്മെന്റുകൾക്ക് എന്ത് തോന്ന്യാസവും ചെയ്യാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. നിങ്ങൾ ഫീസ് റെഗുലേറ്ററി കമ്മിറ്റിയെ കുറ്റംപറഞ്ഞ് രക്ഷപ്പെടാമെന്ന് കരുതണ്ട. ഫീസ് റെഗുലേറ്ററി കമ്മിറ്റി തീരുമാനിക്കുന്നതിനുമുമ്പ് നിങ്ങൾ ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി ധാരണയുണ്ടാക്കി. ആ ധാരണയാണ് ഇപ്പോൾ പ്രശ്നങ്ങൾക്ക് കാരണം. സ്വാശ്രയ മാനേജ്മെന്റുകൾ കൂടുതൽ ലാഭം കൊയ്യത്തക്ക നിലയിൽ, 15 കോടി രൂപ ലാഭം കിട്ടത്തക്ക രീതിയിലാണ് പുതിയ എഗ്രിമെന്റുണ്ടാക്കിയിരിക്കുന്നത്. ബഹുമാന്യയായ മന്ത്രി പാരിപ്പള്ളി മെഡിക്കൽ കോളേജിനെക്കുറിച്ച് പറഞ്ഞു. പാരിപ്പള്ളി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ലോധാ കമ്മിറ്റിയുടെമുന്നിൽ അപ്പീൽ കൊടുത്തത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം.പി. യാണ്. അദ്ദേഹം അതിനുവേണ്ടി നടത്തിയ ശ്രമത്തെ ബഹുമാന്യയായ മന്ത്രി ഇകഴ്ത്തികാണിക്കുന്നത് ശരിയല്ല. ഫീസ് കുത്തനെ വർദ്ധിപ്പിച്ചതാണ് ഇവിടെയുള്ള

വിഷയം. സ്വാശ്രയ സ്ഥാപനങ്ങൾക്കെതിരെ സമരം ചെയ്ത ആളുകൾ ഫീസ് ഇത്രയും വർദ്ധിപ്പിച്ച് കൊടുക്കുന്നതിൽ എന്ത് ന്യായീകരണമാണുള്ളത്; ഫീസ് കുറച്ച് നൽകാൻ അവരെ നിർബന്ധിക്കുകയല്ലേ ചെയ്യേണ്ടത്? എനിക്ക് മനസ്സിലാകാത്ത കാര്യം, ഒരു മാനേജ്മെന്റുമായി ചർച്ച നടത്തി അവർ കൂടുതൽ ഫീസ് ചോദിച്ചപ്പോൾ ചോദിക്കുന്ന ഫീസ് എഴുതിക്കൊടുക്കുകയാണോ ചെയ്യേണ്ടത്? ഹെൽത്ത് സെക്രട്ടറി എത്ര തവണ ഇത്തരം ചർച്ചകൾ നടത്തിയിട്ടുള്ള ആളാണ്; ഇത് സംബന്ധിച്ച് നിരന്തരമായ ചർച്ചകൾ നടത്തേണ്ടതല്ലേ; സമയം അതിക്രമിച്ചുപോയിട്ടില്ലല്ലോ. സ്വാശ്രയ മാനേജ്മെന്റുകൾക്ക് കൊള്ളലാഭമുണ്ടാക്കാനുള്ള അവസരമാണ് ഈ സർക്കാർ കൊടുത്തത്. അതാണ് ഇവിടത്തെ പ്രശ്നം. പി.ജി.ക്ക് ഇതാണ് സ്ഥിതിയെങ്കിൽ എം.ബി.ബി.എസ്.ന്റെ സ്ഥിതി എന്തായിരിക്കും? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഇത്തവണ എം.ഡി.ക്ക് പോകാൻ ആഗ്രഹിച്ചിരുന്നു. ഫീസ് വർദ്ധിപ്പിച്ചതുകാരണം അദ്ദേഹം എം.ഡി.ക്ക് പോകുന്നില്ലെന്ന് തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എം.ബി.ബി.എസ്. പാസ്സായ ഏതെങ്കിലും വിദ്യാർത്ഥി ഇപ്രാവശ്യം പി.ജി.ക്ക് പോകുമോ? ഞാൻ രണ്ട് നിർദ്ദേശങ്ങൾ മുഖ്യമന്ത്രിക്ക് മുന്നിൽവയ്ക്കുന്നു. ഒന്ന്, സംസ്ഥാന ഗവൺമെന്റ് പാവപ്പെട്ടവർക്ക് സ്കോളർഷിപ്പ് കൊടുക്കണം, രണ്ട്, സ്വാശ്രയ മാനേജ്മെന്റുകളോട് സ്കോളർഷിപ്പ് കൊടുക്കാൻ നിർബന്ധിക്കണം. എന്നാൽ മാത്രമേ കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പി.ജി. അഡ്മിഷനുള്ള അവസരമുണ്ടാവുകയുള്ളൂ. അതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൂത്തുപറമ്പിനെ പ്രതിനിധീകരിക്കുന്ന ടീച്ചർ ഇത്ര പെട്ടെന്ന് കൂത്തുപറമ്പ് രക്തസാക്ഷികളെ മറന്നുപോകുമെന്ന് ഞാൻ കരുതിയില്ല. ഇവിടെ സ്വാശ്രയ സമരം നടത്തിയ ആളുകൾ, സ്വാശ്രയ മാനേജ്മെന്റുകൾക്കെതിരെ ഏറ്റവും കൂടുതൽ സംസാരിച്ച ആളുകൾ ഭരിക്കുന്ന കാലഘട്ടത്തിൽ ഫീസ് കുറയ്ക്കുന്നതിനായി സ്വാശ്രയ മാനേജ്മെന്റുകളെ നിർബന്ധിക്കാൻ പോലുമുള്ള തന്റേടം ഈ ഗവൺമെന്റ് കാണിക്കുന്നില്ല. അതുകൊണ്ട് ഈ നടപടി ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. ഈ നടപടി വിദ്യാർത്ഥി വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്. വരേണ്യവർഗ്ഗത്തിനുവേണ്ടി മെഡിക്കൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ തീറെഴുതിക്കൊടുക്കുന്ന സർക്കാർ നടപടി അംഗീകരിക്കാൻ കഴിയില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

(സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധന സംബന്ധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) കരാർ, താൽക്കാലിക ജീവനക്കാരുടെ പ്രശ്നങ്ങൾ

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീമതി ഇ. എസ്. ബിജിമോൾ: ഒരേ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഒരേ ശമ്പളം ലഭിക്കുന്നതിന് അവകാശമുണ്ടെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. ജസ്റ്റിസ് ജെ. എസ്. ഖേഹറും എസ്. എ. ബോഗ്ഡെയും 2016 ഒക്ടോബർ 26-ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലാണ് ഇങ്ങനെ പറയുന്നത്. "തുല്യ ജോലിക്ക് തുല്യ വേതനം നൽകാത്ത ഏതൊരു പ്രവൃത്തിയേയും സ്വേച്ഛാധിപത്യത്തിൽനിന്ന് ആവിർഭവിക്കുന്ന ചൂഷണത്തിൽ അധിഷ്ഠിതമായ അടിമത്തമായി മാത്രമേ കാണാൻ കഴിയൂ. ആ നടപടി അടിച്ചമർത്തലാണ്, ബലപ്രയോഗമാണ്, പീഡിപ്പിക്കലാണ് ......(ബഹളം)..... ഒരു തൊഴിലാളിക്ക് അതേ ജോലി ചെയ്യുന്ന മറ്റൊരു തൊഴിലാളിയേക്കാൾ കുറഞ്ഞ വേതനം ...........(ബഹളം)...... നൽകുന്ന ഏർപ്പാട് ഒരു ക്ഷേമ രാഷ്ട്രത്തിന് യോജിച്ച പ്രവൃത്തിയല്ല. അത്തരം പ്രവൃത്തി ലജ്ജാകരമാണെന്നുമാത്രമല്ല മനുഷ്യന്റെ അന്തസ്സിനേയും അഭിമാനത്തേയും തകർക്കുന്നതിന് തുല്യമാണ്. കുറഞ്ഞ വേതനത്തിന് പണിയെടുക്കുവാൻ നിർബന്ധിതരാകുന്ന തൊഴിലാളികൾ അത് സ്വമനസ്സാലെയോ സന്തോഷത്തോടെയോ ചെയ്യുന്നതല്ല. ......(ബഹളം)........ സ്വന്തം അഭിമാനവും ആർജ്ജവവുമൊക്കെ പണയം വച്ചിട്ടാണെങ്കിൽകൂടി അവർ അതിന് നിർബന്ധിതരാകുന്നത് അന്നന്നത്തെ ഭക്ഷണത്തിന് വക കണ്ടെത്താനുള്ളതുകൊണ്ടാണ്. ........(ബഹളം)...... അവനവന് അനുയോജ്യമായ തൊഴിലെടുക്കുവാനുള്ള ഒരുവന്റെ അവകാശത്തേയും തൊഴിലിന് യാതൊരു വിവേചനവും കൂടാതെ തുല്യതയോടെ വേതനം ലഭിക്കാനുള്ള അർഹതയേയും അവനും അവന്റെ കുടുംബത്തിനും മാന്യമായി ജീവിക്കാനുള്ള അവകാശത്തേയും സുരക്ഷിതത്വവും ........(ബഹളം)...... ആരോഗ്യപൂർണ്ണവുമായ ജീവിതം നയിക്കാനുള്ള സാഹചര്യങ്ങൾക്കായുള്ള അവകാശത്തേയും നീതിയുക്തമായ പ്രവൃത്തി സമയവും ആവശ്യമായ ഒഴിവുവേളകളും ശമ്പളത്തോടെയുള്ള അവധി ദിവസങ്ങളും ലഭിക്കാനുള്ള അവകാശത്തേയുമെല്ലാം ......(ബഹളം)....... അംഗീകരിക്കുന്ന ഒരു ആഗോള കരാറിൽ ഒപ്പുവച്ച ഇന്ത്യാ മഹാരാജ്യം അതിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കുന്നത് ധാർമ്മിക ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറിനിൽക്കുന്നതിന് തുല്യമാകും" എന്നാണ് കോടതി പറഞ്ഞിരിക്കുന്നത്. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ മിനിമം വേതനം 18,000 രൂപയാക്കണമെന്നതാണ് ലേബർ

കോൺഫറൻസുകളിൽ ആവർത്തിച്ചെടുത്തിട്ടുള്ള തീരുമാനം. 1948-ലെ മിനിമം വേജസ് ആക്ട് പ്രകാരം ജോലിയെടുക്കുന്ന ആളുകൾക്ക് മിനിമം കൂലിക്കുള്ള അവകാശമുണ്ട്. കേരളത്തിലെ എൽ.ഡി.എഫ്-ന്റെ പ്രകടന പത്രികയിലും മിനിമം വേജസ് 500 രൂപയാണെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഇന്നത്തെ വിലസൂചികയുടെയും പുതിയ സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ അത് 600 രൂപയെന്നാക്കി തീരുമാനിച്ചിട്ടുണ്ട്. ..........(ബഹളം)........ വിലക്കയറ്റമുൾപ്പെടെയുള്ള ജീവിതസൂചികയുടെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. 600 രൂപ അടിസ്ഥാനപ്പെടുത്തിയാണ് മിനിമം ശമ്പളം 18,000 രൂപയാക്കണമെന്ന അഭ്യർത്ഥന സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. തൊഴിൽ ഔട്ട്സോഴ്സ് ചെയ്യരുത്, ലേബർ സപ്ലൈ അവസാനിപ്പിക്കണം തുടങ്ങിയ ആവശ്യങ്ങളും ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുകയാണ്. ..........(ബഹളം)........ ഇതുകൂടാതെ സർക്കാർ വകുപ്പുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ക്വട്ടേഷൻ വ്യവസ്ഥയിൽ ജോലികൾ ഔട്ട്സോഴ്സ് ചെയ്യുന്ന നടപടിയും ലേബർ സപ്ലൈയും അവസാനിപ്പിക്കണമെന്ന് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി അഭ്യർത്ഥിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന ലേബർ ......(ബഹളം)....... സപ്ലൈ ഉൾപ്പെടെയുള്ള കാര്യങ്ങളും തൊഴിലാളികൾക്ക് മിനിമം കൂലി ലഭിക്കുന്നതിനുള്ള നിലപാടുകളും ശക്തമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മിനിമം കൂലി 18,000 രൂപയാക്കണം, കരാർ-താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. പൗരന് തൊഴിലും മാന്യമായ വേതനവും എന്നുള്ളത് ഭരണഘടനയുടെ മൗലികാവകാശ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്. പൗരന് അന്തസ്സും സ്വാതന്ത്ര്യവും നിലനിർത്തി ജീവിക്കാനുള്ള അവകാശം ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. ..........(ബഹളം)......... അന്തസ്സായി ജീവിക്കണമെങ്കിൽ വരുമാനമുണ്ടാകണം. തന്റെ വൈദഗ്ദ്ധ്യത്തിലും അദ്ധ്വാനശേഷിക്കും അനുസൃതമായി തൊഴിലും കൂലിയും ഉറപ്പാക്കണം. 2011-ലെ കാനേഷുമാരി പ്രകാരം രാജ്യത്തെ 66% ജനങ്ങൾ ..........(ബഹളം)......... 15-നും 30-നും ഇടയ്ക്ക് പ്രായമുള്ളവരാണ്. ഇവരിൽ 4.7% കോടി ആളുകൾ തൊഴിൽരഹിതരാണ്. തൊഴിൽ ഒരു വിൽപ്പന ചരക്കല്ല എന്നിരിക്കെ നമ്മുടെ രാജ്യം ........(ബഹളം)......... മാത്രമല്ല പല രാജ്യങ്ങളും കരാർ തൊഴിലാളികളെ വിൽപ്പന വസ്തുവായി കാണുന്ന എന്നതാണ് യാഥാർത്ഥ്യം. ........(ബഹളം)......... കരാർ തൊഴിലാളികൾക്ക് സുരക്ഷയില്ല, സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. പെരുവഴിയിൽ നിൽക്കേണ്ട സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ജനങ്ങൾക്ക് ലഭിക്കുന്ന തൊഴിലിന്റെയും അവരുടെ വരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കണം വികസനത്തെ വിലയിരുത്തേണ്ടത്. കരാർ സമ്പ്രദായം അവസാനിപ്പിച്ച് കരാർ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിക്കുവാൻ സുപ്രീം കോടതി നിരവധി തവണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1996-ലെ ഒരു കേസ്സിലും സമാനമായ വിധിയുണ്ടായി. പത്തിലധികം കേസ്സുകളിൽ സുപ്രീം കോടതി മിനിമം വേജസ് ഉറപ്പാക്കണമെന്ന് പറയുന്നുണ്ട്. .....(ബഹളം)...... തൊഴിൽ നിയമങ്ങൾ വ്യാഖ്യാനിക്കേണ്ടത് ബ്രിട്ടീഷുകാരിൽ നിന്ന് ലഭിച്ച നിയമ തത്വങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാകരുത്. .........(ബഹളം)......... എന്നുമുതലാണോ ഒരാൾ കരാർ ജീവിതം ആരംഭിച്ചത് അന്നുമുതൽ അയാൾ ആ സ്ഥാപനത്തിലെ .......(ബഹളം)............ സ്ഥിരം തൊഴിലാളിയായി കണക്കാക്കപ്പെടണമെന്ന് ഒരു കേസ്സിന്റെ ഭാഗമായി സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ......(ബഹളം)..... വ്യവസായ സ്ഥാപനങ്ങളുടെ ഉടമയാണ് അസംസ്കൃത വസ്തുക്കൾ സംഭരിക്കുന്നതും ഉല്പാദന മേൽനോട്ടം വഹിക്കുന്നതും ലാഭം കൈപ്പറ്റുന്നതും എന്നിരിക്കെ തൊഴിലാളികൾക്ക് മാത്രം കരാറുകാരനെന്ന വ്യാജ ഇടപാട് ഒരിക്കലും അംഗീകരിക്കാനാകില്ല. ഏറ്റവും കുറഞ്ഞ ദേശീയവേതനം 18,000 രൂപയായി നിജപ്പെടുത്തണം. മാതൃത്വത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. ആവശ്യാധിഷ്ഠിത പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തണം. .......(ബഹളം).......... വിദേശ നിക്ഷേപത്തിലൂടെയും ഷെയർമാർക്കറ്റിലൂടെയും കേന്ദ്രീകൃത കോർപ്പറേറ്റ് മാതൃകയുടെ സാമ്പത്തിക വളർച്ചയ്ക്കുപകരം വെള്ളം, വൈദ്യുതി, വിദ്യാഭ്യാസം, ചികിത്സ, തൊഴിൽ, .........(ബഹളം)............ തൊഴിലവസരങ്ങൾ, പാർപ്പിടം, ശുചിത്വം തുടങ്ങിയ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള വികസന നയം സ്വീകരിക്കണം. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നതിനുപകരം ......... (ബഹളം)......... ദുർബല വിഭാഗങ്ങൾക്ക് ക്ഷേമമെന്ന തത്വം ഉറപ്പാക്കണം. ദളിത്-ആദിവാസി സമൂഹങ്ങളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തണം. സ്ഥിരം ജോലിക്ക് സ്ഥിരം തൊഴിലാളികളെ നിയമിക്കണം. ..........(ബഹളം)....... കരാർ, ക്വട്ടേഷൻ, കാഷ്വൽ, ദിവസ വേതനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ തൊഴിലാളികളെയും സ്ഥിരപ്പെടുത്തണം. തുല്യജോലിക്ക് തുല്യവേതനം നടപ്പാക്കുകയെന്ന 2016 ഒക്ടോബർ മാസത്തിലെ ........(ബഹളം)....... സുപ്രീംകോടതി വിധി നടപ്പിലാക്കണം. ഈ രംഗത്ത് പണിയെടുക്കുന്ന കയർ, കശുവണ്ടി, തോട്ടം, കൈത്തറി, ബീഡി, ഓട്, തഴപ്പായ,

കർഷകത്തൊഴിലാളി, കെട്ടിട നിർമ്മാണത്തൊഴിലാളി, പീടികത്തൊഴിലാളി, മത്സ്യത്തൊഴിലാളി, ടെക്സ്റ്റൈൽ തൊഴിലാളി, ക്വട്ടേഷൻ തൊഴിലാളി എന്നിങ്ങനെയുള്ളവർക്ക് അവകാശപ്പെട്ട .......(ബഹളം)........ വേതനം ലഭിക്കാതെ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ ഇതുപോലെ ബഹളം വയ്ക്കുന്നത് ശരിയാണോ? ........(ബഹളം)......... അതൊരു ശരിയായ നടപടിയല്ല. ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും പാചകത്തൊഴിലാളികളുടെയും, കെ.എസ്.ആർ.ടി.സി.യിലും ........(ബഹളം)....... മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ദിവസ വേതനാടിസ്ഥാത്തിൽ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യുന്ന തൊഴിലാളികളുടെയും .........(ബഹളം)........ കാര്യം പറയുമ്പോഴെങ്കിലും ഇവർക്ക് മിണ്ടാതിരുന്നുകൂടെ? അക്കാര്യങ്ങളിലെങ്കിലും പ്രതിപക്ഷം സഹകരിക്കേണ്ടേ? .........(ബഹളം)......... തൊഴിലാളികളോട് ഇവർക്ക് എന്തിനാണ് പിണക്കം? വളരെ ഗൗരവതരമായ ഈ പ്രശ്നം, മിനിമം കൂലി നടപ്പാക്കണമെന്ന് ശ്രീ. അരുൺ ജെയ്റ്റ്‌ലി അടക്കമുള്ള ആളുകൾ നിരവധി തവണ പ്രഖ്യാപിച്ചുവെങ്കിലും നാളിതുവരെ അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംഘടിത മേഖലയിൽ അസംഘടിതരുടെ ...... (ബഹളം)........ എണ്ണം കൂടുന്നുവെന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഡ്രാഫ്റ്റ് ലേബർ കോഡ് നിലവിൽ വന്നു. ഡ്രാഫ്റ്റ് ലേബർ കോഡിന് അപ്പീൽ ........(ബഹളം)....... കൊടുക്കുന്നതിനുള്ള അവസാന ദിവസം ഇന്നാണെന്നിരിക്കെ വളരെ ഗൗരവമായി നമ്മുടെ രാജ്യം ഡ്രാഫ്റ്റ് ലേബർ കോഡിനെ കാണേണ്ടതുണ്ട്. ആഗോളവത്കരണവുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടതടക്കമുള്ള .........(ബഹളം)........ കാര്യങ്ങൾ ഗൗരവമായി കാണണം. തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് എ.ഐ.റ്റി.യു.സി. നടത്തുന്ന പഞ്ചദിന സത്യാഗ്രഹം ഇന്നലെ മുതൽ ആരംഭിച്ചിരിക്കുകയാണ്. ....... (ബഹളം)...... അതിൽ അധികം കാര്യങ്ങൾ പറയുന്നില്ല. 18,000 രൂപ മിനിമം കൂലി ഉറപ്പാക്കണമെന്നും അതോടൊപ്പം കരാർ, ദിവസ ........(ബഹളം)..... വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ക്വട്ടേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തണ മെന്നുമുള്ള ആവശ്യമാണ് എ.ഐ.റ്റി.യു.സി. പഞ്ചദിന .......(ബഹളം)...... സത്യാഗ്രഹത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുള്ളത്. ദയവായി മിനിമം കൂലി ഉറപ്പാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നും .......(ബഹളം)...... സുപ്രീം കോടതി വിധി അംഗീകരിക്കണമെന്നും ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഇന്ത്യയിലെ ..........(ബഹളം)....... തൊഴിൽ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി തൊഴിലാളികളുടെ മിനിമം വേതനം ഉയർത്തി നിശ്ചയിക്കണമെന്നത് ട്രേഡ് .........(ബഹളം)....... യൂണിയനുകൾ രാജ്യത്ത് ഉയർത്തിയിട്ടുള്ള സജീവ ആവശ്യമാണ്. ഒട്ടുമിക്ക മേഖലകളിലും ജീവിത സാഹചര്യത്തിന് അനുസൃതമായ .........(ബഹളം)......... വേതനം തൊഴിലാളികൾക്ക് ലഭിക്കാത്ത അവസ്ഥ ഇന്ന് നിലനില്ക്കുന്നുണ്ട്. സംസ്ഥാനത്ത് 80 മേഖലകൾ മിനിമം വേതന പട്ടികയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. .......(ബഹളം)........ അതിൽ 77 മേഖലകളിൽ ഇതിനകം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള മിനിമം വേതനം ജീവിത വിലസൂചികയുമായി തട്ടിച്ചുനോക്കുമ്പോൾ .....(ബഹളം)..... അപര്യാപ്തമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ വിഷയത്തെ ഗൗരവത്തോടെയാണ് സമീപിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ......(ബഹളം)........ ജീവിത നിലവാരവുമായി ബന്ധപ്പെടുത്തി നിശ്ചിത വേതനം ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിന് .........(ബഹളം)........ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. രാജ്യത്ത് പൊതുവിൽ ഉടലെടുത്തിട്ടുള്ള പുത്തൻ തൊഴിൽ സംസ്കാരത്തിന്റെ ഭാഗമായി കരാർ, താൽക്കാലിക തൊഴിലാളികൾ ഇന്ന് പല മേഖലകളിലും പ്രവർത്തിച്ചുവരുന്നു. ........(ബഹളം)....... സ്ഥിരം തൊഴിലാളികളുടെ ജോലി സ്വഭാവം തന്നെയാണ് ഈ തൊഴിലാളികളുടെ തൊഴിലിലും ഉൾപ്പെട്ടിട്ടുള്ളത്. ......(ബഹളം)...... ഈ സാഹചര്യത്തിൽ കരാർ, താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന ആവശ്യം ട്രേഡ് യൂണിയൻ സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ .........(ബഹളം)...... നിലവിലുള്ള നിയമ രീതികളുമായി ബന്ധപ്പെടുത്തി നയപരമായ തീരുമാനം ആവശ്യമാണ്. ഭൂരഹിതരായ തൊഴിലാളികൾ അടക്കമുള്ള .......(ബഹളം)..... എല്ലാ വിഭാഗങ്ങൾക്കും ഭൂമിയും വേതനവും അനുവദിച്ചുനൽകുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ........(ബഹളം)...... പ്രകടന പത്രികയിൽ സൂചിപ്പിച്ച നിലയിൽ ലൈഫ് മിഷൻ പദ്ധതി ഇതിനകംതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ............(ബഹളം)...... ........(ബഹളം).............

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... സീറ്റിലേയ്ക്ക് തിരിച്ചുപോകൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മിനിമം വേജസ് 18,000 രൂപയാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; ......(ബഹളം)..... സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ക്വട്ടേഷൻ വ്യവസ്ഥകൾ അവസാനിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

മി. സ്പീക്കർ: പ്ലീസ്...... സീറ്റിലേയ്ക്ക് തിരിച്ചുപോകൂ. നിങ്ങൾ ഉന്നയിക്കുന്ന വിഷയത്തിന്റെ എല്ലാ വശങ്ങളും സഭയിൽ പറഞ്ഞുകഴിഞ്ഞു. ദയവായി സീറ്റിലേയ്ക്ക് തിരിച്ചുപോകൂ.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തുല്യജോലിക്ക് തുല്യവേതനം എന്ന ആവശ്യത്തോട് ഗവൺമെന്റിന് യോജിപ്പാണുള്ളത്. .........(ബഹളം)....... വസ്തുതകൾ പരിശോധിച്ച് ആവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നതാണ്. ........(ബഹളം)....... മിനിമം കൂലി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇന്നത്തെ അവസ്ഥയാണ് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് ജീവിക്കാൻ ആവശ്യമായ കൂലി ഉയർത്തുന്നതിന് സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ......(ബഹളം)........ കരാർ, താൽക്കാലിക തൊഴിലാളികളുടെ പ്രശ്നങ്ങളും ഈ പ്രശ്നങ്ങളും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഗൗരവത്തിലെടുത്ത് പരിഹാരം കാണുന്നതിനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എ.ഐ.റ്റി.യു.സി. ഉന്നയിച്ചിട്ടുള്ള .....(ബഹളം)...... ആവശ്യങ്ങൾ ന്യായമാണ്. ആ ആവശ്യങ്ങൾ ട്രേഡ് യൂണിയൻ സംഘടനകളും ഉന്നയിച്ചിട്ടുള്ളതാണ്. അതിന് പരിഹാരം കാണുന്നതിനുള്ള ഗൗരവമായ ആലോചനയിലാണ് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത് .....(ബഹളം).......

(ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സഭാനടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നു.

(സ്വാശ്രയ മെഡിക്കൽ ഫീസ് വർദ്ധന സംബന്ധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 10.36-ന് താൽക്കാലികമായി നിർത്തിവച്ച സഭ 10.53-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയിൽനിന്നും പുറത്തുപോയി)

(സഭയിൽനിന്നും പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുള്ളിൽ സഭയിൽ ഹാജരായി)

# V. സബ്മിഷൻ

## (1) മൈക്രോഫിനാൻസ് തട്ടിപ്പ്

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും മൈക്രോഫിനാൻസ് നടത്തിപ്പിനായി എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ 15 കോടി രൂപ കൈപ്പറ്റുകയും പ്രസ്തുത തുക പാവപ്പെട്ട ഈഴവ സ്ത്രീകൾക്ക് നൽകാതെ അവരെ കബളിപ്പിച്ച് സ്വന്തം കീശയിലാക്കുകയും ചെയ്തത് സംബന്ധിച്ച് അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഞാൻ 2015 ഡിസംബർ 4-ാം തീയതി ബഹുമാനപ്പെട്ട വിജിലൻസ് പ്രത്യേക കോടതിയിൽ പരാതി സമർപ്പിച്ചിരുന്നു. വിജിലൻസ് പ്രത്യേക കോടതി ശ്രീ. വെള്ളാപ്പള്ളി നടേശനും കൂട്ടുപ്രതികൾക്കുമെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ 20-1-2016-ൽ ഉത്തരവായി. ഇതനുസരിച്ച് തിരുവനന്തപുരം വിജിലൻസ് പ്രത്യേക കോടതി 14-7-2016-ൽ എഫ്.ഐ.ആർ. ഫയൽ ചെയ്തു. എഫ്.ഐ.ആർ. ക്വാഷ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീ. വെള്ളാപ്പള്ളി നടേശൻ ഹൈക്കോടതിയെ സമീപിച്ചുവെങ്കിലും ഹൈക്കോടതി സ്റ്റേ അനുവദിച്ചില്ല. ശ്രീ. വെള്ളാപ്പള്ളി നടേശൻ കേരള സർക്കാർ സ്ഥാപനമായ കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും മൊത്തം 15 കോടി 58 ലക്ഷം രൂപ കൈപ്പറ്റിയതിനുശേഷം ടി തുകയ്ക്കുള്ള വായ്പകൾ നൽകിയതായുള്ള രേഖകൾ കൃത്രിമമായി ചമച്ച് അത് അസ്സൽപോലെ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ ഹാജരാക്കി സാമ്പത്തിക ക്രമക്കേട് നടത്തിയെന്നാണ് എഫ്.ഐ.ആർ.ൽ പറഞ്ഞിരിക്കുന്നത്. ഇതുകൂടാതെ വിവിധ ദേശസാൽകൃത ബാങ്കുകളിൽനിന്നും 1500 കോടിയോളം രൂപ ഇത്തരത്തിൽ കൈപ്പറ്റുകയും പിന്നോക്ക വിഭാഗക്കാർക്ക് നൽകാതെ കൃത്രിമ രേഖകൾ ചമച്ചതായും ആക്ഷേപമുണ്ട്. വിജിലൻസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ട് ഇപ്പോൾ 10 മാസം കഴിഞ്ഞു. ഈ കേസിൽ ഇതുവരെ കാര്യമായ യാതൊരു അന്വേഷണവും നടന്നിട്ടില്ല. ഇതുസംബന്ധിച്ച കേസ് ഫയൽ വിജിലൻസ് വകുപ്പിലെ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ മേശയ്ക്കടിയിൽ കിടക്കുന്നതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പി.യുമായി

കൂട്ടുചേർന്ന് ഇടതുമുന്നണിയെ ക്ഷയിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ച ആളാണ് ശ്രീ. വെള്ളാപ്പള്ളി നടേശൻ. തെരഞ്ഞെടുപ്പ് കാലത്ത് ശ്രീ. വെള്ളാപ്പള്ളി നടേശൻ നടത്തിയ മൈക്രോഫിനാൻസ് തീവെട്ടിക്കൊള്ളയ്ക്കെതിരെ അന്വേഷണമാവശ്യപ്പെട്ടു കൊണ്ട് ഞാനുൾപ്പെടെയുള്ള ഇടതുപക്ഷ നേതാക്കൾ ശക്തമായ പ്രചരണം നടത്തിയിരുന്നു. പാവപ്പെട്ട ഈഴവ സ്ത്രീകളെ വഞ്ചിച്ച ശ്രീ. വെള്ളാപ്പള്ളി നടേശനെതിരായുള്ള എതിർപ്പ് തെരഞ്ഞെടുപ്പിൽ നല്ല രീതിയിൽ പ്രതിഫലിച്ചിരുന്നു. വസ്തുതകൾ പരിഗണിച്ച്, ശ്രീ. വെള്ളാപ്പള്ളി നടേശൻ നടത്തിയ ഈ വഞ്ചനയ്ക്കെതിരെ കോടതി നിർദ്ദേശമുണ്ടായിട്ടും അന്വേഷണം മുന്നോട്ടുകൊണ്ടുപോകുന്നില്ല എന്നത് ഖേദകരമാണ്. ആയതിനാൽ സർക്കാർ ഉടൻതന്നെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മൈക്രോഫിനാൻസ് വായ്പയുടെ മറവിൽ വ്യാജരേഖ ചമച്ച് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും കോടികൾ തട്ടിയെടുത്തതായ ആരോപണത്തെത്തുടർന്ന് ശ്രീ. വെള്ളാപ്പള്ളി നടേശൻ, ശ്രീ. എം. എൻ. സോമൻ, ശ്രീ. കെ. കെ. മഹേശൻ, ശ്രീ. എം. നജീബ്, ശ്രീ. ദിലീപ് കുമാർ എന്നിവർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരവും ഐ.പി.സി.യിലെ വിവിധ വകുപ്പുകൾ പ്രകാരവും 14-7-2016-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന വിഭാഗം വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത 27 കേസുകൾ അന്വേഷിച്ചുവരുന്നു. അടൂർ-14, പത്തനംതിട്ട-1, തിരുവല്ല-1, ചീമേനി-1, ചന്ദേര-1, മണ്ണുത്തി-1, റാന്നി-1, അടിമാലി-1, കായംകുളം-3, ചെങ്ങന്നൂർ-1, പത്തനാപുരം-1 എന്നിങ്ങനെ വിവിധ പോലീസ് സ്റ്റേഷനുകളിലും സി.ബി.സി.ഐ.ഡി. നേരിട്ടും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. കൊല്ലം ക്രൈംബ്രാഞ്ച് Economic Offence Wing (EOW) എസ്.പി.യാണ് അന്വേഷണ ചുമതല നിർവ്വഹിക്കുന്നത്. ഐ.പി.സി. 420, 409 വകുപ്പുകൾ പ്രകാരമാണ് കേസ്സെടുത്തിരിക്കുന്നത്. ഇത്തരം സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്. 14-7-2016-ൽ രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പുരോഗമിക്കുന്നുവെന്നുള്ളതാണ് റിപ്പോർട്ട്. ഇവിടെ പ്രസ്താവിച്ച രീതിയിലുള്ള സ്ഥിതിവിശേഷമുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) റൂറൽ ഇലക്ട്രോണിക് പാർക്ക്

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ മണ്ഡലമായ അരീക്കോട് ഒരു റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിന് 2016 ജനുവരി മാസം ജി. ഒ. (എംഎസ്.) നമ്പർ 16/2016/ഐ.റ്റി.ഡി. ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചതാണ്. 13-7-2016-ന് എന്റെ നക്ഷത്രചിഹ്നമിടാത്ത T 1290 എന്ന ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്തുത റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള കെ.എസ്.ഐ.റ്റി.ഐ.എൽ.ന്റെ അപേക്ഷ ജില്ലാ കളക്ടറുടെ പരിശോധനയിലാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് മറുപടി തന്നത്. എന്നാൽ ഇന്നേവരെ ഒരു നടപടിയും സ്വീകരിച്ചില്ല. അവിടെ 40 ഏക്കറോളം സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആ സ്ഥലമേറ്റെടുത്ത് അരീക്കോട് ഒരു റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാനാവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിലെ അരീക്കോട് വില്ലേജിൽ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനായി 5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിലുള്ള ശക്തമായ എതിർപ്പ് നിലനിൽക്കുന്നതു കാരണം തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലം നെൽവയൽ നീർത്തട പ്രദേശം, വഖഫ് ഭൂമി എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും പരിശോധിച്ചുവരുന്നു. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സർക്കാരിന്റെ ഐ.ടി. നിയമം അനുസരിച്ചും ഗ്രാമപ്രദേശങ്ങളിൽ ഐ.ടി. വ്യവസായം വ്യാപിപ്പിക്കുന്നതിന് ഐ.ടി. പാർക്കുകൾ സഹായകരമാകുമോ എന്ന് വിലയിരുത്തിയും അഞ്ചേക്കർ സ്ഥലത്ത് ഏത് രീതിയിലുള്ള ഐ.ടി. പാർക്ക് സുസ്ഥിരമായി നടപ്പിലാക്കാൻ കഴിയുമെന്നതുകൂടി പരിശോധിച്ചതിനുശേഷം റൂറൽ ഇലക്ട്രോണിക് പാർക്ക് സ്ഥാപിക്കുന്ന നടപടിയുമായി മുന്നോട്ടുപോകാനാകും. ജില്ലാ കളക്ടറാണ് ഇതുമായി ബന്ധപ്പെട്ട ചില നടപടികൾ സ്വീകരിക്കേണ്ടത്. ഈ പറയുന്ന പരിശോധന വേഗംതന്നെ പൂർത്തിയാക്കാനുള്ള നിർദ്ദേശവും നൽകുന്നതാണ്.

11.00 a.m.]

## (3) ഉപ്പള പോലീസ് സ്റ്റേഷൻ

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, കർണ്ണാടകയുടെ അതിർത്തി പ്രദേശമായ മഞ്ചേശ്വരം ഭാഗങ്ങളിൽ വിവിധ ക്രിമിനൽ സംഘടനകളുടെ അക്രമങ്ങൾ കൂടിവരികയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിലേക്ക് ഇത് വളർന്നുവരികയാണ്. ആ പ്രദേശത്തെ ജനങ്ങൾ ഭീതിയിലാണ്. മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധി വളരെ വിശാലമായതിനാൽ പോലീസിന് സമയത്ത് എത്തുന്നതിനോ ഇടപെടുന്നതിനോ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ പ്രദേശത്തുനിന്നും ഒരുപാട് ദൂരെയാണ് ഇപ്പോഴുള്ള പോലീസ് സ്റ്റേഷൻ. മേൽപ്പാലമില്ലാത്ത റെയിൽവെ ക്രോസ് കടന്നുവേണം പോലീസിന് ഈ പ്രദേശത്ത് എത്തിച്ചേരാൻ. റെയിൽവെ ഗേറ്റ് അടച്ചിട്ടുണ്ടെങ്കിൽ അരമണിക്കൂറിൽ കൂടുതൽ അവിടെ നിൽക്കേണ്ടിവരും. അതുകാരണം അതിർത്തി പ്രദേശത്തൊക്കെ ക്രിമിനലുകൾക്ക് കടന്നുകയറി കൊലപാതകവും കൊള്ളയുമൊക്കെ നടത്തിയതിനു ശേഷം അതിവേഗത്തിൽ കർണ്ണാടകത്തിലേക്ക് കടന്നുപോകാൻ സാധിക്കും. പ്രശ്നങ്ങളുടെ പേരിൽ കൊലപാതകവും കൊലപാതകത്തിന്റെ പേരിൽ പ്രശ്നങ്ങളുമുണ്ടാകുന്നു. ദൈനംദിന പ്രശ്നങ്ങളും കൊലപാതകങ്ങളും നടക്കുന്ന ഈ അതിർത്തി പ്രദേശത്ത് പോലീസിന് വേഗത്തിൽ സംഭവ സ്ഥലത്ത് എത്തിച്ചേരുന്നതിന് വലിയ ടൗണായ ഉപ്പള ടൗൺ കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ വേണമെന്ന് പലതവണ സബ്മിഷനിലൂടെ ഞാൻ ഉന്നയിച്ചതാണ്. ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിച്ചതിനുശേഷവും മൂന്ന് കൊലപാതകങ്ങളാണ് അവിടെ നടന്നത്. അഞ്ച് പഞ്ചായത്തുകളുടെ അതിർത്തിയിൽപ്പെട്ടതാണ് എന്റെ നിയോജകമണ്ഡലം. ഈ പ്രദേശത്ത് പോലീസിന് എത്രയുംപെട്ടെന്ന് എത്തിച്ചേരുന്നതിന്, ഉപ്പള കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാനത്ത് പുതുതായി തുടങ്ങേണ്ട പോലീസ് സ്റ്റേഷനുകളുടെ മുൻഗണന പട്ടിക സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ചതിൽ കാസർഗോഡ് ജില്ലയിലെ ഉപ്പളയും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെടുന്നതും ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## (4) വായ്പ എടുക്കുന്നതിനുള്ള ബുദ്ധിമുട്ട്

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിലെ തൃശ്ശൂർ ഓഫീസിൽ വായ്പ ലഭിക്കാൻവേണ്ടി ഭൂമി പണയം വയ്ക്കേണ്ടതുണ്ട്. ആ ഭൂമി 'കാണം ജന്മ'മാക്കാത്തതിന്റെ ഭാഗമായി കുറെ ആളുകൾക്ക് വായ്പ ലഭിക്കാൻ കഴിയാത്ത ഒരവസ്ഥ നിലനിൽക്കുന്നുണ്ട്. നേരത്തെ ഈ ഓഫീസുകളിൽനിന്നും കാണം ജന്മമാക്കാൻ കൊടുത്തതിന്റെ കൈപ്പറ്റ് രസീതുകൾ വച്ച് വായ്പ കൊടുത്തിരുന്നു. ഈയടുത്ത കാലത്ത് അത് നിർത്തിവയ്ക്കുകയുണ്ടായി. എന്നാൽ ചേലക്കരയുടെ തൊട്ടപ്പുറത്ത് മലപ്പുറം ജില്ലയിലും പാലക്കാട് ജില്ലയിലും കൈപ്പറ്റ് രസീത് വച്ച് ഇപ്പോഴും വായ്പ കൊടുക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിലുള്ള പട്ടികജാതി വികസന കോർപ്പറേഷനും ഇതേ വ്യവസ്ഥയിൽത്തന്നെയാണ് വായ്പ കൊടുത്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ധാരാളം ആളുകൾ വിവാഹ വായ്പയ്ക്കും വിദ്യാഭ്യാസ വായ്പയ്ക്കും സ്വയംതൊഴിൽ വായ്പയ്ക്കുമൊക്കെ അപേക്ഷ കൊടുത്തിട്ടും വായ്പ കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ചേലക്കര മണ്ഡലത്തിൽ റീസർവ്വെ കഴിയാത്തതുകൊണ്ട് ധാരാളം ആളുകൾ വായ്പ കിട്ടാതെ ബുദ്ധിമുട്ടുന്നുണ്ട്. സർക്കാർ ഇടപെട്ട് ഈ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കാൻ നടപടി ഉണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വിവിധ പദ്ധതികളിലേക്ക് വായ്പകൾ നൽകിവരുന്നത് പ്രധാനമായും വസ്തു ജാമ്യത്തിന്റെയും ഉദ്യോഗസ്ഥ ജാമ്യത്തിന്റെയും അടിസ്ഥാനത്തിലാണ്. വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്നതിന് ജാമ്യവസ്തുവിന്റെമേൽ വസ്തുഉടമയ്ക്ക് പൂർണ്ണ ജന്മാവകാശമുണ്ടെന്ന് തെളിയിക്കപ്പെടേണ്ടതുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ ജാമ്യമായി സമർപ്പിക്കുന്ന അവകാശം തെളിയിക്കുന്ന പ്രമാണങ്ങളിൽ ജന്മാവകാശം ലഭിക്കാത്ത കേസ്സുകളിൽ കാണം, വെറുംപാട്ടം അവകാശങ്ങൾ പ്രകാരം വസ്തു കൈവശം വയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പാട്ടാവകാശം പട്ടയം ലഭിച്ചശേഷം മാത്രമേ ജന്മാവകാശമായി കണക്കാക്കാൻ കഴിയുകയുള്ളൂ. എന്നാൽ പട്ടയമില്ലാത്ത പണ്ടാരവക, വെറുംപാട്ടം, പുറംവക ഭൂമി എന്നിവയുടെ ആധാരങ്ങളിൽ പന്ത്രണ്ട് വർഷത്തിലധികമായി കൈവശമുള്ളതും നികുതി അടയ്ക്കുന്നതും പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്ത കേസ്സുകളിൽ സ്ഥലം വ്യവസ്ഥകൾക്ക് വിധേയമായി ജാമ്യമായി സ്വീകരിക്കാമെന്ന നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രമാണങ്ങൾകൂടി കോർപ്പറേഷൻ ജാമ്യമായി ചില ജില്ലകളിൽ സ്വീകരിക്കുന്നുണ്ട്. എന്നാൽ തൃശ്ശൂർ ജില്ലയിൽ കാണം ആധാരം ജാമ്യമായി

സ്വീകരിക്കുന്നില്ലെന്ന് കാണിച്ച് ബഹുമാനപ്പെട്ട അംഗം യു. ആർ. പ്രദീപ് വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കോർപ്പറേഷനോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 7-4-2017-ന് കോർപ്പറേഷൻ നിയമോപദേശത്തിനായി സ്റ്റാൻഡിംഗ് കൗൺസിലിന് പ്രസ്തുത വിഷയം സമർപ്പിക്കുകയും മറ്റ് ജില്ലകളിൽ ചെയ്യുന്നതുപോലെ അത്തരം കേസ്സുകളിൽ പന്ത്രണ്ട് വർഷത്തിലധികമായി നികുതി അടയ്ക്കുന്നതും പട്ടയം ലഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്ത കേസ്സുകളിൽ പ്രമാണം ഈടായി സ്വീകരിക്കണമെന്ന ഉപദേശം കൊടുത്തിട്ടുണ്ട്. 2017 മേയ് 30-ന് ചേരുന്ന കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗത്തിൽ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇക്കാര്യത്തിൽ ഏകീകൃതമായ നിലയിൽ കാണംഭൂമി ജാമ്യമായി സ്വീകരിക്കുന്നതു സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവിറക്കാനാണ് ബോർഡ് തീരുമാനിക്കുന്നത്. ഇത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. 97.4 ശതമാനമാണ് തിരിച്ചടവ്. കഴിഞ്ഞവർഷം ഏതാണ്ട് 37000 പേർക്ക് 317 കോടി രൂപയുടെ ലോൺ കൊടുത്തു. 23 കോടി രൂപ ലാഭമുണ്ടായി.

### (5) സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പയ്യോളി നഗരസഭ അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. നഗരസഭയിലെ തീരദേശ വാർഡുകളിലെ വെള്ളത്തിൽ ഇരുമ്പിന്റെ അംശം കൂടുതലാണെന്നാണ് പരിശോധനയിൽ വെളിവാകപ്പെട്ടത്. തീരപ്രദേശങ്ങളിലെ കിണറുകളിൽ ഇപ്പോൾ മഞ്ഞ വെള്ളമാണ് ലഭിക്കുന്നത്. അത് കുടിക്കാനോ വസ്ത്രം അലക്കാനോ പ്രയോജന പ്പെടുന്നില്ല. ഇവിടെയുള്ളവർ വെള്ളവസ്ത്രം ഉപേക്ഷിക്കുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. പല വീടുകളിലും ഇതിന്റെ ഭാഗമായി കല്യാണാലോചനതന്നെ മുടങ്ങിപ്പോകുന്നതായി പറയുന്നുണ്ട്. വീണ്ടുമൊരു പരിശോധനകൂടി നടത്തണ മെന്നാണ് കെമിക്കൽ പരിശോധന നടത്തിയവർ അവകാശപ്പെടുന്നത്. കുന്നമംഗലത്തുള്ള സി.ഡബ്ല്യു.ആർ.ഡി.എം. ആണ് പരിശോധന നടത്തിയിരുന്നത്. കൂടുതൽ പരിശോധന ആവശ്യമുണ്ടെന്നാണ് ഇപ്പോൾ അവർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ജനങ്ങൾ അവിടെ ദാഹജല കൂട്ടായ്മയും ജലസംരക്ഷണ കൺവെൻഷനും തുടർച്ചയായ ഉപവാസങ്ങളും സംഘടിപ്പിക്കുന്നുണ്ട്. അവർ ഇപ്പോഴും സമരത്തിലാണ്. ഈ മാസം 26-ാം തീയതി ജനങ്ങൾ പയ്യോളി ടൗണിൽ ഒരു സമരപ്രഖ്യാപനം നടത്തുകയാണ്. ജനങ്ങൾക്ക് ദാഹജലം ലഭ്യമാക്കാൻ ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, പയ്യോളി നഗരസഭയിലെ 3, 6, 7 വാർഡുകളിൽ വെള്ളമെത്തിക്കുന്ന ഇരിങ്ങൽ-മൂരിയാട്

സ്കീമിലെ വെള്ളത്തിൽ ഇരുമ്പിന്റെ അംശം കൂടുതലായതു കാരണം വർഷങ്ങൾക്കുമുമ്പുതന്നെ അത് നിർത്തിവയ്ക്കുകയാണുണ്ടായത്. ഇവിടങ്ങളിലെ കിണറുകളിലും ഇരുമ്പിന്റെ അംശം വളരെ കൂടുതലാണ്. ഈ വാർഡുകളിലെ ഒരു ഭാഗത്തിന് കോട്ടയ്ക്കൽ സ്കീമിൽനിന്ന് വെള്ളം കൊടുക്കുന്നുണ്ടെങ്കിലും വാർഡുകളിൽ പൂർണ്ണമായും വെള്ളമെത്തിക്കാൻ കഴിയുന്നില്ല. 2011-ലെ കണക്കുപ്രകാരം പയ്യോളി മുനിസിപ്പാലിറ്റിയിലെ ജനസംഖ്യ അമ്പതിനായിരമായിരിക്കെ നിലവിൽ നാല് കുടിവെള്ള പദ്ധതികളുള്ളതിൽ മൂന്നെണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തുകളിലെ നിരവധി പദ്ധതികളും ചെറുകിട പദ്ധതികളും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് പയ്യോളി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും പ്രത്യേകമായൊരു സമഗ്ര കുടിവെള്ള പദ്ധതി ആവിഷ്കരിക്കേണ്ടത് ആവശ്യമായി വന്നിരിക്കുകയാണ്. ഇത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. എന്നാൽ സ്രോതസ്സുമുതൽ എല്ലാ ഘടകങ്ങളുടെയും വിശദമായ പഠനം നടത്തി ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ചുള്ള പ്രവർത്തനം കേരള വാട്ടർ അതോറിറ്റിയിൽ പ്രാരംഭഘട്ടത്തിലാണ്.

## (6) പുലിമുട്ടുകൾ സ്ഥാപിക്കൽ

ശ്രീ. എം. നൗഷാദ്: സർ, എന്റെ മണ്ഡലമായ ഇരവിപുരത്തെ കടലോര പ്രദേശത്ത് തീരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ സ്ഥിതി തുടർന്നാൽ ഇരവിപുരം എന്ന എന്റെ മണ്ഡലംപോലും നഷ്ടപ്പെടുന്ന സ്ഥിതിയിലേക്കായിരിക്കും കാര്യങ്ങൾ പോകുന്നത്. ഹൻസിത എന്ന കപ്പൽ തീരത്ത് അടിഞ്ഞതുമൂലമുണ്ടാകുന്ന ദുരിതത്തെ സംബന്ധിച്ച് ഈ സഭയിൽ ഞാൻ കഴിഞ്ഞ ജൂൺ മാസത്തിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അത് മാറ്റുമെന്ന് അന്ന് ബഹു. മന്ത്രി ഉറപ്പുനൽകിയിരുന്നതാണെങ്കിലും ഇതുവരെ അത് നടന്നിട്ടില്ല എന്നുള്ളത് സാന്ദർഭികമായി അറിയിക്കുകയാണ്. ഇപ്പോഴത്തെ പ്രശ്നം, സുനാമി വന്നതിനുശേഷം അര കിലോമീറ്ററിലധികം ഉണ്ടായിരുന്ന ഇരവിപുരം തീരം ഇപ്പോൾ പത്ത് മീറ്റർ പോലുമില്ല. ബസ് റൂട്ടുണ്ടായിരുന്ന തീരദേശ റോഡുൾപ്പെടെ നഷ്ടപ്പെട്ടിരിക്കുകയാണ്. അവിടെ കടലാക്രമണം നിരന്തരമായി നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. കെ. എൻ. ബാലഗോപാൽ, എം.പി.യുടെ ഫണ്ടുപയോഗിച്ച് നിർമ്മിച്ച വാവുബലി നടക്കുന്ന പാപനാശം കടപ്പുറത്തെ കെട്ടും അനുബന്ധ സൗകര്യങ്ങളുമുൾപ്പെടെ കഴിഞ്ഞ ദിവസം കടലെടുത്ത് പോയിരിക്കുകയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്വമാണ്. അവിടെ അടിയന്തരമായി പുലിമുട്ട് നിർമ്മിച്ചെങ്കിൽ മാത്രമേ ഇത് പരിഹരിക്കാൻ കഴിയൂ. കിടന്ന് ഉറങ്ങാൻപോലും കഴിയാത്ത അവസ്ഥയിലാണ് പ്രദേശത്തെ തീരദേശവാസികൾ. ഇരവിപുരം തീരദേശത്തെ പുലിമുട്ട് നിർമ്മാണം 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെട്ടിരുന്നതാണ്. അതിന്റെ ഫയലെല്ലാം ക്ലിയറായെങ്കിലും

ഇതുവരെ എ.എസ്. ലഭിച്ചിട്ടില്ല. മണ്ഡലത്തിലെ എം.എൽ.എ.യുടെ ആവശ്യം എന്നതിനെക്കാൾ ജനങ്ങളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഏനാത്ത് പാലം ചെയ്തതിനെക്കാൾ അടിയന്തരമായി പുലിമുട്ട് നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വരൾച്ചയുടെ കെടുതികളിൽനിന്ന് സംസ്ഥാനം വിമുക്തമാകുന്നതിനുമുമ്പുതന്നെ കടൽ ക്ഷോഭത്തിന്റെ കെടുതികൾ ആരംഭിച്ചുതുടങ്ങി. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ നിന്ന് വലിയ പ്രയാസങ്ങൾ ഇപ്പോൾത്തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരവിപുരം തീരത്ത് കാക്കത്തോപ്പിനും കൊല്ലം ബീച്ചിനും ഇടയിൽ കടപ്പുറത്ത് മണ്ണുമാന്തിക്കപ്പലായ ഹൻസിത, ആങ്കറിംഗ് പൊട്ടി തീരപ്രദേശത്ത് അടിഞ്ഞതുമൂലം ഈ ഭാഗങ്ങളിൽ കഴിഞ്ഞ കുറേ നാളുകളായി രൂക്ഷമായ കടൽക്ഷോഭംമൂലം നാശനഷ്ടവും ഉണ്ടായിട്ടുണ്ട്. ഇരവിപുരം പുലിമുട്ടിന്റെ സൈറ്റ് സി.ഡബ്ല്യു.പി.ആർ.എസ്. അധികൃതർ സന്ദർശിക്കുകയും പുലിമുട്ടിന്റെ രൂപകൽപ്പനയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരവിപുരം തീരത്ത് പുതുതായി നാല് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള മാതൃക, ഭരണാനുമതിക്കായുള്ള ഡി.പി.ആർ. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കഴിഞ്ഞ സാമ്പത്തിക വർഷം സമർപ്പിച്ചിരുന്നു. നടപ്പ് സാമ്പത്തിക വർഷം മുൻഗണനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ശിപാർശ സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (7) റോഡ് നിർമ്മാണം

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ മണ്ഡലത്തിൽപ്പെട്ട ഒടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡിന് 4-3-2016-ലാണ് ഗവൺമെന്റ് ഓഫ് ഇന്ത്യ സി.ആർ.എഫ്.ൽ ഉൾപ്പെടുത്തി 27.2 കോടി രൂപ അനുവദിച്ചത്. വർക്ക് ടെണ്ടർ വിളിച്ചു. ലോവസ്റ്റ് ബിഡ്ഡർ 23 ശതമാനം കുറച്ച് ടെണ്ടർ കൊടുത്തു. പക്ഷെ ഇയാൾ ആവശ്യമായ ഡോക്യുമെന്റ്സ് കൊടുത്തില്ല. ഡോക്യുമെന്റ്സ് കൊടുക്കാത്ത സാഹചര്യത്തിൽ ഗവൺമെന്റിന്റെ ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി യോഗം ചേർന്നെടുത്ത റെക്കമെന്റേഷൻ ഞാൻ വായിക്കാം, "In the eventuality of failure on the part of the lowest successful bidder to produce the original documents, or submit the performance security, the Bidder shall be debarred in future from participating in all the Bids for three years and will be recommended for blacklisting by the competent authority. In such a

situation, the next successful bidder will be requested to produce further documents for consideration of his bid at his quoted rate. Otherwise the tender will be cancelled." ഇതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ അടുത്ത ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്തയാളിനെ വിളിക്കാനുള്ള റിക്വസ്റ്റ് കൊടുത്തു. പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ പ്രസ്തുത ശിപാർശ പി.ഡബ്ല്യു.ഡി. സെക്രട്ടറി നിരാകരിച്ചു. തുടർന്ന് സെക്കന്റ് ബിഡ്ഡർ കോടതിയിൽ പോയി. കോടതി പറയുന്നത്, "As per Ext.P12," അതായത് സെക്രട്ടറിയുടെ ഓർഡർ, "the 3rd respondent has declined the same by stating that the tender submitted by the petitioner is not in agreement with the guidelines of CVC.

11. In my considered opinion, as per clause 6.2 when the lowest tenderer fails to satisfy the stipulations, a duty is cast upon respondents 1 to 3" - അതായത് ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. സെക്രട്ടറി, "to invite the second lowest bidder to submit further documents for consideration" സെക്കന്റ് ലോവസ്റ്റ് ബിഡ്ഡറുടെ റേറ്റ് പോലും 13 ശതമാനം താഴെയാണ്. സി.ആർ.എഫ്.-ന്റെ ഫണ്ടാണ്. അവർക്ക് വർക്ക് കൊടുക്കാതെ സി.വി.സി. എന്തോ പറഞ്ഞുവെന്ന് പറഞ്ഞ് വീണ്ടും ടെണ്ടർ വിളിക്കാൻ പോകുകയാണ്. ഇത് അനാവശ്യമായ താമസങ്ങളുണ്ടാക്കും. ഉദ്യോഗസ്ഥർ തീരുമാനമെടുക്കുന്നില്ല, കോടതിവിധിപോലും ദുർവ്യാഖ്യാനം ചെയ്യുന്നു, അവർ ഒഴിഞ്ഞുമാറുന്നു. ഈ നടപടി ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതിവിധി പരിശോധിക്കണം. കോടതി പറയുന്നത്, "Therefore, I quash the same…." അത് ഏതാണ്, പി.ഡബ്ല്യു.ഡി. സെക്രട്ടറിയുടെ ഉത്തരവ്... "I quash the same and consequentially direct respondents 1 to 3 to take necessary steps in accordance with law, within two months from the date of receipt of a copy of this judgment," 23-2-2017-ലെ ജഡ്ജ്മെന്റാണ്. ഇപ്പോൾ മൂന്ന് മാസം കഴിഞ്ഞു. കോടതി പറഞ്ഞ സമയം കഴിഞ്ഞു. ഇപ്പോഴും തീരുമാനമെടുക്കുന്നില്ല. ദയവായി കൂടുതൽ താമസമുണ്ടാക്കരുത്. ഇനിയും റീ-ടെണ്ടർ വിളിച്ചാൽ ചിലപ്പോൾ തുക കൂടിപ്പോകും. അനാവശ്യമായ താമസമുണ്ടാകും. അതുകൊണ്ട് കോടതി പറഞ്ഞ പ്രകാരം നിയമം നേരായി വ്യാഖ്യാനം ചെയ്ത് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇത് സംബന്ധിച്ച് അങ്ങയുടെ ഒരു ചോദ്യത്തിന് ഞാൻ മറുപടി നൽകിയിരുന്നു. ഒടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡ് സി.ആർ.എഫ്. പദ്ധതിയിൽപ്പെടുത്തി 2016 ഫെബ്രുവരി 25-ന് ഉപരിതല മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിച്ചു. 2016 മാർച്ച് 4-ന് സാങ്കേതികാനുമതി നൽകി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണിത്. പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2016 മേയ് 20-നാണ് ടെണ്ടർ ക്ഷണിക്കാൻ കഴിഞ്ഞത്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015-16 വർഷത്തെ ലാഭനഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരന് നൽകാൻ ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ശേഷം ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത രണ്ടാമത്തെയാളുടെ ടെണ്ടർ പരിഗണിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരൻ അപ്പോൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ചീഫ് എഞ്ചിനീയർക്ക് സർക്കാർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ 2017 ഫെബ്രുവരി 23-ന് കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഈ കേസ് സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഇതുമാത്രമല്ല, കോടതിയുടെ താൽക്കാലിക വിധികൾ കാരണം സംസ്ഥാനത്തെ പല സുപ്രധാനമായ നിർമ്മാണ പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരിക്കുകയാണ്. സ്റ്റേ അതിവേഗം മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങൊരു അഡ്വക്കേറ്റാണ്. അങ്ങ് ഈ വിധി വായിച്ചു നോക്കണം. ഉദ്യോഗസ്ഥർ അങ്ങയെ മിസ്‍ലീഡ് ചെയ്യുകയാണ്. കോടതിവിധി വന്നുകഴിഞ്ഞു. സെക്കന്റ് ലോവസ്റ്റ് ബിഡ്ഡർക്ക് ടെണ്ടർ കൊടുക്കണമെന്നാണ് കോടതി നിർദ്ദേശിച്ചിരിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: കോടതിവിധി പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. വിധി പരിശോധിച്ച് വേണ്ടത് ചെയ്യാം.

## (8) കളിസ്ഥലവും സ്റ്റേജും നിർമ്മിക്കൽ

ശ്രീമതി ഗീതാ ഗോപി: സർ, നാട്ടിക നിയോജകമണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് സ്കൂൾ, കളിസ്ഥലം, സ്റ്റേജ് എന്നിവ പണിയുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. 19-2-2016-ൽ ജി.ഒ. (ആർടി.) നമ്പർ 142/2016/എഫ്.&പി.ഡി. പ്രകാരം ഭരണാനുമതി നൽകി, ഒരു കോടി രൂപ ആസ്തി വികസന ഫണ്ടിൽ അനുവദിച്ചതാണ്. അതിനുശേഷം പൊതുമരാമത്ത്

വകുപ്പാണ് ഈ വർക്ക് ഏറ്റെടുത്തുനടത്തി നിയമനടപടികളുമായി മുന്നോട്ട് പോകുന്നത്. നിലവിൽ 4405-00-80-75-LAC-ADS ശീർഷകത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ഈ വർക്ക് ചെലവ് ക്രമീകരിക്കുന്നതായി കാണിച്ച് ഒരു റിപ്പോർട്ട് എനിക്ക് തന്നു. അതിനുശേഷം ഈ വർക്കിന് 23.94 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുകയും 43.04 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തുവെന്നുള്ള റിപ്പോർട്ടും തന്നു. കഴിഞ്ഞ ദിവസങ്ങളിലായി ഞാനും എന്റെ പി.എ.യും കമലേശ്വരം ഹാർബർ ഡിപ്പാർട്ട്മെന്റിൽ കയറിയിറങ്ങിയപ്പോൾ കിട്ടിയ റിപ്പോർട്ടാണത്. പത്ത് പൈസയുടെ ഒരു വർക്കുപോലും ഈ സ്കൂളിൽ ചെയ്തിട്ടില്ല. ഗുജറാത്തിൽ നടന്ന ദേശീയ അത്‌ലറ്റിക് മീറ്റിൽ 7 സ്വർണ്ണം നേടിയ സ്കൂളാണിത്. എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് എല്ലാ വർഷവും നൂറുശതമാനം വിജയം കൈവരിക്കുന്ന സ്കൂളാണിത്. അതിനേക്കാളുപരി മത്സ്യബന്ധനം നടത്തുന്ന കുടുംബത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളാണ്. ഈ സ്കൂളിന് സ്വന്തമായി ഒരു ഗ്രൗണ്ടുണ്ട്. പക്ഷേ പുലർച്ചെ നാലര മണിക്ക് കുട്ടികൾ തൊട്ടടുത്തുള്ള ഗ്രൗണ്ടിലാണ് പരിശീലനം നടത്തുന്നത്. അതുകൊണ്ടുതന്നെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഒരു കോടി രൂപ നൽകിക്കൊണ്ട് ആ സ്കൂൾ ഗ്രൗണ്ട് അപ്ഗ്രേഡ് ചെയ്യുന്നതിനും ഒരു സ്റ്റേജ് അലോട്ട് ചെയ്യുന്നതിനുമായി പൊതുമരാമത്ത് വകുപ്പിലെ തൃശ്ശൂർ ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ദീപയുടെ നേതൃത്വത്തിൽ എസ്റ്റിമേറ്റ് എക്സിക്യൂട്ട് ചെയ്തു. സാങ്കേതികത്വം മറികടന്നുകൊണ്ട് ഒരു വർഷത്തിനുള്ളിൽ വർക്ക് നടക്കാത്തതിൽ പ്രതിഷേധിച്ച് എനിക്കെതിരെ ബി.ജെ.പി. അവിടെ വലിയൊരു ഫ്ലക്സ് ബോർഡ് വച്ച് പ്രചരണം നടത്തുകയാണ്. അങ്ങ് ഇടപെട്ട് അടിയന്തരമായി ഈ സ്കൂളിന്റെ പ്രധാനപ്പെട്ട ഒരു പ്രശ്നം; കായികപരമായി നാട്ടികയ്ക്ക് ഏറ്റവും അഭിമാനകരമായി ഒരു തീരദേശ ഫിഷറീസ് ഗവൺമെന്റ് സ്കൂൾ ഒന്നേയുള്ളൂ. ആ സ്കൂളിനുവേണ്ടി; ഈ അത്‌ലറ്റിക് താരങ്ങളെ ഉയർത്തുന്നതിനുവേണ്ടി ഈ ഫണ്ട് അനുവദിക്കണം. ഡിപ്പാർട്ട്മെന്റ് തമ്മിലുള്ള ഏകോപനം പരിഹരിച്ചുകൊണ്ട് ഈ വർക്ക് തുടങ്ങിവയ്ക്കാനും പൂർണ്ണതയിലെത്തിക്കാനും അങ്ങ് ഇടപെടണമെന്ന് വിനീതമായി സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ശ്രീമതി ഗീതാ ഗോപി പറഞ്ഞതുപോലെ നാട്ടിക ഗ്രാമപഞ്ചായത്തിലെ ഫിഷറീസ് സ്കൂളിന് പ്ലേ ഗ്രൗണ്ടും

സ്റ്റേജും നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ഒരു കോടി രൂപ സാംഗ്ഷൻ ചെയ്തിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് എസ്റ്റിമേറ്റ് എടുത്ത് തുടങ്ങിയപ്പോഴാണ് തൃശ്ശൂർ പൊതുമരാമത്ത് ബിൽഡിംഗ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തങ്ങൾ ആ വർക്ക് ചെയ്തുകൊള്ളാമെന്ന് അറിയിപ്പ് തരികയും അതിന്റെ അടിസ്ഥാനത്തിൽ നടപടികളിലേക്ക് നീങ്ങുകയും ചെയ്തത്. ഇപ്പോഴുള്ള പ്രശ്നം, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് ലഭ്യമായിട്ടുള്ള പണംവച്ച് കോഴിക്കോട് ജില്ലയിൽ ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ.-യുടെ നോർത്ത് നിയോജകമണ്ഡലത്തിലെ ഒരു വർക്ക്, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ശ്രീ. കെ. ദാസൻ എം.എൽ.എ.-യുടെ ഒരു വർക്ക്, മുൻ എം.എൽ.എ. ശ്രീ. കെ. എൻ. എ. ഖാദറിന്റെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഒരു വർക്ക്, ചവറ എം.എൽ.എ. ശ്രീ. എൻ. വിജയൻ പിള്ളയുടെ ഒരു വർക്ക് എന്നിവയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആകെ ഒരു കോടി രൂപയാണ് ലഭ്യമായിട്ടുള്ളത്. ഓൺഗോയിംഗ് വർക്കുകൾക്കാണ് ഇപ്പോൾ ഈ പണം ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഞങ്ങൾ ഈ വിഷയം ധനകാര്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം ഇന്ന് വൈകിട്ട് തന്നെ ഒരു മീറ്റിംഗ് വിളിപ്പിച്ചിട്ടുമുണ്ട്. അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണാം. പൊതുമരാമത്ത് വകുപ്പ് ചെയ്താലും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചെയ്താലും വർക്ക് നടക്കുക; ഡെപ്പോസിറ്റ് ഉറപ്പാക്കുക എന്നുള്ളതാണ് പ്രധാനം. ധനകാര്യവകുപ്പുമന്ത്രിയുമായി സംസാരിച്ച് അക്കാര്യത്തിൽ ഒരു ധാരണയായിട്ടുണ്ട്. എം.എൽ.എ.യുടെ ആശങ്കയ്ക്ക് അടിയന്തരമായി പരിഹാരം കാണുമെന്നാണ് എനിക്ക് ഉറപ്പുതരാനുള്ളത്.

### (9) കോന്നി ബൈപ്പാസ് നിർമ്മാണം

ശ്രീ. അടൂർ പ്രകാശ്: സർ, കോന്നിയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഒരു ബൈപ്പാസ് നിർമ്മിക്കുന്നതിന് 11-2-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. 2015-ൽ അതിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ച് അലൈൻമെന്റ് നിശ്ചയിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത്, ഡി.പി.ആർ. തയ്യാറാക്കുവാൻ ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നുവെന്നാണ്. ഏതാണ്ട് 4.5 കിലോമീറ്റർ നീളവും 21 മീറ്റർ വീതിയുമുള്ള ഒരു ബൈപ്പാസാണ് ഇവിടെ നിർമ്മിക്കേണ്ടത്. കഴിഞ്ഞ രണ്ടു ബഡ്ജറ്റിലും (2016-17, 2017-18) ഇതിനായി തുക വകകൊള്ളിക്കണമെന്നാവശ്യപ്പെട്ട്

എം.എൽ.എ. എന്ന നിലയിൽ അങ്ങേയ്ക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പ്രത്യേകം പ്രത്യേകം കത്ത് നൽകിയിരുന്നു. അങ്ങുതന്നെ അത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പുമന്ത്രിക്ക് കൊടുത്തതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് അടുത്ത ബഡ്ജറ്റിലെങ്കിലും (2018-19) കോന്നി ബൈപ്പാസ് നിർമ്മിക്കുന്നതിനാവശ്യമായ തുക വകകൊള്ളിക്കണമെന്നാണ് എന്റെ പ്രത്യേകമായ ആവശ്യം. അങ്ങ് അത് പ്രത്യേകം പരിഗണിക്കുമെന്ന് ഞാൻ കരുതുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കോന്നി ബൈപ്പാസ് റോഡിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അടൂർ പ്രകാശ് പറഞ്ഞതുപോലെ 21 മീറ്റർ വീതിയിലും 4.5 കിലോമീറ്റർ നീളത്തിലുമാണ്, കോന്നി പൂവൻപാറ ജംഗ്ഷനിൽ ആരംഭിച്ച് ചിറ്റൂർ മുക്കിൽ അവസാനിക്കുന്ന റോഡിന്റെ അലൈൻമെന്റ് നിരത്തുകളും പാലങ്ങളും സംബന്ധിച്ച ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുള്ളത്. പൊതുജനങ്ങൾക്ക് വളരെയേറെ പ്രയോജനപ്രദവും കോന്നിയിലെ കാലങ്ങളായുള്ള ഗതാഗതക്കുരുക്കിന് പരിഹാരപ്രദവുമാണ് നിർദ്ദിഷ്ട കോന്നി ബൈപ്പാസ്. ബൈപ്പാസിനുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേരള എൽ.എ.ആർ. ചട്ടം, 2015 പ്രകാരം പദ്ധതിക്ക് സാമൂഹികാഘാത അനുമാന പഠനം ജില്ലാ കളക്ടർ നടത്തേണ്ടതായിട്ടുണ്ട്. കളക്ടർ പഠനം നടത്തി റിപ്പോർട്ട് ഇതുവരെ കൊടുത്തിട്ടില്ല, അത് അവരോട് പറയണം. അധിക കാലതാമസമൊന്നും ആവശ്യമുള്ളതല്ല. അതിനുമുമ്പ് ഡി.പി.ആർ. തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ വർക്കിനുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. ആഘാത പഠനം വരാതെ സാധാരണ ചെയ്യാറില്ല, പക്ഷേ അത് ചെയ്തിട്ടുണ്ട്. കളക്ടർ വേഗം റിപ്പോർട്ട് കൊടുത്താൽ മതി. കോന്നി ബൈപ്പാസിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്ന നടപടിയാണ് പ്രശ്നം. അതിന് 5 കോടി രൂപയും പുതിയ റോഡിന്റെ നിർമ്മാണത്തിന് 25 കോടി രൂപയും ആവശ്യമാണ്. ഡി.പി.ആർ. പോകുന്നമുറയ്ക്ക് ഈ പ്രശ്നം തീരും. സാധാരണഗതിയിൽ ധനകാര്യ വകുപ്പ് തുക അനുവദിക്കുകയാണ് പതിവ്. മുമ്പ് പ്രഖ്യാപിച്ചതായതുകൊണ്ട് പിന്നീട് വരുന്ന തുകയ്ക്ക് എതിർവാദം ഉന്നയിക്കാൻ പറ്റില്ല. അതാണ് നടപടിക്രമം. പ്രധാനപ്പെട്ട പദ്ധതിയാണ്.

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട മന്ത്രി കൂടി മുൻകയ്യെടുക്കണം.

ശ്രീ. ജി. സുധാകരൻ: ഞാൻ ഇതെല്ലാം ശിപാർശ ചെയ്ത് അയയ്ക്കുകയല്ലേ. ബഡ്ജറ്റിൽ വന്നതുകൊണ്ട് ഇത് പിൻവലിക്കാൻ സാധിക്കില്ല. അധികതുക

കൊടുക്കേണ്ടതായി വരും. ധനകാര്യ വകുപ്പിന് സാമ്പത്തിക പ്രയാസമൊക്കെ ഉണ്ടെങ്കിലും സംസാരിച്ച് ശരിയാക്കണം. പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ കളക്ടറോട് ആവശ്യപ്പെടണം.

## (10) കെ.എസ്.ടി.പി. റോഡ് നവീകരണം

ശ്രീ. മോൻസ് ജോസഫ്: സർ, കെ.എസ്.ടി.പി. നടപ്പാക്കിയ റോഡ് വികസന പദ്ധതിയിൽ, കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിൽ വരുന്ന റീച്ചിൽ പട്ടിത്താനം ജംഗ്ഷൻ മുതൽ കുത്താട്ടുകുളം വരെയുള്ള റോഡ് നിർമ്മാണം ആറുമാസം മുമ്പ് പൂർത്തിയായി. റോഡ് വളരെയധികം മെച്ചപ്പെട്ടതിനെത്തുടർന്ന് അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. ഇവിടെ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പാക്കാൻ കാലതാമസം നേരിടുന്നതിനാലും അപകടങ്ങൾ വർദ്ധിക്കുന്നുണ്ട്. പണി പൂർത്തീകരിച്ച പട്ടിത്താനം ജംഗ്ഷൻ മുതൽ കുത്താട്ടുകുളം വരെയുള്ള ഭാഗത്ത് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കെ.എസ്.ടി.പി. തീരുമാനിച്ചിരിക്കുന്ന കാര്യങ്ങൾ എത്രയുംപെട്ടെന്ന് നടപ്പാക്കണമെന്നാണ് ആവശ്യപ്പെടുന്നത്. വിവിധ ജംഗ്ഷനുകളിലെ സിഗ്നൽ സിസ്റ്റം സംബന്ധിച്ച് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അത് സ്ഥാപിക്കാത്തതുകൊണ്ട് ജംഗ്ഷനുകളിൽ വാഹനങ്ങൾ എങ്ങോട്ട് തിരിയണമെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കാത്ത ഒരു സാഹചര്യവും നിലനിൽക്കുകയാണ്. അതിനാൽ എത്രയുംപെട്ടെന്ന് സിഗ്നൽ സിസ്റ്റം ഏർപ്പെടുത്തുക; ദിശാബോർഡുകൾ സ്ഥാപിക്കുക; റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നിശ്ചയിച്ചിരിക്കുന്ന കാര്യങ്ങൾ എത്രയുംപെട്ടെന്ന് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് എന്റെ ആവശ്യം. മറ്റ് സ്ഥലങ്ങളിൽ വർക്കുള്ളതുകൊണ്ട് ഇവർ ആ ഭാഗത്തേക്ക് നീങ്ങിയതായിട്ടാണ് മനസ്സിലാക്കുന്നത്. പൂർത്തീകരിച്ച ഭാഗത്തെ റോഡ് സുരക്ഷയുടെ കാര്യങ്ങൾ ചെയ്യണമെന്നതാണ് പ്രധാനപ്പെട്ട ആവശ്യം. റോഡ് വികസന കാര്യങ്ങൾ നടന്നപ്പോൾ അതിൽ ഉൾപ്പെടാതെ വന്നിരിക്കുന്ന ചില വിഷയങ്ങൾ ഗുരുതരമായ അപകടത്തിന് ഇടവരുത്തുകയാണ്. മോനിപ്പള്ളി മുക്കട ജംഗ്ഷനിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾക്ക് ഒരു പരിഹാരമുണ്ടാകണം. അതുപോലെ രണ്ടുമൂന്ന് കൊടുംവളവുകൾ വരുന്നിടത്ത് ഇപ്പോൾ എടുത്തിരിക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി വളവ് നിവർത്താൻ ശ്രമിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ കെ.എസ്.ടി.പി.ക്ക് നിശ്ചയിച്ച വർക്കിന്

അഡീഷണൽ തുക അനുവദിക്കാൻ സാധ്യതയുമില്ല. അതുകൊണ്ട് ഗവൺമെന്റിന്റെ സ്പെഷ്യൽ സാംഗ്ഷനുണ്ടെങ്കിൽ മാത്രമേ അപകടങ്ങൾ പരിഹരിക്കാൻ കഴിയുന്ന തരത്തിൽ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നും അതിനുള്ള ഒരു നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കെ.എസ്.ടി.പി. വർക്ക് നടത്തിവരുന്ന ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡിലെ പ്രധാനപ്പെട്ട ഭാഗമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ച പട്ടിത്താനം മുതൽ കുത്താട്ടുകുളം വരെയുള്ള പ്രദേശം. അവിടെ അപകട സാധ്യതയുണ്ടെന്നുള്ളതാണ് ഇവിടെ പറഞ്ഞതിൽനിന്നും മനസ്സിലാക്കുന്നത്. അതിന്റെ പ്രവൃത്തികൾ അതിവേഗം പുരോഗമിച്ചുവരികയാണ്. കഴിഞ്ഞ മാർച്ചിൽ ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ ആ പ്രദേശം സന്ദർശിക്കുകയുണ്ടായി. ഉദ്യോഗസ്ഥരും കൂടെയുണ്ടായിരുന്നു.

പട്ടിത്താനം ജംഗ്ഷനിൽ സിഗ്നൽ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്. നാല് ജംഗ്ഷനുകളിൽ പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. രണ്ട് ജംഗ്ഷനുകളിൽ ലാന്റ് അക്വിസിഷൻ നടപടികളും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. സ്ഥലം പൂർണ്ണമായി ലഭിക്കുന്നമുറയ്ക്ക് മറ്റ് നവീകരണങ്ങൾ അവിടെ നടക്കും. വൈക്കം കവലയിൽ വൈക്കം റോഡിൽ റമ്പിൾ സ്ട്രിപ്പുകൾ വേഗത കുറയ്ക്കുന്നതിനും മറ്റും സ്ഥാപിക്കുന്നതാണ്. ത്രീലെഗ്ഡ് സിഗ്നലുകൾ, കണ്ണ് ചിമ്മുന്ന ലൈറ്റുകൾ (ബ്ലിംഗറുകൾ), സൈൻബോർഡുകൾ ഇതെല്ലാം സ്ഥാപിച്ചുതുടങ്ങിയിട്ടുണ്ട്.

അരിവാ വളവിൽ ഡിസൈൻ പ്രകാരം വേണ്ട അധിക വീതിയെടുത്ത് പണി പൂർത്തിയാക്കിയിട്ടുണ്ട്. തെർമോ പ്ലാസ്റ്റിക് പെയിന്റ് ഉപയോഗിച്ച് ഗോസ്റ്റ് ഐലന്റ് ഉണ്ടാക്കിയിട്ടുണ്ട്. മീഡിയൻ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ റോഡ് സുരക്ഷാ മാനദണ്ഡങ്ങൾക്കനുസൃതമായി തീരുമാനിക്കുന്നതാണ്.

മോനിപ്പള്ളി മുക്കട ജംഗ്ഷനിൽ റോഡ് പുറമ്പോക്കിൽ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ ഒഴിപ്പിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്. സ്പീഡ് നിയന്ത്രിക്കാനുള്ള ക്രമീകരണങ്ങളും ബ്ലിംഗർ ലൈറ്റും സ്ഥാപിക്കുന്നതാണ്.

ചിങ്കല്ലേൽ പള്ളിക്ക് എതിർവശത്തുള്ള മുഴുവൻ സ്ഥലമുപയോഗിക്കാതെ തന്നെ റോഡിന്റെ വീതി 10 മീറ്ററിന് പകരം 12 മീറ്ററായി കൂട്ടിയിട്ടുണ്ട്. വളവിൽ പെയിന്റ്, റമ്പിൾ സ്ട്രിപ്പ്, സൈൻ ബോർഡ് എന്നിവ സ്ഥാപിക്കുന്ന പണി പുരോഗമിച്ചുവരികയാണ്.

ചിങ്കല്ലേൽ പാലത്തിന്റെ ഒരു വശത്തുള്ള കേടുവന്ന സംരക്ഷണ ഭിത്തി ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കും. ബസ് പാർക്കിംഗ് ബേയുടെ നിർമ്മാണം പുരോഗമിക്കുകയാണ്.

പട്ടിത്താനം മുതൽ കൂത്താട്ടുകുളം വരെ ദിശാബോർഡുകൾ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചുകഴിഞ്ഞു. സോളാർ ലൈറ്റുകളുടെ പണി നടക്കുകയാണ്. ഒരു മാസത്തിനുള്ളിൽ ഈ പ്രവൃത്തികളെല്ലാം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റോഡ് സുരക്ഷാവർക്കുകൾ നടക്കുന്നു. റോഡ് മാർക്കിംഗുകളും സ്റ്റഡുകൾ സ്ഥാപിക്കലും പൂർത്തിയായി വരുന്നു. സീബ്രാലൈനുകളുടെ പണി കുറച്ചുഭാഗ ങ്ങളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പൂർത്തീകരിക്കും. എല്ലാ സുരക്ഷാ ക്രമീകരണ ങ്ങളും അവിടെ പൂർത്തീകരിക്കുന്നതാണ്.

## VI. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥന കൾക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

| ധനാഭ്യർ ത്ഥന നമ്പർ | ധനാഭ്യർ ത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (₹) | മൂലധനം (₹) | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| IX | വാഹന നികുതികൾ | 36,19,18,000 | ..... | 108,57,53,000 | ....... | 108,57,53,000 |
| XXVII | സഹകരണം | 95,08,11,000 | 25,17,68,000 | 285,24,35,000 | 75,53,02,000 | 360,77,37,000 |
| XLI | ഗതാഗതം | 18,31,65,000 | 112,09,51,000 | 54,94,97,000 | 336,28,52,000 | 391,23,49,000 |
| XLII | വിനോദ സഞ്ചാരം | 54,71,79,000 | 57,34,50,000 | 164,15,36,000 | 172,03,50,000 | 336,18,86,000 |

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വാഹന നികുതി എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥന യേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ IX—വാഹനനികുതികൾ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യമായ സംവിധാനം ഒരുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാഹന നികുതി പിരിവിൽ കാര്യക്ഷമതയില്ലായ്മയും സൂക്ഷ്മതക്കുറവും ഉള്ളതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പിരിച്ചെടുക്കുന്ന 'ഹരിത നികുതി' ഉദ്ദേശകാര്യത്തിന് ഉപയോഗിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകളിൽ മതിയായ സംവിധാനം ഒരുക്കി വാഹന മോഷണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് നിരത്തിലോടുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 108,57,53,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. വി. ഇബ്രാഹിം.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രാഥമിക സഹകരണ ബാങ്കുകളും ജില്ലാ ബാങ്കുകളും തമ്മിൽ കോർബാങ്കിംഗ് സംവിധാനം നിലവിലില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഹകരണ ബാങ്കുകൾ പെൻഷൻ വിതരണം ശരിയായ രീതിയിൽ നടത്തുന്നില്ലായെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കറൻസി നിരോധന നടപടികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധികൾ പരിഹരിക്കുവാൻ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയ പ്രേരിതമായി സഹകരണ ബാങ്ക് ഭരണ സമിതികൾ പിരിച്ചുവിടാൻ നടപടി സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാലാവധി കഴിയാത്ത ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളെ പിരിച്ചുവിട്ട നടപടി നിയമാനുസൃതമല്ല എന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനിൽ അക്കര</u>: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിനെ കാരണമില്ലാതെ പിരിച്ചുവിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഴിമതി ആരോപിച്ച് മത്സ്യഫെഡിന്റെ ഭരണസമിതിയെ പിരിച്ചുവിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇന്ത്യൻ കോഫിഹൗസിന്റെ ഹെഡ് ഓഫീസിൽ അതിക്രമിച്ചുകയറി ഓഫീസ് റിക്കാർഡുകളും മറ്റും പിടിച്ചെടുത്ത് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമം നടത്തിയതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ബാധ്യതകൾ വരുത്തിവയ്ക്കുന്ന റബ്കോയ്ക്ക് അനർഹമായ പ്രാധാന്യം നൽകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപ യായി കുറവുചെയ്യേണ്ടതാണ് (അടച്ചുപൂട്ടിയ നന്മസ്റ്റോറുകളുടെ ഉപഭോക്താക്കൾക്ക് പകരം സംവിധാനങ്ങൾ ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയ സംസ്ഥാന പാതയോരത്തുനിന്നും മദ്യശാലകൾ മാറ്റണമെന്ന വിധിയെത്തുടർന്ന് കൺസ്യൂമർ ഫെഡിന്റെ ഔട്ട്‌ലെറ്റുകൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിച്ചതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാർഷിക ലോണുകൾ അനുവദിക്കുന്നതിൽ സഹകരണ മേഖല വിവേചനം കാണിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 360,77,37,000 രൂപയിൽനിന്ന് നൂറ് രൂപയായി കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു:

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. മോൻസ് ജോസഫ്.

## ധനാഭ്യർത്ഥന നമ്പർ XLI—ഗതാഗതം

### **നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. അൻവർ സാദത്ത്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള നിർദ്ദിഷ്ട മോട്ടോർ വെഹിക്കിൾ നിയമത്തെ എതിർക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിൽ വാഹന പരിശോധന കാര്യക്ഷമമാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ മോട്ടോർ വാഹന നിയമം പാലിക്കാതെ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപ യായി കുറവുചെയ്യേണ്ടതാണ് (പൊതുഗതാഗത രംഗത്തെ കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽനിന്നും കരകയറ്റുന്നതിനുള്ള വ്യക്തമായ പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപ യായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. ഷാജി</u>: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ സ്ഥലം കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാതെ അവരെ ബുദ്ധിമുട്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാത്തതുമൂലം കെ.എസ്.ആർ.ടി.സി. പെൻഷൻകാർ നേരിടേണ്ടിവരുന്ന ദുരിതം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകാതെ അവരെ ബുദ്ധിമുട്ടിലാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ നടത്തുന്ന ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 391,23,49,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദീർഘദൂര സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് ആവശ്യത്തിന് വിശ്രമം അനുവദിക്കാത്തതുകാരണം അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII—വിനോദസഞ്ചാരം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലകളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിലും ടൂറിസം രംഗത്ത് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര സാധ്യതയ്ക്ക് മങ്ങൽ ഏൽപ്പിക്കുന്ന നടപടികൾ ഉണ്ടാകുന്നതായി പറയപ്പെടുന്നതും മേഖലയിൽ പുത്തൻ ആശയങ്ങളുടെ ദൗർലഭ്യം ഉണ്ടെന്ന് പറയപ്പെടുന്നതുമായ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള ഭൗതിക സംവിധാനങ്ങൾ മെച്ചപ്പെടുത്താത്തുമൂലം സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഉത്തരവാദിത്വ ടൂറിസം പദ്ധതി ക്രിയാത്മകമായ രീതിയിൽ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാരകേന്ദ്ര പരിസരങ്ങളിലെ സാമൂഹ്യവിരുദ്ധ ശല്യം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യലഭ്യത കുറയുന്നത് വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിക്കുമെന്നതിന്റെ പേരിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മദ്യം ലഭ്യമാക്കാനുള്ള നീക്കമുള്ളതായി പറയപ്പെടുന്നതും, വിനോദസഞ്ചാരികൾ മദ്യത്തിനുവേണ്ടിയാണ് വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുന്നത് എന്ന് പറഞ്ഞ് വിനോദസഞ്ചാരികളെ അപഹാസ്യരാക്കുന്നതായി പറയപ്പെടുന്നതുമായ വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ടൂറിസം വികസനത്തെ മദ്യലഭ്യതയുമായി ബന്ധപ്പെടുത്തി നടത്തുന്ന ദുഷ്പ്രചരണം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഓട്ടോ ടാക്സിക്കാരുടെ അമിത ചൂഷണത്തിൽ നിന്നും വിനോദസഞ്ചാരികൾക്ക് സംരക്ഷണം നൽകാൻ ഫലപ്രദമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള വ്യക്തമായ ദിശാബോർഡുകൾ വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എയർ, റെയിൽ, ജലഗതാഗത കേന്ദ്രങ്ങളെ ഏകോപിപ്പിച്ചുള്ള വിനോദസഞ്ചാര പദ്ധതി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മലബാർ മേഖലയിൽ അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 336,18,86,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, ഞാൻ ഇവിടെ അവതരിപ്പിക്കപ്പെട്ട ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. കേരളത്തിലെ ടൂറിസം മേഖല അതിവേഗം വളർന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂവിൽ പത്ത് ശതമാനത്തിലധികം സംഭാവന ചെയ്യുന്ന മേഖലയാണ് ടൂറിസം. ഈ മേഖലയുടെ വളർച്ചയ്ക്ക് ഗവൺമെന്റ് ആദ്യമേ വ്യക്തമായ ടൂറിസം നയം പ്രഖ്യാപിക്കുകയാണ് ചെയ്തത്. നാളിതുവരെ ഉണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ എല്ലാ സവിശേഷതകളെയും പ്രത്യേകതകളെയും കണക്കിലെടുത്തുകൊണ്ട് സർവ്വതല സ്പർശിയായ ഒരു നയമാണ് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. തലശ്ശേരി-ആലപ്പുഴ തുടങ്ങിയ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നേരത്തെയുണ്ടായിരുന്ന മുസിരിസിന് പുറമെ, പൈതൃക ടൂറിസം പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചിരിക്കുകയാണ്. അതുപോലെതന്നെ ഗ്രീൻ കാർപ്പറ്റ് നയവും കൊണ്ടുവന്നിരിക്കുകയാണ്. പൊതുജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഉത്തരവാദിത്വബോധമുള്ള ടൂറിസം നടപ്പാക്കുന്നതിനാണ് ഗ്രീൻ ടൂറിസം പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നത്. 150 കോടി രൂപയോളം വരുന്ന ടൂറിസം വികസന പദ്ധതികൾ ഇതിനോടകം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം നേടുന്ന സ്ഥിതിയിലാണ് ഇപ്പോഴുള്ളത്. ടൂറിസത്തിന്റെ പ്രധാനപ്പെട്ട വിഷയം ആവശ്യമായ മാർക്കറ്റിംഗ് ഉണ്ടാവുക എന്നതാണ്. ഈ വർഷം 75 കോടി രൂപയുടെ ടൂറിസം മാർക്കറ്റിംഗ് പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത്. അറേബ്യൻ ടൂറിസം മാർട്ടിൽ (എ.ടി.എം.) ഇത്തവണ കേരള പവലിയൻ ഉണ്ടായിരുന്നുവെങ്കിലും വേണ്ടത്ര ശ്രദ്ധ കിട്ടിയില്ലെന്നാണ് അവിടെ നിന്നുവന്ന സുഹൃത്തുക്കൾ സൂചിപ്പിച്ചത്. അത്തരം പോരായ്മകൾ തിരുത്തുന്നതിന് കഴിയണം. കോഴിക്കോട് ജില്ലയിൽ ചില പ്രധാനപ്പെട്ട ടൂറിസം പദ്ധതികൾ കൂടി കിഫ്ബിയിലോ മറ്റോ ഉൾപ്പെടുത്തി അടിയന്തരമായി ചെയ്യേണ്ടതുണ്ട്. അതിലൊന്ന്, പെരുവണ്ണാമൂഴി ഹൈഡൽ ടൂറിസമാണ്. പെരുവണ്ണാമൂഴി ഇറിഗേഷൻ പ്രോജക്ടിനെയും അതുപോലെ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ഹൈഡൽ ടൂറിസത്തിന് അവിടെ വലിയ സാധ്യതയുണ്ട്. അതിന് ഒരു പ്രോജക്ട് ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അതിന് എത്രയും പെട്ടെന്ന് അനുമതി കൊടുക്കേണ്ടതുണ്ട്.

<u>അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ</u>

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറാൻ സാധ്യതയുള്ളതാണ് ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി - ടണൽ റോഡ്. 5.63 കിലോമീറ്റർ ദൈർഘ്യം വരുന്ന ആ ടണൽ റോഡ് പൂർത്തിയാകുന്നതോടുകൂടി മൈസൂർ-ബാംഗ്ലൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ടൂറിസ്റ്റുകളെ വയനാട് വഴി സ്വർഗ്ഗംകുന്ന്-തുഷാരഗിരി-വെള്ളരിമല തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയും. ആ ടണൽ റോഡിന്റെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് അതിന് അനുമതി നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പശ്ചിമഘട്ടത്തിലെ 'The second highest peak' എന്ന് പറയാവുന്ന ഒന്നാണ് വെള്ളരിമല. ഏതാണ്ട് 20 കിലോമീറ്റർ ട്രക്കിംഗ് പൂർത്തിയായി കുത്തനെ കയറിയാൽ മാത്രമേ വെള്ളരിമലയിൽ എത്താനാകൂ. ബയോ ഡൈവേഴ്സിറ്റിയുടെ എറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമാണ് വെള്ളരിമല. ചെറുപ്പക്കാരായ ആളുകൾക്കുമാത്രമേ അവിടെ കയറിച്ചെല്ലാൻ കഴിയൂ. ഒരിക്കൽ ഞാനവിടെ പോകുകയും രണ്ട് ദിവസം താമസിക്കുകയും ചെയ്തിരുന്നു. ഇത്ര പ്രകൃതിരമണീയമായ മറ്റൊരു സ്ഥലം കേരളത്തിലുണ്ടാവുകയില്ല. ട്രക്കിംഗ് ഉൾപ്പെടെയുള്ള അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യത തിരിച്ചറിഞ്ഞ് വെള്ളരിമലയെ ഒരു അഡ്വഞ്ചർ ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറ്റാവുന്നതാണ്.

ദക്ഷിണേന്ത്യയിൽ ഒരുപക്ഷേ ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട വൈറ്റ് വാട്ടർ കനോയിംഗ് ആന്റ് കയാക്കിംഗ് മത്സരം നടക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കോടഞ്ചേരി എന്ന സ്ഥലത്താണ്. കഴിഞ്ഞ വർഷം ഏതാണ്ട് 40 വിദേശ രാജ്യങ്ങളിൽനിന്ന് കയാക്കേഴ്സ് പങ്കെടുത്ത ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് ഈവന്റ് ആയിരുന്നു അത്. പക്ഷേ പ്രോപ്പർ ഗൈഡൻസ് അതിനുണ്ടായിരുന്നില്ല. കഴിഞ്ഞ വർഷത്തെ സമ്മാനത്തുക ഇനിയും വിതരണം ചെയ്യാനുണ്ട്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അഡ്വഞ്ചർ വാട്ടർ സ്പോട്ട് എന്നനിലയിൽ അതിനെ ഡെവലപ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ടൂറിസം വികസിക്കണമെങ്കിൽ അതിനാവശ്യമായ മറ്റ് സംവിധാനങ്ങളുമുണ്ടാകണം. കഴിഞ്ഞ ഒരു വർഷത്തെ കണക്കെടുത്താൽ കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ ടൂറിസ്റ്റുകൾക്ക് ലഭ്യമാകേണ്ട ഒട്ടേറെ സൗകര്യങ്ങൾ ലഭ്യമാകുന്നില്ല എന്നുള്ളതാണ് കാരണം.

ഗോവയിലേയ്ക്കും ശ്രീലങ്കയിലേയ്ക്കും പോകാനാണ് അവർ ഇപ്പോൾ താല്പര്യപ്പെടുന്നത്. കേരളത്തിൽ ലഭിച്ചുകൊണ്ടിരുന്ന സൗകര്യങ്ങൾ മദ്യനയവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകൾക്ക് ലഭിക്കാതെവന്നു. നേതാക്കന്മാർ തമ്മിലുള്ള പരസ്പര മത്സരത്തിൽ ആരാണ് വലിയ മദ്യവിരോധിയെന്ന് തെളിയിക്കാൻവേണ്ടി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച അശാസ്ത്രീയമായ മദ്യനയമാണ് ടൂറിസ്റ്റുകളുടെ വരവിനെ പ്രതികൂലമായി ബാധിച്ചത്. ടൂറിസ്റ്റ് രംഗത്തുനിന്നും ലഭിക്കേണ്ട ഏതാണ്ട് മുപ്പതിനായിരം കോടി രൂപയുടെ വരുമാനം കുറഞ്ഞു എന്നാണ് മനസ്സിലാക്കുന്നത്. നേതാക്കന്മാർ ചിന്തിക്കുന്നതുപോലെയല്ല സാധാരണക്കാർ ചിന്തിക്കുന്നത്. അത്യാവശ്യം മദ്യം കിട്ടിയാൽ കുടിക്കണമെന്നുതന്നെയാണ് ആളുകൾ ചിന്തിക്കുന്നത്. എന്റെ നാട്ടിലെ ഒരു പാപ്പച്ചൻ ചേട്ടനെ ഈ അടുത്ത ദിവസം എക്സൈസ് ഉദ്യോഗസ്ഥർ പിടിച്ചു. അയാൾ ഒരു ക്രിസ്ത്യൻ മതവിശ്വാസിയായിരുന്നു. അദ്ദേഹത്തെ പിടിച്ചപ്പോൾ സർ, ഞാൻ ചെയ്ത തെറ്റ് എന്താണെന്ന് ഉദ്യോഗസ്ഥരോട് ചോദിച്ചു. നീ വ്യാജ മദ്യമുണ്ടാക്കുകയാണെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ബൈബിളിലെ കാര്യങ്ങൾ ഞാൻ നടപ്പാക്കുകയാണെന്നാണ് അപ്പോൾ അദ്ദേഹം പറഞ്ഞത്. നിങ്ങൾ എന്റെ പേരിൽ ഒത്തുകൂടുമ്പോൾ ഞാൻ ഈ ചെയ്തത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്ന് ബൈബിളിൽ പറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞു. യേശു കാനായിലെ കല്യാണത്തിന് അഞ്ചോ ആറോ ഭരണി നിറയെ വൈൻ ഉണ്ടാക്കിയ ഒരു പാരമ്പര്യം ബൈബിളിലുണ്ട്. അതുകൊണ്ട് ഞാൻ അക്കാര്യമാണ് ചെയ്യുന്നതെന്നാണ് അദ്ദേഹം പറഞ്ഞ മറുപടി. ഇങ്ങനെയൊക്കെയാണെങ്കിലും വാറ്റാനുള്ള ഉപകരണം നിന്റെ കയ്യിൽനിന്നും കണ്ടുപിടിച്ചതുകൊണ്ട് അറസ്റ്റ് ചെയ്യാതിരിക്കാൻ നിർവ്വാഹമില്ലെന്ന് പോലീസുദ്യോഗസ്ഥൻ പറഞ്ഞു. അങ്ങനെയാണെങ്കിൽ ബലാത്സംഗത്തിനുള്ള കുറ്റംകൂടി എന്റെ പേരിലെടുക്കണം. അതിനുള്ള ഉപകരണവും എന്റെ കയ്യിലുണ്ടെന്ന് വളരെ സരസമായി ആ പാപ്പച്ചൻ ചേട്ടൻ പറഞ്ഞു. നാട്ടുകാർ ഇങ്ങനെയാണ് ചിന്തിക്കുന്നത്. ഞാൻ തമാശ പറഞ്ഞതല്ല, സത്യം പറഞ്ഞതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മദ്യനയം നമ്മുടെ നാടിന് യോജിച്ചതല്ല, വികലമാണ്. നമ്മുടെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആരെയും നിർബന്ധിച്ച് മദ്യം കഴിപ്പിക്കേണ്ട ആവശ്യമില്ലെങ്കിലും മദ്യം കഴിക്കാൻ താല്പര്യമുള്ളവർക്ക് അതിനുള്ള അന്തരീക്ഷമുണ്ടാകണം.

എന്റെ നിയോജകമണ്ഡലമായ തിരുവമ്പാടിയിൽ ഇപ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ചില്ലറയൊന്നുമല്ല. അവിടെ ബിവറേജസ് കോർപ്പറേഷന്റെ ആകെ ഒരു

ഷോപ്പാണുള്ളത്. നിലമ്പൂർ മണ്ഡലത്തിലും വണ്ടൂർ മണ്ഡലത്തിലും ശ്രീ. പി. കെ. ബഷീറിന്റെ മണ്ഡലമായ ഏറനാട്ടും ശ്രീ. പി.ടി.എ. റഹീമിന്റെ മണ്ഡലമായ കുന്ദമംഗലത്തും ശ്രീ. കാരാട്ട് റസാഖിന്റെ മണ്ഡലമായ കൊടുവള്ളിയിലും ബിവറേജസ് ഷോപ്പുകളില്ല. മാണി സാറിന്റെ പഴയ നാടായ കൂടറഞ്ഞിയിലുണ്ട്. അവിടെനിന്നൊക്കെ ഓട്ടോയും ടാക്സിയും പിടിച്ച് തിരുവമ്പാടിയിൽ വരികയാണ്. അതുകൊണ്ട് തിരുവമ്പാടിയിലെ നാട്ടുകാർക്ക് മദ്യം കിട്ടുന്നില്ല. അവർക്കുകൂടി കിട്ടാനുള്ള ഒരു സംവിധാനമുണ്ടാക്കണം. അല്ലെങ്കിൽ ബാക്കിയുള്ള മണ്ഡലങ്ങളിൽക്കൂടി ഓരോ ഷോപ്പുകൾ അനുവദിക്കണം. തെറ്റായ നയം കൊണ്ടുവന്ന് അതിന്റെ പേരിൽ പരസ്പരം മത്സരിച്ച് ആളാകാനുള്ള ശ്രമം മാത്രമാണിത്. അതുകൊണ്ട് ആ നയം തിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

കേരളത്തിൽ കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്നുള്ളത് വസ്തുതയാണെങ്കിലും ഏറ്റവും പ്രതീക്ഷ നൽകുന്ന ഒരു പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായത്. ഒരു വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിന്റെ ലക്ഷണങ്ങൾ ഇപ്പോൾത്തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. സാധാരണഗതിയിൽ ഒരു ലിറ്റർ ഡീസൽ കൊണ്ട് ഒരു ബസിന് 3.5 കിലോമീറ്റർ ഓടാൻ കഴിഞ്ഞാൽ അത് ബ്രേക്ക് ഈവൻ ആകുമെന്നാണ് കണക്ക്. ഒരു ലിറ്റർ ഡീസൽ ഉപയോഗിച്ച് 5 കിലോമീറ്റർ ഓടാൻ കഴിയത്തക്കവിധമുള്ള ക്രമീകരണം വരികയാണ്. ടയറിന്റെ ലൈഫ്, ഡ്രൈവർമാരുടെ തുടർച്ചയായ ട്രെയിനിംഗ് ഇതെല്ലാം പൂർണ്ണ അർത്ഥത്തിൽ സാധിച്ചാൽ ഫ്യുവൽ മൈലേജ് കൂട്ടാൻ കഴിയും. ഫ്യുവൽ മൈലേജ് കൂട്ടുന്നതോടൊപ്പം ലാഭകരമായ റൂട്ടിൽ ശ്രദ്ധപതിപ്പിക്കുകയും വേണം. അങ്ങനെവരുമ്പോൾ ഉൾനാടൻ റൂട്ടുകളെ പലപ്പോഴും അവഗണിക്കുന്ന സ്ഥിതിയുണ്ട്, അത് തിരുത്തണം. വാഹനാപകടത്തിൽ പത്ത് ശതമാനം വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വാഹനങ്ങളുടെ എണ്ണത്തിൽത്തന്നെ കാര്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. കഴിഞ്ഞ വർഷം 56 ലക്ഷത്തിലേറെ വാഹനങ്ങളുണ്ടായിരുന്നിടത്ത് ഇപ്പോൾ 64 ലക്ഷം കവിഞ്ഞിരിക്കുകയാണ്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് റോഡിന് സൗകര്യങ്ങളുണ്ടാകുന്നില്ല. മഴക്കാലത്ത് വലിയ കുണ്ടും കുഴിയുമൊക്കെയുണ്ടാകുന്ന അവസ്ഥ മാറ്റി റോഡ് കുറേക്കൂടി മെച്ചപ്പെടുത്തിയാൽ മാത്രമേ ടയറിന്റേയും ഫ്യുവലിന്റേയും മൈലേജ് വർദ്ധിപ്പിക്കാൻ കഴിയൂ. അതിന് നല്ല സഹകരണത്തോടെയുള്ള പ്രവർത്തനം ഇക്കാര്യത്തിലുണ്ടാകേണ്ടതുണ്ട്.

കഴിഞ്ഞ ഒരു വർഷമായി കെ.എസ്.ആർ.ടി.സി.യുടെ ആക്സിഡന്റ് നിരക്കിൽ കുറവ് വന്നിട്ടുണ്ട്. മറ്റ് വാഹനങ്ങളെ അപേക്ഷിച്ച് കെ.എസ്.ആർ.ടി.സി. മുഖേനയുണ്ടാകുന്ന അപകടം താരതമ്യേന കുറവാണ്. അത് ഇനിയും കുറയ്ക്കാൻ കഴിയുമെന്നാണ് സൂചിപ്പിക്കാനുള്ളത്.

മോട്ടോർ ബൈക്കിൽ വരുന്ന ആളുകളാണ് അപകടമുണ്ടാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നത്. ഞാൻ ഒരിക്കൽ മോട്ടോർ ബൈക്ക് ഡ്രൈവ് ചെയ്ത് കയറ്റം കയറി വരുമ്പോൾ രണ്ട് ചെറുപ്പക്കാർ മോട്ടോർ ബൈക്കിൽ വരികയാണ്. ടൈറ്റാനിക് സിനിമയിൽ കപ്പലിന്റെ ഡെക്കിൽ കാമുകനും കാമുകിയുംകൂടി നിൽക്കുന്നതുപോലെ മോട്ടോർ ബൈക്കിൽ രണ്ടുപേർ കയ്യുംവിട്ട് വന്നുകൊണ്ടിരിക്കുന്നു. എനിക്കാണെങ്കിൽ മുന്നോട്ടുപോകാൻ സൈഡുമില്ല. ഇത് ചെറുപ്പക്കാരായ ആളുകളുടെ ഇടയിലുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ട്രെന്റാണ്. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് മോട്ടോർ ബൈക്ക് ഓടിക്കുക, മൂന്നും നാലും ആളുകൾ ഒന്നിച്ചുപോകുക എന്നിവ മാരകമായ അപകടങ്ങളുണ്ടാക്കുകയാണ്. മോട്ടോർ സൈക്കിളിന്റെ അപകടമുണ്ടാക്കുന്ന പ്രവണത അവസാനിപ്പിക്കാൻ കർശന വാഹന പരിശോധന നടത്തി കുറ്റക്കാർക്ക് ആവശ്യമായ ശിക്ഷ കൊടുക്കാൻ തയ്യാറാകണം. കേരളത്തിലേയ്ക്ക് വരുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കഴിഞ്ഞ ഒരു വർഷമായി കുറവ് വന്നിരിക്കുകയാണ്. ഡെസ്റ്റിനേഷനുകളെയെല്ലാം മേജർ ഡെസ്റ്റിനേഷനുകളായി ഡെവലപ് ചെയ്യുന്നതിനുപകരം ഹോം സ്റ്റേ, ഹോം ടൂറിസം തുടങ്ങിയ കാര്യങ്ങൾകൂടി വികസിപ്പിക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾ നിർദ്ദേശിക്കുന്ന സ്റ്റാൻഡേർഡിനനുസരിച്ച് സാധാരണക്കാരുടെ അല്ലെങ്കിൽ ഇടത്തരക്കാരുടെ വീടുകളിൽ ടോയ്ലെറ്റ് ഉൾപ്പെടെയുള്ള ഫെസിലിറ്റി ഉണ്ടാക്കുക പ്രയാസകരമാണ്. അതുകൊണ്ട് ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാൻ കൂടുതൽ ഹോം സ്റ്റേകൾ അനുവദിക്കാനും അതിനാവശ്യമായ ഗൈഡൻസ് കൊടുക്കാനും നമുക്ക് കഴിയണം. മറ്റൊരു കാര്യം, പ്രത്യേകതരം ഭക്ഷണ സാധനങ്ങൾ നമുക്കുതന്നെ മാർക്കറ്റ് ചെയ്യാവുന്നതാണ്. തുഷാരഗിരിയിൽ ഒരു ജോണിയേട്ടൻ ഉണ്ട്. അയാളുടെ ഹോട്ടലിലെ (പെട്ടി പീടികയാണ്) ഭക്ഷണം കഴിക്കാൻവേണ്ടി കോഴിക്കോടും അതിന്റെ പരിസര പ്രദേശങ്ങളിൽ നിന്നുംപോലും ധാരാളം ആളുകൾ വരാറുണ്ട്. അവിടെ ഒരു പ്രത്യേക രീതിയിലാണ് ഭക്ഷണമുണ്ടാക്കുന്നത്. അതുകൊണ്ടാണ് ആളുകൾ ധാരാളമായി വരുന്നത്. ഡൽഹിയിൽ നടക്കുന്ന ഇന്ത്യാ ഫെസ്റ്റിവലിനോടൊപ്പമോ അല്ലെങ്കിൽ അറേബ്യൻ മാർട്ട് പോലുള്ള പരിപാടികളിൽ, അതുപോലെയുള്ള ഭക്ഷണസാധനങ്ങൾ

മാർക്കറ്റ് ചെയ്യാനുള്ള സംവിധാനങ്ങൾകൂടി ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കോഴിക്കോട് ജില്ലയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ അതീവ ശ്രദ്ധയോടുകൂടി അടിയന്തരമായി നടപ്പാക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഹരിതാഭമായ കേരള സംസ്ഥാനം അനുയോജ്യമായ കാലാവസ്ഥകൊണ്ടും പ്രകൃതിഭംഗികൊണ്ടും കലാ-സാംസ്കാരിക സമ്പന്നതകൊണ്ടും ദൈവത്തിന്റെ സ്വന്തം നാട് തന്നെയാണ്. ഐ.ടി., കാർഷിക മേഖലകളെപ്പോലെ തന്നെ നമ്മുടെ സംസ്ഥാനത്തിന് വളരെ സുപ്രധാനമായിട്ടുള്ളൊരു മേഖലയാണ് ടൂറിസം മേഖല. കാലാകാലങ്ങളായി ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷെ കഴിഞ്ഞ കുറച്ചുനാളുകളായി കേരളത്തിലേയ്ക്ക് വരുന്ന വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് അനുഭവിച്ചുക്കൊണ്ടിരിക്കുകയാണ്. ഈ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കേരളത്തിന്റെ പ്രകൃതിഭംഗികൊണ്ടും മറ്റു ജ്യോഗ്രഫിക്കൽ ലൊക്കേഷൻകൊണ്ടും യാത്രാസൗകര്യങ്ങൾ കൊണ്ടുമൊക്കെയുള്ള comparative advantage ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ ഇന്ന് നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നില്ലെന്നതാണ് യാഥാർത്ഥ്യം. ഇത്രയധികം comparative advantage പോലും ഇല്ലാത്ത ശ്രീലങ്ക പോലുള്ള രാജ്യങ്ങൾ കേരളത്തിലേയ്ക്ക് വന്നുകൊണ്ടിരുന്ന ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിച്ചുകൊണ്ടുപോകുന്ന ഒരു സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന ആയിരക്കണക്കിന് പതിനായിരക്കണക്കിന് ആളുകളെയാണ് ഇത് ബാധിക്കുന്നതെന്ന് നമുക്കറിയാം. നമ്മുടെ സംസ്ഥാനത്ത്, കൊച്ചി പോലുള്ള സിറ്റികളിൽ നിരന്തരമായി നടന്നു കൊണ്ടിരുന്ന പ്രൊഫഷണൽ കോൺഫറൻസുകൾപോലും, ഡോക്ടർമാരുടെ പ്രൊഫഷണൽ കോൺഫറൻസുകൾ ഉൾപ്പെടെയുള്ളവ ഇന്ന് ശ്രീലങ്കയിലേയ്ക്ക് പോകുന്ന ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഈ വിഷയത്തിൽ അടിയന്തരമായി, ഗൗരവമായിട്ടുള്ള ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ടൂറിസം രംഗത്തിന് മാർക്കറ്റിംഗ് കൊണ്ടുമാത്രം പിടിച്ചു നിൽക്കാനാകില്ല. കേരള ടൂറിസം വളരെ ഫലപ്രദമായ രീതിയിൽ മാർക്കറ്റിംഗ് നടത്തുന്നുണ്ടെന്നത് യാഥാർത്ഥ്യം തന്നെയാണ്. അതിന് തുല്യമായ അടിസ്ഥാന സൗകര്യ വികസനം ഉണ്ടാകണം. നല്ല വെബ്സൈറ്റുകളും ഫോട്ടോഗ്രാഫുകളും വീഡിയോകളും കണ്ട് നമ്മുടെ സംസ്ഥാനത്ത് വരുന്ന ടൂറിസ്റ്റുകൾ ട്രെയിനോ വിമാനമോ

ഇറങ്ങി പുറത്തേയ്ക്ക് വരുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവം പലപ്പോഴും വ്യത്യസ്തമായിരിക്കും. അങ്ങനെ ഒരു അനുഭവമുണ്ടാകുമ്പോൾ, ടൂറിസ്റ്റുകൾ ഇവിടെ നിന്നും തിരിച്ചുപോകുമ്പോഴുണ്ടാകുന്ന മനോസ്ഥിതി പ്രധാനമാണ്. കേരളത്തിന്റെ ടൂറിസം രംഗത്തെക്കുറിച്ച് അവർ രേഖപ്പെടുത്തുന്ന അഭിപ്രായം വ്യത്യസ്തമാണെങ്കിൽ അത് ടൂറിസം മേഖലയെത്തന്നെ കാര്യമായി ബാധിക്കും. അടിസ്ഥാന വികസനം പ്രത്യേകിച്ച് ശുചിത്വം, യാത്രാ സൗകര്യങ്ങൾ, താമസ സൗകര്യങ്ങൾ ഉൾപ്പെടെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ഇവിടെവന്ന ടൂറിസ്റ്റുകളെക്കുറിച്ച് പഠനങ്ങളും സർവ്വേയും നടത്തിയിട്ടുണ്ട്. ആ പഠനങ്ങൾ ഉൾപ്പെടെ കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകൾ ഹൈലൈറ്റ് ചെയ്യുന്ന ഒന്നുരണ്ട് പ്രധാന കാര്യങ്ങൾ ഉണ്ട്. അതിലൊന്ന് ശുചിത്വത്തെ സംബന്ധിച്ചാണ്. ടൂറിസം രംഗത്ത് ശുചിത്വവുമായി ബന്ധപ്പെട്ട് വളരെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായിട്ടില്ലെങ്കിൽ ഓരോ വർഷവും കേരളത്തിലേയ്ക്ക് വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്നത് യാഥാർത്ഥ്യമാണ്. മറ്റൊന്ന്, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുടെ പെരുമാറ്റമാണ്. പല ഡെസ്റ്റിനേഷനു കളിലുമുള്ള വഴിയോര കച്ചവടക്കാരുൾപ്പെടെ ടൂറിസ്റ്റുകളോട് അപമര്യാദയായി പെരുമാറുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. 'ഈ ടൂറിസ്റ്റുകൾ ഇന്ന് ഒരു ദിവസത്തേയ്ക്ക് മാത്രം വരുന്ന ആളുകളാണല്ലോ ഇവരോട് എന്ത് വേണമെങ്കിലും ചെയ്യാ'മെന്ന നിലപാടാണ് പല ആളുകളും സ്വീകരിക്കുന്നത്. ഇന്ന് ടൂറിസ്റ്റുകളെല്ലാവരും ഇൻസ്റ്റന്റ് മാർക്കറ്റിംഗ് നടത്തുന്നവരാണ്. ഓരോ ടൂറിസ്റ്റും ഓരോ ഡെസ്റ്റിനേഷനിലും വന്നുപോകുമ്പോൾ അവർക്കുണ്ടാകുന്ന അനുഭവങ്ങൾ സോഷ്യൽ മീഡിയയിൽ കുറിച്ചിടുന്നതിലൂടെ അവിടെയൊരു ഇൻസ്റ്റന്റ് മാർക്കറ്റിംഗ് ആണ് ഉണ്ടാകുന്നത്. അവർക്കുണ്ടാകുന്ന ദുരനുഭവം മറ്റ് ടൂറിസ്റ്റുകൾകൂടി വായിച്ച് മനസ്സിലാക്കി അതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായങ്ങൾ രൂപപ്പെടുത്തിക്കൊണ്ടാണ് ഇങ്ങോട്ട് വരുന്നതെന്ന് മനസ്സിലാക്കണം. ടൂറിസം രംഗത്ത് വലിയരീതിയിൽ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിന് സാധ്യതകളുണ്ട്. പക്ഷെ പല ഡിപ്പാർട്ട്മെന്റുകളുടെയും ഏകോപനമില്ലായ്മയാണ് പ്രൈവറ്റ് ഇൻവെസ്റ്റുമെന്റിന് തടസ്സമായി നിൽക്കുന്നത്. ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കയ്യിൽ പ്രോപ്പർട്ടീസ് കാര്യമായിട്ടില്ല. എല്ലാം വിവിധ വകുപ്പുകളുടെ കീഴിലാണ്. ഇറിഗേഷൻ, ഫോറസ്റ്റ്, പ്ലാന്റേഷൻ കോർപ്പറേഷൻ, പോർട്ട്, എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി., കെ.എസ്.ഇ.ബി. ഉൾപ്പെടെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ അധീനതയിലാണ് ഡെസ്റ്റിനേഷനുകളുടെ ഓണർഷിപ്പ് ഉള്ളത്. ഒരു സ്വകാര്യ സംരംഭകൻ ടൂറിസം രംഗത്ത് ഇൻവെസ്റ്റ്മെന്റ് നടത്താൻ തയ്യാറായി വരുമ്പോൾ ഈ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനം

നടക്കാത്തതുകൊണ്ട് അവർ പിന്തിരിഞ്ഞ് പോകുന്ന ഒരു കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതിന് വിരാമമിടാനായി മുഖ്യമന്ത്രിയുടെ തന്നെ നേതൃത്വത്തിൽ, അങ്ങയുടെ ഫലപ്രദമായ ഇടപെടൽകൊണ്ട് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ്, പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിൽ ടൂറിസം രംഗത്ത് വലിയ വികസനം കാഴ്ചവയ്ക്കാൻ സാധിക്കുന്ന തരത്തിലുള്ള പ്രോജക്ടുകൾ കൊണ്ടുവരാൻ സർക്കാർ മുൻകൈ എടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. മറ്റൊന്ന്, ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് ഉള്ളതാണെങ്കിലും ടൂറിസം ഇൻഡസ്ട്രിയിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. മുൻകാലങ്ങളിൽ middle aged അല്ലെങ്കിൽ above middle aged ആയിട്ടുള്ള ടൂറിസ്റ്റുകളെയാണ് കേരളം കൂടുതലായി ആകർഷിച്ചിട്ടുള്ളത്. പക്ഷെ ഈയടുത്ത കാലങ്ങളിൽ ചെറുപ്പക്കാരായ ടൂറിസ്റ്റുകൾ പ്രത്യേകിച്ച് ആഭ്യന്തര ടൂറിസ്റ്റുകൾ കേരളത്തിലേയ്ക്ക് വരാൻ താൽപ്പര്യം കാണിക്കുന്നുണ്ട്. അങ്ങനെയൊരു സാഹചര്യത്തിൽ അവർ കേരളത്തിലേയ്ക്ക് വരുമ്പോൾ, ഒരുപക്ഷെ ഫൈവ് സ്റ്റാർ ഹോട്ടലുകളിലുകളിലൊന്നും താമസിക്കുന്ന ടൂറിസ്റ്റുകൾ ആയിരിക്കുകയില്ല. കേരള ത്തിലേയ്ക്ക് വരുമ്പോൾ അവർ ഇവിടെ പ്രതീക്ഷിക്കുന്നത് അവർക്ക് ആവശ്യമായിട്ടുള്ള ഇക്കോ അഡ്വഞ്ചർ സെഗ്മെന്റിൽ ഫലപ്രദമായിട്ടുള്ള സൗകര്യങ്ങൾ ഉണ്ടാകണ മെന്നതാണ്. പ്രത്യേകിച്ച് ടെന്റ് സംവിധാനം, ക്യാമ്പിംഗിനുള്ള സംവിധാനം, ബൈക്കിംഗ്, ട്രക്കിംഗ് ഇത്തരത്തിലുള്ള അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് ഇക്കോ അഡ്വഞ്ചർ സെഗ്മെന്റിൽ ചെറുപ്പക്കാരായ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് കൂടുതലായി ആകർഷിക്കാനായി ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. അതിലെല്ലാം ഉപരിയായി പിൽഗ്രിമേജ് ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജന പ്പെടുത്താവുന്ന അതീവ സുന്ദരമായ ടൂറിസ്റ്റ് കേന്ദ്രങ്ങളാണ് എന്റെ നിയോജകമണ്ഡലത്തിലെ കാലടി, മലയാറ്റൂർ, ഏഴാറ്റുമുഖം തുടങ്ങിയവ. ഇവിടേയ്ക്ക് ടൂറിസ്റ്റുകളെ ഫലപ്രദമായി ആകർഷിക്കുന്നതിനുവേണ്ടി ഈ മേഖലകളെയെല്ലാം ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം സർക്യൂട്ട് പദ്ധതി സംബന്ധിച്ച് ചർച്ച നടന്നുവരികയാണ്. അതിനുള്ള റിപ്പോർട്ടുകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അത് അതിവേഗത്തിലാക്കി ടൂറിസം മേഖലയുടെ അനന്തമായ സാധ്യതകൾ വികസിപ്പിച്ചെടുക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. ഇതിനുമുമ്പും ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നമ്മുടെ നാട്ടിലെ വ്യവസായ മേഖലയെപ്പോലും തകർത്ത ഗുരുതരമായ തൊഴിൽ പ്രശ്നങ്ങൾ ഇന്ന് ടൂറിസം രംഗത്തും നിലനിൽക്കുകയാണ്. ചില ഹോട്ടലുകളിൽ വിദേശ

ടൂറിസ്റ്റുകളെ ഉൾപ്പെടെ, തൊഴിലാളി പ്രശ്നങ്ങളുടെ പേരിൽ പൂട്ടിയിടുന്ന സാഹചര്യങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുണ്ട്. ടൂറിസം രംഗത്തുള്ള ഇത്തരം കടന്നുകയറ്റങ്ങൾ തടയുവാൻ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. സമയക്കുറവായതിനാൽ സഹകരണമേഖലയുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സഹകരണമേഖലയിൽ ടു ടയർ സംവിധാനം കൊണ്ടുവരാൻ പോകുന്നുവെന്നാണ് പത്രമാധ്യമങ്ങളിലൂടെയെല്ലാം നമ്മൾ പറഞ്ഞുകേൾക്കുന്നത്. കാലാകാലങ്ങളായി സെൻട്രൽ ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും നബാർഡിന്റെയുമൊക്കെ അഞ്ച് കമ്മിറ്റികൾ 1999 മുതൽ 2013 വരെ ഇതിനെക്കുറിച്ച് വിശദമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലുൾപ്പെടെ സഹകരണ രംഗത്ത് നിലനിന്നിരുന്ന ത്രീ ടയർ സംവിധാനം നിലനിർത്തണമെന്നാണ് ഈ അഞ്ച് കമ്മിറ്റികളും നിർദ്ദേശിച്ചിരിക്കുന്നത്. 2002-ലാണ് ജാർഖണ്ഡ് സംസ്ഥാനം രൂപീകൃതമായത്. സ്വാഭാവികമായും ഒരു പുതിയ സംസ്ഥാനം രൂപീകൃതമാകുമ്പോൾ അവിടെ ഒരു സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ആവശ്യമായി വരും. അതിന്റെ ഭാഗമായി അവിടെ ഒരു സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചു. അന്ന് അവിടെ ഉണ്ടായിരുന്ന എട്ട് ജില്ലാ സഹകരണബാങ്കുകളെയും ലയിപ്പിച്ച് ഒരു പുതിയ ബാങ്ക് രൂപീകൃതമായി. അതിന് റിസർവ് ബാങ്കിന്റെ ലൈസൻസ് കിട്ടുന്നതിനുവേണ്ടി പതിനൊന്ന് വർഷമെടുത്തുവെന്നതാണ് യാഥാർത്ഥ്യം. അതിന്റെ ലയനം അംഗീകരിച്ചത് ഏതാനും മാസങ്ങൾക്കുമുമ്പാണ്. അതായത് ഒരു പുതിയ സംസ്ഥാനം രൂപീകൃതമായതിന്റെ അടിസ്ഥാനത്തിൽ സ്ഥാപിതമായ പുതിയ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് അംഗീകാരം ലഭിക്കുവാൻ പതിനഞ്ച് വർഷമെടുത്തുവെന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ കേരളത്തിൽ ഒരു പുതിയ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുവാൻ സർക്കാർ മുന്നോട്ടുപോകുകയാണെങ്കിൽ കേരളത്തിലെ സാഹചര്യമെന്തായിരിക്കും; എത്ര വർഷമെടുത്താൽ അംഗീകാരം കിട്ടും, എത്ര വർഷമെടുത്താൽ അതിന്റെ ലയനം അംഗീകരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന് സർക്കാർ മറുപടി പറയേണ്ടതുണ്ട്. കാലാകാലങ്ങളായി സർക്കാരുകൾ മാറിമാറി വരുമ്പോൾ സഹകരണ ബാങ്കുകളെ പിടിക്കുവാനുള്ള ചെപ്പടിവിദ്യകൾ സ്വീകരിക്കാറുണ്ട്. അത് നിങ്ങൾ ചെയ്തുകൊള്ളൂ. ഇപ്പോഴും നിങ്ങൾ അത് ചെയ്യുന്നുണ്ട്. അതിനെയല്ല ഞങ്ങൾ ഇവിടെ എതിർക്കുന്നത്. പക്ഷേ അങ്ങനെയുള്ള ചെപ്പടിവിദ്യകൾ ചെയ്യുമ്പോൾ സഹകരണമേഖലയെത്തന്നെ തകർക്കുന്ന വിധത്തിലുള്ള നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകരുതെന്നാണ് എനിക്ക് ഈ അവസരത്തിൽ

അഭ്യർത്ഥിക്കാനുള്ളത്. സർക്കാർതന്നെ നിയോഗിച്ച ഡോ. എം. എസ്. ശ്രീറാം കമ്മിറ്റി പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ പോയി തെളിവെടുപ്പ് നടത്തി മുതിർന്ന സഹകാരികളുമായി ആശയവിനിമയം നടത്തി. ആ ചർച്ചകളിലെല്ലാം പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളും പറഞ്ഞത് ഇവിടെ ത്രീ ടയർ സംവിധാനം നിലനിർത്തണമെന്നാണ്. അങ്ങ് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഡയറക്ടറായിരുന്നു. നമ്മുടെ മുഖ്യമന്ത്രി ഒരുകാലത്ത് അതിന്റെ വൈസ് പ്രസിഡന്റായിരുന്നു. ഈ NAFSCOB പോലും സംസ്ഥാന സർക്കാരിനോട് ത്രീ ടയർ സംവിധാനം നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കത്തയച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സഹകരണമേഖലയെ തകർക്കുവാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകരുതെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

12.00 Noon]

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2017-18-ലെ വാഹനനികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. സഹകരണ തത്വങ്ങൾക്ക് മനുഷ്യ സമുദായത്തോളം പഴക്കമുണ്ട്. ഒന്നായി ജീവിക്കുകയും ചിന്തിക്കുകയും ചെയ്യുക എന്നതാണ് സഹകരണത്തിന്റെ വിശാലമായ കാഴ്ചപ്പാട്. മറ്റേത് സംസ്ഥാനത്തെക്കാളും മികവുറ്റ രീതിയിൽ സഹകരണ പ്രസ്ഥാനം മുന്നേറുന്നത് കേരളത്തിലാണെന്നത് നിസ്തർക്കമായ കാര്യമാണ്. 1904-ലെ സഹകരണ നിയമമനുസരിച്ച് മലബാറിൽ സ്ഥാപിതമായ കൊട്ടുവായൂർ ഐക്യനാണയ സംഘമാണ് ആദ്യം രൂപീകരിച്ചത്. 1914-ൽ തിരുവിതാംകൂർ മഹാരാജാവ് ഇന്നത്തെ തിരുവനന്തപുരം സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചു. ഇന്നിത് 92 രാജ്യങ്ങളിലെ 248 സഹകരണ ഫെഡറേഷനുകളുടെ സംഗമവേദിയാണ്. നമ്മുടെ സംസ്ഥാനത്ത് സഹകരണസംഘം രജിസ്ട്രാർമാരുടെ കീഴിൽ പതിനാലായിരത്തോളം സഹകരണ സംഘങ്ങളുണ്ട്. സംസ്ഥാന കാർഷിക വികസന ബാങ്ക്, പതിനാല് ജില്ലാ സഹകരണ ബാങ്കുകൾ, അറുപത് അർബൻ ബാങ്കുകൾ, 48 പ്രാഥമിക കാർഷിക വികസന ബാങ്കുകൾ, 1602 പ്രാഥമിക വായ്പാ സംഘങ്ങൾ, നിരവധി അപ്പെക്സ് സഹകരണ സംഘങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇന്ന് ഈ മേഖലയിലെ ആകെ നിക്ഷേപം 40,000 കോടി രൂപ യാണെന്നത് നമ്മുടെ സംസ്ഥാന സഹകരണമേഖലയുടെ അഭിമാനാർഹമായ

നേട്ടമാണ്. ഇതിൽ എഴുപത്തിയഞ്ച് ശതമാനവും വായ്പയായി നൽകിയിരിക്കുന്നു വെന്നത് അതിലും ശ്രദ്ധേയമാണ്. കുത്തകപ്പലിശക്കാരുടെയും ബ്ലേഡ് കമ്പനി കളുടെയും കഴുത്തറുപ്പൻ ഇടപാടുകളിൽനിന്നും ജനങ്ങളെ രക്ഷിച്ച് അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ വിഭവങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കൂടാതെ പല സഹകരണ സംഘങ്ങളും കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ, മരുന്ന്, കാർഷികവിഭവങ്ങൾ തുടങ്ങിയവ നൽകിവരുന്നു. സേവനമേഖല എന്ന നിലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നതോടൊപ്പം തൊഴിൽ മേഖല എന്ന രീതിയിലും പ്രധാനപ്പെട്ട ഉത്തരവാദിത്തമാണ് നിർവ്വഹിച്ചുപോരുന്നത്. ഒരുലക്ഷം പേർക്ക് നേരിട്ടും അതിലും എത്രയോ അധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നു. രാജ്യത്തിന്റെ സ്വാശ്രയത്വം നിലനിർത്തുന്നതിന് പൊതുമേഖലയ്ക്കുള്ളതു പോലെ സഹകരണ പ്രസ്ഥാനങ്ങൾക്കും വലിയ പങ്കുണ്ടെന്ന കാര്യം മറച്ചുപിടിച്ച് ഈ മേഖലയെ തകർക്കാനുള്ള നീക്കമാണ് കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്തതിലുള്ള അമർഷവും പല ഫ്യൂഡൽ താൽപ്പര്യങ്ങളെയും തകർക്കുവാൻ സഹായിച്ച സഹകരണ പ്രസ്ഥാനങ്ങളോട് ഹിന്ദുത്വ വലതുപക്ഷ വിഭാഗങ്ങൾക്ക് വിദ്വേഷമുണ്ടാകുക സ്വാഭാവികമാണ്. രാഷ്ട്രീയ ഭേദമെന്യേ, സംഘ് പരിവാർ അനുഭാവമുള്ള മലയാളികൾക്കു പോലും സഹകരണ പ്രസ്ഥാനത്തെ തകർക്കുവാനുള്ള നീക്കത്തെ ചെറുത്ത് തോൽപ്പിക്കേണ്ടത് കാലത്തിന് അമാന്തിക്കാൻ അരുതാത്ത ചുവരെഴുത്താണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് നിരവധി കാര്യങ്ങളാണ് നടപ്പിൽവരുത്തിയത്. 2016-17 വർഷത്തെ ബഡ്ജറ്റിൽ സഹകരണമേഖലയ്ക്കുവേണ്ടി മൊത്തം അടങ്കൽ തുകയായ 124 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇതിൽ 50 കോടി രൂപയും പ്രാഥമിക സഹകരണ സംഘങ്ങൾക്കാണെന്നുള്ളത് അങ്ങേയറ്റം ശ്ലാഘനീയമാണ്. സമഗ്ര പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പരമ്പരാഗത വ്യവസായ സഹകരണ സംഘങ്ങളുടെ കടങ്ങൾ സർക്കാരിന്റെ ഷെയറായി മാറ്റുകയും പലിശ പൂർണ്ണമായി എഴുതിത്തള്ളുകയും ചെയ്യുമെന്ന പ്രഖ്യാപനം ഈ മേഖലയെ സർക്കാർ എത്രത്തോളം സംരക്ഷിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ്. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് ഊർജ്ജിതശ്രമം നടത്തുന്ന ബഹുമാന്യരായ സഹകരണ വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പുമന്ത്രിയെയും

പ്രത്യേകം അഭിനന്ദിക്കുന്നു. ഇതുവഴി വലിയ ഒരു സാമ്പത്തിക അടിത്തറ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടും. ഏകീകൃത സോഫ്റ്റ്‌വെയറോടുകൂടി, സർവ്വവിധ സാങ്കേതിക സംവിധാനങ്ങളോടുംകൂടി യോജിച്ച ബാങ്കായിരിക്കും കേരള സഹകരണ ബാങ്ക്. സ്വന്തം ബാങ്കാണെന്ന ആത്മബന്ധം ഇതിലേയ്ക്ക് ഉപഭോക്താക്കളെ കൂടുതൽ അടുപ്പിക്കും. കേരള ബാങ്കിന് അത്ഭുതങ്ങൾതന്നെ സൃഷ്ടിക്കാൻ കഴിയുമെന്നാണ് സഹകാരികൾ പറയുന്നത്. സഹകരണ മേഖലയുടെ കീഴിൽ വിലക്കയറ്റം നിയന്ത്രിക്കാൻ 600-ൽ അധികം അരിക്കടകൾ, 2000 നീതി സ്റ്റോറുകൾ, 1500 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിന് നടപടികൾ, കൺസ്യൂമർ ഫെഡ്ഡിന്റെ കുടിശ്ശിക വായ്പയായ 2015 കോടി രൂപ ഒറ്റത്തവണയായി അടച്ചുതീർത്തത്, പഠനോപകരണങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് ഉടനീളം ആരംഭിക്കുന്ന 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ, പ്രാഥമിക സംഘങ്ങളിൽപോലും കോർബാങ്കിംഗ് ഏർപ്പെടുത്താനുള്ള നടപടികൾ, കാർഷിക വായ്പകൾ റൂപ്പേ കാർഡ് മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ, നോട്ട് നിരോധനത്തെത്തുടർന്ന് വൻപ്രതിസന്ധിയിലായ സഹകരണ മേഖലയുടെ അതിജീവനത്തിനുവേണ്ടി 2017 മാർച്ച് 31 വരെ ജപ്തി നടപടികൾക്കെതിരെ പ്രഖ്യാപിച്ച മൊറട്ടോറിയം, പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന വായ്പാപരിധി 60 ലക്ഷമാക്കി ഉയർത്തിയത്, നവകേരളീയം കുടിശ്ശിക നിവാരണം അങ്ങനെ എത്രയെത്ര പരിപാടികളാണ് ഈ പതിനൊന്ന് മാസത്തിനുള്ളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വത്തിലുള്ള ഗവൺമെന്റിന് പറയാനുള്ളത്. തൃശ്ശൂർ ജില്ലയിൽ മാത്രം 80.04 കോടി രൂപ ഐ.സി.ഡി.പി. രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന കാർഷിക വികസന ബാങ്ക് 500 കോടി രൂപയുടെ അധിക സർക്കാർ ഗ്യാരണ്ടി അനുവദിച്ചതുൾപ്പെടെ ഒട്ടേറെ പ്രവർത്തന ങ്ങളാണ് കഴിഞ്ഞ വർഷം നടന്നത്. സഹകരണ മേഖലയെ നിർദ്ദാക്ഷണ്യം തകർക്കാൻ ശ്രമിച്ചിട്ടും ശരിയായ വഴിയിലൂടെ കരുതലോടെ നയിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ അഭിമാനാർഹമായ നേട്ടമാണ്. കെ.എസ്.ആർ.ടി.സി.യിൽ നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കംകുറിച്ചു. എനിക്കുമുമ്പ് സംസാരിച്ചവർ അതുസംബന്ധിച്ച് വിശദമാക്കിയതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. ഉറപ്പായും ഒരു വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുമെന്ന് പറഞ്ഞത് ശുഭസൂചകമാണ്. നിരവധി ചെറിയ പരിഷ്കാരങ്ങൾ, കല്യാണ ആവശ്യങ്ങൾക്ക് വേണമെങ്കിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വിട്ടുകൊടുക്കുന്നതും, പരസ്യം

കൊടുക്കുന്നതുൾപ്പെടെ, വളരെ കണ്ണായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന സമുച്ചയങ്ങൾ ഉണ്ടാക്കുന്നതുൾപ്പെടെയുള്ള നിരവധി വിഷയങ്ങൾ ഇന്ന് രാവിലെയും ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാനുള്ള നല്ല നിർദ്ദേശങ്ങളാണ് അദ്ദേഹം ചുരുങ്ങിയ കാലംകൊണ്ട് നിയമസഭയിൽ അവതരിപ്പിച്ചത്. ശ്രദ്ധേയമായ നാഴികക്കല്ലുകളിലൂടെ കേരളം ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒന്നാം ഘട്ടം ഉത്സാഹപൂർവ്വം പൂർത്തീകരിച്ചിരിക്കുകയാണ്. ഇത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക മിഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ച സർക്കാരിന് എന്റെ അഭിവാദ്യങ്ങൾ. കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തെ വിവിധ ടൂറിസം പദ്ധതികൾക്കായി 84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് ഈ രംഗത്തെ നവീകരണത്തിന് തുടക്കംകുറിക്കുകയാണ്. 84 ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതി ഏറെ ആകർഷകമാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കേരളത്തിലെ പതിനാല് ജില്ലകളിലും അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ അഡ്വഞ്ചർ പാർക്ക് നിർമ്മാണം പൂർത്തീകരിച്ചത് ഈ രംഗത്ത് വലിയ നേട്ടമാണ്. അതിഥി മന്ദിരങ്ങളുടെ നവീകരണം, ഹെറിറ്റേജ് കെട്ടിടങ്ങളുടെ സംരക്ഷണം, ആരാധനയുമായി ബന്ധപ്പെട്ട തീർത്ഥാടന ടൂറിസം, മുസിരിസ് പൈതൃക പദ്ധതിയും, സ്പൈസ് റൂട്ട് പദ്ധതിയും പുതിയ ഉൽപ്പന്നങ്ങളാക്കി അന്താരാഷ്ട്ര ടൂറിസം മാപ്പുകളിൽ പ്രചരണം നടത്തിയത്, കൊച്ചിയിൽ അന്താരാഷ്ട്ര കൾനറി ഫെസ്റ്റ് നടത്തിയത്, കൊച്ചി ബിനാലെ, അന്താരാഷ്ട്ര ബ്ലോഗ് എക്സ്പ്രസ് സംഘടിപ്പിച്ചത്, ഗോ കേരള അപ്, ലോവസ്റ്റ് യുണീക് ബിഡ് തുടങ്ങിയ നിരവധി പരിപാടികൾ കഴിഞ്ഞ ഒരു വർഷം സംസ്ഥാനത്ത് അരങ്ങേറി. നോട്ട് പ്രതിസന്ധിയും പാതയോരത്തെ മദ്യശാലകൾ പൂട്ടിയത്, ബാറുകളുടെ നിയന്ത്രണം എന്നിവയെല്ലാം ടൂറിസം മേഖലയെ തളർത്തുന്ന ഘടകങ്ങളാണെങ്കിലും സർക്കാരിന്റെ നൂതനവും അവസരോചിതവുമായ ഇടപെടലുകൾ വിനോദസഞ്ചാര രംഗത്ത് ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ആരംഭിച്ച മുസിരിസ് പദ്ധതിയുടെ ഭാഗമായി മുനയ്ക്കൽ മുസിരിസ് ബീച്ചിൽ ഏകദേശം അറുപത് ഏക്കറോളം റവന്യൂ ഭൂമിയുണ്ട്. മറ്റൊരു വിനോദസഞ്ചാര കേന്ദ്രങ്ങളിലെങ്ങുമില്ലാത്ത ഡോൾഫിനുകൾ ധാരാളമുള്ള ഈ ബീച്ചിൽ ഇനിയും ഏറെ കാര്യങ്ങൾ നമുക്ക് ചെയ്യാവുന്നതാണ്.

കേരളത്തിലെ ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമാക്കി ഈ പ്രദേശത്തെ മാറ്റാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. ഇതിനാവശ്യമായ സഹായം ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര സഞ്ചാരികളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്യുമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ അതിന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളത്. ഇതുവഴി നാല് ലക്ഷം പേർക്കെങ്കിലും പ്രത്യക്ഷ തൊഴിൽ ലഭിക്കുമെന്ന് കരുതുന്നു. ഇത്തരത്തിലുള്ള പ്രതിസന്ധികളിലെല്ലാം കേന്ദ്ര സർക്കാരിന്റെ വജ്രായുധ പ്രയോഗമെല്ലാം മറികടന്ന് എല്ലാം ശരിയാക്കാനുള്ള ധീരമായ നീക്കങ്ങൾ നടത്തുന്ന ഇടതുപക്ഷ സർക്കാരിന് നാടിന്റെ മൊത്തം പിന്തുണയും ലഭിക്കുന്നുവെന്നത് ഏറെ ആവേശകരമാണ്.

പ്രതിപക്ഷം നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ അഭിസംബോധന ചെയ്യാതെ മറ്റ് വിഷയങ്ങൾ പറഞ്ഞ് സമയം പാഴാക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും തമ്മിലുള്ള വിഷയം, കിഫ്ബി പ്രശ്നം, പാഞ്ചാലിയുടെ വസ്ത്രാക്ഷേപം പോലെയാണ്. ഓരോ പ്രാവശ്യവും നീണ്ടുനീണ്ട് പോകുന്ന രീതിയിലാണ്. സി.പി.ഐ.(എം)-സി.പി.ഐ. വിഷയം, മൂന്നാർ വിഷയം, ശ്രീ. എം. എം. മണി വിഷയം അങ്ങനെ ഏത് വിഷയം കൊണ്ടുവന്നിട്ടും ഇപ്പോൾ എന്തായി എന്ന് അവരോട് ഞാൻ ചോദിക്കുകയാണ്. പ്രിയപ്പെട്ട പ്രതിപക്ഷമേ, ഇതെല്ലാം കാണുമ്പോൾ ഞങ്ങൾക്ക് ഓർമ്മ വരുന്നത് കുഞ്ചൻ നമ്പ്യാരുടെ ഓട്ടംതുള്ളൽ പോലെയാണ്. 'പാണ്ടൻ നായുടെ പല്ലിന് ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല.' എന്നുള്ള പാട്ട് തീർച്ചയായും നിങ്ങളെ ഉദ്ദേശിച്ചാണോ എന്നാണ് സംശയം. രാവിലെ ഇവിടെനടന്ന പലതും അറിയാമല്ലോ; ഫീസ് വർദ്ധിപ്പിച്ചു വെന്ന് പറയുമ്പോൾത്തന്നെ ഡസ്കിൽ അടിക്കുകയാണ്. ഫീസ് വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞപ്പോൾ സന്തോഷിച്ച പ്രതിപക്ഷം... എനിക്ക് മനസ്സിലാകുന്നില്ല. 'ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണീർ കാണണം' എന്ന സമീപനം അവർ ഉപേക്ഷിക്കണം. പ്രിയപ്പെട്ടവരെ, സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ഈ ചർച്ചയിൽ തീർച്ചയായും പ്രതിപക്ഷത്തിന്റെ സഹകരണമാണ് ഈ ഗവൺമെന്റ് അഭ്യർത്ഥിക്കുന്നത്. തീർച്ചയായും അത്തരത്തിൽ മുമ്പോട്ടുപോയാൽ ഒരുപാട് വികസനമുണ്ടാകുമെന്ന് സൂചിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽ കൂടി സാഭിമാനം പിന്താങ്ങുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഗതാഗത വകുപ്പിന്റെ മന്ത്രി മാറി എന്നല്ലാതെ മറ്റൊരു മാറ്റവുമുണ്ടായിട്ടില്ല. പക്ഷേ കഴിഞ്ഞ മന്ത്രിയും ഈ മന്ത്രിയും തമ്മിലൊരു വ്യത്യാസമുണ്ട്. ഈ മന്ത്രി കച്ചവടക്കണ്ണുള്ള മന്ത്രിയാണ്. നാട്ടിലും വിദേശത്തുമൊക്കെ ഒട്ടേറെ കച്ചവടങ്ങളുള്ള മന്ത്രിയാണ്. കച്ചവടം ലാഭത്തിനുവേണ്ടിയാണ്. തീർച്ചയായും അദ്ദേഹം ചോദ്യോത്തര വേളയിൽ പ്രഖ്യാപിച്ചതുപോലെ, ഒരു വർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് അത് ലാഭത്തിലാക്കുമെന്നുള്ള അദ്ദേഹത്തിന്റെ പ്രസ്താവന ഞാൻ മുഖവിലയ്ക്കെടുക്കുകയാണ്.

പഠന പദ്ധതികളോ സമഗ്ര റിപ്പോർട്ടുകളോ ഇല്ലാത്തതല്ല സംസ്ഥാനത്തിന്റെ ഗതാഗത മേഖലയിൽ നിർണ്ണായക സ്ഥാനം ഉറപ്പിച്ച കെ.എസ്.ആർ.ടി.സി.യുടെ ജീർണ്ണതയ്ക്ക് കാരണം. കുത്തഴിഞ്ഞ മാനേജ്മെന്റ് സംവിധാനം, ധൂർത്ത്, പാഴ്ച്ചെലവ്, ലാഭകരമല്ലാത്ത ഷെഡ്യൂളുകൾ പുനഃക്രമീകരിക്കാത്തത്, സ്വകാര്യ മേഖലയ്ക്കും സമാന്തര സർവ്വീസുകൾക്കും മികച്ച കളക്ഷൻ ലഭിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അകമ്പടി സേവിക്കുന്നത്, രാഷ്ട്രീയ താൽപ്പര്യങ്ങൾ എന്നീ പാളിച്ചകൾ തിരുത്താനോ കണ്ടുപിടിക്കാനോ ആരുമില്ലാതെ പോയതിന്റെ കെടുതിയാണ് ഗതാഗത വകുപ്പിൽ കെ.എസ്.ആർ.ടി.സി. നേരിടുന്ന വലിയ ദുരന്തം. മാനേജ്മെന്റിന്റെയും ജീവനക്കാരുടെയും മനോഭാവത്തിൽ കാതലായ മാറ്റമുണ്ടാകുന്നില്ലെങ്കിൽ ഒരു പഠന റിപ്പോർട്ടിനും കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താനാകില്ല. സ്ഥാപനത്തിന്റെ നിലനിൽപ്പ് അപകടത്തിലാണെന്ന് ബോധ്യമായിട്ടും പഴയ ശൈലി ഉപേക്ഷിക്കാൻ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റിനും ഭരണകക്ഷി യൂണിയനും കഴിയുന്നില്ല. വരുമാന ചോർച്ചയ്ക്ക് കാരണമാകുന്ന ഘടകങ്ങൾ പരിശോധിക്കുകയും രോഗം നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചികിത്സ നൽകുകയും ചെയ്തില്ലെങ്കിൽ ഗുരുതരമായ അവസ്ഥയിലേയ്ക്ക് ഗതാഗതരംഗം പോകും. പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. തകർന്ന് തരിപ്പണമാകും. നിലവിൽ കെ.എസ്.ആർ.ടി.സി. നടപ്പിലാക്കുന്ന പരിഷ്കരണ നടപടികളിൽ ഒന്നുപോലും ഫലപ്രദമായില്ല എന്നുമാത്രമല്ല, ചാർജ് വർദ്ധനവുമൂലം പ്രതിദിന വരുമാനം 6 കോടി രൂപയിൽ നിന്ന് 5 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇതിനിടയിലും ലാഭകരമായ ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുന്നതിന് നേതൃത്വം നൽകുന്ന ജീവനക്കാരെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി രാഷ്ട്രീയത്തിന്റെയും മറ്റ് താൽപ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സ്ഥലംമാറ്റുന്ന നടപടികൾ മാനേജ്മെന്റ് സ്വീകരിക്കുന്നത് കാണുമ്പോൾ 'എന്നെ തല്ലേണ്ട അമ്മാവാ, ഞാൻ നന്നാകില്ല' എന്ന് പറയുന്നതുപോലെയാണ്

തോന്നുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ആസ്തി ഒരു ലക്ഷം കോടി രൂപയ്ക്ക് മുകളിലുള്ളപ്പോൾ ബാധ്യത 4000 കോടി രൂപ മാത്രമാണ്. കോടീശ്വരൻ പിച്ചക്കാരനായി ജീവിക്കേണ്ടിവന്ന അവസ്ഥയാണുണ്ടാകുന്നത്. അതുകൊണ്ടാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച 3000 കോടി രൂപ കിട്ടുമോ എന്ന് ഉറപ്പില്ലാത്തത്. 'കിട്ടിയാൽ ഊട്ടി അല്ലെങ്കിൽ ചട്ടി' എന്നുപറയുന്നതുപോലെ പ്രഖ്യാപിച്ച കോടികൾ പെട്ടിയിൽ വന്നാൽ ഓടും, ഇല്ലെങ്കിൽ കട്ടപ്പുറത്താകും. കെ.യു.ആർ.ടി.സി.യുടെ 76 എ.സി. ലോ ഫ്ലോർ ബസ്സുകൾ കട്ടപ്പുറത്താണ്. ആയതിനാൽ ഈ ഇനത്തിലുള്ള വരുമാന ചോർച്ചയും ഉണ്ടാകുകയാണ്. പിങ്ക് ബസ് സ്ത്രീകളെ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു. സ്ത്രീ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ഈ ബസ്സുകളിൽ സ്ത്രീ കണ്ടക്ടർമാരാണ് ഉണ്ടായിരുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ രണ്ട് ബസ്സുകൾ തുടക്കത്തിൽതന്നെ നിർത്തി. മറ്റ് ജില്ലകൾക്ക് നൽകുമെന്ന് പറഞ്ഞത് നടപ്പാക്കിയിട്ടില്ല. അതുപോലെ തന്നെ മുൻ സർക്കാർ നടപ്പിലാക്കിയ സിൽവർ ജെറ്റ് ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് വലിയ വരുമാന സ്രോതസ്സായിരുന്നു. മാനേജ്മെന്റിന്റെ പിടിപ്പുകേടുമൂലം അവ നിർത്തലാക്കിയിരിക്കുകയാണ്. അങ്ങനെ സിൽവർ ജെറ്റും ക്രാഷ് ലാന്റ് ചെയ്തു. 18 ഹൈടെക് ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ ആരംഭിച്ചത് ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുകയാണ്. ആധുനിക സംവിധാനങ്ങളെല്ലാം ഏർപ്പെടുത്തിയിരുന്നുവെങ്കിലും അതൊന്നും പ്രവർത്തിക്കുന്നില്ല. പരിപാലന ചുമതല ഏറ്റെടുത്തിട്ടുള്ള കമ്പനി അറ്റകുറ്റപ്പണികൾ നടത്തുന്നില്ല എന്നുള്ളതാണ് അതിന് കാരണമായി പറയുന്നത്. കെ.എസ്.ആർ.ടി.സി.യെ നവീകരിക്കുന്നതിന് കൊൽക്കത്ത ഐ.ഐ.എം. പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ മാത്രമേ കെ.എസ്.ആർ.ടി.സി.യും സാധാരണക്കാരും രക്ഷപ്പെടുകയുള്ളൂ.

കൊച്ചിൻ മെട്രോയുടെ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. സംസ്ഥാനത്ത് മെട്രോ റെയിൽവെയുടെ പ്രവൃത്തി ഉദ്ഘാടന സമയത്ത് ചടങ്ങിൽനിന്നും വിട്ടുനിന്ന ഇടതുപക്ഷമാണ് സംസ്ഥാന സർക്കാരിന്റെ ഒന്നാം വർഷ പദ്ധതിയിൽ ഈ സർക്കാരിന്റെ നേട്ടമാണെന്ന് അവകാശപ്പെട്ട് മെട്രോ റെയിൽ ഉദ്ഘാടനം ചെയ്യുന്നത്. ഒരു വർഷംകൊണ്ട് ഒരു പുതിയ പദ്ധതിയോ ജനോപകാരപ്രദമായ പദ്ധതികളോ ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയാത്ത സർക്കാരാണ് എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നത്.

ടൂറിസം രംഗത്ത് 2016 ഡിസംബർ 1-ന് നടത്തിയ ക്വിക്ക് സർവ്വേയിലെ കണ്ടെത്തലുകൾ അനുസരിച്ച് വിനോദസഞ്ചാരികളുടെ വരവിൽ 15 മുതൽ 20 ശതമാനം വരെ കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിൽ 20 മുതൽ 40 ശതമാനം വരെ കുറവുണ്ടാകുമെന്നാണ് പറയുന്നത്. ടൂറിസം കേന്ദ്രങ്ങളുടെ പൊതുനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ തുടക്കമിട്ട ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഈ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ഇതുവരെ ഈ പദ്ധതിക്കായി 30 കോടി രൂപ അനുവദിച്ചിരുന്നു. ജനകീയ കൂട്ടായ്മയും ഉത്തരവാദിത്വ ടൂറിസവും സമ്മേളിക്കുന്ന പദ്ധതി കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചാൽ മാത്രമേ ടൂറിസം മേഖലയിൽ കേരളത്തിന് പുതിയ മേഖലകൾ തുറക്കാനാകൂ. ഈ വർഷത്തെ സീസൺ ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും കോവളം തീരത്ത് ഒരു ബൾബുപോലും പ്രകാശിപ്പിക്കാൻ ടൂറിസം വകുപ്പിനായിട്ടില്ല. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമില്ലായ്മയും നിസ്സംഗതയുമാണ് ഇതിന് കാരണം.

കേരളത്തിലെ ബീച്ചുകൾ മാലിന്യക്കൂമ്പാരമാണ്. അതോടൊപ്പംതന്നെ തെരുവ് നായ്ക്കളുടെ വിഹാര കേന്ദ്രമായ കേരളത്തിലെ ബീച്ചുകൾ ടൂറിസ്റ്റുകളെ വളരെയേറെ പ്രയാസപ്പെടുത്തുന്നുണ്ടെന്നുള്ളത് നമുക്കറിയാം. സഹസ്രകോടികളുടെ വരുമാനം നേടിത്തരികയും ലക്ഷക്കണക്കിനാളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന ടൂറിസം മേഖല ഇപ്പോഴും സർക്കാരിന്റെ മുൻഗണനാ മേഖലയിൽ ഉൾപ്പെട്ടിട്ടില്ല. മൂന്നാറിലെ കയ്യേറ്റവും അതിനെത്തുടർന്നുള്ള പ്രശ്നങ്ങളും സമരവും മറ്റും ആഭ്യന്തര വിനോദസഞ്ചാരികളെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽനിന്ന് അകറ്റാനേ ഉതകുകയുള്ളൂ. തേക്കടിയിൽ വനം വകുപ്പും ടൂറിസം വകുപ്പും തമ്മിൽ ഏകോപനമില്ലാത്തതിനാൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വൻകുറവുണ്ടായിട്ടുണ്ട്. 'നന്ദി വീണ്ടും വരിക' എന്നതിൽനിന്ന് വിനോദസഞ്ചാരികൾ 'നന്ദി ഇനി ഇങ്ങോട്ടില്ല' എന്നുള്ള മെസ്സേജാണ് തരുന്നത്. ഫലത്തിൽ God's Own country എന്നുള്ളത് Oh God, What a country എന്ന് പറയിപ്പിക്കുന്ന രീതിയിലേയ്ക്ക് നമ്മുടെ ടൂറിസം മേഖല പോയിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിന്റെ സാമ്പത്തിക ഘടനയുടെ നട്ടെല്ലായ സഹകരണ മേഖല തകർത്തെറിയാനുള്ള ശ്രമങ്ങളാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാരും ഇപ്പോൾ ഇടതുപക്ഷ മുന്നണിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തിലെ സാമ്പത്തിക ഘടനയുടെ താങ്ങുംതണലുമായ

സഹകരണ പ്രസ്ഥാനത്തെ മുച്ചൂടും തകർക്കുന്നതിനുള്ള ശ്രമങ്ങൾ നോട്ട് നിരോധനമായും തുടർന്നുള്ള മറ്റ് നിയന്ത്രണങ്ങളായും ഏർപ്പെടുത്തിയപ്പോൾ സംസ്ഥാന സർക്കാർ ആകട്ടെ സഹകരണ ഭേദഗതി ഓർഡിനൻസിലൂടെ ജനാധിപത്യപരമായി നന്നായി പ്രവർത്തിച്ചുവന്നിരുന്ന, 2018 മേയ് വരെ കാലാവധിയുണ്ടായിരുന്ന 14 ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കുകളുടെയും ഭരണസമിതി അസാധുവാക്കിയിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു ഓർഡിനൻസിലൂടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണ സംവിധാനത്തെ രാഷ്ട്രീയ ലക്ഷ്യത്തോടെ അസാധുവാക്കിയ നടപടി തികഞ്ഞ അവസരവാദപരവും അസഹിഷ്ണുത യുടെ പ്രകടമായ തെളിവുമാണ്. സഹകരണ മേഖലയെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഗമ കാണിക്കുന്ന ഈ സർക്കാർ എന്തുകൊണ്ടാണ് സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളോട് അയിത്തം കാണിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലും തദ്ദേശസ്വയംഭരണ വകുപ്പിലും ടെണ്ടർ നടപടികളിൽ സഹകരണ ബാങ്കുകളിലെ സ്ഥിര നിക്ഷേപം സ്വീകരിക്കാത്തത് സർക്കാരിനുതന്നെ സഹകരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയാത്തതുകൊണ്ടല്ലേ? കെ.എസ്.എഫ്.ഇ.-യുടേതുപോലെ സാധാരണ സഹകരണ ബാങ്കുകളിലെ സ്ഥിരം നിക്ഷേപവും ഈടായി സ്വീകരിക്കുന്നതിന് എന്താണ് തടസ്സം? വിഷുവിനോടനുബന്ധിച്ച് സർക്കാർ കടുത്ത നോട്ടുക്ഷാമം നേരിട്ടപ്പോൾ ബാങ്കുകളിൽനിന്ന് തുക പിൻവലിച്ച് ട്രഷറികളിൽ നിക്ഷേപിക്കാൻ നിർദ്ദേശിച്ചിട്ട് എത്ര തുക നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ; എന്തുകൊണ്ട് ഈ തുക സഹകരണ ബാങ്കുകളിലും നിക്ഷേപിച്ചുകൂടാ? സഹകരണ മേഖലയിൽ കോർ ബാങ്കിംഗ് നടപ്പാക്കുന്നതിൽ ഉണ്ടായ ഉദാസീനതയും റുപ്പേ കിസാൻ ക്രെഡിറ്റ് കാർഡ് ഏർപ്പെടുത്താത്തതും കാർഷിക വായ്പാ വിതരണം തടസ്സപ്പെടുന്നതും തകരുന്ന സഹകരണ മേഖലയെ വീണ്ടും തകർത്തെറിയും. 'സ്വതവേ ദുർബല പിന്നെ ഗർഭിണിയു'മെന്ന രീതിയിലാണ് കേരളത്തിലെ സഹകരണ മേഖല എത്തിപ്പെട്ടിരിക്കുന്നത്. ഇത് പരിഹരിച്ചില്ലെങ്കിൽ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ സഹകരണ മേഖല ഒറ്റപ്പെട്ടുപോകും. കൂടാതെ, ഭരണത്തിന്റെ തണലിൽ ഇൻഡ്യൻ കോഫി ഹൗസ് സഹകരണ സംഘം പിടിച്ചെടുക്കുന്നതിനുള്ള നീക്കം, എല്ലാ ജനാധിപത്യ മര്യാദകളെയും ലംഘിക്കുന്ന നടപടിയാണ് ഇടതു യൂണിയനുകൾ സ്വീകരിച്ചുവരുന്നത്. സഹകരണ അപ്പെക്സ് സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. വഴിയാക്കാനുള്ള തീരുമാനം

അട്ടിമറിക്കപ്പെട്ടതിലൂടെ അഴിമതിയും സ്വജനപക്ഷപാതവും നടപ്പിലാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഇത്തരത്തിൽ നന്നായി പ്രവർത്തിച്ചുവന്നിരുന്ന സഹകരണ സ്ഥാപനങ്ങളെ കേന്ദ്ര സർക്കാരിനെ മാത്രം കുറ്റംപറഞ്ഞ് തകർക്കുകയാണെങ്കിൽ ഇവിടത്തെ സാധാരണ ജനങ്ങളെ എസ്.ബി.ഐ. പോലെ തീവെട്ടിക്കൊള്ള നടത്തുന്ന ബാങ്കുകളിലേയ്ക്ക് സാമ്പത്തിക ആവശ്യങ്ങൾക്ക് പറഞ്ഞയയ്ക്കേണ്ട സ്ഥിതി വരും. ആയതിനാൽ കേരള ബാങ്കുപോലുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ഈ മൂന്ന് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോസിറ്റീവായി ഒന്നും കാണാത്തതുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് 2/3 മെജോറിറ്റി കിട്ടിയിട്ടും സഹകരണ സംഘങ്ങളൊന്നും അവരുടെ കൈകളിലേയ്ക്ക് വന്നിട്ടില്ല. ഇന്ത്യയിലെവിടെയും വന്നിട്ടില്ല. ഗുജറാത്തിൽപോലും അവർക്കത് പിടിച്ചെടുക്കാൻ സാധിച്ചില്ല. ഒന്നോ രണ്ടോ ജില്ലാ ബാങ്കുകൾ മാത്രമേ അവരുടെ കയ്യിലുള്ളൂ. അമൂലിനെ തകർക്കാൻ വലിയ ശ്രമം നടത്തി, അത് പിടിച്ചെടുക്കാനുള്ള നിയമനിർമ്മാണം കൊണ്ടുവന്നു, ഹൈക്കോടതിയിൽ കേസ്സായി. ഇപ്പോൾ അവിടെ ജനറൽ ബോഡി യോഗം ചേരാൻ പറ്റാത്ത സ്ഥിതിയായതിനാൽ പാവപ്പെട്ട പാൽ കൃഷിക്കാർക്ക് ബോണസുപോലും കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണ്. സഹകരണ രംഗത്തെ ഏതെങ്കിലും തരത്തിൽ തകർക്കാനാണ് മോദി ഗവൺമെന്റ് ശ്രമിക്കുന്നത്. ഇത്രയെല്ലാം ഭൂരിപക്ഷമുണ്ടായിട്ടും എവിടെയും അവർക്ക് കടന്നുകൂടാൻ പറ്റിയില്ല. അത് നമ്മൾ മുന്നിൽ കണ്ടുകൊണ്ട് വളരെ ജാഗ്രതയോടുകൂടി നീങ്ങണമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിൽ 3631 ക്രെഡിറ്റ് സംഘങ്ങളുണ്ട്. മറ്റ് സംഘങ്ങൾ 3936 എണ്ണവുമുണ്ട്. കോളേജ്-സ്കൂൾ സംഘങ്ങളായി 3841 എണ്ണവുമുണ്ട്. ആകെ 11408 സഹകരണ സംഘങ്ങളുണ്ട്. ഏകദേശം 2.5 കോടി ജനത ഇതിലെ അംഗങ്ങളാണ്. ഇത് തകർക്കാനുള്ള വലിയൊരു ശ്രമമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നടക്കുന്നത്. ഭരണഘടന പ്രകാരം സഹകരണം സംസ്ഥാന വിഷയമാണെന്ന്

ഇവിടെ അങ്കമാലി എം.എൽ.എ. സൂചിപ്പിച്ചു. ത്രിതല സംവിധാനം വേണോ ദ്വിതല സംവിധാനം വേണോയെന്ന് തീരുമാനിക്കാനുള്ള അധികാരം സ്റ്റേറ്റ് ഗവൺമെന്റിന്റേതാണ്. അതിൽ കൈകടത്താൻ ഒരാൾക്കും അധികാരമില്ല. അങ്ങനെ ചെയ്യാനും പാടില്ല. അതുപോലെ നമ്മുടെ ബാങ്കുകൾ ഒന്നിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഇടംകോലിടാവുന്ന ചില സംഗതികളാണ് ഞാൻ സൂചിപ്പിക്കുന്നത്. 14 ജില്ലാ ബാങ്കുകളുടെ ആസ്തി ബാധ്യതകൾ സംസ്ഥാന സഹകരണ ബാങ്കിന് കൈമാറ്റം ചെയ്യണം. അതിനുള്ള അനുമതി ആർ.ബി.ഐ.യിൽ നിന്ന് വാങ്ങണം. ആർ.ബി.ഐ. അതിൽ ഇടംകോലിടാനുള്ള സാധ്യതയുണ്ട്. അത് മുൻകൂട്ടി കാണണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു ശത്രുതാ മനോഭാവത്തോടു കൂടിയാണ് ആർ.ബി.ഐ. പെരുമാറുന്നത്. അനുമതി ചോദിക്കുമ്പോൾ അത് നൽകാതെ നീട്ടിക്കൊണ്ടുപോകാനുള്ള സാധ്യതയുമുണ്ട്. അത് എങ്ങനെ തരണം ചെയ്യണമെന്ന് ഗവൺമെന്റ് വളരെയധികം ആലോചിക്കണം. ഇപ്പോൾ ത്രിതല സംവിധാനമാണുള്ളത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ജില്ലാ സഹകരണ ബാങ്കുമായുള്ള ഇടപാട് ഇപ്പോൾ നടക്കും. ആർ.ടി. ട്രാൻസ്ഫറൊക്കെ നടക്കും. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിന് അതുപോലുള്ള ഒരു ബിസിനസ് നടത്തണമെന്ന് പറഞ്ഞാൽ ആർ.ബി.ഐ. സമ്മതിക്കില്ല. എന്താണ് കാരണം; പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് ബാങ്കിംഗ് ലൈസൻസില്ലെന്ന കാരണം പറഞ്ഞ് ഇടംകോലിടാനുള്ള സാധ്യതയുണ്ട്. അത് എങ്ങനെ തരണം ചെയ്യണമെന്ന് മുൻകൂട്ടി കാണണം. അതിന് പ്രത്യേകം നിർദ്ദേശം വയ്ക്കാനില്ല, എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരള സംസ്ഥാന സഹകരണ ബാങ്കിൽ 5000 കോടി രൂപയോളം ഡെപ്പോസിറ്റുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ 60,000 കോടി രൂപയും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ 90,000 കോടി രൂപയുടെയും നിക്ഷേപമുണ്ട്. അങ്ങനെ 1,55,000 കോടി രൂപ സഹകരണ രംഗത്ത് നിൽക്കുകയാണ്. ഇതിലാണ് കേന്ദ്ര ഗവൺമെന്റിന്റെ കണ്ണ്. അത് എങ്ങനെയെങ്കിലും മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിലേക്കോ ഷെഡ്യൂൾഡ് ബാങ്കുകളിലേക്കോ കൈമാറണം. അത് പിന്നീട് പ്രൈവറ്റ് ബാങ്കാക്കി മാറ്റാനുള്ള വലിയൊരു ഗൂഢശ്രമമാണ് ഇതിന്റെ പിന്നിൽ

നടക്കുന്നത്. സംസ്ഥാന സഹകരണ ബാങ്കിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റ് 6 ശതമാനമുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ 14 ശതമാനമുണ്ട്. പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിൽ 9 ശതമാനവും ലോ കോസ്റ്റ് ഡെപ്പോസിറ്റാണ്. ഇതിലാണ് അവരുടെ കണ്ണ്. ബാങ്കുകൾ ലാഭത്തിൽ കൊണ്ടുപോകുന്നത് ഈ ലോ കോസ്റ്റ് ഡെപ്പോസിറ്റുകൊണ്ടാണ്. നാഷണലൈസ്ഡ് ബാങ്കുകളിൽ ലോ കോസ്റ്റ് ഡെപ്പോസിറ്റ് 30 ശതമാനമാണ്. ആർ.ടി.ജി.എസ്. സഹകരണ രംഗത്ത് ഉപയോഗിക്കാൻ പ്രയാസമാണ്. അതിന് സാങ്കേതികമായ പ്രശ്നങ്ങളുണ്ട്. എൻ.ഇ.എഫ്.റ്റി.ഉം നമുക്ക് സാധിക്കാത്തൊരു പ്രശ്നമാണ്. കേരളത്തിലെ ഏതെങ്കിലും ഒരു പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കിന് ബോംബെയിലോ ഡൽഹിയിലോ ഉള്ള ബാങ്കിലേയ്ക്ക് പണം ട്രാൻസ്ഫർ ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ട്. ലോ കോസ്റ്റ് ഡെപ്പോസിറ്റ് സഹകരണ രംഗത്ത് വരാത്ത ഒരവസ്ഥ വരുമ്പോൾ പിടിച്ചുനിൽക്കാൻ വളരെ ബുദ്ധിമുട്ടുന്ന ഒരു അവസ്ഥയ്ക്കും സാധ്യതയുണ്ട്. അതുകൊണ്ട് ആ സാഹചര്യം എങ്ങനെ തരണം ചെയ്യണമെന്നതിനെക്കുറിച്ച് നാം വളരെ ആലോചിക്കണം. ജില്ലാ ബാങ്കുകളുടെ 70 ശതമാനം നിക്ഷേപവും പ്രൈമറി കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ നിക്ഷേപമാണ്. കേരളാ കോ-ഓപ്പറേറ്റീവ് ബാങ്കായി വരുമ്പോൾ അതിന്റെ പ്രധാന നിക്ഷേപ സ്രോതസ്സുതന്നെ അംഗങ്ങളായ പ്രൈമറി സംഘങ്ങൾക്കായിരിക്കും. പ്രൈമറി സംഘങ്ങൾ കുറഞ്ഞ പലിശ നിരക്കിൽ ഡെപ്പോസിറ്റ് ഉണ്ടാക്കിയാൽ മാത്രമേ കരുതൽ ധനം കേരളാ സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ സാധിക്കുകയുള്ളൂ. ഈ നേട്ടം സഹകരണ സംഘങ്ങൾക്ക് ഉണ്ടാകണമെങ്കിൽ അവരുടെ കറന്റ് ഡെപ്പോസിറ്റ്, ബാങ്ക് നിക്ഷേപങ്ങൾക്ക് വൈവിധ്യമാർന്ന സേവനങ്ങൾ കാലതാമസം വരുത്താതെ ലഭ്യമാക്കാൻ ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി. സൗകര്യങ്ങൾ ഉണ്ടാകണം. അതിന് കേന്ദ്ര ഗവൺമെന്റ് സമ്മതിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അത് പ്രൈമറി ബാങ്കുകൾക്ക് ലൈസൻസില്ലെന്ന് പറഞ്ഞ് നിഷേധിക്കാനുള്ള സാഹചര്യമുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനും ആർ.ബി.ഐ. അനുവാദമുണ്ടെങ്കിൽ മാത്രമേ ആർ.ബി.ഐ.-യുടെ ലൈസൻസില്ലാത്ത സഹകരണ സംഘങ്ങളിൽ ഇടപാട് നടത്താൻ സാധിക്കുകയുള്ളൂ. അത് എന്ത് ചെയ്യുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിക്കണം. പ്രാഥമിക സഹകരണ

സംഘങ്ങളുടെ കറന്റ് അക്കൗണ്ടിൽ എല്ലാ ദിവസവും 24 മണിക്കൂറും പണം പിൻവലിക്കാനും മാറ്റാനുമുള്ള സൗകര്യമുണ്ടാകണം. അത് ഉണ്ടാകില്ല. അത് ഉണ്ടാകാതിരുന്നാൽ നമ്മുടെ ലോ കോസ്റ്റ് ഡെപ്പോസിറ്റ് പ്രൈമറി ബാങ്കുകളിൽ വരാത്ത ഒരു സാഹചര്യമുണ്ടാകും. കേരളാ ബാങ്കിന്റെ എ.ടി.എം.കളിൽ പ്രൈമറി സംഘങ്ങളുടെ പണം ഉപയോഗിക്കാൻ സാധിക്കുമോയെന്നുകൂടി പരിശോധിക്കണം. ആ എ.ടി.എം. ഉപയോഗിക്കാൻ പറ്റുന്നില്ലെങ്കിൽ പ്രൈമറി ബാങ്കുകളുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന ഒരവസ്ഥയുണ്ടാകും. കേരളത്തിൽത്തന്നെ തൃശ്ശൂരും കണ്ണൂരുമുള്ള ജില്ലാ ബാങ്കുകൾ അങ്ങനെ ഒരു ശ്രമം നടത്തി. അതിന് ആർ.ബി.ഐ. സമ്മതിച്ചില്ല. അതുംകൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. 2011 മുതൽ നബാർഡ്, ജില്ലാ സഹകരണ ബാങ്കുകൾക്കും പ്രാഥമിക സഹകരണ ബാങ്കുകൾക്കും നേരിട്ട് പുനർവായ്പ നൽകുന്നതിനായി ഒരു നിയമം കൊണ്ടുവന്നു. സ്റ്റേറ്റ് ബാങ്ക് നഷ്ടത്തിലായാൽ ജില്ലാ ബാങ്കുകൾക്ക് അത് നേരിട്ട് കൊടുക്കാനുള്ള ഏർപ്പാട് വേണം. ഇപ്പോൾ ഈ ബാങ്കുകൾ ഒന്നിച്ചുവരുമ്പോൾ ഏതെങ്കിലും കാരണവശാൽ സാങ്കേതിക നഷ്ടം വന്നു എന്ന് കണക്കാക്കിയാൽ ആ പുനർവായ്പ നിർത്താനുള്ള നടപടികൂടി കേന്ദ്ര ഗവൺമെന്റ് ചെയ്യുമെന്നാണ് മനസ്സിലാക്കുന്നത്. ചില സംസ്ഥാനങ്ങളിൽ അങ്ങനെ ചെയ്തിട്ടുണ്ട്. അതെങ്ങനെ നമുക്ക് തരണം ചെയ്യാൻ കഴിയും? ഇപ്പോൾ രണ്ടായിരത്തി ചില്ല്വാനം കോടി രൂപ നമുക്ക് പുനർ വായ്പയായി തരുന്നുണ്ട്. അത് നിർത്തലാക്കുന്ന സാഹചര്യം വരുമോ എന്നൊരു സംശയമുണ്ട്. അതെങ്ങനെ തരണം ചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി വളരെ ഗൗരവമായി ആലോചിക്കണം. അതുപോലെ ബാങ്കുകൾ ലയിച്ചുവരുമ്പോൾ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വളരെയധികം വർദ്ധിക്കാനുള്ള സാഹചര്യമുണ്ട്. കാരണം സാലറിതന്നെ ഒന്നേമുക്കാൽ ലക്ഷം രൂപയോളം വരും. അത്രയും വലിയ സാലറി കൊടുത്തുകൊണ്ട് നിൽക്കാൻ പറ്റുമോ എന്നതിനെക്കുറിച്ച് ആലോചിക്കണം. എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് വളരെയധികം വർദ്ധിക്കുമ്പോൾ നഷ്ടം വരാനുള്ള സാധ്യതയുംകൂടി കണക്കിലെടുക്കണമെന്നാണ് എനിക്ക് അതേക്കുറിച്ച് പറയാനുള്ളത്.

പ്രധാനപ്പെട്ട മറ്റൊരു കാര്യം വാഹനങ്ങളുടെ വർദ്ധനവാണ്. ഇന്നലത്തെ ചോദ്യോത്തരങ്ങളിൽ വാഹനങ്ങളുടെ വർദ്ധനവിനെപ്പറ്റി വളരെയധികം ചോദ്യങ്ങളുണ്ടായിരുന്നു. ഒരു കുടുംബത്തിൽ ഒരു വാഹനം പോരെ; അതിൽ കൂടുതൽ ഉണ്ടെങ്കിൽ അതിന് വലിയൊരു തുക ടാക്സ് ഈടാക്കണം. വലിയ ടാക്സ് ചുമത്തിക്കൊണ്ട് മെയിന്റനൻസിന് ഒരു പ്രത്യേക വകുപ്പ് രൂപീകരിച്ച് ആ തുക മെയിന്റനൻസിന് കൊടുത്തുകൂടെ? ഒരു കുടുംബത്തിന് എത്ര വാഹനങ്ങൾ വേണം; ഒരു കുടുംബത്തിന് ഒരു വാഹനമെന്ന രീതിയിൽ നിയന്ത്രിക്കാൻ ഒരു നിയമം കൊണ്ടുവരികയും അതല്ലാതെ അത് നിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിന് കൂടുതൽ ടാക്സ് ചുമത്തുന്ന ഒരു സംവിധാനം കൊണ്ടുവരികയും വേണം.

ശ്രീ. കെ. സി. ജോസഫ്: സർ, ഒരു വീട്ടിൽ അച്ഛനും അമ്മയും മക്കളുമുണ്ടായിരിക്കും, മറ്റ് മെമ്പേഴ്സും ഉണ്ടായിരിക്കും. ഒരു വീട്ടിൽ ഒരു വാഹനംകൊണ്ടൊന്നും ഇന്നത്തെ കാലത്ത് കാര്യങ്ങൾ നടക്കത്തില്ല. അതങ്ങ് മനസ്സിലാക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, അത് അനാവശ്യമായ ഒരു ധൂർത്താണ്. ഒരേ സ്ഥലത്തേയ്ക്ക് ഒരു യാത്ര പുറപ്പെടുമ്പോൾ ഒരു മകൻ ആദ്യം ഒരുവണ്ടിയുമായി പോകുന്നു. രണ്ടാമത്തെ മകൻ അതേ സ്ഥലത്തേയ്ക്കുതന്നെ വേറൊരു വണ്ടിയുമെടുത്ത് പോകുന്നതായ ധൂർത്തിനൊരു നിയന്ത്രണം വേണം. ഒരു കുടുംബത്തിന് ഒരു വണ്ടി മതി.

ശ്രീ. കെ. സി. ജോസഫ് : സർ, ഇന്നത്തെ കാലത്ത് ഒരു വീട്ടിൽ ജോലിയുള്ള മക്കളുണ്ടായിരിക്കും, അപ്പോൾ വ്യത്യസ്ത ഇടങ്ങളിലേയ്ക്ക് പോകേണ്ട അവരുടെ സൗകര്യത്തിന് വേണ്ടിയും വാഹനങ്ങൾ വാങ്ങേണ്ടിവരും. അതിനെ എങ്ങനെ നിയന്ത്രിക്കും?

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ അതൊക്കെ സമ്മതിച്ചു. ഗതാഗതക്കുരുക്ക് വരുമ്പോൾ നമ്മളെല്ലാപേരും കഷ്ടപ്പെടുന്നില്ലേ? അങ്ങനെ ഗതാഗത പ്രശ്നം വരുമ്പോൾ ടൗണുകളിൽ പ്രവേശിക്കാൻ കഴിയാത്ത സ്ഥിതി വരും. അതുപോലെ പൊല്യൂഷന്റെ പ്രശ്നവും വരില്ലേ; അപ്പോൾ അതിനൊരു നിയന്ത്രണം ആവശ്യമല്ലേ? അതുപോലെതന്നെ വീടിന്റെ കാര്യം, പതിനായിരം സ്ക്വയർ മീറ്റർ, ഇരുപതിനായിരം സ്ക്വയർ മീറ്റർ, പത്തുകോടി, ഇരുപത്തിയഞ്ചുകോടി രൂപ ചെലവഴിച്ച് വീടുകൾ വയ്ക്കുന്നു. മലയും കുന്നുകളുമൊക്കെ ഇടിച്ചിട്ടാണ് അതൊക്കെ വരുന്നത്. ഇതിനെല്ലാം ഒരു നിയന്ത്രണം കൊണ്ടുവരണ്ടേ?

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, യൂറോപ്പിലെ ചില നഗരങ്ങളിൽ ഒരു വാഹനത്തിൽ ഡ്രൈവറല്ലാതെ ഒന്നിലധികം ആളുകൾ വേണമെന്ന് ആധുനിക കാലത്ത് നിയമംമൂലം നിഷ്കർഷിച്ചിട്ടുണ്ട്. അതങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, തീർച്ചയായും അറിയാം. അങ്ങനെ ഒരു നിയന്ത്രണം ഇവിടെ കൊണ്ടുവന്നില്ലെങ്കിൽ എങ്ങനെ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയും. നടക്കാൻ പറ്റാത്ത സ്ഥിതിവരില്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, അങ്ങ് പറയുന്നത് നൂറ് ശതമാനം ശരിയാണ്. വാഹനങ്ങൾക്ക് ലോകത്തിലെ എല്ലാ നഗരങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കഴിഞ്ഞു. അതേസമയം പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം ഏറ്റവും മെച്ചപ്പെട്ട രീതിയിൽ ആക്കിയതിനുശേഷമാണ് വാഹനങ്ങൾക്ക് നിയന്ത്രണം കൊണ്ടുവന്നത്. ആർക്കുവേണമെങ്കിലും എവിടെ നിന്നും ഏത് സ്ഥലത്തേയ്ക്ക് പോകുവാനും പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം-ബസ്സും ട്രെയിനും ജലഗതാഗതവും ഇതെല്ലാം ശരിയാക്കിയതിനുശേഷമേ അങ്ങ് പറയുന്നതിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, അങ്ങ് പറയുന്ന അഭിപ്രായത്തോട് നൂറ് ശതമാനം യോജിക്കുന്നുണ്ട്. അതും നന്നാക്കണം, അതോടൊപ്പം ഒരു നിയന്ത്രണവും വേണം. നിയന്ത്രണം വരുമ്പോൾ പബ്ലിക് ട്രാൻസ്പോർട്ടേഷൻ സിസ്റ്റം തനിയെ ശരിയാകും. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സാമൂഹിക പുരോഗതിയുടെ ഫലമായിട്ടാണ് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയരുന്നത്. അതിന് നിദാനമായത് കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളാണെന്ന് ഉറക്കെ വിളിച്ചുപറഞ്ഞ് സഹകരണ മേഖല പ്രതിസന്ധിയിലായ ഘട്ടത്തിൽ അത് സംരക്ഷിക്കുന്നതിനുവേണ്ടി കേരള മുഖ്യമന്ത്രിയും മന്ത്രിമാരും മന്ത്രിസഭയും ആകെ എടുത്ത നടപടികളെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിലും കറൻസി നിയന്ത്രണത്തിലും നമുക്ക് പിടിച്ചുനിൽക്കാനായി. അത് ഈ മേഖല ജനജീവിതവുമായി ഇഴുകിച്ചേർന്നതുകൊണ്ടാണ്. തകർക്കാൻ പറ്റാത്ത വിശ്വാസം സഹകരണ മേഖലയുടെ മുഖമുദ്രയാണ്. ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഒന്നര ലക്ഷം കോടിരൂപയുടെ നിക്ഷേപമുണ്ട്. ഇത് മനസ്സിലാക്കിയിട്ടാണ് കേന്ദ്ര ഗവൺമെന്റ് നോട്ട് നിരോധനത്തിന്റെ മറവിൽ കുറെ കാര്യങ്ങൾ നടത്തിക്കൂട്ടിയതെന്ന് നമുക്കറിയാം. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കാനും നിക്ഷേപങ്ങൾ ഇല്ലാതാക്കാനും വേണ്ടിയുള്ള വലിയ ഒരു പരിശ്രമം ഇതിനുപിന്നിൽ നടന്നിരുന്നു. അതിനെ ഏറെക്കുറെ അതിജീവിക്കാൻ നമുക്ക് സാധിച്ചുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഒരു നാഷണലൈസ്ഡ് ബാങ്കിന്റെ പ്രവർത്തനത്തെ

സംബന്ധിച്ച് പരിശോധിച്ചാൽ അത് ആകെ ചെയ്യുന്നത് നിക്ഷേപ വായ്പാ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക മാത്രമാണ്. എന്നാൽ സഹകരണ മേഖല എന്തെല്ലാം പ്രശ്നങ്ങളിൽ ഇടപെടുന്നു. ഒരു മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളിലും കൺസ്യൂമർ രംഗത്തെ പ്രവർത്തനങ്ങളാണെങ്കിലും, നീതി മെഡിക്കൽസ്, ലൈബ്രറി സേവനങ്ങൾ, കർഷക സേവന കേന്ദ്രം, വളം ഡിപ്പോ അങ്ങനെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആധുനിക സംവിധാനങ്ങളോടുകൂടിയ പതിനേഴോളം ആശുപത്രികൾ നമ്മുടെ സംസ്ഥാനത്ത് സഹകരണ മേഖലയ്ക്ക് മാത്രമായി ഉണ്ടെന്നുള്ളത് മനസ്സിലാക്കണം. നോട്ടുനിരോധന സമയത്ത് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു ലേഖനമെഴുതി. 'ഇനി ഒരുപക്ഷേ എല്ലാ ബാങ്ക് ഇടപാടുകൾക്കും ഒരു നിശ്ചിത നികുതി ഏർപ്പെടുത്തുന്ന രീതി അവലംബിക്കാൻ സാധ്യതയുണ്ടെ'ന്നാണ് ആ ലേഖനത്തിൽ അദ്ദേഹം പറഞ്ഞത്. പക്ഷെ ഇപ്പോഴത് അക്ഷരാർത്ഥത്തിൽ ശരിയായി വന്നു. നമ്മുടെ രാജ്യത്ത് ആദായ നികുതി അടയ്ക്കുന്നവർ 1.25 കോടി ആളുകൾ മാത്രമാണ്. അവരിൽനിന്നും കിട്ടുന്നത് 2.86 ലക്ഷം കോടി രൂപയാണ്. എന്നാൽ ബാങ്കുകൾ ബാങ്കിംഗ് ട്രാൻസാക്ഷൻ വഴി സ്വരൂപിക്കാൻ പോകുന്ന തുക 21 ലക്ഷം കോടി രൂപയോളം വരും.

ഞാൻ സഭയുടെ ശ്രദ്ധ മറ്റൊരു കാര്യത്തിലേയ്ക്ക് കൊണ്ടുപോകുവാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം എസ്.ബി.ഐ.യുടെ ഒരു സർക്കുലർ വന്നത്, ജൂൺ മാസം ഒന്നാം തീയതിമുതൽ എസ്.ബി.ഐ.യുടെ എല്ലാ ഇടപാടുകാരിൽനിന്നും വലിയൊരു തുക ഈടാക്കാൻ തീരുമാനിച്ചു എന്നാണ്. പക്ഷേ വലിയ പ്രക്ഷോഭം വന്നതിന്റെ ഭാഗമായി ഭാഗികമായി കുറച്ച് മാറ്റിയിട്ടുണ്ട്. അവർ പണം നിക്ഷേപിക്കുന്നതിനും മുഷിഞ്ഞ നോട്ടുകൾ മാറ്റിയെടുക്കുന്നതിനും പണം ഈടാക്കുകയാണ്. മിനിമം ബാലൻസ് ഇല്ലെങ്കിൽപ്പോലും പണം ചോദിക്കുന്നു. കഴിഞ്ഞ ദിവസം കോഴിക്കോടുണ്ടായ ഒരു സംഭവമാണ്. എസ്.ബി.ഐ.ൽ അക്കൗണ്ട് വേണ്ടെന്ന് പറഞ്ഞ ആളിൽനിന്നും 575 രൂപ അധികമായി എടുത്തിരിക്കുന്നു. ഇതെന്തൊരു സ്ഥിതിയാണ്? നമ്മുടെ സ്വന്തം ബാങ്കായ എസ്.ബി.ടി. ഉൾപ്പെടെ അഞ്ചുബാങ്കുകളെ ചേർത്തുകൊണ്ടാണ് എസ്.ബി.ഐ. രൂപംകൊണ്ടത്. ഈ സഭ ഒന്നടങ്കം അതിൽ പ്രതിഷേധിക്കുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു. ആ എസ്.ബി.ഐ. നമ്മെ വല്ലാതെ ദ്രോഹിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഈ സമീപനം വന്ന സാഹചര്യത്തിൽ

യഥാർത്ഥത്തിൽ കേരള ബാങ്കിന്റെ പ്രസക്തി ഇന്ന് വളരെ കൂടുതലാണെന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. കേരളത്തിന് തനതായിട്ടുള്ള ഒരു ബാങ്ക്, നാട്ടിലെ സാധാരണക്കാരായ ജനങ്ങളെ ദ്രോഹിക്കാത്ത സമീപനം സ്വീകരിക്കുന്ന ഒരു ബാങ്ക് നമുക്ക് ആവശ്യമാണ്. അത് പ്രത്യേകിച്ചും സഹകരണ മേഖലയിലാകുമ്പോൾ ഏറ്റവും ഫലവത്താകും എന്നുള്ള കാര്യത്തിൽ സംശയമില്ല. എസ്.ബി.ഐ. നടത്തിയിട്ടുള്ള, ആളുകളെ പറ്റിക്കുന്ന അല്ലെങ്കിൽ ആളുകളിൽനിന്നും ഏറ്റവും കൂടുതൽ പണം ഈടാക്കുന്ന കാര്യവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം വിവിധ മീഡിയകൾ നടത്തിയ ഒരു ചർച്ചയിൽ, 'കൗണ്ടർ പോയിന്റ്' എന്ന പരിപാടിയിൽ പറഞ്ഞത്, 'ഓരോ ഇന്ത്യക്കാരന്റെയും ബാങ്കിന് പിടിച്ചുപറിക്കാരന്റെ മുഖമാണോ' എന്നാണ്. 'Media One' ചാനലിൽ പറഞ്ഞത്, ബാങ്കിൽനിന്നും ബ്ലേഡിലേയ്ക്ക് പോകുന്നുവെന്നാണ്. ഏറ്റവും രസകരമായ കാര്യം മാതൃഭൂമി ചാനൽ സംപ്രേഷണം ചെയ്യുന്ന 'വക്രദൃഷ്ടി'യിൽ പറഞ്ഞതാണ്. 'അടിവസ്ത്രം അടിച്ചുമാറ്റാൻ എസ്.ബി.ഐ.' എന്ന തലക്കെട്ടാണ്. ഈയൊരു സാഹചര്യത്തിൽ നിശ്ചയമായും കേരള ബാങ്കിന്റെ പ്രസക്തി വളരെ കൂടുതലാണെന്നത് നാം മനസ്സിലാക്കണം.

ഇവിടെ two tier സിസ്റ്റത്തിലേയ്ക്ക് വരുന്നതിന് എതിരായി NASCOB നോട്ടീസ് അയച്ചിരിക്കുകയാണെന്ന് എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. റോജി എം. ജോൺ പറയുകയുണ്ടായി. NASCOB-ന്റെ കണക്കനുസരിച്ച് ഇന്ത്യയിലെ 19 സംസ്ഥാന ങ്ങളിൽ ത്രിതല സംവിധാനവും 10 സംസ്ഥാനങ്ങളിൽ ദ്വിതല സംവിധാനവുമാണ് നിലകൊള്ളുന്നതെന്ന് ശ്രീ. റോജി എം. ജോൺ മനസ്സിലാക്കണം.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, 13 സംസ്ഥാനങ്ങളിൽ ദ്വിതല സംവിധാനമാണ് നിലനിൽക്കുന്നത്. ഈ 13 സംസ്ഥാനങ്ങളെന്നത് മേഘാലയ പോലുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളും മിസോറം, ഗോവ പോലുള്ള ചെറിയ സംസ്ഥാനങ്ങളുമാണ്. കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ പ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ പ്രമുഖ സംസ്ഥാനങ്ങളിലെല്ലാം നിലനിൽക്കുന്നത് ത്രിതല സംവിധാനമാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ശ്രീ. റോജി എം. ജോൺ പറഞ്ഞത് ഭാഗികമായി ശരിയാണ്. പക്ഷേ 5-ാം പഞ്ചവൽസര പദ്ധതിക്കാലം മുതൽതന്നെ കേരളത്തോട് ദ്വിതല സംവിധാനത്തിലേയ്ക്ക് പോകണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ള വസ്തുതകൂടി ഞാൻ ഇതിന്റെ ഭാഗമായി സൂചിപ്പിക്കുകയാണ്. ഇവിടെ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിന് ഇനിയും കുറേ പണികൾ ചെയ്യേണ്ടതുണ്ട്. ഇൻകം ടാക്സുകാരുടെ വലിയ അതിക്രമം നടക്കുകയാണ്.

കെ.വൈ.സി. നോംസ് അംഗീകരിച്ച് അതിനാവശ്യമായ കാര്യങ്ങൾ പ്രാഥമിക ബാങ്കുകൾ ചെയ്തുവരികയാണ്. പക്ഷേ എന്നിട്ടും നിരന്തരമായ റെയിഡുകളിലൂടെ സഹകരണ സ്ഥാപനങ്ങളെ തകർക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ഞാൻ സഹകരണ വകുപ്പിനെ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. പ്രത്യേകിച്ചും അതിന്റെ സെക്രട്ടറി ശ്രീ. വേണുഗോപാൽ, ഐ.എ.എസ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ടും ഇൻകം ടാക്സിന്റെ വിഷയങ്ങളിലും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയോടൊപ്പം നിന്ന് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സ്വീകരിക്കുന്ന നടപടികൾ പ്രശംസനീയമാണ്. നമ്മൾ ഐ.എ.എസ്.കാരെയെല്ലാം കുറ്റം പറയാറുണ്ട്. പക്ഷേ ഈ വിഷയങ്ങളിൽ ഫലവത്തായി ഇടപെടാൻ അദ്ദേഹത്തിന് സാധിച്ചു എന്നുള്ളതാണ്. നമുക്ക് ഇൻകം ടാക്സ് ആക്ടിന്റെ 80 പി.യുടെ ആനുകൂല്യം ഉണ്ടായിരുന്നു. ആ ആനുകൂല്യത്തിനെതിരെ ഇപ്പോൾ സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുകയാണ്. കേന്ദ്ര സർക്കാർ 80-പി. എടുത്തുകളയുന്നതിനുള്ള സമീപനം സ്വീകരിക്കുകയാണ്.

നമ്മുടെ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്നവർ വായ് തോരാതെ പ്രസംഗിക്കുന്നുണ്ട്. പക്ഷേ, ഈ മേഖലയിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് ഒരു പരിശോധന നടത്താൻ ബന്ധപ്പെട്ട ആളുകൾ തയ്യാറാകണം. ചില സഹകരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് ഇന്ന് നടക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. *******+ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെയില്ല. ശ്രീ. ജോസഫ് സാറും അതുപോലെതന്നെ മറ്റ് ബന്ധപ്പെട്ട ആളുകളും ഇവിടെയുണ്ട്. ഇത് നിങ്ങൾ പരിശോധിക്കണം.

ശ്രീ. അനിൽ അക്കര: സർ, പോയിന്റ് ഓഫ് ഓർഡർ. ******+ അത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

ശ്രീ. വി. ജോയി: സർ, അത് പരിശോധിച്ച് വേണ്ടത് ചെയ്യണം. വേറെ പ്രശ്നമില്ല. പക്ഷേ 15 കോടി രൂപയുടെ ലോൺ ഇവിടെനിന്ന് എടുത്തിട്ടുണ്ട്. ജനുവരി 24-ാം തീയതി അപേക്ഷ വയ്ക്കുന്നു. 25-ാം തീയതി 15 കോടി രൂപ സാങ്ഷൻ ചെയ്ത് കൊടുക്കുന്നു. അപ്പോൾത്തന്നെ ഇവർ തുക പിൻവലിച്ചുകൊണ്ട്

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയർ നമ്പർ 2248/ഇ.ബി/2017/നി.സെ. തീയതി 17-5-2017) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

പോവുകയാണ്. വലിയ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം പരിശോധിക്കണം. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം ഒരു മുൻ മന്ത്രിയുടെ അനന്തരവൻ ഈ രണ്ടിലുമുണ്ട്. അടാട്ടിന്റെ പ്രസിഡന്റാണ്. മറ്റേതിന്റെ ഡയറക്ടർ ബോർഡ് മെമ്പറും അതിന്റെ സ്ഥാപക അംഗവുംകൂടിയായ ആളാണ്. ഇത് രണ്ടും ഒരാളാണ് കൈകാര്യം ചെയ്യുന്നത്. ഈ അഴിമതിയെക്കുറിച്ച് നാം ആലോചിക്കണം. അടാട്ട് ഫാർമേഴ്സ് ബാങ്കുമായി ബന്ധപ്പെട്ട് ഒരു ഓവർ ഡ്രാഫ്റ്റ്, 336-ാം നമ്പർ ഓവർ ഡ്രാഫ്റ്റ്, അത് കോൺഗ്രസിന്റെ ലീഡർമാർക്ക് പരിശോധിക്കാം. ആ ബാങ്കിൽ നടന്നിട്ടുള്ളതാണ്. 1999-ൽ എടുത്ത ലോൺ. അത് ഏറ്റവും അവസാനം അവാർഡ് ചെയ്തത് 29,11,270 രൂപയ്ക്കാണ്. ഒരു കോൺഗ്രസ് നേതാവിന് യഥാർത്ഥത്തിൽ അത് അഡ്ജസ്റ്റ് ചെയ്ത് കൊടുത്ത്, നിലവിലുള്ള നിയമങ്ങൾ മാറ്റി കൊടുത്തത് വെറും 5,87,000 രൂപയ്ക്കാണ് എന്നുള്ള വസ്തുത എന്റെ പ്രിയപ്പെട്ട കോൺഗ്രസ് നേതാക്കൾ മനസ്സിലാക്കണം. ഇതിനുവേണ്ടി വേറൊരു തിരിമറിയും നടത്തി. മാർച്ച് 31-ന് തീരേണ്ടുന്ന ഈ പദ്ധതി ഏപ്രിൽ 1 മുതൽ ഈ പണം അടയ്ക്കുന്നതിനുവേണ്ടി ജൂൺ 30 വരെ നീട്ടിക്കൊടുത്തു എന്നുള്ള സാഹചര്യവും നാം ഇതുമായി ബന്ധപ്പെട്ട് മനസ്സിലാക്കേണ്ടതുണ്ട്. 29 ലക്ഷം എവിടെ കിടക്കുന്നു, 5 ലക്ഷം എവിടെ കിടക്കുന്നു എന്നത് സംബന്ധിച്ച് നാം പരിശോധിക്കേണ്ടതാണ്.

എൽ.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ കൺസ്യൂമർഫെഡും മാർക്കറ്റ്ഫെഡും കേരഫെഡും ലാഭത്തിൽവരുന്നു. തിരിച്ചാണെങ്കിലോ, ഇതെല്ലാം നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുകയാണ്. തീവെട്ടിക്കൊള്ളയാണ് ഇതുമായി ബന്ധപ്പെട്ട് ചില സ്ഥലങ്ങളിൽ നടക്കുന്നത്. അത് പരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ടൂറിസവുമായി ബന്ധപ്പെട്ട് 'ഗ്രീൻ കാർപ്പറ്റ്' പദ്ധതി വളരെ ഭംഗിയായി ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിക്ക് നടപ്പിലാക്കാൻ സാധിക്കുന്നുണ്ട്. ഇവിടത്തെ ശുചിത്വം, ലൈറ്റ്നിംഗ്, മെച്ചപ്പെട്ട നടപ്പാത, ജലലഭ്യത ഇതെല്ലാം പഴയ ഒരു സാഹചര്യം വച്ചുകൊണ്ടാണ് പലരും സൂചിപ്പിക്കുന്നത്. പക്ഷേ വലിയ മാറ്റം വരുത്താൻ അതുമായി ബന്ധപ്പെട്ട് സാധിച്ചിട്ടുണ്ട് എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നമ്മൾ കണ്ടെത്താത്ത ധാരാളം സ്ഥലങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അത് ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പരിശ്രമം നാം നടത്തേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി

രൂപീകരിച്ച് ഓരോ ടൂറിസ്റ്റ് കേന്ദ്രവുമായും നേരിട്ട് ഇടപെടാൻ വേണ്ടുന്ന സംവിധാനം ഒരുക്കണമെന്ന ഒരു നിർദ്ദേശമുണ്ട്. കഠിനംകുളം-അകത്തുമുറി ബാക്ക് വാട്ടർ സർക്യൂട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് പോവുകയാണ്. അത് വർക്കല കാപ്പിൽ വരെ നീട്ടുന്നതിനുള്ള നടപടിയുണ്ടാകണം. അതുപോലെ 100 കോടി രൂപ മുതൽ മുടക്കി 'ചടയമംഗലം ജടായുപ്പാറ ടൂറിസം പദ്ധതി' വരുന്നുണ്ട്. വർക്കലയിൽനിന്ന് പൊന്മുടിയിലേയ്ക്ക് കൂടി ആ ടൂറിസം സർക്യൂട്ട് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നേരത്തെ ശ്രീ. വി. ടി. ബൽറാം സംസാരിച്ചപ്പോൾ മിച്ചമൂല്യ സിദ്ധാന്തത്തെ ക്കുറിച്ച് സൂചിപ്പിച്ചു. ഒരു തൊഴിലാളി ജോലി ചെയ്യുന്നതിലൂടെ മുതലാളിക്ക് കിട്ടുന്ന അധിക ധനത്തിന്റെ വിഹിതം തൊഴിലാളികൾക്കുകൂടി നൽകുന്നതാണ് മിച്ചമൂല്യ സിദ്ധാന്തം. അതിന് 'അഞ്ജനമെന്നാലെനിക്കറിയാം മഞ്ഞളുപോലെ വെളുത്തിരിക്കും' എന്നുപറയുന്നൊരു രീതിയാണ് ഇവിടെ അവലംബിച്ചത്. ശ്രീ. വി. ടി. ബൽറാം സംസാരിച്ചപ്പോൾ ഡി.വൈ.എഫ്.ഐ.യും എസ്.എഫ്.ഐ.യുമെല്ലാം സമരം നിർത്തിപ്പോയോ എന്നും നേതാക്കൻമാരാകാൻ വേണ്ടിയാണോ സമര രംഗത്തേയ്ക്ക് വന്നത് എന്നുമുള്ള ചോദ്യം ചോദിച്ചു. 'അണ്ണാനെ മരം കയറ്റം പഠിപ്പിക്കണ്ട, അമ്മൂമ്മയെ ചമ്മന്തിയരയ്ക്കാൻ പഠിപ്പിക്കണ്ട' എന്ന് പറഞ്ഞതുപോലെ ശ്രീ. വി. റ്റി. ബൽറാം ഞങ്ങളെ സമരം പഠിപ്പിക്കേണ്ട. കഴിഞ്ഞ ദിവസം ഒരു ചാനലിൽ കാണിച്ചു. ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പ്രസ് ക്ലബ്ബിൽ ഒരു യോഗത്തിൽ പങ്കെടുക്കാൻ പോയി. ആരോഗ്യ വകുപ്പുമന്ത്രി വരുന്നതിന്റെ ഭാഗമായി നാല് കെ.എസ്.യു.ക്കാർ മുദ്രാവാക്യം വിളിച്ചുകൊണ്ട് ഓടി പ്രസ് ക്ലബ്ബിന്റെ വാതിലിനടുത്തേയ്ക്കെത്തി. അപ്പോഴാണ് തൊട്ടുപിറകേ ആ പരിപാടിയിൽ പങ്കെടുക്കാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ശ്രീ. ജി. സുധാകരൻ വരുന്നത്. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, ശ്രീ. ജി. സുധാകരനൊപ്പം മുന്നിൽ വന്ന പോലീസ് വണ്ടി ഹോണടിച്ചു പിടിച്ചിരുന്നു. ഈ ഹോൺ കേട്ട് പിറകോട്ട് ഓടിപ്പോയ പാരമ്പര്യമുള്ള നിങ്ങൾ ആരെക്കുറിച്ചാണ് പറയുന്നത്. ഞങ്ങളെയാണോ സമരത്തെ സംബന്ധിച്ചും സമരരീതികളെക്കുറിച്ചും പഠിപ്പിക്കാൻ വരുന്നത്.

കെ.എസ്.ആർ.ടി.സി.യെ കുറിച്ച് ഒരു വാക്ക് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഒരു വർഷത്തിനകം കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കുമെന്ന് പറഞ്ഞത് വളരെ നല്ല കാര്യമാണ്. ഗ്രാമ പ്രദേശങ്ങളിൽ

ചെറിയ ബസ്സുകൾ കൂടി ഉപയോഗപ്പെടുത്തിയാൽ നമുക്ക് ഇന്നുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കും. അങ്ങതിൽ പ്രത്യേകം ശ്രദ്ധിക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഇവിടെ നടന്ന ചർച്ചയിൽ നമ്മുടെ പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റത്തെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെതന്നെ ഏറ്റവും പ്രശസ്തനായ ചരിത്രകാരനും പ്രത്യേകിച്ച് ഇടതുപക്ഷ സഹയാത്രികനുംകൂടിയായ ശ്രീ. ഇർഫാൻ ഹബീബ് അലിഗഡ് സർവ്വകലാശാലയുടെ ചരിത്രാദ്ധ്യാപകനായിരുന്നു. അദ്ദേഹം സൈക്കിളിലായിരുന്നു കാമ്പസിൽ വന്നുകൊണ്ടിരുന്നത്. നമ്മുടെ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് സൈക്കിളിലായിരുന്നു യാത്ര ചെയ്തിരുന്നത്. എന്റെ അദ്ധ്യാപകനും പ്രശസ്ത കവിയുമായ വിഷ്ണുനാരായണൻ നമ്പൂതിരി യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്ത് കാമ്പസിൽ സൈക്കിളിലാണ് വന്നിരുന്നത്. ഞാൻ സൂചിപ്പിച്ചത്, നമ്മുടെ സമൂഹത്തിൽ കാറുകളെ വലിയ ആഢംബരത്തിന്റെ ഭാഗമായി കാണുമ്പോൾ പൊതുഗതാഗത മേഖല കൂടുതൽ ശക്തിപ്പെടുത്താനും അതോടൊപ്പം തന്നെ മലിനീകരണം ഉണ്ടാക്കുന്ന വാഹനപ്പെരുപ്പം കുറയ്ക്കാനുമുള്ള നടപടികൾ തീർച്ചയായിട്ടും ഉണ്ടാകേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ നഗരങ്ങൾക്കും ഗ്രാമങ്ങൾക്കു മെല്ലാം ഇന്ന് ഈ വിഷവാതകത്തിന്റെ പുകയേറ്റ് യഥാർത്ഥത്തിൽ അതിന്റെ ഭംഗിയും സൗന്ദര്യവുമെല്ലാം നഷ്ടപ്പെടുന്നതായിട്ടാണ് അതുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഒട്ടേറെ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഞാനത് സാന്ദർഭികമായി സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ.

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് പരിമിതമായ സമയമേയുള്ളൂ എന്നതുകൊണ്ട് ഒന്നുരണ്ടു കാര്യങ്ങൾമാത്രം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ലോ ഫ്ലോർ ബസ്സുകൾ വന്നപ്പോൾ ആദ്യമൊക്കെ അതിനോട് ചെറിയ വിരക്തി ഉണ്ടായിരുന്നെങ്കിലും ഇന്നത് ജനങ്ങൾ ഇഷ്ടപ്പെടുന്നു. ഏതാണ്ട് സെക്കന്റ് എ.സി.യുടെ ചാർജ്ജാണെങ്കിലും അതിൽ ഇരിക്കാനുള്ള അസൗകര്യമുണ്ട് എന്നാണ് യാത്രക്കാർ പറയുന്നത്. വോൾവോ ബസ്സുപോലുള്ള സൗകര്യങ്ങളിൽ ദീർഘയാത്ര ചെയ്യുമ്പോൾ, അതിൽക്കയറി ഇരുന്നുകഴിഞ്ഞാൽ പുഷ്ബാക്ക് സീറ്റുപോലുള്ള സംവിധാനങ്ങൾ ഇല്ല എന്ന ഒരു പരാതി പലപ്പോഴും യാത്രക്കാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്, അത് പരിഹരിക്കാൻ മാർഗ്ഗമുണ്ടാകണം.

എം.എൽ.എ.മാർക്ക് മറ്റ് വാഹനങ്ങളിലെല്ലാം സഞ്ചരിക്കാം, പക്ഷേ അതിൽമാത്രം സഞ്ചരിക്കാനുള്ള സൗകര്യമില്ല. ആ ആനുകൂല്യം കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല, അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ. നമ്മുടെ നാട്ടിൻപുറങ്ങളും ഗ്രാമങ്ങളുമൊക്കെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളാണ്. ചെറിയ വാഹനങ്ങൾ, കെ.എസ്.ആർ.ടി.സി മിനി ബസ്സുകൾ ആ പ്രദേശങ്ങളിൽ ഓടിക്കാൻ കഴിഞ്ഞാൽ ഞാൻ നേരത്തെ പറഞ്ഞ കട്ട് ചെയ്സ് വാഹനങ്ങൾ, വാഹനത്തിന്റെ പെരുപ്പം കുറയ്ക്കാൻ കഴിയും. നല്ല വാഹനമുണ്ടെങ്കിൽ തീർച്ചയായും അത്തരം വാഹനങ്ങളിൽ കയറാൻ ആളുകൾ തയ്യാറാകും. കാഞ്ഞിരപ്പള്ളി ഉൾപ്പെടുന്ന പ്രദേശങ്ങൾ ഇന്ന് ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുന്ന അവസ്ഥയാണ്. തീർച്ചയായിട്ടും അക്കാര്യത്തിന് ഒരു പരിഹാരം ഉണ്ടാകണം.

എന്റെ പിതാവ് ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, 40 വർഷങ്ങൾക്കു മുൻപാണ് പൊൻകുന്നം ഡിപ്പോ ആരംഭിച്ചത്. 2018-ൽ 40 വർഷം തികയുകയാണ്. ആ ബസ് സ്റ്റേഷനെ സംബന്ധിച്ചിടത്തോളം വളരെയേറെ പരിമിതികളുണ്ട്. ഇപ്പോൾ അവിടെ നാല്പതോളം ഡ്രൈവർമാരുടെയും പതിനഞ്ചോളം കണ്ടക്ടർമാരുടെയും കുറവുണ്ട്. ഇന്റർസ്റ്റേറ്റ് സർവ്വീസിന് ഏറെ സാധ്യതയുള്ള ഒരു മേഖലയാണത്. പക്ഷെ ദീർഘദൂര സർവ്വീസുകൾ ഒന്നുംതന്നെ അവിടെനിന്ന് ഓപ്പറേറ്റ് ചെയ്യുന്നില്ല. പെരിക്കല്ലൂർ ഉൾപ്പെടെ, 35,000 രൂപ വരെ കളക്ഷനുള്ള നല്ല സർവ്വീസുകൾ ഓടുന്ന ഒരു ഡിപ്പോയാണത്. ആ ഡിപ്പോയുടെ കെട്ടിടങ്ങളെല്ലാം വളരെ പഴക്കമുള്ളതാണ്, അതിനൊരു മാറ്റമുണ്ടാക്കാൻ തീർച്ചയായിട്ടും അങ്ങ് മുൻകയ്യെടുക്കണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട വിഷയം അവിടുത്തെ കുടിവെള്ളമാണ്, പലതവണ ഞാൻ ആസ്തി വികസനഫണ്ട് ഉൾപ്പെടെ കൊടുക്കാൻ ശ്രമിച്ചെങ്കിലും പല കാരണങ്ങൾകൊണ്ട് അതിന് ധനകാര്യവകുപ്പിൽനിന്നും അനുവാദം ലഭിക്കാത്ത സാഹചര്യമാണുള്ളത്. അവിടെ കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നത് വളരെ പഴക്കമുള്ള പമ്പാണ്. ആ പമ്പുൾപ്പെടെ മാറ്റാനുള്ള നിർദ്ദേശങ്ങൾ കോർപ്പറേഷന് നൽകിയെങ്കിലും, അനുകൂലമായ തീരുമാനം ഇതേവരെ ഉണ്ടായിട്ടില്ലെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെ ജനങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യമൊന്നും തന്നെയില്ല. പൊൻകുന്നം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സംബന്ധിച്ചിടത്തോളം ഈ പരിമിതികളെല്ലാമുണ്ട്, അവ പരിഹരിക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. പെരിക്കല്ലൂരിന് ഒരു

സർവ്വീസുകൂടി ആരംഭിക്കാനുള്ള പ്രൊപ്പോസൽ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മുൻപിലുണ്ട്. പക്ഷെ ആവശ്യമായ ബസ്സും മറ്റു സംവിധാനങ്ങളും ഇതുവരെ അനുവദിച്ചിട്ടില്ല. നമ്മുടെ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാൻ വേണ്ടിയുള്ള വലിയൊരു പ്രവർത്തനവുമായി അങ്ങ് മുൻപോട്ട് പോകുകയാണെന്നറിയാം. നമ്മുടെ നാടിന്റെ ഏറ്റവും അഭിമാനകരമായ ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കാനുള്ള നല്ല നടപടികളുമായി മുൻപോട്ട് പോകട്ടെ എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, അക്സസബിൾ ടൂറിസം എന്ന ഒരു കാഴ്ചപ്പാടുണ്ട്. 2016 മുതൽ എല്ലാവർക്കും ടൂറിസം എന്ന ഒരു ആശയമുണ്ട്. പ്രത്യേകിച്ച് ഭിന്നശേഷിയുള്ള ആളുകൾ ഉൾപ്പെടെ സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽ നിന്നുവരുന്ന ആളുകൾക്കുകൂടി ടൂറിസത്തിന്റെ സാധ്യതകൾ ഉണ്ടാകണം. പല ടൂറിസ്റ്റ് കേന്ദ്രങ്ങളിലും അത്തരം ആളുകൾക്ക്, പ്രത്യേകിച്ചും മാനസികമായ വെല്ലുവിളികൾ നേരിടുന്ന, ശാരീരിക വെല്ലുവിളികൾ നേരിടുന്ന ആളുകൾക്കൊക്കെയുള്ള അടിസ്ഥാനപരമായ സൗകര്യങ്ങൾ പലപ്പോഴും ഇല്ല എന്നുള്ളത് പറയാതിരിക്കാൻ കഴിയുകയില്ല. അതിനുള്ള നടപടി തീർച്ചയായും ഉണ്ടാകണം. അതുപോലെ ഫാം ടൂറിസം. ടൂറിസം ഡിപ്പാർട്ട്മെന്റ് മാത്രം വിചാരിച്ചാൽ കേരളത്തിലെ ടൂറിസം നന്നാക്കിയെടുക്കാൻ കഴിയുകയില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം ഇതിന് ആവശ്യമുണ്ട്. ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഉൾപ്പെടെ ഇവിടെയുണ്ട്. ഫാം ടൂറിസം, ഞാൻ പല സ്ഥലങ്ങളിലും ഇതിന്റെ പ്രോജക്ടുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയിട്ട് കൃത്യമായ ഒരു വിവരം തരാൻ ആർക്കും കഴിയുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മാത്രമല്ല, 10 ഏക്കറിൽ കൂടുതലുള്ള സ്ഥലത്ത് മാത്രമേ ഫാം ടൂറിസത്തിന്റെ സാധ്യതകൾ ഇപ്പോഴുള്ളൂ. ഇതിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ചെറുകിടക്കാരായിട്ടുള്ള ആളുകൾക്ക് അതിന് സാധിക്കാത്ത അവസ്ഥയാണ്. അതുകൊണ്ട് 10 ഏക്കർ എന്നുള്ളത് കുറച്ചുകൊണ്ടുവരാനുള്ള ശ്രമം തീർച്ചയായിട്ടും ഉണ്ടാകണം. പ്രോജക്ടുകളെ സംബന്ധിച്ചുള്ള കൃത്യമായ അവബോധം ആളുകളിൽ എത്തിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളും വിവിധ ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള ഏകോപനവും ഇക്കാര്യത്തിൽ ഉണ്ടാകണം. ആയുർവേദം, ആയുർവേദത്തെ സംബന്ധിച്ച് ടൂറിസം പദ്ധതിയുണ്ടാക്കിയിട്ട് കാര്യമില്ല. ആ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ടിട്ടുള്ള സംയോജനം ഇക്കാര്യത്തിൽ ഉണ്ടായെങ്കിൽ മാത്രമേ നല്ല

പദ്ധതികൾ നമുക്ക് കൊണ്ടുവരാൻ കഴിയുകയുള്ളൂ, നമ്മുടെ ടൂറിസം മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്താൻ അത്തരം ചില നിർദ്ദേശങ്ങൾകൂടി മുന്നോട്ടുവച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: സർ, സഹകരണം, ടൂറിസം, ഗതാഗതം എന്നീ വകുപ്പുകളിൻമേലുള്ള ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിൻതാങ്ങുന്നു. കഴിഞ്ഞ ഒരു വർഷക്കാലമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമസ്ത മേഖലകളിലും വൻപിച്ച മാറ്റത്തിന് തുടക്കംകുറിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊന്നും കാണാതെ ഗവൺമെന്റ് യാതൊരു നേട്ടവും ഉണ്ടാക്കിയിട്ടില്ലെന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമമാണ് കഴിഞ്ഞ കുറേ നാളുകളായി ഈ സഭയിൽ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. വിഷയദാരിദ്ര്യത്താൽ ഉഴലുന്ന ഒരു പ്രതിപക്ഷനിരയെയാണ് ഈ ചർച്ചകളിലൂടെ നമുക്ക് കാണാൻ കഴിയുന്നത്. കേരളം ഇദപര്യന്തം നേടിയെടുത്ത നേട്ടങ്ങൾ, കേരളം ഉയർത്തിക്കൊണ്ടുവന്ന ഇടതുപക്ഷ ബദൽ, അത് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ പ്രസക്തമായിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് കേരളം കടന്നു പോകുന്നത്. ഒരു മാസം മുൻപ് ഒരു ആഗോള സാമ്പത്തിക രേഖ വരികയുണ്ടായി. ആ രേഖയിൽ ഇന്ത്യയെപ്പറ്റിയുള്ള ശ്രദ്ധേയമായ ചില നിഗമനങ്ങൾ വന്നു. അത് ചൂണ്ടിക്കാണിച്ചത് എന്താണ്? ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ 58 ശതമാനം മേൽത്തട്ടുകാരായ ഒരു ശതമാനത്തിന്റെ കയ്യിലാണെന്നും ആകെ സമ്പത്തിന്റെ 89 ശതമാനം മേൽത്തട്ടുകാരായ 10 ശതമാനത്തിന്റെ കൈകളിൽ എത്തിയെന്നും താഴെത്തട്ടിലുള്ള 50 ശതമാനം വരുന്ന ജനങ്ങളുടെ കയ്യിൽ ആകെ സമ്പത്തിന്റെ ഒരു ശതമാനം മാത്രമാണുള്ളതെന്നുമാണ് ആഗോള സാമ്പത്തികരേഖ ചൂണ്ടിക്കാണിക്കുന്നത്. 1991-ൽ ഉദാരവൽക്കരണ സാമ്പത്തിക നയം അവതരിപ്പിച്ചുകൊണ്ട്, ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ പാർട്ടി കോൺഗ്രസ്സ്, നരസിംഹറാവുവിന്റെ ഗവൺമെന്റ് പറഞ്ഞതെന്താണ്? ഈ സാമ്പത്തിക നയം രാജ്യത്ത് കൊണ്ടുവന്നാൽ രാജ്യം 21-ാം നൂറ്റാണ്ടിലേയ്ക്ക് പോകും; കാർഷിക വ്യാവസായിക മേഖലകളിലെല്ലാം വലിയ പുരോഗതിയുണ്ടാകും എന്നുപറഞ്ഞ സ്ഥാനത്ത് ഇപ്പോൾ ആഗോള സാമ്പത്തിക രേഖ സൂചിപ്പിക്കുന്നത് ഇന്ത്യയുടെ ദയനീയ അവസ്ഥയാണ്. 2012-14 വർഷങ്ങളിൽ ഇന്ത്യയിൽ മൂന്നരലക്ഷത്തോളം വരുന്ന കർഷകർ ആത്മഹത്യചെയ്തു. ഈ സ്ഥിതി നിൽക്കുമ്പോഴാണ്, ഭാരതത്തെ മേരാ മഹാൻ ഭാരത് എന്നുവിളിച്ച് അഭിമാനപുളകിതരാകണം, ദേശസ്നേഹം വഴിഞ്ഞൊഴുകണം

എന്നൊക്കെ ബി.ജെ.പി. നേതാക്കൻമാർ പറയുന്നത്. നമ്മൾ മനസ്സിലാക്കണം, അമ്മയും രണ്ടു സഹോദരിമാരുമുള്ള ഒരു കുടുംബം പോറ്റാൻവേണ്ടി കാളയേയും കൊണ്ട് ചന്തയിൽ പോയ ഇല്യാസ് ഖാൻ എന്ന 14 വയസ്സുകാരനായ ബാലനെ തല്ലിക്കൊന്ന് മരത്തിൽ കെട്ടിത്തൂക്കിയ ഒരു നാട്; ആ നാട്ടിലാണ് ഇടതുപക്ഷ ബദൽ നയങ്ങളുടെ പ്രസക്തി വർദ്ധിക്കുന്നത്. കഴിഞ്ഞ 11 മാസക്കാലമായി, ഇടതുപക്ഷ ബദൽ നയങ്ങൾ ഉയർത്തിക്കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയുംകൊണ്ട് താറുമാറാക്കിയ സഹകരണം, ഗതാഗതം, ടൂറിസം മേഖലകളെ ശുദ്ധീകരിക്കുന്നതിനും ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്രത്തിന്റെ നോട്ട് പിൻവലിക്കൽ നയവും മദ്യശാലകളുമായി ബന്ധപ്പെട്ട സുപ്രീം കോടതിവിധിയും കേരളത്തിന്റെ സഹകരണ, ടൂറിസം മേഖലകൾക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. കേരളത്തിൽ 11565 സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി ഒരു തുണ്ട് ഭൂമി മുതൽ, കയറിക്കിടക്കാനുള്ള കൂര, തൊഴിൽ, വിദ്യാഭ്യാസം, വിവാഹം തുടങ്ങി മലയാളികളുടെ എല്ലാ ആവശ്യങ്ങൾക്കും താങ്ങും തണലുമായി പ്രവർത്തിക്കുന്ന ഈ സഹകരണ സംഘങ്ങൾ 150000 കോടി രൂപയുടെ നിക്ഷേപം, ആ നിക്ഷേപത്തിന്റെ 80 ശതമാനവും വായ്പയായി നൽകുന്ന കേരളത്തിന്റെ ജീവനാഡിയും പാവപ്പെട്ടവരുടെ ആശ്രയകേന്ദ്രവുമായ സഹകരണ സംഘങ്ങളെ തകർക്കുവാനല്ലേ കേന്ദ്ര ഗവൺമെന്റ് നോട്ട് പിൻവലിക്കൽ നടപടികളിലൂടെ മുന്നോട്ടുവന്നത്.

1.00 pm]

17-12-2016-ലെ മാതൃഭൂമി ദിനപ്പത്രത്തിൽ 'വിവേചനം കൂടാതെ സഹകരണ ബാങ്കുകൾക്ക് പണം നല്കണം' എന്നുള്ള സുപ്രീം കോടതിയുടെ പരാമർശം വന്നിരുന്നു. രാജ്യത്തെ സ്വകാര്യ ബാങ്കുകൾക്ക് നല്കുന്ന ആനുകൂല്യംപോലും കേരളത്തിലെ സഹകരണ ബാങ്കുകൾക്ക് നല്കാതെ വിപുലമായ സഹകരണ മേഖലയെ കേന്ദ്ര ഗവൺമെന്റ് എന്തിനുവേണ്ടി തകർക്കാൻ ശ്രമിച്ചുഎന്നുള്ള കാര്യം സുപ്രീം കോടതി പല തവണ ആവർത്തിച്ചു. അത് പരിശോധിക്കുമ്പോഴാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ തകർക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് കേന്ദ്രഗവൺമെന്റ് പ്രവർത്തിച്ചതെന്ന് മനസ്സിലാകുന്നത്. അതിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കി. ഈ പ്രതിസന്ധി നിലനില്ക്കുമ്പോഴാണ് അത്തരം വെല്ലുവിളികളെ പ്രതിരോധിച്ചുകൊണ്ട് സഹകരണ ബാങ്കുകളെ സംരക്ഷിക്കുന്നതിനുള്ള

ശ്ലാഘനീയമായ പ്രവർത്തനങ്ങളുമായി ഊർജ്ജസ്വലനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുന്നോട്ടുപോകുന്നത്. ഇത് പ്രതിപക്ഷത്തിന് നിഷേധിക്കാൻ കഴിയുമോ? കേരളത്തിന്റെ ബാങ്ക് എന്ന് നാം അഭിമാനിച്ചിരുന്ന ബാങ്കായിരുന്ന എസ്.ബി.ടി. എസ്.ബി.ഐ.യിൽ ലയിച്ചതിലൂടെ നമുക്ക് നഷ്ടമായതിന് പകരം കേരളത്തിന് അഭിമാനമായ സ്വന്തം ബാങ്ക് ഈ നാടിന്റെ അഭിമാനമാകാൻ പോകുകയാണ്. എസ്.ബി.ടി., എസ്.ബി.ഐ-യിൽ ലയിപ്പിച്ചപ്പോൾ ഓരോ സർവ്വീസിനും ആയിരക്കണക്കിന് രൂപ ഈടാക്കുന്ന ബാങ്കിംഗ് രംഗത്തെ അനാരോഗ്യകരമായ പ്രവണതകളെയെല്ലാം അവസാനിപ്പിച്ചുകൊണ്ട് അതിന് പ്രതിരോധം തീർക്കുന്ന ഒരു ബാങ്കായി കേരളത്തിന്റെ ബാങ്ക് മാറാൻ പോകുകയാണ്. സംസ്ഥാനത്ത് രൂക്ഷമായ വിലക്കയറ്റമുണ്ടായപ്പോൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ബംഗാളിൽ നിന്നും 25 രൂപയ്ക്ക് അരി കൊണ്ടുവന്ന് 600 അരിക്കടകളിലൂടെ സാധാരണക്കാർക്ക് കുറഞ്ഞ വിലയ്ക്ക് അരി നല്കുകയുണ്ടായി. ഇവിടെ മറ്റംഗങ്ങൾ സൂചിപ്പിച്ചതുപോലെ 419 കോടി രൂപയുടെ സഞ്ചിത നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയ കൺസ്യൂമർഫെഡിന് ഒരു വർഷംകൊണ്ട് 64 കോടി രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. ഇത് ഒരു മികച്ച നേട്ടമല്ലേ? 2000 നീതി സ്റ്റോറുകൾ, 1500 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്ക് കുറഞ്ഞ വിലയ്ക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് 250 സ്റ്റുഡന്റ് മാർക്കറ്റുകൾ ആരംഭിച്ചു. വായ്പാ സംഘങ്ങളുടെ പരിധി 60 ലക്ഷമാക്കി വർദ്ധിപ്പിച്ചു. ഉല്പാദന ചെലവിനത്തിൽ 7 കോടി രൂപ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തിന് നൽകി. സഹകരണ മേഖലയുടെ ആധുനികവത്കരണത്തിന്റെ ഭാഗമായി ഏകീകൃത സോഫ്റ്റ്‌വെയർ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തി. വർഷത്തിൽ 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള തൊഴിൽ പദ്ധതികൾ നടപ്പിലാക്കാൻ പോവുകയാണ്. അങ്ങനെ സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനായി മന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശ്രമങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

'മലകൾ, പുഴകൾ, പൂവനങ്ങൾ, ഭൂമിയ്ക്ക് കിട്ടിയ സ്ത്രീധനങ്ങൾ'; 'സാമ്യമകന്നോരുദ്യാനമേ കല്പകോദ്യാനമേ...' എന്നാണ് ടൂറിസം മേഖലയെക്കുറിച്ച് മഹാനായ വയലാർ രാമവർമ്മ പാടിയത്. നമ്മുടെ മലയാളികളുടെ മാതൃഭൂമിയായ കേരളത്തിന് വമ്പിച്ച ടൂറിസം സാദ്ധ്യതകളാണുള്ളത്. കേരളത്തിന്റെ പവിത്രമായ സമുദ്ര തീരങ്ങൾ, കായലുകൾ, ചതുപ്പ് പ്രദേശങ്ങൾ, ജൈവ വൈവിധ്യ കേന്ദ്രങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ എന്നിവയെല്ലാം ആകർഷകങ്ങളായ പ്രദേശങ്ങളാണ്. വിപുലമായ വികസന സാധ്യതയുള്ള മേഖലയാണ് ടൂറിസം. കഴിഞ്ഞ ഒന്നര വർഷ

ത്തിനുള്ളിൽ വിനോദ സഞ്ചാരികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട സുപ്രീം കോടതിവിധി കേരളത്തിലെ ടൂറിസം മേഖലയിലും സാമ്പത്തിക മേഖലയിലും വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. 5000 കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നാണ് വിദഗ്ദ്ധന്മാർ ചൂണ്ടിക്കാണിക്കുന്നത്. ഹോട്ടൽ മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി കൂടുതൽ സാമ്പത്തിക തകർച്ച യിലേയ്ക്ക് നീങ്ങുമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ട് വിവിധ ടൂറിസം പദ്ധതികൾക്കായി അനുവദിച്ച തുക, പ്ലാൻ ഫണ്ട് 98.5% വരെ, ഈ വകുപ്പിന്റെ നേതൃത്വത്തിൽ ചെലവഴിക്കാൻ കഴിഞ്ഞത് ടൂറിസം മേഖലയിലെ ശക്തമായ പ്രവർത്തനത്തെയാണ് കാണിക്കുന്നത്. ടൂറിസം മേഖലയിലെ 'ഗ്രീൻ കാർപ്പറ്റ് ' പോലുള്ള പദ്ധതികളെപ്പറ്റി മറ്റ് അംഗങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. 'മുസിരിസ് ' പൈതൃക പദ്ധതിയും 'സ്പൈസ് റൂട്ട്' പദ്ധതിയും പുതിയ ഉല്പന്നമാക്കി മാറ്റി അന്താരാഷ്ട്ര ടൂറിസം മാർക്കറ്റിൽ പ്രചരണം നടത്തിയതടക്കമുള്ള ഒട്ടേറെ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് ടൂറിസം മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ രണ്ട് ടൂറിസം സീസണുകളാണുള്ളത്. ജനുവരിയിൽ തുടങ്ങി മാർച്ചിൽ അവസാനിക്കുന്ന ഒന്നാം സീസണും ഒക്ടോബറിൽ തുടങ്ങി ഡിസംബറിൽ അവസാനിക്കുന്ന രണ്ടാം സീസണും. ഈ രണ്ട് സീസൺ എന്നത് മാറ്റി 365 ദിവസവും ദൈർഘ്യമുള്ള ഒരു മുഴുവൻസമയ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്ക് പോകേണ്ടതുണ്ടെന്നുള്ളതാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കാനുള്ളത്. ദീർഘവീക്ഷണത്തോടുകൂടി ടൂറിസം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ മുഴുവൻസമയ ടൂറിസത്തിന് ഉപകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

കേരളത്തെ ആതിഥേയ സമൂഹമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആരംഭിക്കണം. ഒരു വിനോദ സഞ്ചാരിക്കുവേണ്ട ഏത് സേവനവും ഒറ്റ ക്ലിക്കിൽ കിട്ടുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യയ്ക്ക് രൂപം നല്കണം. നിലവിലുള്ള ഹോം സ്റ്റേ റഗുലേഷൻ കുറേക്കൂടി സുതാര്യമാക്കണം. പ്രാദേശിക ആഘോഷങ്ങൾ, രുചികൾ, സംസ്കാരം എന്നിവയുടെ പ്രചരണം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ ശക്തമാക്കണം. കേരളത്തിൽ ഒട്ടനവധി പ്രകൃതിസൗന്ദര്യമുള്ള പ്രദേശങ്ങളുണ്ട്. എന്റെ മണ്ഡലത്തിലെ പൂമല ഇക്കോ ടൂറിസം, പാണ്ഡവൻ പാറ, കുതിരവട്ടം ചിറ ഇക്കോ ടൂറിസം, ശബരിമല തീർത്ഥാടകരെ പഞ്ചപാണ്ഡവ ക്ഷേത്ര ത്തിലേയ്ക്ക് ആകർഷിക്കുന്ന പദ്ധതികൾ തുടങ്ങിയവപോലെ എല്ലാ മണ്ഡലങ്ങളിലും മനോഹരമായ പ്രദേശങ്ങളുണ്ട്. ഈ മനോഹര പ്രദേശങ്ങളെ കൂട്ടിയിണക്കി ടൂറിസം

മാപ്പുണ്ടാക്കി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ വൻപുരോഗതി യുണ്ടാക്കാൻ കഴിയും.

ഗതാഗത വകുപ്പിനെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കെ.എസ്.ആർ.ടി.സി.യുടെ സംരക്ഷണത്തിനും പുരോഗതിക്കുംവേണ്ടി 'സുശീൽ ഖന്ന' റിപ്പോർട്ടടക്കമുള്ള ഒട്ടേറെ പ്രവർത്തന ങ്ങളാണ് ഇന്നിവിടെ നടന്നുകൊണ്ടിരിക്കുന്നത്, അതിനെപ്പറ്റിയെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വാഹനാപകടങ്ങൾ ഏറ്റവും കൂടുതൽ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അത് നിയന്ത്രിക്കുവാനുള്ള സംവിധാനം വേണം. അതിനുവേണ്ടി ഹിഡൻ ക്യാമറകൾ സ്ഥാപിക്കണം. പരസ്യമായി ക്യാമറ വയ്ക്കുന്നതിനാൽ അവിടെയെത്തുമ്പോൾ മാത്രം സ്പീഡ് കുറയ്ക്കുക, പിന്നീട് സ്പീഡിൽ പോകുക എന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. എന്നാൽ ഹിഡൻ ക്യാമറകൾ സ്ഥാപിച്ചാൽ അപകടങ്ങൾ നിയന്ത്രിക്കാൻ സാധിക്കും. കേരളത്തിലെ അപകടത്തിന്റെ സൂചിക പ്രതിദിനം 107 എന്നാണ് കണക്കാക്കുന്നത്. കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കണം. ടൂറിസത്തിനും ഗതാഗതത്തിനും അടിസ്ഥാന സൗകര്യ വികസനമാണ് ആവശ്യം. ആ ലക്ഷ്യം വച്ചുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 50000 കോടി രൂപയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ സ്വാഭാവികമായും ടൂറിസം മേഖലയും ഗതാഗത മേഖലയും മെച്ചപ്പെടുത്താൻ കഴിയും. പരിണതപ്രജ്ഞനായ വ്യവസായി കൂടിയായ ഗതാഗത വകുപ്പുമന്ത്രി വളരെ പ്രതീക്ഷകളാണ് നല്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ കരങ്ങളിൽ ഈ വകുപ്പും അതിന്റെ പ്രവർത്തനങ്ങളും സുരക്ഷിത മാണെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ട വിഷയമായിരുന്നു ചർച്ച ചെയ്തത്. കെ.എസ്.ആർ.ടി.സി.യുടെ ബോർഡിൽ ഞാൻ പല പ്രാവശ്യം അംഗമായിരുന്നു. ചോദ്യോത്തരവേളയിൽ ഗതാഗത വകുപ്പുമന്ത്രി നടത്തിയ എല്ലാ പ്രസ്താവനകളും എനിക്ക് ഇഷ്ടമായി. എല്ലാ ഉത്തരങ്ങളും വളരെ നന്നായിരുന്നു. കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് നല്ല പ്രതീക്ഷയുണ്ട്. പക്ഷേ ആര് നോക്കിയാലും കെ.എസ്.ആർ.ടി.സി.

നന്നാകുമെന്നുള്ള പ്രതീക്ഷ എനിക്കില്ല. അങ്ങ് വകുപ്പിനെ നന്നാക്കാൻ ശ്രമിക്കുന്നത് നന്നാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. കെ.എസ്.ആർ.ടി.സി.യുടെ എഞ്ചിനീയറിംഗ് വിംഗ് വളരെ ശോചനീയാവസ്ഥയിലാണ്. ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനും മുണ്ടക്കയം കെ.എസ്.ആർ.ടി.സി.ക്കും യഥാക്രമം ഒന്നരക്കോടി രൂപയും 69 ലക്ഷം രൂപയും കൊടുത്തിട്ട് രണ്ട് കൊല്ലങ്ങളായി. ഇപ്പോഴും അതിന്റെ പണി തീർന്നിട്ടില്ല. അവിടെ എഞ്ചിനീയറിംഗ് വിംഗില്ല. ആകെയുള്ളത് ഒരു ചീഫ് എഞ്ചിനീയർ മാത്രമാണ്. അവർ ഫയൽ ഒപ്പിട്ടിട്ട് ഒരു കാര്യവും കെ.എസ്.ആർ.ടി.സി.യിൽ നടക്കാൻ പോകുന്നില്ല. ഒരു എ.ഇ. ഉണ്ടെങ്കിലും അദ്ദേഹത്തിന് എന്ത് ചെയ്യണമെന്നുപോലും അറിയില്ല. എഞ്ചിനീയറിംഗ് വിംഗിൽ നല്ല ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. കെ.എസ്.ആർ.ടി.സി.-യെ വിഭജിക്കണം. തൊഴിലാളികളാണെന്നും കർഷകനാണെന്നും പറഞ്ഞ് അവരെ സുഖിപ്പിച്ചാൽ സ്ഥാപനം കാണില്ല. കെ.എസ്.ആർ.ടി.സി.യിൽ സൂപ്പർ ഫാസ്റ്റും എക്സ്പ്രസ്സും അതുപോലെയുള്ള സർവ്വീസുകളെല്ലാം ഒരു കോർപ്പറേഷന്റെകീഴിൽ കൊണ്ടുവരണം. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെ മൂന്ന് കോർപ്പറേഷനുകളാക്കി മാറ്റണം. ഇങ്ങനെ കോർപ്പറേഷനാക്കി മാറ്റിയാൽ വളരെ ലാഭകരമായി കൊണ്ടുപോകാൻ കഴിയും. കെ.എസ്.ആർ.ടി.സി.ക്ക് ആകെ 5000 ബസ്സുകളാണുള്ളത്. 16000 ബസ്സുകളുള്ള പ്രൈവറ്റ് ബസ് ഉടമകൾ പുതിയ ബസ്സുകൾ പുറത്തിറക്കിക്കൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കാൻ പറ്റാത്തതല്ല, ലാഭകരമാക്കണമെന്നുള്ള ചിന്തയില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് മുഴുവനായും ഒരു പ്രൈവറ്റ് ഏജൻസിക്ക് ടെണ്ടർ ചെയ്താൽ എത്രകോടി രൂപയ്ക്കെടുക്കാനും ആളുകൾ വരും. സർവ്വീസുകളെല്ലാം ലാഭകരമായി നടക്കുകയും ചെയ്യും. പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് എന്നുപറഞ്ഞ് ജനങ്ങളെ കബിളിപ്പിക്കുന്ന പരിപാടിയാണിത്. തൊഴിലാളികളോട് ജോലി ചെയ്യണമെന്ന് മുഖത്തുനോക്കി പറയാൻ മടിക്കേണ്ട കാര്യമില്ല. 9.4 ആണ് ഒരു ബസ്സിലെ തൊഴിലാളികൾ. അതിന്റെ ആവശ്യമെന്താണ്? തൊഴിലാളികൾക്കും അൽപ്പം നീതികാണിക്കാനുള്ള ബാധ്യതയുണ്ടാകണം. ഇടതുപക്ഷ ഗവൺമെന്റാണ് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നത്. ഇടതുപക്ഷ ഗവൺമെന്റ് എന്നുള്ള നിലയിൽ, ഈ സർവ്വീസ് നന്നാക്കി എന്ന് വരുത്താൻ ശക്തമായ ഇടപെടൽ നടത്താൻ സി.പി.ഐ.(എം)ന്റെയും സി.പി.ഐ.യുടെയും നേതാക്കന്മാർക്ക് കഴിയും. ഇക്കാര്യം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

റിസർവ് ബാങ്കും കേന്ദ്ര സർക്കാരും സഹകരണ മേഖലയെ കണ്ണുവയ്ക്കാൻ തുടങ്ങിയിട്ട് കുറച്ച് നാളുകളായി. ശ്രീ. ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രി യായിരുന്നപ്പോൾ കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്കെതിരെ അന്ന് സഭയിൽ പ്രമേയം കൊണ്ടുവന്നപ്പോൾ ഞാനും അതിനെ കയ്യടിച്ച് പാസ്സാക്കിയതാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്തും റിസർവ് ബാങ്ക് നയം കൊണ്ടുവന്നു. അന്നും ഉമ്മൻ ചാണ്ടി പ്രമേയവുമായി ഇവിടെ വന്നു. ഇത് കേരളത്തോടുള്ള, ഫെഡറൽ സംവിധാനത്തോടുള്ള അപമാനിക്കലാണെന്ന് പറയാനുള്ള തന്റേടം നിങ്ങൾ കാണിക്കണം. ഇക്കാര്യത്തിൽ സഹകരണ വകുപ്പുമന്ത്രി ഒരു വിട്ടുവീഴ്ചയുമില്ലാതെ മുന്നോട്ടുപോകണം. കേന്ദ്രസർക്കാരിന്റെ നയങ്ങളും, റിസർവ് ബാങ്കും നമ്മുടെ പണം (1,37,000 കോടി രൂപ എന്നാണ് എനിക്ക് കിട്ടിയ കണക്ക്) മുഴുവൻ തട്ടിയെടുത്ത് മുംബൈ, കൽക്കട്ട, മദ്രാസ് തുടങ്ങിയ സംസ്ഥാനങ്ങളിലുള്ള സമ്പന്നന്മാർക്ക് അടിച്ചുമാറ്റുന്നതിനുവേണ്ടി അവസരം ഒരുക്കുകയാണ്. അതിനെതിരെ ശക്തമായി പ്രതികരിക്കാനുള്ള തന്റേടത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകണ മെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, വാഹനനികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഈ വകുപ്പുകളെ പുരോഗതിയിലേയ്ക്ക് നയിക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന, അതിന് നേതൃത്വം നൽകുന്ന മന്ത്രിമാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി 3000 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ആറായിരത്തിലധികം ബസ്സുകളും അരലക്ഷത്തോളം ജീവനക്കാരുമുള്ള കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാൻ ശ്രമകരമായ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്. ബ്രേക്ക് ഡൗൺ ഒഴിവാക്കാൻ സാങ്കേതിക മികവുള്ള പദ്ധതികൾ തയ്യാറാക്കണം. ബസ്സ് റൂട്ടുകൾ ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം. മെറ്റീരിയൽ മാനേജ്മെന്റ് കാര്യക്ഷമമാക്കണം. കെ.എസ്.ആർ.ടി.സി.-യിൽ സ്പെയർപാർട്സിന്റെ ക്ഷാമം നേരിടുന്നുണ്ട്. പല സ്പെയർ പാർട്സുകളും കിട്ടാതെ ബുദ്ധിമുട്ടുമ്പോൾ അനാവശ്യമായി ധാരാളം സ്പെയർ പാർട്സുകൾ വാങ്ങിക്കൂട്ടിയിട്ടുണ്ട്. ഇത് വളരെ നിരുത്തരവാദപരമായ നടപടിയാണ്. ആവശ്യമില്ലാത്ത സ്പെയർപാർട്സുകൾ വാരിക്കൂട്ടിയിരിക്കുന്നത് എന്തിനുവേണ്ടിയാണ്?

കെ.എസ്.ആർ.ടി.സി.യെ തകർക്കുന്നത് കെടുകാര്യസ്ഥതയും പിടിപ്പുകേടുമാണെന്ന് കാണാൻ സാധിക്കും. സർക്കാരും പൊതുജനങ്ങളും ചേർന്നുള്ള 'സിയാൽ' മോഡൽ പദ്ധതി നടപ്പാക്കിവേണം കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോടതിവിധിയെ മറികടന്നു കൊണ്ടും സ്വകാര്യ ബസ് മുതലാളിമാരുടെ താൽപ്പര്യത്തിനനുസരിച്ചും സർവ്വീസ് മാറ്റി കൊടുക്കുന്ന സാഹചര്യമുണ്ടായിരുന്നു. കോടതിവിധി മറികടക്കുന്നതിനായി സ്വകാര്യ ബസ്സുകളെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറിയാക്കി അനുമതി കൊടുത്ത കാര്യവും നമുക്കറിയാം. ബസ്സുകളുടെ കുറവുമൂലം കോടതി പറഞ്ഞ മുഴുവൻ സർവ്വീസുകളും ഏറ്റെടുത്ത് നടത്താൻ കെ.എസ്.ആർ.ടി.സി.ക്ക് കഴിയേണ്ടതുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകളെ സംബന്ധിച്ച് ഇന്നത്തെ ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി മറുപടി പറഞ്ഞത് നമുക്ക് വളരെ ആത്മവിശ്വാസമുണ്ടാക്കുന്ന കാര്യമാണ്. പ്രൈവറ്റ് മേഖലകളിൽ വലിയ തുക ഈടാക്കി ലാഭകരമായി സർവ്വീസ് നടത്തുന്നുണ്ട്. എന്തുകൊണ്ട് ഈ മേഖലയിൽ കെ.എസ്.ആർ.ടി.സി.ക്ക് ഇടപെട്ടുകൂടാ? കെ.എസ്.ആർ.ടി.സി.യെ അന്തർ സംസ്ഥാന സർവ്വീസ് രംഗത്ത് കൂടുതൽ ശ്രദ്ധേയമാക്കാൻ നടപടി സ്വീകരിക്കണം. ഇത്തരം സർവ്വീസുകളുടെ റിസർവേഷൻ കോർപ്പറേഷൻ നേരിട്ട് ഏറ്റെടുത്ത് നടത്തണം. പല അന്തർ സംസ്ഥാന റൂട്ടുകളും നമുക്ക് ലാഭകരമായി നടത്താൻ കഴിയും. ഉദാഹരണമായി, എറണാകുളം-അതിരപ്പിള്ളി-മലക്കപ്പാറ വഴി പൊള്ളാച്ചിക്ക് ഒരു പഴയ സർവ്വീസ് ഉണ്ടായിരുന്നു. ഈ സർവ്വീസ് നിർത്തലാക്കിയിരിക്കുകയാണ്. ഇത് വളരെ ലാഭകരമായി നടത്താൻ കഴിയാവുന്ന ഒരു സർവ്വീസാണ്. പ്രസ്തുത സർവ്വീസ് പുനരാരംഭിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സോണൽ ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നതാണ്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സോണൽ ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിനും ഷെഡ്യൂൾ പരിഷ്കരിക്കുന്നതിനും പുതുക്കി നിശ്ചിക്കുന്നതിനുമുള്ള അധികാരം സോണൽ ഓഫീസുകൾക്ക് നൽകേണ്ടതുണ്ട്. ഇപ്പോൾ ഇത് തിരുവനന്തപുരത്ത് കേന്ദ്രീകരിച്ചിരിക്കുകയാണ്. യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് യൂണിറ്റുതല ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബി.എസ്. 3 വാഹനങ്ങൾ വളരെയധികം വാങ്ങിക്കൂട്ടിയിരുന്നു. ഇതിൽ വലിയ അഴിമതിയുണ്ടെന്ന ആരോപണങ്ങൾ അന്ന് ഉയർന്നിരുന്നു. ഇത്തരം ബസുകൾ ബി.എസ്. 4-ലേക്ക് കൺവെർട്ട് ചെയ്യാത്തതുമൂലം സർവ്വീസ് നടത്താൻ കഴിയാത്ത അവസ്ഥയുണ്ട്.

കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യും ഇത്തരം ഷെഡ്യൂൾ മാറ്റം വരുത്തി പെർമിറ്റ് ലഭിക്കുന്നതിനും സർവ്വീസ് നടത്തുന്നതിനും നടപടി സ്വീകരിക്കണം. ജീവനക്കാർക്ക് ഷെഡ്യൂൾ മാറ്റംമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് തൊഴിലാളി സംഘടനകളുമായി ആലോചിച്ച് നടപടി സ്വീകരിക്കണം. വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. അതിനുശേഷം ഷെഡ്യൂൾ പരിഷ്കരണം നടപ്പാക്കണം. പെൻഷൻ നൽകുന്നതിനായി പകുതി തുക സർക്കാർ മാസംതോറും നൽകുന്നുണ്ട്. പ്രസ്തുത തുക കെ.എസ്.ആർ.ടി.സി. വകമാറ്റി ചെലവഴിക്കുന്നതുകൊണ്ടാണ് പെൻഷൻകാർക്ക് യഥാസമയം പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നത്. ഇത് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. കെ.എസ്.ആർ.ടി.സി.-യുടെ പുരോഗതിക്കും നിലനിൽപ്പിനുംവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച നടപടികൾ തികച്ചും സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. ആയത് പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകേണ്ടതുണ്ട്.

ടൂറിസം മേഖലയെ ശക്തിപ്പെടുത്താനുള്ള വിവിധ നടപടികളാണ് വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനത്തിനും ഉത്തരവാദിത്ത ടൂറിസത്തിനും മുൻഗണന നൽകുന്ന പുതിയ ടൂറിസം നയമാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൈതൃക സംരക്ഷണ പദ്ധതികൾ, മലബാറിന്റെ ടൂറിസം വികസനം, അഡ്വഞ്ചർ ടൂറിസം വികസനം, ജഡായു പാറ ടൂറിസം പദ്ധതി, 150-ലധികം ടൂറിസം പദ്ധതികൾ, പൊൻമുടി ടൂറിസം പദ്ധതി, ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ, ഗുരുവായൂർ പ്രസാദം പദ്ധതി, ടൂറിസം മാർക്കറ്റിംഗ് ശക്തിപ്പെടുത്തൽ, ഗ്രീൻ കാർപ്പറ്റ്, കിഫ്ബി നടപ്പാക്കുന്ന പദ്ധതികൾ തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. പ്രതിസന്ധികൾ പലതും നേരിട്ടെങ്കിലും സംസ്ഥാനത്തെ ടൂറിസം രംഗത്ത് വൻ മുന്നേറ്റങ്ങൾക്ക് കേരള സർക്കാർ നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. 84 കോടി രൂപയുടെ വിവിധ ടൂറിസം പദ്ധതികൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ നിരവധി പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അതിരപ്പിള്ളി, തുമ്പൂർമുഴി ടൂറിസം കേന്ദ്രങ്ങളുടെ വികസനം, തൃശ്ശൂരിൽ ടൂറിസം ഇൻഫർമേഷൻ സെന്റർ, ചാവക്കാട് ബീച്ച് വിനോദസഞ്ചാര വികസനം, പീച്ചി അണക്കെട്ട് സൗന്ദര്യവൽക്കരണം, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയുടെ വികസനങ്ങൾക്ക് തുക മാറ്റിവച്ചിട്ടുണ്ട്. മലയാറ്റൂർ കുരിശുമുടി ടൂറിസം സൗകര്യത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ ടൂറിസം പ്രൊമോഷൻ

കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതലത്തിൽ ഒരു അപ്പെക്സ് ബോഡി സംവിധാനം നിലവിലില്ല. ഇത്തരമൊരു സംവിധാനം രൂപീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഡി.എം.സി.കൾ പലതും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്റെ മണ്ഡലത്തിലെ തുമ്പൂർമൂഴി ഡി.എം.സി നല്ല പ്രവർത്തനമാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. അവിടെയുള്ള വരുമാനം ഉപയോഗിച്ച് മൂന്ന് വാഹനങ്ങൾ വാങ്ങുകയുണ്ടായി. അവിടെ 26 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്നുണ്ട്. ഇങ്ങനെയുള്ള ഡി.എം.സി.കളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കാനും ഡി.ടി.പി.സി.കളുടെ പ്രവർത്തനം ഏകോപിപ്പിക്കാനുമാണ് സംസ്ഥാനതലത്തിൽ സംവിധാനം വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി പ്രാദേശികമായി തൊഴിലവസരങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികളും ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുകയാണ്. പരിസ്ഥിതി സന്തുലനവും തദ്ദേശീയർക്ക് തൊഴിലവസരങ്ങളുമൊരുക്കി ടൂറിസം വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്നതാണ് ഉത്തരവാദ ടൂറിസം. പ്രാദേശിക ഉത്സവങ്ങളായ തെയ്യം, തീയാട്ട്, സർപ്പം പാട്ട്, മുടിയേറ്റ്, പടയണി തുടങ്ങിയ കലാരൂപങ്ങളെ അതിന്റെ തനിമയോടെ കാണുന്നതിനും ഓല മെടയൽ, തഴപ്പായ നിർമ്മാണം, മുളകൊണ്ടുള്ള വിവിധ സംഗീതോപകരണങ്ങൾ തുടങ്ങിയ തനി നാടൻ കാര്യങ്ങളിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനും പ്രാദേശിക ഗൈഡുകളെ പരിശീലിപ്പിച്ച് നിയമിക്കുന്നതിനും ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ടൂറിസം രംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കണമെങ്കിൽ ഏകോപനം ആവശ്യമാണ്. എന്റെ മണ്ഡലത്തിലെ പെരിങ്ങൽകുത്ത് ഡാമിൽ കെ.എസ്.ഇ.ബി. വളരെ ലാഭകരമായി ഹൈഡൽ ടൂറിസം നടത്തിയിരുന്നു. പിന്നീട് വനം വകുപ്പ് ഇടപെട്ട് അത് നിർത്തിവച്ചിരിക്കുകയാണ്. അത് പുനരാരംഭിക്കുന്നതിനുള്ള ചർച്ചകളും പ്രവർത്തനങ്ങളും ഒരു വർഷമായി നടത്തിയെങ്കിലും ഇപ്പോഴും തീരുമാനത്തിലെത്തിയിട്ടില്ല. നല്ല ലാഭത്തിൽ പ്രവർത്തിച്ചിരുന്ന, ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്ന ബോട്ടിംഗ് സംവിധാനമാണ് നിർത്തിവച്ചത്. ഇപ്പോഴത്തെ ടൂറിസം വകുപ്പുമന്ത്രി വൈദ്യുതി വകുപ്പ് കൈകാര്യം ചെയ്തപ്പോൾ വനം വകുപ്പുമന്ത്രിയുമായി സംസാരിച്ച് ഇത് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കണ മെന്ന് പറഞ്ഞെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ചില തടസ്സങ്ങൾമൂലം ഇപ്പോഴും അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വനം, ടൂറിസം, വൈദ്യുതി, ഇറിഗേഷൻ, പി.ഡബ്ല്യു.ഡി, ട്രൈബൽ എന്നീ ഡിപ്പാർട്ട്മെന്റുകളെല്ലാം യോജിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ടൂറിസം മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിയും. നോട്ട് പ്രതിസന്ധിയുടെ ഭാഗമായി ടൂറിസം മേഖലയെ

തകർക്കുന്ന ചില സമീപനങ്ങളുണ്ടായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിരിക്കുകയാണ്. വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം കുറഞ്ഞിരിക്കുകയാണ്. തെറ്റായ മദ്യനയവും ഇതിന് കാരണമായിട്ടുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. സർക്കാർ വിദേശ ടൂറിസ്റ്റുകളെയും ആഭ്യന്തര ടൂറിസ്റ്റുകളെയും ആകർഷിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തളർച്ചയിൽനിന്ന് ടൂറിസത്തെ ഉയർച്ചയിലേയ്ക്ക് നയിക്കാൻ വേണ്ടിയുള്ള നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ ആക്രമണം ഏറ്റവുമധികം നേരിടേണ്ടിവന്ന മേഖലയാണ് സഹകരണം. ജനകീയ ബാങ്കിംഗ് ശൃംഖലയെ നശിപ്പിക്കുക എന്നത് വലതുപക്ഷ രാഷ്ട്രീയത്തിന്റെ, പ്രത്യേകിച്ച് ബി.ജെ.പി. യുടെ ലക്ഷ്യമാണ്. കാരണം അവർ നവലിബറൽ സാമ്പത്തിക നയത്തിന്റെ വക്താക്കളും പ്രയോക്താക്കളുമാണ്. ബാങ്കുകളെ പുനർനിർമ്മിച്ചും പുനഃക്രമീകരിച്ചും പരസ്പരം ലയിപ്പിച്ചും ധന മൂലധനത്തിന്റെ താല്പര്യം സംരക്ഷിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഈ നീക്കം കോർപ്പറേറ്റുകൾക്കുവേണ്ടിയാണ്. എസ്.ബി.ടി. യെ എസ്.ബി.ഐ.യിൽ ലയിപ്പിച്ചതടക്കം ഈ നീക്കത്തിന്റെ ഫലമാണ്. കേരളത്തിന്റെ തനതായ പല ബാങ്കുകളും ഇതേ ഭീഷണിയിൽത്തന്നെയാണ്. നാടിന്റെ സ്വത്ത് ഭീമാകാരമായ ബാങ്കുകളിലെത്തിച്ച് ആ പണം ഊഹക്കച്ചവട കമ്പോളത്തിലെത്തിച്ച് ധനമൂലധനം വളർത്തുവാൻ ശ്രമിക്കുകയാണ്. പ്രാദേശിക ബാങ്കുകളെ സംരക്ഷിക്കുന്ന ജനകീയ സമരങ്ങൾ വളർന്നുവരണം. സഹകരണ മേഖലയെ തകർക്കുന്ന ലക്ഷ്യം നേടുന്നതിന് തടസ്സമാണ് ജനകീയ ബാങ്കിംഗ് ശൃംഖല എന്നതുകൊണ്ട് ഇതിനെ തകർക്കാൻ മൂലധന ശക്തികളെ സഹായിക്കാൻ വേണ്ടിയാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സഹകരണ മേഖലയോടുള്ള ബി.ജെ.പി. സർക്കാരിന്റെ എതിർപ്പിന്റെയും എൽ.ഡി.എഫ്. സർക്കാരിന്റെ സ്നേഹത്തിന്റെയും കാരണം ഇതാണ്. അതുകൊണ്ടുതന്നെ സഹകരണ മേഖലയെ ജനകീയമാക്കി നിർത്തുവാൻ ശ്രമിച്ചു എന്നതാണ് ഏറ്റവും വലിയ നേട്ടം. മാത്രമല്ല സഹകരണ മേഖലവഴി പെൻഷനടക്കം ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ നൽകി. ഈ ഇടപെടലിലൂടെ സഹകരണ മേഖല തങ്ങളുടേതാണെന്ന ചിന്ത ജനങ്ങളിലുണ്ടാക്കാൻ കഴിഞ്ഞു. ഇതേ ബാങ്കുകളെ സമന്വയിപ്പിച്ചും വികസിപ്പിച്ചും കേരള ബാങ്കുണ്ടാക്കാൻ സർക്കാർ ശ്രമിക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതുപോലെ കിഫ്ബി യാഥാർത്ഥ്യമായി. ഇതെല്ലാം ജനകീയ ബദൽ സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായ ആശയമാണ്. നാടിന്റെ സമ്പത്തിനെ ശാസ്ത്രീയമായി വിന്യസിച്ച് ജനകീയ ബദൽ വികസന സങ്കല്പം വികസിപ്പിച്ചെടുക്കുന്ന സർക്കാരാണ് പിണറായി വിജയൻ

നേതൃത്വം നൽകുന്ന സർക്കാർ. നവലിബറൽ നയം ലോക സമ്പദ് വ്യവസ്ഥകളെ നശിപ്പിക്കുമ്പോൾ എൽ.ഡി.എഫ്. സർക്കാർ സമ്പദ് വ്യവസ്ഥയെ ശാക്തീകരിക്കാൻ ശ്രമിക്കുകയാണ്. അതിന്റെ കേന്ദ്ര ഉപകരണം സഹകരണ മേഖലയാണ്. ഈ മാതൃക നാളെ ലോകത്തിന്റെ മാതൃകയാകും. മാതൃകകളുടെ സൃഷ്ടി വികസനത്തിന്റെ പ്രധാന ഘടകമാണ്. സഹകരണ പ്രസ്ഥാനത്തിൽ കൊടികുത്തിവാണിരുന്ന അഴിമതികളെ അവസാനിപ്പിക്കാൻവേണ്ടി ശക്തമായ നടപടിയാണ് സഹകരണ വകുപ്പും ഗവൺമെന്റും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് സഹകരണ മേഖലയിൽ കൺസ്യൂമർഫെഡിൽ വലിയ അഴിമതിയാണുണ്ടായത്. വലിയ നഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭത്തിലേയ്ക്ക് നയിക്കാൻ കഴിഞ്ഞു. അഴിമതിക്കെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസ് ഭരിക്കുമ്പോൾ അഴിമതി നടത്തിയിരുന്നതുപോലെ അതിന്റെ മാതൃകകൾ സഹകരണ മേഖലയിലും കാണാൻ കഴിയും. തൃശ്ശൂർ ജില്ലയിൽ കോൺഗ്രസ് നയിച്ചിരുന്ന പുത്തൂർ സഹകരണ ബാങ്ക് ഇതിന് വലിയൊരു ഉദാഹരണമാണ്. കോടികളുടെ വെട്ടിപ്പാണ് അവിടെ നടത്തിയത്. അതുപോലെ അടാട്ട് സഹകരണ ബാങ്ക്, കാട്ടൂർ സഹകരണ ബാങ്ക് ഇവയെല്ലാം കോൺഗ്രസിന്റെ നേതൃത്വത്തിലുള്ളതാണ്. ഇവിടെയെല്ലാം വലിയ അഴിമതികളും വെട്ടിപ്പുകളുമാണ് നടന്നിട്ടുള്ളത്. ശക്തമായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അഴിമതിക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് പൊൻമുട്ടയിടുന്ന താറാവായ സഹകരണ മേഖലയെ ശക്തിപ്പെടുത്തി മുന്നോട്ടുപോകാനുള്ള നടപടികളുമായി മുന്നേറുന്ന സഹകരണ വകുപ്പിനെയും സർക്കാരിനെയും അഭിനന്ദിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, കേരളത്തിലെ സഹകരണ മേഖല രാജ്യത്തിനു തന്നെ മാതൃകയായിരുന്നു. പക്ഷേ ഇന്ന് സഹകരണ മേഖല അഴിമതിയുടെയും ഏകാധിപത്യത്തിന്റെയും മാതൃകയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ഒരു കാരണവശാലും ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കാൻ കഴിയില്ല. ഇവിടെ കുറെ ദിവസങ്ങളായി അടാട്ട് ഫാർമേഴ്സ് ബാങ്കുമായി ബന്ധപ്പെട്ട് ചില ആരോപണങ്ങൾ അംഗങ്ങൾ ഉന്നയിച്ചിരുന്നു. ഞാൻ ആ ബാങ്കിലെ ഓഹരി ഉടമയാണ്. അടാട്ട് ഫാർമേഴ്സ് ബാങ്ക് 1993 മുതൽ 2013 വരെ ഭരിച്ചിരുന്നത് സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലാണ്. ആ ബാങ്കിന്റെ അന്നത്തെ പ്രസിഡന്റ് തന്നെയാണ് ഇപ്പോഴും. ശ്രീ. എം. വി. രാജേന്ദ്രനാണ് 1993 മുതൽ 2008 വരെ ഭരിച്ചിരുന്നത്. പിന്നീട് അദ്ദേഹം ഡയറക്ടറായി. ഇപ്പോഴും അദ്ദേഹം തന്നെയാണ്

പ്രസിഡന്റ്. അരിക്കടകൾ നടത്തിയതുമായി ബന്ധപ്പെട്ട് ആവേശപൂർവ്വം ഇവിടെ പറയുകയുണ്ടായി. സംസ്ഥാന ഗവൺമെന്റിനും കൺസ്യൂമർഫെഡിനുമൊക്കെ അരി വാങ്ങികൊടുത്തത് ഈ ബാങ്കിന്റെ പ്രസിഡന്റാണ്. അദ്ദേഹം പ്രസിഡന്റായ പാഡി പ്രൊഡ്യൂസേഴ്സ് കമ്പനിയാണ് ബംഗാളിലും ആന്ധ്രയിലും പോയി അരി വാങ്ങിക്കൊടുത്തത്. അങ്ങനെ ഇവിടെ അരിവില നിയന്ത്രിച്ച എന്നുപറയുന്ന ആളുകൾ ഇന്ന് ഈ ബാങ്ക് പ്രസിഡന്റ് അഴിമതിക്കാരനാണെന്ന് പറയുന്നത് എനിക്ക് മനസ്സിലാകുന്നില്ല. ഈ ബാങ്ക് പ്രസിഡന്റ് ഇപ്പോൾ ഏത് പാർട്ടിക്കാരനാണ്. ഞാൻ ആ പഞ്ചായത്തിൽ 10 വർഷക്കാലം പ്രസിഡന്റും വൈസ് പ്രസിഡന്റുമൊക്കെ ആയിരുന്ന ആളാണ്. അദ്ദേഹം ഏത് പാർട്ടിക്കാരനാണ്? ബഹുമാനപ്പെട്ട സി. എൻ. ബാലകൃഷ്ണന്റെ സഹോദരിയുടെ മകനാണ് എന്നതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിയുടെ സത്യപ്രതിജ്ഞ നടക്കുന്ന സമയത്ത് അത് കാണാൻ വന്ന അടാട്ട് ലോക്കൽ കമ്മിറ്റിയിലെ മൂന്ന് ആളുകളെ സസ്പെൻഡ് ചെയ്തു. പുഴയ്ക്കൽ ബ്രാഞ്ച് കമ്മിറ്റി അംഗത്തെയും സസ്പെൻഡ് ചെയ്തു. അതിലൊരാളാണ് എം. വി. രാജേന്ദ്രൻ. അദ്ദേഹത്തിന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോ; അദ്ദേഹത്തെ പാർട്ടിയിൽനിന്ന് പുറത്താക്കിയിട്ടുണ്ടോ? ഇവർ ആർക്കെതിരെയാണ് അഴിമതി ആരോപണം ഉന്നയിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അടാട്ട് ഫാർമേഴ്സ് ബാങ്കിനെതിരായ അഴിമതി അന്വേഷിക്കുന്നതിൽ ഞാൻ എതിരല്ല. 1993 മുതൽ തൃശ്ശൂർ വിജിലൻസ് കോടതിയിൽ 8 വിജിലൻസ് കേസുകൾ ഫയൽ ചെയ്ത ആളാണ് ഞാൻ. 1993 മുതൽ അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തണമെന്നുതന്നെയാണ് എന്റെയും നിലപാട്. അതിൽ യാതൊരു തർക്കവുമില്ല. അതിനോടൊപ്പം ചില കാര്യങ്ങൾകൂടി അന്വേഷിക്കണം. 1998-ൽ ഫാർമേഴ്സ് ബാങ്കിൽ നിന്നെടുത്ത ഒരു വായ്പയെക്കുറിച്ചാണ് ഇവിടെ ശ്രീ. വി. ജോയി സൂചിപ്പിച്ചത്. അടാട്ട് പഞ്ചായത്തിൽ ആദ്യമായി കർഷകത്തൊഴിലാളി യൂണിയൻ ആരംഭിപ്പിക്കുന്നതിനായി നടുവത്തുപാറ കോളനിയിൽ അരിവാൾ ചുറ്റിക നക്ഷത്രം കൊടിനാട്ടിയ ആളാണ് ആ വായ്പ എടുത്തത്. അക്കര പട്ടേക്കിൽ അന്തോണി എന്നാണ് അദ്ദേഹത്തിന്റെ പേര്. ഭാഗ്യത്തിന് അദ്ദേഹം എന്റെ അപ്പനായി എന്നുള്ളതാണ് എനിക്കെതിരെയുള്ള കുറ്റം. അതെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കർഷകനും കർഷക തൊഴിലാളിയുമായിരുന്ന അദ്ദേഹം സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ആത്മഹത്യ ചെയ്തു. ആ പണം തിരിച്ചടയ്ക്കാൻ അന്ന് കഴിഞ്ഞില്ല. പിന്നീട് ഞാൻ ഇലക്ഷന് മത്സരിക്കുന്ന സമയം ബാധ്യത വേണ്ടെന്നുള്ളതുകൊണ്ട് ആ

ബാങ്കിൽ ഒരു അപേക്ഷ കൊടുത്തു. അപേക്ഷ കൊടുത്തത് എന്റെ ഏറ്റവും അടുത്ത സുഹൃത്തിനാണ്. കുന്നംകുളത്തിന്റെ പഴയ എം.എൽ.എ. ശങ്കരനാരായണൻ എന്ന ബാബു പാലിശ്ശേരിയുടെ ഭാര്യ ശ്രീമതി ഇന്ദിരാ പ്രിയദർശിനിക്കാണ് ഞാൻ അപേക്ഷ കൊടുത്തത്. 6,30,000 രൂപ അടയ്ക്കാൻ അവർ എനിക്കെന്ന് എഴുതിത്തന്നു. 6,30,000 രൂപ അടച്ച് ഒഴിമുറി കൊടുത്തതിന്റെ രേഖയാണിത്. ഇവിടെ പറഞ്ഞ കണക്കുകൾ തെറ്റാണ്. സഹകരണ രജിസ്ട്രാർ എനിക്കെതിരെ അന്വേഷണം നടത്തിയതിന്റെ രേഖയാണ് എന്റെ കയ്യിലുള്ളത്. അതിൽ പറയുന്നത്, 23-12-2010-ൽ 2,64,201 രൂപ വിധി സംഖ്യയായി വന്നിട്ടുണ്ടെന്നാണ്. 2,64,201 രൂപ വിധി സംഖ്യയായി വന്ന എന്റെ കയ്യിൽ നിന്ന് എന്തിനാണ് 6,30,000 രൂപ ഈടാക്കിയത്. ഞാൻ അതുമായി ബന്ധപ്പെട്ട് പരാതി കൊടുത്തിട്ടുണ്ട്. ആ പണം തിരിച്ചുതരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, ശ്രീ. കടകംപള്ളി സുരേന്ദ്രൻ എനിക്ക് നൽകിയ മറുപടിയാണ്. തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിൽ അനിൽ അക്കരയുടെ വായ്പ എഴുതിത്തള്ളിയെന്ന പരാതിയിൽ സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന ചോദ്യത്തിന് ഇല്ലെന്നുള്ള മറുപടിയാണ് നൽകിയത്. അന്വേഷണം നടത്തിയ സഹകരണ രജിസ്ട്രാറുടെ ഉത്തരവിന്റെ പകർപ്പാണ് എന്റെ കയ്യിലുള്ളത്. ആരാണ് കള്ളം പറയുന്നതെന്നും ആരാണ് സത്യം പറയുന്നതെന്നും മനസ്സിലാകാത്ത സ്ഥിതിയാണ്. അനിൽ അക്കരയ്ക്ക് നൽകിയിട്ടുള്ള വായ്പയ്ക്ക് സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം പലിശ ഇളവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശ ഇളവ് നൽകിയത് നിയമാനുസൃതമാണോ; ഏത് ബ്രാഞ്ചിൽ നിന്നാണ് പലിശ ഇളവ് നൽകിയിട്ടുള്ളത്; ബ്രാഞ്ച് മാനേജരുടെ പേര് വ്യക്തമാക്കുമോ എന്നീ ചോദ്യങ്ങൾക്ക് പലിശ ഇളവ് നൽകിയിട്ടുണ്ട്, ആയത് നിയമാനുസൃതമാണ്, മുതുവറ ബ്രാഞ്ചിൽ നിന്നാണ് പലിശ ഇളവ് നൽകിയത്, ബ്രാഞ്ച് മാനേജരുടെ പേര് ഇന്ദിരാ പ്രിയദർശിനിയെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഞാൻ ഏറെ ബഹുമാനിക്കുന്ന, എന്റെ പ്രിയപ്പെട്ട നേതാവിന്റെ പേരാണ് ഇന്ദിരാ പ്രിയദർശിനിയെന്ന് ഈ അവസരത്തിൽ അഭിമാനപൂർവ്വം ഓർമ്മിക്കുകയാണ്. ഈ ബാങ്കിൽ 400 കോടി രൂപയിലധികം ഡെപ്പോസിറ്റും 30000-ൽ അധികം മെമ്പർമാരുമുണ്ട്. ആ പഞ്ചായത്തിലെ മുഴുവൻ ആളുകളും ബാങ്കിലെ മെമ്പർമാരാണ്. തൃശ്ശൂർ ജില്ലാ ബാങ്കിൽവച്ച് ഒരു യോഗം നടന്നു. ജില്ലാ ബാങ്കിലെ യോഗത്തിൽ സഹകരണ രജിസ്ട്രാറും ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീനും പങ്കെടുത്തിരുന്നു. അതിന്റെ

രേഖയാണ് എന്റെ കയ്യിലുള്ളത്. ആ യോഗത്തിൽ കൺസ്യൂമർഫെഡിന് കുറച്ച് പണം വേണമെന്നവർ ആവശ്യപ്പെട്ടു. 25 കോടി രൂപയാണ് ആവശ്യപ്പെട്ടത്. പിറ്റേദിവസം 25 കോടി രൂപ കൊടുത്തു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ, ആ പണം തിരിച്ചടച്ചെന്നും കുറച്ചുകൂടി പണം വേണമെന്നും ആവശ്യപ്പെട്ട് കത്ത് കൊടുത്തു. നിസ്സാരമായ തുകയല്ല, 50 കോടി രൂപയാണ് ആവശ്യപ്പെട്ടത്. പ്രാഥമിക സംഘത്തിൽ നിന്ന് 50 കോടി രൂപ വായ്പ ആവശ്യപ്പെട്ടതിന്റെ അപേക്ഷയാണ് എന്റെ കയ്യിലുള്ളത്. പ്രാഥമിക സംഘത്തിൽനിന്ന് 50 കോടി രൂപ വായ്പയെടുക്കാൻ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ 29(1) എന്ന നിയമാവലി അനുസരിച്ച് കൺസ്യൂമർഫെഡിന് കഴിയുമെന്നാണ് സഹകരണ വകുപ്പുമന്ത്രി പറയുന്നത്. വായ്പകൾ ക്യാഷ് ക്രെഡിറ്റും അംഗങ്ങൾക്ക് മാത്രമേ കൊടുക്കുക യുള്ളുവെന്നുമാണ് പറയുന്നത്. പിന്നെങ്ങനെയാണ് കൺസ്യൂമർഫെഡിന് വായ്പ കൊടുക്കാൻ കഴിയുന്നത്? അല്ലെങ്കിൽ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഗവൺമെന്റിന്റെയും ട്രസ്റ്റിയുടെയും ഉറപ്പിന്മേലും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന്റെ പോളിസിയിന്മേലും ലോൺ കൊടുക്കുമെന്നാണ് പറയുന്നത്. ഇവിടെ നടന്നിട്ടുള്ളത് വളരെ രസകരമായ കാര്യമാണ്. കൺസ്യൂമർഫെഡ് എം.ഡി.യായ ശ്രീ. രാമനുണ്ണി കടൽപ്പരപ്പിനോളം നിയമത്തിൽ അറിവുള്ള ആളാണ്. അദ്ദേഹമാണ് അഫിഡവിറ്റ് കൊടുത്തിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷന്റെ സ്റ്റോറാണ് 50 കോടി രൂപയ്ക്ക് ഈടായി കൊടുത്തിട്ടുള്ളത്. അതിനേക്കാൾ രസകരമായ കാര്യം വായിച്ചു മനസ്സിലാക്കേണ്ടതാണ്. മന്ത്രിക്ക് സമയമുണ്ടെങ്കിൽ ഇത് വായിച്ചാൽ നല്ലതാണ്. അദ്ദേഹത്തെ കേരള ബാങ്കിന്റെ ചുമതല ഏൽപ്പിക്കാൻ പോവുകയാണ്. ടി നിബന്ധനകൾ വായിച്ച് മനസ്സിലാക്കുകയും ഓവർഡ്രാഫ്റ്റ് സംബന്ധിച്ച് ബാങ്കിൽ ഇപ്പോൾ നിലവിലുള്ളതും മേലാൽ ഉണ്ടാകുന്നതുമായ എല്ലാ നിബന്ധനകളും കടക്കാരനും ബാധകമായിരിക്കുമെന്ന സത്യപ്രസ്താവനയാണ് അതിലുള്ളത്. ഒരു പ്രാഥമിക സഹകരണ സംഘത്തിൽ നിന്ന് എത്ര രൂപ വായ്പയെടുക്കാൻ കഴിയും. അടാട്ട് സഹകരണ ബാങ്കിൽനിന്നും പരമാവധി 50 ലക്ഷം രൂപ വായ്പയെടുക്കാം. ഇവിടെ 50 കോടി രൂപയാണ് വായ്പ കൊടുത്തിട്ടുള്ളത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് ഒരു പരാതി കൊടുത്തതിന്റെ പേരിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിന്റെ വരാന്തയിൽക്കൂടിപ്പോയ എനിക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. പണ്ട് 100 രൂപയ്ക്ക് എന്റെ അപ്പാപ്പന്റെ അപ്പാപ്പൻ കൊടുത്ത സ്ഥലത്താണ് ആ ബാങ്കിരിക്കുന്നത്. പുറനാട്ടുകര ബാങ്കിലെ മാനേജർ 50 കോടി രൂപ കൺസ്യൂമർഫെഡിന് കൊടുത്തതിന്റെ രേഖയാണ്

എന്റെ കയ്യിലുള്ളത്. അടാട്ട് ഫാർമേഴ്സ് ബാങ്കിലെ ജീവനക്കാരുടെ തസ്തികയും പേരും ആവശ്യപ്പെട്ട് ഞാൻ നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന് പി. ആർ. പ്രദീപ്കുമാർ, പ്യൂൺ എന്നാണ് എനിക്ക് തന്നിട്ടുള്ള മറുപടി. അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്നും കൺസ്യൂമർഫെഡിന് വായ്പ കൊടുത്തത് ആരാണെന്ന മറ്റൊരു ചോദ്യത്തിന് നൽകിയ മറുപടി, ബാങ്ക് മാനേജരുടെ ചുമതല വഹിക്കുന്ന പി. ആർ. പ്രദീപ് കുമാർ എന്നാണ്. പ്യൂണാണ് 50 കോടി രൂപ വായ്പ കൊടുക്കുന്നത്. മന്ത്രി ഈ രാജ്യത്തൊന്നുമല്ലേയെന്ന് തോന്നിപ്പോവുകയാണ്. അന്വേഷണം നടത്തുമ്പോൾ അതുകൂടി അന്വേഷിക്കണം. ഞാൻ അടാട്ട് പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ എന്റെ പഞ്ചായത്തിലെ പ്രതിപക്ഷ നേതാവായിരുന്ന ഡി.വൈ.എഫ്.ഐ.യുടെ ബ്ലോക്ക് സെക്രട്ടറിയാണ് പി. ആർ. പ്രദീപ് കുമാർ. ഞാൻ 2005-ലെ പഞ്ചായത്ത് ഇലക്ഷനിൽ മത്സരിക്കുമ്പോൾ എനിക്കെതിരെ മത്സരിച്ച സി.പി.എം. ലോക്കൽ കമ്മിറ്റി സെക്രട്ടറി, ശ്രീ. ടി. ഉണ്ണികൃഷ്ണനാണ് ഫാർമേഴ്സ് ബാങ്ക് എം.ഡി. മറ്റ് മാനേജർമാർ ഇന്ദിരാ പ്രിയദർശിനിയും പുഷ്പാകരന്റെ ഭാര്യ അജിതയുമാണ്. ബാങ്ക് പിരിച്ചുവിടാനുള്ള പരാതിയാണ് ഇവിടെ കൊടുത്തിട്ടുള്ളത്. ആ പരാതിയിൽ അടാട്ട് ഫാർമേഴ്സ് ബാങ്ക് പ്രസിഡന്റ് എം. പി. രാജേന്ദ്രന്റെ ആജ്ഞാനുവർത്തികളായി സി.ഐ.ടി.യു. നേതാവ് പുഷ്പാകരന്റെ ഭാര്യയും ബാബു എം. പാലിശ്ശേരിയുടെ ഭാര്യയും പ്രവർത്തിക്കുന്നുവെന്നാണ് പറയുന്നത്. ബാങ്ക് പ്രസിഡന്റ് അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുന്നവർക്കും ബാധകമാണ്. ഫാർമേഴ്സ് ബാങ്കിന്റെ അഴിമതി മാത്രമല്ല, അഴിമതിക്കെതിരെ പോരാട്ടം നടത്തുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. അങ്ങ് അഴിമതിക്കെതിരെ പോരാട്ടം നടത്തണം. എവിടെനിന്ന് തുടങ്ങണ മെന്നുള്ളതാണ് പ്രശ്നം. എനിക്ക് ഓഹരി പങ്കാളിത്തമുള്ള അടാട്ട് ഫാർമേഴ്സ് ബാങ്കിൽ അഴിമതി നടന്നിട്ടുണ്ടെങ്കിൽ അവരെ കയ്യാമംവച്ച് ജയിലിലടയ്ക്കണം. ഞാൻ വെല്ലുവിളിക്കുകയാണ്, ബഹുമാനപ്പെട്ട മന്ത്രിക്ക് ഓഹരിയുള്ള കടകംപള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള കോടികളുടെ ക്രമക്കേടും ബ്രാഞ്ച് മാനേജർ മരണപ്പെട്ടതും അമിത ഡെപ്പോസിറ്റും അന്വേഷിക്കാൻ തയ്യാറുണ്ടോ? സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കണം. ഈ നിയമസഭയിലെ 27 ആളുകളുടെ ഫോൺ ചോർത്തിയതുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാർച്ച് മാസത്തിൽ നിയമസഭയിൽ ഞാനൊരു പ്രസംഗം നടത്തിയിരുന്നു. ആ ചോർത്തലിൽ ബഹുമാനപ്പെട്ട മന്ത്രിയും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിൽ ചില തമാശകളും ചില പീസുകളും ഒഴിവാക്കിയാൽ കടകംപള്ളി ബാങ്ക് തന്നെയാണ്

കൂടുതലായി വന്നിട്ടുള്ളത്. പ്രവർത്തനം ആദ്യം നന്നാക്കേണ്ടത് വീട്ടിലാണ്. അതുകൊണ്ട് എനിക്ക് പങ്കാളിത്തമുള്ള ബാങ്കിനെപ്പറ്റി അന്വേഷിക്കുന്നതോടൊപ്പം കടകംപള്ളി ബാങ്കിനെക്കുറിച്ചുകൂടി അന്വേഷണം നടത്തണമെന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. അനിൽ അക്കര എന്ന പേരിൽ അടാട്ട് ഫാർമേഴ്സ് ബാങ്കിൽ ഒരു ചെക്ക് കൊടുത്തിട്ടുണ്ടെന്ന് തെളിയിച്ചാൽ കേരള നിയമസഭയിൽ നിന്ന് നാളെ രാജിവയ്ക്കാൻ ഞാൻ തയ്യാറാണ്. എന്റെ വെല്ലുവിളി ഏറ്റെടുക്കാൻ തയ്യാറുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ശ്രീ. അനിൽ അക്കര ഭാരവാഹിയായ സ്ഥാപനത്തിൽ സാധനം എടുത്തതിന്റെ പേരിൽ ചെക്ക് കൊടുക്കുകയും അത് മടങ്ങുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. അനിൽ അക്കര: ഞാൻ ഇപ്പോൾ ഭാരവാഹിയായ സ്ഥാപനത്തിന് അത്തരത്തിൽ ഒരു ചെക്കും കൊടുത്തിട്ടില്ല. അധികാരം നിങ്ങളുടെ കയ്യിലല്ലേ, നിങ്ങൾ അന്വേഷിച്ചോളൂ. 50 കോടി രൂപയുടെ ക്രമക്കേട് നടത്തിയ അടാട്ട് ഫാർമേഴ്സ് ബാങ്കിനെതിരെയും കൺസ്യൂമർഫെഡിനെതിരെയും കടകംപള്ളി ബാങ്കിനെതിരെയും നടപടി സ്വീകരിക്കണം. സഹകരണത്തിൽ യാതൊരു ആത്മാർത്ഥതയുമില്ലാതെ ഏകാധിപത്യ സ്വഭാവവും മാർക്സിസ്റ്റ് പാർട്ടി നയങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്നുള്ളതുകൊണ്ട് ഞാൻ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ നാല് ധനാഭ്യർത്ഥനകളെയും ശക്തമായി അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയിലും വർത്തമാനത്തിലും വലിയ സ്വാധീനം ചെലുത്തുന്ന വകുപ്പുകളുടെ ധനാഭ്യർത്ഥനയാണ് നടക്കുന്നത്. അതിൽ സഹകരണം എന്നുപറയുന്നത് വാക്കിനപ്പുറം പ്രവൃത്തി മണ്ഡലത്തിൽ ഇത്രത്തോളം സൗന്ദര്യം സംഭാവന ചെയ്യുന്ന വാക്ക് വേറെയുണ്ടോയെന്ന് സംശയമാണ്. ഒരുപക്ഷേ, അതിനപ്പുറം നിൽക്കുന്ന ഭൗതിക മണ്ഡലത്തിലെ ഒരു വാക്ക് "അമ്മ" എന്ന വാക്കാണ്. സത്യത്തിൽ അമ്മ നിർവ്വഹിക്കുന്ന കൃത്യം, ഏറ്റവും ദുർബല മനുഷ്യനുവേണ്ടി പണമിടപാട് സംവിധാനം സമൂഹത്തിൽ നടപ്പിലാക്കുന്നത് സഹകരണ മേഖലയാണ്, വിശേഷിച്ചും കേരളത്തിലെ സഹകരണ മേഖലയാണ്. അത് ലോകത്ത് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സത്യമാണ്. ആ സത്യത്തിന്റെ മുന്നിൽനിന്ന് നമ്മുടെ പണമിടപാട് സംവിധാനം രാജ്യത്തെ രാഷ്ട്രീയ വലതുപക്ഷം വലത്തോട്ട് കൊണ്ടുപോവുകയാണ്. വലത്തോട്ട് കൊണ്ടുപോകുന്ന ഒരു രാഷ്ട്രീയ സംവിധാനവും സാമ്പത്തിക സംവിധാനവും പണമിടപാട് സംവിധാനത്തിന്റെ മനുഷ്യപക്ഷമുഖം

മുഴുവൻ ഇല്ലാതാക്കും. സ്വാഭാവികമായും പണത്തെക്കുറിച്ച് മാർക്സും ലോകത്തെ നല്ല ചിന്തകന്മാരും പറഞ്ഞത്, അതിൽ സ്വാഭാവികമായി ഒരു ചെളി അല്ലെങ്കിൽ ഒരു രോഗം അടക്കം ചെയ്തിട്ടുണ്ടെന്നാണ്. ആ രോഗം അടക്കം ചെയ്യാതെ വിശുദ്ധിയോടെ ജനപക്ഷത്തുനിന്ന് പണം കൈകാര്യം ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും സുതാര്യമായ സൗന്ദര്യമുള്ള മതേതരത്വ ജനാധിപത്യ സംവിധാനമാണ് കേരളത്തിലെ സഹകരണ മേഖല. നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ടും നമ്മുടെ രാജ്യത്തെ ബാങ്കുകൾ കൂട്ടിയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ടും ഈ പണമിടപാട് സംവിധാനത്തെ വലതുപക്ഷ രാഷ്ട്രീയ താൽപ്പര്യങ്ങളുടെ കളിക്കളമാക്കി മാറ്റാനുള്ള വലിയ ശ്രമം നടക്കുന്ന ഇക്കാലത്ത് കേരളം തീർച്ചയായും കേരള ബാങ്ക് സ്ഥാപിച്ചുകൊണ്ടുതന്നെ ഈ സഹകരണ മേഖലയെ ശക്തിപ്പെടുത്തി. ഒരു ജനപക്ഷ പണമിടപാട് സംവിധാനമായി, ഒരു മതേതരത്വ ജനാധിപത്യ സംവിധാനമായി ഇതിനെ നിലനിർത്താൻ തീർച്ചയായും കേരളത്തിന് ബാധ്യതയുണ്ട്. ആ ബാധ്യതയാണ് സഹകരണ വകുപ്പുമന്ത്രി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതും ഇനിയും നിർവ്വഹിക്കേണ്ടതും.

രണ്ടാമത്തെ കാര്യം ട്രാൻസ്പോർട്ടാണ്. രാവിലെ ചോദ്യോത്തരവേളയിൽ ത്തന്നെ ഒരുവർഷം കൊണ്ട് കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുമെന്ന് ഗതാഗത വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അദ്ദേഹത്തിനത് കഴിയുമായിരിക്കും. കാരണം, അദ്ദേഹം സാധാരണ ഇടത്തിൽനിന്ന് പലതരം ബിസിനസ്സിലൂടെ വളർന്ന് ലോകമറിയപ്പെടുന്ന, അല്ലെങ്കിൽ കേരളം അറിയപ്പെടുന്ന ഒരാളായി മാറിയതാണ്. അദ്ദേഹത്തിന്റെ കരുത്തിനും കഴിവിനും ഭാവനയ്ക്കും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനും നമ്മുടെ കേരളത്തിന്റെ ഭാവിയെ രക്ഷിക്കുന്നതിനുംവേണ്ടി കഴിയട്ടെയെന്ന് ഞാനാഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഒരു കാര്യംകൂടി, അത് കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാരെക്കുറിച്ചാണ്. അത്തരക്കാർ നമ്മുടെ വീടിന് ചുറ്റിലുമുണ്ട്. അവരെല്ലാം പറയുന്നത് പ്രായമായവരുടെ നിരാശ, ഒരുതരം ശാപം ഏറ്റുവാങ്ങുന്ന ഒരു സമൂഹവും രക്ഷപിടിക്കുകയില്ല എന്നാണ്. അവർ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം നടത്തുകയാണ്. അതുകൊണ്ട് മാസം തോറും പെൻഷൻ കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റുണ്ടാക്കണം. കെ.എസ്.ആർ.ടി.സി.ക്ക് നേരിട്ട് കഴിയില്ലെങ്കിൽ അതിന് കഴിയാവുന്ന ഒരു ധനകാര്യ സംവിധാനം ധനകാര്യ വകുപ്പുമന്ത്രിയും ഗവൺമെന്റും ഉണ്ടാക്കണം. യു.ഡി.എഫ്. ഭരണകാലത്തെ പ്പോലെ പെൻഷൻകാർ ആത്മഹത്യ ചെയ്യുന്ന ഒരു സംവിധാനത്തിലേക്ക് പോകാൻ പാടില്ല. അതിന് ഒരു നിത്യ സാമ്പത്തിക സംവിധാനം കേരളത്തിൽ രൂപപ്പെടണം.

അടുത്തതായി സംസാരിക്കാനുള്ളത് ഏറ്റവും പ്രധാനപ്പെട്ട വകുപ്പായ ടൂറിസത്തെപ്പറ്റിയാണ്. കേരളത്തിലെ ടൂറിസം നിലനിൽക്കുന്നത് പ്രകൃതിഭംഗിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടാണ്. അതിനെ നിലനിർത്തിക്കൊണ്ടുമാത്രമേ കേരളത്തിന്റെ ടൂറിസം സാധ്യതകളെ നിലനിർത്താൻ പറ്റുകയുള്ളൂ. മറ്റൊന്ന് കേരളത്തിലെ മനുഷ്യന്റെ മനോഭാവമാണ്. കേരളം ദൈവത്തിന്റെ സ്വന്തം നാടായത് പരിസ്ഥിതിയുടെ ഭംഗിയും ഒപ്പം അതിഥി ദേവോ ഭവഃ എന്ന ഇൻഡ്യൻ ദർശനത്തിലെ മുദ്രാവാക്യവുംമൂലമാണ്. അതിഥി ദേവോ ഭവഃ എന്നുപറയുമ്പോൾ നമ്മുടെ മന്ത്രി തീർച്ചയായിട്ടും എല്ലാവരെയും അതിഥിയായി കാണുന്ന അല്ലെങ്കിൽ അതിഥികളെയെല്ലാം ദേവന്മാരായി കാണുന്ന, വരുന്നവരോടെല്ലാം മാന്യമായി പെരുമാറുന്ന, കൺഫ്യൂഷ്യസ് പറഞ്ഞതുപോലെ 'വരുന്നവരെയെല്ലാം മാന്യതയോടെ കൈകാര്യം ചെയ്യുന്ന ഒരു മനുഷ്യൻ, ആ മനുഷ്യനാണ് പൂർണ്ണനായ മനുഷ്യൻ', അങ്ങനെ പൂർണ്ണനായ ഒരു മനുഷ്യനാണ് ശ്രീ. കടകംപള്ളി സുരേന്ദ്രൻ. അദ്ദേഹം വരുന്നവരോടെല്ലാം മാന്യതയോടെയാണ് പെരുമാറുന്നത്. കേരളത്തിൽ വരുന്നവരെ മാന്യതയോടെ സ്വീകരിക്കുന്നത് നമ്മുടെ ടൂറിസം മേഖലയെ സഹായിക്കും.

എന്റെ മണ്ഡലത്തിൽ കേരളത്തിലെ, ഒരുപക്ഷെ ഇൻഡ്യയിലെതന്നെ ടൂറിസം ഡെസ്റ്റിനേഷനിൽ ഏറ്റവും പ്രമുഖമായ ഒരു സ്ഥാനം വഹിക്കാവുന്ന ഒന്നാണ് ജഡായുമംഗലം ടൂറിസം പദ്ധതി. ഈ പദ്ധതിയിൽ തീർച്ചയായും ഒരു രാഷ്ട്രീയം കൂടിയുണ്ട്. അല്ലെങ്കിൽ അതിലൊരു ഭാവനകൂടി ചേർന്നിട്ടുണ്ട്. 'ജഡായു' എന്നുപറയുന്നത് 'സീത' എന്ന ഇൻഡ്യയിലെ ഒരു സാധാരണ സ്ത്രീ, സാധാരണ സ്ത്രീയാണെങ്കിലും 'ശ്രീരാമൻ' കല്ല്യാണം കഴിച്ചപ്പോൾ ദേവസ്ത്രീയായി മാറിയ ഒരാളാണ്. ആ സീതയെ 'രാവണൻ' തട്ടിക്കൊണ്ടുപോകുമ്പോൾ തടഞ്ഞതിന്റെ പേരിൽ രക്തസാക്ഷിയായതാണ് 'ജഡായു'. അപ്പോൾ ഒരു പെണ്ണിനുവേണ്ടി രക്തസാക്ഷിയായി എന്നുപറയുന്നതിൽ ഒരു ഇടതുപക്ഷ ദർശനമുണ്ട്. ഒരു മനുഷ്യപക്ഷ ദർശനമുണ്ട്. നമ്മുടെ ദർശനങ്ങളെയെല്ലാം വലതുപക്ഷമാക്കാനും വർഗ്ഗീയവത്കരിക്കാനും അതിനെയെല്ലാം വർഗ്ഗീയ സാമ്പത്തിക രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടിയുള്ള മിത്തുകളാക്കി മാറ്റാനും ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് 'ജഡായു' ഒരു മനുഷ്യപക്ഷ ദർശനത്തിന്റെ, ഒരു സ്ത്രീപക്ഷ ദർശനത്തിന്റെ, ഒരു സ്ത്രീയെ രക്ഷിക്കാൻ ശ്രമിച്ച് രാവണന്റെ വെട്ടേറ്റ് മരിച്ച ഒരു ദർശനത്തിന്റെ ഭാഗമാകുന്നത്. അതുകൊണ്ടുതന്നെ ജഡായു ടൂറിസം പദ്ധതി ഈ രാജ്യത്തെ ഒരു മനുഷ്യപക്ഷ തീർത്ഥാടന ടൂറിസമായി വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ടൂറിസം വികസിപ്പിക്കുന്നതിന് മറ്റൊന്നുകൂടിയുണ്ട്. ഈ ദർശനങ്ങൾ

പറഞ്ഞുപോകുമ്പോൾ സംഭവിക്കുന്നത്, നമ്മുടെ നാട്ടിൽ 'ജഡായു' മാത്രമല്ല രാമായണത്തിലെ മിക്കവാറും കഥാപാത്രങ്ങൾക്ക്..., വാത്മീകി എന്ന അത്ഭുത എഴുത്തുകാരൻ ആദ്യ എഴുത്തുകാരനാണ്, അതുകൊണ്ടാണ് സുകുമാർ അഴീക്കോട് പറഞ്ഞത് വാത്മീകി എന്നുപറയുന്നത് ആദികവി മാത്രമല്ല, അദ്ദേഹം വരച്ചുവച്ച ചിത്രശിൽപ്പം, ഒരുപക്ഷെ അന്ത്യകവി കൂടിയാണെന്ന്. കാരണം ആ കഥയുടെ നക്കലിൽനിന്ന് പുറത്തുകടക്കാൻ ഇപ്പോഴും ലോകത്തിന് കഴിയുന്നില്ല എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. അദ്ദേഹത്തിന്റെ അത്ഭുതകരമായ ഒരു കഥാപാത്രമാണ് 'ഹനുമാൻ'. ഹനുമാനെക്കുറിച്ച് പ്രചരിപ്പിക്കുന്ന ഒരു നർമ്മകഥയുണ്ട്. ഏറ്റവും നന്നായി പറയുന്നത് ഡോ. എം. എം. ബഷീറാണ്. അതു പറയുന്നത് ഇങ്ങനെയാണ്. "ഒരിക്കൽ ലണ്ടനിലെ ഒരു റസ്റ്റോറന്റിൽ ഒരു പാകിസ്ഥാനിയും പഞ്ചാബിയും മലയാളിയും കൂടിയിരുന്ന് ആഹാരം കഴിക്കുകയായിരുന്നു. അപ്പോൾ ബ്രിട്ടനിലെ ഒരു പ്രൊഫസർ അവരുടെ അടുത്തുവന്ന് പറഞ്ഞു, 'എനിക്കൊരത്ഭുതത്തെപ്പറ്റി പറയാനുണ്ട്, ആ അത്ഭുത കഥാപാത്രം സൃഷ്ടിച്ചത് ഇൻഡ്യയിലാണ്, അത് വാത്മീകിയാണ്. ആ കഥാപാത്രം മനുഷ്യനോളം എത്താത്ത, എന്നാൽ മനുഷ്യനേക്കാൾ അത്ഭുതംചെയ്ത ഹനുമാൻ എന്ന കഥാപാത്രമാണ്. ആ ഹനുമാനെപ്പോലെ ഇത്ര വലിയ ഒരു കഥാപാത്രത്തെ ലോകത്തെ ഒരു സാഹിത്യത്തിലും ഒരു മിത്തിലും സൃഷ്ടിച്ചുകണ്ടിട്ടില്ല.' ഹനുമാൻ എവിടുത്തുകാരനാണെന്ന് അദ്ദേഹം അവരോട് ചോദിച്ചു. അപ്പോൾ പാകിസ്ഥാനി പറഞ്ഞു, സംശയമെന്ത് ഹനുമാൻ പാകിസ്ഥാനിയാണ്. അപ്പോൾ അദ്ദേഹം ചോദിച്ചു അതെങ്ങനെയാണ്; 'റഹ്മാൻ, സുലൈമാൻ എന്നൊക്കെ പറയുന്നത് പാകിസ്ഥാനിലുള്ളവരെയാണ്. അതുപോലെ ഒരു മാൻ ആണ്, റഹ്മാന്റെയും സുലൈമാന്റെയും ഒരു ബന്ധുവാണ് ഹനുമാൻ. അതുകൊണ്ട് ഹനുമാൻ പാകിസ്ഥാനിയാണ് എന്ന് പാകിസ്ഥാനി മറുപടി പറഞ്ഞു. ഇതുകേട്ട് പഞ്ചാബിക്ക് ദേഷ്യം വന്നു. 'ഹനുമാൻ കരുത്തുകൊണ്ട് ഒരു പഞ്ചാബിയാണ്. ഇൻഡ്യയിൽ ഒരു പഞ്ചാബിക്കുമാത്രമേ ഹനുമാന്റെ കരുത്തുള്ളൂ. അതുകൊണ്ട് പഞ്ചാബിയാണ്. മാത്രമല്ല, ഒരു സിംഗാണ്. ഹനുമാന്റെ യഥാർത്ഥ പേര് ഹനുമാൻ സിംഗ് എന്നാണ്. ആ സിംഗ് മാറ്റിയാണ് ഇപ്പോൾ വെറും ഹനുമാനായത്. രുദ്രമാൻ സിംഗ്, ശക്തിമാൻ സിംഗ് എന്നൊക്കെ പറയുന്നതു പോലെ ഒരു പഞ്ചാബിയാണ്, ഒരു സിംഗാണ് ഹനുമാൻ' എന്ന് പഞ്ചാബി പറഞ്ഞു. മലയാളി നമ്മുടെ അലസഭാവംകൊണ്ട് പുറത്തുപോയി കയ്യൊക്കെകഴുകി തിരിച്ചുവന്നിട്ട് പറഞ്ഞു, 'ഹനുമാൻ സ്വഭാവംകൊണ്ട് മലയാളിയാണ്'. അപ്പോൾ അദ്ദേഹം ചോദിച്ചു, അതെങ്ങനെ മലയാളിയാവും എന്ന്. 'ഹനുമാൻ മലയാളിയായത്, മലയാളിയുടെ

സ്വാഭാവവും ഹനുമാന്റെ സ്വഭാവവും ഒന്നാണ്.' അതെങ്ങനെയാകുമെന്ന് അദ്ദേഹം ചോദിച്ചപ്പോൾ മലയാളി പറഞ്ഞു, 'വെറൊരുത്തന്റെ ഭാര്യയ്ക്കുവേണ്ടി സ്വന്തം വാലിൽ തീ കൊളുത്തി മൂന്നാമതൊരുത്തന്റെ വീട് ചുടണമെങ്കിൽ മലയാളിക്കേ പറ്റൂ, അതുകൊണ്ട് സ്വഭാവമനുസരിച്ച് മലയാളിയിൽ ഒരു ഹനുമാനിസമുണ്ട്, അതുകൊണ്ട് മലയാളിയാണ്.'' ഞാൻ ഈ തർക്കം പറഞ്ഞതിനകത്ത് ഒരു ദർശനമുണ്ട്. ഇത് തമാശയാണെങ്കിലും ആ ദർശനം-നമ്മൾ ലോകത്തിനുവേണ്ടി പലതും കെട്ടിപ്പടുത്തവരാണ്. നമ്മൾ ഗൾഫിനുവേണ്ടി റോഡുണ്ടാക്കി, വീടുണ്ടാക്കി, നമ്മുടെ നഴ്സുമാർ ലോകത്ത് പരിചരണം നടത്തുന്നവരാണ്. പക്ഷെ നമ്മുടെ അച്ഛനമ്മമാരെ പരിചരിക്കുന്നതിൽ, ഇവിടെ റോഡ് കെട്ടിപ്പടുക്കുന്നതിൽ, നമ്മുടെ കേരളം കെട്ടിപ്പടുക്കുന്നതിൽ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ കേരളം കെട്ടിപ്പടുക്കാൻ ലോകത്തെ ക്ഷണിക്കാൻ നമുക്ക് കിട്ടിയ ഒരവസരമാണ് കേരളത്തിന്റെ ഈ പ്രകൃതിഭംഗിയും അതിഥി ദേവോ ഭവഃ എന്ന മുദ്രാവാക്യവും ഇങ്ങനെയൊരു മന്ത്രിയും. കേരളത്തിന്റെ ടൂറിസം സാധ്യതകളെ, കേരളത്തിന്റെ പുഴയുടെയും കടലിന്റെയും മലയുടെയും സാധ്യതകളെ, കേരളത്തിന്റെ ഭംഗിയെ, പരമാവധി ഉപയോഗിക്കാൻ കക്ഷി രാഷ്ട്രീയ വ്യത്യാസം പാടില്ല. അതിൽ പ്രതിപക്ഷ ഭരണപക്ഷം പാടില്ല. ഇതൊക്കെ സംരക്ഷിക്കപ്പെട്ടുമെങ്കിൽ ലോകം കേരളത്തിലേക്ക് നോക്കുകമാത്രമല്ല വരികയും ചെയ്യും. അതിന് ഒരുപാട് ടൂറിസം പദ്ധതികൾ പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. തീർത്ഥാടന ടൂറിസം, ഫാം ടൂറിസം, ഉത്തരവാദിത്വ ടൂറിസം, എക്കോ ടൂറിസം എന്നിവ കൂടാതെ മറ്റ് ടൂറിസവുമുണ്ട്. എല്ലാ ടൂറിസം സാധ്യതകളെയും നമ്മളുപയോഗിക്കണം. അതിൽ പ്രതിപക്ഷത്തോട് എനിക്കൊരഭ്യർത്ഥനയുണ്ട്. പ്രതിപക്ഷം വിമർശനബുദ്ധിയോടെ എല്ലാറ്റിനെയും കാണുന്നത് തീർച്ചയായും തെറ്റല്ല, അത് ജനാധിപത്യത്തിന്റെ ഒരാവശ്യമാണ്. പക്ഷെ എല്ലാം ഒഴുക്കിക്കളയുന്ന, എല്ലാറ്റിനെയും നശിപ്പിക്കുന്ന ഒരു പ്രതിപക്ഷ വിമർശനം പാടില്ല. പ്രതിപക്ഷ വിമർശനം പെരുവെള്ളമാകരുത്, വെയിലത്തുനിന്ന് വാടുന്നതിനെ നനയ്ക്കുന്നതാകണം പ്രതിപക്ഷ വിമർശനം. കാലാവസ്ഥയെപ്പറ്റി രണ്ടാഴ്ച മുമ്പ് പറഞ്ഞത്, കേരളത്തിൽ കാലവർഷം 100 ശതമാനമായിരിക്കുമെന്നാണ്. കേരളത്തിലേതാണ്ട് സുലഭമായി കാലവർഷം കിട്ടുമെന്നാണ്. പക്ഷെ കഴിഞ്ഞ ദിവസം കുസാറ്റിന്റെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ ഒരു പഠന റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളതുപ്രകാരം 'എൽലിനോ' എന്ന ഒരു പ്രതിഭാസം പെസഫിക് സമുദ്രത്തിലുണ്ടായതുകൊണ്ട് നമ്മുടെ മഴമേഘങ്ങൾ മഴമേഘങ്ങളല്ലാതായി പോകാനും മഴ കുറയാനും സാധ്യതയുണ്ട്. ഇപ്പോൾ അത്

തിരുത്തിയെന്നുപറയുന്നു, എങ്കിൽ നല്ലത്. ഞാൻ പ്രതിപക്ഷത്തോട് പറയുന്നത് നിങ്ങൾ 'എൽലിനോ' ആകരുത്, അതായത് ഇവിടെ വരുന്ന എല്ലാ മഴമേഘങ്ങളും പെയ്യാൻ തക്കവണ്ണം നിങ്ങൾ കൈകോർക്കണം. കാർമേഘങ്ങളുണ്ടാകാൻ പാടില്ല. കാർമേഘങ്ങളുണ്ടായാലും അതിന് പെയ്യാൻ കഴിയണം. കാരണം, ഇന്നത്തെ ഇൻഡ്യൻ രാഷ്ട്രീയത്തിൽ വലതുപക്ഷത്തേക്ക് നമ്മുടെ സാമ്പത്തിക മേഖലയും രാഷ്ട്രീയ മേഖലയും ജീവിത മേഖലയും പൊയ്ക്കൊണ്ടിരിക്കുമ്പോൾ ഇൻഡ്യയിൽ ആ വലതുപക്ഷ രാഷ്ട്രീയത്തിനകത്തുനിന്ന് ഒരു ബൂർഷ്വോ സംവിധാനത്തിലും ഒരു കോർപ്പറേറ്റ് സംവിധാനത്തിലും അതിന്റെ നയങ്ങൾക്കകത്തുനിന്ന് ചെറുതായെങ്കിലും ഇടത്തോട്ട് സഞ്ചരിക്കാൻ ശ്രമിക്കുന്ന ഒരു സംവിധാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. ഒരു വലതുപക്ഷ രാജ്യത്ത് ഒരു സംസ്ഥാനത്ത് മാത്രമായി ഒരു കമ്മ്യൂണിസ്റ്റ് ഭരണം കൊണ്ടുവരാൻ പറ്റുകയില്ല. പക്ഷെ വലതുപക്ഷ രാജ്യം മനുഷ്യ വിരുദ്ധമായി വലത്തോട്ട് പോകുമ്പോൾ അതിനകത്തുനിന്ന് ചെറുതായെങ്കിലും കാലും കയ്യും ഇടത്തോട്ട് അനക്കാൻ ഒരു കുഞ്ഞിന്റെ ദാഹമെങ്കിലുമുള്ള ഒരു പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി. അങ്ങനെ ഇടത്തോട്ട് ഒരിഞ്ചെങ്കിലും നീങ്ങാൻ ശ്രമിക്കുന്ന ഒന്നിനെ, ഇന്നത്തെ വർഗ്ഗീയ വലതുപക്ഷ രാഷ്ട്രീയത്തിൽ, നിങ്ങൾകൂടി സഹായിച്ച് കൊല്ലാതിരിക്കാനുള്ള ശ്രമം നടത്താനുള്ള ബാധ്യതയുണ്ടെന്ന് ഓർമ്മിപ്പിച്ചു കൊണ്ട്, ഇതിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സഹകരണ മേഖല ഒരു നൂറ്റാണ്ട് പിന്നിട്ടു. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സഹകരണ പ്രസ്ഥാനം രാജ്യത്തിനുതന്നെ മാതൃകയാണ്. സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം വളർന്ന് പന്തലിച്ചുനിൽക്കുകയാണ്. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ നിക്ഷേപംകൂടി കണക്കിലെടുക്കുക യാണെങ്കിൽ സഹകരണ മേഖലയിൽ ഏകദേശം 1,75,000 കോടി രൂപയുടെ നിക്ഷേപമുണ്ട്. സഹകരണ മേഖലയുടെ കൂട്ടായപ്രവർത്തനത്തിന്റെ പരിണിത ഫലമായിട്ടാണ് ഇത്രയും കരുത്താർജ്ജിക്കാൻ സാധിച്ചത്. ഏതെല്ലാം സന്ദർഭത്തിൽ ഈ മേഖല പ്രതിസന്ധി നേരിട്ടിട്ടുണ്ടോ അപ്പോഴൊക്കത്തന്നെ സഹകാരികൾ ഈ പ്രസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി യോജിച്ചിട്ടുണ്ട്. ഡീമോണിറ്റൈസേഷന്റെ ഭാഗമായി സഹകരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ചെറുതായി കണ്ടുകൂടാ. കഴിഞ്ഞ ആറുമാസക്കാലമായി സഹകരണ മേഖല പ്രശ്നങ്ങളെ

അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും സഹകരണ പ്രസ്ഥാനത്തെ തകർക്കുന്നതിനുവേണ്ടി ഒളിഞ്ഞും തെളിഞ്ഞും ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. കേരളത്തിലെ സഹകാരികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഒരുമിച്ച് ആ എതിർപ്പിനെ നേരിട്ടു. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമടക്കമുള്ള നേതാക്കന്മാർ റിസർവ് ബാങ്കിന്റെ മുമ്പിൽ സമരം നടത്തിയത് നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ടുതന്നെ ആ പ്രതിസന്ധിയെ അതിജീവിക്കുവാൻ സാധിച്ചു. ആ പരിക്കിൽനിന്ന് മോചനം നേടിയെന്ന് ഇപ്പോഴും പറയാൻ കഴിയില്ല. സഹകരണ മേഖലയിൽ വലിയ തോതിലുള്ള നിക്ഷേപ ചോർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയാനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള ശ്രമങ്ങൾ അനിവാര്യമാണെന്ന് ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തെ നമ്മുടെ സഹകരണ മേഖലയുടെ പ്രവർത്തനം പരിശോധിച്ചാൽ ഒരു സമാധാന അന്തരീക്ഷം ഈ മേഖലയിൽ നിലനിന്നിരുന്നു. 2006-ലെ എൽ.ഡി.എഫ്. ഗവൺമെന്റിൽ സഹകരണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ഇപ്പോഴത്തെ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരനും അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റിൽ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. സി. എൻ. ബാലകൃഷ്ണനും ഈ മേഖലയിൽ അഭൂതപൂർവ്വമായൊരു മുന്നേറ്റം സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. അതിന്റെ മുമ്പത്തെ ചരിത്രത്തിലേക്ക് ഞാൻ പോകുന്നില്ല. അന്നൊക്കെ സഹകരണ ബാങ്കുകളിൽ വഴിവിട്ട ഒട്ടനവധി പ്രവർത്തനങ്ങളും പിരിച്ചുവിടലും പിടിച്ചെടുക്കലുമൊക്കെ നിർലോഭം നടന്നിരുന്നു. പക്ഷെ 2006-നുശേഷം അതിനൊക്കെ ഒരു പരിഹാരമുണ്ടായി. സമാധാനപരമായൊരു അന്തരീക്ഷം ഇവിടെ നിലനിന്നു. മാത്രമല്ല, സഹകരണ പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്കും പുരോഗതിക്കുംവേണ്ടി സഹകാരികളെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരെ കൂടെനിർത്തി ഒട്ടനവധി വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ആ മേഖലയിൽ നമുക്ക് സാധിച്ചു. പരിശോധിച്ചാൽ നമുക്കത് ബോധ്യപ്പെടും. ആ ഒരന്തരീക്ഷം ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; നമ്മൾ അത് പരിശോധിക്കണം. ഇന്നിവിടെ നിയമസഭ സമ്മേളിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ സഹകാരികൾ സെക്രട്ടേറിയറ്റിലേക്ക് മാർച്ച് നടത്തുകയാണ്. സഹകരണ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളിൽ പ്രതിഷേധിച്ചു കൊണ്ടായിരുന്നു സെക്രട്ടേറിയറ്റ് മാർച്ച്. ഇവിടെ പതിനാല് ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും പിരിച്ചുവിട്ടു, അവിടെയൊക്കെ അഡ്മിനിസ്ട്രേറ്റർമാർ

ഭരണം നടത്തുകയാണ്. പത്തുവർഷത്തിനുശേഷം സഹകരണ മേഖലയിലുള്ള സമാധാനാന്തരീക്ഷം തകർക്കുന്ന, ജനാധിപത്യത്തെ ധ്വംസിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം യാതൊരു ദയാദാക്ഷണ്യവുമില്ലാതെ ജീവനക്കാരെമൊത്തം കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥലംമാറ്റി. ഏറ്റവും കൂടുതൽ സ്ഥലംമാറ്റം നടന്നത് സഹകരണ വകുപ്പിലായിരുന്നു. ഇപ്പോൾ പതിനാല് ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും അഡ്മിനിസ്ട്രേറ്റർ ഭരണം വന്നു. വർഷങ്ങളായി ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും ജോലി ചെയ്തിരുന്ന ജീവനക്കാരെ അഡ്മിനിസ്ട്രേറ്റർ തലങ്ങുംവിലങ്ങും മാറ്റിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ നിർദ്ദേശമനുസരിച്ചാണ് ഇക്കാര്യങ്ങളൊക്കെ ഇവിടെ നടക്കുന്നത്. നമ്മുടെ സഹകരണ സ്ഥാപനത്തിൽ ഇതുപോലെയുള്ള പ്രവർത്തനങ്ങൾമൂലമുണ്ടാകുന്ന പ്രയാസങ്ങൾ എത്രത്തോളമാണെന്നത് ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രിയപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനോട് പറയേണ്ട ആവശ്യമില്ല. അദ്ദേഹം ദീർഘകാലം സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്ന ആളാണ്. വഴിവിട്ട പ്രവർത്തനങ്ങൾ എവിടെ നടക്കുന്നുണ്ടെങ്കിലും അതിനെ ഞങ്ങൾ എതിർക്കാറുണ്ട്. സാധാരണഗതിയിൽ ഗവൺമെന്റ് വരും, പോകും. ചിലപ്പോൾ സഹകരണ സംഘങ്ങൾ പിടിച്ചെടുക്കാൻ വേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ കൊണ്ടുവരും. അതിനെയൊന്നും ഞാൻ എതിർക്കുന്നില്ല. പക്ഷെ, നമ്മുടെ സഹകരണ മേഖല കൈവരിച്ച പുരോഗതി ചില്ലറയല്ല. 1,75,000 കോടി രൂപയുടെ നിക്ഷേപമെന്നു പറഞ്ഞാൽ അതൊരു ചെറിയ സംഖ്യയല്ല. നമ്മുടെ രാജ്യത്തിന്റെ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്ന പണം സഹകാരികളുടെ കൂട്ടായ്മയിലൂടെ നമ്മൾ സമാഹരിച്ച നിക്ഷേപമാണ്. നമ്മുടെ പ്രവർത്തനത്തിലൂടെ നമ്മൾ നേടിയെടുത്ത പുരോഗതിയെ പുറകോട്ടുവലിക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ അത് ഈ മേഖലയെ തകർക്കുമെന്നുള്ളത് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ നിർദ്ദിഷ്ട കേരള ബാങ്കിന്റെ പണിപ്പുരയിലാണ്. അതിനുവേണ്ടി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. ആ വിദഗ്ദ്ധ സമിതി പതിനാല് ജില്ലകളിലും നമ്മുടെ തലസ്ഥാനത്തും സിറ്റിംഗ് നടത്തി സഹകാരികളിൽനിന്ന് അഭിപ്രായങ്ങൾ സമാഹരിച്ച് ആ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അത് പരിശോധിച്ച് നടപ്പിലാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേരള ബാങ്കിന്റെ രൂപീകരണം സംസ്ഥാന താൽപ്പര്യത്തിന് ഗുണകരമാണെന്നുണ്ടെങ്കിൽ അത്

ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. കേരളത്തിൽ ഈ മേഖലയിൽ നടന്ന എല്ലാ പരിഷ്കരണ പ്രവർത്തനങ്ങളും നമ്മുടെ കൂട്ടായ്മയിലൂടെയാണ് നടത്തിയത്. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്ത് അവരുമായി സംസാരിച്ച് അതിനാവശ്യമായ ചർച്ചകൾ നടത്തണം. ഇതൊരു ചെറിയ കാര്യമല്ല, വലിയൊരു സംരംഭത്തിലേക്ക് നമ്മൾ പോവുകയാണ്. അത്തരത്തിലുള്ള ചർച്ചകളൊന്നും നടത്താതെ രാഷ്ട്രീയ ദൃഷ്ടലാക്കോടുകൂടിയാണ് ഇതിന്റെ രൂപീകരണവുമായി സർക്കാർ മുന്നോട്ടുപോകുന്നതെങ്കിൽ ഉദ്ദിഷ്ടഫലം ലഭ്യമാകില്ലായെന്ന് പറയാൻകൂടി ഞാൻ ആഗ്രഹിക്കുകയാണ്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല.

ടൂറിസവുമായി ബന്ധപ്പെട്ട ഒറ്റക്കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയമസഭാ മണ്ഡലമായ പൊന്നാനിയിലെ വെളിയംകോട്ടുനിന്നും തുടങ്ങി എന്റെ നിയോജകമണ്ഡലമായ കടലുണ്ടിയിൽ സമാപിക്കുന്ന തീരദേശമേഖല ടൂറിസത്തിന് വളരെ സാധ്യതയുള്ളൊരു മേഖലയാണ്. ആറ് അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന ഏകദേശം 75 കി.മീറ്ററോളം നിരന്നുകിടക്കുന്ന തീരദേശമേഖലയുടെ സാധ്യതാ പഠനം നടത്തണം. അതിനാവശ്യമായിട്ടുള്ള പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഏർപ്പെടണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. അതോടൊപ്പംതന്നെ കടലുണ്ടിയിലെ പക്ഷി സങ്കേതവുമായി ബന്ധപ്പെട്ട ഒരു പ്രോജക്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അത് ഇംപ്ലിമെന്റ് ചെയ്യാൻ ആവശ്യമായ നടപടികൂടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

2.00 p.m.]

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, വാഹന നികുതികൾ, സഹകരണം, ഗതാഗതം, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കേരളത്തിന്റെ വികസനത്തിൽ വലിയ പങ്ക് നിർവ്വഹിച്ചു കൊണ്ടാണ് പുതിയ സർക്കാർ ഒരാണ്ട് പൂർത്തിയാക്കുന്നത്. ചില വാർത്തകളുടെ ആഘോഷമല്ലാതെ യാതൊന്നും ഈ സർക്കാരിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന് പറയാനില്ല. എല്ലാ മേഖലകളിലും നല്ല മുന്നേറ്റം നയിക്കാൻ കഴിഞ്ഞിട്ടുള്ള സർക്കാരാണ് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. നമ്മുടെ സംസ്ഥാനത്തെ ഗതാഗത മേഖലയെ സംബന്ധിച്ച് പറയുമ്പോൾ നാം ചിന്തിക്കേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. നമ്മുടെ പാതകൾ ചോരപ്പാതകളാകാതിരിക്കുന്നതിന് നിതാന്ത ജാഗ്രതയുണ്ടാകേണ്ടതുണ്ട്. 2016-ൽ

സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരിച്ചത് 4287 പേരാണ്. ഇതിൽ 1478 പേരും ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ചിരുന്നവരാണ്. ഇത് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവരിൽ മരണപ്പെടുന്നവരുടെ ഏജ് ഗ്രൂപ്പ് 18-നും 25-നും ഇടയിലാണ്. ഇത് ചിന്തിക്കേണ്ട ഒരു കാര്യമാണ്. ഇക്കാര്യത്തിൽ വ്യാപകമായ ബോധവത്കരണം ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം മദ്യപിച്ച് വാഹനമോടിക്കുന്നതും ഇടതുവശത്തുകൂടിയുള്ള ഓവർ ടേക്കിംഗും തടയേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ഗതാഗത മേഖലയിൽ നടക്കുന്ന നിയമ ലംഘനങ്ങളെ കർശനമായി കൈകാര്യം ചെയ്യാൻ കഴിയേണ്ടതുണ്ട്. ഇത് ശ്രദ്ധിക്കേണ്ട ഒരു കാര്യമായി ഞാൻ കാണുകയാണ്. ഇതുമായി ബന്ധപ്പെട്ട് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ റോഡുകളുടെ അവസ്ഥ മെച്ചപ്പെടുത്തുകയും അതോടൊപ്പം റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങളും ബോധവത്കരണങ്ങളും വ്യാപകമായി സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിൽ നടക്കുന്ന ചില നിയമ ലംഘനങ്ങളിലേയ്ക്ക് ഞാൻ സഭയുടെ ശ്രദ്ധകൊണ്ടുവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെയുള്ളവരുടെ വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപേക്ഷിച്ചു. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ചുവപ്പ് ബോർഡ് വയ്ക്കാൻ ആർക്കെല്ലാമാണ് അനുമതിയുള്ളത്; അംഗീകൃതമായി ചുവപ്പ് ബോർഡ് ആർക്കെല്ലാമാണ് ഉപയോഗിക്കാൻ കഴിയുന്നത്? ഇന്ന് അത്തരത്തിലൊരു പരിശോധനയില്ല. പല ഏജൻസികളും സ്വകാര്യ സംഘടനകളും വ്യക്തികളുമെല്ലാം നമ്പർ പ്ലേറ്റിന് മുന്നിൽ ചുവപ്പ് ബോർഡുവച്ച് പോകുകയാണ്. മോട്ടോർ വാഹന വകുപ്പ് ഒരു തരത്തിലുള്ള പരിശോധനയും നടത്തുന്നില്ലെന്നതാണ് സത്യം. അത് പരിശോധനാവിധേയമാക്കേണ്ട കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. 45000-ത്തോളം ജീവനക്കാരുള്ള ഒരു മഹനീയമായ സ്ഥാപനം. ഇന്ന് അതിന്റെ വരവും ചെലവും തമ്മിൽ വലിയ തോതിലുള്ള അന്തരം നിലനിൽക്കുന്നു. ഒരു മാസം ശരാശരി 130 കോടി രൂപയുടെ അന്തരം വരുമാനത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ പ്രതിമാസ അന്തരം 20-26 കോടി രൂപ മാത്രമായിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ കടം 1816 കോടി രൂപയാണ്. 2011-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 717 കോടി രൂപ മാത്രമായിരുന്നു കടം. എങ്ങനെയാണ് കെ.എസ്.ആർ.ടി.സി. പോലൊരു സ്ഥാപനത്തെ അഞ്ച് വർഷംകൊണ്ട് ഇത്രമേൽ ഭീകരമായ

കടഭാരത്തിലേയ്ക്ക് കൊണ്ടുപോയതെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനം 5.25 കോടി രൂപയാണ്. വരവിനെക്കാൾ വലിയ ചെലവാണ് കെ.എസ്.ആർ.ടി.സി.യെ ഈ പ്രതിസന്ധിയിലെത്തിച്ചത്. ഇപ്പോൾ രണ്ട് മാസത്തെ പെൻഷൻ കുടിശ്ശിക തന്നെയുണ്ട്. കെ.എസ്.ആർ.ടി.സി.യെ തകർച്ചയിൽ നിന്ന് രക്ഷിക്കേണ്ടതായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ തകർച്ചയെക്കുറിച്ച് പറയുമ്പോൾ ജീവനക്കാരെ പഴയതുപോലെ കുറ്റപ്പെടുത്താൻ കഴിയുമോ? നേരത്തെ മാധ്യമങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളുമെല്ലാം വളരെ ശക്തമായി ജീവനക്കാരെ കുറ്റപ്പെടുത്തിയിരുന്നു. തോപ്പിൽ ഭാസിയുടെ പഴയ നാടകം കയ്യും തലയും പുറത്തിടരുത് ഞാൻ ഓർക്കുകയാണ്. അത് സിനിമയുമായിട്ടുണ്ട്. ജീവനക്കാരുടെ പെരുമാറ്റത്തെക്കുറിച്ച് അതിൽ രൂക്ഷമായ വിമർശനമുണ്ട്. ഇന്ന് അങ്ങനെയാണോ; ചില അപവാദങ്ങളുണ്ടായേയ്ക്കാം. പക്ഷെ ഇന്ന് ഞാൻ വളരെ അഭിമാനപൂർവ്വം കാണുന്ന ഒരു കാര്യം, ഇന്നത്തെ മലയാള മനോരമയിൽ പ്രധാനപ്പെട്ട ഒരു വാർത്തയുണ്ട് 'അർദ്ധരാത്രി രക്ഷകരായി ഡ്രൈവറും കണ്ടക്ടറും: ഒരു പിഞ്ചു കുഞ്ഞിനോട് കെ.എസ്.ആർ.ടി.സി. ചെയ്തത്'. മലയാള മനോരമ മാത്രമാണ് ഈ വാർത്ത നൽകിയിട്ടുള്ളത്. ഇത് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് വന്നിട്ടുള്ള മാനസാന്തരത്തിന്റെ ഏറ്റവും അഭിമാനകരമായ ഉദാഹരണമായി ഞാൻ കാണുകയാണ്. അർദ്ധരാത്രിയിൽ കുഞ്ഞുമായി വാഹനത്തിൽ കയറിയ ഒരു സ്ത്രീ, ആ കുഞ്ഞിന് വലിയ തോതിൽ അപസ്മാരം വന്നപ്പോൾ ഡ്രൈവറും കണ്ടക്ടറും കൂടി കുട്ടിയെ ആശുപത്രിയിലേയ്ക്ക് കൊണ്ടുവരികയും കുട്ടിക്ക് കൂട്ടായി അവരും ആ വാഹനത്തിലുണ്ടായിരുന്ന യാത്രക്കാരുമെല്ലാം നിൽക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുഴപ്പംകൊണ്ടാണ് ഇപ്പോൾ കടഭാരമുണ്ടാകുന്നതെന്ന് പറയാൻ പറ്റില്ല. കെ.എസ്.ആർ.ടി.സി.യിലെ സംഘടിത പ്രസ്ഥാനങ്ങൾ-സി.ഐ.ടി.യു., കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷൻ-പണം സമാഹരിച്ചുകൊണ്ട് ഒരു വാഹനം വകുപ്പിന് നൽകുകയുണ്ടായി. ഇത്തരത്തിൽ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ വലിയ തോതിൽ മാറ്റത്തിന് വിധേയമാകുന്നുണ്ട്.

<u>അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ</u>

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കെ.എസ്.ആർ.ടി.സി.യിലെ 90% ജീവനക്കാരും തൊഴിലാളികളും വളരെ ആത്മാർത്ഥതയുള്ളവരാണ്. കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാൻ അവർ സ്വയം ബസ് ഉൾപ്പെടെ വാങ്ങി നൽകിയവരാണ്. പക്ഷെ 10% പ്രശ്നക്കാരാണ്. മലയോര പ്രദേശങ്ങളിൽ ഒരു വണ്ടി ഓടിയാൽ അതിന്റെ മുന്നിൽ വണ്ടി ഓടിക്കും. ഈ വണ്ടി നിന്നുപോകും, പിന്നെ കെ.എസ്.ആർ.ടി.സി.യും

പോകും. അതോടെ ആ പ്രദേശത്ത് വണ്ടിയില്ലാതാകും. ലാഭമുള്ള സർവ്വീസുകളുടെ പുറകിലായിരിക്കും കെ.എസ്.ആർ.ടി.സി. എപ്പോഴും പോകുന്നത്. കാരണം ആ ബസ്സുകാരോട് ഇവർ കൈക്കൂലി വാങ്ങിയിരിക്കും. മന്ത്രിയും എം.ഡി.യും കഴിഞ്ഞാൽ കെ.എസ്.ആർ.ടി.സി.യുടെ മാനേജ്മെന്റ് സത്യത്തിൽ ഒരു ആക്രിക്കച്ചവടക്കാരന്റെ മാനേജ്മെന്റാണ്. ഞാൻ ബഹു. വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തി. അവിടെ ഞാൻ നേരത്തേ 12 ജീവനക്കാരുടെ കാര്യം പറഞ്ഞിരുന്നു. ആ മീറ്റിംഗിൽ വന്ന ആളുകൾ പറഞ്ഞത് 12 പേരെയും അവിടെ നിയമിച്ചുവെന്നാണ്. ഞാൻ പോയി നോക്കിയപ്പോൾ രണ്ടുപേരെ മാത്രമേ നിയമിച്ചുള്ളൂ. കള്ളം പറയുകയാണ്. അതുകൊണ്ട് എന്റെ ചോദ്യം, ഒരു പ്രൊഫഷണൽ മാനേജ്മെന്റ് ഇതിനില്ല, ടെക്നോക്രാറ്റ്സ് ഇവിടെയില്ല. അവിടെയുള്ള ഇതുപോലെയുള്ള ആൾക്കാരെ പുറത്താക്കുന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: അങ്ങ് ഇത് പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് രാവിലെ പ്രഖ്യാപിച്ച ഒരു കാര്യം - കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുവേണ്ടി ഒരു പ്രൊഫഷണൽ സംവിധാനം കൊണ്ടുവരുന്നതിന് പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കുമെന്നാണ്. അത് നമുക്ക് തീർച്ചയായിട്ടും പ്രതീക്ഷ നൽകുന്ന ഒരു കാര്യമാണ്. ഞാൻ മറ്റു വിഷയങ്ങളിലേയ്ക്ക് കടക്കുകയാണ്.

നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽവന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ, ടൂറിസം വകുപ്പ് ശ്രീ. എ. സി. മൊയ്തീനും ഇപ്പോൾ ശ്രീ. കടകംപള്ളി സുരേന്ദ്രനും വളരെ ശ്രദ്ധേയമായ നിലയിൽ കൈകാര്യം ചെയ്യുന്നുണ്ട്. ഗ്രീൻ കാർപ്പെറ്റ് പദ്ധതിയനുസരിച്ച് കേരളത്തിൽ പല പദ്ധതികളും ടൂറിസം വകുപ്പ് നടപ്പിലാക്കുന്നു. പൈതൃക ടൂറിസം പദ്ധതിയിൽപ്പെടുത്തി ഇപ്പോൾ തലശ്ശേരി മേഖലാ പൈതൃക പദ്ധതി ഉൾപ്പെടെ നടപ്പിലാക്കാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. മുസിരിസ് പദ്ധതി ഏറ്റവും നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്. ബിനാലെ പോലെയുള്ള കാര്യങ്ങൾ രാജ്യമാകെ ശ്രദ്ധിക്കുന്ന ഒരു പദ്ധതിയായി മാറി. എനിക്ക് നിർദ്ദേശിക്കാനുള്ള ഒരു കാര്യം, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് സർക്കാരിന്റെ സഹായമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഡി.റ്റി.പി.സി.കളുടെ സെക്രട്ടറിമാരായി പുതിയ ആളുകളെ നിയമിക്കുമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നു. അതിന്റെ നടപടികൾ കുറച്ചുകൂടി വേഗതയിലാക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

സഹകരണ മേഖലയിൽ നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രതിസന്ധികളെക്കുറിച്ചും അതിന്റെ കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്റ്റേറ്റ് ബാങ്കുണ്ടാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നടത്തുന്ന നല്ല പരിശ്രമങ്ങൾക്ക് എല്ലാവരും പിന്തുണ നൽകുമെന്നാണ് ഞാൻ കരുതുന്നത്. സഹകരണ മേഖല ഏറ്റവും ശക്തമായ ഒരു സംസ്ഥാനമാണ് കേരളം. അത് തകർക്കാനുള്ള പല പരിശ്രമങ്ങളും കേന്ദ്രതലത്തിൽ വരെയുണ്ടാവുകയുണ്ടായി. പക്ഷേ ജനങ്ങളുടെ വിശ്വാസമുള്ളതുകൊണ്ട് അത് ശക്തമായി നിലനിൽക്കുകയാണ്. കേരളത്തിന്റെ സാഹചര്യത്തിൽ സഹകരണ മേഖല ഇന്ന് ത്രീ ടയർ സിസ്റ്റമാണ്. പക്ഷേ ഈ ത്രീ ടയർ സംവിധാനം തന്നെ തുടരണമോ എന്ന് ആലോചിക്കേണ്ടതുണ്ട്. എന്തുകൊണ്ട് ടൂ ടയർ സിസ്റ്റം ആയിക്കൂടാ? പ്രാഥമിക സഹകരണ ബാങ്കുകളും സംസ്ഥാന ബാങ്കും എന്ന നിലയിൽ ഈ സംവിധാനത്തെ മാറ്റുകയാണെങ്കിൽ അത് വലിയ തോതിലുള്ള മാറ്റമുണ്ടാക്കുമെന്ന് ഞാൻ കരുതുകയാണ്. ഞാൻ സഹകരണ മേഖലയിലെ ഒരു പ്രശ്നത്തെക്കുറിച്ച് പറയുകയാണ്. നേരത്തെയുണ്ടായിരുന്ന ജില്ലാ ബാങ്കുകളിൽ ഇപ്പോൾ ഭരണസമിതികളില്ല. ഭരണസമിതികളില്ലെങ്കിലും ചില ആക്ഷൻ നടന്നുകഴിഞ്ഞ കാര്യമാണ്. 5 സെന്റുകാരും 10 സെന്റുകാരും ഭൂമി പണയം വച്ച് ലോൺ എടുക്കുന്ന കേസുകളിൽ അടവ് തെറ്റിയാൽ ഏറ്റവും ജനവിരുദ്ധമായിട്ടുള്ള SARFAESI Act അവർ ഉപയോഗപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ശ്രദ്ധിക്കേണ്ട ഒരു കാര്യം, ഈ SARFAESI Act കോർപ്പറേറ്റുകളെ സഹായിക്കാൻ വേണ്ടി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഒരു ആക്ടാണ്. പാവപ്പെട്ട പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുമൊക്കെ ലോണെടുത്തിട്ടുള്ള കേസുകളിൽ ഈ തരത്തിൽ SARFAESI ആക്ട് ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. അനിൽ അക്കര ഒരു കാര്യം നേരത്തെ പറഞ്ഞു. അദ്ദേഹം പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ശ്രീ. ബാബു എം. പാലിശ്ശേരിയെ അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ഒരു കൂട്ടുകാരനായിട്ട് വിശേഷിപ്പിച്ചു. നല്ല കാര്യം. ശ്രീ. ബാബു എം. പാലിശ്ശേരിയോട് ശ്രീ. അനിൽ അക്കരയ്ക്കുള്ള സ്നേഹം എനിക്കറിയാം, അത് കഴിഞ്ഞ കാലത്ത് അദ്ദേഹം നടത്തിയ....., നമുക്കറിയാവുന്ന കാര്യമാണ്. പക്ഷേ അദ്ദേഹം പറഞ്ഞ ഒരു കാര്യം, 29 ലക്ഷം രൂപ ലോണെടുത്തത് 6 ലക്ഷമാക്കി മാറ്റിയത് ബാങ്ക് മാനേജരാണെന്നാണ്. അത് എങ്ങനെയാണ് വസ്തുതയാവുക. ബാങ്ക് ഭരണസമിതിക്കല്ലാതെ ബാങ്ക് മാനേജർക്ക് 29 ലക്ഷം രൂപ 6 ലക്ഷമാക്കി

കൊടുക്കാൻ സാധിക്കുമോ? അപ്പോൾ അത് വസ്തുതാപരമായി ശരിയായിട്ടുള്ള കാര്യമല്ല. ഇവിടെ നിയമസഭയിൽ കാര്യങ്ങൾ പറയുമ്പോൾ കുറച്ചുകൂടി സത്യസന്ധമായി അദ്ദേഹം പറയേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. വെല്ലുവിളിച്ചു കൊണ്ട് പറയുകയാണെന്ന് അദ്ദേഹം പറഞ്ഞു. ആരെയാണ് അദ്ദേഹം വെല്ലുവിളിച്ചത്? വസ്തുതകളെയാണോ! മാത്രമല്ല, ഞാൻ ഒരു ചെക്കും ഒപ്പിട്ട് കൊടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. മലയാളം ഓർഗാനിക് അഗ്രോ ഫാംസ് ആന്റ് റിസർച്ച് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഓതറൈസ്ഡ് സിഗ്നേച്ചറി എന്ന നിലയിൽ ശ്രീ. അനിൽ അക്കര ഒപ്പിട്ടുകൊടുത്ത ഐ.ഡി.ബി.ഐ.യുടെ തൃശ്ശൂർ-ഷൊർണ്ണൂർ റോഡ് ബാങ്കിലെ ആ ചെക്ക് തിരിച്ചുവന്നത് നമുക്കെല്ലാവർക്കും ബോധ്യമുള്ളതാണ്. 'ഇല്ല' എന്ന് പറഞ്ഞാൽ എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുക. സ്ഥാപനത്തിന്റെ ഓതറൈസ്ഡ് സിഗ്നേച്ചറി ആയി തന്നെയാണ് അദ്ദേഹം ഒപ്പിട്ടിട്ടുള്ളത്.

ശ്രീ. അനിൽ അക്കര: ഇത് അടാട്ട് ഫാർമേഴ്സ് ബാങ്കിൽ നിന്ന് ഇന്നലെ വന്ന കത്താണ്. വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പോയിന്റ് ഓഫ് ഓർഡർ പറഞ്ഞത് വ്യക്തമായില്ല. എന്റെ പേരിലുള്ള ഒരു ചെക്ക് മടങ്ങിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഷൊർണ്ണൂർ റോഡ് ബ്രാഞ്ചിലെ 013486 നമ്പരായി 19-2-2016 തീയതി വച്ച് അദ്ദേഹം ഒപ്പിട്ടുകൊടുത്ത ചെക്ക് മടങ്ങിയിട്ടുണ്ട് എന്ന് വസ്തുതാപരമായി ചൂണ്ടിക്കാണിക്കാൻ കഴിയും. വെറുതെ വെല്ലുവിളിച്ച് മോശമാക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ആർ.എസ്.എസ്.കാരൻ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന ഒരു അടിയന്തരപ്രമേയ ത്തിൽ ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുകയുണ്ടായി. അദ്ദേഹം കൊലപാതക രാഷ്ട്രീയത്തെ സംബന്ധിച്ച് സംസാരിച്ചു. ചോര തിളയ്ക്കുന്ന പ്രസംഗമാണ് ഇന്നലെ നടത്തിയത്. തൃശ്ശൂർ ജില്ലയിലെ കാഞ്ഞാണി ബസ് സ്റ്റാൻഡിൽ വച്ച് അദ്ദേഹത്തിന്റെ സ്വന്തം പാർട്ടിയിലുള്ള ഒരാളെ ആർ.എസ്.എസ്.കാർ ചവിട്ടിക്കൊന്ന പ്രശ്നം എന്തുകൊണ്ടാണ് പ്രതിപക്ഷം ഒരു സബ്മിഷനായിപോലും ഈ നിയമസഭയിൽ കൊണ്ടുവരാതിരുന്നതെന്ന് ഞങ്ങൾ ചോദിക്കുകയാണ്. മരണപ്പെട്ട സുരേഷ് കോൺഗ്രസിന്റെ ആ പ്രദേശത്തെ മണ്ഡലം വൈസ് പ്രസിഡന്റാണ്. അദ്ദേഹം ആരെയും ആക്രമിക്കാൻ പോയതല്ല. കാഞ്ഞാണി ബസ് സ്റ്റാൻഡിൽ ആർ.എസ്.എസ്.കാർ ഒരു സാധു മനുഷ്യനെ മർദ്ദിക്കുന്ന സമയത്ത് കോൺഗ്രസുകാരനായ സുരേഷ് മധ്യസ്ഥതയ്ക്കുവേണ്ടി

പോയതാണ്. അദ്ദേഹത്തെ ചവിട്ടികൊന്നു. സുരേഷ് മരിച്ചശേഷം ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും തൃശ്ശൂരിൽ വന്നു. എല്ലായിടത്തും സന്ദർശനം നടത്തുന്ന പ്രതിപക്ഷ നേതാവ് പക്ഷേ സുരേഷിന്റെ വീട്ടിൽ മാത്രം പോയില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ സുരേഷിന്റെ വീട്ടിൽപ്പോയി. ഇത്തരത്തിൽ ആർ.എസ്.എസ്.ന്റെ അക്രമങ്ങളെ സംബന്ധിച്ച് പറയാനുള്ള അവസരങ്ങൾ എന്തുകൊണ്ടാണ് നിങ്ങൾ മൂടിവച്ചത്. കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് ശക്തമായി സംസാരിച്ച പ്രതിപക്ഷ നേതാവ് ആർ.എസ്.എസ്.ന്റെ ആക്രമത്തെക്കുറിച്ച്; സ്വന്തം പാർട്ടി പ്രവർത്തകൻ മരിച്ചിട്ട് അതേക്കുറിച്ച് ഒരു അക്ഷരം ഈ നിയമസഭയിൽ പറയാതിരുന്നത് എന്തുകൊണ്ടാണെന്ന് അവർ വ്യക്തമാക്കേണ്ടതുണ്ട്. സെക്കുലർ പാർട്ടി എന്ന് അവകാശപ്പെടുന്ന കോൺഗ്രസ് പാർട്ടി ആർ.എസ്.എസ്.ന്റെ അക്രമരാഷ്ട്രീയത്തെ സംബന്ധിച്ച് ഒരു അക്ഷരം മിണ്ടാതെ ഇന്നലെ ഈ നിയമസഭയിൽ....., ആർ.എസ്.എസ്.കാരൻ മരിക്കാൻ പാടില്ല, ആരും ആരെയും കൊല്ലാൻ പാടില്ല. അത് ശരിയാണ്. കോൺഗ്രസുകാരൻ മരിച്ച വിഷയം ഈ സഭയിൽ പ്രതിപക്ഷം പറയാതിരുന്നത് സത്യത്തിൽ വിചിത്രമായി എനിക്ക് തോന്നുകയാണ്. അത് കേരളത്തിൽ പ്രതിപക്ഷം പിന്തുടരുന്ന പക്ഷപാതപരമായ; ആർ.എസ്.എസ്. പ്രീണന നയത്തിന്റെ ഭാഗമായിട്ടാണെന്ന് ഞാൻ കാണുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടത്തുന്ന നല്ല പ്രവർത്തനങ്ങൾക്ക്; ഈ ധനാഭ്യർത്ഥനകൾക്ക് എന്റെ ശക്തമായ പിന്തുണ നൽകുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അനിൽ അക്കര ഒരു റൂൾ ക്വാട്ട് ചെയ്യാതെ എഴുതിത്തന്നിരിക്കുകയാണ്. വ്യക്തിപരമായ വിശദീകരണത്തിന് 288 എന്ന ചട്ടമുണ്ട്. അതിൽ ചർച്ചയോ തർക്കമുള്ള വിഷയങ്ങളോ ഉന്നയിക്കാൻ പാടില്ല.

ശ്രീ. അനിൽ അക്കര: അടാട്ട് ഫാർമേഴ്സ് ബാങ്കിൽ മലയാളം ഓർഗാനിക് ചെയർമാൻ എന്ന നിലയിൽ ചെക്ക് കൊടുത്തിട്ടുണ്ട്. ആ ചെക്ക് മടങ്ങിയിട്ടുണ്ടാകാം. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. ഞാൻ പറഞ്ഞത്, അടാട്ട് ഫാർമേഴ്സ് ബാങ്കിൽ അനിൽ അക്കര എന്ന പേരിൽ വ്യക്തിപരമായി ഞാൻ ചെക്ക് കൊടുത്തിട്ടില്ല. രണ്ടാമത്, ഞാൻ എം.എൽ.എ. ആകുന്നതിനുതൊട്ടുമുമ്പ് ഭാരവാഹിത്വം ഒഴിഞ്ഞിട്ടുള്ളതാണ്. അവിടെ മലയാളം ഓർഗാനിക്കിന് ചെയർമാനോ എം.ഡി.-യോ ആരാണുള്ളതെന്ന് എനിക്കറിയില്ല. സാമ്പത്തികമായി ഇപ്പോഴും ആ ബാങ്കുമായി ക്രയവിക്രയം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ ആ കമ്പനിയുമായി അന്വേഷിക്കണം. അതിന് എന്നെ

വ്യക്തിപരമായി പറയരുത്. 1,25,000 രൂപയാണ് 1998-ൽ ആ ബാങ്കിൽ നിന്നുമെടുത്തിട്ടുള്ളത്. ഇത് ആർബിട്രേഷൻ കോടതി വിധിയാണ്. കോടതിവിധിക്കു മുകളിൽ വേറെ വിധിയുണ്ടോ? അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞാൻ ഇപ്പോഴും പറഞ്ഞ കാര്യത്തിൽ ഉറച്ചുനിൽക്കുകയാണ്. ഒരു രൂപയുടെ ബാധ്യതയോ മറ്റോ എനിക്ക് അവിടെയില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, "കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ സമസ്ത മേഖലയെ സ്പർശിക്കുന്നതും രാജ്യത്തിന് മാതൃകയുമാണ്. ഇന്ത്യയിൽ സഹകരണ ബാങ്കിംഗ് രംഗത്ത് സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ 60 ശതമാനവും കേരളത്തിന്റെ വിഹിതമാണ്. കൂടാതെ കേരളത്തിലെ സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ ബാങ്കുകളിൽ 3.51 കോടി അക്കൗണ്ടുകളും 1.27 ലക്ഷം കോടി രൂപയുടെ നിക്ഷേപവും 1 ലക്ഷം കോടി രൂപയുടെ വായ്പയും നിലവിലുണ്ട്. അതോടൊപ്പം നഗര-ഗ്രാമ വ്യത്യാസമില്ലാതെ സമസ്ത ജനവിഭാഗങ്ങളുടെയും സാമ്പത്തിക ക്രയവിക്രയങ്ങളുടെയും ജീവനാഡി കൂടിയാണ് സഹകരണ പ്രസ്ഥാനം. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപത്തിൽ ഒരു പൈസപോലും നഷ്ടപ്പെടില്ലായെന്ന് സംസ്ഥാന സർക്കാർ നൽകിയ ഉറപ്പ് സഹകരണ മേഖലയുടെ വിശ്വാസ്യത ഒന്നുകൂടി ഉയർത്തുമെന്ന് സഭ ആത്മാർത്ഥമായി വിശ്വസിക്കുന്നു" എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2016 നവംബർ 22-ാം തീയതി ചട്ടം 275 പ്രകാരമുള്ള substantive motion-ന്റെ ഭാഗമായി അവതരിപ്പിച്ച പ്രമേയത്തിൽ പറയുന്നുണ്ട്. പ്രതിപക്ഷം ഉൾപ്പെടെയുള്ള അംഗങ്ങൾ കയ്യടിച്ച് ഒരുമിച്ചുനിന്ന് പാസ്സാക്കിയ പ്രമേയത്തിന്റെ ഭാഗമാണ്. കേന്ദ്ര സർക്കാരിന്റെ കരങ്ങൾ ഈ രാജ്യത്തിന്റെ പ്രസക്തമായ മോഡലിനെ തകർക്കാൻ ശ്രമിക്കുമ്പോൾ, അതിനെ പ്രതിരോധിക്കാൻ കേരളത്തിന്റെ പ്രതിപക്ഷം ഒരുമിച്ചുണ്ടാകുമെന്നുള്ള കാര്യത്തിന് ഒരു സംശയവും ഇവിടെ ആർക്കുംവേണ്ട. കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങൾക്കെതിരെ പ്രതിരോധിക്കണമെന്ന് ഒരുമിച്ച് ചേർന്ന് തീരുമാനിച്ച നമുക്കിടയിൽനിന്ന് ജനാധിപത്യ വിരുദ്ധമായ ചില നടപടികൾ അതിനുശേഷം കൈക്കൊള്ളുകയാണ്. പണ്ട് ജില്ലാ ബാങ്കുകൾ പിരിച്ചുവിട്ടപ്പോൾ ഈ നിയമസഭയിൽ വന്ന് ജനാധിപത്യ വിരുദ്ധതയെ സംബന്ധിച്ച് വാതോരാതെ പ്രസംഗിച്ചിരുന്ന ആളുകളുടെ പ്രസംഗമെല്ലാം ഇന്നും നിയമസഭയുടെ റെക്കോർഡ്സിലുണ്ട്, ലൈബ്രറിയിലുണ്ട്. അതൊക്കെ ജീവനോടെ നിലനിൽക്കെത്തന്നെ ഇത്രയും ജനാധിപത്യ വിരുദ്ധമായ നടപടി, അതും കേന്ദ്ര സർക്കാരിനെതിരെ നോട്ട് നിരോധനത്തിന്റെ കാര്യത്തിൽ, പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി പ്രതിപക്ഷത്തിന്റെയും കേരളത്തിലെ 14 ജില്ലാ

ബാങ്കുകളുടെയും പിന്തുണയോടുകൂടി കേരളത്തിലെ എല്ലാ ഹെഡ്ക്വാർട്ടേഴ്സിലും ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലും രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുമിച്ച് നിന്ന് ജനാധിപത്യ വിരുദ്ധതയ്ക്കെതിരെ സമരം നടത്തിയതിനുശേഷം ഇപ്പോൾ അവിടെ നിന്ന് കോൺഗ്രസ്സിന്റേതായ ആളുകളെ മുഴുവനും പിരിച്ചുവിടുന്നതിനു വേണ്ടി നടത്തുന്ന ജനാധിപത്യ വിരുദ്ധ സമീപനങ്ങൾക്ക്.....ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു, കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ ത്തിനുവേണ്ടി തുടക്കംകുറിച്ച അങ്ങ് കേരളത്തിലെ സഹകരണ മേഖലയുടെ ഒടുക്കം കുറിക്കുന്ന നടപടികളിലേയ്ക്ക് പോകരുതെന്നാണ് വിനീതമായി ഞങ്ങൾക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത്. തീർച്ചയായും അങ്ങയുടെ കൈകളിൽ ഇതിന്റെ രക്തക്കറ, പാപക്കറ ഉണ്ടാകുവാൻ പാടില്ല. ഈ ജനാധിപത്യ വിരുദ്ധ നടപടികൾ നമുക്ക് അംഗീകരിക്കാൻ കഴിയാവുന്ന ഒന്നല്ല. കേരളത്തിലെ സഹകരണ മേഖലയിലെ ത്രിതല സംവിധാനത്തിന്റെ ഗുണഗണങ്ങളെ സംബന്ധിച്ച്, മെച്ചത്തെ സംബന്ധിച്ചെല്ലാം നമ്മൾ ഇവിടെ സംസാരിച്ചതാണ്. ലോകശ്രദ്ധ നേടിയ കേരള വികസന മാതൃകയുടെ ശക്തി സ്രോതസ്സുകളിൽ ഒന്നായ സംസ്ഥാന സഹകരണ മേഖലയെ ദുർബലപ്പെടുത്തരുതെന്നാണ് കേരളത്തിന്റെ മുഖ്യമന്ത്രി അന്ന് പറഞ്ഞത്. ലോകശ്രദ്ധ നേടിയ ഒരു മാതൃകയിൽ പിന്നെ എന്തിനാണ് അനാവശ്യ മാറ്റത്തിന് നമ്മൾ മുതിരുന്നത്? ആ ജനാധിപത്യ വിരുദ്ധതയെ നമ്മൾ എന്തിനാണ് പ്രോത്സാഹിപ്പിക്കുന്നത്. ഈ ത്രിതല സംവിധാനം എന്തുകൊണ്ട് നിലനിന്നുകൂടാ? കേരളത്തിന്റെ സഹകരണ മേഖലയുടെ വിശ്വാസ്യതയെ സംബന്ധിച്ചെല്ലാം നമ്മൾ സൂചിപ്പിച്ചുകഴിഞ്ഞു. എസ്.ബി.ഐ.-എസ്.ബി.ടി. ലയനം നടന്നപ്പോൾ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ഈ സഭയിൽ അതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അങ്ങനെ പ്രതിഷേധം രേഖപ്പെടുത്തിയിട്ടുള്ള നമ്മൾ എന്തിനാണ് കേരള ബാങ്ക് എന്ന പേരിൽ ഈ സഹകരണ ബാങ്കിൽ നിലവിലുള്ള സംവിധാനത്തെയും വിശ്വാസ്യതയെയും വേറെ മറ്റ് പല കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താൻ തീരുമാനിക്കുന്നത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് രണ്ട് ടേമുകളിലധികം അവസരം കൊടുക്കരുതെന്ന നിയമം ഓർഡിനൻസിന്റെ ഭാഗമായി വരുന്നുവെന്ന് അറിയാൻ സാധിച്ചു. സഹകാരികൾ അവരുടെ രക്തവും ജീവനും നൽകിയാണ് ഈ പ്രസ്ഥാനങ്ങളെ കെട്ടിപ്പടുത്തത്. അതിന് ടേം തീരുമാനിക്കാൻ കഴിയില്ല. അമേരിക്കൻ പ്രസിഡന്റ് പദവിയിൽ ഒരാൾക്ക് രണ്ട് തവണ മാത്രമേ ഇരിക്കാൻ സാധിക്കുകയുള്ളൂ. അതിനുശേഷം അയാൾ മാറണം. സി.പി.ഐ.(എം) തള്ളിപ്പറഞ്ഞിട്ടുള്ള അമേരിക്കൻ മോഡൽ കേരളത്തിന്റെ സഹകരണ മേഖലയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് ചില വ്യക്തമായ അജണ്ടകളോടുകൂടിയാണെന്നുള്ളത് എല്ലാവർക്കും മനസ്സിലാക്കാൻ

സാധിക്കും. ഞങ്ങൾക്ക് ഒരു നിയന്ത്രണവുമില്ലാത്ത സ്ഥാപനമാണ് ഊരാളുങ്കൽ സൊസൈറ്റി. കേരളത്തിലെ പൊതുമേഖലയിൽ നിരവധി നിർമ്മാണ പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള സൊസൈറ്റിയെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. തുടങ്ങിയ കാലംമുതൽ ഇന്നേവരെ ഏറ്റവും ഉചിതമായി ഒരുപാട് ആളുകളെ ഉൾക്കൊള്ളിച്ച് തൊഴിലവസരങ്ങൾ കൊടുത്ത് മുന്നോട്ടുപോകുന്ന ആ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവ നിങ്ങൾ പറയുന്ന ഓർഡിനൻസിന്റെ ടേംസിന് പുറത്തേയ്ക്ക് വരേണ്ടി വരും. അതുൾപ്പെടെ കർമ്മധീരമായ നേതൃത്വം നൽകിയിരിക്കുന്ന ആളുകളെയൊക്കെ മാറ്റി സ്വന്തം ഇഷ്ടക്കാരെ പലരെയും അവിടെ സ്ഥാപിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ ഓർഡിനൻസ് ദുരുപയോഗം ചെയ്യപ്പെടില്ലേ? എന്തിനാണ് പിന്നെ അത്തരമൊരു ശ്രമം. ഇവിടെ എം.എൽ.എ.മാർ, മന്ത്രിമാർ, എം.പി.മാരൊക്കെ ഇരിക്കുന്നുണ്ടല്ലോ; രണ്ട് ടേം എന്നൊക്കെ പലയിടത്തും പറഞ്ഞു, അതിൽ കൂടുതൽ ടേം ആയിട്ടുള്ള എത്രയോ ആളുകൾ ഇതിനകത്ത് ഇരിക്കുന്നുണ്ട്. കേരളത്തിന്റെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായിരുന്ന, ഇപ്പോൾ ക്യാബിനറ്റ് പദവിയോടെ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ പദവി കൊടുത്ത് നമ്മൾ ആളുകളെക്കൊണ്ട് നിർത്തുന്നില്ലേ; അതുപോലെ, സഹകരണ മേഖലയിൽ എത്രയോ വർഷങ്ങളായി....ബഹുമാനപ്പെട്ട ചിറ്റൂർ അംഗം കെ. കൃഷ്ണൻകുട്ടി ചേട്ടൻ പ്രസംഗിച്ചത് കേട്ടു. മറച്ചുവച്ച് പറയാൻ കഴിയാവുന്നതിന്റെ പരമാവധി മനസ്സിലാകുന്ന തരത്തിൽ അദ്ദേഹം പറഞ്ഞിട്ടു ണ്ടെന്നാണ് വിശ്വാസം. കാരണം, ഈ മേഖല നിലനിൽക്കണമെന്നുള്ള ആഗ്രഹം കൊണ്ടാണ്. അങ്ങ് ഈ ശ്രമത്തിൽ നിന്ന് പിന്മാറണം. സഹകരണ ബാങ്കിന്റെ സംസ്ഥാന അദ്ധ്യക്ഷ പദവിയിലിരുന്ന ഒരാൾ പിന്നീട് മന്ത്രിയാകുമ്പോൾ ആ ബാങ്കിന്റെ പ്രത്യേകതകളും പ്രാധാന്യവും അറിയാവുന്ന ആളിൽ നിന്ന് ഇത്തരമൊരു നടപടി ആരും പ്രതീക്ഷിക്കുന്നതല്ല. ഈ മേഖലയിലെ നിരവധി പ്രവർത്തനങ്ങളിൽ അങ്ങേയ്ക്ക് ഇടപെട്ട് ശരിയാക്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. ഉദാഹരണത്തിന്, വിജയ് മല്യക്ക് എസ്.ബി.ഐ. ലോൺ കൊടുത്തതുപോലെ, റബ്കോയ്ക്ക് ഇപ്പോഴും സഹായം കൊടുക്കാൻ നിങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അത് എങ്ങനെയാണ് തിരിച്ചുവരുന്നത്; സഹകരണ സ്ഥാപനങ്ങൾക്ക് അതിന്മേൽ ഉണ്ടാകുന്ന ബാധ്യതകൾ എന്താണ്; തുടങ്ങിയവ യൊക്കെ പരിശോധിച്ചിട്ടാണോ അങ്ങയുടെ നടപടിയെന്ന് അറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്.

പാലക്കാട് ജില്ലയിൽ മെഡിക്കൽ കോളേജ്, ഐ.എ.എസ്. അക്കാദമി, സിന്തറ്റിക്ക് ട്രാക്ക്, സിന്തറ്റിക്ക് ഫുട്ബോൾ ടർഫ് ഉൾപ്പെടെ ഒരുപാട് വികസന

പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ, കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പുനർനിർമ്മാണം തുടങ്ങാൻപോലും സാധിക്കാത്ത തരത്തിൽ സാങ്കേതിക കുരുക്കുകൾ അതിനെ വലയം ചെയ്യുന്ന അതിദയനീയമായ സാഹചര്യമാണ് നിലനിൽക്കുന്നത്. അടുത്ത ബോർഡ് യോഗം ചേരുമ്പോൾ പരിഗണിക്കാമെന്ന് അങ്ങ് സബ്മിഷനുള്ള മറുപടിയായി പറഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ലാഭത്തിലാകണമെന്നുള്ളത് അവിടത്തെ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ആവശ്യമായി മാറണം. ഒരു സൊസൈറ്റിയുടെ പേര് പറഞ്ഞ് കെട്ടിടം ഒഴിഞ്ഞു കൊടുക്കാത്തതിന്റെ പേരിൽ നിർമ്മാണ കരാർ ഏറ്റെടുത്തിട്ടുള്ള ആൾക്ക് പണി തുടങ്ങാൻ കഴിയാതെ ഉപേക്ഷിച്ച് പോവുകയാണ് ചെയ്തത്. ഇനി വീണ്ടും പണി കൊടുക്കുമ്പോൾ ഉയർന്ന റേറ്റിൽ കൊടുക്കേണ്ടതായി വരും. കെ.എസ്.ആർ.ടി.സി. നിലനിർത്തണം, ലാഭത്തിലാക്കണമെന്നുള്ളത് മന്ത്രിയോ, ടോപ് മാനേജ്മെന്റോ മാത്രം വിചാരിച്ചാൽ പോരാ. അതിന്റെകൂടെ പ്രവർത്തിക്കുന്ന എല്ലാവരുടെയും ഒരു ആഗ്രഹമായി മാറണം. പാലക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

എന്റെ പ്രസംഗം കേൾക്കുന്ന ഇടതുപക്ഷത്തെ പ്രിയപ്പെട്ട യുവജന നേതാക്കന്മാരോട് ഒരു വാക്ക് സൂചിപ്പിക്കാനുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളുടെ ഫീസ് വർദ്ധനവ് സംബന്ധിച്ച് പ്രിയപ്പെട്ട വി. ടി. ബൽറാം അടിയന്തര പ്രമേയത്തിന് അവതരണാനുമതി ചോദിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ നിങ്ങളിൽ പ്രധാനപ്പെട്ട രണ്ടുമൂന്നുപേർ ആ സമയത്ത് ഇവിടെയുണ്ടായിരുന്നില്ല. നിങ്ങൾ തിരിച്ചുവന്നതിനുശേഷം മന്ത്രിയുടെ മറുപടി പ്രസംഗത്തിന് കയ്യടിക്കുന്നത് ഞങ്ങൾ കണ്ടു. ഒരു വർഷം പതിനായിരം രൂപയുടെ ഫീസ് വർദ്ധിപ്പിച്ചപ്പോൾ ഈ സഭയ്ക്കകത്ത് അന്നത്തെ ഇടതുപക്ഷം പ്രതിപക്ഷത്തിരിക്കുമ്പോൾ നടത്തിയ പ്രസംഗങ്ങളുടെ വാചകങ്ങൾ ഞാൻ നിങ്ങൾക്ക് എടുത്തുതരാം, അന്ന് ഉണ്ടാക്കിയ കോലാഹലങ്ങളുടെ ദൃശ്യങ്ങളും എടുത്ത് തരാം. ആ വർദ്ധനവിനെതിരെ ഇത്രയും വലിയ ബഹളങ്ങൾ ഉണ്ടാക്കിയിട്ട് ഒറ്റയടിക്ക് ആറ് ലക്ഷത്തിലധികം രൂപ വർദ്ധിപ്പിച്ചപ്പോൾ അതിനെതിരെ ഒരുവരി പ്രതിഷേധംപോലും നിങ്ങൾക്ക് കൊണ്ടുവരാൻ സാധിക്കുന്നില്ലായെന്ന് പറയുമ്പോൾ നിങ്ങൾ ഒരു കാര്യം ശ്രദ്ധിക്കുക, ഇപ്പോഴത്തെ എസ്.എഫ്.ഐ.ക്കാരും ഡി.വൈ.എഫ്.ഐ.ക്കാരും മുദ്രാവാക്യം വിളിക്കുന്നത് ശ്രീ. എം. സ്വരാജിന് വേണ്ടിയോ, ശ്രീ. എ. എൻ. ഷംസീറിന്റെ പേര് പറഞ്ഞോ, ശ്രീ. റ്റി. വി. രാജേഷിന്റെയോ ശ്രീ. ആർ. രാജേഷിന്റെയോ പേര്

പറഞ്ഞോ അല്ല. പേര് പറഞ്ഞ് മുദ്രാവാക്യങ്ങൾ വിളിക്കുന്നത് നിങ്ങൾ നിഷേധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ഇപ്പോൾ മുദ്രാവാക്യങ്ങൾ വിളിക്കുന്നത്, ടൊവിനോ തോമസിനും നിവിൻ പോളിക്കും ദുൽഖർ സൽമാനും വേണ്ടിയുമാണ്. കാരണം, ഇപ്പോൾ പ്രകടനം നടക്കുന്നത് മുഴുവൻ മെക്സിക്കൻ അപാരതയും സഖാവും സി.ഐ.എ. റിലീസ് ചെയ്യുമ്പോഴുമാണ്. നിങ്ങളുടെ നിലപാടുകൾക്കുവേണ്ടി പേര് പറയാതെയെങ്കിലും ഒരു സ്റ്റാന്റ് എടുക്കാൻ അവർക്ക് അവസരമുണ്ടോ? കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളുടെ ഫീസ് വർദ്ധനവ് ഇരട്ടിയിലധികമായിട്ടുപോലും 'കമാ' എന്ന് അക്ഷരം ഉരിയാടൻ കഴിയാതെ ദുർബലരായിരിക്കുന്ന നിങ്ങൾ തീർച്ചയായും ....... ഇന്നലെ ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നതുപോലെ, Kerala's CM inviting humiliation after humiliation, the CPI (M) saga may be coming to a close in India... എന്ന് ഞങ്ങളുടെ അനുഭാവിയല്ല, ടി. ജെ. എസ്. ജോർജ് ഉൾപ്പെടെയുള്ള ആളുകൾ പറയുമ്പോൾ ആ മുഖ്യമന്ത്രിയെ ഭയന്ന്, ഇത്തരം അനീതികൾ നടക്കുമ്പോൾ തീർച്ചയായും....

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ,.....

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ശ്രീ. എ. എൻ. ഷംസീറിന് എന്നോട് തർക്കിക്കാം. ഷംസീറിന്റെ ആവേശത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ ഈ ഫീസ് വർദ്ധനവ് ശരിയല്ലായെന്ന് പറയാനുള്ള ആർജ്ജവംകൂടി ഇടതുപക്ഷ യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകർക്ക് ഉണ്ടാകേണ്ടത് ഈ കാലഘട്ടം നിങ്ങളിൽനിന്ന് ആഗ്രഹിക്കുകയാണ്. അവിടെ ഭരണ വിലാസം നേതാക്കന്മാരായി ഈ യുവജനസംഘടനയുടെ നേതാക്കന്മാർ മാറാൻ പാടില്ലായെന്ന് ഞങ്ങൾ വിനീതമായി പറയുന്നു.

വാനാക്രൈ റാൻസംവെയർ എന്ന വൈറസ് ലോകത്താകെ ബാധിച്ചു കൊണ്ടിരിക്കുകയാണെന്ന് പറയുന്നു. ആ വൈറസ് കേരളത്തിലെ ഗവൺമെന്റായി കേരളത്തിലും ബാധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രിക്ക് ഇത്രയും ഉപദേശികളുടെ ആവശ്യം വരുമെന്നും കേരളത്തിന്റെ ഏറ്റവും സീനിയറായ ഒരു പൊളിറ്റീഷ്യൻ ഒരു സ്റ്റേറ്റ് ഭരിക്കുമ്പോൾ ഇത്രയും ഉപദേശകർ ചുറ്റുവട്ടത്തുണ്ടെങ്കിൽ മാത്രമേ ഈ സ്റ്റേറ്റിന്റെ അഡ്മിനിസ്ട്രേഷൻ നടത്താൻ സാധിക്കുകയുള്ളൂ എന്നും നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ? എം. കെ. ദാമോദരന്റെ കേസിൽ ഇങ്ങനെയൊരു തിരിച്ചടി ഈ ഗവൺമെന്റിനുണ്ടാകുമെന്നും അധികാരമേറ്റ് മാസങ്ങൾക്കുള്ളിൽ ശ്രീ. ഇ. പി. ജയരാജൻ എന്ന മന്ത്രി രാജിവച്ച് ഒഴിയേണ്ടി വരുമെന്നും

ശ്രീ. എ. കെ. ശശീന്ദ്രൻ എന്ന മന്ത്രിക്ക് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സ്ഥാനം നഷ്ടപ്പെടുമെന്നും നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ? ഇടതുപക്ഷ ഗവൺമെൻറ് വന്നാൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞിരുന്ന ഇടതുപക്ഷത്തെ യുവജന വിദ്യാർത്ഥി നേതാക്കന്മാരുൾപ്പെടെയുള്ളവരോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ വിചാരിച്ചതുപോലെയാണോ ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്?

മി. സ്പീക്കർ: പ്ലീസ് ...... പ്ലീസ്.........കൺക്ലൂഡ്.....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. രണ്ട് മിനിട്ട് എല്ലാവരും കൂടുതലെടുത്തിട്ടുണ്ട്. ജിഷ്ണു പ്രണോയിയുടെ കേസ് ഈ ഗവൺമെന്റ് ഇങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്നും മഹിജയെപ്പോലെ ഒരു അമ്മ തിരുവനന്തപുരത്ത് വരുമ്പോൾ കേരളത്തിലെ പോലീസ് ഇങ്ങനെയാണ് അവരെ കൈകാര്യം ചെയ്യുകയെന്നും നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ?

മി. സ്പീക്കർ: പ്ലീസ്....എല്ലാവരും സമയം പാലിച്ചിരുന്നു. യെസ്....യെസ്....

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിലെ ഗവൺമെന്റ് അധികാരമേറ്റ് പതിനൊന്ന് മാസക്കാലങ്ങൾക്കുള്ളിൽ സുപ്രീംകോടതിയുടെ മുമ്പിൽപോയി സാഷ്ടാംഗ പ്രണാമം നടത്തി 25,000 രൂപ ഫൈനും അടച്ച് പിറ്റേ ദിവസം ഇവിടെ വന്നിട്ട് ശ്രീ. പിണറായി വിജയൻ ഡി.ജി.പി. ശ്രീ. സെൻകുമാറിന്റെ സല്യൂട്ട് സ്വീകരിക്കേണ്ടിവരുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.... ശ്രീ. ഷാഫി പറമ്പിൽ, കടുത്ത നിലപാട് സ്വീകരിക്കേണ്ടിവരും. ഉച്ചഭാഷിണി ഓഫ് ആകും.

ശ്രീ. ഷാഫി പറമ്പിൽ: സർ, മൂന്നാറിലെ കേസ്, ലാ അക്കാഡമിയിലെ കേസ്, അരിവില, ക്രമസമാധാനം എന്നിവയിലും വീഴ്ച വന്നില്ലേ? സ്ത്രീ സുരക്ഷയുടെ പേരുംപറഞ്ഞ് അധികാരത്തിൽവന്ന ഒരു ഗവൺമെന്റിന്റെ കാലയളവിൽ, വാളയാറിൽ ഒരു വീട്ടിലെ രണ്ട് പെൺകുട്ടികൾ 52 ദിവസത്തിനകം കൊല്ലപ്പെട്ടതിൽ പോലീസിന്റെ വീഴ്ചയുണ്ടെന്ന് ഭരണ പരിഷ്കാര കമ്മീഷന്റെ ചെയർമാൻ കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ പറയേണ്ടത് കേൾക്കേണ്ടി വരുവാൻ ഇടയായില്ലേ?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്... പറയാൻ തയ്യാറാക്കി വന്നതുമുഴുവൻ പറയാൻ അങ്ങേയ്ക്ക് സമയം കിട്ടുകയില്ല. അത് അടുത്ത പ്രസംഗത്തിൽ പറയാം.

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രതിപക്ഷം എന്തിനും തയ്യാറാകരുതെന്ന് ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞത് ഞങ്ങളോട് മാത്രമല്ല, അദ്ദേഹം ആരെ ഉദ്ദേശിച്ചാണ് അങ്ങനെ പറഞ്ഞതെന്ന് ഞങ്ങൾക്കറിയാം. കേരളത്തിന്റെ മുഖ്യമന്ത്രിക്ക് മുതലാളിയുടെ ശൈലിയാണെന്ന് പറഞ്ഞത് ശ്രീ. കാനം രാജേന്ദ്രനാണ്. അതുകൊണ്ട് അങ്ങ് ഈ കാര്യങ്ങൾ പറഞ്ഞ് പ്രതിപക്ഷത്തെ മാത്രം കളിയാക്കരുത്. കിഫ്ബി തട്ടിപ്പാകുമെന്ന് ഒരു മന്ത്രി പറയുമെന്നും ശിവസേനയ്ക്ക് പോലീസ് കൂട്ടുനിൽക്കുമെന്നും നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ? മഹാരാജാസ് കോളേജിലെ അക്രമത്തിന് ഉപയോഗിക്കുന്ന ആയുധങ്ങൾ മുഴുവൻ വാർക്കപ്പണിക്കാരുടെ പണിയായുധങ്ങളാണ് രാജാവേ എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറയുന്ന അവസ്ഥ ഇവിടെയുണ്ടാകുമെന്ന് നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ? അതുകൊണ്ട് 11 മാസത്തെ പ്രോഗ്രസ് റിപ്പോർട്ട് എടുക്കുമ്പോൾ നിങ്ങൾ വിചാരിക്കുന്നതുപോലെ, everything is not safe... എല്ലാം ശരിയായെന്നും എല്ലാം ക്ലിയർ ആയി എന്നും ധരിക്കേണ്ട. .......(മൈക്ക് ഓഫ്)...... നിങ്ങളെ പുറത്താക്കേണ്ടത് പ്രതിപക്ഷത്തിന്റെ ചുമതലയാണ്. അക്രമ രാഷ്ട്രീയത്തെ ഞങ്ങൾ എതിർക്കുമ്പോൾ നിങ്ങൾ അതിന് കൂട്ടുനിൽക്കുന്നത് ബി.ജെ.പി.യെ സഹായിക്കാനാണെന്ന് പറയേണ്ടിവരും. കോൺഗ്രസ്സിന് വേറെ ആരുടേയും സാക്ഷിപത്രം ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം, ടൂറിസം എന്നീ വകുപ്പുകളുടെമേൽ ഭരണപക്ഷത്തെയും പ്രതിപക്ഷത്തെയും അംഗങ്ങൾ ഉയർത്തിയ സദുദ്ദേശപരമായ എല്ലാ അഭിപ്രായങ്ങളും ഗവൺമെന്റ് സ്വീകരിക്കുകയാണ്. വളരെ നന്നായി സഹകരണ മേഖലയുടെയും ടൂറിസം മേഖലയുടെയും പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നും നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയുന്ന എല്ലാ നിർദ്ദേശങ്ങളും ഗവൺമെന്റ് സ്വീകരിക്കുകതന്നെ ചെയ്യും. നിശ്ചയമായും സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെയും ടൂറിസത്തിന്റെയും വളർച്ചയ്ക്ക് യോജിച്ച പ്രവർത്തനമാണ് ആവശ്യമെന്നുള്ള പൊതുവായ കാര്യം ബോദ്ധ്യപ്പെട്ടുകൊണ്ടുതന്നെ ഈ ഗവൺമെന്റ് മുന്നോട്ടുപോകും. ജനങ്ങളുടെ സാമൂഹിക സാമ്പത്തിക പുരോഗതിക്കായി സഹകരണ പ്രസ്ഥാനത്തെ ഫലപ്രദമായി വിനിയോഗിച്ച സംസ്ഥാനമാണ് കേരളം. കേരള മോഡൽ വികസനത്തിൽ ജനകീയ പ്രസ്ഥാനമായ സഹകരണ

പ്രസ്ഥാനത്തിന്റെ പങ്ക് നിസ്തുലമാണ്. നമ്മുടെ സമ്പദ്ഘടനയിൽ സജീവ സാന്നിദ്ധ്യമാകാൻ എക്കാലവും സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 3.34 കോടി ജനങ്ങളുള്ള കേരളത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ എണ്ണം മൂന്നരക്കോടിയിലധികമാണ്. ഇത് ഈ പ്രസ്ഥാനത്തിന്റെ വ്യാപ്തിയേയും ജനസ്വീകാര്യതയേയുമാണ് സൂചിപ്പിക്കുന്നത്. പരമ്പരാഗത ഗ്രാമീണ കാർഷിക സഹകരണ സംഘങ്ങൾ മുതൽ ഏറ്റവും ആധുനികമായ വിവരസാങ്കേതികവിദ്യാ സംഘങ്ങൾ വരെ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഓരോ കാലഘട്ടത്തിലും അതത് കാലത്തെ ജനതയുടെ ആവശ്യത്തിനനുസരിച്ച് നവീകരിക്കപ്പെടാനും പുതുതായി രൂപംകൊള്ളാനുമുള്ള ശേഷിയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ കരുത്ത്.

500, 1,000 രൂപ നോട്ടുകൾ അസാധുവാക്കിയ സമയത്താണ് ഞാൻ സഹകരണ വകുപ്പുമന്ത്രിയായി ചുമതലയേൽക്കുന്നത്. നോട്ട് അസാധുവാക്കലിലൂടെ കേരളത്തിലെ സഹകരണ മേഖലയെ നിശ്ശേഷം തകർക്കാമെന്ന ചില നിക്ഷിപ്ത താല്പര്യക്കാരുടെ കണക്കുകൂട്ടലുകളെ കേരള സമൂഹം ഒത്തൊരുമിച്ച് നേരിടുകയും അതിന് സംസ്ഥാന സർക്കാർ നേതൃത്വം നൽകുകയും ചെയ്തു എന്നത് ഈ പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ചെറുത്തുനിൽപ്പിന്റേയും വിജയ ത്തിന്റേയും ഉദാഹരണമായി മാറി. എങ്ങനെ നമുക്കതിന് സാധിച്ചു എന്നതാണ് ഇപ്പോഴും ചിലരെ ആകുലപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. നോട്ട് നിരോധനംമൂലമുണ്ടായ പ്രതിസന്ധിയെ അതിജീവിക്കുന്നതിനായി ജനങ്ങൾ ഈ പ്രസ്ഥാനത്തോടൊപ്പം ഉറച്ചുനിന്നു. വസ്തുതകൾ വിലയിരുത്തുമ്പോൾ കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനം കേവലം ഒരു സാമ്പത്തിക ശുദ്ധീകരണ നടപടി മാത്രമായിരുന്നില്ലെന്ന് കാണാൻ കഴിയും. അത് ഇന്ത്യയിലെ ഫെഡറൽ സംവിധാനത്തിനുനേരെയുള്ള കടന്നുകയറ്റമായിരുന്നു. കുത്തകവൽക്കരണത്തിന് എതിരായ തദ്ദേശീയമായ പ്രതിരോധ പ്രസ്ഥാനങ്ങളെ തകർക്കുകയെന്ന ലക്ഷ്യം വച്ചുള്ളതായിരുന്നു. തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക നയങ്ങൾക്ക് വഴങ്ങാത്ത സംസ്ഥാനങ്ങൾക്കുനേരെയുള്ള സാമ്പത്തിക ഉപരോധമായിരുന്നു. സാമ്പത്തിക ഉപരോധമെന്നത് ഞാൻ ആലങ്കാരികമായി പറഞ്ഞതല്ല. ഒരേ സമയം സംസ്ഥാനത്തെ സാമ്പത്തിക പ്രവർത്തനങ്ങളുടെ ജീവനാഡിയായി പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളെ നിഷ്ക്രിയമാക്കി, സംസ്ഥാന സർക്കാരിന്റെ ധനവിനിമയം നടത്തുന്ന ട്രഷറികളെ നിശ്ചലമാക്കി, കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കേണ്ട പദ്ധതി വിഹിതങ്ങൾ വെട്ടിച്ചുരുക്കി, മറ്റ് സംസ്ഥാനങ്ങൾക്ക് നൽകിയിരുന്ന കറൻസി വിഹിതത്തിന്റെ നാലിലൊന്നുപോലും അനുവദിക്കാതെ സംസ്ഥാനത്തെ ജനങ്ങളെ

കഷ്ടപ്പെടുത്തി. വിഷുക്കൈനീട്ടംപോലും ഓൺലൈൻവഴി കൊടുത്താൽ മതിയെന്ന കല്പനയാണ് നാം അക്കാലത്ത് കേട്ടത്. എങ്കിലും നമ്മൾ അതിജീവിച്ചു. ഈ നാടിന്റെ ഉൾക്കരുത്ത് സഹകരണ പ്രസ്ഥാനമെന്ന മഹാപ്രസ്ഥാനത്തെ ഒരു പോറലും ഏൽക്കാതെ കാത്തുസംരക്ഷിച്ചു. കൊച്ചുരാജ്യമായ ക്യൂബ, അമേരിക്കൻ രാഷ്ട്രത്തെ പതിറ്റാണ്ടുകളോളം അതിജീവിച്ചതുപോലെയാണിത്. ചരിത്രഗതി പരിശോധിക്കുമ്പോൾ കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരുകൾ എക്കാലവും സഹകരണ പ്രസ്ഥാനത്തെ നവീകരിക്കുകയും ശുദ്ധീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് കാണാം. യു.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് ഈ പ്രസ്ഥാനത്തെ ദുർബ്ബലപ്പെടുത്തുന്ന, മലിനപ്പെടുത്തുന്ന നടപടികൾ നടന്നിട്ടുണ്ടെന്ന കാര്യം മറക്കരുത്. ഇത്തരമൊരു പശ്ചാത്തലത്തിൽ പ്രതിപക്ഷം ചില കാര്യങ്ങളിൽ ഒരു ആത്മപരിശോധനയ്ക്ക് തയ്യാറാകണമെന്നാണ് ഇവിടെ നടന്ന ചില ചർച്ചകൾ കേട്ടപ്പോൾ എനിക്ക് പറയാനുള്ളത്.

യു.ഡി.എഫ്. നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങളിലാണ് ഏറെ അഴിമതിയും ക്രമവിരുദ്ധ പ്രവർത്തനങ്ങളും കുറച്ചൊക്കെ നടക്കുന്നതെന്ന കാര്യം പ്രതിപക്ഷം ഉൾക്കൊള്ളണം. 30-ഉം 40-ഉം വർഷം തുടർച്ചയായി ഭരണം കയ്യാളി നേതാക്കൾ കുടുംബസ്വത്തുപോലെവച്ച് അനുഭവിക്കുന്ന സഹകരണ സ്ഥാപനങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കാനും തിരുത്തൽ നടപടികളെടുക്കാനും പ്രതിപക്ഷം തയ്യാറാകണം. സർക്കാർ നിയമപരമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ ജനപിന്തുണയും വിശ്വാസ്യതയും നിലനിർത്താൻ നിയമ നടപടികൾ മാത്രം പോര. അതിന് രാഷ്ട്രീയമായ സ്വയം നവീകരണം കൂടി വേണം. അതിന് പ്രതിപക്ഷം തയ്യാറാകണം. ഞാൻ ഇക്കാര്യം പറയുന്നത് മന്ത്രിയെന്ന നിലയിൽ എന്റെ പരിഗണനയിൽ വന്ന ചില പ്രശ്നങ്ങളുടെ പശ്ചാത്തലത്തിലാണ്. തങ്ങളുടെ അദ്ധ്വാനത്തിൽനിന്നും മിച്ചം പിടിച്ച സംഖ്യ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച് ആ നിക്ഷേപം തിരികെ ആവശ്യപ്പെടുമ്പോൾ ലഭിക്കുന്നില്ലെന്ന വിലാപവുമായാണ് അധികാരമേറ്റ ആദ്യ നാളുകൾ മുതൽ എന്നെ കാണാൻ വരുന്നവരിൽ വളരെയേറെപ്പേരും വരുന്നത്. മാരകരോഗം ബാധിച്ച് ചികിത്സ നടത്തുന്നതിന്, കുട്ടികളുടെ വിവാഹത്തിന്, വിദ്യാഭ്യാസത്തിന്, വീടുപണിക്ക് എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്ക് ചോരനീരാക്കി സ്വരൂപിച്ച പണം ആവശ്യത്തിന് ലഭിക്കുന്നില്ല എന്നതിനേക്കാളേറെ ദുഃഖകരമായ അവസ്ഥ മറ്റൊന്നുണ്ട്. ഞാൻ പരിശോധിച്ചപ്പോൾ ഇത്തരം സംഘങ്ങളിൽ ഭൂരിഭാഗവും ഭരണ സാരഥ്യം വഹിക്കുന്നത് യു.ഡി.എഫ്. നേതാക്കളാണ്.

ഉദാഹരണത്തിന് തൃശ്ശൂർ ജില്ലയിലെ പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ സുരേഷ് കാക്കനാടൻ എന്ന ഡി.സി.സി. നേതാവ് 15-20 വർഷം ഭരിച്ച് ബാങ്കിന് 24 കോടി രൂപയുടെ നഷ്ടമാണ് വരുത്തിവച്ചത്. യു.ഡി.എഫ്.ന് പൂർണ്ണ നിയന്ത്രണമുള്ള ബാങ്ക് ഭരണസമിതിയെ ജനങ്ങളുടെ പ്രക്ഷോഭത്തെത്തുടർന്ന് 2014-ൽ യു.ഡി.എഫ്. സർക്കാർ തന്നെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ ചുമതല ഏല്പിച്ചു. 2016 ഫെബ്രുവരിയിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തി. യു.ഡി.എഫ്. ഭരണസമിതിതന്നെ വീണ്ടും അധികാരത്തിൽ വന്നു. എന്നാൽ ജനങ്ങളുടെ നിക്ഷേപം തിരിച്ചുകൊടുക്കാൻ മാർഗ്ഗമില്ലെന്ന സാഹചര്യത്തിൽ ആ ഭരണസമിതി 2016 ഒക്ടോബറിൽ സ്വയം രാജിവച്ച് ഒഴിയുകയാണ് ചെയ്തത്. പണം നഷ്ടപ്പെട്ട നിക്ഷേപകരോട് യു.ഡി.എഫ്. നേതൃത്വത്തിന് ഉത്തരവാദിത്തമില്ലെന്ന് പറയാൻ സാധിക്കുമോ?

മറ്റൊന്ന് മാവേലിക്കര താലൂക്ക് സർവ്വീസ് സഹകരണ ബാങ്കാണ്. കെ.പി.സി.സി. അംഗവും കോൺഗ്രസ്സിന്റെ സമുന്നത നേതാവുമായ കോട്ടത്തറ പ്രഭാകരൻ പിള്ള കഴിഞ്ഞ 40 വർഷമായി ഭരിച്ച് ഈ ബാങ്കിനെ കുളംതോണ്ടി. ഏകദേശം 35 കോടി രൂപയുടെ ക്രമക്കേടാണ് ഈ ബാങ്കിൽ നടന്നത്. സർക്കാർ പിരിച്ചുവിട്ട ഭരണസമിതി കോടതിവിധിയുടെ അടിസ്ഥാനത്തിൽ വീണ്ടും അധികാരത്തിൽ വന്നിട്ടുള്ള ഈ ബാങ്കിൽ നിക്ഷേപകരുടെ ധനം തിരിച്ചുകൊടുക്കാൻ കോൺഗ്രസ്സ് നേതൃത്വം നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആ പാവങ്ങൾ അവിടെ കറങ്ങി നടക്കുകയാണ്.

ഏറെ ചർച്ച ചെയ്യപ്പെട്ട തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് ബാങ്കാണ് മറ്റൊരുദാഹരണം. ഇവിടെ നടന്ന പരിശോധനയിൽ വലിയ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം മുതൽ ഓഡിറ്റ് പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റിനാവശ്യമായ രേഖകളൊന്നും ആ ബാങ്ക് സൂക്ഷിച്ചിട്ടില്ല. ......(ബഹളം)..... കമ്പ്യൂട്ടർ സംവിധാനവും ബുക്കുകളുമെല്ലാം നശിപ്പിക്കപ്പെട്ടിരിക്കുന്നു. സഹകരണ നിയമമനുസരിച്ച് സാമ്പത്തിക വർഷം പൂർത്തീകരിച്ച് ആറ് മാസത്തിനകം ഓഡിറ്റ് പൂർത്തീകരിക്കുകയും പൊതുയോഗം ചേരുകയും ചെയ്യേണ്ടതാണ്. എന്നാൽ നാല് വർഷമായി അധികാരത്തിലുള്ള സ്വാധീനം ഉപയോഗിച്ച് ഇത് നടത്താതെ മുന്നോട്ടുപോകുകയാണുണ്ടായത്. ഇക്കാരണങ്ങളാലാണ് ബാങ്ക് ഭരണസമിതിയെ ആറ് മാസത്തേയ്ക്ക് സർക്കാർ സസ്പെന്റ് ചെയ്തത്. ഈ സസ്പെൻഷൻ ഉത്തരവ് ബാങ്ക് മാനേജിംഗ് ഡയറക്ടർക്ക് പ്രസിഡന്റ് നിർദ്ദേശിച്ച പ്രകാരം കൈപ്പറ്റാൻ സാധിക്കില്ലെന്ന് രേഖാമൂലം എഴുതി നൽകുകയാണുണ്ടായത്. എന്നിട്ടും ഉത്തരവ് കിട്ടിയില്ലെന്ന കാരണം പറഞ്ഞ് ഈ സഭയിലെ ഒരു അംഗം

ആറ് ദിവസം ഉണ്ണാവ്രതമിരുന്നു. എത്ര വലിയ പാപ്പരത്തമാണിത്. ക്രമംവിട്ട് പ്രവർത്തിക്കുന്ന ഒരു സംഘത്തിനെതിരെ നിയമപരമായ നടപടി എടുക്കുമ്പോൾ ഒരു നിയമസഭാംഗം അതിനെതിരെ ഉണ്ണാവ്രതമനുഷ്ഠിക്കുന്നത് ഒരു പക്ഷേ ചരിത്രത്തിലെ ആദ്യ സംഭവമായിരിക്കും. ഞാൻ ഇതൊന്നും പറയണമെന്ന് ഉദ്ദേശിച്ചതല്ല. ബഹുമാനപ്പെട്ട ഒരംഗം സഭയിൽ പറയുമ്പോൾ അതുസംബന്ധിച്ച വസ്തുതകൾ തുറന്നുപറയാതിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് പറഞ്ഞതാണ്. ....(ബഹളം).... അടാട്ട് സർവ്വീസ് സഹകരണബാങ്കിനെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾവന്നു. അത് അന്വേഷിക്കാനാണ് ശ്രമിച്ചത്. ബാങ്കിന്റെ ഭരണസമിതി പിരിച്ചുവിട്ടില്ല. നേരത്തെ സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതി സസ്പെന്റ് ചെയ്യപ്പെടുകയാണുണ്ടായത്. എം.എൽ.എ. അവിടെ ആറ് ദിവസത്തോളം നിരാഹാരം കിടന്നു. നിങ്ങൾ വസ്തുതകൾ മനസ്സിലാക്കിവേണം നിരാഹാര സത്യാഗ്രഹം തുടരാൻ, ഇത് ശരിയല്ല, ആ ബാങ്ക് ഭരണസമിതി ചെയ്യുന്ന പ്രവൃത്തികൾ ഇതൊക്കെയാണെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഇവിടെ തന്നെ അദ്ദേഹം അത് സംസാരിച്ചു. 'ആ ഭരണസമിതിക്കെതിരെ ഞാൻ എട്ടോ ഒൻപതോ വിജിലൻസ് കേസ് കൊടുത്തിട്ടുണ്ട്, അങ്ങനെയുള്ള വലിയ ആളാണ് ഞാൻ, അഴിമതിക്കെതിരായ പോരാട്ടം വിജിലൻസ് കോടതിയിൽതന്നെ നടത്തിക്കൊണ്ടിരിക്കുകയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അതുതന്നെയാണ് ആ ഭരണസമിതിക്കെതിരെ അന്വേഷണം നടത്താനുള്ള കാരണവും. അദ്ദേഹത്തിനും അതേ അഭിപ്രായമുണ്ടെന്നാണ് അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്നും എനിക്ക് മനസ്സിലായത്. പിന്നെ എന്തിനുവേണ്ടിയാണ് അദ്ദേഹം അവിടെ നിരാഹാരവ്രതം അനുഷ്ഠിച്ചത്? അദ്ദേഹത്തിനുതന്നെ ഉത്തമ ബോധ്യമുള്ള ഒരു കാര്യത്തിൽ ഗവൺമെന്റ് നിയമപരമായ നടപടി സ്വീകരിക്കുമ്പോൾ ഗവൺമെന്റിന്റെ നടപടിയെ പിൻതുണയ്ക്കാൻ ബാധ്യസ്ഥനായ ജനപ്രതിനിധി ആ സന്ദർഭത്തിൽ ഗവൺമെന്റിനെ ആക്ഷേപിച്ച്, ഗവൺമെന്റിനെ ബുദ്ധിമുട്ടിലാക്കിക്കൊണ്ട് നിരാഹാരം കിടക്കുന്ന കാഴ്ചയാണ് ഞാൻ അവിടെ കണ്ടത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട എം.എൽ.എ. മാത്രം നിരാഹാരവ്രതം അനുഷ്ഠിക്കുന്നതെന്തിനാണെന്ന് ഞാൻ അന്വേഷിച്ചത്. എത്രയോ ബാങ്കുകളിൽ അന്വേഷണം നടത്തുന്നു അവിടെ വേറൊരു എം.എൽ.എ.യും നിരാഹാരം കിടക്കുന്നില്ലല്ലോയെന്ന് ഞാൻ അന്വേഷിച്ചപ്പോഴാണ് ഈ എം.എൽ.എ.ക്കും ബാങ്കുമായി ചില രഹസ്യങ്ങൾ മൂടിവയ്ക്കാനുണ്ടെന്ന് മനസ്സിലാകുന്നത്. ഈ എം.എൽ.എ. ബാങ്കിന് എഴുതി നൽകിയ രണ്ട് ചെക്കുകൾ പണമില്ലെന്ന കാരണത്താൽ മടങ്ങിയിരിക്കുന്നു. പണമില്ലെന്ന കാരണത്താൽ മടങ്ങിയെത്തുമ്പോഴാണ് അത് വണ്ടിച്ചെക്കാകുന്നത്. ഒരു വർഷക്കാലം ബാങ്ക് ഒരു നടപടിയും എടുത്തില്ല. സാധാരണഗതിയിൽ വണ്ടിച്ചെക്ക് കേസായാണ് ഇത് കോടതിയിൽ വരേണ്ടത്.

ഇതുകൂടാതെ ക്രമംവിട്ടുള്ള ആനുകൂല്യങ്ങളും എം.എൽ.എ.ക്ക് ലഭിച്ചതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. ഇതുപോലെ എത്രയെത്ര ഉദാഹരണങ്ങളാണ് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്. മലയാളം ഓർഗാനിക് അഗ്രോ ഫാംസ് ആന്റ് റിസർച്ച് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ആരുമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഇത് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ഫെയ്സ് ബുക്ക് പേജാണ്. (ഫേസ് ബുക്ക് പേജിന്റെ ഫോട്ടോ കോപ്പി ഉയർത്തിക്കാട്ടി). ഈ ഫെയ്സ് ബുക്ക് പേജിൽ, about Anil എന്നുപറയുന്ന കൂട്ടത്തിൽ, 'I am in to organic farming as well (Chairman, Malayalam Organic Agro Farms and Research Limited)' എന്ന് പറഞ്ഞിരിക്കുന്നു. ഇതിന്റെ പകർപ്പ് ഇപ്പോൾ എടുത്തതാണ്. ഇപ്പോഴും അദ്ദേഹം തന്നെയാണ് ഇതിന്റെ ചെയർമാനാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അദ്ദേഹം അതിന്റെ ചെയർമാൻ അല്ലായിരുന്നുവെങ്കിൽ സ്വാഭാവികമായും ചെയർമാൻ സ്ഥാനം ഒഴിഞ്ഞപ്പോൾ ഇതിനാവശ്യമായ മാറ്റം ഫേയ്സ് ബുക്ക് പേജിൽ വരുത്തുമായിരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 285. ബഹുമാന്യനായ കടകംപള്ളി സുരേന്ദ്രൻ കേരളത്തിലെ മന്ത്രിയാണ്. സഭയിലെ ചർച്ചകളിൽ എം.എൽ.എ.മാർ പങ്കെടുത്ത് കഴിഞ്ഞാൽ അവർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല. ...(ബഹളം)....

മി. സ്പീക്കർ: അങ്ങ് പോയിന്റ് ഓഫ് ഓർഡർ പറയൂ. ഇരിക്കൂ, ഇരിക്കൂ...

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങയെപ്പോലൊരാൾ എം.എൽ.എ.മാരെക്കുറിച്ച് ഇത്തരത്തിലുള്ള ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. അങ്ങ് ദയവായി യു.ഡി.എഫ്.നെ അടച്ച് ആക്ഷേപിക്കരുത്. ഒന്നോ രണ്ടോ ബാങ്കിന്റെ കാര്യം പറഞ്ഞ് അങ്ങ് സംസാരിക്കുമ്പോൾ യു.ഡി.എഫ്. ബാങ്കുകളെല്ലാം അഴിമതിയാണെന്ന് പറയുന്നത് തെറ്റായ കീഴ്വഴക്കമാണ്, അങ്ങ് അത് ആവർത്തിക്കരുത്.

മി. സ്പീക്കർ: ഇത് റൂൾ 285-യുടെ പരിധിയിൽ വരുമെന്ന് പറഞ്ഞത് എന്താണ്?

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹം വണ്ടിച്ചെക്ക് കൊടുത്തുവെന്ന് പറയുന്നത് ആക്ഷേപമല്ലേ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ ഇതൊന്നും പറയണമെന്ന് ഉദ്ദേശിച്ചതല്ലെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. ചില കാര്യങ്ങൾ പറയുമ്പോൾ സ്വാഭാവികമായും ഞാനതിന് വിശദീകരണം നൽകണ്ടേ. അതുകൊണ്ട്

പറഞ്ഞതാണ്. അദ്ദേഹത്തെക്കുറിച്ച് ഞാൻ ഒരു ആക്ഷേപവും ഉന്നയിച്ചിട്ടില്ല. അദ്ദേഹം ചെക്ക് കൊടുത്തുവെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം അതിന്റെ ചെയർമാൻ അല്ലെന്ന് പറഞ്ഞു. അദ്ദേഹം അതിന്റെ ചെയർമാനാണെന്ന കാര്യം ശരിയാണെന്ന് ഞാൻ പറഞ്ഞതാണ്. അദ്ദേഹത്തിനെതിരെ മാത്രമല്ല, നിയമസഭയിലെ ഒരു അംഗത്തെയും ആക്ഷേപിക്കാൻ ഞാനില്ല. അക്കാര്യത്തിൽ അങ്ങേയ്ക്ക് ഒരു സംശയവും വേണ്ട. ഞാൻ ആക്ഷേപിച്ചിട്ടില്ല.

പിന്നീട് അദ്ദേഹം കടകംപള്ളി സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച് പറഞ്ഞു. നോട്ട് നിരോധനം വന്ന സന്ദർഭത്തിൽ, കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് നേരെ ബി.ജെ.പി. നേതൃത്വവും കേന്ദ്രഗവൺമെന്റും ആർ.ബി.ഐ.യും നടത്തിയ കടന്നാക്രമണങ്ങളെ ചെറുക്കുന്ന ഘട്ടത്തിൽ ബി.ജെ.പി.യുടെ നേതാക്കന്മാരായ ഒന്നുരണ്ടുപേർ വ്യക്തിപരമായി എനിക്കെതിരെ ഉന്നയിച്ച ആക്ഷേപമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇന്ന് ഇവിടെ ആവർത്തിച്ചത്. അദ്ദേഹം വെല്ലുവിളിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തിനെ വെല്ലുവിളിക്കാനൊന്നും തയ്യാറല്ല. കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ഒരു ചെറിയ ബാങ്കാണ്. 1955-ലാണ് ആ ബാങ്ക് സ്ഥാപിച്ചത്. ഇതുവരെയുള്ള ആകെ നിക്ഷേപം 56.44 കോടി രൂപയാണ്. ഇതിൽ സ്ഥിരം നിക്ഷേപം 50 കോടി രൂപയാണ്. സേവിംഗ്സ് ബാങ്ക് 5.75 കോടി രൂപ. മറ്റുള്ളവ 66 ലക്ഷം. സ്ഥിര നിക്ഷേപ അക്കൗണ്ടുകളുടെ എണ്ണം 5613. ശരാശരി സ്ഥിര നിക്ഷേപം 89132 രൂപ. നവംബർ 8-നാണ് നോട്ട് നിരോധനം വന്നത്. നവംബർ 10 മുതൽ 14 വരെ ശേഖരിച്ച അസാധുനോട്ടുകളിൽ കേവലം 28.85 ലക്ഷം. അസാധുനോട്ടുകൾ നിക്ഷേപിച്ച കസ്റ്റമേഴ്സിന്റെ എണ്ണം 153. എന്നുപറഞ്ഞാൽ 18859 അൻപതിനായിരം രൂപയിൽ കൂടുതൽ തുക ആരുംതന്നെ ആ ഘട്ടത്തിൽ അവിടെ നിക്ഷേപിച്ചിട്ടില്ല. മൊത്തം വായ്പ 30.27 കോടി രൂപയാണ്. ബാങ്ക് ക്ലാസിഫിക്കേഷൻ 'സി' ആണ്. രണ്ട് ബ്രാഞ്ചുകളാണുള്ളത്. സ്ഥിരം ജീവനക്കാർ 8 പേരും താൽക്കാലിക ജീവനക്കാർ 8 പേരുമാണ്. എല്ലാ അക്കൗണ്ടുകൾക്കും കെ.വൈ.സി. ഉണ്ട്. അവിടെ ഇൻകംടാക്സിന്റെയോ എൻഫോഴ്സ്മെന്റിന്റെയോ സി.ബി.ഐ.യുടെയോ പരിശോധനയോ ഉണ്ടായിട്ടില്ല. ശ്രീ. സുരേന്ദ്രനും ശ്രീ. മുരളീധരനും കടകംപള്ളി ബാങ്കിൽ കള്ളപ്പണമാണെന്ന് പറഞ്ഞപ്പോൾ ഞാൻ പരസ്യമായി അവരോട് പറഞ്ഞത്, 'മലപ്പുറം ബാങ്കിൽ കള്ളപ്പണമാണെന്നാണ്, രാജ്യത്താകെ കള്ളപ്പണമാണെന്ന് പറയുന്നുണ്ട്, ഇപ്പോൾ മലപ്പുറം ബാങ്കിൽ അയച്ച സി.ബി.ഐ.യെ നിങ്ങൾ കടകംപള്ളി ബാങ്കിലേയ്ക്കുകൂടെ അയച്ച് അന്വേഷിക്കു' എന്നാണ്. ഏത് തരത്തിലുള്ള അന്വേഷണവും ഈ ബാങ്കുമായി

ബന്ധപ്പെട്ട കാര്യത്തിൽ നടത്താൻ ഈ സർക്കാരിന് ഒരു വിഷമവുമില്ല. എന്റെ പ്രിയപ്പെട്ട സ്നേഹിതൻ എന്തിനാണ് ഇങ്ങനെ ബേജാറാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അടാട്ട് ബാങ്കിനെ സംബന്ധിച്ച് അന്വേഷണം നടത്തിയാൽ എന്തിനാണ് ശ്രീ. അനിൽ അക്കര ബേജാറാകുന്നത്? ..(ബഹളം).. ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. അന്വേഷണമൊക്കെ അതിന്റെ വഴിക്ക് നടക്കട്ടെ, എന്നെ കണ്ടാൽ കിണ്ണം കട്ടവനാണെന്ന് തോന്നുമോ എന്നൊന്നും കരുതേണ്ട കാര്യമില്ല. ശ്രീ. അനിൽ അക്കരയ്ക്കെതിരെ മാത്രമല്ല, ആർക്കെതിരെയും അങ്ങനെയൊരു നീക്കമൊന്നും നടത്തുന്ന ഗവൺമെന്റല്ല, ഈ ഗവൺമെന്റ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. അബ്ദുൽ ഹമീദ് സഹകരണ നിയമ ഭേദഗതിയെക്കുറിച്ച് ഇവിടെ വിമർശനം പറഞ്ഞു. സമഗ്രമായ സഹകരണ നിയമം പരിഷ്കരിക്കണമെന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിന്റെ ഭാഗമായാണ് സഹകരണ ഓർഡിനൻസ് 2017 കൊണ്ടുവന്നത്. സഹകരണ ഓർഡിനൻസിലൂടെ ജില്ലാ സഹകരണ ബാങ്കുകളുടെ നിർവ്വചനം, സജീവ അംഗത്വം, വാർഡ് അടിസ്ഥാനത്തിലുള്ള തെരഞ്ഞെടുപ്പ്, ഒരു അംഗത്തിന് തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് സ്ഥാനം വഹിക്കാൻ പാടില്ല എന്ന വ്യവസ്ഥ കൂട്ടിച്ചേർക്കൽ, സർക്കാർ സാമ്പത്തിക സഹായം എന്നതിന്റെ വിശദീകരണം തുടങ്ങിയ ഭേദഗതികൾ പ്രാബല്യത്തിലായതോടെ സഹകരണ മേഖലയിൽ നിന്നും, പൊതു സമൂഹത്തിൽനിന്നും പത്രമാധ്യമങ്ങളിൽ നിന്നും സർക്കാരിന് വലിയ പിന്തുണയാണ് ലഭിച്ചത്. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോഴെല്ലാം ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ കടലാസ് സംഘങ്ങളെയെല്ലാം ജില്ലാ സഹകരണ ബാങ്കുകളുടെ വോട്ടവകാശമുള്ള അംഗങ്ങളാക്കാറാണ് പതിവ്. ഇത് തെറ്റാണ്. കാരണം ജില്ലാ സഹകരണ ബാങ്കുകളുടെ യഥാർത്ഥ അവകാശികൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളാണ്. ത്രിതല സഹകരണ ഹ്രസ്വകാല വായ്പാ ശൃംഖലയുടെ ഘടന സംസ്ഥാന അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാതലത്തിൽ ജില്ലാ സഹകരണ ബാങ്കുകളും ഗ്രാമീണതലത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമാണ്. ജില്ലാ ബാങ്കുകളുടെ സേവനം മറ്റ് പ്രാഥമിക സംഘങ്ങൾക്ക് നൽകുന്നതിന് തെറ്റില്ല. അത്തരം സംഘങ്ങളെ നാമമാത്ര അംഗങ്ങളാക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ ജില്ലാ സഹകരണ

ബാങ്കുകളുടെ നിയന്ത്രണാവകാശം, വോട്ടവകാശം, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിത പ്പെടുത്തണമെന്നതാണ് ഇടതുപക്ഷ സർക്കാരിന്റെ നയം. അതുതന്നെയാണ് യുക്തിസഹവും.

ഈ തീരുമാനമെടുക്കുന്നതിന് മുമ്പായി ഞങ്ങൾ സഹകരണസംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ജില്ലാ സഹകരണ ബാങ്കുകളുടെ ഘടനയും പ്രവർത്തനവും സംബന്ധിച്ച് വിശദമായി പഠനം നടത്തിയിരുന്നു. ആ പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ആ പഠന റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ ശിപാർശ പ്രകാരമാണ് ജില്ലാ സഹകരണ ബാങ്കുളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തിയത്. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധനത്തിൽ 89.92 ശതമാനവും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടേതാണ്. ജില്ലാ സഹകരണബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സംഘങ്ങൾ 11759 ആണ്. ഇതിൽ കാർഷിക വായ്പാ സംഘങ്ങൾ കേവലം 1670 ആണ്. ജില്ലാ സഹകരണബാങ്കുകളുടെ ഭരണ സമിതികളിൽ പ്രധാന ഓഹരി ഉടമകളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം വെറും 31 ശതമാനമാണ്. ഇതെല്ലാമാണ് ആ റിപ്പോർട്ടിൽ വന്നത്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ഈ മാറ്റം വരുത്താൻ തയ്യാറായത്. ഈ മാറ്റത്തിലൂടെ ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികൾ ഇല്ലാതാവുകയാണ് ചെയ്തത്. അല്ലാതെ ഭരണസമിതികളെ ഗവൺമെന്റ് പിരിച്ചുവിടുകയൊന്നുമുണ്ടായിട്ടില്ല.

യു.ഡി.എഫ്. എപ്പോഴെല്ലാം അധികാരത്തിൽ വരുമോ അപ്പോഴെല്ലാം ബാങ്കുകളുടെ ഘടനയിൽ മാറ്റം വരുത്തുകയെന്നത് യു.ഡി.എഫ്.ന്റെ ഒരു ശ്രമമായിരുന്നു. എൽ.ഡി.എഫ്. സർക്കാരുകൾ ഹ്രസ്വകാല കാർഷിക വായ്പാ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനും സ്ഥായിയായ മാറ്റങ്ങൾ ഈ മേഖലയിലൂടെ ജനങ്ങൾക്ക് പ്രദാനം ചെയ്യാനുമാണ് എല്ലാ കാലത്തും ശ്രമിച്ചിട്ടുള്ളത്.

സഹകരണ വകുപ്പുമന്ത്രി എന്ന നിലയിൽ എനിക്ക് പല യു.ഡി.എഫ്. നേതാക്കളിൽനിന്നും പ്രശംസ ലഭിച്ച ഒന്നാണ് സഹകരണ നിയമത്തിൽ വകുപ്പ് 28AB എന്ന ഉപവകുപ്പ് കൂട്ടിച്ചേർത്തത്. ഈ വകുപ്പുപ്രകാരം സംഘത്തിലെ അംഗങ്ങൾക്ക് തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ പ്രസിഡന്റ്/

വൈസ്പ്രസിഡന്റ് പദവി വഹിക്കാൻ കഴിയില്ല. 25-30 വയസ്സിൽ സംഘം പ്രസിഡന്റായി ചുമതല ഏൽക്കുന്ന പല നേതാക്കന്മാരും മരിച്ചാൽ മാത്രമാണ് ആ സ്ഥാനം വിട്ടൊഴിയുന്നത്. ഇത്തരം സംഘങ്ങളിലാണ് വമ്പിച്ച തോതിലുള്ള അഴിമതിയും പണാപഹരണവും നടക്കുന്നതെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. മറ്റ് ഭേദഗതികളെല്ലാം തന്നെ യു.ഡി.എഫ്.കാരും അംഗീകരിക്കുന്നതും പലപ്പോഴായി ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

ജനങ്ങൾ അംഗീകരിച്ച് അധികാരം ഏൽപ്പിച്ചുതന്ന ഒരു മാനിഫെസ്റ്റോ അടിസ്ഥാനപ്പെടുത്തിയാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. സഹകരണവകുപ്പും അങ്ങനെയാണ്. വളരെയേറെ പ്രതിസന്ധികൾക്കിടയിലും മാനിഫെസ്റ്റോയിൽ അവതരിപ്പിച്ച ഭൂരിഭാഗം കാര്യങ്ങളും നടപ്പിലാക്കാനോ തുടങ്ങിവയ്ക്കാനോ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സഹകരണവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരണം, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ആധുനികവൽക്കരണം, റുപ്പെ കിസാൻ കാർഡിൽ അധിഷ്ഠിതമായ കാർഷിക വായ്പാ വിതരണം, കൺസ്യൂമർഫെഡിന്റെ പുനരുദ്ധാരണം, ക്ഷേമ പെൻഷനുകൾ സഹകരണ സംഘങ്ങളിലൂടെ ജനങ്ങളുടെ കൈകളിൽ എത്തിക്കൽ, കുടിശ്ശിക നിവാരണ പരിപാടി, കേപ്പിന്റെ വികസനം തുടങ്ങി നിരവധി കാര്യങ്ങളിൽ വമ്പിച്ച പുരോഗതിയുണ്ടാക്കാൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് എന്ന മഹത്തായ ആശയം അടുത്ത 21 മാസത്തിനുള്ളിൽ യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എല്ലാവിഭാഗവുമായി കൂടിയാലോചിച്ച് എല്ലാവരുടെയും അഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമായിരിക്കും അക്കാര്യങ്ങൾ നടപ്പിലാക്കുന്നത്. അക്കാര്യത്തിൽ സംശയം വേണ്ട. ഇതിലൂടെ സഹകരണ ബാങ്കിന്റെ വ്യാപ്തി, ജന സ്വീകാര്യത, ബിസിനസ്സ് വർദ്ധന, ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ചാർജ്ജുകൾ ഇല്ലാതെയോ കുറഞ്ഞ ചാർജ്ജിലോ ജനങ്ങൾക്ക് ലഭ്യമാക്കൽ, പ്രൊഫഷണൽ സേവനം, വിദേശ നാണ്യ വിനിമയം, എൻ.ആർ.ഐ. നിക്ഷേപങ്ങൾ സ്വീകരിക്കൽ, നാടിന്റെ വികസനത്തിനായുള്ള പദ്ധതികളിൽ പങ്കാളിത്തം തുടങ്ങി ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് ഉറപ്പുണ്ട്. ജനങ്ങൾ പ്രതീക്ഷയോടുകൂടെയാണ് കേരള ബാങ്കിനെ കാത്തിരിക്കുന്നത്.

സമകാലീന ബാങ്കിംഗ് പശ്ചാത്തലത്തിൽ കേരള ബാങ്ക് എന്ന ആശയം കൂടുതൽ അർത്ഥവത്താകുകയാണ്. കാരണം, സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കായിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ നമുക്ക് നഷ്ടപ്പെട്ടു.

ചിലരെല്ലാം എന്നോട് ചോദിക്കാറുണ്ട്, നിങ്ങൾ എസ്.ബി.ഐ.-എസ്.ബി.റ്റി. ലയനത്തെ എതിർക്കുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയെ ലയിപ്പിക്കുന്നു. എന്തുകൊണ്ടാണ് ഈ വൈരുദ്ധ്യം എന്നാണ് അവരുടെ ചോദ്യം. ഇതിന് ഞങ്ങളുടെ മറുപടി വളരെ വ്യക്തമാണ്. എസ്.ബി.റ്റി.യെ എസ്.ബി.ഐ.യിൽ ലയിപ്പിക്കുന്നതിലൂടെ 198 ബാങ്ക് ബ്രാഞ്ചുകളാണ് കേരളത്തിന് ഉടനടി നഷ്ടപ്പെടുക എന്നതാണ് ലഭിക്കുന്ന വിവരം. രണ്ടാം ഘട്ടത്തിൽ വീണ്ടും 200 ബ്രാഞ്ചുകൾ കൂടെ നഷ്ടമാകും. നേരിട്ടുള്ള തൊഴിലവസരങ്ങൾ 4000 എണ്ണത്തോളം കുറവുവരും. നിലവിൽ കേരളത്തിൽ ജോലിചെയ്യുന്ന നമ്മുടെ കുടുംബാംഗങ്ങൾ വിദൂര സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറ്റപ്പെടും. ജനങ്ങളുടെ ബാങ്കിംഗ് പ്രാപ്യതയും ബാങ്കിംഗ് ക്ഷമതയും കുറയും. സംസ്ഥാന വികസനത്തിൽ എസ്.ബി.റ്റി. വഹിച്ചിരുന്ന പങ്ക് തുടർന്ന് ഉണ്ടാകണമെന്നില്ല. ഇത്തരത്തിൽ നിരവധി കാരണങ്ങളാലാണ് ഇടതുപക്ഷം എസ്.ബി.ഐ.-എസ്.ബി.റ്റി. ലയനത്തെ എതിർത്തത്. എന്നാൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ സംയോജിപ്പിക്കുമ്പോൾ ജനങ്ങളുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ശേഷി കൂടുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന് പുറത്തേയ്ക്ക് വിഭവങ്ങൾ പോകുന്നില്ല. ആധുനിക ബാങ്കിംഗ് സേവനങ്ങൾ എളുപ്പത്തിൽ നടപ്പാക്കാൻ കഴിയുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ബാങ്കിംഗ്-ബാങ്കിംഗ് ഇതര സേവനങ്ങൾ കൂടുതൽ പ്രാപ്യമാകുകയാണ് ചെയ്യുന്നത്. സംസ്ഥാന വികസനത്തിലും കേരള ബാങ്കിന് വളരെ വലിയ പങ്ക് വഹിക്കാൻ കഴിയും. ഇതാണ് ഈ രണ്ട് ലയനങ്ങളും തമ്മിലുള്ള കാതലായ വ്യത്യാസം.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ലയനത്തിനുശേഷം വലിയ ബാങ്കായപ്പോൾ ഇടിത്തീപോലെയാണ് ജനങ്ങൾക്കുമേൽ അധികഭാരം അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുന്നത്. 2017 ജൂൺ 1 മുതൽ 10 തരം സേവനങ്ങൾക്കാണ് എസ്.ബി.ഐ. ക്രമാതീതമായ സേവന നിരക്കുകൾ ഏർപ്പെടുത്തി ഉത്തരവിറക്കിയത്. ജനങ്ങളുടെ രൂക്ഷമായ പ്രതിഷേധം വ്യാപകമാകുന്നു എന്നുകണ്ടപ്പോൾ കോർപ്പറേറ്റ് തന്ത്രം എന്ന നിലയ്ക്ക് എ.ടി.എം. സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്തിയത് ഉപാധികളോടെയാണ് പിൻവലിച്ചത്. എക്കാലവും ഇത് ഒരു കോർപ്പറേറ്റ് മുതലാളിത്ത തന്ത്രമാണ്.

അനവധി ദ്രോഹ നടപടി സ്വീകരിക്കുകയും തുടർന്ന് ജനങ്ങളുടെ പ്രതിഷേധം ഉയരുമ്പോൾ ചില കാര്യങ്ങളിൽ മാത്രം ചില ഇളവുകൾ നൽകി പ്രതിഷേധത്തെ നിശബ്ദമാക്കുകയും ചെയ്യുക എന്നതാണ് വലിയ തന്ത്രം. ഇനി സേവനങ്ങൾക്ക് വലിയ തോതിലുള്ള സർവ്വീസ് ചാർജ്ജുകൾ നൽകാൻ ജനങ്ങൾ ബാധ്യസ്ഥമാണ്. ബാങ്കിംഗ് രംഗത്ത് നടന്ന വലിയ ഗൂഢാലോചനയാണ് ഇത് വെളിവാക്കുന്നത്. Financial inclusion, Jandhan Accounts, Inclusive growth, Cashless transactions തുടങ്ങി പ്രചണ്ഡമായ പ്രചാരണങ്ങൾ ഇന്ത്യയിലെ സാമാന്യ ജനങ്ങളെ തീനാളങ്ങളിലേയ്ക്കാകർഷിക്കുന്ന ഈയലുകളാക്കി മാറ്റാനുള്ള തന്ത്രമായിരുന്നു എന്നുവേണം കരുതാൻ. യഥാർത്ഥത്തിൽ ഇനി നടക്കാൻ പോകുന്നത് Financial Exclusion ആണ്. സമീപഭാവിയിൽ ഇന്ത്യാ മഹാരാജ്യം Mass Banking-ൽ നിന്നും Class Banking-ലേയ്ക്ക് വീണ്ടും തിരിച്ചുപോകുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഈ പശ്ചാത്തലത്തിൽ കേരള ബാങ്ക് പ്രവൃത്തിപഥത്തിലെത്തിക്കുകയും ജനങ്ങളെ ചൂഷണം ചെയ്യാതെ മികച്ച സേവനം നൽകുകയും ചെയ്യുക എന്നതിനെ കക്ഷി-രാഷ്ട്രീയഭേദമെന്യേ എല്ലാവരും പിന്തുണയ്ക്കുമെന്നാണ് സർക്കാർ കരുതുന്നത്. ഈ വലിയ ലക്ഷ്യത്തെ ആരെങ്കിലും തുരങ്കം വയ്ക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അവരെ കോർപ്പറേറ്റ് കൊള്ളക്കാരുടെ ഏജന്റുമാരായിട്ടാകും കേരള ജനത മുദ്രകുത്തുക എന്ന കാര്യം ഓർക്കുന്നത് നന്നായിരിക്കും.

യു.ഡി.എഫ്. സർക്കാർ ഭരണകാലത്ത് മുച്ചൂടും മുടിച്ച ഒരു സഹകരണ സ്ഥാപനത്തിന്റെ ഉയർപ്പിനെക്കുറിച്ചാണ് ഇനി എനിക്ക് പറയാനുള്ളത്. അഴിമതിയുടെ പര്യായമായിരുന്ന കൺസ്യൂമർ ഫെഡറേഷനെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനംകൊണ്ട് ജനോപകാരപ്രദവും ലാഭകരവുമാക്കാൻ കഴിഞ്ഞു വെന്നത് നിസ്സാര കാര്യമല്ല. ഇടതുപക്ഷ സർക്കാർ ആർക്കുവേണ്ടി നിലകൊള്ളുന്നു എന്നും എങ്ങനെ പ്രവർത്തിക്കുമെന്നുമുള്ളതിന്റെ ഉത്തമ ഉദാഹരണമായി കൺസ്യൂമർഫെഡറേഷന്റെ പ്രവർത്തനങ്ങളെ വിലയിരുത്താവുന്നതാണ്. സംസ്ഥാനത്തെ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങളിൽ ക്രിയാത്മകമായി ഇടപ്പെട്ടുകൊണ്ടാണ് കൺസ്യൂമർഫെഡറേഷൻ ഇന്ന് തലയുയർത്തി നൽക്കുന്നത്. കേരളത്തിൽ അരിവില ക്രമാതീതമായി ഉയർന്നപ്പോൾ ഈ സംവിധാനത്തിലൂടെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നമുക്ക് പരിഹാരം കാണാൻ കഴിഞ്ഞു. ത്രിവേണി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവിടങ്ങളിലൊന്നും ഇപ്പോൾ 'No Stock' ബോർഡുകൾ കാണുന്നില്ല. എല്ലായിടത്തും സുലഭമായി കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്. സ്കൂൾ

തുറക്കുന്ന ഈ സമയത്ത് 20 മുതൽ 40 ശതമാനം വരെ വിലക്കിഴിവോടെ സ്റ്റുഡന്റ് മാർക്കറ്റുകൾ ആരംഭിച്ചിരിക്കുന്നു. ഈ സ്ഥാപനത്തെ അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിന്റെ ഉപഭോക്തൃമേഖലയിൽ ഏറ്റവും നിർണ്ണായക സ്വാധീനമുള്ള സ്ഥാപനമായി ഈ സർക്കാർ ഉയർത്തിക്കൊണ്ടുവരും.

സഹകരണ മേഖല ഈ സാമ്പത്തിക വർഷം കുറെയേറെ സാമൂഹിക ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുള്ള തയ്യാറെടുപ്പിലാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ അഭിമാന പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. സഹകരണമേഖല ഈ യജ്ഞത്തിൽ പങ്കാളിയാവുകയാണ്. ഈ അക്കാദമിക് വർഷത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം 1000 സർക്കാർ എൽ.പി., യു.പി., സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചുനൽകുമെന്ന് ഇപ്പോൾ ഞാൻ പ്രഖ്യാപിക്കുകയാണ്. മാത്രമല്ല ഇത്രയും സ്കൂളുകളിൽ ആവശ്യമുള്ളിടത്തെല്ലാം അനെർട്ട് മുഖാന്തരം ഊർജ്ജക്ഷമതയുള്ള പാചക അടുപ്പുകളും നിർമ്മിച്ചുനൽകുന്നതാണ്.

പരിസ്ഥിതി നശീകരണംമൂലം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയെല്ലാം മിതശീതോഷ്ണ സംസ്ഥാനമായ കേരളത്തെയും രൂക്ഷമായി ബാധിച്ചുകഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ, എൽ.ഡി.എഫ്. സർക്കാരിന്റെ ഒന്നാം വാർഷികം പ്രമാണിച്ച് ലോകപരിസ്ഥിതി ദിനമായ ജൂൺ 5-ന് ഒരു കോടി വൃക്ഷത്തൈകൾ നടുന്ന പരിപാടിയിൽ സഹകരണമേഖല സജീവമായി പങ്കെടുക്കുകയാണ്. ജൂൺ മാസം 5 മുതൽ 20 വരെയുള്ള 15 ദിവസം കൊണ്ട് അഞ്ച് ലക്ഷം വൃക്ഷത്തൈകൾ സഹകരണ മേഖലയിലൂടെ നട്ടുപരിപാലിക്കുന്നതിന് സഹകരണ വകുപ്പ് നേതൃത്വം നൽകും.

സഹകരണ മേഖലയിൽ സുസ്ഥിരമായ നേട്ടമുണ്ടാകുന്ന കുറച്ച് പദ്ധതികൾ കൂടെ ഈ സഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനം വളരെ പുറകിൽ നിൽക്കുന്ന ഒരു രംഗമാണ് അക്ഷയോർജ്ജ വികസനം. സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം തുടങ്ങിയ അക്ഷയോർജ്ജ മാർഗ്ഗങ്ങളുടെ വികസനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ പരിസ്ഥിതി സംരക്ഷണം, തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിനുമായി ജില്ലാ

അടിസ്ഥാനത്തിൽ ഓരോ അക്ഷയ ഊർജ്ജ വികസന സഹകരണ സംഘങ്ങൾ നടപ്പുസാമ്പത്തിക വർഷം രൂപീകരിക്കുന്നതാണ്. അനെർട്ടുമായി ഇതിന്റെ പ്രാരംഭ കൂടിയാലോചനകൾ തുടങ്ങിക്കഴിഞ്ഞു.

സഹകരണ സംഘം രജിസ്ട്രാർ മുന്നോട്ടുവച്ച മിസലേനിയസ് സഹകരണ സംഘങ്ങൾക്ക് ഒരു അപ്പെക്സ് സഹകരണസംഘം രൂപീകരിക്കണം എന്ന ശിപാർശ 2017-18 സാമ്പത്തികവർഷംതന്നെ നടപ്പിലാക്കുന്നതാണ്.

3.00 pm]

കൺസ്യൂമർ ഫെഡറേഷന് വിപണി ഇടപെടലിനായി 150 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പണം ഉപയോഗിച്ച് ഉത്സവാഘോഷ വേളകളിൽ സംസ്ഥാനമൊട്ടാകെ പ്രത്യേക ആനുകൂല്യങ്ങളോടെ വിപണികൾ സംഘടിപ്പിക്കും. ഓൺലൈൻ വിപണി ആരംഭിക്കും. സംസ്ഥാനത്തെ 250 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നബാർഡ് സഹായത്തോടെ വിവിധോദ്ദേശ്യ പദ്ധതികൾ നടപ്പിലാക്കും.

CAPE-നെ മികവിന്റെ കേന്ദ്രമാക്കും. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഗുണമേന്മ ഉറപ്പാക്കും. മെറിറ്റ് സീറ്റുകൾ ഇതിനകം 50 ശതമാനത്തിൽനിന്നും 60 ശതമാനമായി ഉയർത്തിയിട്ടുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് തകർത്ത് തരിപ്പണമാക്കിയ പുന്നപ്ര 'സാഗര' സഹകരണ ആശുപത്രിയെ ഒരു വർഷത്തിനുള്ളിൽ മികച്ച സൗകര്യങ്ങളുള്ള ആശുപത്രിയാക്കിമാറ്റും.

എസ്.സി./എസ്.റ്റി. ഫെഡറേഷന് കീഴിൽ പ്രവർത്തിക്കുന്ന 'ആയുർധാര'യ്ക്ക് ലഭിച്ചിട്ടുള്ള അഞ്ച് പേറ്റന്റ് മെഡിസിനുകൾ ഈ വർഷം വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിച്ച് വിപണിയിലിറക്കും. സഹകരണ ടൂറിസം ഫെഡറേഷനിലൂടെ സഹകരണ മേഖലയിലെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും. സമയപരിമിതിമൂലം സഹകരണ മേഖലയുടെ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

മി. സ്പീക്കർ: അങ്ങ് ഈ ചർച്ചയിൽ വന്ന പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതി. പ്രസംഗം തയ്യാറാക്കിയത് സർക്കുലേറ്റ് ചെയ്താൽ മതി.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസം നയത്തെ സംബന്ധിച്ച് ചർച്ചയിൽ വന്നു. 2012-ൽ ഒരു ടൂറിസം നയം ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. അതിൽ

കാലോചിതവും ആവശ്യവുമായിട്ടുള്ള മാറ്റങ്ങൾ വരുത്തി പുതിയ ടൂറിസം നയം ഗവൺമെന്റ് പ്രഖ്യാപിക്കും. അതിന് പലതലത്തിലുള്ള ചർച്ചകൾ നടത്തി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനും ഉത്തരവാദിത്വ ടൂറിസത്തിനും പുതിയ ടൂറിസം നയത്തിൽ മുൻഗണന നൽകും.

ചർച്ചയ്ക്കുവന്ന മറ്റൊരു വിഷയം പൈതൃക സംരക്ഷണ പദ്ധതികളാണ്. പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനം എന്നത് സർക്കാർ മുൻഗണന നൽകുന്ന ഒരു മേഖലയാണ്. വളരെ സമ്പന്നമായൊരു പൈതൃക പാരമ്പര്യമാണ് നമുക്കുള്ളത്. പഴയ കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, കോട്ടകൾ എന്നിവയൊക്കെ നമ്മുടെ പൈതൃക പാരമ്പര്യം വിളിച്ചോതുന്നു. ഇവ സംരക്ഷിച്ചാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും. പൈതൃക സ്മാരകങ്ങൾ സംരക്ഷിച്ചുകൊണ്ട് ഇവ ടൂറിസ്റ്റ് ആകർഷകമാക്കി മാറ്റി വിനോദസഞ്ചാരികളെ ആകർഷിക്കുന്ന മൂന്ന് പ്രധാന പദ്ധതികൾക്ക് ടൂറിസം വകുപ്പ് മുൻഗണന നൽകിക്കഴിഞ്ഞു. ഇതിൽ പ്രധാനപ്പെട്ടത് കൊടുങ്ങല്ലൂർ മുസിരിസ് പൈതൃക പദ്ധതിയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായി കഴിഞ്ഞു. ഒന്നാംഘട്ടം പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതികൾക്ക് സർക്കാർ തുടക്കംകുറിച്ചു.

തലശ്ശേരി കേന്ദ്രമാക്കി തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിക്ക് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ് തുടക്കം കുറിച്ചത്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതി നിലച്ചുപോയി. ഇത് പരിഹരിച്ചുകൊണ്ട് തലശ്ശേരി പദ്ധതി നടപ്പാക്കാനുള്ള നടപടികൾക്ക് സർക്കാർ തുടക്കംകുറിച്ചു. ഇതനുസരിച്ച് ആദ്യഘട്ട പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

മുസിരിസ്, തലശ്ശേരി പദ്ധതികളുടെ മാതൃകയിൽ ആലപ്പുഴയിലും ഒരു പൈതൃക സംരക്ഷണ പദ്ധതി നടപ്പിൽവരാൻ പോകുകയാണ്. ഇവിടെയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ആലപ്പുഴയിലും തലശ്ശേരിയിലും പദ്ധതി വേഗത്തിൽ നടപ്പാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചുകഴിഞ്ഞു. കൂടാതെ രണ്ട് പദ്ധതിയും നടപ്പാക്കുന്നതിന് കൺസർവേഷൻ കൺസൾട്ടന്റിന്റെ നിയമനവും പൂർത്തിയായി. ഈ മൂന്ന് പദ്ധതികൾ നടപ്പാക്കുമ്പോൾ കേരളത്തിന്റെ പൈതൃക സമ്പത്ത് ടൂറിസം വികസനത്തിന് ഉപയോഗപ്പെടുത്താനും ഈ രംഗത്ത് വൻ നേട്ടമുണ്ടാക്കാനും കഴിയുന്നതാണ്. മുസിരിസ് ബിനാലെയുടെ കാര്യം വിശദീകരിക്കുന്നില്ല.

മലബാർ ടൂറിസം വികസനത്തിനുവേണ്ടി ഒരു കുതിച്ചുചാട്ടം നമ്മൾ പ്രതീക്ഷിക്കുകയാണ്. ഇത് മുന്നിൽക്കണ്ട് പ്രധാനപ്പെട്ട പല ടൂറിസം പദ്ധതികളും മലബാർ മേഖലയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടത് കണ്ണൂർ-കാസർഗോഡ് ജില്ലകളിലായി ഒഴുകുന്ന 9 പ്രധാനപ്പെട്ട നദികൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള റിവർ ക്രൂയിസ് ടൂറിസം പദ്ധതിയാണ്. ഏകദേശം 300 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. ആരംഭഘട്ടമെന്ന നിലയിൽ പദ്ധതിയുടെ ചില ഘടകങ്ങൾ സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ധർമ്മടം, കോഴിക്കോട് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, മുഴപ്പിലങ്ങാട് എന്നിവ കേന്ദ്രീകരിച്ച് ബൃഹത്തായ മറ്റൊരു ടൂറിസം പദ്ധതിക്കും രൂപംനൽകിയിട്ടുണ്ട്. ഇതുകൂടാതെ ചെറുതും വലുതുമായ അമ്പതോളം ടൂറിസം പദ്ധതികൾക്ക് മലബാർ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയിട്ടുണ്ട്. ഇവ പൂർത്തിയാകുന്നതോടുകൂടി മലബാർ ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനംപിടിക്കുമെന്ന് കരുതുന്നു.

അഡ്വഞ്ചർ ടൂറിസത്തെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യുകയുണ്ടായി. കേരളത്തിൽ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണമെങ്കിൽ കേരളം സന്ദർശിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം വൻതോതിൽ വർദ്ധിക്കേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ ഇക്കാര്യം മനസ്സിലാക്കിയതിന്റെ അടിസ്ഥാന ത്തിലാണ് സാഹസിക ടൂറിസത്തിന് പ്രാധാന്യം നൽകാൻ തീരുമാനിച്ചത്. ഇപ്പോൾ ജഡായു പാറ അഡ്വഞ്ചർ പാർക്ക് ലോകോത്തര നിലവാരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പി.പി.പി. മോഡലിലുള്ള ഈ ടൂറിസം പദ്ധതി ടൂറിസം രംഗത്തെ വലിയ ചുവടുവയ്പ്പാണ്. പൊൻമുടിയിലെ അപ്പർ സാനിറ്റോറിയത്തിൽ ഒരു അഡ്വഞ്ചർ പാർക്ക് സ്ഥാപിക്കാനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. തെന്മല ഇക്കോടൂറിസം മേഖലയിൽ അഡ്വഞ്ചർ ടൂറിസം വിപുലമായി സജ്ജീകരിക്ക പ്പെട്ടിട്ടുണ്ട്. വയനാട്ടിലെ കർലാഡ് ലേക്ക്, വിവിധ അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റി ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിലും അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട സംവിധാനമുണ്ട്. ഇവിടെ ചർച്ചയിൽ സൂചിപ്പിച്ച വിഷയം വളരെ ഗൗരവമായി കണക്കിലെടുത്ത് സാഹസിക ടൂറിസത്തിന് വൻപ്രാധാന്യം നൽകും. കേരളത്തിലെ സവിശേഷമായ ഭൂപ്രകൃതി പ്രയോജനപ്പെടുത്തി കൂടുതൽ സാഹസിക ടൂറിസം കേന്ദ്രങ്ങൾ സ്ഥാപിച്ച് വൻതോതിൽ ചെറുപ്പക്കാരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ജഡായുപാറയുടെ കാര്യം ഞാൻ പറഞ്ഞു. 150-ൽപ്പരം ടൂറിസം പദ്ധതികൾ പ്രവർത്തനരംഗത്തുണ്ട്. പൊൻമുടിയിൽ ടൂറിസം പദ്ധതിയുണ്ട്. ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തറക്കല്ലിട്ട പദ്ധതിയാണ്. പ്രാരംഭ പണികൾ ആരംഭിച്ചതാണ്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലച്ചുപോയി. ഈ പദ്ധതി വീണ്ടും ആരംഭിക്കുന്നതിന് സർക്കാർ നടപടിയാരംഭിച്ചു. ഗുരുവായൂർ പ്രസാദം പദ്ധതിയിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. അതിൽ 46 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. പദ്ധതി ഉടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതാണ്.

പൊതുജന പങ്കാളിത്തത്തോടെ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കലും സൗന്ദര്യവൽക്കരണവും ഉറപ്പുവരുത്തുന്ന പദ്ധതിയാണ് ഗ്രീൻകാർപ്പെറ്റ് പദ്ധതി. ഇതുവഴി ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം, ലൈറ്റിംഗ്, മെച്ചപ്പെട്ട നടപ്പാതകൾ, ജലലഭ്യത, സൈൻ ബോർഡുകൾ, മാലിന്യ സംസ്കരണ സംവിധാനം, മെച്ചപ്പെട്ട സുരക്ഷാ ക്രമീകരണങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 84 ടൂറിസം കേന്ദ്രങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. തദ്ദേശസ്വയം ഭരണ വകുപ്പ് ഉൾപ്പെടെയുള്ള ഇതര സർക്കാർ വകുപ്പുകളും പദ്ധതിയോട് സഹകരിക്കുന്നുണ്ട്. എല്ലാ വർഷവും ടൂറിസം സീസൺ ആരംഭിക്കുന്നതിനുമുമ്പ് ഒരു നിശ്ചിത കാലയളവിലാണ് പദ്ധതി നടത്തുന്നത്. കഴിഞ്ഞ ടൂറിസം സീസണിന് മുന്നോടിയായി നടത്തിയ ഗ്രീൻകാർപ്പെറ്റ് പദ്ധതി വൻവിജയമായിരുന്നു. ഈ വർഷവും പദ്ധതി തുടരുന്നതാണ്. ഒരു സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ഒരുമിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി ആദ്യമായിട്ടാണ് കേരളത്തിൽ നടപ്പാക്കുന്നത്.

കിഫ്ബിവഴി ഏതാനും പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴ ചെത്തി ബീച്ച്-42.06 കോടി രൂപ, ഇരിങ്ങൽ സർഗാലയ-വടകര-പയ്യോളി പ്രദേശങ്ങൾ ഉൾപ്പെടുന്ന ടൂറിസം സർക്യൂട്ട്-81.04 കോടി രൂപ, കാഞ്ഞിരപ്പുഴ ഡാം സൗന്ദര്യവൽക്കരണം-15.84 കോടി രൂപ, തെന്മല ഡാം സൗന്ദര്യവൽക്കരണം-28.53 കോടി രൂപ, നെയ്യാർ ഡാം സൗന്ദര്യവൽക്കരണം-8.17 കോടി രൂപ, മുഴപ്പിലങ്ങാട്-ധർമ്മടം-റോപ് വേ പദ്ധതി-81.05 കോടി രൂപ. ഇവയ്ക്ക് ഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭിക്കുമെന്ന പ്രതീക്ഷയിലാണ്.

ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് ഗ്രീൻകാർപ്പെറ്റിന്റെ കാര്യം സംസാരിച്ചിരുന്നു. അതിന് 120 കോടി രൂപ ബഡ്ജറ്റിൽ പൊതുവെയുണ്ട്. ഈ ഹെഡ്ഡിൽ നിന്നും ഗ്രീൻകാർപ്പെറ്റ് പദ്ധതി നടപ്പിലാക്കാനുള്ള പണം കണ്ടെത്താൻ കഴിയും. അതിന് പ്രത്യേക പണം നീക്കിവയ്ക്കേണ്ടതില്ല. തേക്കടിയിൽ വനം, ടൂറിസം വകുപ്പുകൾ തമ്മിൽ ഏകോപനമില്ലെന്ന പ്രശ്നം അദ്ദേഹം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ തേക്കടിയിൽ വനം വകുപ്പുമായി ചേർന്ന് ടൂറിസം വികസന നടപടികൾ സ്വീകരിച്ചുവരുന്നു. തേക്കടിയിൽ മാത്രമല്ല കേരളത്തിൽ ടൂറിസം പ്രാധാന്യമുള്ള വനപ്രദേശങ്ങളിലെല്ലാംതന്നെ വനം വകുപ്പുമായി സഹകരിച്ചാണ് ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നത്. വനം സംരക്ഷിച്ചുകൊണ്ടുള്ള ടൂറിസം പ്രവർത്തനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുപോരുന്നത്.

ബഹുമാന്യനായ റോജി എം. ജോൺ വിവിധ വകുപ്പുകൾ തമ്മിൽ നിലവിൽ ഏകോപനമില്ല എന്നൊരു വിഷയം ഉന്നയിക്കുകയുണ്ടായി. ഒരു പരിധിവരെ അദ്ദേഹത്തിന്റെ അഭിപ്രായം ശരിയാണ്. ടൂറിസം പദ്ധതികൾ നടപ്പാക്കുമ്പോൾ സ്വാഭാവികമായും വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. എന്നാൽ നിലവിൽ ഇതിനായി ഒരു ഏകോപന സംവിധാനമില്ല. എന്നാൽ പി.പി.പി. മാതൃകയിൽ നടപ്പാക്കുന്നതുൾപ്പെടെ എല്ലാ ടൂറിസം പദ്ധതികളുടെയും സമയബന്ധിതമായ പൂർത്തീകരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതിയുണ്ടാകുന്നത് അഭികാമ്യമായിരിക്കുമെന്ന നിലയിൽ ഒരാലോചന നടത്തിയിട്ടുണ്ട്. ആ സമിതി വരുന്നതോടെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കും.

ബഹുമാന്യനായ ഡോ. എൻ. ജയരാജ് ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണമെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഭിന്നശേഷി സൗഹൃദമാകുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഭിന്നശേഷി സൗഹൃദമാകണം ടൂറിസം കേന്ദ്രങ്ങൾ എന്ന അദ്ദേഹത്തിന്റെ അഭിപ്രായത്തോട് ഗവൺമെന്റ് യോജിക്കുകയാണ്. ഇതിനുള്ള നടപടിയാരംഭിച്ചിട്ടുണ്ട്. ഭാവിയിലെ എല്ലാ ടൂറിസം പദ്ധതികളും രൂപകൽപ്പന നടത്തുമ്പോൾ ഭിന്നശേഷി സൗഹൃദമാകണമെന്ന നിർദ്ദേശം ആർക്കിടെക്റ്റുകൾക്ക് നൽകും.

ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഇപ്പോൾത്തന്നെ ടൂറിസം വകുപ്പിന് പദ്ധതിയുണ്ട്. ഈ രംഗത്ത് മുന്നോട്ടുവരുന്ന തോട്ടം ഉടമകൾ ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയാൽ ടൂറിസം വകുപ്പ് അംഗീകാരം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഇത്തരം ടൂറിസം കേന്ദ്രങ്ങൾക്കാവശ്യമായ മാർക്കറ്റിംഗ് സഹായവും ടൂറിസം വകുപ്പ് നൽകുന്നുണ്ട്.

ഏതാനും ചില കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. ഒന്ന്, ഡെസ്റ്റിനേഷൻ മോണിറ്ററിംഗ് കമ്മിറ്റിയാണ്. ഒരു ചോദ്യത്തിനുള്ള മറുപടിയായി മുമ്പൊരിക്കൽ പറഞ്ഞതാണ്. 2008-ൽ ആരംഭിച്ച പദ്ധതികൾ പലതും 2017-ലും പൂർത്തീകരിച്ചിട്ടില്ല. വേണ്ടത്ര മോണിറ്ററിംഗ് ഇല്ലാത്തതാണ് അതിന് കാരണം. ഇന്ന് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളും വളരെ മന്ദഗതിയിലാണ് നടക്കുന്നത്. ഇത് പരിഹരിക്കാനും പദ്ധതികൾ വേഗത്തിലാക്കാനും അതത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.മാർ ചെയർമാനായും തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, ടൂറിസം രംഗത്ത് പരിചയമുള്ളവർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ നേരിട്ടുള്ള ഒരു നിയന്ത്രണം പദ്ധതി നടത്തിപ്പിൽ ഉണ്ടാക്കാനും അതുവഴി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയുമെന്ന് കരുതുന്നു.

സാങ്കേതിക അനുമതി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് ഭരണാനുമതി നൽകുന്ന പല പദ്ധതികളും ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സാങ്കേതിക അനുമതി സമയത്ത് ലഭ്യമാകാത്തതുകൊണ്ടാണെന്ന് മനസ്സിലാക്കി ഇത് പരിഹരിക്കാൻ വിവിധ മേഖലകളിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റി രൂപീകരിച്ച വിവരം സഭയെ അറിയിക്കുന്നു. ഇതുമൂലം പദ്ധതികളുടെ നടത്തിപ്പ് വേഗത്തിലാകുമെന്ന് കരുതുകയാണ്.

ഉത്തരവാദിത്വ ടൂറിസം മിഷൻ വളരെ പ്രധാനപ്പെട്ട ഒരു പ്രഖ്യാപനമാണ്. ഉത്തരവാദിത്വ ടൂറിസം പദ്ധതി 2007-ലാണ് സംസ്ഥാനത്ത് ആരംഭിച്ചത്. ഉത്തരവാദിത്വ ടൂറിസത്തിൽ അധിഷ്ഠിതമായ ടൂറിസം വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇന്ന് കേരളത്തിലെ 7 ഡെസ്റ്റിനേഷനുകളിൽ മാത്രമാണ് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ നടക്കുന്നത്. ഇത് സംസ്ഥാനമാകെ വ്യാപിപ്പിക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി ഒരു ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കുകയാണ്. മിഷൻ രൂപീകരിച്ച് കഴിഞ്ഞാൽ പ്രദേശവാസികൾക്ക് കൂടുതൽ തൊഴിലും വരുമാനവും ലഭിക്കുന്ന രീതിയിൽ സംസ്ഥാനമൊട്ടാകെ ടൂറിസത്തെ മാറ്റിയെടുക്കാൻ കഴിയുമെന്ന് കരുതുന്നു.

പുതിയ പദ്ധതികൾ-രണ്ട് വൻ ടൂറിസം പദ്ധതികളാണ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഒന്ന്, മലബാറിലെ നദീതട ടൂറിസം പദ്ധതി.

കാലടി, മലയാറ്റൂർ ഏരിയ കേന്ദ്രങ്ങളിലുള്ള തീർത്ഥാടന ടൂറിസം ലക്ഷ്യമിടുന്ന ടൂറിസം സർക്യൂട്ടാണ് രണ്ടാമത്തെ വൻ പദ്ധതി. ഈ പദ്ധതിയും ഉടൻതന്നെ നടപ്പാക്കാൻ നടപടിയാരംഭിക്കും.

കൊല്ലം ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രമാണ് അഷ്ടമുടി. ബാക്ക്‌വാട്ടർ ടൂറിസത്തിന്റെ സമഗ്ര വികസനത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അഷ്ടമുടിയുടെ സമഗ്ര വികസനത്തിനായി ഈ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട നെടുമങ്ങാട് എം.എൽ.എ., നെടുമങ്ങാട് ഒരു പ്രത്യേക പ്രോജക്ട് തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാം. ഗസ്റ്റ് ഹൗസിന് പുതിയ ബ്ലോക്ക് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗുരുവായൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസിന് പുതിയ മന്ദിരം നിർമ്മിക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഒരു പുതിയ ബ്ലോക്കും നിർമ്മിക്കുന്നതാണ്. കൂടാതെ പ്രധാനപ്പെട്ട എല്ലാ ഗസ്റ്റ് ഹൗസുകളും നവീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. കെ.ടി.ഡി.സി.ക്ക് ഏതാനും പുതിയ പദ്ധതികൾ കൊണ്ടുവരുന്നുണ്ട്. മാനവശേഷി വികസനമാണ് ഇതിൽ പ്രധാനം. ടൂറിസം മേഖലയിൽ മാനവശേഷി വികസനത്തിന് സർക്കാർ മുൻഗണന നൽകുന്നു. അടുത്ത 4 വർഷത്തിനുള്ളിൽ 4 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യം കൈവരിക്കണമെങ്കിൽ മാനവശേഷി വികസനം കൂടിയേതീരൂ. വകുപ്പിന്റെകീഴിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന കിറ്റ്സ്, ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, എസ്.ഐ.എച്ച്.എം. എന്നീ സ്ഥാപനങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. കൂടാതെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലില്ലാത്ത പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നവീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൺസൾട്ടന്റിനെ നിയമിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. കിറ്റ്സിനെ ഒരു സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി ഈ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു അന്താരാഷ്ട്ര കോൺഫറൻസ് സംഘടിപ്പിക്കുവാനും ആലോചിക്കുന്നുണ്ട്.

രണ്ട് വകുപ്പുകളെ സംബന്ധിച്ചും ക്രിയാത്മകമായി ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> ബഹുമാനപ്പെട്ട മന്ത്രി വാക്കുപാലിച്ചതിൽ ആദ്യം സന്തോഷം രേഖപ്പെടുത്തുകയാണ്. എല്ലാ പാർട്ടികളിലും ഉൾപ്പെട്ടവരും പാർട്ടിയിൽ പ്പെടാത്തവരും പരിണതപ്രജ്ഞരുമായ നൂറുകണക്കിനാളുകൾ വളർത്തിയെടുത്താണ് കേരളത്തിലെ സഹകരണ മേഖല. ആ സഹകരണ മേഖലയിൽ എവിടെയെങ്കിലും ചെറിയ പോരായ്മയുണ്ടെങ്കിൽ കോൺഗ്രസ്സിനെയും യു.ഡി.എഫ്.നെയും അടച്ച് ആക്ഷേപിക്കുന്ന അങ്ങയുടെ നിലപാട് ശരിയാണോ; ഒരു ഉദാഹരണത്തിന്, കേരളം കണ്ട ഏറ്റവും വലിയ സഹകരണ തട്ടിപ്പെന്ന് പറയുന്നത് റബ്കോയുടേതാണ്. അങ്ങ് അതിനെപ്പറ്റി അന്വേഷിക്കുമോ; ഇവിടെ അങ്ങ് പറഞ്ഞല്ലോ, ഇടതുപക്ഷ സർക്കാർ ആർക്കുവേണ്ടി നിലകൊള്ളുന്നു, എന്തുചെയ്യുന്നു വെന്ന് കേരള ജനതയെ ബോധ്യപ്പെടുത്തുമെന്ന്. അങ്ങനെ ബോധ്യപ്പെടുത്തുമെങ്കിൽ റബ്കോ സംബന്ധിച്ച് അന്വേഷണം നടത്താൻ അങ്ങ് തയ്യാറാകുമോ;

<u>മി. സ്പീക്കർ:</u> അങ്ങ് ഒറ്റ വാചകത്തിൽ മറുപടി പറയണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> എനിക്ക് ഏറെ ബഹുമാന്യനാണ് ശ്രീ. പി. ടി. തോമസെങ്കിലും അദ്ദേഹത്തിന്റെ ധാരണകളൊക്കെ തെറ്റാണ്. റബ്കോയെ സംബന്ധിച്ച് അദ്ദേഹം എന്താണ് മനസ്സിലാക്കിയിരിക്കുന്നതെന്ന് എനിക്കറിയില്ല. കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങൾക്ക് മാതൃകയാണ് റബ്കോ. സാമ്പത്തികമായ പ്രശ്നങ്ങളുണ്ട്. അത് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ്. അത് റബ്കോയും നേരിടുന്നുണ്ട്. അതിനാവശ്യമായ പരിഹാരം ഗവൺമെന്റുണ്ടാക്കും. അതുകൊണ്ട് റബ്കോ ഫ്രോഡാണെന്ന് പറയുന്നത് സഭാരേഖയിൽ കാണാൻ പാടില്ലാത്ത ഒരു കാര്യമാണ്. ഓണസ്റ്റായി നടക്കുന്ന ഒരു സഹകരണ സ്ഥാപനത്തെക്കുറിച്ച് ഇങ്ങനെയാണോ പറയേണ്ടത്; സംസ്ഥാന സഹകരണ പ്രസ്ഥാനം നമ്മുടെ സംസ്ഥാനത്തെ നിഷ്കളങ്കരായ സഹകാരി സമൂഹം സൃഷ്ടിച്ചതുതന്നെയാണ്. അതിൽ കൊള്ളനടക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് മാത്രമെ ഞാൻ പറഞ്ഞുള്ളൂ. ഞാൻ യു.ഡി.എഫ്.നെ അടച്ച് ആക്ഷേപിക്കുന്നില്ല. ഒരിക്കലുമില്ല. യു.ഡി.എഫ്. നേതൃത്വം ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ഒരാത്മ പരിശോധന നടത്തണം. നേതൃത്വത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഓണസ്റ്റായി സംഘങ്ങൾ നടത്തുന്ന എത്രയോ കോൺഗ്രസ് നേതാക്കന്മാരുണ്ട്. അതിലൊന്നും സംശയമില്ല. ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ 10-40 വർഷക്കാലം തുടർച്ചയായി ബാങ്ക് ഭരിക്കുകയും 50 കോടി രൂപയും 60 കോടി രൂപയും 26 കോടി രൂപയുമെല്ലാം ബാങ്കിലെ നിക്ഷേപകർക്ക് നഷ്ടപ്പെടുകയും ചെയ്തുവെന്ന് പറഞ്ഞാൽ നമ്മൾ പരിശോധിക്കണ്ടേ; അത് ഇവിടെ പറഞ്ഞൂവെന്ന് മാത്രമേയുള്ളൂ. അതിന്

ഇങ്ങനെ ബേജാറാകേണ്ട ഒരു കാര്യവുമില്ല. ബഹുമാനപ്പെട്ട അനിൽ അക്കരയ്ക്ക് അങ്ങനെ ബേജാറുണ്ടാകേണ്ട കാര്യമില്ല. അഴിമതിയെ പിന്തുണയ്ക്കാൻ നമുക്ക് സാധിക്കില്ല. അഴിമതിക്കെതിരെ ഈ സർക്കാർ കർശന നിലപാട് സ്വീകരിക്കും. കഴിഞ്ഞ കാലത്ത് സഹകരണ മേഖലയിൽ കൊടിയ അഴിമതിയാണ് നടന്നത്. ആ അഴിമതി അവസാനിപ്പിക്കാൻ ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകതന്നെ ചെയ്യും. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണം.

ശ്രീ. അനിൽ അക്കര: സർ,...........

മി. സ്പീക്കർ: എന്താണ്; ഇപ്പോൾ ഒന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ: (മൈക്ക് ഓഫ്) അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷനുണ്ട്.

മി. സ്പീക്കർ: പേഴ്സണൽ എക്സ്പ്ലനേഷന് ഒരിക്കൽ അവസരം കൊടുത്തു. ഒരേ വിഷയത്തിൽ വീണ്ടും കൊടുക്കാൻ പറ്റുമോ; അദ്ദേഹം എഴുതിത്തരട്ടെ ഞാൻ പരിശോധിച്ച് നടപടി സ്വീകരിക്കാം. .....(ബഹളം)...... ശ്രീ. വി. ഡി. സതീശൻ, അദ്ദേഹം റൂൾ 288 പ്രകാരം എനിക്ക് എഴുതിത്തന്നു. അദ്ദേഹം ഒരു വിഷയത്തിൽ വിശദീകരിച്ചു. അതേ വിഷയത്തിൽത്തന്നെ അദ്ദേഹം വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഈ സഭയിലെ ഒരംഗത്തെ സംബന്ധിച്ചിടത്തോളം ബഹുമാന്യനായ മന്ത്രി ചില പരാമർശങ്ങൾ നടത്തി. അതിന് അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാനുള്ള ഒരു കത്ത് അങ്ങേയ്ക്ക് നൽകുകയും ചെയ്തു. ദയവായി അങ്ങ് അത് അനുവദിച്ചുകൊടുക്കണം. അദ്ദേഹത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കാൻ റൂൾസിൽ......

മി. സ്പീക്കർ: എന്താണെന്ന് വ്യക്തമായി എഴുതിത്തന്നാൽ വീണ്ടും ആലോചിക്കാം. രണ്ടുപേരും പറഞ്ഞത് ഒരേ വിഷയമാണ്. ഞാൻ കേട്ടല്ലോ;

ശ്രീ. രമേശ് ചെന്നിത്തല: പേഴ്സണൽ എക്സ്പ്ലനേഷനുള്ള കത്ത് അങ്ങേയ്ക്ക് തന്നിട്ടുണ്ട്. ഇനിയും കത്ത് തരണമെങ്കിൽ അദ്ദേഹം തരും. റൂളനുസരിച്ച് അങ്ങ് ദയവായി അനുവദിക്കണം.

മി. സ്പീക്കർ: ഇത് കേട്ടിരുന്നയാളെന്ന നിലയ്ക്ക് ഞാൻ പറയാം, ശ്രീ. അനിൽ അക്കര ഇവിടെ നൽകിയ വിശദീകരണത്തിൽനിന്നും വൈരുദ്ധ്യമായി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇവിടെ സംസാരിച്ചതായി എനിക്ക് തോന്നിയിട്ടില്ല. അദ്ദേഹം 288 പ്രകാരം എഴുതിത്തന്നു, അദ്ദേഹം വിശദീകരിച്ചു. അത് ഈ സഭയിൽ വരികയും ചെയ്തു. വീണ്ടും അതേ കാര്യം അദ്ദേഹം വിശദീകരിക്കേണ്ട കാര്യമില്ല. അദ്ദേഹം എഴുതിത്തന്നാൽ ഞാൻ സമയം കൊടുക്കാം. ഇപ്പോൾത്തന്നെ വേണമെന്ന് വാശിപിടിക്കരുത്.

ശ്രീ. പി. ടി. തോമസ്: (മൈക്ക് ഓഫ്) ഇപ്പോൾത്തന്നെ വേണം.

മി. സ്പീക്കർ: ഇപ്പോൾ വളരെയധികം നീണ്ടുപോയി. ..... (ബഹളം).... നേരത്തെ പറഞ്ഞ കാര്യം തന്നെയല്ലേ അദ്ദേഹത്തിന് പറയാനുള്ളത്. എന്നാൽ ഒരു മിനിട്ടുകൊണ്ട് വേഗം പറയൂ. ഒരേ കാര്യംതന്നെ വീണ്ടും വീണ്ടും പറയരുത്.

ശ്രീ. അനിൽ അക്കര: സർ, ഞാനിവിടെ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുകയാണ്. ഞാൻ മലയാളം ഓർഗാനിക്കിന്റെ ചെയർമാനായിരുന്ന സമയത്ത് 2016 ഫെബ്രുവരി മാസത്തിലാണ് ഈ ചെക്ക് കൊടുത്തത്. അതിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ ആ സ്ഥാനമൊഴിഞ്ഞു. ആ കമ്പനിക്ക് പുതിയ ചെയർമാൻ വന്നു. അത് മിനിസ്ട്രി ഓഫ് കോ-ഓപ്പറേറ്റീവ്സിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ലോകത്ത് എവിടെ ഇരുന്നാലും അതിന്റെ എം.ഡി.യും ചെയർമാനും ആരാണെന്ന് ആർക്കും കാണാം. ഇവിടെ ഇതുമായി ബന്ധപ്പെട്ട് എനിക്കെതിരെ പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യത്തിൽ 5-7-2016-ൽ അഡാട്ട് ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ എം.ഡി. എനിക്ക് ഒരു ബാധ്യതയുമില്ലെന്ന് പറഞ്ഞ് ഒഴിമുറി വച്ചുതന്ന രേഖയാണിത്. (പേപ്പർ ഉയർത്തിക്കാണിച്ചു.) പിന്നെ എന്തിനാണ് എന്റെ പേരിൽ ഇത് വീണ്ടുംവീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി എന്നെ വ്യക്തിപരമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിക്കാം. പരിശോധിച്ച് നടപടി സ്വീകരിക്കാം.********

ബഹുമാനപ്പെട്ട അംഗങ്ങളെടുക്കുന്ന സമയവും ഗവൺമെന്റിനെ പ്രതിനിധാനം ചെയ്തുകൊണ്ട് മന്ത്രിമാർ മറുപടി പറയാൻ എടുക്കുന്ന സമയവും താരതമ്യം

********സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 2284/ഇ.ബി./ 2017/നി.സെ. തീയതി 18-5-2017) രേഖയിൽ നിലനിർത്തി.

ചെയ്യുന്നതിൽ ഒരു ശരികേടുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും അൽപ്പംകൂടി സമയം ചുരുക്കി..... അംഗങ്ങൾ വ്യക്തിപരമായി എടുക്കുന്ന സമയത്തെയും ഗവൺമെന്റിനെ പ്രതിനിധാനം ചെയ്ത് മന്ത്രിമാർ പദ്ധതി പ്രഖ്യാപിക്കുന്ന സമയത്തെയും താരതമ്യം ചെയ്യുന്നത് ശരിയല്ലെങ്കിലും മന്ത്രിമാർ അൽപ്പംകൂടി സമയം നിയന്ത്രിച്ച് സംസാരിക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: മന്ത്രിമാർക്ക് മൊത്തത്തിൽ പറയാൻ 30 മിനിട്ടാണ് സമയം. അംഗങ്ങളെ അങ്ങ് നിയന്ത്രിക്കുന്നുണ്ട്. ആദ്യമായി മന്ത്രിമാരാകുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രനൊക്കെ കാര്യങ്ങൾ പറയുമ്പോൾ ഞങ്ങളാരും ബഹളമുണ്ടാക്കിയിട്ടില്ല. നമ്മൾ ചോദ്യം ചെയ്യുന്നുമില്ല. മന്ത്രിമാർ അവരുടെ ഡിപ്പാർട്ട്മെന്റിൽ നടക്കുന്ന നല്ല കാര്യങ്ങളെപ്പറ്റി പറയണം. പക്ഷെ സമയംകൂടി നോക്കണം. വേറെ പല പല കാര്യങ്ങൾ നമുക്കെല്ലാവർക്കുമുള്ളതാണ്.

മി. സ്പീക്കർ: അതുതന്നെയാണ് ഞാൻ പറയുന്നത്. പ്രതിപക്ഷനേതാവ് നേരത്തെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇത് പറഞ്ഞത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, മല എലിയെ പ്രസവിച്ച അവസ്ഥയിലാണ് ഞാനിപ്പോൾ. രാവിലെ ചോദ്യോത്തരവേളയിൽ അങ്ങ് എന്നെ രക്ഷിച്ചു. ചോദ്യം നമ്പർ 423-ഉം 428-ഉംകൂടി ക്ലബ്ബുചെയ്ത് തന്നതുകൊണ്ട് ഇപ്പോൾ പറയേണ്ട കുറെ കാര്യങ്ങൾ അവിടെ പറയാൻ സാധിച്ചു.

മി. സ്പീക്കർ: അങ്ങയുടെ മറുപടിയിലും ട്രേഡ് സീക്രട്ട് ഒഴികെയുള്ള കാര്യങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. തോമസ് ചാണ്ടി: 80 ശതമാനം സമയവും അപഹരിച്ചത് ബഹുമാന്യനായ എന്റെ സഹപ്രവർത്തകൻ ശ്രീ. കടകംപള്ളി സുരേന്ദ്രനാണ്. അദ്ദേഹം പ്രസംഗിച്ചതല്ല, നിങ്ങളുടെ ചോദ്യങ്ങൾ മുഴുവൻ അദ്ദേഹത്തോടായിരുന്നു. എന്നോട് ആരൊക്കെയോ കുറച്ച് കാര്യങ്ങളേ ചോദിച്ചുള്ളൂ. ഏതായാലും രാവിലെ പറയാൻ അവസരംതന്ന സ്പീക്കർക്ക് നന്ദി പറഞ്ഞുകൊണ്ട് ഞാൻ ആരംഭിക്കുകയാണ്.

ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും തലതിരിഞ്ഞ പരിഷ്കാരങ്ങൾ കേന്ദ്ര സർക്കാർ കൈക്കൊണ്ടിരിക്കുകയാണ്. ആദ്യം കേന്ദ്ര റോഡ് സേഫ്റ്റി ബിൽ കൊണ്ടുവരാൻ ശ്രമിച്ചു. അത് പാസ്സാക്കിയിരുന്നെങ്കിൽ നമ്മുടെ മോട്ടോർ വാഹന വകുപ്പിനെയൊക്കെ നോക്കുകുത്തികളാക്കി കുത്തക മുതലാളിമാർ

ഗതാഗതരംഗം കയ്യടക്കുമായിരുന്നു. ഇൻഡ്യൻ ഫെഡറലിസത്തിനുതന്നെ അപകടകരമായ വ്യവസ്ഥകളുള്ള പ്രസ്തുത ബിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളുടെ എതിർപ്പിനെത്തുടർന്ന് പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായില്ല. എന്നാൽ ഇക്കഴിഞ്ഞ മാസം കേന്ദ്ര മോട്ടോർ വാഹന ബിൽ എന്ന ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി. രാജ്യസഭകൂടി പാസ്സാക്കിയാൽ അത് നിയമമാകും. അതിലും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരെയുള്ള നിരവധി വ്യവസ്ഥകളാണുള്ളത്. കഴിഞ്ഞയാഴ്ച ചോദ്യോത്തരവേളയിൽ ഞാൻ ഇതിനെക്കുറിച്ച് വിശദമായി പറഞ്ഞതാണ്. രാജ്യസഭയിൽ ആവശ്യമായ ഭേദഗതികൾ കൊണ്ടുവരാൻ കോൺഗ്രസ് പാർട്ടി മുൻകയ്യെടുക്കണമെന്ന് ഞാൻ അന്ന് പറഞ്ഞിരുന്നു. പക്ഷെ ഐക്യജനാധിപത്യ മുന്നണിയും കോൺഗ്രസ്സും ഈ ചെറുത്തുനിൽപ്പിൽ ഞങ്ങളോടൊപ്പം അണിചേരാൻ അന്ധമായ രാഷ്ട്രീയ വിരോധംമൂലം മുന്നോട്ട് വരുന്നില്ലെന്നുള്ള ദുഃഖസത്യം നിലവിലുണ്ട്.

ഡ്രൈവിംഗ് ലൈസൻസെടുക്കാൻ ഒരു വിദ്യാഭ്യാസയോഗ്യതയും വേണ്ടെന്ന ഭേദഗതി റോഡുകളെ കുരുതിക്കളമാക്കുമെന്ന് ഞാൻ ഭയക്കുന്നു. കാരണം പോകുന്ന വഴിക്ക് ബോർഡ് വായിക്കാൻ അറിയാത്തവർ വാഹനമോടിച്ചാൽ എങ്ങനെയിരിക്കും. അതുപോലെ ഡ്രൈവിംഗ് ലൈസൻസ് കാലാവധി കഴിഞ്ഞ് ഒരു കൊല്ലത്തിനകം പുതുക്കിയില്ലെങ്കിൽ വീണ്ടും ടെസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യുന്ന പതിനായിരങ്ങൾക്ക് ഭീഷണിയാകും. ഇതിനെല്ലാം എതിരെ നമുക്ക് സംസാരിക്കേണ്ടിയിരിക്കുന്നു. ഇന്നിവിടെ പ്രാസംഗികർ സൂചിപ്പിച്ച ഒന്നുരണ്ടു കാര്യങ്ങൾ മാത്രം ഞാൻ പറയാം. ശ്രീ. ജോർജ് എം. തോമസ് ഇരുചക്രവാഹന ചെക്കിംഗിനെക്കുറിച്ച് സൂചിപ്പിച്ചു, ഹെൽമറ്റില്ലാതെ വാഹനമോടിച്ചതിന് ഈ വർഷം മാർച്ച് 31 വരെ 7178 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. മാത്രമായി സർവ്വീസ് നടത്തുന്ന മേഖലകളിലേയ്ക്കും ഉൾനാടൻ പ്രദേശങ്ങളിലേയ്ക്കുമുള്ള സർവ്വീസുകൾ നിലനിർത്തിയിട്ടുണ്ട്. അവ ഒരു കാരണവശാലും റദ്ദാക്കരുതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്, കൂടാതെ എന്ത് മാറ്റം വരുത്തിയാലും സ്ഥലം എം.എൽ.എ.യെ അറിയിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. വിവാഹ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ നിശ്ചിത വാടകയ്ക്ക് കൊടുക്കണമെന്ന് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഒരു നിർദ്ദേശം വച്ചു. അത് നടപ്പിലാക്കി കഴിഞ്ഞു. ശ്രീ. കെ. കൃഷ്ണൻകുട്ടി ഇവിടെ വച്ച നിർദ്ദേശമായ ഒരു കുടുംബത്തിന് ഒരു വാഹനമെന്നത് നിയമത്തിലൂടെ നിയന്ത്രിക്കാൻ സാധിക്കുകയില്ല. എങ്കിലും പൊതുഗതാഗതരംഗം ശക്തിപ്പെടുത്തിയാൽ

സ്വകാര്യ വാഹനങ്ങളുടെ ഉപയോഗം കുറച്ച് കുറയുമെന്ന് കരുതുന്നു. വോൾവോ ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തി പൊതു ഗതാഗത രംഗം ശക്തിപ്പെടുത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അത് നടപ്പിലായിക്കഴിഞ്ഞാൽ തീർച്ചയായും വണ്ടികളുടെ എണ്ണം കുറയും. മറ്റൊന്ന്, വലിയ ബസ്സുകൾ ഓടിക്കുന്നതിനുള്ള ചെലവ് ചെറിയ ബസ്സുകൾ ഓടിക്കുന്നതിനും വേണ്ടിവരും, എന്നാൽ വരുമാനം കുറവുമായിരിക്കും. അതുകൊണ്ട് കെ.എസ്.ആർ.ടി.സി. എന്ന് ലാഭത്തിലാകുന്നുവോ അന്ന് ചെറിയ ബസ്സുകൾ ആവശ്യമായ പ്രദേശങ്ങളിലേയ്ക്ക് പബ്ലിക് യൂട്ടിലിറ്റി സർവ്വീസസ് എന്ന പേരിൽ ഓടിക്കാമെന്നാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്. ശ്രീ. പി. സി. ജോർജ് കെ.എസ്.ആർ.ടി.സി.യുടെ എഞ്ചിനീയറിംഗ് വിഭാഗം വളരെ പരാജയമാണെന്നും അത് ശക്തിപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം വച്ചു. അത് അദ്ദേഹം പറഞ്ഞത് സത്യമാണ്. അക്കാര്യത്തിൽ ഞാൻ അനുഭവസ്ഥനുമാണ്. അതുകൊണ്ട് അടിയന്തരമായി കെ.എസ്.ആർ.ടി.സി.യുടെ എഞ്ചിനീയറിംഗ് വിഭാഗം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കും. അതുപോലെ ബഹുമാന്യനായ രാജു എബ്രഹാം എക്സിക്യൂട്ടീവ് ഡയറക്ടറെ മാറ്റണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചു. പലഭാഗത്തുനിന്നും ആ നിർദ്ദേശം ഉയർന്നു വന്നിരുന്നു, അക്കാര്യവും ശ്രദ്ധയിലുണ്ട്. അവരുടെ പ്രവർത്തനം തൃപ്തികരമല്ല, തത്തുല്യമായ പോസ്റ്റില്ലെന്നു പറഞ്ഞാണ് അവർ അവിടെ നിലനിൽക്കുന്നത്. മൂന്ന് സോണായി കഴിയുമ്പോൾ ഓരോ സോണിലേയ്ക്ക് ഓരോരുത്തരെ മാറ്റിക്കൊണ്ട് സമർത്ഥന്മാരായ എഞ്ചിനീയറിംഗ് ബിരുദധാരികൾ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് പഠിച്ചവർ, എക്സ്പീരിയൻസുള്ളവർ, എം.ബി.എ. ഉള്ള എഞ്ചിനീയറിംഗ് ബിരുദധാരികൾ എന്നിവരെ തീർച്ചയായും അവിടെ നിയോഗിക്കുന്നതായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി : അങ്ങ് ഇവിടെ കെ.എസ്.ആർ.ടി.സി.യെപ്പറ്റി ധാരാളം പറഞ്ഞു. പക്ഷേ കെ.യു.ആർ.ടി.സി.യെപ്പറ്റി ഒന്നും പറഞ്ഞില്ല. സെൻട്രൽ ഗവൺമെന്റിന്റെ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഏകദേശം ആയിരത്തോളം ബസ്സുകൾ നമുക്ക് ലഭിച്ചിരുന്നു. അതിൽ കുറെ ബസ്സുകൾ കട്ടപ്പുറത്താണെന്നും മെയിന്റനൻസ് നടത്താൻ വഴിയില്ലെന്നുമാണ് പത്രത്തിലൂടെ അറിയുവാൻ കഴിഞ്ഞത്. അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്?

ശ്രീ. തോമസ് ചാണ്ടി : സർ, ഇപ്പോഴത്തെ അവസ്ഥ പിന്നീട് അങ്ങയെ അറിയിക്കാം. അങ്ങ് പറഞ്ഞത് ശരിയാണ്. വെറുതെ ദാനം കിട്ടിയ വണ്ടികളാണ്. അതിന് കിലോമീറ്ററുകൾ കുറവാണ്, റിപ്പയർ ചെയ്യുന്നതിന് ചെലവ് കൂടുതലാണ്, ആവശ്യമായ സ്പെയർപാർട്സുകൾ കിട്ടുന്നില്ല, ഇങ്ങനെയുള്ള വിവരങ്ങളാണ്

അതുസംബന്ധിച്ച് എനിക്ക് കിട്ടിയിട്ടുള്ളത്. ഞാൻ ചാർജെടുത്തിട്ട് 28 ദിവസം മാത്രമെ ആയിട്ടുള്ളൂ, അടുത്ത നിയമസഭാ സമ്മേളനത്തിൽ അങ്ങേയ്ക്ക് വ്യക്തമായ ഉത്തരം നൽകുന്നതാണ്. ഇവിടെ ശ്രീ. ബി. ഡി. ദേവസ്സി പറഞ്ഞത് സംബന്ധിച്ച്, പ്രൊഫ. സുശീൽ ഖന്നയുടെ പ്രാഥമിക നിർദ്ദേശങ്ങളിൽ അങ്ങ് പറഞ്ഞ നിർദ്ദേശങ്ങളുമുണ്ട്. ഘട്ടംഘട്ടമായി ജീവനക്കാരെക്കൂടി വിശ്വാസത്തിലെടുത്തു കൊണ്ട് കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്. തീർച്ചയായും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ ജീവനക്കാരെ ഒരാളെപ്പോലും പിരിച്ചുവിടാൻ അദ്ദേഹം പറഞ്ഞിട്ടില്ല. എങ്ങനെ റീ-ഓർഗനൈസ് ചെയ്ത് ഈ സ്ഥാപനത്തെ ലാഭത്തിലാക്കാമെന്നാണ് പരിശോധിക്കുന്നത്. അതിന്റെ പ്രിലിമിനറി റിപ്പോർട്ട് മാത്രമെ വന്നിട്ടുള്ളൂ. പൂർണ്ണമായ റിപ്പോർട്ട് വന്നുകഴിയുമ്പോൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ അതിനെക്കുറിച്ച് പറയാം. അങ്ങയുടെ നിർദ്ദേശം തീർച്ചയായും പാലിക്കുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു, പ്രത്യേകിച്ച് തൊഴിലാളികളിൽ ഒരാളെപ്പോലും പരിച്ചുവിടില്ലെന്നുള്ള ഉറപ്പ്. അങ്ങ് നേരത്തെ പറഞ്ഞ ഒരു കാര്യം സംബന്ധിച്ചാണ് ഞാൻ ചോദിക്കുന്നത്, അതായത്, റോഡിൽ വാഹന പരിശോധന നടക്കുമ്പോൾ തീർത്തും ബഹുമാനമില്ലാതെയാണ് പരിശോധിക്കുന്നവർ ഇടപെടുന്നത്. പരിശോധനാ സമയത്ത് ഫുൾ യൂണിഫോമിൽ പരിശോധിക്കണമെന്നുണ്ട്, കുഞ്ഞുങ്ങളുമായി സ്ത്രീകൾ കാറിൽ പോകുമ്പോൾപ്പോലും കുഞ്ഞുങ്ങളെ കാറിലിരുത്തി സ്ത്രീകൾ ഇറങ്ങിച്ചെന്ന് ദൂരെ നിൽക്കുന്ന ഉദ്യോഗസ്ഥനോട് സംസാരിക്കേണ്ടിവരികയാണ്. ക്രിമിനൽ കുറ്റം ചെയ്തതുപോലെയാണ് ഇവർ ഇടപെടുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. റോഡിൽ വാഹനങ്ങളുമായി പോകുന്ന ആളുകളോട് ബഹുമാന ത്തോടെ ഇടപെടാനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് കൊടുക്കണം. അതിനൊരു പ്രൊഫഷണലിസം ഉണ്ടാകണം. പ്രത്യേകിച്ച് 60 വയസ്സിനുമുകളിൽ പ്രായമുള്ളവരോടും സ്ത്രീകളോടും, കുഞ്ഞുങ്ങളുമായി വാഹനമോടിക്കുമ്പോൾ, അവരോടെങ്കിലും വാഹനത്തിനടുത്തേയ്ക്ക് പോയി പരിശോധിക്കുന്നതിന് നിർദ്ദേശിക്കുന്ന ഒരു വ്യവസ്ഥ ഇവിടെ ഉണ്ടാകണം. അതിന് ഈ സർക്കാർ തീരുമാനമെടുക്കണം.

ശ്രീ. തോമസ് ചാണ്ടി: സർ, അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ വിദ്യാസമ്പന്നരെന്ന് നമ്മൾ അഭിമാനിക്കുന്ന ഈ സംസ്ഥാനത്തിനുതന്നെ അത് അപമാനകരമാണ്. തീർച്ചയായും ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. വേണ്ടിവന്നാൽ പൊതുജനങ്ങളോടുള്ള ഇടപെടൽ എങ്ങനെയായിരിക്കണമെന്ന ട്രെയിനിംഗുതന്നെ ഉദ്യോഗസ്ഥർക്ക് കൊടുക്കാം. ഇവിടെ ഒരു പ്രശ്നമുള്ളത് ആവശ്യത്തിന്

ഉദ്യോഗസ്ഥരില്ല, ആവശ്യത്തിന് വാഹനങ്ങളില്ല എന്നുള്ളതാണ്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അതിന് അടിയന്തര നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. മാഡം ശ്രദ്ധയിൽപ്പെടുത്തിയത് നല്ലൊരു കാര്യമാണ്. കാരണം സ്നേഹത്തോടെ ചെന്ന് ചോദിക്കാം. അതല്ലാതെ ഇങ്ങോട്ട് ഇറങ്ങിവാടീ; അപ്പുറത്ത് കൈ കാണിച്ച് നിർത്തിയിട്ട് ഇങ്ങോട്ട് ഇറങ്ങിവരുന്ന രീതി ഈ കാലഘട്ടത്തിൽ ആഫ്രിക്കയിൽ പോലും ഉണ്ടെന്ന് തോന്നുന്നില്ല.

<u>മി. സ്പീക്കർ</u> :ആഫ്രിക്കയിൽ ബ്രൊയെന്നാണ് വിളിക്കുന്നത്. ആഫ്രിക്കയിൽ പോലീസ് സംബോധന ചെയ്യുന്നത് ബ്രദർ എന്ന് വിളിച്ചാണ്. പ്ലീസ് ബ്രദർ..

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, ശ്രീമതി വീണാ ജോർജ്ജ് ചൂണ്ടിക്കാണിച്ച കാര്യത്തോട് അങ്ങ് ഇവിടെ പോസിറ്റീവായി പ്രതികരിച്ചതിന് പ്രത്യേകം നന്ദിപറയുന്നു. ലോകരാജ്യങ്ങളിലെവിടെ പോയാലും ഏറ്റവുംകൂടുതൽ കർശന ശിക്ഷ ഏറ്റുവാങ്ങേണ്ട സാഹചര്യം നിലനിൽക്കുമ്പോൾപ്പോലും നമ്മൾ വണ്ടി ഒതുക്കി നിർത്തേണ്ട കാര്യം മാത്രമെയുള്ളൂ, പോലീസ് ഓഫീസേഴ്സ് ഇറങ്ങിച്ചെന്ന് വളരെ മാന്യമായി പെരുമാറുന്ന രീതിയുണ്ട്. അങ്ങോട്ടുചെന്ന് സംസാരിക്കുന്ന ഒരു വലിയ സംസ്കാരം, സമ്പന്നമായ ഒരു ഇടപെടൽ, വിദേശ രാജ്യങ്ങളിലേതുപോലുള്ള ഒരു സ്കീം കേരളത്തിലും കൊണ്ടുവരണമെന്നാണ് സൂചിപ്പിച്ചത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഈ പ്രശ്നം നമ്മുടെ സംസ്ഥാനത്ത് നേരത്തേയുള്ളതാണ്. കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ സബ്ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള പോലീസ് ഓഫീസർമാരുടെ യോഗം മേഖലാടിസ്ഥാനത്തിൽ വിളിച്ചു ചേർത്തിരുന്നു. അവരോട് പല കാര്യങ്ങൾ പറഞ്ഞ കൂട്ടത്തിൽ ഒരു കാര്യം ട്രാഫിക് പരിശോധനയെ സംബന്ധിച്ചുള്ളതായിരുന്നു. 'യാത്രക്കാരുടെ <u>അടുത്തു</u>ചെന്ന് കാര്യങ്ങൾ ചോദിക്കുന്ന രീതിയിലാകണം പരിശോധന. യാത്രക്കാരെ അനാവശ്യമായി ബുദ്ധിമുട്ടിക്കരുത്.' സ്ത്രീകളുടെ കാര്യം പ്രത്യേകിച്ചും പറഞ്ഞിട്ടുണ്ട്. 'ഒരു തരത്തിലുള്ള പരുഷമായ പെരുമാറ്റവും ഉണ്ടാകരുത്.' ഇത്തരം കാര്യങ്ങൾ ഇപ്പോൾ നിർദ്ദേശമായിത്തന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് വാഹനപ്പെരുപ്പം വളരെ കൂടുതലാണ്. ട്രാഫിക് പോലീസ് സംവിധാനം കുറ്റമറ്റതാക്കാൻ ട്രാഫിക് പോലീസ് ഫോഴ്സിനെ സെപ്പറേറ്റ് ചെയ്യാനുള്ള തീരുമാനമുണ്ടാകുമോ?

ശ്രീ. തോമസ് ചാണ്ടി: സർ, സംസ്ഥാനത്തെ റോഡുകളുടെ കഴിഞ്ഞ കാലത്തെ അവസ്ഥ അങ്ങേയ്ക്കറിയാം. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അദ്ദേഹത്തിന് കഴിയാവുന്ന വേഗത്തിൽ എല്ലായിടത്തും ഓടിയെത്തിയതിന്റെ ഫലമായി റോഡുകളുടെ അവസ്ഥയ്ക്ക് ഇന്ന് മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിംഗിൽ ഞാൻ പറഞ്ഞ പ്രശ്നവും ഇതാണ്. 'ഞാൻ ലോകം കണ്ട ആളാണല്ലോ. അവിടത്തെപ്പോലെയുള്ള റോഡ് സുരക്ഷയെകുറിച്ച്...' ശ്രീ. പി. ടി. തോമസ് എന്നോട് ചോദിച്ചു. ആ ബിൽ ഇപ്പോഴും പെന്റിംഗിൽ വച്ചിരിക്കുകയാണ്. അവിടെ ഞാൻ 140 കിലോമീറ്ററിൽ കാറോടിക്കുന്ന ആളാണ്. അവിടെ ആളുകൾ ക്രോസ് ചെയ്യില്ല. അതിനെ കേരളവുമായി ഉപമിക്കാൻ സാധിക്കുമോ? ഫോണും പിടിച്ചാണ് ഇവിടെ ആളുകൾ റോഡ് ക്രോസ് ചെയ്യുന്നത്. അതുകൊണ്ട് അവസ്ഥയ്ക്ക് വ്യത്യാസമുണ്ട്. തീർച്ചയായും റോഡുകളുടെ ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വന്നുകഴിയുമ്പോൾ അങ്ങ് പറഞ്ഞ കാര്യം പരിഗണിക്കുന്നതാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ സണ്ണി ജോസഫ്, അബ്ദുൽ ഹമീദ്. പി., മഞ്ഞളാംകുഴി അലി, കെ. സി. ജോസഫ്, മോൻസ് ജോസഫ്, റോജി എം. ജോൺ എന്നീ അംഗങ്ങൾ വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. കാരാട്ട് റസാഖ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനിൽ അക്കര
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. അനൂപ് ജേക്കബ്

12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ശ്രീ. രമേശ് ചെന്നിത്തല
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി

34. ശ്രീ. വി. എസ്. ശിവകുമാർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. പി. ടി. തോമസ്

37. ശ്രീ. പി. ഉബൈദുള്ള

38. ശ്രീ. എം. ഉമ്മർ.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., അനിൽ അക്കര, അൻവർ സാദത്ത്, ഹൈബി ഈഡൻ, പി. കെ. അബ്ദു റബ്ബ്, ടി. എ. അഹമ്മദ് കബീർ, വി. ഡി. സതീശൻ, കെ. എം. ഷാജി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം
45. ശ്രീ. കെ. രാജൻ

46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. കാരാട്ട് റസാഖ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്

70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനിൽ അക്കര
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. അനൂപ് ജേക്കബ്
12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ശ്രീ. രമേശ് ചെന്നിത്തല
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി
34. ശ്രീ. വി. എസ്. ശിവകുമാർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. പി. ടി. തോമസ്

37. ശ്രീ. പി. ഉബൈദുള്ള

38. ശ്രീ. എം. ഉമ്മർ .

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ അൻവർ സാദത്ത്, വി. പി. സജീന്ദ്രൻ, പി. കെ. അബ്ദു റബ്ബ്, മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, ടി. എ. അഹമ്മദ് കബീർ, കെ. എം. ഷാജി, ടി. വി. ഇബ്രാഹിം, അനിൽ അക്കര, അബ്ദുൽ ഹമീദ്. പി., പി. ഉബൈദുള്ള, അടൂർ പ്രകാശ്, എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി എന്നീ അംഗങ്ങൾ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു

22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. കാരാട്ട് റസാഖ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

68. ശ്രീ. കെ. സുരേഷ് കുറുപ്പ്
69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനിൽ അക്കര
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. അനൂപ് ജേക്കബ്
12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. പി. കെ. ബഷീർ

15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

16. ശ്രീ. ഹൈബി ഈഡൻ

17. ശ്രീ. ടി. വി. ഇബ്രാഹിം

18. ശ്രീ. കെ. സി. ജോസഫ്

19. ശ്രീ. സി. മമ്മൂട്ടി

20. ശ്രീ. മോൻസ് ജോസഫ്

21. ഡോ. എം. കെ. മുനീർ

22. ശ്രീ. കെ. മുരളീധരൻ

23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

24. ശ്രീ. ഉമ്മൻ ചാണ്ടി

25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

26. ശ്രീ. രമേശ് ചെന്നിത്തല

27. ശ്രീ. റോജി എം. ജോൺ

28. ശ്രീ. കെ. എസ്. ശബരീനാഥൻ

29. ശ്രീ. വി. പി. സജീന്ദ്രൻ

30. ശ്രീ. എൻ. ഷംസുദ്ദീൻ

31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. ഷാഫി പറമ്പിൽ

33. ശ്രീ. കെ. എം. ഷാജി

34. ശ്രീ. വി. എസ്. ശിവകുമാർ

35. ശ്രീ. സണ്ണി ജോസഫ്

36. ശ്രീ. പി. ടി. തോമസ്

37. ശ്രീ. പി. ഉബൈദുള്ള

38. ശ്രീ. എം. ഉമ്മർ.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എ. പി. അനിൽ കുമാർ, ടി. എ. അഹമ്മദ് കബീർ, മഞ്ഞളാംകുഴി അലി, സണ്ണി ജോസഫ്, അബ്ദുൽ ഹമീദ്. പി., പി. കെ. അബ്ദു റബ്ബ്, വി. പി. സജീന്ദ്രൻ, എൻ. എ. നെല്ലിക്കുന്ന്, കെ. എം. ഷാജി, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. എം. എം. മണി
31. ശ്രീ. മാത്യു ടി. തോമസ്
32. ശ്രീ. കെ. ജെ. മാക്സി
33. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
34. ശ്രീ. എ. സി. മൊയ്തീൻ
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. യു. ആർ. പ്രദീപ്
40. ശ്രീ. എ. പ്രദീപ്കുമാർ
41. ശ്രീ. കെ. ഡി. പ്രസേനൻ
42. ശ്രീമതി യു. പ്രതിഭ ഹരി
43. ശ്രീ. പുരുഷൻ കടലുണ്ടി
44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. കെ. രാജൻ
46. ശ്രീ. ആർ. രാജേഷ്
47. ശ്രീ. റ്റി. വി. രാജേഷ്
48. ശ്രീ. കെ. രാജു
49. ശ്രീ. രാജു എബ്രഹാം
50. ശ്രീ. ആർ. രാമചന്ദ്രൻ
51. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
52. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
54. ശ്രീ. മുല്ലക്കര രത്നാകരൻ
55. പ്രൊഫ. സി. രവീന്ദ്രനാഥ്
56. ശ്രീ. കാരാട്ട് റസാഖ്
57. ശ്രീ. എസ്. ശർമ്മ
58. ശ്രീ. എ. കെ. ശശീന്ദ്രൻ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. പി. കെ. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. ജി. സുധാകരൻ
66. ശ്രീ. വി. എസ്. സുനിൽ കുമാർ
67. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
68. ശ്രീ. കെ. സുരേഷ് കുറുപ്പ്

69. ശ്രീ. എം. സ്വരാജ്
70. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
71. ശ്രീ. പി. തിലോത്തമൻ
72. ശ്രീ. തോമസ് ചാണ്ടി
73. ഡോ. ടി. എം. തോമസ് ഐസക്
74. ശ്രീ. പി. ഉണ്ണി
75. ശ്രീമതി വീണാ ജോർജ്ജ്
76. ശ്രീ. കെ. വി. വിജയദാസ്
77. ശ്രീ. ഇ. കെ. വിജയൻ
78. ശ്രീ. പിണറായി വിജയൻ.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനിൽ അക്കര
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. അനൂപ് ജേക്കബ്

12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. പി. കെ. ബഷീർ
15. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ശ്രീ. മോൻസ് ജോസഫ്
21. ഡോ. എം. കെ. മുനീർ
22. ശ്രീ. കെ. മുരളീധരൻ
23. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
24. ശ്രീ. ഉമ്മൻ ചാണ്ടി
25. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
26. ശ്രീ. രമേശ് ചെന്നിത്തല
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. കെ. എസ്. ശബരീനാഥൻ
29. ശ്രീ. വി. പി. സജീന്ദ്രൻ
30. ശ്രീ. എൻ. ഷംസുദ്ദീൻ
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. ഷാഫി പറമ്പിൽ
33. ശ്രീ. കെ. എം. ഷാജി

34. ശ്രീ. വി. എൻ. എ. നെല്ലിക്കുന്ന്

35. ശ്രീ. ഉമ്മൻ ചാണ്ടി

36. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

37. ശ്രീ. രമേശ് ചെന്നിത്തല

38. ശ്രീ. റോജി എം. ജോൺ

39. ശ്രീ. കെ. എസ്. ശബരീനാഥൻ

40. ശ്രീ. വി. എസ്. ശിവകുമാർ

41. ശ്രീ. സണ്ണി ജോസഫ്

42. ശ്രീ. പി. ടി. തോമസ്

43. ശ്രീ. പി. ഉബൈദുള്ള

44. ശ്രീ. എം. ഉമ്മർ.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 78

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 17-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.35-ന് പിരിഞ്ഞു.)

## അനുബന്ധം I

# പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 12-5-2017-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*366)-ന്റെ തിരുത്തിയ ഉത്തരം

### പട്ടികഗോത്ര വർഗ്ഗക്കാർക്ക് പ്രത്യേക തൊഴിലുറപ്പ് പദ്ധതിയും വനഭൂമിയും

(*366) ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. ജെയിംസ് മാത്യു:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെകാലത്ത് പട്ടികഗോത്ര വർഗ്ഗക്കാരുടെ ഇടയിൽ പട്ടിണി മരണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) പഞ്ഞമാസങ്ങളിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് എത്ര കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റാനായി പ്രത്യേക തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; വനാവകാശ നിയമപ്രകാരം അർഹതപ്പെട്ടവർക്ക് കൃഷിക്കനുയോജ്യമായ വനഭൂമി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടിണി മരണം ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും ഭയാനകമായ രൂപത്തിൽ ശിശുമരണം അന്നുണ്ടായിട്ടുണ്ട്. മഴക്കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ പട്ടിണി ഉണ്ടാകാതിരിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ

വരുമ്പോൾ അട്ടപ്പാടിയിൽ 53 ഊരുകളിൽ മാത്രം കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചിരുന്നത് 192 ഊരുകളിലേയ്ക്കും വ്യാപിപ്പിച്ചു. ഇതിനായി കുടുംബശ്രീക്ക് 2016-2017-ൽ 3.5 കോടി രൂപ അനുവദിച്ചു. ഈ പദ്ധതി ഇപ്പോൾ വയനാട്ടിലും മലപ്പുറത്തും ആരംഭിച്ചിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയിൽ പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലും മലപ്പുറം ജില്ലയിലെ മാഞ്ചീരി പട്ടികവർഗ്ഗ കോളനിയിലും ഭക്ഷണം പാകംചെയ്തു നൽകുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. കൗമാരക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിവരികയും ചെയ്യുന്നു.

(ബി) ഉണ്ട്. 80000-ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുമെന്ന് കണക്കാക്കുന്നു. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റുന്നതിനായി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി നൂറിലധികം ദിവസങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി നടപ്പുവർഷം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. വനാവകാശ നിയമം (2006) പ്രകാരം ഭൂമി ലഭിക്കുവാൻ അർഹരായ 5075 പേർക്കും ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നാളിതുവരെ, 25081 പേർക്ക് 33778.11 ഏക്കർ ഭൂമിയിന്മേൽ വ്യക്തിഗത കൈവശാവകാശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ സുപ്രീം കോടതിവിധി പ്രകാരം ലഭ്യമായ 7149 ഏക്കർ വിതരണ യോഗ്യമായ ഭൂമി 4000 പേർക്കെങ്കിലും വിതരണം ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്.